SOUTHERN LANGUAGES BOOK TRUST
2–25

ദക്ഷിണഭാഷാ ഗ്രന്ഥമണ്ഡലത്തിന്റെ
ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്നതു്

# കമലാംബാൾ

പി. ആർ.
രാജമയ്യർ



SLBT

# കമലാംബാൾ

നോവൽ

---

പ്രസാധകർ
ശ്രീ നരസിംഹവിലാസം ബുക്കുഡിപ്പോ
തുറവൂർ, കേരളം.

# KAMALAMBAL

(NOVEL)

*By*

**P. R. RAJAM IYER**

***Translated by***

CHANANTHARA MADHAVAN NAIR

Sree Narasimha Vilasom Book Depot
Thuravoor, Kerala State.

# കമലാംബാൾ

പി. ആർ. രാജമയ്യർ

പരിഭാഷകൻ:

ചാണനാന്തറ മാധവൻ നായർ

---

ശ്രീ നരസിംഹവിലാസം ബുക്കഡിപ്പോ

തുറവൂർ, കേരളം.

2-25

First Impression April 1959

COPIES 5000

PUBLISHED UNDER THE AUSPICES OF THE
SOUTHERN LANGUAGES BOOK TRUST

PRINTED AT THE
GOSRI SCOUT PRESS, COCHIN-2.

# ഉള്ളടക്കം


1. ഒരു സംഭാഷണം.
2. വാദ്ധ്യാരും ജ്യോത്സ്യനും
3. വനിതാസമ്മേളനം.
4. മഹാസഭയെപ്പററി.
5. കലഹാഗ്നി.
6. അന്തഃപുരരഹസ്യങ്ങളും കല്ല്യാണനിശ്ചയവും.
7. തമിഴ് വിദ്വാൻ അമ്മൈയ്യപ്പപിള്ള.
8. ഒരു കോമളബാലൻ.
9. കല്ലുളിയും കുപ്പപ്പാട്ടിയും.
10. കല്യാണബഹളങ്ങൾ.
11. പെണ്ണിന്റെ ചൊല്ലടി.
12. മരുന്നും മായവും കൊള്ളയും തീയും.
13. തസ്കരരാജൻ.
14. തീയ്യും ഉറുമ്പരിക്കും
15. പേയാണ്ടിത്തേവന്റെ എഴുന്നള്ളത്തു്.
16. 'ഛൂ ചുളുക്കി, ചുണ്ടങ്ങാപ്പക്കി'
17. '....ദൈവമന്യത്ര ചിന്തയേൽ'
18. നരബലി
19. പുത്രശോകം
20. അതിരഹസ്യമായ ചില സംഗതികൾ
21. പ്രണയരംഗം
22. ദുർമ്മരണവും സഹോദരശോകവും
23. ദ്രവ്യനഷ്ടവും വേർപാടും
24. ത്രിവിധം ദുഷ്ടലക്ഷണം
25. വിശ്വരൂപദർശനം
26. ഇലവുകാത്ത കിളി

27. തൻവിന തന്നെച്ചുട്ടു
28. അനർത്ഥപരമ്പര
29. അമ്മൈയ്യപ്പപിള്ളയുടെ പൂർവ്വകഥ
30. ചിദംബരരഹസ്യം
31. കള്ളപ്പണ്ടാരം
32. മനോവേദനയ്ക്കു മരുന്നില്ല
33. കമലമ്മ കണ്ട അതിശയസ്വപ്നം
34. ബ്രഹ്മാനന്ദം
35. സമാഗമം
36. അന്ത്യം മംഗളമെങ്കിൽ ആകെ മംഗളം

# ആമുഖം

വായനക്കാർക്ക് ഉത്തമഗ്രന്ഥങ്ങളിലുള്ള അഭിരുചിയെപ്പററി, ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിൻെറ പ്രഥമ ഗ്രന്ഥപരമ്പരയുടെ പ്രസാധനത്തിൽനിന്നു് നേടിയ പരിചയത്തിൻെറ അടിസ്ഥാനത്തിൽ രണ്ടാമതൊരുകൂട്ടം പുസ്തകങ്ങൾ ദ്രാവിഡഭാഷകളിൽ അവതരിപ്പിക്കുകയാണു്. വളരെ ശ്രദ്ധയോടുകൂടിയാണു് ഈ പുസ്തകങ്ങൾ തിരഞ്ഞെടുത്തിട്ടുള്ളതു്. വിവിധവിഷയങ്ങളെ പുരസ്കരിച്ചുള്ള പുസ്തകങ്ങൾ ട്രസ്റ്റ് തിരഞ്ഞെടുക്കുകയെന്നതു സ്വാഭാവികം മാത്രമാണല്ലോ. ഭാരതീയനേതാക്കന്മാരെപ്പററി പ്രതിപാദിക്കുന്ന ഒരു വിഭാഗവും പദ്ധതിയിലുണ്ടു്. നാടിൻെറ മഹത്വത്തിനും നാട്ടുകാരുടെ സ്വാതന്ത്ര്യത്തിനുംവേണ്ടി വിലയേറിയ സേവനം ചെയ്ത ഈ മഹാന്മാരെപ്പററി ഭാവിതലമുറകൾ അറിഞ്ഞിരിക്കുകയെന്നതു് യുക്തംമാത്രമാണു്.

തത്വജ്ഞാനം, മതം, ശാസ്ത്രം, ക്ലാസിക്കുകൾ, ധനതത്വശാസ്ത്രം മുതലായവയ്ക്കെല്ലാം ഈ പരിപാടിയിൽ സ്ഥാനംകൊടുത്തിട്ടുണ്ടു്. ദൃശ്യകലകൾ, ശില്പശാസ്ത്രം, പുരാണവസ്തുഗവേഷണം, അനശ്വര കലാസൃഷ്ടികളായ ദക്ഷിണേന്ത്യൻ ക്ഷേത്രങ്ങൾ മുതലായവയും പ്രതിപാദ്യവിഷയങ്ങളിലുൾപ്പെടുന്നു. ഭിന്നരുചികളായ വായനക്കാർക്കു് വേണ്ട വൈവിധ്യം ഈ പദ്ധതിയിലുണ്ടെന്നും അതു അനേകരെ പുസ്തകപാരായണത്തിലേയ്ക്കാകർഷിക്കുമെന്നും എനിക്കുറപ്പുണ്ടു്.

ദക്ഷിണേന്ത്യൻ ഭാഷകൾ തമ്മിലുള്ള സാഹിത്യൈക്യമാററമാണു് ഈ പരിപാടിയുടെ ഒരു സവിശേഷത. ഇതിൻെറ പുരോഗതിയോടുകൂടി ഉത്തമസാഹിത്യത്തിൽ താല്പര്യമുള്ളവരുടെ എണ്ണം വളരെ വർദ്ധിക്കുന്നതാണു്. ദക്ഷിണഭാഷാഗ്രന്ഥമണ്ഡലത്തിനു് അതിൻെറ ഉൽകൃഷ്ടലക്ഷ്യങ്ങൾ അചിരേണ നിറവേററാൻ കഴിയുമെന്നു് ഞാൻ ആശിക്കുന്നു.

മദ്രാസ്,
7-10-'58 } എ. എൽ മുതലിയാർ.

# ഈ പുസ്തകത്തെപ്പററി—

കമലാംബാൾ തമിഴിൽ പ്രസിദ്ധംചെയ്യപ്പെട്ട രണ്ടാമത്തെ നോവലാണു്. ആദ്യത്തേതു് വേദനായകംപിള്ള എഴുതിയ പ്രതാപമുതലിയാർ ചരിത്രമായിരുന്നു.

ഇതിൻെറ ഗ്രന്ഥകർത്താവായ ബി. ആർ. രാജമയ്യർ ഇംഗ്ലീഷ് സാഹിത്യത്തിൽ അതീവ താല്പൎയ്യമുള്ള ഒരു വിദ്യാർത്ഥിയായിരുന്നു. നിയമപരീക്ഷയിൽ പരാജയമടഞ്ഞപ്പോൾ അദ്ദേഹം വേദാന്തവിഷയങ്ങൾ അഭ്യസിക്കാൻ തുടങ്ങി. പ്രബുദ്ധഭാരതം എന്ന വേദാന്തമാസികയുടെ ആദ്യത്തെ അധിപർ രാജമയ്യൻ ആയിരുന്നു. ആ മാസികയിൽ അദ്ദേഹം എഴുതിയ രണ്ടു ലേഖനങ്ങൾ അന്നത്തെ വൈദേശിക ഭരണമേധാവികളെ 'അരിശംകൊള്ളിച്ചു. തുടർന്നു് അറസ്റ്റ്വാറണ്ടു എഴുതപ്പെട്ടു. പക്ഷെ, അധികൃതന്മാരുടെ അറസ്റ്റ്വാറണ്ടു് അദ്ദേഹത്തെ സമീപിക്കുന്നതിനു മുമ്പായിത്തന്നെ ജഗന്നിയന്താവു് അദ്ദേഹത്തെ തിരികെ വിളിച്ചുകഴിഞ്ഞിരുന്നു. രാജമയ്യരുടെ അകാലചരമം തമിഴ് സാഹിത്യത്തിനു് നികത്താനാവാത്ത ഒരു നഷ്ടമായിരുന്നു എന്നുള്ളതിനു സംശയമില്ല.

തെന്നിന്ത്യയിൽ നാം ദൈനംദിനം കാണുന്ന സംഭവങ്ങൾ വളരെ ചാതുൎയ്യത്തോടെ പ്രതിപാദിച്ചിട്ടുള്ള കമലാംബാൾ ആദ്യമായി പ്രസിദ്ധംചെയ്തതു് വിവേകചിന്താമണി എന്ന തമിഴ് മാസികയിലാണു്. സമർത്ഥവും ഫലപ്രദവും ആയ പ്രതിപാദനവും കഥാബന്ധവും ഒട്ടേറെ യുവസാഹിത്യകാരന്മാർക്കു് പ്രചോദനം നൽകുകയും അചിരേണ തമിഴ്സാഹിത്യത്തിലെ നോവൽശാഖ പരിപുഷ്ടമാവുകയും ചെയ്തു.

ഈ ഉത്തമഗ്രന്ഥം മററു ദ്രാവിഡഭാഷകളിലേക്കു പകർത്തുവാൻ ദക്ഷിണഭാഷാഗ്രന്ഥമണ്ഡലം ചെയ്യുന്ന പരിശ്രമം തികച്ചും അഭിനന്ദനാർഹമാണു്.

**ആർ. പി. സേതുപിള്ള**
മദ്രാസ് സൎവ്വകലാശാല.

# കമലാംബാൾ

## 1

### ഒരു സംഭാഷണം

മധുരയിൽ ചെറുകുളം എന്നൊരു ഗ്രാമമുണ്ട്. ആ ഗ്രാമത്തിലെ നടുത്തെരുവിൻെറ മദ്ധ്യത്തിൽ 'പെരിയവീട്' എന്നൊരു വീടുണ്ടായിരുന്നു. ആ വീടിൻെറ നടുമററത്തിനടുത്തുള്ള മുറിയിൽ പുല്ലായ വിരിച്ച് തലയണയിട്ട് ഒരാൾ കിടന്നിരുന്നു. ഉറക്കം തെളിഞ്ഞ ഉടൻ അയാൾ "ആ....! ശംഭോ ശങ്കരാ!" എന്നിങ്ങനെ രണ്ടുവട്ടം കോട്ടുവായിട്ട് കാലിന്മേൽ ചൊറിഞ്ഞുംകൊണ്ടു് "എടീ, എടിയേ" എന്നു വിളിച്ചു. അദ്ദേഹത്തിൻെറ ഭാര്യ തളത്തിലിരുന്ന് റവുക്ക തുന്നിക്കൊണ്ടിരിക്കെയാണ് ആ വിളി കേട്ടതു്. കേട്ടിട്ടും അവൾ മൗനം ദീക്ഷിച്ചു. രണ്ടുതവണ എന്തോ മുറുമുറുത്തുകൊണ്ടു് ആ ഇരുപ്പിൽതന്നെ ഇളകാതെ ഇരുന്നു.

"എടീ, എടീ, നിന്നെയാണ് ഞാൻ വിളിച്ചതു്." എന്നിങ്ങനെ വീണ്ടും ആ പായിൽ കിടന്നിരുന്ന ബ്രാഹ്മണൻ ആക്രോശിച്ചു.

കുടുംബിനിക്ക് കോപം കലശലായി വന്നെന്നാണ് തോന്നന്നതു്. "ഇവിടെ എടിയുമില്ല; കുട്ടിയുമില്ല. എടീപോലും!

ഒരു എടീ, എടീ. അടിയാണിതിനു വേണ്ടതു്. പണംകൊടുത്തു് ചന്തയിൽനിന്നു വാങ്ങിക്കൊണ്ടുവന്നപോലല്ലേ? ആട്ടെ; ഇനി മേൽ എന്നെ ഒന്നുകൂടി അങ്ങനെ വിളിക്കു. ഞാൻ കാണിച്ചു തരാം."

അയാൾ:—"ഛീ, ഛീ, ഇതെന്തൊരു കൂത്തു്!" എന്നുംപറഞ്ഞു്

"അവളേതു പെരുമാളിൻ പുത്രിയാകിലും നിത്യം
ചെയ്യേണം പതിയുടെ ദാസ്യവേലകളെല്ലാം"

എന്നൊരു പാട്ടു മൂളിത്തുടങ്ങി.

ഭാര്യ:—"നിങ്ങളെപ്പോലെ ഒരു പുരുഷൻതന്നെയാണല്ലോ വേദനായകംപിള്ള. കാര്യബോധമുള്ളവൻ. എനിക്കു് വെള്ളക്കാരത്തിപ്പെണ്ണിന്റെ മട്ടു് എടുക്കേണ്ടിവരുമെന്നാണു് തോന്നുന്നതു്; എടിയേ; എടീ: ഇതെന്തൊരു മാതിരി! ഞങ്ങളുടെ അച്ഛൻ രണ്ടു കരകളുടെ നാഥനായിരുന്നു. മുത്തച്ഛൻ മൂന്നു ദേശങ്ങൾക്കധിപതിയായിരുന്നു. എന്നിട്ടും ചന്തത്തെരുവിൽനിന്നും കൊണ്ടുവന്ന പെണ്ണിനെ എന്നപോലെ എപ്പോഴും 'എടീ, എടീ' എന്നൊരു വിളി!"

അയാൾ:—"എന്തു്! മൂന്നു കരകളേ ഉണ്ടായിരുന്നൊള്ളു എന്നോ! അക്കര, ഇക്കര, കുളക്കര, ശ്മശാനക്കര ഇങ്ങനെ മൊത്തം നാലുകരയല്ലേ നിങ്ങൾക്കുണ്ടായിരുന്നതു്?"

ഭാര്യ:—"ഞങ്ങൾക്കിത്രയൊക്കെയേ ഉണ്ടായിരുന്നൊള്ളു. നിങ്ങളെല്ലാം സാഹോജി മഹാരാജാവിന്റെ അരുമസന്താനങ്ങൾ! ഞങ്ങൾ വെറും ഏഴകൾ. നിങ്ങളുടെ അടിമകളാകാൻ മാത്രമേ യോഗ്യതയുള്ളു!"

അയാൾ:—"എന്നാൽ അടിയൻ ചെയ്ത പിഴകളെ സദയം പൊറുത്തു് ദേവി അനുഗ്രഹിച്ചാലും. 'എളിയവൻ ചെയ്യും ചെറുപിഴകൾ പൊറുപ്പതു പെരിയോർക്കുള്ള കടമകളിൽ പെട്ടതു്' എന്നു് നീ കേട്ടിട്ടില്ലേ? ഹേ, ശ്രീമതി രാജരാജേശ്വരി കമലാമ്മാൾ! ദയവുചെയ്തു കുറച്ചു തീർത്ഥജലം കുടിക്കാൻ കൊണ്ടുവന്നുതരുമോ?"

ഭാര്യ:—"തീർത്ഥം കൊടുക്കുന്ന പതിവു് എന്റെ വീട്ടിലില്ല."

അയാൾ:—"കൊടുത്താൽ മാത്രമേ നിനക്കൊരാൺകുട്ടി ജനിക്കയുള്ളൂ." (കമലയ്ക്കു് ഇപ്പോൾ ആറുമാസം ഗർഭമുണ്ടു്.)

ഭാര്യ:—"ഏ! ഒരു പെണ്ണുള്ളതിനെ സംരക്ഷിച്ചാൽ പോരയോ? കൈക്കുഞ്ഞില്ലാ എന്നു് ഇപ്പോഴെങ്കിലും ആരോ പറഞ്ഞുതന്നതു മഹാഭാഗ്യം!"

അയാൾ:—"ആരും പറഞ്ഞുതന്നില്ലെങ്കിലും മനസ്സിലിരുപ്പു് എത്രനാൾ അകത്തൊതുങ്ങും? ഇപ്പോൾതന്നെ പോയി തീർത്ഥം കൊണ്ടുവന്നാൽ ഇന്നേയ്ക്കു മൂന്നാംമാസത്തിൽ നിനക്കു് മിടുമിടുക്കനായ ഒരാൺകുട്ടി ജനിക്കും!"

ഭാര്യ:—"മൂന്നു മാസം എന്തിനു കഴിയണം. ഇപ്പൊഴേ എന്റെ ചെല്ലപ്പിള്ളയായി നിങ്ങളുണ്ടല്ലോ!!"

ഇത്രയും പറഞ്ഞിട്ടു് അവൾ അകത്തുപോയി ഒരു തട്ടത്തിൽ തേങ്കുഴൽ, എള്ളുണ്ട മുതലായ പലഹാരങ്ങളും ഒരു മൊന്തയിൽ തണുത്ത ജലവും എടുത്തുകൊണ്ടുവന്നു് ഭർത്താവിന്റെ കിടക്കയ്ക്കരുകിലായി വെച്ചു. 'ഹാവൂ' എന്ന നിശ്വാസത്തോടെ അവൾ ഭർത്താവിന്റെ ദേഹത്തേയ്ക്കു ചാരി. അയാൾ അവളുടെ മൃദുമേനിയെ മുറുകെത്തഴുകിക്കൊണ്ടു് പലഹാരങ്ങളോടു് നേരിട്ടു.

കൊണ്ടുവന്ന പലഹാരങ്ങൾ പകുതിയോളം തീർന്നിരിക്കും. അവൾ എന്തിനോ പുറകോട്ടൊന്നു തിരിഞ്ഞു. ഒരു ഞൊടിയിടയിൽ അവളുടെ കൈകൾ രണ്ടും ഭർത്താവിന്റെ മുഷ്ടികളുള്ളിൽ അമർന്നു. അയാൾ സഗൗരവം ചോദിച്ചു:—

"എന്തെടീ, നീ ഈയിടെ വലിയ ആളുകളിക്കുന്നോ? കളിയാക്കു കൂടിപ്പോകുന്നു! സാപോജി മഹാരാജാവിന്റെ മകനാണോടി?" ചോദ്യത്തോടുകൂടി അവളുടെ തുടുത്ത കവിൾത്തടത്തിൽ നോവിക്കാതെ രണ്ടടിയും അയാൾ കൊടുത്തു.

അവൾ മുഖംതിരിച്ചു പറഞ്ഞു: "ഇല്ല; ഇനിമേലിൽ ഇല്ലേ, ഇല്ല."

ഒട്ടുസമയം പരസ്പരം മിഴിച്ചുനോക്കിയിരുന്നതിനുശേഷം അവൾ വാശിയോടെ തുടർന്നു: "മര്യാദയ്ക്കു് എന്റെ കൈ വിടുകയാണു നല്ലതു്. അല്ലെങ്കിൽ ഞാനുറക്കെ നിലവിളിക്കും."

അയാൾ വിട്ടില്ല. "ആകട്ടെ, നീ കിടന്നലറ്. വരുന്നതാരെന്നു കാണാമല്ലോ!" അവൾ പതിഞ്ഞ സ്വരത്തിൽ "അയ്യോ!" എന്നു നിലവിളികൂട്ടി. അവളെ മൃദുലമായി അയാൾ ഒന്നു് അടിച്ചു. അതോടെ ആ ശണ്ഠ അവസാനിച്ചു. അവർ രണ്ടു പേരുംകൂടി ഒത്തൊരുമിച്ചു് ആ പലഹാരങ്ങൾ തീർക്കുവാനുള്ള ശ്രമത്തിൽ ഏർപ്പെട്ടു.

അവൾ:—"ഇങ്ങനെ തീററിയും തിന്നുകൊണ്ടിരുന്നാൽ മതിയോ? നമ്മുടെ മോളു് കല്യാണിയെ കല്ല്യാണം കഴിപ്പിക്കേണ്ടയോ?"

അയാൾ:—"കല്ല്യാണി! സൗന്ദര്യത്തിൽ അവളെ ജയിക്കാൻ ആരുണ്ടു്! അവൾക്കു് കല്യാണം എന്തിനു്?"

അവൾ:—"ബുദ്ധിശൂന്യത നിറഞ്ഞതാണു് ലോകം. അഞ്ഞൂറും ആയിരവുമൊക്കെ ചെലവഴിച്ചു് പലരും കല്ല്യാണം നടത്തിവരുന്നു. 'കല്ല്യാണി' എന്ന പേരുംവെച്ചുകൊണ്ടിരിക്കാമോ! നമ്മൾക്കറിയാവുന്ന ഈ പരമാർത്ഥം മറെറാരുവർക്കും അറിഞ്ഞുകൂടാ!"

അയാൾ:—"കല്ല്യാണി എവിടെ? കാണാനേ ഇല്ലല്ലോ!"

അവൾ:—"ഓ! അവൾ അങ്ങേതിലേക്കു് ഇപ്പോൾ പോകുന്നതു കണ്ടു" എന്നുംപറഞ്ഞു "കല്ല്യാണീ, കല്ല്യാണീ" എന്നുറക്കെ വിളിച്ചു.

ആ കുട്ടി "ഇതാ ചേട്ടൻ വിളിക്കുന്നു" എന്നുംപറഞ്ഞു കൂട്ടുകാരികളുടെ ഇടയിൽനിന്നും കൈയ്യിലൊരു പുസ്തകവുമായി ഓടിവന്നു.

അയാൾ പറഞ്ഞു:—"ഒരു കാര്യം; 'പുസ്തകം ഹസ്തഭൂഷണം' എന്ന പ്രമാണത്തിൻപടി കല്ല്യാണി എന്റെ അടുത്തു വരുമ്പോഴെല്ലാം അവളുടെ കൈയിൽ പുസ്തകവുമുണ്ടായിരിക്കും."

ആ കുമാരി ഉടനടി സമാധാനം പറഞ്ഞു. "ഇല്ലണ്ണാ—ഞാൻ പഠിച്ചുകൊണ്ടിരിക്കുകയായിരുന്നു. വിശ്വാസമില്ലെങ്കിൽ മീനാക്ഷിയോടു ചോദിച്ചുനോക്കു."

അവളെ തുറിച്ചുനോക്കിക്കൊണ്ടയാൾ:—"നീ ഒരു മദാമ്മ

പ്പെണ്ണിനെപ്പോലെ ആടിപ്പാടി നടക്കുകയല്ലായിരുന്നോ? എനിക്കതു കേൾക്കാൻ ചെവിയില്ലെന്നാണോ നീ കരുതിയതു്?"

"അയ്യോ! ഇതെന്താണീപ്പറയുന്നതു്? ഞാൻ സത്യംചെയ്തു പറയാം. പുസ്തകം വായിക്കുകയായിരുന്നു എന്നു്."

"എങ്കിൽ ആ പുസ്തകമിങ്ങു കൊണ്ടുവാ."

അവൾ പുസ്തകം കൊടുത്തു. അയാൾ അതു തിരിച്ചും മറിച്ചും നോക്കി. അതു് കമ്പരാമായണമായിരുന്നു.

അയാൾ ചോദിച്ചു: "നീ എവിടമാണു് വായിച്ചു നിർത്തിയതു്?"

"ശൂർപ്പണഖ രാവണസന്നിധിയിലെത്തി ശോകാധിക്യത്താൽ മുറവിളി കൂട്ടുന്ന ഭാഗം." അവൾ പറഞ്ഞു.

അയാൾ ഭാര്യയുടെ മുഖത്തേക്കു നോക്കിക്കൊണ്ടു് "ലോകത്തിൽ കലഹത്തിനു കാരണം കാമിനിയാണു്. സീതയില്ലെങ്കിൽപിന്നെ രാമായണമുണ്ടോ?" എന്നു് സാഭിപ്രായം തട്ടിവിട്ടു.

ഭാര്യ:—"അതു ഭേഷായിരിക്കുന്നു! സ്ത്രീകളിൽ ആശമുഴുത്തു് കാമാന്ധനായ പുരുഷൻ കഷ്ടപ്പെട്ടു് അലഞ്ഞുതിരിയുന്നതിനും സ്ത്രീയാണോ കുററക്കാരി! രാവണൻ അധഃപതിച്ചതിനു് കാരണമേതു്? അനിയന്ത്രിതമായ കാമാവേശം വരുത്തിവെച്ച വിനകൾക്കു് സീതാദേവിയെ എന്തിനു പഴിക്കുന്നു?"

അയാൾ:—"അതു പോകട്ടെ; വേറൊരു വിശേഷമതിലുള്ളതു പറയാം. രാമരാവണയുദ്ധത്തിനു് ആദിയിലേ കാരണം സ്ത്രീയാണു്. യുദ്ധാസക്തി വർദ്ധിപ്പിച്ചു് കഥാമദ്ധ്യത്തിൽ മൂർച്ചകൂട്ടിയതും സ്ത്രീതന്നെ—ശൂർപ്പണഖ. അതിലാണു് വാത്മീകിയുടെ സാമർത്ഥ്യം നാം മനസ്സിലാക്കുന്നതു്. 'നാരദോ കലഹപ്രിയ:' എന്നു പറയാറുണ്ടു് പക്ഷെ രാമരാവണയുദ്ധംപോലെ ഭയങ്കരമായ ഒരു സമരം സൃഷ്ടിക്കാൻ അദ്ദേഹത്തിനും കഴിഞ്ഞില്ല. ഈ വിധമുള്ള ഒരു യുദ്ധം അദ്ദേഹം സ്വപ്നത്തിൽപോലും കണ്ടറിഞ്ഞിരിക്കുകയില്ല. ശൂർപ്പണഖ രാവണനു വരുത്തിവെ

ച്ചതുപോലുള്ള നാശം നാരദൻ ഒരിടത്തും ഉണ്ടാക്കിയിട്ടില്ല. പത്തു നാരദന്മാർ ഒന്നിച്ചു പണിതാലും ഒരു ശൂർപ്പണഖയുടെ സാമർത്ഥ്യം കിട്ടുകയില്ല."

ഭാര്യ:—"അതങ്ങനെതന്നെയാകട്ടെ. ലോകത്തിൽ പുരുഷന്മാരെല്ലാം രാവണകുംഭകർണ്ണന്മാരെപ്പോലെയായാൽ സ്ത്രീകളെല്ലാവരും ശൂർപ്പണഖകളായിക്കൊള്ളട്ടെ."

അയാൾക്കും അതിനു പ്രത്യുക്തി ഒന്നും പെട്ടെന്നു തോന്നിയില്ല. കല്യാണിയുടെ മുഖത്തേക്കു നോക്കിക്കൊണ്ടയാൾ ചോദിച്ചു:—

"നിനക്കു് രാമനേപ്പോലുള്ള ഒരു മണവാളനേയാണോ ഇഷ്ടം, അതോ ലക്ഷ്മണനേപ്പോലൊരുവനേയോ?"

കല്യാണി ലജ്ജപൂണ്ടു കുനിഞ്ഞു.

അയാൾ തുടർന്നു:—"രാമൻ കാർവർണ്ണനാണു്; ലക്ഷ്മണനു് ചുവപ്പുനിറമാണു്. രാമൻ നിഷ്ഠുരുണനും ശാന്തശീലനുമാണു്. ലക്ഷ്മണൻ ധീരനും ദൃഢചിത്തനുമാണു്. ആരണ്യവാസത്തിനു പുറപ്പെട്ടപ്പോൾ രാമൻ മരവുരിയാണു് കൈയ്യിലെടുത്തതു്. പക്ഷെ ലക്ഷ്മണനോ? ശത്രുനിഗ്രഹാർത്ഥം വില്ലും അമ്പുമേന്തി പുറപ്പെട്ടു. എല്ലാക്കാര്യങ്ങളും നീ നല്ലവണ്ണം ആലോചിച്ചു് വേഗം നിശ്ചയിച്ചു പറയണം. എനിക്കു് കല്യാണത്തിനു വേണ്ട മററു കാര്യങ്ങൾ അന്വേഷിക്കാനുണ്ടു്." എന്നെല്ലാം പറഞ്ഞു് അയാൾ അവളെപ്പരിഹസിച്ചു.

കല്യാണി:–"അണ്ണാ, ഇതെന്തു്! ഇതിനാണോ എന്നെ വിളിച്ചു വരുത്തിയതു്? മീനാക്ഷി വിളിക്കുന്നു; ഞാനങ്ങോട്ടു പോകുന്നു." അവൾ പുറത്തേക്കിറങ്ങുവാൻ ഭാവിച്ചപ്പോൾ അയാൾ വീണ്ടും പറഞ്ഞു "നീ രാമനേയും കല്യാണം കഴിക്കേണ്ടാ; ലക്ഷ്മണനേയും വേണ്ടാ. അവർക്കു രണ്ടുപേർക്കും പെണ്ണുങ്ങളുണ്ടു്. അതിനായി നീ...." ആ വാചകം മുഴുവനാകുന്നതിനു മുൻപായി "മുത്തുസ്വാമീ, മുത്തുസ്വാമീ" എന്ന വിളിയോടെ ആരോ കതകിൽ മുട്ടിവിളിച്ചു.

"ഓ, രാമണ്ണാവാദ്ധ്യാരാണതു്. നിങ്ങൾ അകത്തോട്ടു പൊയ്ക്കൊള്ളുവിൻ." എന്നുപറഞ്ഞു സ്ത്രീകളെ അകത്തേക്കയച്ചിട്ടു് മുത്തുസ്വാമിഅയ്യർ വാതിൽ തുറന്നു.

# 2
## വാദ്ധ്യാരും ജ്യോത്സ്യനും

മുത്തുസ്വാമിഅയ്യർ വാതിൽ തുറന്ന ഉടൻ രാമണ്ണാവാദ്ധ്യാർ മുറിയിൽ പ്രവേശിച്ചു. വാദ്ധ്യാരെ കണ്ടാൽ അൻപതു വയസ്സിൽ കൂടുതലായിട്ടുള്ള പ്രായം ഒരുത്തർക്കും തോന്നുകയില്ല. പക്ഷെ ശതാഭിഷേകം കഴിഞ്ഞിട്ട് വർഷങ്ങൾ അഞ്ചുകൂടി അയാൾ പിന്നിട്ടിരിക്കുന്നു. അക്കണക്കിനു് വാദ്ധ്യാർ ഇന്നൊരെൺപത്തിയഞ്ചുകാരനാണു്. ചെറുകുളത്തിലെ ബ്രാഹ്മണമഠങ്ങളിൽ അടിയന്തിരാദികൾക്കു് രാമണ്ണാവാദ്ധ്യാർക്കല്ലാതെ മററാർക്കുംതന്നെ മുൻഗണന ലഭിക്കാറില്ല. ആ ഗ്രാമത്തിൽ മാസംതോറും ഒരിരുപതു ശ്രാർദ്ധമെങ്കിലും നിശ്ചയമായും നടക്കും. അതിൽ പതിനെട്ടിൻേറയും പുരോഹിതൻ വാദ്ധ്യാരായിരിക്കും. സദ്യയ്ക്കു് വിളമ്പുന്നവരോടു് 'മതി' എന്ന രണ്ടക്ഷരം അയാൾ ഒരിക്കലെങ്കിലും ഉപയോഗിച്ചിട്ടുള്ളതായി ആ നാട്ടുകാർക്കു് കേട്ടറിവുപോലുമില്ല. വിളമ്പുന്നതു മുഴവൻ കഴിക്കേണ്ടതു നമ്മുടെ കടമയാണെന്നു് അയാൾ പലപ്പോഴും തട്ടിമൂളിക്കാറുണ്ടു്. ബ്രാഹ്മണപ്രീതിക്കുവേണ്ടി ആ ഗ്രാമത്തിൽ നടത്താറുള്ള സദ്യകളിൽ വാദ്ധ്യാരെ ഊട്ടിയാൽ മാത്രമേ ആ നാട്ടുകാർക്കു് തൃപ്തിവരാറുള്ളു. "ഹോ! ഈ ബ്രാഹ്മണൻെറ തീററി ഭയങ്കരംതന്നെ; ഇതിൽ പകുതി എങ്കിലും നമ്മളുടെ പിതൃക്കൾക്കു് കിട്ടാതിരിക്കുമോ?" എന്നവർ വിചാരിക്കും. അതിൻെറ പരമാർത്ഥം അവരാരുംതന്നെ അറിഞ്ഞിരുന്നില്ല. രാത്രി മുഴപ്പട്ടിണിയിലാണു് താൻ കഴിച്ചുകൂട്ടാറുള്ളതെന്നു് അയാൾ പറയാറുണ്ടു്; പക്ഷെ മദ്ധ്യാഹ്നഭക്ഷണംകൊണ്ടു് രാത്രി മുഴവൻ തള്ളിവിടുവാൻ വാദ്ധ്യാർക്കു് അസാദ്ധ്യമാകയാൽ ഒരു മുപ്പതു മുപ്പത്തിയഞ്ചു വടകൾകൊണ്ടു് അത്താഴമി

ളപ്പ് ഭംഗിയായി അയാൾ നിർവ്വഹിക്കും. ദേഹത്തിനു ക്ഷീണംവരുത്താതെ അയാളെ സംരക്ഷിച്ചുപോന്നതു് ഉഴുന്നുവട മാത്രമാണു്. ഒരു ജലദോഷപ്പനി എങ്കിലും പിടിച്ചു് ഒരൊററ ദിവസംപോലും വാദ്ധ്യാർ കിടന്നിട്ടില്ല. പ്രായാധിക്യംമൂലം അല്പം കൂനു വന്നുപോയി എങ്കിലും അയാളുടെ നടപ്പിൽ തളർച്ചയുടെ കണികപോലും കാണാനില്ല. വ്യായാമത്തിനുവേണ്ടി ദിവസംതോറും ആററുതീരത്തെത്തി ഒററയ്ക്കു ഓട്ടകയും മററും ചെയ്യുക വാദ്ധ്യാർ പതിവാക്കിയിട്ടുണ്ടു്.

വാദ്ധ്യാർ അകത്തേയ്ക്കു പ്രവേശിച്ച ഉടൻ മുത്തുസ്വാമി അയ്യർ:– "വരൂ, വരൂ! മാമ്മാ!! കുട്ടീ, ആവണിപ്പലക ഇങ്ങോട്ടു കൊണ്ടുവരൂ!"

കല്ല്യാണി പലക കൊണ്ടുവന്നു കൊടുത്തു.

മുത്തുസ്വാമി തുടർന്നു: "ഇരുന്നാട്ടെ! ഞാനങ്ങോട്ടു വരണമെന്നുദ്ദേശിച്ചിരിക്കുകയായിരുന്നു."

അയാൾ ഉള്ളിലേക്കു തിരിഞ്ഞു് "എടാ, ഇവിടെ ആരുമില്ലയോടാ? എടാ, വീരാ!" എന്നത്യുച്ചത്തിൽ ആരാഞ്ഞു. അയാളുടെ ഭൃത്യൻ വീരൻ 'സ്വാമീ, എന്നു് വിളികേട്ടുകൊണ്ടോടിവന്നു. "നീ പോയി സുന്ദരത്തിനെ വിളിച്ചുകൊണ്ടു വാ." എന്നു ഭൃത്യനോടാജ്ഞാപിച്ചിട്ടു് വാദ്ധ്യാരോടു് തിരിഞ്ഞു്:–"ജ്യോത്സ്യനെ കൂട്ടിക്കൊണ്ടുവരുവാനാളയയ്ക്കാം. രാഹുകാലം കഴിഞ്ഞിരിക്കും; ഇല്ലേ? ഇന്നു്....വെള്ളിയാഴ്ചയല്ലേ?"

വാദ്ധ്യാർ:–"ശരി, ശരി! രാഹുകാലം കഴിഞ്ഞിട്ടു് നേരമെത്ര കഴിഞ്ഞു!"

മുത്തു:–"ചൊവ്വാഴ്ച, ഞാനാലോചിച്ചു പറഞ്ഞതാണു്."

അയാളുടെ കൊച്ചുമകൻ സുന്ദരം ഒരു പന്തുംതട്ടിക്കൊണ്ടു്, "അച്ഛാ, അച്ഛൻ എന്നെ വിളിച്ചോ?" എന്നും ചോദിച്ചുകൊണ്ടവിടെയെത്തി.

മുത്തു:–"പന്തു് എന്തിനെടാ? ശെടാ! അതിപ്പോൾ ഞങ്ങളുടെ നെഞ്ചത്തു കേറുമല്ലോ! എടുക്കു്; എടുത്തോ അതു കൈയ്യിൽ!"

സുന്ദരം:—"അച്ഛാ, അതു പുതിയ പന്താണ്. അതു ഞാൻ അകത്തു കൊണ്ടുപോയി വച്ചുകൊള്ളാം."

മുത്തു:—"അതിരിക്കട്ടെ: നീ പോയി ശങ്കരജ്യോത്സ്യരെ അച്ഛനും താത്തായും...."

കുട്ടി ഇടയ്ക്കു കയറിച്ചോദിച്ചു:—

"ഏതു താത്താ, അച്ഛാ?"

മുത്തു:—"ഈ താത്താതന്നെ മോനേ." അയാൾ മുൻനിർദ്ദേശം തുടർന്നു "ഉടൻതന്നെ കൂട്ടിക്കൊണ്ടു വരുന്നതിനു് എന്നെ അയച്ചിരിക്കുന്നു" എന്നു പറയണം. "ഏതോ അത്യാവശ്യ കാര്യമാണെന്നും പറഞ്ഞു നീ അയാളെ വേഗം കൂട്ടിക്കൊണ്ടു വരണം."

കുട്ടി:—"കാര്യം എന്തോന്നച്ഛാ?"

മുത്തു:—"അതൊക്കെ പിന്നീടു പറയാം. നീ പോ!"

കുട്ടി:—"പറഞ്ഞാലേ...."

മുത്തു:—"ചേച്ചിക്കു് കല്യാണം."

കുട്ടി:—"ചേച്ചിക്കു് കല്യാണം; അതുകൊണ്ടു് നിങ്ങളെ വേഗം കൂട്ടിക്കൊണ്ടു വരണമെന്നു് അച്ഛൻ പറഞ്ഞയച്ചിരിക്കുന്നു എന്നു് ഞാൻ ജോത്സ്യനോടു പറയാം."

മുത്തു:—"എന്തെടാ, ഇതു്! നീ ഒന്നും പറയണ്ടാ. ഓടിപ്പോയി അയാളെ കൂട്ടിക്കൊണ്ടുവന്നാൽ മതി. പോയി ഓടിവാ!"

കുട്ടി:—അയാൾ എൻെറാപ്പം ഓടുമോ? ഓട്ടത്തിൽ അയാൾ എൻെറ അഞ്ചയൽപക്കത്തെത്തുകില്ല."

മുത്തു:—"നീ ഓടണ്ടാ; പോയി സാവധാനത്തിൽ അയാളെ കൂട്ടിക്കൊണ്ടു വന്നാൽ മതി." ഇത്രയും പറഞ്ഞുതീരും മുമ്പുതന്നെ സുന്ദരം കുതിച്ചുചാടി പുറത്തിറങ്ങി ഓടിക്കഴിഞ്ഞു.

അധികസമയം കഴിയുന്നതിനു മുൻപു് കാവിവസ്ത്രം ധരിച്ച ഒരാൾ ആ വീട്ടിൽ വന്നു. കഴുത്തിൽ രുദ്രാക്ഷവും, കൈ

യ്യിൽ തൃപ്പതിക്കാപ്പും, വിരലിൽ പൊൻമോതിരവും അണി ഞ്ഞിരുന്നു. അയാൾ സമൃദ്ധിയായി ഭസ്മവും ചന്ദനവും പൂശി യിരുന്നു. അയാളുടെ കൈയ്യിൽ ഒരു ഗ്രന്ഥവുമുണ്ട്. അയാൾ അകത്തു കയറിയ ഉടൻ മുത്തുസ്വാമി അയ്യർ അയാളെ സ്വീക രിച്ചു് ഇരുത്തി. "വാ, ശങ്കരാ, ഈ ജാതകങ്ങളൊന്നു നോക്കു്" എന്നുപറഞ്ഞു് വാദ്ധ്യാർ രണ്ടു ജാതകങ്ങൾ ജ്യോത്സ്യരുടെ കൈയ്യിൽ കൊടുത്തു.

ജ്യോത്സ്യൻ ഇരുന്നുകൊണ്ടു പറഞ്ഞു:—കുഞ്ഞിനുവേണ്ടി ഒരു കെട്ടു ജാതകമുണ്ടല്ലോ! അതൊരു പത്തുന്തുറെണ്ണത്തിൽ കുറ യുകയില്ലെന്നു തോന്നുന്നു!

മുത്തു:—"അതേറക്കുറെ ശരിതന്നെ."

ജ്യോത്സ്യൻ:—"നിങ്ങളുടെ സ്വഭാവം, ബുദ്ധി, ഐശ്വര്യം മുത ലായവ വായിച്ചു പറഞ്ഞാൽ പോരെ? ഇവിടൊരുലക്ഷം ജാതകം ഉണ്ടെന്നു തോന്നുന്നു. ഇവയെല്ലാം കുഞ്ഞിനെ ഉദ്ദേശിച്ചുള്ളവയാണെന്നോ! എല്ലാരും പെണ്ണു്; അവളും പെണ്ണു്! അവളുടെ ബുദ്ധിശക്തിക്കും പഠിപ്പിനും, അഴ കിനും, സ്വഭാവത്തിനും—". ഈവിധമൊരു സ്തുതിഗീതം വലിച്ചുനീട്ടാനയാൾ മുതിർന്നു.

മുത്തുസ്വാമിക്കതു ദീർഘിപ്പിക്കുവാനുള്ള ക്ഷമയില്ല; അ യാൾ കയറിപ്പറഞ്ഞു:— "കുട്ടിക്കു് പത്തു വയസ്സായിരിക്കുന്നു. ഈ വർഷത്തിൽ തന്നെ കല്യാണം നടത്തണം."

ജ്യോത്സ്യൻ:—"ഇതാണു് ശരിയായ പ്രായം. ഇതിനുമുൻപേ നട ത്തുന്നതു കല്യാണമാണോ? അതൊന്നും എന്റെ മനസ്സി നത്ര പിടിച്ചതല്ല." എന്നുംപറഞ്ഞു് അയാൾ സാവ ധാനം ജാതകങ്ങൾ മറിച്ചുനോക്കിത്തുടങ്ങി. "ആഹാ! ഇതൊന്നാംതരം ജാതകമാണു്. അഞ്ചിൽ രവി; ജനനം ശനിദശയിൽ; അഷ്ടമാധിപതി ഗുരു; ശുക്രദശയിൽ നല്ല യോഗവുമുണ്ടു്."

മുത്തുസ്വാമി:—"പൊരുത്തമുള്ള ജാതകങ്ങൾ എല്ലാം ഒരു വശ ത്താക്കി വയ്ക്കൂ. ഒടുവിൽ അതിൽനിന്നും മെച്ചപ്പെട്ടതു നമ്മൾക്കെടുക്കാം."

“ഇതിനും രണ്ടു ഭാവമുണ്ട്. ഇതും പാപജാതകംതന്നെ” എന്നുംപറഞ്ഞു ജാതകങ്ങൾ എടുത്തുനോക്കി ഓരോന്നായി വാദ്ധ്യാർ തള്ളിക്കൊണ്ടിരുന്നു.

* * * *

ഇതേസമയത്തു മധുരയിൽ വെള്ളിയമ്പലത്തെരുവിലുള്ള വെള്ളപൂശിയ ഒരു വീട്ടിന്റെ കോലായിൽ രണ്ടു വൃദ്ധന്മാർ സംഭാഷണം ചെയ്തുകൊണ്ടിരുന്നു.

ഒന്നാമൻ:—“മുത്തുസ്വാമിയുടെ പെൺജാതകവും ആൺജാതകവും പൊരുത്തപ്പെട്ടിരിക്കുന്നു. എനിക്കും അതാണു് പിടിച്ചതു്. നിങ്ങൾ കുറേക്കൂടി ആലോചിച്ചു നോക്കൂ.”

രണ്ടാമൻ:—“എന്താലോചിക്കുവാൻ? മനസ്സിനും പിടിച്ചു്, ജാതകങ്ങളും യോജിച്ചാൽ പിന്നെയാലോചിക്കാനൊന്നുമില്ല! അതങ്ങു നടത്തണം. മുത്തുസ്വാമി മനുഷ്യരോടു് സ്നേഹവും കരുണയുമുള്ളവനാണു്. അയാളുടെ ഭാര്യയും ഗുണസമ്പന്നയാണു്. ഞാൻ അവരുടെ വീട്ടിലൊന്നു പോയാൽ മതി: ‘മാമാ; മാമ്മാ’ എന്നും വിളിച്ചു് അവരെല്ലാം എന്റെ ചുററും കൂടും. ആചാരോപചാരങ്ങൾകൊണ്ടെന്നെ ശ്വാസംമുട്ടിക്കും. നാടിന്റെ ക്ഷേമൈശ്വര്യങ്ങളിലുള്ള താല്പര്യവും എതിരാളിയുടെ അടവുകളിൽ പെടാതിരിക്കത്തക്ക ബുദ്ധിസാമർത്ഥ്യവും അവൾക്കു് അമിതമായുണ്ടു്. കണക്കും കൈയ്യുമില്ലാത്ത സ്വത്തും അവൾക്കുണ്ടു്. തനിത്തങ്കത്തിൽ വാർത്തെടുത്തതുപോലുള്ള പെണ്ണും! മഴവില്ലു നാണിക്കുന്ന അഴകുള്ളവൾ!!”

ഒന്നാമൻ:—“എനിക്കും മനസ്സിൽ പിടിച്ചതുതന്നെ. ഇന്നുരാത്രി പുഷ്പങ്ങൾ വച്ചു് നമ്മൾക്കു ഭാവിഫലം നോക്കാം.”

കൃഷ്ണയ്യർ മറുപടി പറഞ്ഞു:—“ശരിതന്നെ; ഇന്നു പുഷ്പങ്ങൾ വച്ചു നമ്മൾക്കു നോക്കണം. കൂട്ടത്തിൽ ശകുനവും നോക്കാം. നാം ജാതകം ഒരു പ്രാവശ്യം നോക്കി എങ്കിലും ഒരിക്കൽകൂടി പരിശോധിക്കണം. എന്തിനു സംശയിക്കുന്നു? നാം ചെയ്യാനുള്ളതെല്ലാം ചെയ്യണം. പിന്നെ,

വരുന്നതുപോലെയെല്ലാം വരട്ടെ. ഇന്നു രാത്രി ക്ഷേത്രത്തിലേക്കു് ഞാനും വരാം. മീനാക്ഷിയുടെ സമ്മതവും അറിയാമല്ലോ."

രാമസ്വാമി ശാസ്ത്രികൾ:—"ശരിതന്നെ, അങ്ങനെയാവട്ടെ."

കൃഷ്ണയ്യർ:—"ഞാൻ ചിത്തിരവീഥിയിൽ പോയി വരാം." എന്നുപറഞ്ഞു് അയാൾ പുറത്തേയ്ക്കിറങ്ങി നടന്നു.

# 3

## വനിതാസമ്മേളനം

കൃഷ്ണയ്യരും അദ്ദേഹത്തിന്റെ ആത്മമിത്രമായ രാമസ്വാമി ശാസ്ത്രിയും തമ്മിൽ പറഞ്ഞുപിരിഞ്ഞതനുസരിച്ച് അന്നുരാത്രി അവർ ഫലപ്രശ്നത്തിനായി മീനാക്ഷി ക്ഷേത്രത്തിൽ എത്തി ഫലപരിശോധന തുടങ്ങി. ദേവീവിഗ്രഹത്തിൽ വെളുത്ത പൂക്കൾ പററിച്ചേർന്നു് ദേവിയുടെ തൃപ്പാദങ്ങളിൽ ചെന്നു വീണു. അതിനും പുറമെ, ദേവീസന്നിധിയിൽ മൂലഗൃഹത്തിൽ എരിഞ്ഞുകൊണ്ടിരുന്ന തിരുവിളക്കിന്റെ തിരിത്തുമ്പിൽനിന്നും തീപ്പൊരി പുഷ്പവൃഷ്ടിപോലെ ഉതിർന്നു ചൊരിഞ്ഞു! ഈ ഉത്തമ ശുഭസൂചനകളാൽ പൂർണ്ണതൃപ്തിയടഞ്ഞ ആ സ്നേഹിതന്മാർ ആഹ്ലാദചിത്തരായി ക്ഷേത്രത്തിൽനിന്നും മടങ്ങി. ഇതുസംബന്ധിച്ച അനന്തരനടപടികൾ അതിശീഘ്രം നടത്തുന്നതിനു് നേരം രാത്രിയായിപ്പോയല്ലോ എന്നുള്ള വ്യാകുലതയോടെ അവർ ഒരുവിധം ഉറങ്ങിയും ഉറങ്ങാതെയും ആ രാത്രി തള്ളിവിട്ടു. നേരം പുലർന്നതോടെ പ്രഭാതാനുഷ്ഠാനങ്ങൾ ചെയ്തുതീർത്തു് ചെറുകുളം മുത്തുസ്വാമി അയ്യർക്കു് എഴുത്തെഴുതുവാൻ ആരംഭിച്ചു. അപ്പോഴേക്കു് കൃഷ്ണയ്യർക്കു് ഒരെഴുത്തുമായി തപാൽ ശിപായി അവിടെ എത്തി. 'ചെറുകുളം' മുദ്ര ആ തപാൽ കവറിൽ തെളിഞ്ഞുകാണാമായിരുന്നു. അത്യാശയോടെ കൃഷ്ണയ്യർ അതു പൊളിച്ചു് വായിച്ചു. ഇതായിരുന്നു ഉള്ളടക്കം.

തിരുകുളം,

.......................

ശ്രീ മാമ്മാ അവർകളെ സ്നേഹാദരപൂർവ്വം മുത്തുസ്വാമി അറിയിക്കുന്നതു്. ഇവിടെ എല്ലാവർക്കും ക്ഷേമംതന്നെ. അവി

ടത്തെ വിശേഷങ്ങൾക്ക് കൂടെക്കൂടെ എഴുത്തുകൾ അയച്ചുതരണമെന്നപേക്ഷിക്കുന്നു.

താങ്കളുടെ അനുഗ്രഹവും ആശീർവാദവും എനിക്കുള്ള സ്ഥിതിക്ക് മറെറന്തു കുറവാണുള്ളതു്? 'വെള്ളമുണ്ടെങ്കിൽ ചെടി വാടുമോ?' ശ്രീനിവാസൻേറയും ലക്ഷ്മിയുടേയും ജാതകങ്ങൾ പരിശോധിപ്പിച്ചു. (കല്യാണിയുടെ ശരിയായ പേർ ലക്ഷ്മിയെന്നാണ്.) ഇത്ര പൊരുത്തമുള്ള മററു രണ്ടു ജാതകങ്ങൾ കാണുവാൻ പ്രയാസമാണ്. ജാതകച്ചേർച്ച മാത്രംകൊണ്ടു മതിയാകുമോ അതിനു്? മനുഷ്യയത്നവും വളരെയുണ്ടെങ്കിലേ ആ ശുഭകർമ്മം നടക്കുകയുള്ളൂ. ഇനിയുള്ള കാര്യങ്ങൾക്കെല്ലാം ഞാൻ താങ്കളെയാണ് ചുമതലപ്പെടുത്തുന്നതു്. 'കാററില്ലാതെ ഇല ആടുമോ?'

അവിടുത്തെ സ്നേഹിതൻ ശ്രീ രാമസ്വാമി അയ്യരുടെ അഭിപ്രായംകൂടി അറിഞ്ഞാൽ കൊള്ളാം. അതിനുശേഷം ഞാൻ നേരിട്ട് അദ്ദേഹത്തിനെഴുതാമെന്നു വിചാരിക്കുന്നു.

എന്നു്,

സ്വന്തം മുത്തുസ്വാമി.

ഇതു വായിച്ചുതീർന്നശേഷം കൃഷ്ണയ്യർ "മുത്തുസ്വാമി വിവരമുള്ളവൻതന്നെ! അതിനു സംശയമില്ല. ഈ എഴുത്തു വായിച്ചാലറിയാം; നോക്കൂ. വാചകഭംഗിക്കു പുറമേ അയാളുടെ വണക്കവും താഴ്മയും എത്ര വ്യക്തമായിക്കാണപ്പെടുന്നു" എന്നു പുകഴ്ത്തി. സന്തോഷത്താൽ ശാസ്ത്രികളും "നന്നായിരിക്കുന്നു" എന്നു പറഞ്ഞു. കുറെ സമയം അവർ ഇതുസംബന്ധിച്ച് സംഭാഷണം ചെയ്തതിനുശേഷം അന്നു പകലെതന്നെ മുഹൂർത്തം നിയിശ്ചക്കുന്നതിനും മററുമായി ചെറുകുളത്തിനു് പോകണമെന്ന് നിശ്ചയം ചെയ്തു പിരിഞ്ഞു.

*   *   *   *

അടുത്ത ദിവസം രാവിലെ ചെറുകുളം ഗ്രാമത്തിലുള്ള പുഴക്കടവിൽ ചില സ്ത്രീകൾ വന്നും 'അടിച്ചുനനയ്ക്കുവാനായി' വട്ടത്തിൽ കൂടി.

അവരിൽ ഒരുവൾ:—"കൊള്ളാമേ കൊള്ളാം. 'കാര്യം കാണുന്നതുവരെ കഴുതക്കാലും പിടിക്കാം'. എട്ടു പേരു കഴിഞ്ഞ വൾക്കും പുതുപ്പെണ്ണിൻെറ പദവി ലഭിക്കും! മുൻപു നടന്ന സംഗതികളെല്ലാം ഇന്നലെപ്പിറന്ന കുഞ്ഞിനുകൂടി അറിയാവുന്നവയാണ്! നേരത്തിനും കാലത്തിനും മരുന്നുമില്ലാ: ആഹാരവുമില്ല: അമ്മയും പെണ്ണുംകൂടി ഇരുന്നുകൊണ്ടു് വീടുമുടിക്കുന്ന വാർത്തകളാണ് എപ്പോഴും സംസാരം. ഇക്കാര്യമൊന്നുമാർക്കുമറിയാൻ പാടില്ലാത്തതാണോ? അന്നൊരു ദിവസം അവർ ചന്തയിൽനിന്നൊരു ചക്ക വാങ്ങി. അതൊരു ഒന്നാംതീയതിയുമായിരുന്നു. ചക്കകൊണ്ടൊരു വറുത്തരച്ച കറി, ചേമ്പുംകഷണം കൊണ്ടു് മോർകൂട്ടാൻ, കത്തിരിക്കാ പൊരിച്ചതു്, മധുരക്കിഴങ്ങുകൊണ്ടൊരു കറി ഇവയെല്ലാം അവരുണ്ടാക്കി. വീട്ടിൽ പെണ്ണുങ്ങളല്ലാതെ അന്നാരുമില്ല. മാനാമധുരയിലുള്ള ബന്ധുവീട്ടിൽ ഏതോ കാര്യം പ്രമാണിച്ചു് അവരുടെ ഭർത്താവു് പോയിരിക്കുകയാണ്. അന്നു് ഈ വക സാധനങ്ങളെല്ലാമുണ്ടായിരുന്നിട്ടും ആ ചക്ക മുറിച്ചിട്ടു് ഒരു ചുളപോലും എനിക്കവർ തന്നില്ല. തിങ്കളാഴ്ചയും മാസപ്പിറപ്പും കൂടിയ സുദിനമായിരുന്നു എന്നിട്ടും കൂട്ടാൻവയ്ക്കാൻ ഒരു പൊട്ടു കാകൂടി ഇല്ല എന്നു് ഞാൻ കേൾക്കെ പറഞ്ഞു അവരു മൂക്കുമുട്ടെ അടിച്ചിട്ടു് ബാക്കി കൊണ്ടെക്കളയുകയാണ് ചെയ്തതു്. ഇതൊക്കെ ആരു മറക്കും. അക്കഥകളെല്ലാം ഒരുവശത്തിരിക്കട്ടെ!" ഇത്രയും പറഞ്ഞുതീർന്നപ്പോഴേയ്ക്കു് കൈയ്യിൽ ഒരു കുടവുമേന്തി പൊന്നമ്മ എന്ന ഒരു സ്ത്രീകൂടി ആ സമ്മേളനത്തിലെത്തിച്ചേർന്നു.

മുത്തുസ്വാമി അയ്യരുടെ അനുജൻ സുബ്രഹ്മണ്യയ്യരുടെ കെട്ടിയവളാണ് പൊന്നമ്മ. അവൾക്കീഭൂമുഖത്തൊരുവരേയും ഒരു വകവയ്പില്ല. മുഖംനോക്കാതെ ആരോടും എന്തുവാക്കേ അവൾ സംസാരിക്കൂ. പാവം! സുബ്രഹ്മണ്യയ്യർ. അവൾ അയാളെ ഇട്ടു് പാവക്കൂത്താടിക്കാറുണ്ടെന്നുള്ളതൊരു പരസ്യവാർത്തയാണ്.

സഹധർമ്മിണിയുടെ മുമ്പിൽ പൂച്ചയെക്കണ്ട എലികണക്കെയാൾ വിറയ്ക്കുമെങ്കിലും വീട്ടിൽനിന്നു പുറത്തിറങ്ങിയാൽ അയാളാളുമാറും. "പൊന്നമ്മയെ പിടിച്ച പിടിയിൽ

നിർത്താൻ എനിക്കല്ലാതെ സാധിക്കുമോ? എൻറടുത്തു പ്യന്തു പാവം! എന്തനുസരണ!" എന്നെല്ലാം വീരവാദങ്ങൾ കൂടെക്കൂടെ ആ ഭീരു പറഞ്ഞുനടക്കും. പക്ഷെ അതെല്ലാം വെറും പൊങ്ങച്ചം പറച്ചിലാണെന്നു് നാട്ടുകാർക്കെല്ലാമറിയാം. അയാൾക്കു് കോപം വരുത്തുവാൻ ഒരു വിഷമവുമില്ല. "അമ്മായിഅമ്മ വലിയ അമ്മ" എന്നൊന്നു പറഞ്ഞാൽ മതി. ഇതു കേട്ടാൽ അയാളുടെ കണ്ണുകൾ ചുവക്കും; മുഖം തുടിക്കും.

ഉടുത്തൊരുങ്ങി മോടിയിൽ നടക്കുന്നതിനു് പൊന്നമ്മയ്ക്കു് വലിയ ഭ്രമമാണു്. പുറത്തിറങ്ങി നടക്കുമ്പോൾ അളുവടെ അഴകുകണ്ടു് കരളലിഞ്ഞു് കണ്ണുപൂട്ടാതെ കാണികളെല്ലാം പ്രതിമകൾപോലെ നോക്കിനില്ക്കും എന്നാണാസുന്ദരിയുടെ വിശ്വാസം. അങ്ങനെയുള്ള ചില സമയങ്ങളിലവൾക്കു തോന്നും 'ഞാൻ നടക്കുന്നതു് അന്നപ്പിടപോലെയാണു്'' എന്നു്. അതോടുകൂടി അവളിൽ ഗർവ്വും ലജ്ജയും സ്ഫുരിക്കും. അവൾ തീക്കനലിൽ ചവുട്ടിനടക്കുന്നതുപോലെ വിവശയാകും. കാലുകൾ വിറയ്ക്കും. ഭയന്നു ഭയന്നു് ഓരോ അടിവച്ചു് അങ്ങുമിങ്ങും ഒട്ടുനിന്നു് അവൾ ഒരു വിധത്തിൽ തിരികെ വീട്ടിലേക്കു മടങ്ങും. പലരും ഇതു കണ്ടിട്ടുള്ളവരായി ആ നാട്ടിലുണ്ടു്.

ഈ പതിവ്രതാമണി വെള്ളം കോരുവാനായി ആററിലിറങ്ങിയ ഉടൻ മുകളിൽനിന്നു പ്രസംഗംചെയ്തുകൊണ്ടിരുന്ന സ്ത്രീ അവളോടു്:– "എന്താ, പൊന്നമ്മേ ഇത്ര താമസം? കല്യാണ കോലാഹലമോ ? നിൻെറ മച്ചുനൻെറ തിണ്ണയിൽ ജോടിയുതിരിക്കുന്ന ആ കിഴവന്മാരാരെടീ?"

ഈ അനാവശ്യമായ ജിജ്ഞാസ പൊന്നമ്മയെ ചൊടിപ്പിച്ചു. അതവൾക്കു് തീരെ വെറുത്തു. മുഖം വെട്ടിത്തിരിച്ചു് ഗൗരവത്തോടെ അവൾ പറഞ്ഞു:– "ആരെങ്കിലുമാവട്ടെ! കിണററുതവളയ്ക്കു് കുളത്തിലെ കാര്യമറിഞ്ഞിട്ടെന്തുവേണം? അവനവൻെറ കാര്യം നോക്കുന്നതിനുപകരം അന്യൻെറ കാര്യത്തിൽ മനുഷ്യനെന്തിനു തലയിടുന്നു?"

പൊന്നമ്മയ്ക്കു് കമലമ്മയുടെ പകുതിപോലും പഠിത്തമില്ല. പക്ഷെ കൈയ്യിലുള്ള ചരക്കു് പൊലിപ്പിച്ചു കാണിക്കുന്ന

തിനു് അവരം അതിവിദഗ്ദ്ധയാണെന്നുമാത്രം. കമലത്തിന്റെ സുന്ദരമായ സംഭാഷണരീതി പൊന്നമ്മയ്ക്കു നിത്യതലക്കത്താണു്. വിവിധ വർണ്ണങ്ങരം തുളുമ്പുന്ന പീലികരം വിടർത്തി ചേതോഹരമായി നൃത്തമാടുന്ന മയിലിനെ കാണുമ്പോരം വാങ്കോഴിക്കൊരു മോഹം; അതുപോലെയാടി മയിലിന്റെ പ്രസിദ്ധിനേടാൻ. അതു തന്റെ കുറുംചിറകുകളും പരത്തി അതിഗർവ്വോടെ പേയാട്ടം ആടി തൃപ്തിപ്പെടുന്നു. അതുപോലെ പൊന്നമ്മയും അവളുടെ സംഭാഷണരീതി പാടേമാററി കമലമ്മയെ അനുകരിച്ചുവന്നു. പച്ചിലകരംക്കിടയ്ക്കിടെയുള്ള പൂക്കരംപോലെ ബ്രാഹ്മണർ സംഭാഷണങ്ങളിൽ സംസ്കൃതപദങ്ങരം ഭംഗിയായി പ്രയോഗിക്കുന്നതു കേട്ടു് ഭ്രമിച്ച ഒരു ഇടയപ്പയ്യൻ ഓടി വീട്ടിൽചെന്നു് അവന്റെ അമ്മയെ വിളിച്ചു പറഞ്ഞു: "അമ്മാ, ആഷ്ടിൻകുഷ്ട്ടിവേഷ്ടിതിന്നുന്നു; ഓഷ്ടിക്കു, ഓഷ്ടിക്കു!" എന്നു്. ഇങ്ങനെ ഒരു കഥയുണ്ടു്. അതുപോലെ പൊന്നമ്മയുടെ അഴകുള്ള ഭാഷാപ്രയോഗങ്ങരം ചില സന്ദർഭങ്ങളിൽ അസഹ്യമായ അഴകിൽ ഒഴുകും. എങ്ങനെയായാലും, കമലമ്മയെക്കാരം പൊന്നമ്മയ്ക്കു പഠിപ്പേറുമെന്ന ഒരഭിപ്രായം ആ പ്രദേശത്തെ പെണ്ണുങ്ങരംക്കിടയിൽ അവരം പരത്തി.

പൊന്നമ്മയുടെ ചുട്ട മറുപടി കേട്ടു നിന്നിരുന്ന ചുപ്പു എന്നവരം: "നിങ്ങരംക്കറിഞ്ഞുകൂടാ, അല്ലേ? പറയാൻ സമ്മതമില്ലെങ്കിൽ വേണ്ട, ഉള്ളിലൊതുക്കിവച്ചോളിൻ. ശെടാ! ഇതെന്തൊരു ശല്ല്യം! അറിയാനത്യാവശ്യമുള്ളവർക്കു് അങ്ങോട്ടൊന്നുപോയിത്തിരക്കരുതോ?" എന്നു് അല്പം കോപത്തോടെ പറഞ്ഞു.

പൊന്നമ്മ:– "അവിടെച്ചെന്നു് എന്തു കാണാനാണു്? അവർ കല്ല്യാണക്കാര്യങ്ങരം സംസാരിച്ചുകൊണ്ടിരിക്കുകയാ. അതിനെന്തിനു് ശല്ല്യമെന്നു നീ പറയുന്നു?"

ചുപ്പു:—"ഞാൻ അങ്ങനെയൊന്നും പറഞ്ഞില്ല. കൊള്ളാമേടി, അമ്മാ. നീ വഴക്കുണ്ടാക്കുവാൻ തയാറെടുത്തിരിക്കുന്നതുപോലെ തോന്നുന്നല്ലോ!"

പൊന്നമ്മ:—"നിങ്ങളെന്തിനിത്ര കോപിക്കുന്നു? ഞാൻ നേരം പോക്കായിപ്പരിഹാസം ചെയ്തതാണു്. അവരുടെ വീട്ടിൽ കല്ല്യാണം നടക്കാൻ പോകുന്നു എന്നു് നേരത്തേ അറിയാൻ നിങ്ങൾക്കെന്താ, 'ജോഷ്ഷ്യം' (ജോതിഷം) അറിയാമോ? അവർ മധുരദേശത്തുകാരാണു്. മച്ചുനൻെറ പെണ്ണിൻെറ 'കല്ല്യാണനിശ്ചിത'ത്തിനുവന്നതാണു്."

ചുപ്പുവിനു് അവരെ നേരത്തേതന്നെ അറിയാം. എന്നാലും ഏതുവിധേനയും പൊന്നമ്മയെ ഇളക്കിവിട്ടാൽ അവളും കമലമ്മയുമായി പടവെട്ടുന്നതു കണ്ടു രസിക്കാമല്ലോ എന്നുള്ള ആശയോടെ ചുപ്പു തുടങ്ങി—"ഓഹോ! നിൻെറ അമ്മാവൻ വരുന്നു എന്നു കേട്ടല്ലോ? എന്താ, അദ്ദേഹം വന്നോ, നിൻെറ വീട്ടിൽ? ഞാനങ്ങോട്ടു ശരിക്കു നോക്കിയില്ലാ. ഞാനാരാ! അങ്ങേരു വീട്ടിൽ വരുന്നോ പോകുന്നോ എന്നെല്ലാം നോക്കാൻ! പക്ഷെ എനിക്കു തോന്നി അവരിലൊരാൾ നിൻെറ അമ്മാവനാണെന്നു്. ശരിയല്ലേ, പൊന്നമ്മേ?" ഇത്രയും പറഞ്ഞിട്ടവൾ മൗനമായി നോക്കിനിന്നു.

ഇതുതന്നെ തക്ക സമയമെന്നുകണ്ടു് ചുപ്പു തുടർന്നു— "ഇതെന്തു കഥ! ഈ നാട്ടിൽ വന്നിട്ടു് നിൻെറ അമ്മാവൻ നിൻെറ വീട്ടിൽ വന്നില്ലെന്നോ! എന്താ, നിനക്കദ്ദേഹത്തെ പരിചയമില്ലെന്നോ! നല്ല മര്യാദതന്നെ!"

പൊന്നമ്മ:—എൻെറ വീട്ടിൽ അങ്ങേരു വരണമെന്നു് ഏതു ശാസ്ത്രത്തിൽ പറഞ്ഞിരിക്കുന്നെടീ? ലോകത്തിൽ യോഗ്യന്മാരത്ര വിരളമൊന്നുമല്ല. ഇപ്പോഴെൻെറ വീട്ടിൽ വരികയില്ലെന്നു് എനിക്കു നേരത്തേ അറിയാം. മനുഷ്യൻെറ നല്ലബുദ്ധി ഇങ്ങനെ കെട്ടുപോയാലും ബന്ധം മറന്നുപോകുന്നതാണു് കഷ്ടം!"

ചുപ്പു:—"ങ്ഹേ, അങ്ങനെയാണോ! അതിനു കാരണമെന്തു്? ഓഹോ! ശരി, ശരി, ലക്ഷ്മിയെ മധുരയിലയക്കാനുള്ള കാരണക്കാരൻ അങ്ങേരാണല്ലോ! ഇങ്ങനെ ചെയ്യാമോ, കഷ്ടം! നിങ്ങൾ ഇരിക്കുന്ന ഇരുപ്പിനു് നിൻെറ അനു

ജൻെറ മകനു് എന്താ കുറവു്. അയാൾക്കെന്താ? സ്ഥിതി യില്ലയോ; യോഗ്യതയില്ലയോ?"

പൊന്നമ്മ:—"അവനു് ഉള്ള സ്ഥിതിയൊക്കെ മതി. അവനി വരുടെ ഒക്കെ പടിക്കൽ ഒരു നേരത്തെ ആഹാരത്തിനു വേണ്ടി കാത്തിരിക്കുകയാണു്! ഇവരെയെല്ലാം വീട്ടിൽ കയററിവച്ചു് പൂജിച്ചു് അവരൊക്കെത്തന്നെ മോക്ഷമട യട്ടെ. ഈ നരകത്തിൽ ഞാൻ വന്നകപ്പെട്ടതു പോരേ? നാട്ടിലെങ്ങും പെണ്ണുകിട്ടാത്ത മാതിരി ഈ പട്ടിക്കാട്ടിൽ വന്നു വിവാഹം കഴിക്കുന്നവരെ സമ്മതിക്കണം! പെണ്ണോ? തീരെ കുഞ്ഞു്! ഹാ! ഒരു കൊച്ചുവ്വശി!!"

ഈ സംഭാഷണം രസംപിടിച്ചു കേട്ടുകൊണ്ടുനിന്ന നാകു എന്നവൾ കേറിപ്പറഞ്ഞു:—"പണമാണു് സർവ്വപ്രധാനം. ഇന്നാ ട്ടിൽ അക്കാര്യം ഒരതിശയമാണു്. 'ആലില്ലാ രാജ്യത്തു് ഇല വിൻ പൂ അതിദിവ്യം'. പൊന്നമ്മയുടെ അനുജനു കൊടുത്താ ലെന്താ അബദ്ധം? ഇല്ലെങ്കിൽ വച്ചുകൊണ്ടിരിക്കട്ടെ. (പൊന്ന മ്മയോടു തിരിഞ്ഞു്) ഈ നാട്ടിൽനിന്നുള്ള വിവാഹമേ വേണ്ടാ എന്നു് നിനക്കു് നിൻെറ സഹോദരന്നെഴുത്തയയ്ക്കരുതോ?"

പൊന്നമ്മ:—"ഛേ, അതിനിത്രനാൾ താമസിച്ചു എന്നാണോ വിചാരിക്കുന്നതു്? ഞാനന്നേ കമ്പി അടിച്ചല്ലോ!"

ചുപ്പു ആത്മഗതമായിപ്പറഞ്ഞു: "ഇവൾക്കെന്തു ചുറുചുറു ക്കു്! അവളുടെ തല കഴുത്തിലല്ലാ നിൽക്കുന്നതു്." അനന്തരം ഉറക്കെ—"ജാതകത്തിനു പൊരുത്തക്കുറവുണ്ടെന്നു് മുത്തുസ്വാമി പറഞ്ഞതു നിന്നെ വെറുപ്പിക്കാതിരിക്കുവാനുള്ള സ്നേഹബുദ്ധി കൊണ്ടാണു്. അയാൾക്കു് ഹിതമായിരുന്നു എങ്കിൽ നിൻെറ അനുജനു് നിശ്ചയമായും പെണ്ണിനെ കൊടുത്തേനേ."

നാകു:—"ഒരു സമാധാനത്തിനുവേണ്ടി മാത്രമാണു് ജാതക ക്കാര്യം കൊണ്ടുവന്നതു്. ജാതകത്തിലെപ്പത്തു പൂല്ലു തി ന്നുമോ? അതു നോക്കാതെ എത്ര എത്ര കല്യാണങ്ങൾ നട ക്കുന്നു. വൈദ്യൻെറ പത്നി മരിക്കാറില്ലേ? പിന്നെന്തു നോക്കണം. മനംപോലെയാണു് മംഗല്യം. മനഃപ്പൊരു

ത്തമുണ്ടെങ്കിൽ മറെറാരു പൊരുത്തവും നോക്കേണ്ടയാവ ശ്യമില്ല. ഇന്നാളാമീനാക്ഷി സുന്ദരത്തിൻെറ മകളെ ശങ്കരപ്പിള്ളയ്ക്കു കല്ല്യാണം കഴിച്ചുകൊടുത്തതേത്തു പൊരു ത്തം നോക്കിയാ! ഒരു ജാതകവും അവർ നോക്കിയില്ലാ! എന്നിട്ടെന്തുപററി? കല്ല്യാണം നടക്കാതെ പോയോ?"

പൊന്നമ്മ:—"ഈ സായ്പന്മാരെല്ലാം ജാതകം നോക്കാറുണ്ടോ?"

ചുപ്പുവും നാകുവുംകൂടി:—"അവരും ജാതകം നോക്കാറുണ്ട്."

പൊന്നമ്മ അവരുടെ വിഡ്ഢിത്തംകേട്ട് ഊറിച്ചിരിച്ചുകൊ ണ്ട്:—"അവർക്ക് ജ്യോതിഷത്തിൽ വിശ്വാസമില്ലാ."

നാകു:—"എന്താ ജോസ്യം അവർക്കറിഞ്ഞുകൂടേ?"

പൊന്ന:—"ജോസ്യമോ! ജോസ്യം, ജോസ്യം" എന്നു പറഞ്ഞ വൾ പൊട്ടിച്ചിരിച്ചുകൊണ്ട് 'ജോഷ്യം' എന്നു പറയ ണം. അതാണ് ശരിയായ പദം. നീ പറയുന്നതു വെറും ശൂദ്രഭാഷപോലിരിക്കുന്നു."

നാകു സ്വല്പം ജാള്യതയിൽ:—"ഞങ്ങളൊക്കെ പള്ളിക്കൂടം ക ണ്ടിട്ടില്ലാത്തവരല്ലേ. അങ്ങനെ ഒക്കെ ഇരിക്കും."

പൊന്നമ്മയോട് ചുപ്പു:—"അതൊക്കെ കിടക്കട്ടെ. ഒരു ജാതക ഫലം നോക്കി നിനക്ക് നിൻെറ അനുജന് ഇപ്പൊഴേ കല്ല്യാണം നിശ്ചയിക്കരുതോ?"

പൊന്നമ്മ:—"ഹരിയോ ഹരി. ഇന്നാട്ടിലെ ദൈവങ്ങൾക്കെ ല്ലാം നമസ്കാരം! എനിക്ക് ഉപദേശമൊന്നും വേണ്ടാ. ആയിരം പവൻ കിട്ടിയാലും വേണ്ടേ വേണ്ടാ; എൻെറ കുടുംബം അത്ര നാണംകെട്ടതല്ല."

ചുപ്പു:—"നിൻെറ ഭർത്താവിനോട് പറഞ്ഞു് എങ്ങനെ വേ ണമെങ്കിലും ചെയ്യാമല്ലോ!"

പൊന്നമ്മ:—"ച്ഛീ, ഇതെന്തു വയ്യാവേലി! ഞാൻ പറഞ്ഞദ്ദേഹം കേൾക്കുന്നതും അനിയൻ പറഞ്ഞു ചേട്ടൻ കേൾക്കുന്നതും വളരെ ആശ്ചര്യകരമാണ്. അദ്ദേഹമാര്; ഇദ്ദേഹമാര്?"

നാക:—"നീയെന്താ അങ്ങനെ പറയുന്നതു്? മുത്തുസ്വാമി അങ്ങനെ വിചാരിക്കുന്നവനല്ല. നിൻെറ മകൻ സുന്ദരത്തിനെ എന്തു വാത്സല്യമായിട്ടാണദ്ദേഹം വളർത്തുന്നതു്!"

പൊന്നമ്മ:—"അതിനെന്താ? ഒരു കുഞ്ഞിനെ വേണം. പിന്നെന്തു ചെയ്യും? ദൈവം അനുഗ്രഹിച്ചില്ല; അതിനാരോടാണദ്ദേഹം പരാതി പറയേണ്ടതു്! അതിനു് പലവിധ കൌതുകവസ്തുക്കൾ സമ്മാനം കൊടുത്തിണക്കി എൻെറ കുഞ്ഞിനെ, പെററമ്മയില്ലാത്ത കുഞ്ഞിനേപ്പോലെ വളർത്തുകയല്ലേ. അങ്ങനെ എൻെറ പൊളിഞ്ഞ ഭിത്തി തകർക്കുകയാണദ്ദേഹം. 'പുരുഷവിധവ'....."

അവൾ പകുതി പറഞ്ഞു നിർത്തി. ചുപ്പു ആഹ്ലാദിച്ചു അവൾക്കിതിൽകൂടുതലൊരു സംതൃപ്തി വരാനില്ലാ. ഈവിധ വാർത്തകൾക്കുവേണ്ടി മാത്രമാണു് ചുപ്പു ഇത്രനേരം ക്ഷമയോടെ കാത്തുനിന്നതു്. അവൾ കൊണ്ടുവന്ന പുടവകളും മററു തുണികളും ചുരുട്ടിക്കെട്ടാക്കി തിരികെ വീട്ടിലേക്കുതന്നെ മടങ്ങി.

അവൾ വീട്ടിലെത്തി കുടവും തുണിക്കെട്ടും താഴത്തുവച്ചു താമസം; ഉടൻ പുറപ്പെട്ടു കമലമ്മയുടെ വീട്ടിലേക്കു്. തീവാങ്ങുവാനെന്ന വ്യാജേന അവൾ കമലമ്മയുടെ വീട്ടിലെത്തി. തീയും തിരിയുമല്ലാ അവൾക്കാവശ്യം. പൊന്നമ്മയിൽനിന്നു കിട്ടിയ വിശേഷവാർത്തകൾ കമലമ്മയെ അറിയിച്ചാലേ അവൾക്കു് മനസ്സിനു സുഖമുള്ളു. അതാണവളുടെ ജീവിതരസം.

# 4
## മഹാസഭയെപ്പററി

ചുപ്പു അത്ര കെട്ട പെണ്ണല്ല. നല്ല ബുദ്ധിഗുണമുള്ളവളാണ വറം. നാട്ടിലുള്ള മററു പെണ്ണുങ്ങൾ അവരുടെ അമ്മാവികളുമായി തുടർച്ചയായിച്ചെയ്യുവരാറുള്ള കലഹത്തിൽ പകുതി പോലും ചുപ്പു അവളുടെ അമ്മാവിയുമായി ഉണ്ടാക്കാറില്ല. വർഷപ്പിറപ്പു്, ശുക്രവാരം മുതലായ സുദിനങ്ങളിൽ അമ്മാവി അമ്മ എന്തുതന്നെ പറഞ്ഞാലും അവൾ ക്ഷമയോടെ കേട്ടുകൊണ്ടിരിക്കുന്നതല്ലാതെ ശണ്ഠയ്ക്കു തയ്യാറെടുക്കുകയില്ല. പക്ഷെ അതു മനസ്സിൽവച്ചു് അടുത്തനാൾ പ്രഭാതംമുതലേ യുദ്ധമാരംഭിക്കും! മററു ചില പെണ്ണുങ്ങളെപ്പോലെ ഇരുപതും ഇരുപത്തിരണ്ടും വർഷങ്ങൾക്കിപ്പുറം ചെയ്തിട്ടുള്ള കൊള്ളരുതാത്ത പ്രവൃത്തികളും കുററങ്ങളും, കുടുംബകലഹമദ്ധ്യേ ചുപ്പു വാരിവിളമ്പാറില്ലാ. പതിനഞ്ചു കൊല്ലങ്ങൾക്കു മുൻപുള്ള സംഭവങ്ങൾ പോലും അവൾക്കു് ഓർമ്മയില്ലാ. എങ്കിലും അതിനിപ്പുറമുള്ള കാര്യങ്ങൾ അവളുടെ ഓർമ്മയിൽ ദൃഢമായി പതിഞ്ഞുനില്പാറുണ്ടു്. പക്ഷെ പതിനഞ്ചു വർഷങ്ങൾക്കു മുൻപൊരു ദിവസം അവളെ അമ്മാവിഅമ്മ 'സാഹസി' എന്നു വിളിച്ചു. ആ ദിവസം അവിടെ നടന്ന തീരെ നിസ്സാരമായ സംഗതികൾ പോലും അവൾ ഇന്നും മറന്നിട്ടില്ലാ. അന്നു് എന്തു കറിയായിരുന്നു, മോരു പുളിച്ചതോ പുളിക്കാത്തതോ, കൂട്ടാൻെറ കഷണങ്ങൾ എന്തെല്ലാം, അന്നു പാചകം ആരുടെ, അതിനുള്ള കുററവും കുറവും എന്തെല്ലാം, ഈ കാര്യങ്ങൾ ഒക്കെക്കൂടി അവൾ ഓർമ്മയിൽ മുറുകെപ്പിടിച്ചിട്ടുണ്ടു്. ചുപ്പമ്മാളുടെ അറിവിൻെറ പത്തിൽ ഒരു ഭാഗമെങ്കിലും ഇംഗ്ലീഷു പള്ളിക്കൂടത്തിൽ

പഠിക്കുന്ന ഒരു കുട്ടികളുണ്ടെങ്കിൽ അവൻ നിഷ്പ്രയാസം എം. എ. എം. എൽ. ബിരുദം നേടുമെന്നുള്ളതു നിശ്ചയമാണ്. ആരുടെ വീട്ടിലായാലും കലഹം നടന്നുകൊണ്ടിരുന്നാൽ മതി. ചുപ്പമ്മാളിന് വിശപ്പുപോലും ഉണ്ടാകുകയില്ല.

അവളുടെ വീട്ടിൽ പകൽ പന്ത്രണ്ടുമണിക്ക് ഒരു "കാൺഗ്രസ്സ്" മഹാസഭ കൂടുക പതിവാണ്. ആ സഭ വൈകിട്ട് ആറുമണിക്ക് പിരിച്ചു വിടും. വീണ്ടും അതു രാത്രി എട്ടുമണിക്ക് സമ്മേളിക്കും. ആ മഹായോഗങ്ങളിൽ ആദ്ധ്യക്ഷപദം അലങ്കരിക്കുന്നതു് ചുപ്പമ്മാളാണ്. ആ ഗൗരവമേറിയ മേലുദ്യോഗം അവൾക്കു കിട്ടാതെപോയാലും അവൾ വിട്ടുമാറുകയില്ല. ആ സ്ഥാനത്തിൻെറ പദവും അധികാരവും കൈകാര്യം ചെയ്യുന്നതവളായിരിക്കും. അതിനാൽ എതിരഭിപ്രായം കൂടാതെ തന്നെ അവൾ സ്ഥിരാദ്ധ്യക്ഷയായിക്കഴിയുകയാണ്. ആ മഹാസഭയ്ക്കു് ഒരു നിയമാവലിയോ പ്രകടന പത്രികയോ, മററോ, ഉണ്ടോ എന്നു് ജിജ്ഞാസുക്കളായി ചിലർ ചോദ്യം ചെയ്യാറുണ്ടു്. എന്നാൽ, അച്ചടിച്ചു് പ്രസിദ്ധീകരിക്കുവാൻ കൊള്ളുന്നവയും കൊള്ളരുതാത്തവയുമായി അനേകവിഷയങ്ങളെ സംബന്ധിച്ചു് ചർച്ചകളും പ്രതിപാദനങ്ങളും തീരുമാനങ്ങളും സഭ കൈകാര്യം ചെയ്യാറുള്ളതുകൊണ്ടു് ഒരുവിധമായ പ്രസിദ്ധീകരണപത്രികകളുമതിനില്ല. എങ്കിലും "വാർത്താവിതരണപ്പെൺ" എന്നു വിളിക്കപ്പെടാവുന്ന ചില സഭാംഗങ്ങൾ അതിലുണ്ടു്. അവർക്കു് ജോലിയും ധാരാളമുണ്ടു്. പകൽമുഴുവൻ നാടുചുററി മുക്കുംമൂലയും വിടാതെ മോട്ടോർകാറുപോലെ നഗരപ്രദക്ഷിണം ചെയ്തു്, പുതുതായി അവിടങ്ങളിൽ ആരെങ്കിലും വന്നിട്ടുണ്ടോ ഉണ്ടെങ്കിൽ എന്തിനുവന്നു, എവിടെ എങ്കിലും രഹസ്യസംഭാഷണം നടക്കുന്നുണ്ടോ, ആരെങ്കിലും അധികമായി ചിരിക്കുകയോ കരയുകയോ ചെയ്യുന്നോ, ആ ഗ്രാമത്തിൽ സംശയാസ്പദമായ എന്തെങ്കിലും നടക്കുന്നോ എന്നെല്ലാം അതിശ്രദ്ധയോടെ അറിഞ്ഞു്, യഥാവിധി ചേർത്തിണക്കി അടുത്തു കൂടുന്ന യോഗത്തിൽ ഹാജരായി അവയെ സഭയുടെ തീരുമാനത്തിന് അവതരിപ്പിക്കേണ്ടതുമാണ്! ഈ

ഉദ്യോഗസ്ഥകളുടെ ബുദ്ധിസാമർത്ഥ്യം വിസ്മയാവഹമാണ്.

വളരെ വർഷങ്ങൾക്കുമുൻപ് സ്പെയിൻ മുതലായ ക്രൈസ്തവരാജ്യങ്ങളിൽ മതപരമായ ഒരു സ്ഥാപനം നടന്നുവന്നിരുന്നു. അതിലെ ഉദ്യോഗസ്ഥന്മാർ ഔദ്യോഗികചിഹ്നങ്ങളൊന്നും ധരിക്കാതെ നാട്ടുനീളെ നടന്ന് സാമാന്യജനങ്ങളുമായി അടുത്തു പെരുമാറിവന്നു. ജനങ്ങളിൽ ആരെങ്കിലും ക്രിസ്തുമതത്തിനെതിരായി സംസാരിക്കുകയോ മതവിദ്വേഷം മനസ്സിൽ ഉള്ളതായി തോന്നിപ്പിക്കുകയോ ചെയ്താൽ അവരെ കോടതികയററാനുള്ള അധികാരം ആ ഉദ്യോഗസ്ഥന്മാർക്കുണ്ടായിരുന്നു. അവരതു ശരിക്കും പ്രായോഗികമാക്കുകയും ചെയ്യും. തന്ത്രശക്തിയാൽ നാട്ടുവിറപ്പിച്ചുകൊണ്ടിരുന്ന ആ ഉദ്യോഗസ്ഥന്മാർക്കുപോലും നമ്മുടെ മഹാസഭയിലെ വിതരണപ്പെണ്ണുങ്ങളുടെ അടിപണിയുവാനുള്ള യോഗ്യതയുണ്ടായിരുന്നില്ല. രാജ്യം ഭരിക്കുന്ന മന്ത്രിക്കുപോലും ഇവർ മൂലം രണ്ടുമാസം ശിക്ഷകിട്ടിയാൽ അതൊരു നന്മയായിരിക്കും! ഏതു സ്ത്രീയും പുരുഷനും അതിനിഗൂഢമായി അവരുടെ ഹൃദയവേദിയിൽവച്ചു സൂക്ഷിക്കുന്ന പരമരഹസ്യങ്ങൾപോലും തന്ത്രവിദഗ്ദ്ധകളായ ആ പെണ്ണുങ്ങൾ അടുത്തുചെന്ന് മധുരഭാഷണങ്ങളാലും ചാട്ടുമൊഴികളാലും ഉള്ളുതുറപ്പിച്ച് കരസ്ഥമാക്കിപ്പോകുമെന്നുള്ളതു നിശ്ചയമാണ്.

അവർ മനസ്സിലാക്കിയ സംഗതികൾ അതേപടി അവർ പുറത്തിറക്കാറില്ല. മനോധർമ്മമനുസരിച്ച് വേണ്ടതു പരിഷ്കരിച്ചുമാത്രമേ അവർ അതു പരസ്യം ചെയ്യൂ. സത്യത്തെ മിഥ്യയാക്കിയും മിഥ്യയെ സത്യമാക്കിയും കാണിക്കുന്ന ആ രമണികൾ, കുതിരയെ നരിയാക്കിയും നരിയെ കുതിരയാക്കിയും പ്രത്യക്ഷപ്പെടുത്തിയ പരമശിവനേക്കാൾ സാമർത്ഥ്യമേറിയവരാണ്. അവരുടെ സഹതാപമൊഴികൾ കേട്ടാൽ കല്ലുപോലും കരഞ്ഞുപോകും. രാമായണം രചിച്ച കമ്പർപോലും കല്പനാശക്തിയിൽ ഈ പെണ്ണുങ്ങളോടു തോററു നാണിച്ചുപോകും. ശ്രീ വേദവ്യാസർ പതിനെട്ടു പുരാണങ്ങളേ ചമച്ചിട്ടുള്ളു. ഇവരാകട്ടെ വീട്ടുതോറും ഓരോ സ്ഥലപുരാണങ്ങൾ പാടിപ്പാടി നടക്കും! സ്വയനിയമിതകളായ ഈ ഉദ്യോഗസ്ഥകളാണ് 'മഹാസഭയിലെ' പ്രധാനയംഗങ്ങൾ.

# 5

## കലഹാഗ്നി

മുന്നദ്ധ്യായത്തിൽ പ്രസ്താവിച്ച സഭയുടെ മഹാദ്ധ്യക്ഷയെ തീ വാങ്ങുവാനായി കമലമ്മയുടെ പടിക്കൽ നിർത്തിയിട്ടു നാം പിരിഞ്ഞ അനൗചിത്യത്തെ പ്രിയ വായനക്കാർ സദയം ക്ഷമിക്കണം. ചുപ്പമ്മാൾ വെറുമൊരു പൊട്ടപ്പെണ്ണല്ല എന്നുള്ളതു വെളിവാക്കി അവളുടെ അന്തസ്സും അധികാരവും എടുത്തുകാണിക്കുവാൻ വേണ്ടിവന്നുപോയ വ്യതിയാനമാണീത്താമസത്തിനിടയാക്കിയതു്. തിണ്ണയിൽ ഇരുന്നിരുന്ന കൃഷ്ണയ്യരേയും രാമസ്വാമി ശാസ്ത്രികളേയും അവൾ കണ്ടു. ലജ്ജാഭിനയത്തോടെ അകന്നൊതുങ്ങി പുടവയുടെ മേൽത്തുമ്പു് വലിച്ചിട്ടു് അല്പം തലകുനിച്ചു നടന്നു. വളരെ വണക്കവും മര്യാദയും തോന്നിപ്പിക്കുമാറു് അവൾ അകത്തുകയറി, ഏതോ രഹസ്യവാർത്തയെന്നവണ്ണം കമലമ്മയോടു ചോദിച്ചു:—"നിൻെറ അമ്മാവനും സ്നേഹിതനുമാണോ?"

കമലമ്മ അവളെ "വരു, വരു," എന്നു വിളിച്ചു് സ്വീകരിച്ചിട്ടു് പറഞ്ഞു:—"അതേ, അതേ, അവരിന്നു വന്നതേയുള്ളു."

ലജ്ജാഭരിതയായി തലയുംകുനിച്ചു് അകത്തേയ്ക്കു കയറിയ ചുപ്പമ്മാൾ തിണ്ണയിലിരുന്നവരെ മനസ്സിലാക്കിയതെങ്ങനെ എന്നു് ചിലർ സംശയിച്ചേക്കാം. 'പെണ്ണു പെരുവിരൽ നോക്കുമ്പോൾ കടക്കണ്ണു് ലോകം ചുററും' എന്നല്ലേ പഴമൊഴി. അവളുടെ കണ്ണുകളുടെ ശക്തി അപരിമിതംതന്നെയാണു്. ഗരുഡനേക്കാൾ സൂക്ഷ്മമേറിയ നയനങ്ങളാണവൾക്കുള്ളതു്. ഇത്രയേറെ ശക്തിവിശേഷങ്ങൾക്കിരിപ്പിടമായതുകൊണ്ടാണു് ചുപ്പമ്മാൾ മഹാസഭയുടെ അഗ്രാസനപീഠത്തിന്നർഹയായതു്. അവളെയും അവളുടെ സഭയേയുംപററി മേലോട്ടു പ്രസ്താവനകൾ ധാരാളം

ചെയ്യേണ്ടതായിട്ടുള്ളതുകൊണ്ടു് നമ്മൾക്കാഭാഗം ഇവിടെക്കുറയ്ക്കാം. അവൾ നമ്മുടെ പ്രിയസഖിയാണ്. ശൂർപ്പണഖ മുതലായ 'ഉത്തമ' സ്ത്രീകളില്ലായിരുന്നു എങ്കിൽ രാമായണകഥയുണ്ടാകുവാൻ വാത്മീകി മഹർഷിക്കു സാദ്ധ്യമല്ലാതെ വരുമായിരുന്നു; അതുപോലെതന്നെ ഈ അത്ഭുതകഥയും ചുപ്പമ്മാളില്ലെങ്കിൽ നടക്കുകയില്ലായിരുന്നു! അതിനാൽ ഋഷികളും ദേവന്മാരും ശൂർപ്പണഖയെ വിശ്വസിച്ചാദരിക്കുന്നതുപോലെ നമ്മളും ചുപ്പുവിനെ പൂർണ്ണമായി വിശ്വസിക്കുകയാണുത്തമം! കമലമ്മയുടെ സ്വാഗതോക്തികൾക്കുശേഷം ചുപ്പു സ്വതസ്സിദ്ധമായ വൈഭവത്തോടെ ആരാഞ്ഞുതുടങ്ങി:–"കല്ല്യാണം മധുരയിൽവച്ചായിരിക്കുമല്ലോ നടത്തുന്നതു്? ദൈവാധീനം! നല്ല സമയമാണിപ്പോൾ! ഇപ്പൊഴാണെന്റെ മനസ്സിനൊരു സമാധാനം വന്നതു്."

കമലമ്മ:—"ആരുടേയും സാമർത്ഥ്യമല്ല; ദൈവനിശ്ചയംപോലൊക്കെ വരും. നടത്തുന്നതും നടത്തിക്കുന്നതുമൊക്കെ നാമാണെന്നഭിമാനിക്കുന്നു; പക്ഷെ അതിനെല്ലാം യഥാർത്ഥത്തിൽ ഉത്തരവാദിയാരു്? അതാരും മറക്കരുതു്."

ചുപ്പു:—"അതങ്ങനെതന്നെ, അതാണ് പറയേണ്ടതു്! അതു മറന്നു് ആവശ്യമില്ലാത്ത വർത്തമാനങ്ങൾ പറയുന്നതുകൊണ്ടു് എന്തുഫലം? കലഹമുണ്ടാക്കിക്കൊണ്ടു രസിപ്പാൻ മാത്രം!"

ആരെക്കുറിച്ചെങ്കിലും അറിയാതെ താൻ പരിഹാസമായി സംസാരിച്ചിരിക്കുമോ എന്ന സംശയത്തോടെ കമലമ്മ ചോദിച്ചു:–"വർത്തമാനമോ? എന്തു വർത്തമാനം? ഞാനെപ്പോൾ പറഞ്ഞു?"

ചുപ്പു:—"നിങ്ങളോ? ആരുപറഞ്ഞു? തങ്കക്കുടമല്ലേ നിങ്ങൾ! ഒരുവിധ വൃത്തികേടിനും നിങ്ങൾ മുതിരുകയില്ലെന്നെനിക്കറിയാം........"

അവൾ ആരംഭിച്ച ദീർഘപ്രസംഗത്തെ ആംഗ്യംകൊണ്ടു് കമലം തടഞ്ഞു. ആരോ പറഞ്ഞ ഏഷണി ഇവിടെക്കൊണ്ടു

വന്നു പരത്തുവാനായിട്ടാണു് ചുപ്പു വന്നിരിക്കുന്നതെന്നു് കമലം ശരിക്കും ഊഹിച്ചു. അതിനാൽ 'വിസ്താരം' തുടങ്ങുന്നതിനു മുമ്പുതന്നെ അവളെ പറഞ്ഞയക്കണമെന്നു് ആ വീട്ടുകാരി നിശ്ചയിച്ചു. അവൾ വേഗം അടുപ്പിൽനിന്നു് തീ എടുത്തുകൊണ്ടു വന്നു കൊടുത്തിട്ടു പറഞ്ഞു: "പലരും പലവിധത്തിൽ പറഞ്ഞുവെന്നു വരാം. ആയിരം കുടത്തിന്റെ വാ മൂടാം; ഒരു മനുഷ്യന്റെ വാ മൂടുവാൻ സാധിക്കുമോ? അയ്യോ! നീ ഈറൻമാറാതെ കൂടെയാണോ തീയ്യിനു വന്നതു്? ചെല്ലു വേഗം പോയി പുടക മാറു."

ചുപ്പു അമ്മാളുടെ കഴിവും സാമർത്ഥ്യവും കമലത്തിനു് നല്ലപോലറിയാം. ഏതുവിധേനയും കഴിയുംവേഗത്തിൽ അവളെ വീട്ടിൽനിന്നും പറഞ്ഞയച്ചാലേ രക്ഷയുള്ളു എന്നുറച്ചു് അവൾ നയകൌശലത്തോടെ "വീട്ടിൽ പോയി ഈറൻ മാറു. നനഞ്ഞതുടുത്തുകൊണ്ടധികനേരം നില്ക്കരുതു്" എന്നു വീണ്ടും ഉണർത്തിച്ചു. എന്നാൽ, കമലമ്മയേയും പൊന്നമ്മയേയും തമ്മിൽ കൂട്ടിഅടിപ്പിക്കേണ്ടതു് ഏററവും അത്യാവശ്യകാര്യമാണെന്നു് ചുപ്പുവിനു് അഭിപ്രായമുണ്ടു്. അതിനാൽ ബലമായി തന്നെ പിടിച്ചുതള്ളി വിട്ടാലും പുറത്തു പോകുകയില്ലാ എന്ന ദൃഢനിശ്ചയത്തോടെ കൈയ്യിലിരുന്ന തീക്കൊള്ളി താഴെവച്ചു് ഒരു മൂലയിൽ അവൾ ഇരുപ്പുറപ്പിച്ചു. ചുപ്പുവിനും അവളുടെ സഭാംഗങ്ങൾക്കും കമലമ്മയെ വെറുപ്പാണു്. അതിനു കാരണവുമുണ്ടു്. കമലമ്മ മഹാസഭയിൽ ചേരുകയില്ലെന്നു മാത്രമല്ലാ വല്ലപ്പോഴുമെങ്കിലും അനൗപചാരികമായി അതിലൊന്നു സംബന്ധിക്കുകകൂടി ചെയ്യുകയില്ലാ. ആ സംഘടനയെക്കുറിച്ചു് അവൾക്കു് അല്പംപോലും മതിപ്പുമില്ല. ചുപ്പുവിനു് വാശി വർദ്ധിച്ചു. കലാചാതുരിയിൽ അവൾ നാരദനെ ജയിക്കത്തക്ക സാമർത്ഥ്യമുള്ളവളുമാണു്. വെറും അഞ്ചുനിമിഷത്തെ പ്രയത്നം കൊണ്ടു് സാമാന്യേനയുള്ള ഏതൊരാളിന്റെ ഹൃദയത്തിലും കലഹബീജം വിതച്ചു മുളപ്പിക്കുവാൻ അവൾ ചതുരയാണു്. പക്ഷെ ചുപ്പുവിനു് ഇപ്പഴതിലത്ര രസമില്ല. കലഹത്തിനെപ്പററി സാമാന്യപരിജ്ഞാനംപോലുമില്ലാത്ത ശാന്തശീലയും

സമാധാനപ്രിയയുമായ കമലമ്മയെ യുദ്ധത്തിനിളക്കിവിടേണ മെന്നതാണവളുടെ അത്യാശ. അതിനു പററിയ സമയം അവൾ കാത്തുകാത്തിരിക്കുകയായിരുന്നു. തീ വാങ്ങുവാനെന്നുള്ള തന്ത്ര ത്തിൽക്കൂടെ കലഹാഗ്നിയേയും ആളിക്കത്തിക്കുവാനുള്ള മാർഗ്ഗ മാണവൾക്കാലോചന.

ചുപ്പു പറഞ്ഞു:—"ഞാൻ പുഴക്കയയിൽ പുടവ നനച്ചുകൊണ്ടി യുന്നു. (ചുപ്പുവിനു് സാധാരണയായി 'ര'കാരം വരാറി ല്ല. അതിനുപകരം നല്ല ഒഴുക്കിൽ 'യ'കാരമാണു് വരുക) അടുത്തായി അലക്കി മിനുക്കിക്കൊണ്ടു് നിന്നു ഒയു തഞ്ചാ വൂയ്ക്കായി. നിൻെറ ഒററ. എൻെറ നാക്കിൽ ഗുളികൻ നിൽക്കുകയായിയുന്നു. ഒന്നുമോയ്ക്കാതെ, "നിൻെറ മച്ചു നൻെറ തിണ്ണയിലായായിങ്ങു പോയിയിക്കുന്നതെന്തു്" ഇപ്പോളിവിടെച്ചോദിച്ചതുപോലെ ഞാനൊന്നു ചോദി ച്ചുപോയി. അതിനവൾ പയഞ്ഞ മയുപടി എന്താണെ ന്നോ? "ആയയിഞ്ഞു; ആയ്ക്കാണിന്നയത്യാവശ്യമായി അയിയേണ്ടതു്! കിണററുതവളക്കു് കുളത്തിലെക്കായ്യ്യമ യിഞ്ഞിട്ടെന്തുവേണം? നാട്ടിൽ നടക്കുന്ന സംഗതിയെല്ലാം ഞാനെങ്ങനെയയിയും!" ഉടൻ ഞാൻ "എന്തിനു്........"

കമലമ്മാൾ:—"അവൾ വെറുമൊരു ഭ്രാന്തിപ്പെണ്ണാണു്. അവളു തന്നേല്ലോ പറഞ്ഞതു്! ഇതൊരു വിശേഷവാർത്തയായി കൊട്ടിഘോഷിപ്പാനെന്തിരിക്കുന്നു?"

ചുപ്പു:—""എൻെറ വീട്ടിൽനിന്നിവിടെ ഞാൻ വന്നിയിക്കുന്ന തു് അവളുടെ ഈ സമ്പ്രദായത്തെപ്പയവാൻവേണ്ടി മാത്ത യമാണു്. കേട്ടോളൂ, മുഴവൻ കേൾക്കു; എന്നിട്ടു നീ പയ യണം അവൾ ഭ്യാന്തിയാണോ എന്നു്. 'പല്ലിനു് പാമ്പി ന്മേൽ വിഷം (പാമ്പിനു പല്ലിന്മേൽ വിഷം' എന്നു കേട്ടി ട്ടുള്ളതിനുപകരം) അവൾക്കു സവ്വാംഗം വിഷം'. നിനക്കും മുത്തുസ്വാമിക്കും വെളുത്തതെല്ലാം പാൽ. പ്രായപൂർത്തി യായപ്പോൾ ആഭയണത്തിനുവേണ്ടി കച്ചേയി കയയിയ തും മാനം പണയംവെച്ചു് പലിശയ്ക്കു് കൊടുത്തതുമെല്ലാം നമ്മൾ മയന്നിട്ടുണ്ടോ? അവളാണോ ഭ്യാന്തി?"

കമലമ്മാൾ:—"അവൾ സാമർത്ഥ്യക്കാരിയായതു നല്ലതുതന്നെ. അതുകൊണ്ടു് നമ്മൾക്കു് വല്ല ദോഷവുമുണ്ടോ? പോയതെല്ലാം പോകട്ടെ! ഇപ്പോൾ ഞങ്ങൾ രണ്ടുപേരേയും പോലെ പരസ്പരസ്നേഹത്തിൽ കഴിയുന്നവരായി ലോകത്തു മററാരുണ്ടു്?"

ചുപ്പു:—"എന്തു പറയാനാ. ഉതൊയു കൊട്ടായത്തിലെ കല്ല്യാണം ആണെന്നല്ലേ അവളുടെ പരിഹാസം. നീ കൊച്ചമ്മ ചമഞ്ഞു ചുമ്മാ ഇരിക്കുന്നു എന്നാണവളുടെയസൂയ. എന്തൊരഹങ്കാരം! അവളുടെ തല കഴുത്തിലല്ല നിൽക്കുന്നതു്. എന്തൊക്കെയോ അവൾ പഠിച്ചിരിക്കുന്നു എന്നാണു് പെണ്ണുക്കാര്യം; എന്തു വിചിത്രമായ പാഠത്തമാണവൾക്കു്? എന്തു പ്രസിദ്ധി! ഞങ്ങൾ—"

കമല:—"എന്താണീപ്പറയുന്നതു്? അതെല്ലാം പുത്തരിയായി ത്തോന്നുന്നല്ലോ എനിക്കു്. ഛീ! അങ്ങനെ ഒന്നും ആയിരിക്കുകയില്ല."

ചുപ്പു:—"നീ അങ്ങനെ വിചാരിച്ചുകൊണ്ടിരിക്കും. അവൾ പറയുന്ന വൃത്തികേടു കേട്ടാൽ പുഴത്ത പട്ടിക്കൂടി കുരയ്ക്കുകെപ്പോകുകയില്ല. നീ ആയിരം പവൻ കൊടുത്താലും നിൻെറ പെണ്ണിനെ വേണ്ടാ എന്നു്! എന്തു് വര്ണ്ണനയെന്നോ? പട്ടിക്കാട്ടിലെ പെണ്ണാണു്; വിരൂപയാണു്, മുഖവും കണ്ണും ലക്ഷണംകെട്ടതാണു്, രാത്രിയിൽ കുഞ്ഞുങ്ങൾ കണ്ടാൽ പേടിച്ചു വിറക്കും എന്നെല്ലാം. അതു മാത്രമോ? നമ്മളൊക്കെ പട്ടിക്കാട്ടിലെ കഴുതകളാണു പോൽ! മുത്തുസ്വാമി, അനുജൻ എന്നുള്ള വിചാരംപോലുമില്ലാത്തവനാണു്; അവനായു്, ഞാനായു് എന്ന ഗര്വമാണെപ്പോഴും. നിനക്കുമൊരൊന്നാന്തരം സമ്മാനമുണ്ടു്. അതു പറഞ്ഞാൽ കേൾക്കാൻ കൊള്ളരുതാത്തതാണു്. അതു കേട്ടപ്പൊഴേ എൻെറ കൈയ്യിലിരുന്ന തുണി കെട്ടു് താഴത്തേക്കിഴതിരുപ്പോയി. കള്ളനേ കള്ളത്തരം അറിയൂ. ചപ്പിരം മണിയൻെറ ബുദ്ധിക്കു് അവനെ

ചെയ്യപ്പെടുകൊണ്ടടിക്കണം. എന്നൊക്കെയാണവളുടെ പ്രസംഗം."

കമല:—"എന്തിനു് താമസിക്കുന്നു. പറയൂ, എന്നെപ്പററിപ്പറഞ്ഞതെന്തൊന്നാണു്?"

ചപ്പു:—"അതോയ്ത്തിട്ടെൻെറ വയയെയിയുന്നു. മുത്തുസ്വാമി ഇതയിഞ്ഞാൽ കൊല്ലാക്കൊല ചെയ്യും. അവളുടെ കുഞ്ഞില്ലയോ, അതിനു് സമ്മാനങ്ങളും കൌതുകസാധനങ്ങളും മററും കൊടുത്തു കൊടുത്തു് നിങ്ങൾ കാശിനു് കൊള്ളയുതാത്തതാക്കി. ഇങ്ങനെ ഒക്കെ പയയുന്നവളുടെ നാക്കയുത്തു കളയണ്ടതല്ലേ? അവളെ വെച്ചുകൊണ്ടിയിക്കാമോ? നീ കല്ല്യാണത്തിനു് ആയംഭിക്കുന്നു. അവൾ കുററവും കുയവും അടിച്ചുപയത്തുന്നു. നീ സദാചായമില്ലാത്തവളാണെന്നും മററും! പോയെങ്കിൽ വിധവയെന്നും."

കമലം:—"ങ്ഹേ! അങ്ങനെ പറഞ്ഞോ? എന്നെയോ! വാസ്തവത്തിൽ നീ കേട്ടതുതന്നെയാണോ?

ചപ്പു:—"ഇത്രയുമേ പയഞ്ഞൊള്ളു എന്നു വിചായിക്കണ്ടാ. ഇനിയും പയയും. ഞാൻ പയഞ്ഞതു വിശ്വാസമില്ല എങ്കിൽ നാകുനോടു ചോദിക്കു. അവളുമവിടെയുണ്ടായിരുന്നു. എനിക്കെന്താ ഭയം വല്ലതുമുണ്ടോ? അവളുടെ മുമ്പിൽ വച്ചു വേണമെങ്കിൽ പയയാം. സത്യം ചെയ്യണമെങ്കിൽ ചെയ്യാം."

കമല:—"നീ പറഞ്ഞതു വിശ്വസിക്കാമോ? ശിവ! ശിവ! ഒരു സ്ത്രീ ഈവിധമെല്ലാം പറയുമോ!"

ചപ്പു:—"അനിയനു പെണ്ണിനെ കൊടുത്തില്ലപോലും! ജാതകം ചേയ്ന്നില്ല എന്നു്. അതിനു് പോംവഴിയുണ്ടോ? ആററിൻകയയിൽനിന്നിങ്ങനെ പയസ്യമായി ആയെങ്കിലും പ്യസംഗിക്കുമോ? ഇതൊന്നും വെയുതെ വിട്ടുകളയയുതു്. മുത്തുസ്വാമിയോടു പയയണം. ഇല്ലെങ്കിൽ ഇതുപോലെ മേലാലുമുണ്ടാകും." ഇത്രയും പറഞ്ഞിട്ടു കമലാമ്മാൾ

എന്തെങ്കിലും പറയുന്നതിനു മുമ്പ് ചപ്പു ഝടുതിയിൽ അവിടംവിട്ടു.

ചപ്പമ്മാളുടെ സംഭാഷണരീതി അതേപടി പകർത്തുവാൻ ആർക്കും സാദ്ധ്യമല്ല. അവളുടെ രാഗവും താളവും ഗാംഭീര്യവും മററും അടുത്തറിഞ്ഞാൽ മാത്രമേ അനുഭവപ്പെടൂ. നമ്മുടെ കഥയിൽ മേലും പല ഘട്ടങ്ങളിലും മുത്തുമാലയിൽ വജ്രക്കല്ലുകൾപോലെ പല പ്രത്യേക ശൈലികളും അവൾ പ്രയോഗിക്കുന്നതു നമ്മൾക്കാസ്വദിക്കാം.· അഭിമാനമുള്ള പുരുഷന്മാർക്ക് അവയിൽ ചില പ്രയോഗങ്ങൾ ആസ്വദിക്കാൻ കഴിഞ്ഞില്ലെന്നും വരാം.

# 6

## അന്തപ്പുര രഹസ്യങ്ങളും
## കല്ല്യാണ നിശ്ചയവും

ചുപ്പു പോയതിനുശേഷം കമലമ്മാൾ ആത്മഗതം ചെയ്തു. "ഒന്നിനുമിടപെടാതിരിക്കുന്ന എന്നെക്കൊണ്ടവരിത്രപാട്ടുപാടുന്നതെന്തിന്? ജാതകം ചേരാത്തതിനും ഞാനാണോ പിഴച്ചതു്? എന്തൊരുലോകം!" ഇത്ര പിഴച്ചവരും മനുഷ്യജാതിയിലുണ്ടല്ലോ എന്നവൾ ശപിച്ചു. കല്ല്യാണക്കാര്യ്യമായി അവിടെ എത്തിയ കൃഷ്ണയ്യർക്കും രാമസ്വാമിശാസ്ത്രികും അവൾ അതിഥിസല്ക്കാരം ഒരു കുറവും വരുത്താതെ ചെയ്തു. ഭക്ഷണം വിഭവസമൃദ്ധമാക്കുന്നതിനവൾ ഉത്സാഹത്തോടെ ശ്രമിച്ചു. ഊണു കഴിഞ്ഞു് അൽപമൊന്നുറങ്ങി ക്ഷീണം പോയിട്ടു് കടയിൽ പോയി കുറെ സാമാനങ്ങളുമൊക്കെവാങ്ങി വൈകിട്ടു് കല്ല്യാണനിശ്ചയവും നടത്തണമെന്നുറച്ചു് വിരുന്നുകാർ രണ്ടുപേരും തിണ്ണയിൽ ഒരുവശത്തായി സ്ഥലംപിടിച്ചു് നീണ്ടുനിവർന്നു കിടപ്പായി. മുത്തുസ്വാമി അയ്യർ, മുറിക്കകത്തു് കമലാമ്മാൾ ഊണുകഴിക്കുന്ന സ്ഥലത്തിനടുത്തു് ഒരു ജമുക്കാളമിട്ടു തൂണും ചാരിഇരുന്നു് സ്നേഹവതിയായ തന്റെ ഭാര്യയോടു് സന്തോഷചിത്തനായിപ്പറഞ്ഞു:– "ഞങ്ങളുടെ അമ്മാവനാണു് വന്നിരിക്കുന്നതു്. നിന്റമ്മാവൻ വന്നിട്ടില്ല. എന്തുചെയ്യും?" അതിനവൾ മറുപടിയായി "കണ്ണുതുറന്നു നോക്കണം. എന്റമ്മാവൻ ഈ നാട്ടിലെങ്ങുമില്ലെന്നോ? നിങ്ങളുടെ അമ്മാവനാണു് നാട്ടിലില്ലാത്തതു്. പിന്നെന്തു ചെയ്യും?" ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ സുന്ദരം അനക്കമുണ്ടാക്കാതെ പുറകിൽ കൂടെവന്നു് ഒരു പത്തുക്കയറുകൊണ്ടു് മുത്തുസ്വാമി അയ്യരുടെ

കഴുത്തു് തുണമായി മുറുകെക്കെട്ടി. അനങ്ങാൻപാടില്ലാതെ അദ്ദേഹം അലറി "എടാ വിടെടാ, എനിക്കുപോകണം. കെട്ടഴിക്കു്" എന്നു്. സുന്ദരത്തിനു് രസം കേറി "ഇല്ലച്ഛാ, അഴിക്കത്തില്ല" എന്നവനും.

മുത്തുസ്വാമി:—"എടാ, ഞാൻ പറയുന്നതിനു് 'ഇല്ലാ' എന്നുള്ള ഏറുവാക്കാണോ നീ പറയുന്നതു്? കയറുപിടലിക്കിറുക്കുന്നു. അഴിക്കു്, വേഗം ആകട്ടെ!"

കമലമ്മാൾ ഇതെല്ലാം കണ്ടുംകൊണ്ടു് "അങ്ങനെതന്നെ വേണം. മുറുക്കിക്കെട്ടു് (തല ആട്ടിക്കൊണ്ടു്) ഷേമമായി! അകപ്പെട്ടല്ലോ!" എന്നു് ചിരിച്ചുകൊണ്ടു പറഞ്ഞു. സുന്ദരമാകട്ടെ സ്ഥലം മാറിനിന്നു് അഭിനയത്തോടുകൂടി വിളിച്ചുപറഞ്ഞു:—"ഇർറോ, ഇർറോ കുത്തുകാളെ, ഇർറോ!"

മധുര, തിരുനൽവേലി മുതലായ ജില്ലകളിൽ "ജെല്ലിക്കെട്ടു്" എന്നു അറിയപ്പെടുന്ന ഒരു വിനോദോത്സവമുണ്ടു്. ഇരുനൂറു മുന്നൂറു് കാളകളെ ഒരു വലിയ തൊഴുത്തിലാക്കി അടച്ചിട്ടു് അവയെ ഓരോന്നായി കഴുത്തിലൊരു തുണിയും കെട്ടി പുറത്തുവിടും. അവയെ പിടിക്കണം. ഉത്സവത്തിൻെറ പ്രധാന ചടങ്ങതാണു്. ഈ വിശേഷത്തിൽ സംബന്ധിക്കുവാൻ നാട്ടിൻെറ നാനാഭാഗങ്ങളിൽനിന്നും ആയിരക്കണക്കിനാളുകൾവന്നെത്തും. ആ ദേശീയോത്സവത്തിൽ ജനങ്ങൾക്കുള്ള ഉത്സാഹത്തിനതിരില്ലാ. സ്വന്തമായ എന്തു ജോലി മുടങ്ങിപ്പോയാലും ചന്ദനവും പുഷ്പമാല്യങ്ങളും ചാർത്തി ചുവപ്പുറുമാലും തലയിൽ കെട്ടി, കോടിമുണ്ടുകളും ഉടുത്തു്, വിരൽ നിറയെ വെള്ളിമോതിരങ്ങളുമണിഞ്ഞു് കുറുവടികളുമേന്തി കാണികൾ കൂട്ടംകൂട്ടമായിവന്നു് മരക്കൊമ്പുകളിലും, പുരപ്പുറങ്ങളിലും മററുയർന്ന സ്ഥാനങ്ങളിലുമൊക്കെയായി നേരത്തേതന്നെ ഇടംപിടിച്ചു് ഉത്സവം കാണുവാൻ നില്ക്കും. അതു പുരുഷന്മാർക്കു മാത്രമായുള്ള ആഘോഷമല്ല. മഹിളാവിഭാഗത്തിനുമതിൽ പങ്കുണ്ടു്. ആണുങ്ങളേക്കാൾ അധികമുത്സാഹത്തോടെ അവർ സുഗന്ധതൈലങ്ങളും ജവന്തിപ്പൂമാലകളുംകൊണ്ടു് ശിരോലങ്കാരംചെയ്തു് കൗതുകമുള്ള മുത്തുമാലകളും ധരിച്ചു് പുതുപ്പുടവകളുമുടുത്തൊരു

ങ്ങി പുരുഷന്മാരെ കൂടാതെതന്നെ എത്തും. തൊഴുത്തിൽനിന്നും ഇറക്കിവിടുന്ന കാളകൾതന്നെ ഒരു വിശേഷകാഴ്ചയാണ്. എണ്ണയിട്ടു മിനുക്കിയ കൊമ്പുകൾ സൂര്യരശ്മിയിൽ വെട്ടിത്തിളങ്ങും. കാളകളുടെ ഉടൽ മുഴുവൻ പൂമാലകൊണ്ടു് ഭംഗിയായി അലങ്കരിക്കപ്പെട്ടിരിക്കും. കഴുത്തിൽ ചുവപ്പുതുണികളും ചുററി മോടിപിടിപ്പിക്കപ്പെട്ട ആ ഭയങ്കരകൂററന്മാർ കളമാന്തി 'മുക്രാ' ഇട്ടു് ഭൂമി കുലുക്കി ഇളകി നടന്നുവരുന്നതു കണ്ടാൽ അവർ 'ഋഷഭരാജന്മാരെ'ന്നു് ആരും തലകുലുക്കി സമ്മതിച്ചു പോകും. തൊഴുത്തിൽനിന്നും കുതിച്ചുപായുന്ന മൂരികളെ പിടിക്കാനായി ദൃഢഗാത്രന്മാരായ യുവധീരന്മാർ ജീവൻ പണയം വച്ചും സാഹസപ്പെടുന്നതും കൊമ്പിൽ കിട്ടിയ മല്ലന്മാരെ തോണ്ടിഎറിഞ്ഞു മൂരികൾ നിലംപതിപ്പിക്കുന്നതും ഇടയ്ക്കിടയ്ക്കു് ചവിട്ടും തൊഴിയുമേററു് പരാജയത്തിൽ പിരിയുന്നവരുടെ ആർത്തനാദങ്ങളും ചങ്കൂററമുള്ള ചില ചെറുപ്പക്കാർ ഇരുമ്പുമുഷ്ടികൊണ്ടു് ബഹളിപിടിച്ചു കാളയെപ്പിടിച്ചമർത്തുമ്പോൾ കാണികൾ പ്രശംസിച്ചു മുഴക്കുന്ന ഹർഷാരവങ്ങളും സർവ്വരിലും രോമാഞ്ചം ചേർക്കും. വിരളിപിടിച്ചു് കാളകൾ ഓടാൻ ഭാവിക്കുമ്പോൾ "നില്ല്, കുത്തുംകാളെ" എന്നു് സാധാരണയായി കാളക്കാർ പറഞ്ഞു് സമാധാനപ്പെടുത്താറുണ്ടു്. വിശേഷപ്പെട്ട ഏതെങ്കിലും ഒരു കാളവന്നാൽ അതിൻെറ കുതിപ്പും ഓട്ടവും അഴകും കാണുവാനായി ചിലർ "ഇർറോ, ഇർറോ...." എന്നു കൂവി അതിനെ വിരട്ടി ഓടിച്ചു രസിക്കാറുണ്ടു്.

അതുപോലെ മുത്തുസ്വാമി അയ്യരുടെ കഴുത്തിലെ കയർ തുമ്പുപിടിച്ചുംകൊണ്ടു് കമലാമ്മാൾ ഭേഷ്, ഭേഷ് എന്നു് പറയുമ്പോൾ സുന്ദരം വട്ടമിട്ടോടി 'ഇർറോ, ഇർറോ' എന്നു് കാളയെ വിരട്ടിക്കൊണ്ടിരുന്നു! മുത്തുസ്വാമി അയ്യർ തലകുനിച്ചു് ഊററി ഊററിച്ചിരിച്ചു് കുട്ടിയുടെ വിനോദം ആസ്വദിച്ചു. "തിരിഞ്ഞു കുത്തു അച്ഛാ; കൊമ്പുകുലുക്കിക്കുത്തു്; അച്ഛൻ കാളയാണ്" എന്നു പറഞ്ഞുകൊണ്ടു് സുന്ദരം അച്ഛൻെറ മുമ്പിൽ നിന്നു ചാടിക്കളിച്ചു.

"ഈ കാളയ്ക്കൊരു ജീവനില്ല. നീ ആ കമ്പെടുത്തു

കുത്തു്." എന്നവൻെറ അമ്മ ഇളക്കിവിട്ടു. അതു കേൾക്കാത്ത താമസം മകൻ കയറുമുറുകെ വലിച്ചുപിടിച്ചു് കമ്പെടുത്തു 'ഹെയ്, ഹെയ്'' എന്നു പറഞ്ഞു കുത്തുതുടങ്ങി.

മുത്തുസ്വാമി അയ്യർ:—"എടാ ഇതെന്തൊരു പയ്യൻ! ഞാൻ കാളയല്ല. നിൻെറ അമ്മയാണു് കാള. കയറിൻെറ തുമ്പെടുത്തു് അവളുടെ കഴുത്തിൽ കെട്ടു്. നമ്മൾ രണ്ടുപേർക്കുംകൂടി ആ കാളയെ ഓടിക്കാം!" അതു മകൻ സമ്മതിച്ചു. അച്ഛൻെറ കഴുത്തിൽനിന്നും കയറൂരി ഊണുകഴിച്ചുകൊണ്ടിരുന്ന അമ്മയുടെ കഴുത്തിൽ അവൻ കുരുക്കിട്ടു് അവളെ ഓടിക്കുവാനാരംഭിച്ചു. അതിനിടയിൽ അവൾ പറഞ്ഞു "എടാ വിഡ്ഢീ! ഞാൻ പെണ്ണല്ലേ? പെണ്ണുങ്ങൾ കാളയാകുമോ? അതുകൊണ്ടു് അച്ഛൻ തന്നെയാണു് കാള. ആ കാളയുടെ കഴുത്തിൽ ചവപ്പുതുണിയുംകെട്ടി ഓടിക്കു്." അവൻ ഇതിനിടയിൽ കാളക്കാര്യമെല്ലാം മറന്നു കഴിഞ്ഞു. കൈയ്യിലിരുന്ന കമ്പാണു് പിന്നത്തെ കളിസാധനം. അതുകൊണ്ടു് അമ്മയെ അടിതുടങ്ങി. ഇടക്കിടയ്ക്കു പറയുന്നുമുണ്ടു് "കരഞ്ഞോളൂ, അമ്മേ കരഞ്ഞോളൂ." എന്നു്.

സുന്ദരത്തിൻെറ അട്ടക്കൽ നിരന്നു കിടക്കുന്നവ അവൻെറ സ്വന്ത സാധനങ്ങളാണു്. ഒരു പൊട്ടത്തൊട്ടി, ഒരു പെൻസിൽ, സ്ലേററു്, ഒരു കയർ, രണ്ടു സ്പടികഗോലി, ഒരു തുണിപ്പന്തു് ഈ വിധ വിവിധ സാധനങ്ങളതിൽപെടും. ഈ സാധനങ്ങളിലാണവൻെറ ജീവൻ! ഉദ്യോഗസ്ഥന്മാർ അടിയുടുപ്പു്, മേലുടുപ്പു്, കാലുറ, ചെരിപ്പു്, തൊപ്പി, കുട, വാച്ചു് മുതലായവ ധരിച്ചു് കച്ചേരികളിൽ പോകാറുള്ളതുപോലെ സുന്ദരവും പുറത്തേയ്ക്കിറങ്ങുമ്പോൾ പശുക്കയർ, പട്ടിത്തുടൽ പമ്പരം, ചെറുകൊട്ട മുതലായ ഗൗരവപ്പെട്ട സാധനങ്ങൾ എടുക്കാറുണ്ടു്. മുത്തുസ്വാമി അയ്യരേയും കമലമ്മാളിനേയും കണ്ടുകിട്ടിയാൽ അവൻെറ ഉത്സാഹവും സന്തോഷവും ഉച്ചത്തിലെത്തും. അവർ രണ്ടുപേരും അവൻെറ കളിച്ചങ്ങാതിമാരാണു്. അവർ മൂവരുംകൂടി 'കണ്ണുപൊത്തിക്കളി' 'അടിച്ചേച്ചോട്ടം' 'പച്ചിലഊത്തു്' മുതലായവ കളിക്കുന്നതു കാണുവാൻ ബഹുരസമാണു്.

അടികൊണ്ടവേദനഭാവിച്ച് കമലാമ്മാൾ കരഞ്ഞു. സുന്ദരത്തിന്ന് അതു സന്തോഷം വർദ്ധിപ്പിച്ചു. അവൻ "പൈസതരുഅച്ഛാ" എന്നും പറഞ്ഞു മുത്തുസ്വാമി അയ്യരെ സമീപിച്ച് അദ്ദേഹത്തിൻെറ മുതുകിൽ കയറി തലമുടിക്കെട്ടിൽ പിടിച്ചുംകൊണ്ട് ആനകളി തുടങ്ങി. ഊണുകഴിഞ്ഞെഴുന്നേററ വിപ്രപത്നി കൈകഴുകിയിട്ട് ഭർത്താവിൻെറ അട്ടക്കൽ ചേർന്നിരുന്നു. അങ്ങനെ ഇരിക്കവേ പെട്ടെന്നുണ്ടായ ഒരു ദീർഘനിശ്വാസം അവളുടെ മുഖം വിളറിപ്പിച്ചു. മുത്തുസ്വാമി അയ്യർ അതുകണ്ടുചോദിച്ചു—"ഉം! എന്താകാര്യം? നിൻെറ മുഖം പെട്ടെന്ന് വാടിയല്ലോ" എന്ന്. "ഒന്നുമില്ല" എന്നവൾ സമാധാനിപ്പിച്ചു. പക്ഷെ അയാളതു വിശ്വസിക്കാതെ വീണ്ടും "ചോദ്യമാവർത്തിച്ചു. ഭർത്താവിൻെറ മനസ്സും വിഷമിപ്പിക്കേണ്ടാ എന്നു കരുതി അവൾ "ഓ, ഒന്നുമില്ല" എന്നുതന്നെ മറുപടി പറഞ്ഞു. അയാൾക്ക് കോപംവന്നു; "പറയൂ, പറഞ്ഞേതീരൂ: എന്തായാലും എന്നോടു പറയാൻ പാടില്ലാത്തതുണ്ടോ?" എന്നായി അയാൾ. അവൾ പറഞ്ഞു "ഞാൻ അറിയാതെ എനിക്ക് സങ്കടം വരുന്നു. ഇപ്പോഴാണ് എനിക്ക് എല്ലാം വ്യക്തമാകുന്നതു്. ഞാൻ അവൻ അവൻെറ അമ്മയുടെ അട്ടക്കൽ പോകരുതെന്നു് സുന്ദരത്തിനെ പറഞ്ഞു വിലക്കിയിരിക്കുന്നുവത്രെ. വിധവ വളർത്തിയ കൊള്ളരുതാത്തവനായിപ്പോയി പോൽസുന്ദരം! കെട്ടിയവനിരിക്കെ വിധവയാണ് ഞാനെന്നും! എനിക്കു കിട്ടിയ പ്രതിഫലം!"

അയാൾ സുന്ദരത്തിനെ പിടിച്ചട്ടക്കൽ ഇരുത്തിയിട്ടു പത്നിയെ നോക്കിച്ചോദിച്ചു—"ഇങ്ങനെഒക്കെപ്പറഞ്ഞതാരാണ്?"

അവൾ:—"ആരുപറയും ഇതൊക്കെ? അതിന്നു സ്വാതന്ത്ര്യമുള്ളവരാണ് പറഞ്ഞതു്."

അയാൾക്ക് മുഖം ചുവന്നു. "തുടങ്ങിയല്ലോ സ്ഥലപുരാണം!" പല്ലുകടിച്ചുകൊണ്ട് മുത്തുസ്വാമി അയ്യർ പറഞ്ഞു. "നിൻെറ കാര്യമൊക്കെ എനിക്കറിയാം. യുദ്ധത്തിനുള്ള വഴി തുറക്കുകയാണ്!"

"എന്നെ കുററം പറഞ്ഞുകൊണ്ടിരുന്നില്ലെങ്കിൽ നിങ്ങൾക്കു നേരം പോകുകയില്ല." കമലമ്മ പഴിചാരി.

മുത്തു:—"കലഹമാണ് പെണ്ണുങ്ങൾക്കു് പ്രധാന തൊഴിൽ. ശുദ്ധ പെൺപട്ടികള്! അതിലും പ്രത്യേകിച്ച് നീ...." അതു മുഴുവനാക്കുന്നതിനുമുമ്പ് അവൾ പൊട്ടിച്ചിരിച്ചുകൊണ്ടു പറഞ്ഞു: "പുരുഷന്മാരുതന്നെ പരമയോഗ്യന്മാർ! ഇങ്ങനെ പാവങ്ങളുണ്ടോ?" അയ്യർക്കു് ദ്വേഷ്യം അടക്കുവാൻ കഴിയാതെ:—"പുരുഷന്മാരിങ്ങനെ കള്ളവും കുത്തും പറഞ്ഞു നടക്കുകയല്ലേ? ഇങ്ങനെ ചമഞ്ഞൊരുങ്ങി നടക്കുന്ന ലളിതകളുമായി സഹവസിക്കുന്നതിൽ ഭേദം കഴുതയെ മേയിക്കുകയാണ്! ഛീ! ഇതാണോ തൊഴിൽ! നല്ല സമയംനോക്കി കലഹം ഉണ്ടാക്കിവച്ചിരിക്കുന്നല്ലോ! നിനക്കല്പമെങ്കിലും ബുദ്ധിയുണ്ടോടീ, കഴുതേ!"

അസഹ്യമായ കോപം നടിച്ചുകൊണ്ടു് അവൾ:—"ഇങ്ങനെ തൊട്ടതിനെല്ലാം കോപിക്കാൻ തുടങ്ങിയാൽ പിന്നെന്തു ചെയ്യും?"

മുത്തു:—"എടീ, നാശമേ, വാ മൂട്. എനിക്കു് ചെവി കേൾക്കണം. വേണ്ടാത്ത തോന്ന്യാസങ്ങളെല്ലാമുണ്ടാക്കിവച്ചിട്ട്, ഞാൻ കോപിക്കുമ്പോലും. എനിക്കു് തലയ്ക്കൊരു ലക്കമില്ലെന്നാണോ നിൻെറ വിചാരം? നശിച്ച കഴുത!"

കമലം:—"ശരി, ഞാൻ പോയി നശിച്ചോളാം; എന്നാലെങ്കിലും നിങ്ങൾക്കു സൗഖ്യമുണ്ടാവട്ടെ!"

മുത്തുസ്വാമി കോപാട്ടഹാസം മുഴക്കി:—"ഛീ! ഇതുതന്നെ ഒരു പറച്ചിലു്! നീ പോയാൽ ഈ വീടു് നശിച്ചുപോകുമെന്നാണോ വിചാരം? പോയിത്തൊലയടീ." അയാളുടെ ദേഹം വിറച്ചു. അവളെ അയാൾ പിടിച്ചു കുലുക്കി മുതുകിനു് ഊക്കോടെ ഇടിച്ചു് ഒരു തള്ളും കൊടുത്തു. അവൾ ധാരധാരയായി കണ്ണീർ ഒഴുക്കി.

മുത്തുസ്വാമി അയ്യർക്കു് പ്രണയിനിയോടു് അതീവ സ്നേഹമാണു്; പക്ഷെ അവളുടെ നിസ്സാരമായ കുററങ്ങൾപോലും ക്ഷമിക്കുവാൻ അയാൾക്കു് പ്രാപ്തിയില്ലാ. അവളുടെ ഗുണഗണ

ങ്ങൾ ലോകത്തിൽ മററുള്ള സ്ത്രീകൾക്കുള്ളതിനേക്കാൾ മുന്തി നില്ക്കണമെന്നാണയാളുടെ ആശ. ആ ആശക്ക് വിപരീതമായി എന്തെങ്കിലും ഒരു ചെറുകുററം കണ്ടുപിടിച്ചാൽ അയാളുടെ സ്വഭാവം ആകെ മാറും. കോപംകൊണ്ട് ആ ബ്രാഹ്മണൻ തുള്ളി ത്തുടങ്ങും. വിവാഹം കഴിച്ച് ഒരു കന്യകയുടെ നാഥനായിരിക്കുക എന്നുള്ളതു് ഒരു മഹനീയ കൃത്യമായി സ്തുതിക്കപ്പെടേണ്ട താണെന്നുള്ള അഭിപ്രായം അയാൾ പുലർത്തിവന്നു. ധനപരമായ സ്വല്പം കഴിവുകൾകൂടെയുള്ള തൻെറ ഭാര്യ "വലിപ്പവും പൊണ്ണക്കാര്യവും" പറയുന്നു എന്നു് അയാൾക്കൊരു സംശയം തോന്നിയാൽ മതി! അന്നു് ആ വീട്ടിൽ അനർത്ഥമാണു്! ആ കോപം ഭാര്യയല്ലാതെ മററാരും അറിയുന്നതു് അയാൾ ഇഷ്ടപ്പെടാറില്ലാ. ചില പുരുഷന്മാർ വീട്ടിനു പുറത്തു പരമശാന്തന്മാരായി കാണാറുണ്ടെങ്കിലും വീട്ടിൽ വന്നാൽ സഹധർമ്മിണിയുമായി സദാ സ്വൈരക്കേടും കലഹവുമായിക്കഴിച്ചുകൂട്ടുന്നതു നമ്മൾ അനുഭവത്തിൽ അറിഞ്ഞിട്ടുണ്ടല്ലോ. പക്ഷെ മുത്തുസ്വാമി അയ്യർ ആ രീതിക്കാരനല്ല. ചില സമയങ്ങളിൽ അയാൾ ഭാര്യയോടു ശുണ്ഠി എടുക്കാറുണ്ടെങ്കിലും മിക്കവാറും അവർ രമ്യതയിൽ കഴിച്ചുകൂട്ടുന്നവരാണു്. കമലമ്മയുടെ സഹനശക്തിക്കുറവിനാൽ ദുർല്ലഭാവസരങ്ങളിൽ 'തറുതലയും വാക്സമരവും' മൂലം അവൾ ഭർത്താവിൻെറ പുകഞ്ഞുനിൽക്കുന്ന കോപം ഊതിക്കത്തിക്കും. അയാൾ അലറും "ഹാ! ഈ നശിച്ച കല്യാണത്തിൽ ഞാൻ ചാടേണ്ടായിരുന്നു. ഞാൻകൂടെ മുടിഞ്ഞു!" എന്നും മററും. ഇങ്ങനെയുള്ള ചീററൽ അയാളുടെ വിശേഷഗുണങ്ങളിലൊന്നാണു്! പക്ഷെ ആ ബ്രാഹ്മണൻ വളരെ വേഗം ശാന്തചിത്തനാകും. കോപം പാടേ മറന്നു് പ്രണയസമ്പന്നനായ ഒരു കാമുകനായി അയാൾ രൂപാന്തരം പ്രാപിക്കും. ഭാര്യയുടെ സ്വഭാവവിശേഷങ്ങളെ വാനോളം പുകഴ്ത്തി അവളെ തൊട്ടുരുമ്മിയിരുന്നു് സ്ത്രീഹൃദയം അലിയിക്കുമാറു് സ്നേഹമസൃണമായി മന്ത്രിക്കും "ഓമനേ! എനിക്കു് നീയല്ലാതെ വേറാരുണ്ടു്? എന്നെപ്പോലെ ഭാഗ്യവാന്മാർ ഈ ലോകത്തിലാരുമില്ല." ഈ വിധം അനുരാഗരംഗങ്ങൾ അവിടെ ധാരാളം നടക്കാറുണ്ടു്.

ലോകത്തിൽ നന്മയും തിന്മയും കലർന്നുകാണപ്പെടുന്നു. അതുപോലെതന്നെ മുത്തുസ്വാമി അയ്യർക്കും സൽഗ്ഗുണങ്ങളുടേയും ദുർഗ്ഗുണങ്ങളുടേയും സംയുക്തമായ ഒരു സ്വഭാവവിശേഷമാണു ണ്ടായിരുന്നതു്. കമലമ്മയുടെ സംഭാഷണാരംഭത്തിൽതന്നെ അയാൾക്കുതോന്നി 'ഇവൾ ഏതോ കലഹകാരണവുമായി എത്തിയിരിക്കുകയാണിന്നു" എന്നു് ആ തോന്നലോടെ അയ്യർക്കു് കോപവുമിളകി. അവൾ ബുദ്ധിപ്രയോഗിച്ചു് മധുരഭാഷണങ്ങളാൽ പതിയുടെ കോപം ശമിപ്പിച്ചു് പ്രതിപാദനം തുടങ്ങാഴികയാൽ മുത്തുസ്വാമിക്കു് കലിമുഴക്കുകയാണുണ്ടായതു്. അവളുടെ കരച്ചിൽ കണ്ടലിവുതോന്നാതെ പല്ലും കടിച്ചു് അയാൾ പുച്ഛരസത്തിൽ "നീ പുള്ളി ഭയങ്കരിതന്നെ! ചെയ്യാനുള്ളതെല്ലാം ചെയ്തുംവച്ചു് കുത്തിയിരുന്നു മോങ്ങിയേച്ചാൽ മതിയല്ലോ! തടാകത്തിൻെറ അണപ്പൊട്ടിപ്പോയല്ലോ! കഷ്ടം!! കരയെടീ, കരഞ്ഞോ, കരഞ്ഞോ, കാണട്ടെ!" എന്നു പറഞ്ഞു് പരിഹാസമായി ശകാരിച്ചു. അയാൾ കലികൊണ്ടുതുള്ളി അവളെ വീണ്ടും അടിച്ചു നിലത്തു തള്ളിമറിച്ചിട്ടു. അവൾ ദയനീയമായിക്കരഞ്ഞു. ഈ രംഗം നോക്കി ഭയന്നു വിറച്ചുനിന്ന സുന്ദരം കൈയ്യിലിരുന്ന കയറ താഴെയിട്ടു് ഓടിച്ചെന്നു് വല്യമ്മയെക്കെട്ടിപ്പിടിച്ചു് മുഖം കുനിച്ചു് വല്യച്ഛൻെറ കോപാരുണമായ മുഖം അവൻ ഏറുകണ്ണിട്ടു് നോക്കിക്കരഞ്ഞുതുടങ്ങി. ഈവിധത്തിൽ സമയം കുറച്ചു മുമ്പോട്ടുനീങ്ങി. മുത്തുസ്വാമി അയ്യരുടെ കോപം കുറഞ്ഞുതുടങ്ങി. അയാൾ ഭാര്യയെ തലോടിക്കൊണ്ടു പറഞ്ഞു: "എന്തിനിങ്ങനെ കരയുന്നു?" അയാൾ അവളെ ദേഹത്തോടുചേർത്തുപിടിച്ചാശ്വസിപ്പിച്ചു് തുടർന്നു—"നിന്നെ ഇപ്പോൾ ആരെന്തുപറഞ്ഞിട്ടാണു് കരയുന്നതു്? ഒരു കാര്യവുമില്ലാതെ ഇങ്ങനെ കിണുങ്ങിയിട്ടാണെനിക്കു് ദേഷ്യംവരുന്നതു്. മതി. കരച്ചിലൊന്നു നിർത്തു. ഇന്നു് ഇത്രയും മതി." 'ഇത്രയ്ക്കുള്ള കഴിവേ എനിക്കൊള്ളൂ' എന്നു് ആത്മഗതമായിപ്പറഞ്ഞു് അയാൾ ഭാര്യയോടായിട്ടു വീണ്ടും—"കരയാതെ കമലം; കരയാതെടീ." എന്നു സമാശ്വസിപ്പിച്ചു് സ്വന്തം വസ്ത്രത്താൽ അയാൾ അവളുടെ കണ്ണും മുഖവും ക്രൂരോടേ തുടച്ചു. അവൾ കരയുന്നതുതന്നെ വലിയ ഒരു സാഹസമാണെന്നാണയാളുടെ മതം. അതുകണ്ടു്

മനസ്സിൻെറ ക്ഷോഭംനീങ്ങിയ ഉടൻതന്നെ അവളെ ആശ്വസിപ്പിക്കാനായി അയാൾ വെമ്പൽകൊണ്ടു. കുപിതയായ കമലം വിങ്ങിവിങ്ങിപ്പറഞ്ഞു:—"ഇതെന്തുമാതിരി! ഞാനിങ്ങനെ ഇരുന്നിട്ടെന്തു പ്രയോജനം? അങ്ങയ്ക്കു് എന്നിലുള്ള സ്നേഹം നശിച്ചാൽ പിന്നെനിക്കെന്തുണ്ടു്? എൻെറ വിഷമതകളും ദുഃഖങ്ങളും ഞാൻ എൻെറ ഭർത്താവിനോടല്ലാതെ ആരോടു പറയും? അങ്ങയെ വെടിഞ്ഞാൽ എനിക്കുപിന്നെ ഗതി എന്തു്? മാതാപിതാക്കന്മാരെവിട്ടു് എനിക്കു് അമ്മയും അച്ഛനും എൻെറ ഭർത്താവാണെന്നുള്ള ഭക്തിവിശ്വാസത്തോടെ അങ്ങയുടെ കാലടികളെ പിൻതുടരുന്ന ഞാൻ ഹൃദയവേദനയോടെ എന്തെങ്കിലും പരാതിപറയുവാൻ ഭാവിക്കുമ്പോൾ കോപവും കലിയും കേറി എന്നെച്ചാടിക്കടിക്കാൻ വന്നാൽ ഞാൻപിന്നെ ആരെ സമീപിക്കണം? എരിയുന്ന തീയിൽ ഇങ്ങനെ എണ്ണഒഴിക്കരുതു്. 'നീ ദുഃഖിക്കാതെയിരിക്കു്, ഞാൻ എല്ലാം ശരിപ്പെടുത്താം' എന്നു പറഞ്ഞു സമാധാനിപ്പിക്കേണ്ട ഏകപുരുഷൻ ഇങ്ങനെ തുടങ്ങിയാൽ ഞാനെന്തുചെയ്യും? എൻെറ സങ്കടം എന്താണെന്നെങ്കിലും ഒന്നന്വേഷിക്കുവാനുള്ള സ്നേഹം ഇല്ലാതെപോയല്ലോ! അതു ശരിയോ തെററോ എന്നുപോലും തിരക്കാതെ എന്നെ അടിച്ചും ഇടിച്ചും അവശതപ്പെടുത്തുകയാണല്ലോ ചെയ്തതു്. ഇതിനു് ഞാനെന്തു കുററംചെയ്തു? കഷ്ടം! എൻെറ തലയിലെഴുത്തു് ഈവിധമായല്ലോ ദൈവമെ!" അവൾ വീണ്ടും പൊട്ടിക്കരഞ്ഞു. മുത്തുസ്വാമി അയ്യരുടെ മനമുരുകി. അയാൾ പ്രാർത്ഥിച്ചു—"കമലം, ഞാൻ പറഞ്ഞതെല്ലാം തെററു്. അതെല്ലാം എന്നെ വിചാരിച്ചു് മറന്നുകളയൂ. ഞാൻ മുൻകോപംകൊണ്ടു വരുത്തിവച്ചതാണിതെല്ലാം." എന്നും പറഞ്ഞു പ്രണയിനിയെ അയാൾ മുറുകെ മുറുകെത്തഴുകിത്താലോലിച്ചു് പ്രണയമൊഴികളാൽ സമാധാനിപ്പിച്ചു. അവളുടെ ദുഃഖാതിരേകംകണ്ടു് മുത്തുസ്വാമി അയ്യരുടേയും കണ്ണുകൾ നിറഞ്ഞു. ഇതുകണ്ടു് സുന്ദരം പൊട്ടിക്കരയുവാൻ തുടങ്ങി. കുട്ടിയുടെ ശോകത്തിൽ വിഷമംതോന്നിയ കമലം വേഗം കരച്ചിൽനിർത്തി അവനെ എടുത്തു് മുഖംതുടച്ചു് ഉമ്മവച്ചു് മടിയിലിരുത്തി. അയ്യരും ഒരുവിധം സമാധാനപ്പെട്ടു് കമലത്തിനോടു് ശാന്തനായിപ്പറഞ്ഞു:—"കമലം, നീ

എന്നോട്ട കോപിച്ചു മിണ്ടാതിരിക്കുകയാണോ? അവഠം "എനിക്കു കോപമോ!" അയാഠം അവളെ ഇതുകേട്ടമാത്രയിൽ അടുക്കിപ്പിടിച്ചുകൊണ്ടു്:—"കേഠംക്കട്ടെ നിന്നെ ആരു് എന്തുപറഞ്ഞു? നീതന്നെ പറയൂ" എന്നു് നിർബ്ബന്ധിച്ചു. അവഠം ഭർത്താവിൻെറ പിടിയിൽനിന്നും സാവധാനം ഒഴിഞ്ഞു് കരഞ്ഞുകൊണ്ടിരുന്ന സുന്ദരത്തിനെ മാറോടുചേർത്തു പതിഞ്ഞ സ്വരത്തിൽ പറഞ്ഞു:—"വേണ്ടാ—നീ പോകണ്ടാ, എൻെറ ചക്കരയല്ലേ! നീ ഇവിടെ വരരുതെന്നു് നിൻെറ അമ്മ വിലക്കുന്നല്ലോ!" സുന്ദരത്തിനു് വാശിമുഴുത്തു. "ഓഹാ! ഞാൻ ഇപ്പോഠംതന്നെ പോയി അമ്മയ്ക്കു നല്ലതു കൊടുത്തും വച്ചുവരാം" എന്നു കൈയ്യും ചുരുട്ടിപ്പിടിച്ചു പറഞ്ഞുകൊണ്ടു് അവൻ അവിടെനിന്നും ഓടി മറഞ്ഞു.

പ്രായത്തിനനുസരിച്ചു് വേണ്ടതിൽ കൂടുതലാണു് സുന്ദരത്തിനു് ബുദ്ധിവികാസം. അവനെ വെട്ടിനുറുക്കിയിട്ടാലും അവൻ കമലത്തിനെ വിട്ടുപിരിയുകയില്ലാ. ദിവസം ഒരു പ്രാവശ്യത്തിൽ കൂടുതൽ ആഹാരസാധനങ്ങഠംവച്ചു വിളിച്ചാലും അവൻ അവൻെറ അമ്മയുടെ അടുക്കൽ പോകുകയില്ല. കമലമ്മയെ അവൻ അമ്മയായിവച്ചിരിക്കുകയാണെന്നു കേട്ട ഉടൻ ക്ഷുഭിതനായ ബാലൻ കൈയ്യിൽ കിട്ടിയ കമ്പുമായി വീട്ടിലേക്കു് ഓടി. "വേണ്ടാകുഞ്ഞേ, പോകണ്ടാ ഇങ്ങുപോരേ!" എന്നും വിളിച്ചുകൊണ്ടു് കമലമ്മ വാതിൽവരെ അവൻെറ പുറകെ ഓടിച്ചെന്നു. അവൻ ആ വിളി ശ്രദ്ധിക്കാതെ മുന്നോട്ടു പാഞ്ഞു. വീട്ടിൽ ചെന്നു് സുന്ദരം എന്തെങ്കിലും അതൃപ്തികരമായ രംഗം സൃഷ്ടിക്കുമെന്നു് അവഠം ഭയന്നു. വല്ല കലഹവും ഉണ്ടായാലും ഇല്ലെങ്കിലും ആ ദുഷ്ടചിത്തയായ പൊന്നമ്മയുടെ മുഖത്തു നോക്കുന്നതിനുള്ള വെറുപ്പുമൂലം കമലം വാതിൽ പടി വിട്ടു പുറത്തേക്കിറങ്ങാതെ തിരികെപ്പോന്നു.

സുന്ദരം വീട്ടിലെത്തിയപ്പോഠം അവൻെറ അമ്മ റവുക്കയും തുന്നിക്കൊണ്ടിരിക്കുകയായിരുന്നു. അവൻ വിളിച്ചു ചോദിച്ചു "അമ്മേ, ആരാ വിധവ? അവൻ കമ്പുകൊണ്ടു് അമ്മയെ അടി തുടങ്ങി. അവഠംക്കു് വേദന മൂലം ശൌര്യം കേറി ചാടി എഴ

നേരെ അലറി: "എടാ കാലാന്തക, നിൻെറ തള്ള ആ പെണ്ണും പിള്ളയാണു്; അല്ലേ? നീ ഈ വീടുവിട്ടു് വെളിയിലേക്കിറങ്ങിയാൽ കാലു ഞാൻ മുറിക്കും; നോക്കിക്കോ!" എന്നു പറഞ്ഞുകൊണ്ടു് റവുക്ക താഴെ ഇട്ടിട്ടു് അവനെക്കടന്നു പിടിച്ചു് കൈയ്യിലിരുന്ന കമ്പുവലിച്ചൊടിച്ചു ദൂരെയെറിഞ്ഞു. അവൾ അടുത്തുകിടന്ന ഒരു കയറെടുത്തു കുതറിപ്പിടഞ്ഞുകൊണ്ടിരുന്ന കുമാരനെ തൂണോടുചേർത്തു് മുറുകെക്കെട്ടി, ഒരു മത്തുകോൽ എടുത്തു് അടിയും തുടങ്ങി. അവൻെറ കാലുകൾ നീരുവച്ചു വീങ്ങി. ദിഗന്തങ്ങൾ ഞടുങ്ങുമാറു് അവൻ നിലവിളിക്കൂട്ടി. അടുത്ത മുറിയിൽ ഉറങ്ങിക്കിടന്നിരുന്ന സുബ്രഹ്മണ്യയ്യർ ഞെട്ടി ഉണർന്നു്, ഈ കോലാഹലമെന്തെന്നറിവാൻ വെമ്പലാർന്നവിടെ എത്തി. അയാൾ ചോദിച്ചു:—"ഇതെന്തെടീ കൊലപാതകി!" ആ രാക്ഷസി പ്രതിവദിച്ചു:—"ഇന്നു രാത്രി അവളുടെ വീട്ടിൽ 'കല്ല്യാണനിശ്ചയത്തിനു്' പോകുന്നുണ്ടോ? എനിക്കൊന്നു കാണണം." ആ നിസ്സഹായകനായ ബ്രാഹ്മണൻ ആ പതിവ്രതയുടെ രൗദ്രംകണ്ടു വിയർത്തു; കൈകാൽകൾ വിറച്ചു; ശബ്ദം ഇടറി. അയാൾ അകന്നു മാറിനിന്നു. "നീ കുഞ്ഞിനെ ഇങ്ങനെ കെട്ടിനിർത്തിയിരിക്കുന്നതെന്തിനു്?" എന്നു് ചോദിച്ചു. അവൾ പോയാട്ടെ. ജോലിനോക്കിപ്പോകൂ. ഇങ്ങോട്ടാരെങ്കിലും വിളിച്ചോ? ഞാൻ 'വിധവ' എന്നു് അവളെ വിളിച്ചുപോലും. കള്ളവും കൊള്ളരുതാഴികയും പറഞ്ഞു കുഞ്ഞിനെ പഠിപ്പിച്ചു് എന്നെത്തല്ലാൻ അവൻെറ കൈയ്യിൽ വടിയും കൊടുത്തയച്ചിരിക്കുന്നു. ആ സാമർത്ഥ്യക്കാരി! അവളല്ലേ തെരുവുതെണ്ടി! അവൾ പറയുന്നതു് അക്ഷരംപ്രതി വിശ്വസിക്കാൻ ഈ കൊച്ചനുമുണ്ടു്. ഇവനെന്നെ അടിക്കാനെത്തിയിരിക്കുന്നു! പോയി ഉറങ്ങു. രാത്രി വിവാഹനിശ്ചയത്തിനു് നിങ്ങളുടെ അച്ഛനാണെ പോയിക്കൂടാ" എന്നു് മര്യാദയായി ഭർത്താവിൻെറ മുഖത്തു നോക്കി അവൾ ഗർജ്ജിച്ചു!

ഇതിനിടയിൽ ഒരു സ്ത്രീ അകത്തുവന്നു. അവൾ നമ്മൾക്കു് പരിചിതയാണു്; നാകു. മഹാസഭയുടെ അദ്ധ്യക്ഷയായ ചുപ്പു അന്നു രാവിലെ കമലമ്മയുടെ വീട്ടിൽ ഊതിപ്പൊലി

പ്പിച്ച കലഹാഗ്നി എങ്ങനെ ആളിക്കത്തിക്കൊണ്ടിരിക്കുന്നു എന്നറിവാൻ സഭയിലെ ജോലിക്കാരിയായ നാകുവിനെ അവൾ അയച്ചിരിക്കുകയാണു്. ഇവളുടെ പ്രസംഗം നാം മുമ്പൊരിക്കൽ ആററിൻകരയിൽവെച്ചു് കേട്ടിട്ടുണ്ടല്ലോ. പൊന്നമ്മ മുത്തുസ്വാമി അയ്യരെ 'അച്ചിക്കോന്ത'നെന്നു പറഞ്ഞു പുച്ഛിച്ചു എന്നും കമലമ്മയെ "വിധവപ്പൊണ്ടാട്ടി" എന്നു വർണ്ണിച്ചതായി ചുപ്പു കമലമ്മയെ അറിയിച്ചിട്ടുണ്ടെന്നും ഉള്ള വിവരം നാകുവിനു് കിട്ടിക്കഴിഞ്ഞിരിക്കുന്നു. അവൾ അകത്തുകടന്നയുടൻ "എടീ മഹാപാപി, നീ എന്താണീച്ചെയ്തിരിക്കുന്നതു്?" എന്നുംപറഞ്ഞു് കെട്ടിൽകിടന്നു പിടയുന്ന സുന്ദരത്തിനെ അഴിച്ചുവിട്ടു. ഇതു കണ്ടുകൊണ്ടു നിന്ന മാതാവു് "പോടാ, അകത്തു്" എന്നാജ്ഞാപിച്ചു് അവൻ പുറത്തേക്കിറങ്ങാതെ പുറംവാതിൽ അടഞ്ഞുനിന്നു. അവൾ നാകുവിനോടു പറഞ്ഞു "നാകൂ, എന്നെ 'വിധവപ്പെണ്ണെന്നു' വിളിച്ചതിനു് തല്ലി ശരിപ്പെടുത്താൻ കൈയ്യിൽ വടിയുംകൊടുത്തു് ആ വേശ്യപ്പെണ്ണു് ഇവനെ അയച്ചിരിക്കുന്നു. അതും പറഞ്ഞുവന്നു് ഈ കാലൻെറ കുഞ്ഞു് എന്നെ തല്ലിയെന്നേ!" നാകു രഹസ്യം പറയുംപോലെ തല അടുപ്പിച്ചു് പതുങ്ങിയ സ്വരത്തിൽ പറഞ്ഞു:—"നീ ഇന്നാണോ ഇവളുമായിപ്പഴകുന്നതു്? എനിക്കവളുടെ വിശേഷമെല്ലാം വളരെ നാൾ മുമ്പുതന്നെ അറിയാം." അവർ ഇപ്രകാരം സംഭാഷണം തുടർന്നുകൊണ്ടിരുന്നു.

പാവം! സുബ്രഹ്മണ്യ അയ്യർ. രാത്രി നടക്കുന്ന വിവാഹനിശ്ചയത്തിനു് എങ്ങനെ സംബന്ധിക്കുമെന്നുള്ള ചിന്തയാൽ കുഴയുകയാണു്. പോയാൽ ആ താടകയുടെ വിരോധം; പോകാതിരുന്നാൽ വേണ്ടപ്പെട്ടവരുടെ വിരോധം. ഈ ദുർഘടസന്ധിയിൽ അയാളെന്തുചെയ്യും? പായിൽ വീണ്ടും ചെന്നുകിടന്ന സുബ്രഹ്മണ്യ അയ്യരുടെ ഉറക്കം സൂര്യനെക്കണ്ട ചന്ദ്രബിംബം പോലെ മറഞ്ഞൊളിച്ചു. അയാൾ വിചാരിച്ചു 'ഒരു വശത്തു് ഈ മാരണം കിടക്കുന്നു; മറുവശത്തു് ഞാൻ അച്ഛനെപ്പോലെ സ്നേഹിച്ചു ബഹുമാനിക്കുന്ന ജ്യേഷ്ഠനും. അദ്ദേഹത്തിനു് എന്നോടുള്ള സ്നേഹം അതീവമാണു്. ഞാൻ പോകാതിരിക്കുന്നതെങ്ങ

നെ?" അടുത്ത നിമിഷം അയാളുടെ ചിന്താഗതി മാറി "പോയാൽ ഇവൾ എന്നെ ത്യജിച്ചെങ്കിലോ. പിന്നെ എനിക്ക് വീട്ടിൽ എന്തുചെയ്വാൻ കഴിയും? എന്നായി. ഈവിധമുള്ള വിവിധചിന്തകളാൽ അയാൾ അസ്തമനംവരെ നേരം തള്ളിവിട്ടു. എഴുനേററു സുബ്രഹ്മണ്യയ്യർ പുറത്തേക്കു നോക്കി. സന്ധ്യയായിരിക്കുന്നു. "ആഹാ! നിശ്ചയച്ചടങ്ങിനുള്ള സമയം ഇതാ അടുത്തു. ദൈവമേ, ഞാനെന്തു ചെയ്യും? ഒരുപായവും തോന്നുന്നില്ലല്ലോ" എന്നു ദയനീയമായി വിലപിച്ചു. ഏതായാലും പൊന്നമ്മയോടു് ചോദിച്ചു് അനുവദിപ്പിക്കാൻ ശ്രമിക്കാമെന്നുറച്ചു് അയാൾ അവളുടെ സമീപമണഞ്ഞു് താഴ്ന്ന സ്വരത്തിൽ മുരണ്ടു "ജ്യേഷ്ഠന്റെ വീട്ടിൽ ഞാൻ പോകാതിരിക്കുന്നതു മോശമാണു്. ഞാൻ പോകുന്നതിൽ നിനക്കു ചേതമെന്തു്?" അവൾ സഗർവ്വം പറഞ്ഞു:—"അതുതന്നെയാണിന്നു കാണേണ്ടതു്. ഞാനും ഇവിടെത്തന്നെ ഇരിക്കാം. എങ്ങനെയാണു് പോകുന്നതെന്നു് എനിക്കറിയണം!" അവൾ ആ പിടലി കണ്ടിച്ചുകളയുമെന്നുവരെക്കൂടെ അഹങ്കാരം പറഞ്ഞു. സുബ്രഹ്മണ്യഅയ്യർ:—"നീയും കുഞ്ഞുംകൂടി ഏതു വീട്ടിലെങ്കിലും പോയിക്കൊള്ളൂ. ഞാൻ ജ്യേഷ്ഠന്റെ വീട്ടിൽ പോകുന്നില്ല. എന്നെ അകത്താക്കി നീ മുറി അടച്ചുപൂട്ടി താക്കോലുംകൊണ്ടു പൊയ്ക്കൊള്ളൂ.

പൊന്നമ്മ:—"ഞാനിവിടെത്തന്നെയിരിക്കുകയാണു്. എങ്ങോട്ടും പോകുന്നുമില്ല. നിങ്ങളും വീടുവിട്ടു് വെളിയിൽ പൊയ്ക്കൂടാ. പുറത്തിറങ്ങിപ്പോയാൽ ഞാൻ കാലു വെട്ടും. കണിശം."

സുബ്ര:—"ഇതെന്താടീ, അധികം കളി എടുക്കാതെ. ഏറിയാൽ കയ്ക്കും. നീ കതകടച്ചുംവെച്ചു്, പോടീ."

പൊന്നമ്മ:—"ഈ 'ഞഞ്ഞാമിഞ്ഞ' എനിക്കു കേൾക്കണ്ടാ. മിണ്ടാതെ അവിടെയെങ്ങാനും കിടക്കു്."

അയാൾ പല്ലിളിച്ചു് കേണുവീണു് കെഞ്ചി. 'വാതൽ അടച്ചിട്ടു് അവൾ പോകുവാൻ.' അവൾ പോകുന്നില്ലെന്നു് അ

പ്പൊഴം ശഠിച്ചു. പെട്ടെന്നു് ഒരു കാര്യം ആ പതിവ്രത ഓർത്തു. അത്യാവശ്യമായി ചില കാര്യങ്ങൾ മഹാസഭയിൽ അറിയിക്കേണ്ടതായിട്ടുണ്ടു്. അക്ഷണം അവൾ ഭർത്താവിനെ മുറിയിൽ അടച്ചുപൂട്ടി സഭാമന്ദിരത്തിലേക്കു നടന്നു. ഒററയ്ക്കുള്ളിലടയ്ക്കപ്പെട്ട ഭർത്താവു് ശാന്തനായി കാത്തിരുന്നു.

പെരിയവീട്ടിൽ തിണ്ണയിൽ വിശ്രമിച്ചുകൊണ്ടിരുന്ന വൃദ്ധന്മാർ രണ്ടുപേരുമെഴുന്നേററു് കല്യാണനിശ്ചയത്തിനുള്ള ഒരുക്കങ്ങളെല്ലാം മുത്തുസ്വാമി അയ്യരുമായി ആലോചിച്ചു് നടത്തി. ചെറുകുളത്തിലുള്ള എല്ലാ ജനങ്ങളും ആ വീട്ടിൽ വന്നുചേർന്നു. പക്ഷെ സുബ്രഹ്മണ്യ അയ്യർമാത്രം ഇനിയും വന്നിട്ടില്ലാ. മുത്തുസ്വാമി അയ്യർ ബദ്ധപ്പെട്ടു് തിരക്കുതുടങ്ങി. "ആരെടാ, അവിടെ?" അയാൾ വിളിച്ചു "എടാ ചുപ്പുളി, നീ പോയി സുബ്രഹ്മണിയെ തിരിക്കിപ്പിടിച്ചുകൊണ്ടുവാ. ഇവിടെ സമയമായതറിയാതെ മുട്ടാളൻ പോയിരിക്കുന്നു എങ്ങോ!"

മഹാസഭയിലെത്തിയ പൊന്നമ്മ നാടകീയമായ അന്നത്തെ സംഭവങ്ങൾ വിശദമായി അംഗങ്ങളെ അറിയിച്ചിട്ടു് തിരികെ വീട്ടിലെത്തി. അവളും ഭർത്താവും അടിയന്തിരത്തിനു പോകാതിരിപ്പാൻ പററിയ ഒഴികഴിവു കണ്ടുപിടിക്കുവാൻ അവൾ തലപുകഞ്ഞു ചിന്തിച്ചുറച്ചു. വീട്ടിൽ എത്തിയ ഉടൻ തന്നെ കതകുതുറന്നകത്തുകയറി ഭർത്താവിൻെറ കൈയ്ക്കുപിടിച്ചു് വലിച്ചു് ഒരു പായിൽ കിടത്തി മൂന്നാലു പുടവകളെടുത്തു ഭദ്രമായിപ്പുതപ്പിച്ചു. അവൾ അയാൾക്കു് ബുദ്ധി ഉപദേശിച്ചു:–"ആരെങ്കിലും നിങ്ങളെ അന്വേഷിച്ചു് ഇവിടെ വരും. അവരോടു് 'ഒരു ഭയങ്കര തലക്കുത്തു്' എന്നു പറഞ്ഞു ഞാൻ മടക്കി അയച്ചുകൊള്ളാം. നമ്മൾ രണ്ടുപേരും ഈ അടിയന്തിരത്തിനു് സംബന്ധിക്കണ്ടാ എന്നാണെൻെറ നിശ്ചയം."

ദൈവംതന്നെയാണു് പൊന്നമ്മയുടെ രൂപത്തിൽ തനിക്കായി പ്രത്യക്ഷപ്പെട്ടിരിക്കുന്നതെന്നുള്ള വിശ്വാസത്തോടെ ആ ബ്രാഹ്മണൻ "തഥാസ്തു" എന്നു മന്ത്രിച്ചു.

ചപ്പുളി ആ വീട്ടിലേക്കു നടന്നു കയറുന്ന കാലൊച്ചകേട്ടു തുടങ്ങിയതോടെ സുബ്രഹ്മണി അയ്യർക്കു് സുഖമില്ലായ്മ വർദ്ധിച്ചു. അയാളുടെ ധർമ്മപത്നി ഭർത്താവിൻെറ ശിരസ്സു് തലോടികൊണ്ടു് ഉറക്കെപ്പറഞ്ഞു: "ഒന്നു സമാധാനമായിക്കിടക്കൂ. വരുന്നതെല്ലാം നാം തന്നെ അനുഭവിച്ചുതീരണം. എന്തുചെയ്യും!" ഈ സമാധാനോക്തികളും കേട്ടുകൊണ്ടാണു് ചപ്പുളി അവിടെ എത്തിയതു്. അയ്യരുടെ വേഷവിശേഷതകൾകണ്ടു് ശോകാവേശത്തോടെ അയാൾ ചോദിച്ചു. "എന്താണു് സുഖക്കേടു്?" എന്നു്. രോഗി വല്ല അസംബന്ധവും പറഞ്ഞുപിടിപ്പിച്ചെങ്കിലോ എന്നു ഭയന്നു് പൊന്നമ്മ ഉടനടി വിവരണം നല്കി. "ഇദ്ദേഹം ഇപ്പോഴാണു് വെളിയിൽനിന്നും വീട്ടിലേക്കുവന്നതു്. വന്നിങ്ങോട്ടു കയറിയതാമസം 'പൊടോ' എന്നലച്ചു് താഴെ! ഞാൻ അടുക്കളയിൽ കൂട്ടാനരച്ചുകൊണ്ടിരിക്കയായിരുന്നു. ശബ്ദം കേട്ടു് ഓടിവന്നു നോക്കിയപ്പോൾ കിടക്കുന്നു തലയുമിട്ടടിച്ചുകൊണ്ടു്! 'ഹാ. തലക്കുത്തു സഹിക്കാൻ വയ്യ! എന്നു പറഞ്ഞു് കുത്തിമറിയുന്നു. ഒരു നാഴികയായി, ഒരു കുറവും കാണുന്നില്ല. ഞാനൊററയ്ക്കു് എന്തുചെയ്യും? കല്യാണനിശ്ചയമില്ലേ? ഇന്നത്തേക്കു് മാററിവച്ചു് നാളെ വെള്ളിയാഴ്ച, അതു നടത്തിയാലെന്തു? അതു പറവാൻ കൂടെ ഇവിടെ ആളില്ല. അനുജൻ കൂടെവേണമെന്നു് നിർബ്ബന്ധമുള്ള കാര്യമാണോ അതു്? അതങ്ങു നടക്കട്ടെ. എനിക്കുപോലും വരാൻ സാധിക്കാത്തതിൽ എന്തു വിഷമമുണ്ടെന്നോ? എന്തുചെയ്യും! വേമ്പു, നീ നല്ലവനാണു്. ജ്യേഷ്ഠൻ പറഞ്ഞയച്ചതല്ലെങ്കിലും ഇവിടെ വിളിക്കാൻ നീ ബദ്ധപ്പെട്ടല്ലോ! നിന്നെപ്പോലെ സ്നേഹമുള്ളവരാരുണ്ടു്." ഈ വിധ പ്രശംസയും സ്തുതിഗീതങ്ങളും കേട്ടു് അവൻ ചൂളിപ്പോയി. അവൻ സന്തോഷംകൊണ്ടു് രോമാഞ്ചമണിഞ്ഞു് വിക്കിവിക്കിപ്പറഞ്ഞു—"സ....സ്സ....സ്സത്യം ത....തന്നെ. മച്ചമ്പിയെ ക്ക....ക്കാണാഞ്ഞിട്ടു് ഞ....ഞ........ഞാൻ തിരക്കി വ....വ....വന്നതാണു്." ഇങ്ങനെ സംഭാഷണം നീണ്ടു നീണ്ടു് പൊന്നമ്മയുടെ ഉദ്ദേശംപോലെ പരിണമിച്ചു. കല്യാണനിശ്ചയം അവിടെയും നടന്നു. 'അട്ടത്തമാസം 18—ാംനു-

തിങ്കളാഴ്ച' എന്നു് അവർ പെരിയവീട്ടൽ മുഹൂർത്തം കുറിച്ചു. പക്ഷെ മുത്തുസ്വാമി അയ്യർക്കു് മാത്രം ഒരു മനോവേദന. "ഈ സൂക്ഷ്മസമയം നോക്കി അവനു തലവേദനവന്നതെങ്ങനെ? കല്ല്യാണത്തിനും ഈവിധം സംഭവിച്ചാലോ?" എന്നുള്ള ചിന്ത അദ്ദേഹത്തെ അലട്ടി. ഒരുവേള വല്ല ജ്വരവും വന്നേക്കുമോ എന്നുകൂടി മുത്തുസ്വാമി അയ്യർ ഭയന്നു!

# 7

# തമിഴ്‌വിദ്വാൻ അമ്മയ്യപ്പപിള്ള അവർകൾ

ചെറുകുളം ഗ്രാമത്തിൽനിന്നു് നമ്മൾക്കു് മധുരവരെ പോയ്വരാം; അവിടെയും സംഭവങ്ങൾ പലതും നടത്തേണ്ടതായുണ്ടു്. ആ സംഗതികൾ നടത്തിയിട്ടു് പെരിയവീട്ടിൽ നിശ്ചയിച്ചുവച്ചിട്ടുള്ള കല്യാണത്തിനു് 'ചെറുക്കനും' ബന്ധുക്കളുമൊക്കെ എത്തുന്ന കൂട്ടത്തിൽ നമ്മൾക്കും എത്താം. മധുരയ്ക്കു പോകുവാൻ കുതിരയോ പല്ലക്കോ ഒന്നും നമ്മൾക്കാവശ്യമില്ല. 'കമനഗുളിക' എന്നൊരു ദിവ്യസാധനം മഹർഷിമാർക്കു പണ്ടുണ്ടായിരുന്നുപോൽ. അതു വായിലിട്ടു് എവിടെ എങ്കിലും ചെന്നെത്തണമെന്നു് ഒരുവൻ സങ്കല്പിച്ചാൽ മാത്രം മതി; ആ ക്ഷണത്തിൽ അയാൾ അവിടെ എത്തിക്കഴിയും. ആ ദിവ്യഗുളികപോലും നമ്മൾക്കാവശ്യമില്ല. പോകേണ്ടുന്ന സ്ഥലം നാം സങ്കല്പിച്ചാൽ അടുത്ത നിമിഷം നാം അവിടെ എത്തിക്കഴിയും. അപ്പോൾ സാമർത്ഥ്യക്കൂടുതൽ ആർക്കു്?

മധുരയിൽ 'ജില്ലാസ്കൂൾ' എന്നറിയപ്പെടുന്ന ഗവണ്മെൻറു കോളേജിൻെറ അടിനിലയിലെ ഒരു മുറിയിൽ കുറെ ബെഞ്ചുകളും മദ്ധ്യഭാഗത്തായി ഒരു മേശയും കസേരയും ക്രമപ്പെടുത്തി ഇട്ടിരിക്കുന്നു. മേശപ്പുറത്തു മഷിക്കുപ്പികളും കാണാനുണ്ടു്. മണി പത്തടിച്ചു ഉടൻ സു.മാർ ഇരുപത്തി അഞ്ചു ബാലന്മാർ മുറിയിൽവന്നു് ബെഞ്ചുകളിൽ സ്ഥലംപിടിച്ചു. അഞ്ചു നിമിഷംകൂടി കഴിഞ്ഞപ്പോൾ കറുത്ത പാടുകൾ നിറഞ്ഞ മുഖവും ദീർഘകായവും ഇരുണ്ട നിറവുമുള്ള ഒരാൾ ക്ലാസിൽ പ്രവേശിച്ചു. അദ്ദേഹം ആ പാഠശാലയിലെ തമിഴ്പണ്ഡിതനാണു്; അമ്മയപ്പപിള്ള എന്നു പേരും. അദ്ദേഹത്തിനു പ്രായം അൻപതു വയസ്സിൽ ഒട്ടും കുറയുകയില്ല. അഞ്ചാറു വീടുകളും

ഒരു പുളിമരവും മുററമുള്ള ഒരു വലിയ പട്ടണമായ 'ആട്ടചാപട്ടി'യാണദ്ദേഹത്തിൻെറ സ്വദേശം. ആൾ അതിസ്ഥൂരനാണ്. സംഗീതത്തിൽ വലിയ പിടിയാണ്. 'ഗമക'മാണ് അദ്ദേഹത്തിന് ഏററവും പ്രിയം. കുരങ്ങ് അത്തിപ്പഴം കുലുക്കിഇടുന്നതുപോലെ അദ്ദേഹം പാടുവാൻ വാപൊളിച്ചാൽ സംഗീതം 'ചടചടാ' എന്നതിർന്നുവീണുതുടങ്ങും. തമിഴറിയാവുന്ന ആരെ എങ്കിലും ആ അദ്ധ്യാപകൻെറ കൈയ്യിൽ കിട്ടിപ്പോയാൽമതി പാട്ടു തുടങ്ങുവാൻ. മൂന്നുറുനാന്നൂറ് ഗീതങ്ങൾ ഒരിരുപ്പിൽ തകർത്ത് കേൾവിക്കാരൻെറ ചെവിക്കല്ല് നിശ്ചയമായും നശിപ്പിക്കാതെ അദ്ദേഹമയാളെ വിടുകയില്ല.

ഒരിക്കൽ ഒരു ശാസ്ത്രിബ്രാഹ്മണനും, തമിഴഭാഷയറിഞ്ഞുകൂടാത്ത ഒരു 'വൈരാഗി'യും തമ്മിൽ വഴക്കുണ്ടായി. വൈരാഗിയുടെ ധിക്കാരവചനങ്ങളിൽ അപരിമിതമായി "കരാ, പുരാ" എന്ന് കേൾക്കാമായിരുന്നു. ശാസ്ത്രികൾ അതിനു പ്രതിവിധിയായി "തെമ്മാടി, പോക്രി" എന്നെല്ലാം കോപിഷ്ഠനായി തുടർന്നു പ്രയോഗിച്ചുനോക്കി. ഒരുഫലവുമില്ല. വൈരാഗിശരവർഷംപോലെ കോപാട്ടഹാസം പൊഴിച്ചു. സാധാരണയായി ദേഷ്യംവരുമ്പോൾ പറയാറുള്ള വാക്കുകൾ താൻ എത്രപറഞ്ഞിട്ടും വൈരാഗിവിട്ടു മാറുന്നില്ലെന്നു കണ്ടു് ബ്രാഹ്മണൻ അടവൊന്നു മാററി. അയാൾ അലറി "എടാ പോടാ, പുസ്തകമേ, സ്ലേററ, കല്ലുപെൻസിലേ, കലപ്പയേ!" എന്നെല്ലാം വായിൽ വന്നതുമുഴവൻ. ഈവിധം പുതുവാക്കുകൾകൊണ്ടു് തന്നെ തെറി പറയുന്നതിന് എതിർപറയുവാൻ വൈരാഗിക്കു വാക്കുകളൊന്നും കിട്ടിയില്ല. അയാൾ ഇളിഭ്യനായി തലതാഴ്ത്തി അവിടെനിന്നും നടന്നുമറഞ്ഞു. അതുപോലെ അമ്മയ്യപ്പപിള്ളയുടെ അടുക്കൽ ആരെങ്കിലും തർക്കത്തിനു തുടങ്ങിയാൽ ആ പണ്ഡിതൻ ആയിരക്കണക്കിനു പാട്ടുകൾ അഴിച്ചുവിട്ടു് എതിരാളിയുടെ വാമൂടും. തർക്കവിഷയവും പാട്ടുകളുടെ ഉള്ളടക്കവുമായി സംബന്ധമൊന്നുമില്ലാത്തതുകൊണ്ടെന്താ? അതിലെന്തു കുറവു പററി? സംഗീതം സംഗീതമല്ലേ? അതു മാത്രമോ! വിദ്വാൻ

അമ്മൈയപ്പപിള്ളയാണ് പാടുന്നതു്! അതുപോലെ പാടുവാൻ മഹാവൈദ്യനാഥ അയ്യർക്കുപോലും സാധിക്കുമോ?

ഒരു ദിവസം അമ്മൈയപ്പപിള്ള മധുരയിൽ 'കട്ടച്ചെട്ടി മണ്ഡപ'ത്തിലിരുന്നു് കമ്പരാമായണത്തിലെ സീതാകല്ല്യാണമെന്ന പടലം കഥാപ്രസംഗമായി വിവരിച്ചു് സദസ്യരെ രസിപ്പിക്കുകയാണ്. അസംഗതമായി അപ്പോൾ തെരുവിൽകൂടി പൊയ്ക്കൊണ്ടിരുന്ന ഒരു രാമഭക്തൻ മണ്ഡപത്തിൽ മുഴങ്ങുന്ന രാമനാമങ്ങൾ കേട്ടു് അങ്ങോട്ടേയ്ക്കു് നടന്നടുത്തു. അമ്മൈയപ്പപിള്ള ആവേശകരമായി പ്രസംഗിക്കുകയാണ്. കണ്ണുകൾ ചുവന്നു്, മുഖം ഉഗ്രമായി നാടുനടുക്കുന്ന ശബ്ദത്തോടും അത്യധികമായ ഉത്സാഹത്തോടും വർണ്ണനകൾ അദ്ദേഹം പൊടിപൊടിക്കുന്നുണ്ടു്. വായിലെ തുപ്പൽ ഒരു കാതം ദൂരത്തിൽ പാറി സദസ്യരെ തീർത്ഥം തളിച്ചു ശുദ്ധീകരിക്കുന്നുമുണ്ടു്. "ഇതു് രാമരാവണയുദ്ധമാണോ? ഇദ്ദേഹം ഇത്ര കലികൊള്ളുന്നതെന്തിനു്? യഥാർത്ഥഭക്തശിരോമണിതന്നെ!" എന്നു മന്ത്രിച്ചുകൊണ്ടു് നടന്നുകേറിയ ആ ഭക്തൻ കഥാശ്രവണോൽസുകനായി അവിടെ ഇരിപ്പുറപ്പിച്ചു. കാഥികൻ തുടരുകയാണ് "ശ്രീരാമചന്ദ്രൻ സീതയെ കല്ല്യാണംകഴിച്ചു. സീതയെ രാമൻ കല്ല്യാണം കഴിച്ചു." അദ്ദേഹത്തിനുത്സാഹം വർദ്ധിച്ചു് കൈകൾ വീശി കണ്ണും തലയുംകൊണ്ടു് ആംഗ്യങ്ങൾ കാട്ടി ഉച്ചസ്വരത്തിൽ അലറുകതന്നെചെയ്തു. ഇതു കേട്ടുകൊണ്ടിരുന്ന ഭക്തൻ ആൾക്കൂട്ടത്തിൽനിന്നും ഇരിപ്പുറക്കാതെ ചാടി എഴുന്നേററു. അയാളുടെ കണ്ണുകളിൽനിന്നും തീപ്പൊരിപാറി. 'രാമൻ കല്ല്യാണം കഴിച്ചു; അതു ശരിതന്നെ. അതിനു് നിങ്ങളിത്ര കോപിക്കുന്നതെന്തിനു്?" അയാൾ പല്ലു ഞെരിച്ചു് ഈവിധം ചോദിച്ചുകൊണ്ടു് മുഷ്ടിചുരുട്ടി സഭാവേദിയോടടുത്തു. അനിഷ്ടസംഭവങ്ങൾ ഭയന്നു് ചുററിലുമിരുന്നവർ ആ ഭക്തനെ തടഞ്ഞുപിടിച്ചു. അയാൾ ഗർജ്ജിച്ചു. "തൊടരുതു്, തൊടരുതാരുമെന്നെ! പാവനമായ സീതാസ്വയംവരവേളയിൽ ഇത്ര കലിതുള്ളുന്ന ഈ ചണ്ഡാലനെ ഞാൻ ശരിപ്പെടുത്തും. അവനെ ഇനി ഞാൻ തുള്ളിക്കുകയില്ല. വിടിൻ നിങ്ങൾ." അവർ സമാധാനിപ്പിച്ചു.

"അയ്യോ, അതു കോപമല്ലാ. ഈവിധമാണദ്ദേഹത്തിന്റെ ശാന്തത. ആൾ പാവമാണ്" എന്ന്. ഭയന്ന് കിലുകിലാന്നു വിറച്ച പിള്ള അവർകൾ സീതാകല്യാണം അങ്ങനെ മദ്ധ്യത്തിൽ ഒടിച്ചുതീർത്തു. അദ്ദേഹം പൊറുപൊറുത്തു "സീതയുടേയും രാമന്റേയും പാട്ട് അവർക്കു്! ഈ കാര്യത്തിന്ന് ഞാനിനിയും കച്ചകെട്ടുകയില്ല. മതിയേമതി!" അദ്ദേഹമാശപഥം പാലിച്ചു. പൊതുസ്ഥലങ്ങളിൽ പിന്നീടൊരിക്കലും അദ്ദേഹം കഥാപ്രസംഗം നടത്തിയിട്ടില്ല. സംഗീതജ്ഞാനം, ശാരീരസമ്പത്തു്, തമിഴ് പാണ്ഡിത്യം മുതലായവകളാൽ അനുഗ്രഹീതനായിരുന്ന പിള്ള അവർകൾ ഒരു തികഞ്ഞ ബുദ്ധിമാനും ആയിരുന്നു.

ഒരുകാലത്തു് ആമ്മൈയപ്പപിള്ളയും അമ്മാപട്ടിയിൽ ഗൌണ്ടൻ കോട്ടയിലെ കവിരായരും തമ്മിൽ ഒരു ഗംഭീരമായ തർക്കമുണ്ടായി. അതിവിശേഷമായിക്കരുതപ്പെടുന്ന അന്നനടയ്ക്കാസ്പദമായ അന്നപ്പക്ഷികൾ ഇന്നു ലോകത്തുണ്ടോ എന്നും ഉണ്ടെങ്കിൽ അവ ഏതു് എന്നുമായിരുന്നു വിവാദവിഷയം. അതിന്നു കവിരായർ പറഞ്ഞു "അന്നം എന്നതു വാസ്തവത്തിൽ കാക്കയാണ്. എന്തുകൊണ്ടെന്നാൽ പക്ഷികളിൽ ഏററവും ഭംഗിയായി നടക്കുന്നതു കാക്കയാണ്. അതിനാൽ കാക്കതന്നെ അന്നം."

അമ്മൈയപ്പപിള്ള:—"അല്ലല്ല; അന്നം എന്നതു് ചോറാണ്. അന്നം വെളുത്തതാണ്; ചോറും വെള്ളതന്നെ. ചോറിന്നു് അന്നമെന്നു് പേരുമുണ്ട്. കൂടാതെ അന്നം പക്ഷിയാണ്; ചോറും നാം ഭക്ഷിക്കുന്നു. അതിനാൽ ചോറിനെ അന്നമെന്നു്—തട്ടുന്നവനെ 'തട്ടാനെ'ന്നു വിളിക്കുന്നതുപോലെ—അലങ്കാരഭാഷയിൽ പറയുന്നു എന്നു മാത്രമേയുള്ളു." ഇതിന്നു പ്രമാണമായി അദ്ദേഹം ആയിരം പാട്ടുംപാടി. ഇക്കലഹം വർദ്ധിച്ചു് അവർ പരസ്പരം ആക്ഷേപിച്ചു തുടങ്ങി. ആദ്യകാലത്തു് ഈ യുദ്ധം എഴുത്തുമൂലമായിരുന്നു. പിന്നീടു് അവർ രണ്ടുപേരും മധുരയിൽ കൂട്ടിമുട്ടി. അയൽവീട്ടുകാർക്കുപോലും സൈ്വരംകൊടുക്കാതെ ഈ

യുദ്ധം പത്തുദിവസം രാപകൽ നടന്നു. ഒടുവിൽ, അന്ന ത്തിനെ കാക്കയാക്കി എന്നുപറഞ്ഞു് അമ്മൈയപ്പപിള്ള ഗൗണ്ടൻ കോട്ട കവിരായരെ "കാക്ക, കാക്ക" എന്നു വി ളിച്ചു പരിഹസിച്ചു. രായരും വിട്ടില്ലാ. അന്നത്തിനെ ചോറാക്കിയതുകൊണ്ടു് "ശാപ്പാട്ടുരാമൻ" എന്നു വിളി ച്ചു് രായർ എതിരാളിയെ കളിയാക്കി. കവിരായരെ തമിഴ്‌വിദ്വാൻ 'കപിരായരാക്കി'. അതിനു രായർ പി ള്ളയുടെ വട്ടനിബിഡമായ മുഖം ചൂണ്ടിക്കാണിച്ചു് "അമ്മൈയപ്പപിള്ള എന്നുവച്ചാൽ വിഷം എന്നാണ ർത്ഥ"മെന്നു പറഞ്ഞു കടംവീട്ടി. ഇരുകൂട്ടർക്കും അരിശം മുഴുത്തു. രായരെ അടിക്കുവാൻ എതിരാളി അടുത്തു. "അ തിലൊന്നും പേടിയില്ലാ" എന്നുംപറഞ്ഞു് രായരും മുഷ്ടി ചുരുട്ടിക്കൊണ്ടടുത്തു. "ഇതു് തമിഴ്‌വിദ്വാന്മാരുടെ വഴ ക്കാണു്. ഇതിൽ നാം ഇടപിടേണ്ട ആവശ്യമില്ല" എ ന്നോർക്കാതെ, ബഹളംകണ്ടു വന്നുകൂടിയ കാവൽക്കാരും പോലീസുകാരുംകൂടി അവരെ രണ്ടുപേരേയും പിടിച്ചു മാററിക്കളഞ്ഞു. അടുത്ത ദിവസം നേരം വെളുക്കുന്നതിനു മുമ്പുതന്നെ രായർ ആരുമറിയാതെ സ്ഥലംവിട്ടു. അയാൾ ഒളിച്ചോടിപ്പോയതാണെന്നു വിശ്വസിച്ചു് അമ്മൈയപ്പ പിള്ള വീരവാദങ്ങൾ മുഴക്കി. വാദത്തിൽ തോററ നാണ ക്കേടുമൂലം രായർ ഒളിച്ചോടിയതാണെന്നും മററും അ യാൾ പറഞ്ഞുനടന്നു് ഖ്യാതിനേടി. കവിരായർ വിജ യിയായി മടങ്ങി എത്തിയിരിക്കുന്നു എന്ന വാർത്ത അ മ്മാപട്ടിയിലും പരന്നു. അന്നപ്പക്ഷി മഹായുദ്ധം ഇങ്ങനെ കലാശിച്ചു.

ഇത്ര പ്രതാപശാലിയായ അമ്മൈയപ്പപിള്ള ക്ലാസിൽ വന്നയുടൻ ഗംഭീരമായി ചുററുപാടും ഒന്നു കണ്ണോടിച്ചിട്ടു് തൻെറ സിംഹാസനത്തിൽ ഉപവിഷ്ടനായി. അതു് 'മട്രി കുലേഷൻ' ക്ലാസാണു്. നളോപാഖ്യാനത്തിൽ സ്വയംവര കാണ്ഡമാണന്നത്തെ പാഠം. അദ്ധ്യാപകൻ അതിൽനിന്നും ഒരു ഭാഗമെടുത്തു പാടിയിട്ടു് ചുററുപാടും തിരിഞ്ഞുനോക്കി; പാട്ടു്

എല്ലാവരും രസിക്കുന്നോ എന്നു്. ആ ക്ലാസിൽ രാമസ്വാമി എന്ന പേരുള്ള ഒരു വിദ്യാർത്ഥിയുണ്ടു്. സംഭാഷണത്തിലുള്ള ഫലിതംമൂലം അവനെ എല്ലാ കുട്ടികളും 'തെന്നാലിരാമൻ' എന്നാണു് വിളിക്കാറുള്ളതു്. അദ്ധ്യാപകൻെറ ഉദ്ദേശം മനസ്സിലാക്കിയ തെന്നാലിരാമൻ പറഞ്ഞു "സാർ, ഒരു വട്ടംകൂടി പാടിയാൽ കൊള്ളാം. കേട്ടിട്ടും കേട്ടിട്ടും മതിവരുന്നില്ല. പുസ്തകം നളചരിതം, പഠിപ്പിക്കുന്നതോ! ആരെന്നു പറയണമോ?" അദ്ധ്യാപകൻെറ ഉള്ളം തണുത്തു. അദ്ദേഹം പറഞ്ഞു "പഠിപ്പിക്കുന്നതാരു്? പറയൂ. ആട്ടചാപട്ടി അമ്മൈയപ്പപിള്ള് എന്നു പറയൂ."

"സാറിൻെറ മുഴുവൻ പേരും ഒന്നുകൂടി നല്ലതുപോലെ പറഞ്ഞാൽ കൊള്ളാം." രാമനപേക്ഷിച്ചു.

പറഞ്ഞുതരാം. കേട്ടോളൂ. "ആഴിചൂഴം മൂഴിക്കൊരു പൊൻതിലകം ആട്ടചാപട്ടി മഹാവിദ്വാൻ അമ്മൈയപ്പപിള്ള."

തെന്നാലിരാമൻ മന്ത്രിച്ചു "ഒരു വണ്ടിനിറയെ കേററാനുണ്ടല്ലോ!" ഉറക്കെ "ആദ്യം പറഞ്ഞതുപോലെ മുഴുവനും പറയാത്തതെന്തു്?"

"എന്തെടാ നേരം പോകുന്നു. പാഠം തീർക്കണ്ടേ?"

"ഒരു വട്ടംകൂടി മുഴുവൻ പറഞ്ഞിട്ടു മതി."

ഉടനെ അദ്ധ്യാപകൻ:–"ആഴിചൂഴം മൂഴി..............പിള്ള അവർകൾ. ഇതാണു് മുഴുവൻ. പഠിച്ചോ?" വിദ്യാർത്ഥികൾ ഒന്നടങ്കം പൊട്ടിച്ചിരിച്ചു. "നിശ്ശബ്ദം. ആരും ചിരിക്കരുതു്. ഹെഡ്മാസ്റ്റർ വരാൻ സമയമായി." എന്നു് അദ്ധ്യാപകൻ ശാസിച്ചു. അദ്ദേഹം വീണ്ടും പാഠത്തിലേക്കു തിരിഞ്ഞു. "ആ നഗരത്തിലുള്ള മങ്കമാർ മാറിലണിയുന്ന കളഭക്കൂട്ടുകൾ അവർ കുളിക്കുമ്പോൾ നനഞ്ഞൊഴുകി നഗരവീഥിയിൽ ചേറായി നിറഞ്ഞതിനാൽ മദഗജങ്ങൾ കാലുവഴുതി നിലംപതിച്ചു" എന്നു പാടി. "ആഹാ" അദ്ദേഹം വാഴ്ത്തി. "എന്തു കളഭം! എന്തു ചെളി!" വീണ്ടും ആ വരികൾ അദ്ധ്യാപകൻ ആവർത്തിക്കാനാരംഭിച്ചപ്പോൾ തെന്നാലിരാമൻ എഴുനേററു് സംശയം ചോ

ദിച്ചു "സർ, ആ നഗരത്തിൽ ആനകൾക്കുപോലും നടക്കുവാൻ വിഷമതയുള്ളപ്പോൾ ആളുകളെങ്ങനെ നടക്കും?"

അദ്ധ്യാ:–"മറയാ, അവിടെ മനുഷ്യരു നടക്കുമോടാ! പല്ലക്കിൽ സവാരിചെയ്കയല്ലേ പതിവു്. ഈ ദരിദ്രപട്ടണംപോലെയാണോ അതു്?"

തെന്നാലി:–"സർ, എല്ലാവരും പല്ലക്കിൽ കയറിയാൽ അതു ചുമക്കുന്നതാർ? വാഹകന്മാർ എങ്ങനെ നടക്കും?"

അദ്ധ്യാ–"പല്ലക്കെന്നുവച്ചാൽ നാം സാധാരണ കാണാറുള്ള പല്ലക്കുകളല്ലാ. അവ വലിക്കുന്നതു കുതിരകളാണു്."

തെന്നാലി:–"എങ്കിൽ കുതിരകൾ വഴുതിവീഴുകയില്ലേ?"

അദ്ധ്യാ:–"ഇങ്ങനെയെല്ലാം ചോദിച്ചുകൊണ്ടിരുന്നാലൊരു സംഗതിയും നടപ്പില്ല. ഇപ്പാഠത്തിൽ മൂന്നു കാര്യങ്ങളാണു് പറഞ്ഞിട്ടുള്ളതു്. കവിയുടെ സാമർത്ഥ്യം! ഹാ! ഒന്നാമതു്, ആ നഗരത്തിൽ ജനങ്ങൾ ധാരാളമായി ചന്ദനം പൂശും. അതുമൂലം തെരുവെല്ലാം ചേറുനിറയുമെന്നു് രണ്ടാമതു്. മൂന്നാമതു് ആ നാട്ടിൽ ആനകൾ ഉണ്ടു് എന്നും."

വോറൊരു കുട്ടി ചാടി എഴുനേററു പറഞ്ഞു. "സാറു വിട്ടുപോയി: രണ്ടു സംഗതികൾകൂടി അതിലുണ്ടു്. ആ നാട്ടിലും സ്ത്രീകളുണ്ടു്; അവർ കുളിക്കുന്നവരുമാണു് എന്നു്."

"കലികാലത്തിലെക്കൊച്ചുങ്ങൾ! നോക്കണേ, എന്തധികപ്രസംഗികളെന്നു! അഭിപ്രായം കേട്ടില്ലേ! എന്നു വാദ്ധ്യാർ അത്ഭുതം പ്രകടിപ്പിച്ചു.

"ഞങ്ങൾ അധികപ്രസംഗികളും സാറു പരമയോഗ്യനും!" ആ കുട്ടിയും പ്രതിവചിച്ചു.

ക്ഷുഭിതനായ അദ്ധ്യാപകൻ പാഠമെടുത്തു ഗൗരവമായിവായിച്ചു് വേഗംവേഗം അർത്ഥവും പറഞ്ഞുതുടങ്ങി. അതുകേട്ടു കുട്ടികൾ മുഷിഞ്ഞുതുടങ്ങി. ചിലർ സാറിൻെറ പുറകിലിരുന്നു പൊങ്ങച്ചം പറച്ചിലിലും ചിലർ സുഖനിദ്രയിലും സമയം തള്ളി. അദ്ധ്യാപകനും 'തൂക്കം' വന്നുതുടങ്ങി. അദ്ദേഹം ഓരോ വരിവായിച്ചുകഴിയുമ്പോഴും ചെറുതായി ഒന്നു 'തൂങ്ങും'. വരി

കൾ ഇടവിട്ടും അസ്പഷ്ടതയിലുമായിത്തുടങ്ങി. മേശപ്പുറത്തു കൈയ്യുംവച്ച് അതിൻമീതെ തലയും ചായിച്ച് അദ്ധ്യാപകൻ കൂർക്കംവലിച്ചു. കുട്ടികൾക്ക് ഉത്സാഹം വർദ്ധിച്ചു എങ്കിലും അവർ അച്ചടക്കം പാലിച്ചു. ബഹളം കൂട്ടി സാറിനെ ഉണർത്തിയാൽ അദ്ദേഹം പാടിത്തുടങ്ങുമെന്നവർക്കറിഞ്ഞുകൂടേ! അനന്തര പ്രവർത്തനങ്ങൾക്ക് കൃഷ്ണസ്വാമി നേതൃത്വമേറെറടുത്തു. നിശ്ശബ്ദതപാലിക്കാനാംഗ്യംകാണിച്ചുകൊണ്ട് അവൻ മേശയോടടുത്തു. അതിന്മേലിരുന്ന മഷിക്കുപ്പികൾ സാവധാനം സാറിൻെറ കൈകളുടെ തൊട്ടടുത്തായി അടുക്കിവച്ചിട്ട് അവൻ സ്വസ്ഥാനത്തെത്തി ഇരുപ്പുമായി. കുട്ടികൾ മൂച്ചുവിടാതെ വായും മറുക്കിനോക്കിഇരുന്നു. അദ്ധ്യാപകൻ കൈയ്യൊന്നിളക്കി. ഒരു നിമിഷം! മഷിക്കുപ്പികൾ പലവഴിമറിഞ്ഞു. മഷി ചുററുപാടും പാളി. ആമ്മൈയ്യപ്പപിള്ളയുടെ ഉടുപ്പും മുണ്ടും മഷികൊണ്ടുള്ള പല വികൃതരൂപങ്ങളാലലങ്കരിക്കപ്പെട്ടു. കുട്ടികളുടെ സഹനശക്തിതീർന്നു. ക്ലാസടക്കം ഒരു പൊട്ടിച്ചിരിയും അതുകഴിഞ്ഞു് ഇടക്കിടക്ക് ഒററച്ചിരികളും. അദ്ധ്യാപകൻ ഞെട്ടി ഉണർന്നു. ഉറക്കം പോകുവാൻ മുഖം തുടച്ചു. ആ മുഖം കിരാതവേഷമായി മാറി! പുറകെ ഒരു കൂട്ടച്ചിരിയും. അദ്ദേഹം രംഗനിരീക്ഷണം നടത്തി വസ്തുതകൾ മനസ്സിലാക്കി. പാവം! സാറു കോപംകൊണ്ടു് വിറച്ചു. "ഇതേതുപോക്രിയാടാപററിച്ചതു്?" അദ്ദേഹം ക്ലാസിനോടു ചോദ്യംചെയ്തു. ആ കുസൃതിക്കുട്ടക്കകൾ കുനിഞ്ഞിരുന്നു് ചിരി അമർത്തിയതല്ലാതെ സമാധാനം പുറത്തുവിട്ടില്ല. അദ്ധ്യാപകൻെറ നിസ്സഹായാവസ്ഥകണ്ടു് പരിതാപം തോന്നിയ തെന്നാലിരാമൻ സാറിൻെറ അടുത്തു ചെന്നു് സമാധാനോക്തികൾ മന്ത്രിച്ചു "ഇതാരുടെ പണി! മുഖം മുഴവൻ പുസ്തകമായല്ലോ! ആ ഉടുപ്പിലുമെല്ലാം മഷിയായല്ലോ! ആകപ്പാടെ ഒരുടുപ്പുള്ളതിൽ ഈവിധം മഷിപുരണ്ടു! കഷ്ടം! നാളെ എന്തിട്ടുംകൊണ്ടുവരും സാറിനോട് ഇങ്ങനെ ചെയ്യുവൻ ചില്ലറക്കാരനൊന്നുമല്ല. സാറിന്നു്, ഒരു പോളകണ്ണടയ്ക്കുകൂടി ചെയ്തില്ല. പിന്നെങ്ങനെ ഇതു സംഭവിച്ചു? എന്നെല്ലാം. ഗുരുനാഥൻ ചോദ്യമാവർത്തിച്ചു. "ഇതാരുടെ

വേല? ആരാണെന്നു സത്യംപറഞ്ഞാൽ ഇപ്രാവശ്യം ഞാൻ മാപ്പുതരാം. അല്ലാത്തപക്ഷം ഇതു ഞാൻ ഹെഡ്മാസ്റ്ററോടു പറയും. ഇവിടെ തല്ലിന്റെ പൂരം നടക്കും." മുത്തുസ്വാമിപറഞ്ഞു:—"സാർപോയി ഹെഡ്മാസ്റ്ററോടു പറയുകയാണു വേണ്ടതു്. അതാണുശരി. അല്ലെങ്കിൽ സത്യം പുറത്തു വരികയില്ല" ഉടൻ രാമയ്യാഎല്ലാരുസംശയം "ക്ലാസുസമയത്തു വാദ്ധ്യാന്മാരുറങ്ങുന്നതു ശരിയാണെന്നു് ഹെഡ്മാസ്റ്റർ പറയുമോ?" എന്നു്. കൃഷ്ണസ്വാമി ഗുണദോഷം തട്ടിവിട്ടു് "സർ, ഈ വേഷം ഞങ്ങളെല്ലാവരും കണ്ടതു പോരേ! പുറത്തിറങ്ങി ഈ സ്കൂളാകെ പ്രദർശനം നടത്തണോ? പോയി പറഞ്ഞിട്ടുവരൂ." അദ്ധ്യാപകൻ കുട്ടികളെ ഭയപ്പെടുത്തുവാൻ "ഞാൻ ഹെഡ്മാസ്റ്ററോടു പറയുവാൻ പോകയാണു്. മര്യാദയ്ക്കു സത്യം പറയുകയാണു്നന്നു്" എന്നു പറഞ്ഞു. ലക്ഷ്മണൻ ഫലനിർണ്ണയം ചെയ്തു. "സാറു് ഇക്കാര്യം പറഞ്ഞാൽ സാറിന്റെ തലയിലായിരിക്കും കുററം. ഇപ്പണി നടക്കുമ്പോൾ നിങ്ങളെന്തുചെയ്കയായിരുന്നു എന്നു് ഹെഡ്മാസ്റ്റർ ചോദിച്ചാൽ സാറെന്തു സമാധാനം പറയും? ഞാനൊന്നു മയങ്ങിപ്പോയെന്നു പറയാനൊക്കുമോ? പറഞ്ഞാൽ കുററം മുഴവൻ ആർക്കായിരിക്കും?" ആ തമിഴ്പണ്ഡിതൻ കുഴഞ്ഞു. എന്തുചെയ്യണമെന്നു്തോന്നാതെ വീണ്ടും കസേര വലിച്ചിട്ടിരുന്നു. അദ്ദേഹം ശാസിച്ചു "ഇനിയും ഇപ്രകാരം ക്ലാസിൽ തെമ്മാടിത്തരം കാണിക്കുന്നു എങ്കിൽ, എനിക്കു തോന്നും അതിനുള്ള വഴി അപ്പോൾ." ഇതുകേട്ട ചുപ്പുക്കുട്ടി നാളെയും ചെയ്താൽ ഇന്നു ചെയ്തതുപോലൊക്കെയല്ലേ സാറിനറിയാവൂ?"

ഒരിക്കൽ ഒരു ബ്രാഹ്മണൻ ഭിക്ഷയാചിച്ചു് ഒരു വീട്ടിൽ ചെന്നു വിളിച്ചുചോദിച്ചു:–"എനിക്കു് ഒരു നേരത്തെ ആഹാരം തരുന്നോ അതോ ഇന്നലെ അവിടെ ഞാൻ ചെയ്തതുപോലൊക്കെ ഇന്നും ചെയ്യണോ? എന്നു്.

ഗൃഹനായിക പുറത്തുവന്നു് "വേണ്ട വേണ്ട, അങ്ങനെ ഒന്നും ചെയ്യേണ്ട. ദൈവകൃപയാൽ ഞങ്ങൾ ഇവിടെ കിടന്നു പൊറുക്കട്ടെ. വന്നാട്ടെ, ഊണുകഴിഞ്ഞു പോയാൽമതി." ഇങ്ങനെ പറഞ്ഞു് ആ ഭിക്ഷുവിനെ അകത്തു കൂട്ടികൊണ്ടുപോയി

തൃപ്തിയായി ഭക്ഷണം കൊടുത്തു. അനന്തരം അവൾ ചോദിച്ചു.

"പറയൂ, എന്താണിന്നലെചെയ്തതു്?"

"പറയണോ?"

"സുഭിക്ഷമായി ഊണുകഴിച്ചില്ലേ? ഇനിപ്പറഞ്ഞാലെന്തു്?

"ശരി, പറയാം."

"അതാണു് വേണ്ടതു്. പറയൂ"

ബ്രാഹ്മണൻ പറഞ്ഞു "ഈ കൈയ്യില്ലേ, അതും തലസ്സുവച്ചുകൊണ്ടു് ഒരേകിടപ്പുകിടന്നു. ഒരിടത്തുനിന്നും ഒന്നും കിട്ടിയില്ല."—ഇങ്ങനെ ഒരു കഥയുണ്ടു്. അതുപോലെ സാറും ഒന്നു ശയപ്പെടുത്തിനോക്കി. ഫലമില്ല. രാമസുബ്ബൻ സമാധാനം പറഞ്ഞു "നാളെ ഇങ്ങനെ ചെയ്താൽ സാറിരുന്നു കരയും." തെന്നാലിരാമൻ മദ്ധ്യസ്ഥത വഹിച്ചു. "ഛീ, ഛീ, മതിയെടാ. സാറിനെ ഇപ്പൊഴേ കരയിക്കാൻ തുടങ്ങുകയാണോ? നാളെയല്ലേ കരയേണ്ടതു്? സാറൊരു കാര്യം ചെയ്യണം. നാളെമുതൽ ക്ലാസിൽവന്നുറങ്ങരുതു്. ഉറക്കമെല്ലാം വീട്ടിൽവച്ചേ തീർത്തേക്കണം. അതാണീക്കുഴപ്പമെല്ലാം ഉണ്ടാക്കിയതു്." എന്നും പറഞ്ഞു അദ്ധ്യാപകനോടുള്ള അനുകമ്പ പ്രദർശിപ്പിക്കുവാനെന്ന നാട്യത്തിൽ മഷിതുക്കുവാനാരംഭിച്ചു. മഷി തുള്ളുകളയുന്നു എന്ന വ്യാജേന അവൻ തുത്തുതുത്തു് ഉടുപ്പുനിറച്ചു. അടുത്തതായി സാറിൻെറ മുഖത്തു പണിതുടങ്ങി: അതിചതുരനായ കലാകാരൻെറ ഭാവത്തോടെ അമ്മൈയപ്പപിള്ളയെ തെന്നാലിരാമൻ കുറഞ്ഞ സമയത്തിനുള്ളിൽ കോമാളിവേഷത്തിൽ ഒരുക്കിനിർത്തി. ആ സുന്ദരവേഷം ഇന്നും ആരും മറന്നിട്ടില്ല.

# 8
## ഒരു കോമള ബാലൻ

മുന്നദ്ധ്യായത്തിൽ വിവരിച്ച സംഭവങ്ങൾ നടന്ന ദിവസം വൈകിട്ടു് ആ സ്കൂൾകെട്ടിടത്തിനടുത്തായി വിദ്യാർത്ഥികളുടെ കായികാഭ്യാസത്തിനുവേണ്ടി കെട്ടി ഉണ്ടാക്കിയിരുന്ന വിസ്തൃതമായ ശാലയിൽ മട്രിക്കുലേഷൻ ക്ലാസിൽ പഠിക്കുന്ന ശ്രീനിവാസനും സുബ്ബരായനും താഴ്ന്ന സ്വരത്തിൽ വളരെ ഗൗരവമായി സംഭാഷണം ചെയ്തുകൊണ്ടിരുന്നു. അന്നു ക്ലാസിൽ വാദ്ധ്യാർകൾ വരുത്തിവെച്ച വിനകളിൽ ഓരോരുത്തരും ചെയ്ത ഭാഗങ്ങളെപ്പററി അവർ സ്വയം പ്രശംസിക്കുകയാണു്. ആ കുട്ടികളിൽ ശ്രീനിവാസനു് പതിന്നാലു വയസ്സിൽ കൂടുതൽ പ്രായമില്ല. ചെറുകുളത്തൂർ മുത്തുസ്വാമി അയ്യരുടെ വീട്ടിൽ കല്യാണനിശ്ചയത്തിനെത്തിയ രാമസ്വാമി ശാസ്ത്രികൾ ശ്രീനിവാസൻെറ അപ്പൂപ്പനാണു്. അവൻെറ അച്ഛൻ നാരായണസ്വാമി കളക്ടർ ആഫീസിലെ ശിരസ്തദാരാണു്. ആരുടെ കണ്ണുകളേയും കുളിർപ്പിക്കത്തക്ക സൗന്ദര്യമുള്ള കായകാന്തിയാണു് ശ്രീനിവാസനുള്ളതു്. പൂങ്കൊടിപോലെ മൃദുലമായ നേരിയ ശരീരവും, തങ്കത്തിനൊത്ത നിറവും റോസാപ്പൂവൊത്ത മുഖവും കിളിച്ചുണ്ടു തോൽക്കുന്ന നാസികയും ലക്ഷണമൊത്ത നടപ്പും കൊഞ്ചിച്ചിരിച്ചുകൊണ്ടുള്ള സംഭാഷണവും ശ്രീനിവാസനിൽ ഒത്തിണങ്ങിയിരുന്നു. ആകാരമെന്നപോലെ സ്വഭാവഗുണവും അവനൊട്ടും കുറവല്ല. ശാന്തശീലനും സമർത്ഥനുമായ ആ ബാലൻ ബുദ്ധിശക്തിയിലും സഹപാഠികളെത്തോല്പിച്ചു. അവൻ ആ നാട്ടുകാരുടെ കണ്ണിലുണ്ണിയായി വളർന്നുവന്നു. ആ സ്കൂളിൽ പഠിക്കുന്ന മുത്തുരാമയ്യാ എന്ന കുട്ടി ശ്രീനിവാസനെ 'ലേഡി' എന്നും ഒടികാലൻ സുബ്ബയ്യാ 'എൻെറ കണ്മണി' എന്നും വയ

റൻ വൈത്തി 'മാമ്പഴം' എന്നുമൊക്കെയാണു് വിളിക്കാറുള്ള തു്. മുത്തുസ്വാമി എന്നവൻ പറയും "അയ്യോ, ഇവൻെറ വടിവു് സൗന്ദര്യത്തിൽ മുങ്ങിയതുപോലിരിക്കുന്നല്ലോ!". തെന്നാലി രാമൻ "എൻെറ പൊന്നു തങ്കമേ" എന്നാണു് ശ്രീനിവാസനെ കണ്ടാൽ പറയുക. ആ പള്ളിക്കൂടത്തിലെ ഇംഗ്ലീഷദ്ധ്യാപകൻ നിത്യാനന്ദപിള്ളയ്ക്കു് ശ്രീനിവാസനെ മാത്രമേ വിദ്യാർത്ഥി കളുടെ കൂട്ടത്തിൽ നന്നായിട്ടറിയാവൂ. പഠിപ്പിച്ചുകൊണ്ടിരി ക്കുമ്പോഴം ഹെഡ്മാസ്റ്റർ തിരുമലാചാര്യർ അവനെ മാത്രമേ നോക്കാറുള്ളു. 'കടുകടാ'ന്നു് കണ്ടൻപൂച്ചപോലെ കൂടെക്കൂടെ കോപിക്കുന്ന സംസ്കൃതാദ്ധ്യാപകൻ അപ്പാശാസ്ത്രി ശ്രീനിവാ സനോടു രണ്ടു വാക്കു പറയാതെ സ്കൂളിൽനിന്നും വീട്ടിലേക്കു പോകാറില്ലാ. പുരുഷലക്ഷണങ്ങളിൽ തന്നെ വെല്ലാൻ ആരും തന്നെയില്ല എന്ന മദംപൂണ്ടിരുന്ന ശേഷാചലത്തിനു മാത്രം ശ്രീനിവാസനോടത്ര തൃപ്തിയില്ല. പക്ഷെ ശ്രീനിവാസൻ സ സ്നേഹം പറയും. "ശേഷുൻെറ നടപ്പുകണ്ടോ, അവനെ ഓടി ജയിക്കുവാൻ ആർക്കു കഴിയും!" എന്നൊക്കെ. അതിനാൽ ശേ ഷാചലം ശ്രീനിവാസനോടു് സ്നേഹത്തോടെ പെരുമാറുവാൻ നിർബ്ബന്ധിതനായി എങ്കിലും എതിരാളിയോടുള്ള കോപം മുഴുവനും അവൻെറ ആരാധകന്മാരോടായി മാറി. ഇങ്ങനെ എല്ലാവരുടേയും സ്നേഹമാർജ്ജിച്ച ശ്രീനിവാസൻെറ ഉററ തോ ഴനാണു് സുബ്ബരായൻ. അവൻ മധുരയിലെ തഹശീൽദാർ കുപ്പു സ്വാമിയുടെ പുത്രനുമാണു്. ഇവർ സ്നേഹിതന്മാരായിത്തീർ ന്നിട്ടു് മൂന്നു വർഷം മാത്രമേ ആയിട്ടുള്ളു എങ്കിലും ചിരകാല പഴമ തോന്നിക്കുന്ന സഖിത്വമാണവർക്കുള്ളതു്.

കണക്കൊഴിച്ചു് ബാക്കി എല്ലാ വിഷയത്തിലും ആ ക്ലാസിൽ ഒന്നാമനാണു് ശ്രീനിവാസൻ എന്നു് പുതുതായി അ തിൽ വന്നുചേർന്ന സുബ്ബരായനു മനസ്സിലായി. അതിനാൽ ആ കുട്ടിയുടെ സ്നേഹം സമ്പാദിക്കണമെന്നവനുറച്ചു. ആയിടെ ഒരു ദിവസം പള്ളിക്കൂടം വിട്ടുകഴിഞ്ഞു് വൈകിട്ടു് അഞ്ചുമണി യോടുകൂടി സുബ്ബരായൻ ശ്രീനിവാസൻെറ വീടു തിരക്കി പുറ പ്പെട്ടു. അവനെ സുബ്ബരായൻ കണ്ടു, മററു കുറെ കുട്ടികളുടെ

മദ്ധ്യത്തിൽനിന്നു സംസാരിച്ചുകൊണ്ടിരിക്കുന്നതു്. ആ സന്ദർഭത്തിൽ എങ്ങുനിന്നോ ഉഗ്രനായ ഒരു വേട്ടപ്പട്ടി ആ ബാലന്മാരുടെ നേർക്കു പാഞ്ഞടുത്തു. കുട്ടികൾ നാനാവഴിക്കും ഓടി. പക്ഷെ ശ്രീനിവാസനു മാത്രം അതിവേഗമോടി രക്ഷപ്പെടുന്നതിനു സാധിച്ചില്ല. വേട്ടനായ് അവനോടടുത്തു. ഭയാക്രാന്തനായ ബാലൻ നിലവിളികൂട്ടി. അടുത്ത നിമിഷം അവൻ പട്ടിയുടെ ആക്രമണത്തിനിരയാകും! ഉത്തരക്ഷണത്തിൽ ആ നായയുടെ തലയിൽ ഒരു വലിയ സ്ലേററും പുറകെ ഒരു കല്ലും വന്നു വീണു. പട്ടി തിരിഞ്ഞു വേറിട്ടൊരു വഴിക്കോടി. ശ്രീനിവാസൻ തല കിളർത്തി നോക്കി. ക്ലാസിൽ പുതുതായി ചേർന്ന സുബ്ബരായൻ അടുത്തുവരുന്നുണ്ടു്. അവനാകട്ടെ വന്നപാടെ 'ശീനു'വിനെ തൂക്കിഎടുത്തു തോളിൽ ഇരുത്തി ആഹ്ലാദത്തോടെ തുള്ളി ആ ബാലൻെറ ഭയമകററി. അതുകഴിഞ്ഞു താഴെ ഇറക്കി തൻെറ പുസ്തകങ്ങളും ഉടഞ്ഞുപോയ സ്ലേററും എടുത്തു് ആ ബാലനെ കൈയ്ക്കുപിടിച്ചു് തൻെറ വീട്ടിലേക്കു കൂട്ടിക്കൊണ്ടുപോയി അമ്മയേയും അമ്മൂമ്മയേയും മററും പരിചയപ്പെടുത്തി. ഈവിധമാണാബാലന്മാരുടെ പരസ്പര സ്നേഹത്തിൻെറ പ്രാരംഭം.

എന്തു രഹസ്യമായാലും അവർ പരസ്പരം പറയാതിരിക്കുകയില്ല. അവരൊന്നിച്ചാണു് വായനയും പഠിപ്പുമെല്ലാം. സുബ്ബരായൻെറ വീട്ടിൽ ഒരു മുറി, പ്രത്യേകമായി ഇവർക്കൊഴിഞ്ഞുകൊടുത്തിട്ടുണ്ടു്. ചില ദിവസം ശ്രീനിവാസൻ സ്നേഹിതൻെറ വീട്ടിൽത്തന്നെ കഴിക്കും. ശ്രീനിവാസനെ ആരെങ്കിലും 'കളിയാക്കിയാൽ' അവരുമായി സുബ്ബരായൻ ഏററുമുട്ടി പടവെട്ടും. കല്യാണപ്രസ്താവനയുണ്ടായതു മുതൽ ഓരോ ദിവസവും നടക്കുന്ന സംഗതികൾ അന്നന്നുതന്നെ ശ്രീനിവാസൻ ചങ്ങാതിയെ അറിയിക്കും. അമ്മൈയപ്പപിള്ളയ്ക്കു് അമളിപിണഞ്ഞ അന്നു വൈകിട്ടു് ഈ ചങ്ങാതിമാർ രഹസ്യസംഭാഷണത്തിലേർപ്പെട്ടിരിക്കുകയാണു്.

ശ്രീനിവാസൻ:—"ഇവിടെയിരിക്കാം. ഒരു മണിക്കൂർ സമയം നമ്മൾക്കുണ്ടു്. കഷ്ടം! ഇത്ര വലിയ പള്ളിക്കൂടത്തിൽ

ഒരു നല്ല തമിഴ്പണ്ഡിതനെ അവർ നിയമിക്കുന്നില്ലല്ലോ!"

സുബ്ബരായൻ:—"രാമസ്വാമി അയ്യരുടെ പള്ളിക്കൂടത്തിൽ നിയമിച്ചിരിക്കുന്ന രാഘവയ്യർ ഒന്നാംതരം പണ്ഡിതനാണ്."

ശ്രീനി:—"ഓ, എല്ലാം ശരിയാണ്. നമ്മുടെ സാറിനാണെങ്കിൽ സംഗീതത്തിൽ വലിയ പിടിയാ. അദ്ദേഹത്തിനതു മറിഞ്ഞുകൂടായിരിക്കും. അതുപോട്ടെ ഇന്നു രാവിലെ നടന്നതു വല്ലതുമറിഞ്ഞോ? ഞാൻ എണ്ണ തേയ്ക്കുവാനായി എട്ടുമണിക്കേ പോയില്ലേ. അവിടെച്ചെന്നപ്പോൾ പുതുതായി ആരുടേയോ ശബ്ദം. ചെന്നു നോക്കി. നമ്മുടെ ശങ്കരനും അയാളുടെ അമ്മയും വന്നിട്ടുണ്ട്."

"ശങ്കരനോ?"

"അതേടാ, നിനക്കറിഞ്ഞുകൂടെ? കിഴക്കേനടയിൽ ഗോപുരത്തിനടുത്ത വീട്."

"ങാഹാ, അവനാണോ! നമ്മുടെ 'ഷോക്കു' ശങ്കരൻ അസ്സലായിട്ടുപാടും: അവനല്ലേ?"

"അവൻതന്നെ ഷോക്കുശങ്കരൻതന്നെ. അങ്ങനെ പറഞ്ഞാലേ നിനക്കു പിടികിട്ടു, അല്ലേ? ശരി, അയാളും അയാളുടെ അമ്മയുംകൂടി ചെറുകുളത്തിനു പോയിരുന്നു."

"നിന്റെ അമ്മായിഅച്ഛന്റെ നാട്ടിലോ!"

"അതിനുമുൻപുതന്നെ അമ്മായിഅച്ഛനുമാക്കിയോ? തോക്കിൽകേറി വെടിവയ്ക്കാതെ. ബാക്കികൂടെ കേൾക്കു്. അപ്പോൾ അവിടെ ഒരു മുറിയിൽനിന്നും ശ്രുതിമധുരമായ ഗാനാലാപമുയർന്നു. ഒരു ചെറിയ പെൺകുട്ടി തമ്പുരുവിൽ ശ്രുതിയിട്ടു പാട്ടുപാടുകയാണു്. കേൾക്കു്, അവൾ, കമ്പരാമായണം, തായുമാനസ്വാമിപാട്ടുകൾ, തേവാരം, മുതലായവയാണു് പാടുന്നതു്. അവിടെ കൂടിയിരുന്ന പുരുഷന്മാരും സ്ത്രീകളും ഗാനലഹരിയിൽ മുഴുകിപ്പോയി. തായുമാനവരുപാട്ടു് കേൾവിക്കാരെക്കരയിപ്പിച്ചു എന്നാണവർ പറഞ്ഞതു്. ആ കുട്ടി ഏതാ

ണെന്നറിയാമോ? അവളാണെനിക്കുനിശ്ചയം ചെയ്തിരിക്കുന്ന പെൺ.

സുബ്ബരായൻ:—ങേ! ഇത്ര സംഗീതവാസനയോ? നീനക്കു നിശ്ചയിച്ചിരിക്കുന്നപെണ്ണോ! അവൾക്കു പത്തുവയസ്സേപ്രായമുള്ളൂ എന്നാണല്ലോ കേട്ടതു്!"

ശ്രീനി:—"പത്തുവയസ്സേ ഉള്ളൂ എങ്കിലെന്തു്? മകളുടേയും അമ്മയുടേയും സ്തുതികളേ ആദിക്കിൽ കേൾക്കുവാനുള്ളൂ. അവർ രണ്ടുപേരും വീണവായനയിലും ഒന്നാംകിടയാണുപോൽ."

"നീതന്നെ പരമഭാഗ്യവാൻ" സുബ്ബരായൻ സന്തോഷിച്ചു.

ശ്രീനിവാസൻ:—"മുത്തുസ്വാമി അയ്യർ പണക്കൊഴുപ്പേറിയവനാണു്. അദ്ദേഹത്തിന്റെ പത്നി വിദ്യാഭ്യാസം മൂലം സംസ്കാരമുള്ളവൾ. അവൾ സാക്ഷാൽ മഹാലക്ഷ്മിയാണുപോൽ. അവർ രണ്ടുപേരുംകൂടി ഓമനപ്പുത്രിയെ സംഗീതവിദൂഷിയാക്കി. കമ്പരാമായണം ആദ്യന്തം മനഃപാഠമാണവൾക്കു്."

സുബ്ബരായൻ:—കമ്പരാമായണമോ! അവൾ ഒരു കൊച്ചുകുട്ടി അല്ലേ? കന്നുകാലിക്കാകുന്നതുപോലെ എനിക്കു് ഇരുപതുവയസ്സായി. അതിൽ രണ്ടുവരിപോലും എനിക്കറിഞ്ഞുകൂടാ. നീ പറയുന്നതു സത്യംതന്നെയോ?"

ശ്രീനി:—"പെണ്ണാണെങ്കിൽ മിന്നൽക്കൊടിപോലിരിക്കും! ലക്ഷണംതികഞ്ഞവൾ! അവളുടെ ഭാവവും നടപ്പുമെല്ലാം ഈ പ്രായത്തിൽതന്നെ അഴകേറിയതാണെന്നു്!"

സുബ്ബ:—"വളരെനന്നായി."

ശ്രീനി:—"അവളുടെ ബന്ധുക്കളിൽ ചിലർ വലിയ ഉദ്യോഗസ്ഥന്മാരുമാണു്. മുത്തുസ്വാമിഅയ്യരുടെ വല്യച്ഛൻ ഡെപ്യൂട്ടി കലക്ടറാണു്. മഞ്ചക്കുപ്പത്താണു് ജോലി."

സുബ്ബ:—"മഞ്ചക്കുപ്പമോ? നാരായണസ്വാമി അയ്യരല്ലേ? അങ്ങനെ പറ. ഞാനാപെൺകുട്ടിയെ കണ്ടിട്ടുണ്ടു്. കഴിഞ്ഞവർഷം എന്റെ അച്ഛൻ നാരായണസ്വാമിഅയ്യരുടെ വീട്ടിൽ ഒരു കല്യാണം. അവിടെ ഒരു കൊച്ചുപെണ്ണു് തമ്പുരുവച്ചു പാടി. ആ പാട്ടു സകലരേയും ആനന്ദത്തിൽ അലിയിച്ചു. എല്ലാവരും ആ ചെറുപെണ്ണിനെ പുകഴ്ത്തി. ശരി! അവൾതന്നെ നിന്റെ പെണ്ണു്. ഭേഷ്! നിന്റെ

ഭാഗ്യം! അവൾക്കനുരൂപൻ നീതന്നെ! സംശയമില്ല."
ഇങ്ങനെ ആഹ്ലാദപ്രകടനം നടത്തി.

അവർ ഇപ്രകാരം സംഭാഷണം ചെയ്തുകൊണ്ടിരുന്നപ്പോൾ ഒരു കൂട്ടച്ചിരി കേട്ടു. പാവം അമ്മൈയപ്പപിള്ളയുടെ 'തിരുക്കൂത്തു' കണ്ടിട്ടുണ്ടായ കോലാഹലച്ചിരിയായിരുന്നു അതു്. ചങ്ങാതിമാർ അങ്ങോട്ടേക്കു നടന്നു. വിവിധവർണ്ണാങ്കിതമായ വേഷവിധാനങ്ങളോടെഒരുകൂട്ടം വിദ്യാർത്ഥികളുടെ പരിഹാസത്തിനു പാത്രമായി അവരുടെ മദ്ധ്യത്തിൽ തമിഴ് പണ്ഡിതൻ മ്ലാനവദനനായി നിന്നിരുന്നു. ആ നില്പുകണ്ടു് അനുകമ്പയുദിച്ച ശ്രീനിവാസൻ താനിട്ടിരുന്ന ഉള്ളുടുപ്പു് ഊരി വാദ്ധ്യാർക്കു് കൊടുത്തു. അവൻ കരുണയോടെ അദ്ധ്യാപകന്റെ മുഖം കഴുകി മഷിതുടച്ചു് വികൃതരേഖകൾ മായിച്ചു. ശിഷ്യന്റെ സ്നേഹമസൃണമായ പ്രവർത്തികളാൽ ഗുരുദേവന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. അദ്ദേഹം അവനെ അനുഗ്രഹിച്ചു.

"നീ ഒരുത്തമകന്യകയെ കല്യാണം കഴിച്ചു് നെടുനാൾ സുഖൈശ്വര്യാദികളോടുകൂടി ജീവിക്കും."

സുബ്ബരായൻ കേറിപ്പറഞ്ഞു "സാർ, കല്യാണമുഹൂർത്തം നിശ്ചയിച്ചുകഴിഞ്ഞു." അദ്ധ്യാപകൻ കുട്ടിയുടെ കൈപ്പിടിച്ചുംകൊണ്ടു് ചോദിച്ചു "നീ എന്നിട്ടിക്കാര്യം എന്നോടിതുവരെപ്പറയാഞ്ഞതെന്താ? എവിടെ നിന്നു്.? എന്നാണു് കല്യാണം?"

"ചെറുകുളം മുത്തുസ്വാമി അയ്യർ—" ഇത്രയും കേട്ടതോടെ അമ്മൈയപ്പപിള്ളയ്ക്കുവന്ന സന്തോഷത്തിനതിരില്ല. അദ്ദേഹം ആശ്ചര്യത്തോടെ പറഞ്ഞു "മുത്തുസ്വാമി അയ്യരോ? ആ മഹാപ്രഭുവോ! ഞാനദ്ദേഹത്തിന്റെ നിത്യദാസനല്ലേ? അദ്ദേഹത്തിന്റെ പുത്രി! അവളെ നീ വിവാഹം ചെയ്യുന്നു, അല്ലേ! ദൈവം നിന്നെ പൂർത്തിയായി അനുഗ്രഹിച്ചിരിക്കുന്നു. എനിക്കും ക്ഷണം കത്തുകിട്ടും. ഞാനുംവരാം നിന്റെ കല്യാണത്തിനു്." അമ്മൈയപ്പപിള്ള മൊത്തത്തിൽ നല്ല മനുഷ്യനാണു്. അദ്ദേഹത്തിന്റെ ഗുണഗണങ്ങൾ നമ്മൾക്കു് അടുത്തുതന്നെ കാണാം. ഇങ്ങനെ അവർ സംസാരിച്ചുകൊണ്ടുനില്ക്കവേ മണിഅടിച്ചു.

ഓരോ ക്ലാസ്സുകളിലേക്ക് അവർ പലവഴിയായിപ്പിരിഞ്ഞു.

പിറേറദിവസം രാത്രിയിൽ ശ്രീനിവാസൻ സുബ്ബരായന്റെ വീട്ടിൽചെന്നു. ഒരു വിശേഷവാർത്ത അറിയിക്കുവാനുള്ള വെമ്പലോടെയാണവന്റെ നില. പക്ഷെ സുബ്ബരായൻ അകത്ത് അച്ഛന്റെ കൂടെയിരുന്ന് ഊണു കഴിക്കുകയാണ്. അക്ഷമനായി ശ്രീനിവാസൻ പുറത്തുനടന്നുകൊണ്ടിരുന്നു.

കല്യാണമട്ടക്കുംതോറും ശ്രീനവാസനു വിചാരം മറെറാന്നില്ലാതായി. മൂളിപ്പാട്ടുംപാടി സ്വല്പസമയം അവൻ അങ്ങോട്ടുമിങ്ങോട്ടും നടന്നു. അതുകഴിഞ്ഞ് ആത്മഗതമായി അവൻ മന്ത്രിച്ചു തുടങ്ങി. “അവൾക്കെന്നോടിത്ര പ്രിയംവരുവാൻ കാരണമെന്ത്? എന്റെ സൗന്ദര്യമെന്ന്! എന്നെ അവൾ കണ്ടിട്ടുപോലുമില്ല; പിന്നെങ്ങനെ സൗന്ദര്യക്കാര്യം അറിഞ്ഞു? നല്ലതുപോലെ ഞാൻ പഠിക്കുമെന്ന്! എനിക്കെന്താ കുറവ്? അച്ഛനു ജോലിയുണ്ട്. എന്റെ ദേഹത്ത് ഒരു ഇലപോലും പറന്നു വീഴിക്കുകയില്ലെന്ന്!...........ഇതിൽ കൂടുതലായി എനിക്കെന്തു ഭാഗ്യം വരുവാനുണ്ട് (കണ്ണുകൾ നിറയുന്നു.) അച്ഛന്റെ വാത്സല്യമാണെനിക്കു ശ്രേയസ്സ്. പഠിപ്പ്, അഴക്, സ്നേഹം എല്ലാമുണ്ട്: എന്തുകുറവാണുള്ളത്? ക്ലാസിൽ എല്ലാ വിഷയത്തിനും ഞാനാണ് ഒന്നാമൻ...........അല്ലാ വന്നല്ലോ അഹങ്കാരം: എനിക്കുതുല്യനായി ആരുമില്ലെന്ന്!...............കഴുതപോലെ വയസ്സു പതിന്നാലായി. മട്രിക്കുലേഷൻ ജയിക്കുവാൻ എനിക്കു സാധിച്ചിട്ടില്ല.” ഈവിധം തന്നെത്താൻ പൊറുപൊറുത്തു. അല്പനേരം കഴിഞ്ഞു വീണ്ടും ആരംഭിച്ചു “കല്യാണം തലയിലായി. വേഷ്ടി ‘പഞ്ചകച്ഛ’മായുടുത്ത് ദേഹമെല്ലാം കുളഭവും പൂശി, താംബൂലത്താൽ ചിറിയും ചുവപ്പിച്ച് ഡമ്മെന്ന്,.... ഹരിയോ ഹരി! ഭഗവാനേ! ഇക്കല്യാണം കുറവൊന്നും കൂടാതെ നടത്തിക്കണമേ! അഞ്ചു തേങ്ങാവാങ്ങി ഞാൻ ഭഗവൽസന്നിധാനത്തിൽ എറിയാം. ഇനിയും കഴിയണം ദിവസങ്ങൾ പത്ത്. ഇന്ന് നേരംപോയി. അതിനാൽ ഒൻപതുദിവസം കണക്കാക്കിയാൽ മതി.”

കാലം വസന്തമാണ്. ഇളംതെന്നൽ മന്ദമായി വീശി. ബാലചന്ദ്രൻ ഉയർന്നുപൊങ്ങുന്നുണ്ട്. പാലൊളിനിലാവ്

അമൃതതുല്ല്യം അവിടെയെല്ലാം പരന്നു. അതു് ആവോളം പാനം ചെയ്തു് ശ്രീനിവാസൻ പുളകംപൂണ്ടു. "ഹാ. എന്തൊരാനന്ദം. ഈ ഏകാന്തതയിലുള്ള സുഖം." ഇങ്ങനെ അവൻപറഞ്ഞുകൊണ്ടു നില്ക്കവേ സുബ്ബരായൻ അവിടെ എത്തി. ശ്രീനിവാസൻ കൂട്ടുകാരൻ വന്നതേ കണ്ടില്ല. സുബ്ബരായൻ;–"എന്താ വിളക്കു കത്തിക്കാതെ പുറത്തുനിന്നുകളഞ്ഞതു്" എന്നു് ചോദിച്ചു.

"കത്തിക്കാമല്ലോ. ഇവിടെ നമ്മൾക്കിരിക്കാം. വരു." എന്നു പറഞ്ഞു ചങ്ങാതിയെ അടുക്കലിരുത്തി മടിയിൽ തലയും വച്ചു് ശ്രീനിവാസൻ കിടന്നു. അവൻ പറഞ്ഞു "ഇതാനോക്കു, ഈ ഇളംചന്ദ്രിക എന്തഴകായിരിക്കുന്നു. ഈ മന്ദപവനനും, ഉതിർന്നു വീഴുന്ന പൂക്കളും, ചോലമരങ്ങളും എന്റെ മനസ്സിനെ ആഹ്ലാദിപ്പിക്കുന്നു. എന്തു സൗന്ദര്യമാണീ രാത്രിക്കു്! ഓടിച്ചാടി നടക്കുവാൻ കൊതിപെരുകുന്നു. നീ കണ്ടോ? തെരുവുകളിൽ കഴുതകൾ ഓടിനടക്കുന്നു. അവകൂടി ഈ ചന്ദ്രിക ആസ്വദിക്കുകയാണു്. ഓടിപ്പാടിനടന്നാലെന്തു്? ആയിരം മാമ്പഴം തിന്നാലും ഇത്ര സുഖം കിട്ടുമോ? അതാ, മരക്കൊമ്പിലിരുന്ന പക്ഷികൾ ചിലയ്ക്കുന്നു. അവററകൾ "ചലുപില" ശബ്ദമുണ്ടാക്കുകയാണെങ്കിലും അതിനുമീചന്ദ്രികയിൽ ഒരഴകു പ്രത്യേകമുണ്ടു്. ആ പൊയ്കയിലേക്കു കണ്ണോടിക്കു: ചെറുകല്ലോലങ്ങളെ പൂനിലാവു് തഴുകുന്നു, കിക്കിളിയിടുന്നു, ചുംബിക്കുന്നു. നമ്മൾക്കു് ഓടിപ്പാടിക്കളിക്കാം. നീ ഓടു്; ഞാൻ പാടാം. അല്ലെങ്കിൽ നീ പാടു്; ഞാൻ ആടാം. "ഇരവിൻ ജ്യോതിയേ" എന്ന പാട്ടു നീ പാടു. ഈവിധം ശ്രീനിവാസൻ ആനന്ദതാണ്ഡവം ചെയ്തു. സുബ്ബരായൻ അതു പ്രോഷിപ്പിച്ചു "ശരിതന്നെ രസികൻ നിലാവു്. നിന്റെ കല്ല്യാണത്തിനുള്ളതാണു്. തെളിഞ്ഞു തെളിഞ്ഞു വരുന്നതു നിന്റെ 'പട്ടണപ്രദിക്ഷണ'ത്തിനുവേണ്ടിയാണു്. നീ ഉത്സാഹമായി അന്നു പല്ലക്കിൽ ഇരിക്കുമ്പോൾ എന്നെപ്പററി ഒരോർമ്മകൂടിയുണ്ടായിരിക്കുകയില്ല."

"എന്തു്; ഞാൻ നിന്നെ മറക്കുമെന്നോ? നിന്നെ വിട്ടിട്ടു നിക്കു സന്തോഷമായിരിക്കാമെന്നോ! നീയല്ലാതെ എനിക്കു്

മനമൊത്ത ചങ്ങാതി വേറുണ്ടോ?" ശ്രീനിവാസന്റെ കണ്ണുകൾ നിറഞ്ഞു.

"ഞാൻ കളിയായിട്ടു പറഞ്ഞതല്ലേ! അതു കാര്യമാക്കിയോ?" സുബ്ബരായൻ ചോദിച്ചു.

ശ്രീനിവാസൻ:—"ഒരു വിശേഷം കേട്ടോ? നെല്ലിക്കുപ്പത്തു കാമാക്ഷിചെറുകുളത്തു് പോയിരുന്നു. എനിക്ക നിശ്ചയിച്ചിരിക്കുന്ന പെണ്ണിനെ കാമാക്ഷിഅമ്മയുടെ ചിററമ്മയുടെ ചേട്ടന്റെ മകനു കല്യാണം കഴിക്കണമെന്നു്! പക്ഷെ പെണ്ണിനു് വാശി. അവൾ എന്നെയല്ലാതെ മററാരെയും കല്യാണം കഴിക്കുകയില്ലെന്നു."

സുബ്ബരായൻ:—"ഇപ്രായത്തിലേ അവളുടെ പഠിപ്പു്! എന്തു സ്നേഹം!"

ശ്രീനിവാസൻ പുളകമണിഞ്ഞു—"ഹാ, അവളെ എനിക്ക കിട്ടിയാൽ ഞാൻ ഭാഗ്യശാലിതന്നെ!"

ശ്രീനിവാസൻ എത്ര ബുദ്ധിശാലിയാണെങ്കിലും അവൻ വെറുമൊരു കൊച്ചുകുട്ടിമാത്രമാണു്. ഭാര്യ എന്നാൽ 'പാക്കുതന്ന ഭാഗ്യവതി, പുഷ്പംതന്ന പുണ്യവതി; ചന്ദനം നല്കിയ സരസ്വതി' ഇതൊക്കെയാണെന്നുള്ള അറിവേ അവനുള്ളൂ. ദിവസങ്ങൾ നീങ്ങുന്നില്ല. പത്തുദിവസങ്ങൾ പത്തുയുഗങ്ങളായി സാവധാനം നീങ്ങുകയാണെന്നവനുതോന്നി. നേരം വെളുത്താൽ അവൻ പറയും "പൊല്ലാപ്പകലേ പോകനീപഴതേ" എന്നു. അസ്തമിച്ചിരുട്ടുമ്പോൾ മന്ത്രം മാററും "ചെല്ലാളുരുവേ, ചിറുകാളുരുളേ." എന്നാകുമതു്. സ്കൂൾകാര്യങ്ങളും കല്യാണചിന്തകൾക്കടിയിലായി. കണക്കും വ്യാകരണവുമൊക്കെ കല്യാണം കഴിഞ്ഞു നോക്കാമെന്നുറച്ചു മാററിവച്ചിരിക്കയാണു്. അവനും സുബ്ബരായനുംകൂടി അധികസമയവുംപഞ്ചാംഗംനിവർത്തിവച്ചു് പൊരുത്തങ്ങൾ പരിശോധനയാണു്. അങ്ങനെ നാഴികകൾ ഓരോന്നായിക്കഴിഞ്ഞു് ദിവസം എട്ടുതള്ളിവിട്ടു. അന്നു രാവിലെ ശ്രീനിവാസന്റെ വീട്ടിൽ ഇരുപത്തിഅഞ്ചു വണ്ടികൾ വന്നുനിന്നു; ചെറുക്കനും പാർട്ടിയ്ക്കും ചെറുകുളത്തിനു പോകുവാൻ.

# 9

## കല്ലളിയും കപ്പിപ്പാട്ടിയും

മുത്തുസ്വാമി അയ്യർ വലിയ ഒരു പണക്കാരനാണെന്ന് നാം ഇതിനുമുമ്പ് പലപ്രാവശ്യം സൂചിപ്പിച്ചിട്ടുണ്ട്. കുടുംബ ഭാഗം നടന്ന കാലത്ത് അദ്ദേഹത്തിന് 50000 രൂപയാണ് വീതപ്രകാരം കിട്ടിയത്. അതിനുശേഷം അദ്ദേഹം ചില വലിയ വ്യാപാരങ്ങളിലെല്ലാം ഇറങ്ങി, അവ ഭംഗിയായി നടത്തി മുതൽ വർദ്ധിപ്പിച്ചു. ഏതാനും വർഷങ്ങൾകൊണ്ട് അൻപതിനായിരം അദ്ദേഹം ഒരു ലക്ഷത്തി അൻപതിനായിരമാക്കി. ആ നാട്ടിൽ മുത്തുസ്വാമി അയ്യരെ ജയിക്കാൻ പണക്കാരില്ലാ എന്ന വിശ്വാസം പൊതുവെ പരന്നു. അദ്ദേഹം ദാനധർമ്മങ്ങളിൽ അതീവ താല്പര്യം പ്രദർശിപ്പിച്ചിരുന്നു. ഇത്ര അറിവും ബുദ്ധിയും ഒത്തുചേർന്ന് മററാരും അവിടങ്ങളിൽ ഇല്ലെന്നാണ് പൊതുജനാഭിപ്രായം. അദ്ദേഹത്തിന്റെ കൈകൊണ്ട് സമ്മാനം വാങ്ങുക എന്നത് വിദ്വാന്മാർക്കൊരഭിമാനമായിത്തീർന്നു. ചെറുകുളത്തും ചുററുമുള്ള ഗ്രാമങ്ങളിലും മുത്തുസ്വാമി അയ്യരുടെ വീട്ടിലെ കല്യാണക്കാര്യമാണ് ഓരോ വീട്ടിലും പകലും രാത്രിയിലുമുള്ള പ്രധാന സംസാരവിഷയം.

മേലേപ്പാളയം ഗ്രാമത്തിൽ രാമസ്വാമി അയ്യർ എന്ന ഒരു ബ്രാഹ്മണൻ ഊണുംകഴിഞ്ഞ് അയാളുടെ വീടിന്റെ തിണ്ണയിൽ ഇരുന്ന് വെററില മുറുക്കുകയാണ്. ആ സമയം വീട്ടുതിണ്ണയിൽ ഇരിക്കുന്നതാരെന്നറിവാൻ മുറുക്കുവാനെടുത്ത വെററിലയും കയ്യിൽ പിടിച്ച് ഉടുത്തിരിക്കുന്ന വേഷ്ടിത്തുമ്പ് നിലത്തു മുട്ടാതെ കയ്യിൽ തൂക്കി അപ്പയ്യാദീക്ഷിതർ അവിടെ വന്നു. അദ്ദേഹത്തെ കണ്ടയുടൻ രാമസ്വാമി അയ്യർ ക്ഷണിച്ചു, "വരൂ, വരൂ" എന്ന്. ദീക്ഷിതരും വന്ന് 'ആവൂ' എന്ന ദീർഘശ്വാ

സന്തോടെ അടുത്തിരുന്നു. അയ്യർ കുശലം പറഞ്ഞു. "ഊണു കഴിഞ്ഞോ ഉള്ളു." "ഞാനും." ദീക്ഷിതരും ഒത്തുപറഞ്ഞു. രണ്ടുപേരും മൗനം. ഒട്ടുകഴിഞ്ഞു രാമസ്വാമി അയ്യർ—"തീയതി ഇന്നു 13 ആയെന്നു തോന്നുന്നു. ചെറുകുളത്തിനെപ്പോഴാണെന്തോ യാത്ര? നിങ്ങൾ വരുന്നില്ലേ?"

ദീക്ഷിതർ വെററില മുറുക്കിക്കൊണ്ടു്: "ഞാൻ വരുന്ന കാര്യം അല്പം സംശയത്തിലാണു്. ശനിയാഴ്ച നാശംപിടിക്കാനൊരു ശ്രാർദ്ധം വന്നിരിക്കുന്നു. അല്ലായിരുന്നു എങ്കിൽ ഞാനും കൂട്ടമായിരുന്നു യാത്രയിൽ.

അയ്യർ:—"അതു കഷ്ടമാണല്ലോ. ഇങ്ങനെ ഒരു കല്യാണം അടുത്തെങ്ങും നടക്കുകയില്ല. മൂവായിരം രൂപായാണു് മാററി കെട്ടിവെച്ചിരിക്കുന്നതു്. കീവളൂർ കന്തൻെറ മേളം. അയാൾക്കു് 200 രൂപായാണു പറഞ്ഞു സമ്മതിച്ചിരിക്കുന്നതു്. പാട്ടുകച്ചേരി രാഘവയ്യരുടെ. വലിയ വൈത്തിയുമുണ്ടു്. അവർതമ്മിലൊന്നിടയും. കേൾക്കേണ്ടതുതന്നെയാണു്. ഇത്രമാത്രമോ? ഗോവിന്ദസ്വാമിയുടെ മൃദംഗം. ഫിഡിൽ നടരാജനമെത്തിയിട്ടുണ്ടു്. ഇതെല്ലാം സാധാരണയായിരിക്കും. പക്ഷേ പിന്നേയുമുണ്ടു്. തിരുവാരൂർ രാജലക്ഷ്മിയുടെ സദിർ."

വെററില വായിലിട്ടതു ചവച്ചിറക്കിക്കൊണ്ടു് ദീക്ഷിതർ "നടത്തരുതോ, അദ്ദേഹത്തിനെന്താ! ലക്ഷപ്രഭു. ഒരേ ഒരു പെണ്ണല്ലേ? അതിനു കല്യാണം."

അയ്യർ:—"നിങ്ങൾ മാത്രം വരുന്നില്ലല്ലോ.

ദീക്ഷി:—"എനിക്കു് നിങ്ങളേക്കാൾ ആഗ്രഹമുണ്ടു്, കല്യാണത്തിൽ കൂടുവാൻ. ആശകൊണ്ടു് കാര്യം നടക്കുമോ? ഈ മാരണംപിടിച്ച ശ്രാർദ്ധം സമയംനോക്കി വന്നു കഴുത്തിറുക്കിക്കളഞ്ഞു........നോക്കട്ടെ. 18—ാംനു- അല്ലേ മുഹൂർത്തം? 18—19—20—21—22—ാംനു-വരെ കല്യാണം. ശ്രാർദ്ധം 19—ാംനു-. അതു് വല്ലവിധവും തൊലച്ചു് അന്നുതന്നെ രാത്രിയിൽ പുറപ്പെട്ടാൽ 20—ാംനു- രാവിലെ അ

വിടെ എത്താം. നോക്കട്ടെ, അങ്ങനെ സാധിക്കാമോ എന്നു്."

"ശരിതന്നെ. അങ്ങനെതന്നെയാകട്ടെ. ഞാൻ 16–ാംനു പുറപ്പെടുകയാണു്."

ഇതങ്ങനെ ഇരിക്കെ, തെങ്കര എന്ന മറെറാരു ഗ്രാമത്തിൽ സുബ്രഹ്മണ്യസ്വാമി കോവിലിൽ 'കുട്ടപ്പെരുച്ചാഴി' എന്ന അപരനാമധേയത്താൽ അറിയപ്പെട്ടുന്ന മുത്തുവും 'കല്ലുളി' എന്നും, ചിലർ 'കട്ടപ്പാര മിഴങ്ങി' എന്നും വിളിക്കാറുള്ള സുബ്ബയ്യനും കാലണ മേൽവെച്ചു് 'അമിട്ടു്' അടിച്ചു കളിക്കുകയായിരുന്നു.

സുബ്ബയ്യാ പറഞ്ഞു:–"ഇനി ഒരു വട്ടംകൂടി ചീട്ടിടാം. വൈമോളേ വെയ്."

"എടാ! ഞാൻ തോറെറന്നാണു് തോന്നുന്നതു്. ഇനി കാശിടാനില്ല. ഒരു രൂപാ പോയെന്നാണു് തോന്നുന്നതു്" എന്നു മുത്തു.

"ഒരുരൂപാക്കൂടിട്ടു്. ഇതോടെ നിർത്താം." എന്നു് പെരിച്ചാഴി.

"ഒരു രൂപാ! ഇല്ല. എൻെറ കൈയ്യിലില്ല. ഒരു രൂപാ ഉണ്ടെങ്കിൽ ചെറുകുളം മുത്തുസ്വാമി അയ്യരുടെ വീട്ടിൽ കല്യാണത്തിനു പോകാം. തിരുവാരൂർ രാജമ്മയും മററും വരുന്നുണ്ടു്. അതിനു ചെലവഴിക്കാതെ നിനക്കു ചന്ദനംപൂശുവാൻ തന്നേക്കാം. പണം! ഉം പേടിക്കണ്ട, ചീട്ടിടു."

വീരപാണ്ഡ്യം എന്ന വേറിട്ടൊരു ഗ്രാമത്തിൽ കുറെ ബാലന്മാർ, മാതാപിതാക്കന്മാരറിയാതെ ചെറുകുളം ഗ്രാമത്തിൽ കല്യാണത്തിനു പോയി തിരികെ എത്തുന്നതിനുള്ള പദ്ധതികൾ ഗൂഢാലോചനകൾ ചെയ്തുറച്ചതിൻപടി അവിടെയുള്ള കാളി അമ്മൻകോവിൽ നടയിൽ ഓരോരുത്തരായി വന്നു ചേർന്നു. "നിൻെറ വീട്ടിൽ അറിഞ്ഞു വഴക്കുണ്ടാക്കിയോ? നിനക്കു നടക്കാൻ വിഷമമാണു്. വീട്ടിൽ പോകൂ." ഇങ്ങനെ പറഞ്ഞു് ബുദ്ധിമാനെന്നു് പരക്കെ സമ്മതിക്കപ്പെട്ട കാമേശ്വരൻ എന്ന പയ്യനെ തിരികെപ്പറഞ്ഞയച്ചു. അവൻ തിരികെപ്പോ

യി; പക്ഷേ വീട്ടിലേക്കല്ല. വാദ്ധ്യാരായ നാഗേശ്വരസാറിന്റെ വീട്ടിൽ അവനെത്തി ഉണ്ടായ കാര്യമെല്ലാം അവൻ സാറിനെ ധരിപ്പിച്ചു. ശാപ്പാടിന്ന് ഇലയുടെ മുമ്പിൽ ഇരുന്ന വാദ്ധ്യാർ ഉണ്ണാതെ ഒററമുണ്ടോടുകൂടെ കാളിയമ്മൻ കോവിലിലേക്ക് അതി വേഗം നടന്നു. സാറിനെക്കാണാത്ത താമസം, കുട്ടികൾ ചെറു കുളത്തേക്കുള്ള വഴിയെ ഓട്ടംതുടങ്ങി. സാർ വിളിച്ചുകൂവി "എടാ പിള്ളേരെ, മര്യാദയ്ക്കു തിരിച്ചുവരികയാണു നന്ന്. ആ രും ഓടരുത്. മര്യാദയായി തിരിച്ചുവന്നാൽ ഞാൻ ക്ഷമിക്കാം. ആരെയും അടിക്കാതിരിക്കാം. പോകുന്നവന്റെ എല്ലാം തൊലി ഞാൻ പൊളിക്കും. പോരിൻ. തീർച്ചയാണോ വരില്ലെന്ന്?" അദ്ദേഹം പുറകെ ഓടി. കുട്ടികളെല്ലാവരും ചേർന്ന് "തീർച്ച തന്നെ, തീർച്ച; തീർച്ച." എന്നും വിളിച്ചുപറഞ്ഞുകൊണ്ടു വേഗതകൂട്ടി ഓടി. ഈവിധം സാറും കുട്ടികളും അരമൈലോളം ഓടി. വിശപ്പുമൂലം സാറു തളർന്നു. അദ്ദേഹത്തിനൊരടി വയ്ക്കു വാനാകാതെയായി. ഒരു തടിയിലടിച്ച് വാദ്ധ്യാർ നിലംപ തിച്ചു. ഓട്ടത്തിനിടയിൽ തിരിഞ്ഞുനോക്കിയ ചില കുട്ടികൾ സാറിന്റെ അധഃപതനംകണ്ടുത്സാഹം വർദ്ധിച്ചു കൂവിപ്പറഞ്ഞു "ഹോയ് ഹോയ്, തിരികെ പൊയ്ക്കോളു" എന്ന്. അവർ കൂട്ട മിട്ടാർത്ത് ഓടിമറഞ്ഞു. അവർ അന്നു രാത്രി ഒരു സത്രത്തിൽ തങ്ങി ക്ഷീണം മാററി വെളുപ്പിനെഴുനേററു നടന്ന് പിറെറ ദിവസം പത്തുമണിയോടുകൂടെ ചെറുകുളത്തിലെത്തി. പാവം, വാദ്ധ്യാർ. അദ്ദേഹത്തിന്റെ കാലിടറി. ഞൊണ്ടിഞൊണ്ടി ഒരു വിധം വീട്ടിലെത്തി. കാലു വേദനിക്കുമ്പോഴെല്ലാം കുട്ടികളെ ശപിക്കും "കഴുതകൾ, അവർ കാരണമാണെനിക്കിതു പിണഞ്ഞ ത്. ഞാൻ വിളിച്ചിട്ടവർ പുല്ലോളം ബഹുമാനിച്ചില്ല. ശനി കൾ. വരട്ടിങ്ങു്, ഞാൻ കാണിച്ചുകൊടുക്കാം." എന്നെല്ലാം പറ ഞ്ഞ് ബാലന്മാരുടെ തിരിച്ചുവരവും കാത്തുകാത്ത് കാലുംതി രുമ്മി സാർ സമയം കഴിച്ചു.

ചെറുകുളത്തിനടുത്തായി കടികന്നൂർ, കുള്ളപ്പുറം, വിരു തക്കപ്പട്ടി, ചോരന്നൂർ മുതലായ വലിയ ഗ്രാമങ്ങളുണ്ടു്. പര ദൂഷണം, വെടിപറച്ചിൽ, ദാസ്യവൃത്തി മുതലായ ഉദ്യോഗങ്ങ

ളാണ് അവിടെയുള്ള പൗരന്മാരുടെ പ്രധാനതൊഴിൽ. മുത്തുസ്വാമി അയ്യരുടെ വീട്ടിലെ കല്യാണം അവർ നോക്കിനോക്കി ഇരിക്കുകയാണ്. വീടുകളിൽചെന്ന് ഓരോരുത്തരും ഭാര്യയോടു പറയും "എടിയേ, കല്യാണത്തിന്ന് ഇനിയും പതിനഞ്ചു ദിവസമുണ്ട്. നീ വീടു സൂക്ഷിച്ചോണം. എന്താ ഏറേറാ?" ആ മഹാബ്രഹ്മണർ ഉദ്യോഗചിഹ്നങ്ങളായ രുദ്രാക്ഷമാല, ഭസ്മം, തൊപ്പി, മടിസഞ്ചി. മുതലായവ എടുത്ത് കല്യാണത്തിന്ന് ഒരാഴ്ചമുമ്പുതന്നെ ചെറുകുളത്തേക്കു യാത്രയായി. ഓരോരുത്തരും അവരവരുടെ ബന്ധുക്കളേയും ഇഷ്ടമിത്രപരിവാരങ്ങളേയും പ്രത്യേകമായി വിളിച്ചുവരുത്തി ചെറുകുളത്തേക്കു കൂട്ടിക്കൊണ്ടുപോയി.

ഈവിധത്തിൽ ചെറുകുളത്തിനു ചുററുമുള്ള ഗ്രാമങ്ങളിൽനിന്നും ചെറുകുളത്തേക്ക് തുടർച്ചയായ ഒരു ജനപ്രവാഹമാരംഭിച്ചു. കല്യാണക്കാര്യം പറഞ്ഞു സമയം കഴിച്ചു, മുഹൂർത്തദിവസം അടുക്കുന്നില്ലല്ലോ എന്ന് ശപിച്ചുകൊണ്ടിരുന്ന ദിഗ്വാസികൾ മുഹൂർത്തദിവസത്തിന്ന് ഒരാഴ്ചമുമ്പുതന്നെ യാത്രതിരിച്ചുതുടങ്ങി. കുഞ്ഞുകുട്ടികളുൾപ്പടെ സർവ്വമാനപേരും ആഘോഷത്തിൽ പങ്കുകൊള്ളാൻ വെമ്പൽകൊണ്ടു. ഗ്രാമവീഥികൾ വണ്ടികൾകൊണ്ടു നിറഞ്ഞു് മനുഷ്യസഞ്ചാരത്തിനുപോലും / വിഷമതവരുത്തി. ധാരമുറിയാാത വന്നുകൊണ്ടിരുന്ന ജനപരമ്പരയാൽ ആ ചെറുഗ്രാമം നിറഞ്ഞു. ഓരോ വീട്ടിലും നാല്പതമ്പതുപേർ വീതം വിരുന്നുകാരുണ്ട്. ജനാവലിയാൽ ഇരമ്പിത്തിരതല്ലുന്ന ഒരു മഹാസമുദ്രമാണാച്ചെറുഗ്രാമമെന്നു് ആർക്കും തോന്നിപ്പോകും.

'ചെറുക്കൻ' കൂട്ടരുടെ ഇഷ്ടമിത്രബന്ധുപരിവാരങ്ങൾതന്നെ ഒരു വൻപടയ്ക്കുണ്ട്. കൂലിക്കുപിടിച്ചിരുന്ന വണ്ടി 25 മാത്രമേയുള്ളു. അതിനാൽ ശിരസ്തദാർ നാരായണയ്യരുടെ പെട്ടിവണ്ടിയും, കൃഷ്ണയ്യരുടെ രണ്ടുവണ്ടിയും, തഹസിൽദാർ കുപ്പുസ്വാമി അയ്യരുടെ (സുബ്ബരായൻെറ അച്ഛൻ) പെട്ടിവണ്ടിയും കളക്ടരുടെ കുതിരവണ്ടിയും ഇങ്ങനെ മൊത്തം 30 വണ്ടിയിലുമായി, കൂടിയ ആളുകളെല്ലാം കയറി പ്രഭാതത്തിനുശേഷമുള്ള 'നല്ലനേരം' നോ

ക്കി യാത്ര ആരംഭിച്ചു. ആ ഘോഷയാത്ര മന്ദംമന്ദം നീങ്ങിയതും, രാത്രി ഇരുളേറിയിരുന്നതിനാൽ 'റാന്തൽ'കത്തിച്ചുപിടിച്ച് കൃഷ്ണയ്യർ വണ്ടിക്കാർക്ക് പാതകാണിച്ചുകൊടുത്തതും, കള്ളന്തുരെന്ന ഗ്രാമത്തിലെത്തിയപ്പോൾ എല്ലാവർക്കും ഭയം തുടങ്ങിയതും, അടുത്തുള്ള തോപ്പിൽകൂടി പോകുമ്പോൾ എല്ലാവരും "ശ്.... മിണ്ടരുത്, ശബ്ദം" എന്ന് വാപൊത്തി ശബ്ദമുണ്ടാക്കാതിരിക്കുവാൻ ആംഗ്യം കാണിച്ച് ഗതി സാവധാനമാക്കിയതും, ഇരുളിൽ കാണുന്ന മരങ്ങളെകണ്ട് കള്ളന്മാർ പതുങ്ങിനില്ക്കുകയാണെന്ന് സംശയിച്ച് പേടിച്ചുവിറച്ചതും, കള്ളന്തുരുകഴിഞ്ഞ ഉടൻ ആഹ്ലാദത്തോടെ എല്ലാവരും കൂടി 'ജേ' ആർത്തതും, രാത്രിയിൽ ആപത്തൊന്നും വരുത്താതിരുന്നതിന് വനദേവതാ ക്ഷേത്രത്തിലെല്ലാവരുമിറങ്ങി വന്ദിച്ചതും അതിനടുത്തദിവസം ഒരു പുഴവക്കിൽ കൂടാരമടിച്ച് അവിടെ ഇറങ്ങിക്കുളിയും ഭക്ഷണവുംമെല്ലാം നടത്തിയതും, ആററിലേക്കു ചാഞ്ഞുലഞ്ഞുനിന്നിരുന്ന വൃക്ഷനിരകണ്ട് ശ്രീനിവാസൻ ആശ്ചര്യപ്പെട്ടതും, അവയുടെ നിഴലുകൾ നദീമദ്ധ്യത്തിൽ ആടുന്നതുകണ്ട് ആ ബാലൻ അവ കുരങ്ങുകളാണെന്ന് സംശയിച്ചതും, കുരങ്ങുകളെപ്പോലെ വൃക്ഷശിഖരങ്ങളിൽ ഓടിക്കളിക്കുന്നതിനുള്ള ആഗ്രഹം അവൻ സുബ്ബരായനോടു പറഞ്ഞതും, വിശ്രമാനന്തരം വീണ്ടും യാത്രതുടർന്നതും പൊന്നുരുകുന്ന തീവെയിലിൽ ആ കൂട്ടം ചെറുകുളത്തുവന്നു ചേർന്നതുമെല്ലാം വിസ്തരിക്കേണ്ട ആവശ്യമേയില്ല.

സംബന്ധികൾ വണ്ടിയിൽനിന്നിറങ്ങി അവരവർക്കായി ഒരുക്കിയിരുന്ന വാസസ്ഥലങ്ങളിൽ വിശ്രമിച്ചു. മണവാളനെ കൊണ്ടുപോകുന്നതിനായി ഒരിരട്ടക്കുതിരവണ്ടി ഒരുക്കി നിർത്തിയിട്ടുണ്ട്. കല്യാണ ആവശ്യത്തിലേക്ക് മുത്തുസ്വാമി അയ്യർ ഒരു ജെമിന്ദാരോട് വാങ്ങിയ ആ വണ്ടി ചെറുകുളം വാസികളെ അതിശയപ്പിച്ചു. ഇരട്ടകുതിരവണ്ടി കാണുവാനായി നാട്ടുകാർ തടിച്ചുകൂടി. അവിടെ ഇങ്ങനെ ഒരു സാധനമില്ല. ആ വണ്ടി വന്നുനിന്നയുടനെ ശ്രീനിവാസൻ അതിൽ കയറി പുതുമണവാള പ്രൗഢിയോടെ ഇരുന്ന് ചുററുപാടുമുള്ള ജനങ്ങളെ നോക്കി വന്ദിച്ചു. അവന്റെ മാതുലഗൃഹത്തിലേക്കാണ്

വണ്ടി പോയതു്. അവിടെ ഇറങ്ങി 'മണവാളനു'വേണ്ടി തയ്യാറാക്കിയിരുന്ന മുറിയിൽചെന്നു് ശ്രീനിവാസൻ ക്ഷീണനായിക്കിടന്നു. മുറപ്രകാരം, പെരിയവാദ്ധ്യാരും, മററു വേദിയരും വേണ്ടപ്പെട്ട മററുള്ളവരും വന്നുചേർന്നു. കീവള്ളർ കന്തൻ വാദ്യമേളമാരംഭിച്ചു. ശുഭമുഹൂർത്തത്തിൽ താലികെട്ടു നടന്നു.

മുഹൂർത്തം കഴിഞ്ഞ ഉടൻ ദമ്പതികളെ ആശംസിക്കുവാൻ വേണ്ടപ്പെട്ടവർ കൂടിനില്ക്കുകയാണു്. അപ്പോഠം കേഠക്കാം പുറത്തുനിന്നൊരു മുറവിളി. "അയ്യോ! അയ്യോ! നീ മുടിഞ്ഞുപോകും. നിൻെറ കൈമുറിച്ചു് അടുപ്പിൽ വയ്ക്കണം. നീ ചുടലകേറട്ടെ; പുകഞ്ഞുകരിഞ്ഞു വെണ്ണീറായിപ്പോ. നിൻെറ അച്ഛനും, അമ്മയും അപ്പൂപ്പനും അമ്മാവനും അമ്മായിയും അളിയനും അനിയനും എല്ലാം മുടിഞ്ഞുപോകുമെടാ! അയ്യോ! അയ്യോ!" ഇതുകേട്ടു് സംഭ്രാന്തിപൂണ്ടു് ആളുകഠം ഓടി പുറത്തുവന്നു. "പോടീ, ഇവിടെനിന്നും, അങ്ങോട്ടെഴനേററുപോ. അല്ലെങ്കിൽ നിന്നെ ഇവിടം മുതൽ വലിക്കും. കുത്തെടാ, വെട്ടെടാ, തള്ളെടാ മയ്യാദയ്ക്കു പോകുന്നോ ഇല്ലയോ? നീ വെറുതെ ഇടിപിടിക്കരുതു്." ഇപ്രകാരം കയർത്തു് സംസാരിക്കുന്ന ഒരാഠം കൂട്ടത്തിൻെറ മദ്ധ്യത്തിലായി കാലുനീട്ടി, ഒരുവശം ചരിഞ്ഞു്, തറയിൽ നോക്കിക്കുനിഞ്ഞു്, ഉടുതുണിയുടെ സ്ഥാനഭ്രംശത്താൽ നഗ്നമാക്കപ്പെട്ട മൊട്ടത്തലയും കിഴട്ടുമാറും പ്രദർശിപ്പിച്ചു്, നെഞ്ചത്തും തലയിലും മാറിമാറി അടിച്ചുംകൊണ്ടു് താടകപോലാകാരമുള്ള ഒരു കറുത്തിരുണ്ട കിഴവി സപ്തലോകങ്ങളും പിളർക്കുമാറു് "അയ്യോ" എന്നു മുറവിളിക്കുന്നതു അവിടെ അവർക്കു കാണാമായിരുന്നു. അവഠക്കു് 80 വയസ്സിൽ ഒട്ടും കുറയുകയില്ല. ചെറുകുളത്തിലെ മഹിളാസമാജത്തിൽ ആത്മാർത്ഥതയോടെ ജോലി ചെയ്തുവരുന്ന ആ കിഴവി വഴക്കുണ്ടാക്കുന്നതിനും, മാദ്ധ്യസ്ഥം വഹിക്കുന്നതിനും നാട്ടുവാർത്തകഠം പരത്തുന്നതിനും കുപ്രസിദ്ധയായിരുന്നു.

ഒരുകാലത്തു ചെറുകുളം മഴയില്ലാതെ വരണ്ടു് സസ്യാദികഠം മുഴുവൻ കരിഞ്ഞു് ജനങ്ങഠം വളരെ ബുദ്ധിമുട്ടി. ഭൂനികുതി ഇളവുചെയ്തു കിട്ടേണ്ടതാണെന്നു് നാട്ടുകാർ ഒത്തുചേർന്നു

സർക്കാരിലേക്ക് അപേക്ഷ അയച്ചു. തുലോം മോശമായ ഖജനാവിന്റെ നിലപാടുനോക്കി തഹശീൽദാർ തീരുമാനം ചെയ്തു: ഹർജി തള്ളിക്കൊണ്ടു്. ജനങ്ങൾ വളരെ സാഹസം പറഞ്ഞിട്ടും അദ്ദേഹം അതു ചെവിക്കൊണ്ടില്ല. അങ്ങനെ ഇരിക്കുമ്പോൾ ഒരു ദിവസം അദ്ദേഹത്തിന്റെ ഭാര്യ ആററുകരയിൽ വന്നു. അവിടെ നിന്നിരുന്ന നമ്മുടെ കിഴവി മുഖം കടിച്ചുപറിക്കുവാനോ എന്നു തോന്നുമാറു് ആ സ്ത്രീയുടെ അടുത്തുചെന്നു് മുഖത്തോടുമുഖമടുപ്പിച്ചു് സൂക്ഷിച്ചുനോക്കിച്ചോദിച്ചു "നീയാരമ്മാ? ഇവിടുത്തെ തഹശീൽദാരുടെ ഭാര്യയാണോ? വായിലെല്ലാം ഊരു നിറഞ്ഞിരിക്കുകയാണു്. നിങ്ങളും സന്താനങ്ങളും സുഖമായിരിക്കട്ടെ." ആ സ്ത്രീ പേടിച്ചുപോയി. അവൾ നേരെ വീട്ടിലേക്കു നടന്നു ഭർത്താവിനോടുണ്ടായ വാർത്തകൾ പറഞ്ഞു. നാട്ടുകാരുടെ പച്ചത്തിനും വിരോധത്തിനും കാരണമുണ്ടാക്കിയതിൽ അദ്ദേഹത്തിനും ഭയംതോന്നി. ആ നശിച്ചനാട്ടിൽ വരേണ്ടിയില്ലായിരുന്നു എന്നുപോലും ആ ഉദ്യോഗസ്ഥനു തോന്നി. അദ്ദേഹം ആപ്പീസിൽചെന്നു് മുൻതീരുമാനം ഭേദപ്പെടുത്തി ജനഹിതത്തിനനുസരിച്ചു പുതിയ തീരുമാനം ചെയ്തു എന്നു മാത്രമല്ലാ, സർക്കാർചെലവിൽ അവിടെ ഒരു കുളം വെട്ടിക്കുകയും ചെയ്തു. ആ നാട്ടിനിത്ര ഉപകാരം ചെയ്ത കിഴവിയെ കുപ്പിപ്പാട്ടി എന്നാണു് എല്ലാവരും വിളിച്ചുവന്നതു്. സുമാർ ഇരുപതുവർഷങ്ങൾക്കു മുമ്പു് ഒരു രാത്രി കുപ്പിപ്പാട്ടി, അയൽപക്കത്തുള്ള പാപ്പാപട്ടി എന്ന വീട്ടിൽനിന്നും ഒരു വിറകുമുട്ടി കട്ടെടുത്തു. അടുത്ത രാവിലെ അതു കീറുവാനായി ആ വീട്ടിൽനിന്നുതന്നെ അരിവാളും അവൾ വാങ്ങി. ഈ മോഷണം ഏതാനും ദിവസങ്ങൾക്കുള്ളിൽ പരസ്യമായി. അന്നുമുതൽ "പാപ്പാപട്ടിയിലെ വെട്ടരുവാൾ" എന്നും ശത്രുക്കൾ അവളെ വിളിച്ചു പരിഹസിക്കാറുണ്ടു്. അവൾ തെരുവീഥിയിലൂടെ നടക്കുമ്പോൾ കുട്ടികൾ (ചിലപ്പോൾ വലിയവരും) ഇപ്പേരുവിളിച്ചു പാട്ടിയുടെ ചുററുംകൂടി ആർത്തുവിളിച്ചു് അവരെ കോപിഷ്ടയാക്കാറുണ്ടു്. പക്ഷെ തുടർച്ചയായി ഇതു കേട്ടുകേട്ടു് അവളുടെ ചെവിയും തഴമ്പിച്ചു. അവൾക്കും അതിൽ ഉത്സാഹമായി. ചിലപ്പോൾ വഴിയെവരുന്ന പാട്ടി ഒററക്കിരിക്കു

ന്ന വല്ല കുട്ടികളേയും കണ്ടാൽ അടുത്തുചെന്നു സസ്നേഹം പറയും "നീ നല്ലവനാണു്. എന്താ ഒന്നും മിണ്ടാതിരിക്കുന്നതു്" എന്നു്. അവറം നടന്നു കുറച്ചുദൂരം ചെല്ലുമ്പോറം ശാന്തനായിക്കാണപ്പെട്ട ബാലൻ ചാടി എഴുന്നേററു് "പാട്ടി, പാട്ടി, പാപ്പാപ്പാട്ടി വെട്ടരുവാറം" എന്നു് കൂവിവിളിച്ചുകൊണ്ടോടി മറയും. "നിന്നെക്കൊണ്ടുപോയിച്ചുടെടാ!" അവറം അവൻെറ നേർക്കലറും. കുസൃതിക്കുട്ടികറം അവളുടെ ചുററും ചില സമയംകൂടി വേറിട്ടൊരു 'പ്ലാൻ' എടുക്കും. ഒരുവൻ "പാട്ടീ, ഞാൻ എപ്പോഴെങ്കിലും 'പാപ്പാപ്പാട്ടി വെട്ടരുവാറം' എന്നു വിളിച്ചിട്ടുണ്ടോ?

രണ്ടാമൻ "അവൻ പാപ്പാപ്പാട്ടി എന്നു വിളിക്കുന്നതു ഞാൻ കേട്ടിട്ടുണ്ടു്."

മൂന്നാമൻ "പാട്ടി. 'പാപ്പാപ്പാട്ടി വെട്ടരുവാറം' എന്നിവർ രണ്ടുപേരും വിളിക്കുന്നതു ഞാൻ കേട്ടിട്ടുണ്ടു്.

ഇങ്ങനെ അവർ ഓരോരുത്തരും നൂറുവട്ടംവീതം ആ പേരു് അവരെ വിളിച്ചു് സത്യവാന്മാരാകും.

അവളുടെ നിലവിളികറം കേട്ടു് മുത്തുസ്വാമി അയ്യർ പുറത്തുവന്നു. പ്രഥമവീക്ഷണത്തിൽത്തന്നെ അദ്ദേഹത്തിനു സംഗതികറം മനസ്സിലായി. അദ്ദേഹം അവളുടെ അടുക്കലേക്കു് പോകുവാൻ തുടങ്ങിയപ്പോറം ജനങ്ങറം വഴിതടഞ്ഞു കൂട്ടംകൂട്ടമായി ചുററുംനിന്നു് അദ്ദേഹത്തെ വിഷമിപ്പിച്ചു. നടന്ന സംഗതികറം ഇപ്രകാരമാണു്: പതിവിൻപടി അവറം ഗ്രാമപ്രദിക്ഷണം ചെയ്തുവരികയായിരുന്നു അന്നും. കല്യാണവീടു് സമീപിച്ചപ്പോറം ഒരു പയ്യൻ അവളെ ചൂണ്ടിക്കാണിച്ചുകൊണ്ടു് അവളുടെ തുപ്പേരുരച്ചു. മുൻരീതിയിൽ അവളും ആരംഭിച്ചു. അവൻ പറഞ്ഞു "കല്യാണപ്പന്തലിനടുക്കാതെ" എന്നു്. അതു പറഞ്ഞ സമയംതന്നെ എന്തോച്ചു് അവറം "എത്ര കല്യാണം കണ്ടു! നിൻെറ കല്യാണവും കണ്ടു. ഇതാ, ഇന്നുമൊരുണ്ടൊരു കല്യാണം പോലും........!" ഇത്രയും പറഞ്ഞപ്പൊഴേക്കു് അവിടെ നിന്നിരുന്നവരിൽ ഒരുവനു് ദേഷ്യംവന്നു്. പോടീ എന്നു പറഞ്ഞു് അവളെപ്പിടിച്ചു തള്ളി. അവറം താഴെവീണു. എ-

ന്നിട്ടും ആ കിടപ്പുകിടന്നതല്ലാതെ പോകുവാനുള്ള ഭാവമൊന്നു മില്ല. ഇതു കണ്ടുനിന്ന വേറിട്ടൊരുവൻ അവളെപ്പിടിച്ചു വലിച്ച് രണ്ടടിയും കൊടുത്തു. അവൾ ഉച്ചത്തിൽ കരഞ്ഞു. അതു കേട്ടാണ് അകത്തുള്ളവർ പുറത്തെത്തിയതു്.

മുത്തുസ്വാമി അയ്യർ ബദ്ധപ്പെട്ട് അവളെ സമീപിച്ച് ചോദിച്ചു—"എന്താ, പാട്ടി, ഇതു്?"

"ആവൂ, മുത്തുസ്വാമി വന്നോ? നീ മഹാരാജാവായി വാഴട്ടെ! ഈ തെമ്മാടികളെല്ലാവരുംകൂടി എന്നെ ഇട്ടു മെതിച്ചു (കരഞ്ഞുകൊണ്ടു്) നോക്ക്, അങ്ങുമിങ്ങുമെല്ലാം എൻെറ ശരീരം കീറിമുറിഞ്ഞിരിക്കുന്നു." എന്നും പറഞ്ഞു് അദ്ദേഹത്തിൻെറ കൈ പിടിച്ചു അവളുടെ നെഞ്ചിൽ കാണിച്ചു. കൈ സാവധാനം വലിച്ചെടുത്തുകൊണ്ടു് അദ്ദേഹം പറഞ്ഞു "ദ്രോഹികൾ! നീ നല്ലവളാണ്. ബുദ്ധിശാലിനി എഴുന്നേൽക്കൂ. നല്ലസമയം തന്നെ! അകത്തേക്കുപോകൂ. നീ എന്തുചെയ്തു? നിന്നെ ഒരു കുറവും പറയാനില്ലാ." അവൾ—"എനിക്ക് 90 വയസ്സുണ്ടു്. കണ്ടവൻെറ തല്ലുകൊള്ളുവാനുള്ള കെല്പുണ്ടോ? മുത്തുസ്വാമി എൻെറ പൊന്നുംകൊടത്തു കുഞ്ഞാണ്! നീ ഇല്ലായിരുന്നു എങ്കിൽ—" അവൾ ഇതു മുഴവൻ പറയുന്നതിനു മുൻപ് മുത്തുസ്വാമി കേറിപ്പറഞ്ഞു. "പൊയ്ക്കോളൂ, നടന്ന കാര്യമെല്ലാം ഞാനറിഞ്ഞു. പോകൂ." കോപാസഹരായയിലുള്ള ഈ വാക്കുകൾ കേട്ടു് അവൾ എഴുന്നേററ് "നീ എന്തിനു കോപിക്കുന്നു. നിന്നെപ്പോലെ നല്ലവനില്ല." അദ്ദേഹം "മതി, മതി. പിന്നീടു് സംസാരിക്കാം." അവൾ കൈയ്യിലിരുന്ന തുണിക്കെട്ടുകൾ ചുരുട്ടി എടുത്തു് അവിടെനിന്നും മറുപുറത്തേക്കുപോയി. അവളെ അവിടെനിന്നും അയച്ചിട്ടു് മുത്തുസ്വാമി അയ്യരും പന്തലിലേക്കു നടന്നു.

"ഈ ദുശ്ശകുനത്തിനുള്ള കാരണമെന്തു്?" എന്നു് ശാസ്ത്രികളും കൃഷ്ണയ്യരും വ്യാകുലപ്പെട്ടുകയാണ്. രണ്ടുപേരുടേയും മുഖഭാവം കണ്ടുചിരിച്ച്, അവരുടെ മനോഗതങ്ങൾ അറിഞ്ഞു് മുത്തുസ്വാമി അയ്യർ "അകത്തുപോകാം. ഇതു സാരമില്ല. ഇവളേപ്പോലെ വേറിട്ടു രണ്ടുമൂന്നു ഭ്രാന്തികൾകൂടെയുണ്ടു് ഈ നാട്ടിൽ," എന്നു

പറഞ്ഞു. മുത്തുസ്വാമി അയ്യർ രണ്ടുമൂന്നു ദിവസം മുൻപ് ഇവൾ പൊന്നമ്മയുമായി രഹസ്യസംഭാഷണം ചെയ്യുന്നതുകണ്ടു. പൊന്നമ്മയുടെ നിർദ്ദേശപ്രകാരം ദുശ്ശകുനം സൃഷ്ടിക്കാനായി നിശ്ചയിച്ചുറച്ചു പാട്ടി വന്നതാണെന്നാണദ്ദേഹത്തിന്റെ വിശ്വാസം. മംഗല്യധാരണസമയത്തുതന്നെ അവൾ വന്നില്ലല്ലോ എന്നുള്ള സന്തോഷം അദ്ദേഹത്തിനേറെയുണ്ട്. അവളെ ഭ്രാന്തി എന്നു പറഞ്ഞതുകേട്ട് കൃഷ്ണയ്യർ പറഞ്ഞു—"അവൾ ഭ്രാന്തിയാണെന്നു തോന്നുന്നില്ല."

"അവൾക്ക് അരഭ്രാന്തേയുള്ളു. വന്ന കാര്യം വേറെയാണ്. അതു പിന്നീടുപറയാം. തഞ്ചാവൂർ രാജിന്റെ പണിയാണിതു്." എന്നു രാമസ്വാമിശാസ്ത്രി വിഷയം ഒതുക്കി.

"അവളോ! അവൾ ഇതും അപ്പുറവും ചെയ്യും. അക്കഴുതയുടെ കാര്യമെന്തിനു പറയുന്നു? എല്ലാം മീനാക്ഷി അനുഗ്രഹിക്കും. നമ്മൾക്കവളോടു പ്രാർത്ഥിക്കാം. അകത്തേക്കുപോകാം." എന്നും പറഞ്ഞു് മുത്തുസ്വാമി അയ്യർ എല്ലാവരേയും കൂട്ടിക്കൊണ്ടകത്തേക്കുപോയി.

# 10

## കല്ല്യാണ ബഹളങ്ങൾ

ആ മണിയറയിലിരിക്കുന്ന ശ്രീനിവാസൻെറ മോഹന സ്വപ്നങ്ങൾ വിവരിക്കുവാൻ ആർക്കും സാദ്ധ്യമല്ല. വികാരത്തുള്ളലുകളാൽ അവൻെറ ഹൃദയം നിറഞ്ഞു. ആഹ്ലാദത്താൽ മുഖം വികസിച്ചു. സുന്ദരിയായ ഒരു പെൺകുട്ടി അവൻെറ ഭാര്യാപദം സ്വീകരിച്ചു് അടുക്കൽ ഇരിക്കുന്നു എന്നുള്ള ഗർവ്വം മുഖത്തു വ്യക്തമായി പ്രകാശിക്കുന്നുണ്ടു്. പട്ടാഭിഷേകം പുതുതായി നടന്ന ഒരു രാജകുമാരൻെറ പ്രൗഢിയിലാണു് ശ്രീനിവാസൻെറ ഇരുപ്പു്. നട്ടെല്ലു വളയ്ക്കാതെ തല ഉയർത്തിപ്പിടിച്ചു് ഇഴകി ഇഴകിപ്പോകുന്ന ഉത്തരീയത്തെ ശരിക്കു പിടിച്ചിട്ടു് മുഖവും തലോടിയുള്ള ആ ഇരുപ്പു് കാണേണ്ടതുതന്നെയാണു്. ഇടയ്ക്കിടയ്ക്കു് അവൻ മന്ദമായി ഒന്നാടും. അതു കഴിഞ്ഞാൽ കൈവിരൽകൊണ്ടു് വായുവിൽ എഴുതും. ചിലപ്പോൾ അടുത്തിരിക്കുന്ന ചങ്ങാതി സുബ്ബരായനുമായി ഇംഗ്ലീഷിൽ വല്ലതുമൊക്കെ സംസാരിക്കും. ഹോമത്തിന്നടുത്തിരിക്കുമ്പോൾകൂടി കണ്ണിൽ വെള്ളം വരാത്ത ശ്രീനിവാസനു് അകാരണമായി കണ്ണീർ പൊടിച്ചു. പുതുപ്പെണ്ണു് കേൾക്കത്തക്ക സ്വരത്തിൽ അവൻ സുബ്ബരായനോടു പറഞ്ഞു "ആനന്ദബാഷ്പം" എന്നു്. ഏതോ അതിശയം കണ്ടതുപോലെ അവൾ ഇടക്കിടക്കു് പുഞ്ചിരിതൂകി. ഇന്നലെവരെ മുണ്ടുപോലുമുടുക്കാൻ അറിഞ്ഞുകൂടായിരുന്ന പയ്യൻെറ ഇന്നത്തെ ഭാവംകണ്ടോ! ആരറിഞ്ഞു? നമ്മളും 'പുതുമണവാള'ന്മാരാകുന്ന ആദ്യരാവിൽ ഈവിധ ഗോഷ്ടികൾ കാണിച്ചു എന്നവരാം! ഒരുപക്ഷെ, ഇതിൽ കൂടുതലും! പക്ഷെ ശ്രീനിവാസൻ വെറുമൊരു കൊച്ചനല്ലേ?

ഇങ്ങനെ മഹാമഹിമശ്രീ, ശ്രീനിവാസയ്യരവർകൾ അതിഘനത്തിൽ ഇരിക്കുകയാണ്. അടുത്തുതന്നെ ഒരു പായിൽ മെയ്യൊതുക്കിത്തലകുനിച്ച് ഒരു കനകവിഗ്രഹംപോലെ ആ കൊച്ചുപെൺകുട്ടി ലക്ഷ്മിയും ഇരിപ്പുണ്ട്. അവളുടെ ആത്മനാഥനെ അവൾ ഇന്നും ശരിക്കൊന്നു കണ്ടിട്ടില്ല. കല്ല്യാണമണ്ഡപത്തിൽ വന്നപ്പോൾ ഒരു മിന്നൽപോലെ ഒന്നു കണ്ടതല്ലാതെ ഭർത്താവിന്റെ മുഖമോ രൂപമോ ഒന്നും അവൾ നേരിൽ കണ്ടില്ല. ആരുമറിയാതെ കടക്കണ്ണുകൊണ്ടൊളിഞ്ഞുനോക്കുവാനവൾ വളരെ ആഗ്രഹിച്ചു. പക്ഷെ എല്ലാവരുടേയും ദൃഷ്ടി അവളിലായിരിക്കുമെന്നുള്ള ശങ്കയാൽ ലക്ഷ്മിക്ക് അതിനും ധൈര്യം വന്നില്ല. ശ്രീനിവാസൻ ഒരു നോക്ക് അവളെ കണ്ടിട്ടുണ്ടോ? അതുമില്ല! അവൻ വലിയ നാണംകുണുങ്ങിയാണ്. സ്ത്രീകളേക്കാൾ പത്തിരട്ടി നാണമവനുണ്ട്. ഒന്നു നേരേ കാണുവാൻ അവന്റെ മനം കൊതിച്ചു. അങ്ങനെയുള്ള ഘട്ടത്തിലാണ് പുറത്തുനിന്നുള്ള രോദനം എല്ലാവരും കേട്ടതു്. രാമണ്ണാവാദ്ധ്യാരും മററു ചിലരും ഒഴിച്ച് ബാക്കി എല്ലാവരും പുറത്തേയ്ക്കോടി. രാമണ്ണാവാദ്ധ്യാർ വാതിൽവരെപ്പോയി ആ നിലവിളിയുടെ കാര്യംകേട്ട് ഇങ്ങനെ പറഞ്ഞു "ഈ മഹാപാപിക്ക് മരണവുമില്ലേ? ഇവളെ കഷ്ണം കഷ്ണമായി മുറിക്കുകയാണ് വേണ്ടതു്!" വേടന്റെ കാഹളംകേട്ട് മാൻപേട ഞെട്ടുന്നതുപോലെ അപ്രതീക്ഷിതമായ ആ അലർച്ചകേട്ട് പാവം, ലക്ഷ്മി ഞെട്ടി. ഇതിനിടയിൽ സംഗതികൾ അറിഞ്ഞുവരുവാനായി സുബ്ബരായനെ അയച്ചിട്ട് ശ്രീനിവാസൻ വാദ്ധ്യാരോട്:—

"ഈ നിസ്സാര കാര്യമാണോ?"

"ഇതേയുള്ളു കാര്യം. ഭയപ്പെടാനൊന്നുമില്ല." എന്നു് വാദ്ധ്യാരും. വാദ്ധ്യാരുടെ സമാധാനമൊഴികേട്ട് തെല്ലാശ്വാസം പൂണ്ട ആ പെൺകുട്ടി നെടുതായൊരു ദീർഘശ്വാസം വിട്ട് തല ഒതുക്കുവാനെന്ന ഭാവേന മുഖം സ്വല്പമൊന്നുയർത്തി. ഈ ദിവ്യമുഹൂർത്തം നഷ്ടപ്പെടുത്തരുതെന്നുള്ള ചിന്തയോടെ അങ്ങുമിങ്ങുമൊക്കെ നോക്കിനോക്കി സംശയം ജനിപ്പിക്കാതെ ഒടുവിൽ അവളേയുമൊന്നു നോക്കാമെന്ന് ശ്രീനിവാസൻ നിശ്ചയിച്ചുറച്ചു.

അവളുടെ സൗന്ദര്യം കണ്ണുകളിൽകൂടി ശ്രീനിവാസൻ മുക ർന്നു. വരൻെറ രൂപലാവണ്യം ഒന്നു കാണുവാൻ കൊതിയാണ്ട ആ ചെറുബാലികയും ഈ സന്ദർഭം നഷ്ടപ്പെടുത്തിയില്ല. തല മുടി ഒതുക്കുവാൻ എന്ന വ്യാജേന തല അല്പമുയർത്തി അവൾ ഓട്ടക്കണ്ണിട്ടു് പുഞ്ചിരിയോടെ ശ്രീനിവാസനേയും നോക്കി. അവരുടെ കണ്ണുകൾ പരസ്പരം ഇടഞ്ഞു.

അടുത്ത ക്ഷണത്തിൽ അവളുടെ തല താണു. ദേഹം വിയ ർത്തു കൈകാൽ തളർന്നു് ഒരു രോമാഞ്ചം വ്യാപിച്ചു് അവളെ വിവശയാക്കി. ഉദയവേളയിൽ സൂര്യ്യബിംബത്തെത്തുറിച്ചുനോ ക്കി കണ്ണെടുത്താൽ ഒരിരുട്ടു കേറുമെങ്കിലും ഒരു പ്രഭാപുഞ്ജം നോക്കുന്നിടത്തെല്ലാം കാണാറുള്ളതുപോലെയുള്ള ഒരനുഭവം ലക്ഷ്മിക്കുമുണ്ടായി. അവൾ എങ്ങോട്ടു നോക്കിയാലും, കണ വൻെറ വികസിച്ച താമരപ്പൂപോലുള്ള മുഖവും അഴകാർന്നു വടിവൊത്ത രൂപവും ദൃശ്യമായി. സന്തോഷത്താൽ അവൾ പുളഞ്ഞു. ശ്രീനിവാസനും അതുപോലെതന്നെയുള്ള ആനന്ദ ത്തിൽ ആറാടി. തേനുണ്ട വണ്ടുപോലെ അവൻെറ കണ്ണുകൾ ചലിച്ചു് നെഞ്ചിൽ തിങ്ങിയ ആഹ്ലാദം പ്രകടിപ്പിച്ചു. അവ ളുടെ മുഖത്തുദിച്ച പുതുപുഞ്ചിരിയും നീണ്ടുകറുത്ത കണ്ണിണയും ശ്രീനിവാസനെ അടിമയാക്കി. അവൻ വിചാരിച്ചു "എന്തൊ രഴകു്! എന്നെ നോക്കിയപ്പോൾ അവൾക്കുണ്ടായ സന്തോഷം! ആ പുഞ്ചിരി വിടർന്നപ്പോൾ എന്തൊരു സൗന്ദര്യം!" പരസ്പര ദർശനത്താൽ ഉണ്ടായ ആനന്ദത്തിൽ അവർ ദിവ്യസ്വപ്നങ്ങൾ കണ്ടുകൊണ്ടിരുന്നു.

ഈ സമയത്തിനുള്ളിൽ കപ്പിപ്പാട്ടിയുടെ തുള്ളത്തു കഴി ഞ്ഞു് ആളുകളെല്ലാം വീണ്ടും പന്തലിൽ സ്ഥലംപിടിച്ചു. അതി നാൽ 'പെണ്ണിനും മാപ്പിളയ്ക്കും' ഒരുവട്ടംകൂടി തൃപ്തിയായി 'കൺ കളി' നടത്തുവാനിടകിട്ടിയില്ല. ലക്ഷ്മി അവളുടെ കഴുത്തിൽ കിടന്നു തിളങ്ങിക്കൊണ്ടിരുന്ന മംഗല്യസൂത്രത്തെ തൊട്ടുതലോ ടിയും നോക്കിരസിച്ചും സമയം കഴിച്ചു. ബാലികയുടെ ഈ പ്രേമചാപല്യം ശ്രീനിവാസൻ കള്ളക്കണ്ണിട്ടു നോക്കിക്കണ്ടു. ഓരോ പ്രാവശ്യം അവൾ അതിൽ തൊടുമ്പോഴും രോമാഞ്ചമു

ണ്ടായതു ശ്രീനിവാസനാണ്. തന്നോടുള്ള സ്നേഹം അപ്രകാരം അവൾ വെളിപ്പെടുത്തുകയാണെന്നവൻ ദൃഢമായി വിശ്വസിച്ചു. അതിനു പകരമായി ഓരോ ചുംബനവും ഓരോ പ്രാവശ്യം അവൾക്കവൻ നല്കുന്നതായി ഭാവനചെയ്തു. അതിനുശേഷം ദമ്പതികളെ ആശീർവ്വദിക്കുവാനായി എല്ലാവരും എഴുനേററു. അപ്പോഴുണ്ടൊരത്ഭുതം. ഒരു മുഴം ദൂരത്തിരുന്ന ദമ്പതികൾതമ്മിൽ എങ്ങനെയോ ഒരു ചാൺമാത്രം ദൂരത്തിലടുത്തിരിക്കുന്നു! അതും കഴിഞ്ഞൊടുവിൽ, അങ്കവസ്ത്രം ശരിയായി ഇടുവാനെന്നുള്ള നാട്യത്തിൽ ശ്രീനിവാസൻ അതെടുത്തു മന്ദം മന്ദം ലക്ഷ്മിയെ വീശുന്നതു്, ദമ്പതിമാരെത്തന്നെ നോക്കി സന്തോഷിച്ചുകൊണ്ടിരുന്ന സുബ്ബരായൻെറ കണ്ണിൽപെട്ടു!

അന്നു വൈകിട്ടു പതിവിൻപടി 'മഹിളാസമാജം' കൂടി.

ചുപ്പമ്മാൾ:—"എന്തു മാപ്പിള! കുഞ്ഞു കളിയാണിതു്! മുത്തുസ്വാമിവീട്ടിലെ മാപ്പിളപോലിയിക്കണം. അല്ലെങ്കിൽ അതിനു തുടങ്ങുകയേ അയുതു്." (പാണിനിയിൽക്കൂടിയില്ലാത്ത 'രയയോരഭേദ:' എന്ന സൂത്രവിധിപ്രകാരം).

നാകു:—"പെണ്ണിനെന്തുപററി? എന്താ മാപ്പിളയ്ക്കു ചേർന്നതല്ലേ അവൾ!"

വേമ്പു:—"എന്തു പറഞ്ഞാലും മാപ്പിളയേക്കാൾ പെണ്ണാണ് മിടുക്കി. അവളുടെ ചിരിമാത്രം കണ്ടാൽ മതിയല്ലോ!"

ചുപ്പുവിന് ആവേശംവന്നു. കൈകാലുകൾ വീശിക്കൊണ്ടവൾ പറഞ്ഞു—"പെണ്ണും ചെയുക്കനുമായി നല്ല ചേയ്ച്ചയാണ്! അതു മാത്യം എനിക്കയിയാം. അവിടെപ്പയയുന്നതു കേട്ടു; നെടുമയംപോലത്തെ മാപ്പിളയും മയപ്പാവപോലത്തെ പെണ്ണെന്നും."

യഥാർത്ഥത്തിൽ, സൗന്ദര്യത്തിൽ ശ്രീനിവാസനേക്കാൾ ഒട്ടുംതന്നെ കുറഞ്ഞവളല്ല ലക്ഷ്മിയും. വീണയുടെ കമ്പികൾ ഓരോന്നും മറെറാന്നിൻെറ ഭംഗിയെ വർദ്ധിപ്പിക്കുന്നതുപോലെ ലക്ഷ്മിയുടെ ഓരോ അംഗവും മററുള്ള അംഗങ്ങളുടെ അഴകും ശോഭയും വളർത്തുന്നവയായിരുന്നു. ദിവ്യകവികളായ കമ്പർ മുതലായവരുടെ കവിതകളിൽനിന്നും ഏതെങ്കിലും ഒരു പദം

മാററി വേറൊന്ന ചേർക്കുന്ന എങ്കിൽ ആ ഗാനത്തിനു് എന്തു കുറവുവരും? ലക്ഷ്മിയുടെ അംഗങ്ങളിൽ ഒന്നെങ്കിലും മാററി വേറൊന്ന പകരം വയ്ക്കുന്നതിനില്ല. അത്ര ലക്ഷണപൂർണ്ണങ്ങളായി മറെറാന്നില്ല. അവൾ അത്രയ്ക്കഴകേറിയവളായിരുന്നു എന്ന സാരം.

ശ്രീനിവാസനു് ആകാരസൗന്ദര്യത്തേക്കാൾ മികച്ചുനിന്നതു് അംഗമാർദ്ദവവും പളപളപ്പുമായിരുന്നു. സംഗീതത്തിൽ, ത്യാഗയ്യർ കൃതികൾക്കും ഇംഗ്ലീഷ് നോട്ടിനും തമ്മിൽ എന്തു വ്യത്യാസമുണ്ടോ അത്രതന്നെ വ്യത്യാസം നവദമ്പതികളുടെ ശരീരസൗന്ദര്യത്തിനുണ്ടായിരുന്നു. അവരുടെ മുഖലക്ഷണത്തിലും ഈവിധ വ്യത്യാസം കാണ്മാനുണ്ടു്. ശ്രീനിവാസൻ സംസാരിക്കുമ്പോൾ അവൻെറ കണ്ണുകൾ മിന്നൽപിണർപോലെ വെട്ടിത്തിളങ്ങും. ലക്ഷ്മി സംസാരിക്കുമ്പോൾ അവളുടെ മുഖകമലം വിടർന്നു സൗന്ദര്യം പരത്തുന്നതിനു പുറമേ, കണ്ണുകൾ ശീമക്കമലംപോലെ പ്രഭവീശും. സംഭാഷണവേളകളിൽ കൈകൊണ്ടുള്ള അവളുടെ അഭിനയങ്ങളും മുഖത്തിനു വരുന്ന ഭാവഭേദവും ദൂരെ നിൽക്കുന്നവർക്കുപോലും വിഷയം മനസ്സിലാകത്തക്കവണ്ണമാണു്. അവളുടെ കണ്ണുകൾ, തുള്ളിത്തുള്ളി നിൽക്കുന്ന രണ്ടു മത്സ്യങ്ങളാണെന്നു തോന്നിപ്പോകും. കവിൾതടങ്ങളിലുള്ള ചുഴികളും പന്തിരുത്ത ദന്തനിരയും അസാധാരണമായ ഒരു വശ്യശക്തി ലക്ഷ്മിക്കു് ദാനംചെയ്തു. ശ്രീനിവാസൻെറ അഴകു് വേറൊരു വിധമാണു്. ഉയർന്ന തലയും, വൃത്തമുഖവും, വിസ്തൃതമായ നെററിത്തടവും പുരുഷോചിതമായ പ്രൗഢിയെ അവനു നല്കി. അവൻെറ ഉറച്ച ദൃഷ്ടിയും ദീർഘനാസികയും, കൂർമ്മബുദ്ധിയേയും സ്വഭാവസ്ഥിരതയേയും പ്രത്യക്ഷമാക്കി. ഈവിധം സർവ്വ ലക്ഷണങ്ങളും തികഞ്ഞ വധൂവരന്മാരെ കാണുക പ്രയാസമാണു്. എത്രമാത്രം വർണ്ണിച്ചാലും അവരുടെ സൗന്ദര്യത്തിൻെറ ഒരേകദേശരൂപംപോലും വരുത്തുവാൻ സാദ്ധ്യമല്ല. അതിനാൽ മണിയറയിലിരുന്നു കൺകോണുകളാൽ പരസ്പരവീക്ഷണം നടത്തുന്ന ആ ദമ്പതികളെ നേരിട്ടുചെന്നു കാണുകയായിരിക്കും ഉത്തമം.

അവരുടെ 'നലുങ്കും' തേങ്ങാ ഉരുട്ടലും മററും വളരെ കേമം തന്നെയായിരുന്നു. ശ്രീനിവാസനോടു സംസാരിക്കുന്നതുതന്നെ ആനന്ദകരമായി സ്ത്രീകൾക്കെല്ലാവർക്കും തോന്നിത്തുടങ്ങി. മനസ്സിൽ യാതൊരു കളങ്കവുമില്ലാതെ സ്വന്തം സഹോദരികളോടെന്നപോലെ അവൻ സന്തോഷമായി അവരോട് പെരുമാറി. അവനെ നോക്കി വിശാലാക്ഷി പറഞ്ഞു.

"പുതുമാപ്പിളയാണെന്നു കരുതി ഇത്ര പൊണ്ണക്കാര്യമെടുക്കരുത്." പെണ്ണുങ്ങൾ കിലുകിലാച്ചിരിച്ചു.

"ഈ കാമദേവൻ ശുദ്ധ പാവമാണ്. തല്ലിയാൽപോലും കരയുകയില്ല" എന്നു സുബ്ബലക്ഷ്മി പരിഹസിച്ചു.

ഭാഗീരഥി അവൻെറ മുതുകിൽ പപ്പടംവച്ചു പൊടിച്ചു.

കാവേരി മണവാളൻെറ തല ചീകിക്കെട്ടിക്കുടുകുടച്ചിരിച്ചു.

"പെൺവേഷം കെട്ടിയിരുന്നെങ്കിൽ എന്തു ഭംഗിയായിരുന്നേനേ" കാമാക്ഷി കളിയാക്കി.

ഈവിധത്തിൽ പെണ്ണുങ്ങൾ പരിഹസിച്ചാറ്റാ.റിച്ച തകർത്തു. ആദ്യമൊക്കെ സുബ്ബരായനെക്കണ്ടു് അവർ അല്പം നാണംഭാവിച്ചു എങ്കിലും അതു ക്ഷണനേരത്തിനുള്ളിൽ മാറിപ്പോയി.

കല്ല്യാണം മൂന്നാംദിവസം! അന്ന് വരന് "ഔപാചന" മാണ്. ബഹളമുണ്ടാക്കാതെ ഗോദാവരി പുറകിൽക്കൂടി പതുങ്ങിവന്ന് ശ്രീനിവാസൻെറയും ലക്ഷ്മിയുടേയും തലമുടി ഒരു ചരടുകൊണ്ടു് കൂട്ടിക്കെട്ടി. അപ്പോഴേക്ക് വേറിട്ടു മൂന്നാലു സ്ത്രീകൾക്കൂടി രംഗത്തേയ്ക്കുവന്നു. അവർ ലക്ഷ്മിയെ ഒരു മുറിയിലേക്ക് വലിക്കുവാൻ തുടങ്ങി. കൂട്ടിക്കെട്ടഴിക്കുവാൻ ശ്രമിച്ചിട്ട് സാധിക്കാഞ്ഞതിനാൽ ലക്ഷ്മിയുടെ കൂടെ ശ്രീനിവാസനും മുറിയിലായി. അവൻ എത്ര ശ്രമിച്ചിട്ടും ചരടഴിക്കുവാൻ കഴിഞ്ഞില്ല. ആ കളിത്തോഴികൾ ശുണ്ഠിഎടുത്തു് ദമ്പതികളെ ഉന്തുകയും തള്ളുകയും മററും ചെയ്യവേ ശ്രീനിവാസൻെറയും ലക്ഷ്മിയുടേയും ദേഹങ്ങൾ പരസ്പരമുരുമ്മി. അതു കണ്ടു് ചുററു

മുള്ള പെണ്ണുങ്ങൾ കൂട്ടമിട്ടാർത്തു. ശ്രീനിവാസൻ വിഷമിച്ചു. ഔപാചനച്ചടങ്ങല്ലേ! അവനു വല്ലതും മിണ്ടാമോ? തരുണികൾ കൂടുതൽ കൂടുതൽ വന്നു ചേർന്നു. ആരെങ്കിലും ഗോദാവരികെട്ടിയ കെട്ടഴിക്കാൻ തുനിയുന്നുണ്ടോ? അതുമില്ല! അവരും കൂട്ടത്തിൽ ചേർന്നു് പ്രോത്സാഹനം നൽകുകയാണു്. "അങ്ങനെ വേണം. വലി, വലി, രണ്ടിനേയും കൂടെ മുറിയിലാക്കി കതകടച്ചുപൂട്ടണം. എന്തുചെയ്യും! അകപ്പെട്ടല്ലോ!" എന്നെല്ലാം മനോധർമ്മംപോലെ അവരും കുണുങ്ങിപ്പറഞ്ഞു രസിച്ചു. ചിലർ "മാപ്പിളേ, മാപ്പിളെ, മണ്ണാങ്കട്ടത്തോപ്പിലെ" എന്ന പല്ലവി പാടി നൃത്തംവച്ചു. മറ്റൊരുവൾ "വിടട്ടെടീ. പാവം കരയുമെന്നു തോന്നുന്നു. പൊടികുഞ്ഞല്ലേ?" എന്നു കൊഞ്ചിപ്പറഞ്ഞു. "ഇങ്ങനെ പെണ്ണുങ്ങളുടെ കൂടെ ചിരിച്ചുകളിക്കുവാൻ നാണവുമില്ല." എന്നൊരുവൾ തട്ടിവിട്ടു. ശ്രീനിവാസന്റെ സഹനശക്തി നശിച്ചുതുടങ്ങി. പെണ്ണുങ്ങളുടെ പരിഹാസവിളയാട്ടം! പരുവമൊത്ത സുന്ദരികൾ ഇത്ര ഉത്സാഹമായി അവന്റെ ചുററുംനിന്നു് വിനോദപ്രകടനങ്ങൾ തുടങ്ങിയാൽ ആ മണവാളൻ എങ്ങനെ കോപിക്കാതിരിക്കും! നമ്മളാണെങ്കിൽ ക്ഷമിച്ചിരിക്കുമോ? അതിനാൽ പലവിധത്തിലുള്ള കോപാഭിനയങ്ങളും അവൻ പ്രയോഗിച്ചുനോക്കി. പെണ്ണുങ്ങൾ വിടുമോ? അവർ വർദ്ധിച്ച ഉത്സാഹത്തോടെ "കോപം വന്നാൽ കോപിക്കണം: അല്ലെങ്കിൽ അടങ്ങിഇരിക്കണം." എന്നും പറഞ്ഞു കൂട്ടച്ചിരി തുടങ്ങി. അവനെന്തുചെയ്യും? മററു മാർഗ്ഗമൊന്നും തോന്നാഴികയാൽ ശ്രീനിവാസനും കോപംവെടിഞ്ഞു് അവരുടെ കൂട്ടത്തിൽ ചേർന്നു് ഉത്സാഹഭരിതനായി വിനോദങ്ങൾ ആസ്വദിക്കുവാൻ തുടങ്ങി.

നാലാം നാളേയ്ക്കു് നാണമെല്ലാമകന്നു് മൂരിക്കാളയുടെ വീറോടെ ശ്രീനിവാസൻ പെണ്ണുങ്ങളെ അങ്ങുമിങ്ങുമോടിച്ചു. അവൻ ഒരുത്തിയോടു് പറഞ്ഞു "ഇരിക്കൂ, ഇതെല്ലാം ഞാൻ നിങ്ങളുടെ 'പുള്ളിക്കാര'നോടു പറയും, ഇരിക്കൂ." എന്നു്. വേറൊരുവളെ മാടിവിളിച്ചു് "ആരാ വരുന്നതെന്നു കണ്ടോ? കാമുകിയെത്തേടി വരുന്നു! ഞാൻ വിളിച്ചു പറയട്ടെ, ഇവിടെയുണ്ടെ

ന്നു"?" എന്നു പറഞ്ഞു ചിരിച്ചു. 'വെള്ളിപ്പഞ്ചപാത്രവും' കൈയ്യിലേന്തി, 'യോഗവേഷ്ടി'യും ധരിച്ചു് 'പഞ്ചകച്ഛവും' ഉടുത്തൊരുങ്ങി പുതുമണവാളന്റെ ഇവ്വിധ വേഷമോടിയോടെ അവൻ പെണ്ണുങ്ങളെ വട്ടമിട്ടോടിച്ചു. ഒരു മിന്നൽപിണർ അടർന്നു് പലതായ് പിരിഞ്ഞു് പാറിപ്രകാശിക്കുംപോലെ ശ്രീനിവാസന്റെ ചുററും ഓടികളിച്ചുകൊണ്ടിരുന്ന പുതുമലരൊത്ത തരുണികളുടെ "ചിലുചില" എന്നുള്ള ചിലമ്പൊലിയും വളകളുടെ "കിലുകില"ശബ്ദവും അവരുടെ കുണുങ്ങിച്ചിരിയുടെ വശ്യനാദവും എല്ലാംകൂടിച്ചേർന്നുള്ള ഒരു മോഹനാരവം അന്തരീക്ഷത്തെ മുഖരിതമാക്കി. വൃന്ദാവനത്തിൽ നടന്ന ഗോപികാ കൃഷ്ണകേളി ഒരുവട്ടംകൂടി ആവർത്തിക്കപ്പെട്ടു. ഒട്ടുകഴിഞ്ഞു് ശ്രീനിവാസൻ ക്ഷീണിച്ചു "വരൂ. അകത്തേക്കു പോകാം." അവൻ ലക്ഷ്മിയെ നോക്കി പറഞ്ഞു. "വാ, ഞാനുള്ളിലേക്കു പോകുന്നു." എന്നു്. ഇതു കേൾക്കാത്തതാമസം, എല്ലാവരും കൂടെ "പെണ്ണിനോടു മിണ്ടിയേ! ഹോ ഹോ! പെണ്ണിനോടു മിണ്ടിയേ." എന്നു്.

അതിനിടയിൽ രാമണ്ണാവാദ്ധ്യാർ അവിടെ വന്നു. അദ്ദേത്തിനെക്കണ്ടയുടൻ ശ്രീനിവാസൻ അടുത്തുചെന്നു് വിനീതമായി "ഇതുനോക്കൂ; പെണ്ണുങ്ങൾ പററിച്ചപണി. ഒന്നഴിച്ചുവിട്ടു" എന്നു് തലമുടിയിലെക്കെട്ടു് കാണിച്ചുകൊണ്ടു പറഞ്ഞു. പക്ഷെ പെണ്ണുങ്ങൾക്കതിനു സമ്മതമില്ല. ഈ വിനോദം തടസ്സപ്പെടുത്തുന്നതിനു് വാദ്ധ്യാർക്കും തൃപ്തിയില്ല. കൂതടൽ സമയം അവിടെത്തങ്ങുവാൻ സമയം പററിയതല്ലാ എന്നു കണ്ടു വാദ്ധ്യാർ പുറത്തിറങ്ങി. അതിനുശേഷം വളരെത്താമസിയാതെ മുത്തുസ്വാമി അയ്യർ വീട്ടിൽവന്നു. വന്നുകേറിയ ഉടൻതന്നെ അവിടെ നടന്ന കോലാഹലങ്ങൾ അദ്ദേഹത്തിനു് മനസ്സിലായി. എല്ലാവരുടേയും സന്തോഷം തുളുമ്പുന്ന മുഖങ്ങൾ അദ്ദേഹത്തിനു വളരെ പ്രീതി ജനിപ്പിച്ചു. അടുത്തുചെന്നു് ശ്രീനിവാസന്റെ മുടിയിലെക്കെട്ടഴിപ്പാൻ അദ്ദേഹം തുടങ്ങിയ ഉടൻ "അഴിക്കാതെ, അഴിക്കാതെ" എന്നു് എല്ലാവരും ഒത്തുചേർന്നു വിലക്കി. അവരുടെ കൂട്ടച്ചിരിയിൽ അദ്ദേഹവും പങ്കുകൊണ്ടു് രസിച്ചു. നേരം പോയതു് ആരുമാരുമറിഞ്ഞില്ല. മുത്തുസ്വാമി

അയ്യർ ആ രംഗത്തിനു വിരാമമിട്ടു. "ഉണ്ണാൻ പോകാം. മതി ഇക്കളിയെല്ലാം." എന്നുംപറഞ്ഞു് ശ്രീനിവാസൻെറ മടിയിലെ കെട്ടഴിച്ചു് എല്ലാവരുമായി ആർപ്പും ചിരിയും മുഴക്കി വീട്ടിനുള്ളിലേക്കു പോയി.

അന്നു വൈകിട്ടു് ശ്രീനിവാസനും സുബ്ബരായനുംകൂടി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു പെൺകുട്ടി ഓടിവന്നു് ശ്രീനിവാസൻെറ മടിയിൽ ഒരു കടലാസ് ഇട്ടുകൊടുത്തിട്ടു് പറഞ്ഞു "പൊണ്ടാട്ടി തന്നയച്ച എഴുത്താണു്." ഇത്രയും പറഞ്ഞിട്ടു് അവൾ ക്ഷണത്തിൽ ഓടിപ്പോയി. അവൻ വിറയ്ക്കുന്ന കൈകളോടെ അതെടുത്തു നിവർത്തു. പ്രണയിനിയുടെ പ്രഥമ ലേഖനം! അതിലവൻ കണ്ണോടിച്ചു. വടിവില്ലാത്ത അക്ഷരങ്ങൾ, വളഞ്ഞുപുളഞ്ഞ വരികൾ വൃത്തികെട്ട കടലാസ്സ്. അവൻ അതു വായിച്ചു.

"നീ ഇന്നു രാവിലെ എൻെറ മുതുകിൽ ഇടിച്ചതു് ഇപ്പോഴും വേദനിക്കുന്നു. എനിക്കു് കഴുച്ചിലുകൂടെ വരുന്നുണ്ടു്. ഭാര്യയേയും കുട്ടികളേയും ഇങ്ങനെ ദേഹോപദ്രവം ചെയ്യുവാൻ എവിടെപ്പറഞ്ഞിരിക്കുന്നു? മേലാൽ ഇങ്ങനെ ചെയ്യരുതു്. എല്ലാവരും നോക്കിനിൽക്കുമ്പോൾ എന്നോടു സംസാരിക്കരുതു്. ഇതെന്തു പേക്കൂത്തു്? എന്നു് കല്യാണി." (ലക്ഷ്മിയുടെ മറുപേരു്).

ഈ എഴുത്തു് അവനെ കലികൊള്ളിച്ചു. മുഖം ചുവന്നു; കൈകാലുകൾ വിറച്ചു. എന്തു ചെയ്യണമെന്നറിയാതെ മിഴിച്ചു നോക്കി ഇരുന്നുപോയി. സ്വല്പസമയം ഇങ്ങനെ ഇരുന്നിട്ടു് ഒരു ദീർഘനിശ്വാസത്തോടെ സുബ്ബരായനോടു് "ഇതു കണ്ടോ?" എന്നു ചോദിച്ചു് ആ എഴുത്തെറിഞ്ഞുകൊടുത്തു. അവൻ അതു സൂക്ഷിച്ചു വായിച്ചതിനുശേഷം പറഞ്ഞു "ഇതാശ്ചര്യമായിരിക്കുന്നല്ലോ. ആർക്കറിയാം!"

"അറിയുന്നതോ പോകട്ടെ. "നീ" എന്നു വച്ചല്ലേ ആരംഭം. 'നിങ്ങൾ' എന്നുപോലും തുടങ്ങിയില്ലല്ലോ. പ്രായമായില്ലപോലും. പ്രായമാകുമ്പോൾ അവൾ എന്തുതന്നെ ചെയ്കയില്ല! ഇടിച്ചതു നന്നായിപ്പോയി. (എഴുത്തു വീണ്ടും എടുത്തുനോക്കി

യിട്ടു്) എനിക്കു കരച്ചിലുംകൂടെ വരുന്നുണ്ടെന്നു്. നീ പൊട്ടി ക്കരയേണ്ടവളാണു്. വാസ്തവത്തിൽ നിന്നെക്കല്ല്യാണം കഴിച്ച തിനു് കരയേണ്ടവൻ ഞാനാണു്."

"ഇതവളാണു് എഴുതിയതെന്നാണോ വിചാരം?" സുബ്ബ രായനു സംശയം.

"അവളല്ലെങ്കിൽ പിന്നെ ആരെഴുതാനാണു്; എങ്ങനെയ റിയും? ഞാൻ കടന്നുപിടിക്കുന്നതിനു മുമ്പേ അവളാണെന്നെ പിടിയിട്ടതു്. കൊട്ടത്തതനുസിച്ചു് കിട്ടാതിരിക്കുമോ?"

"ഛീ, ഇതവൾ എഴുതിയതല്ല. കമ്പരാമായണംവരെ വാ യിച്ചിട്ടുള്ള ഒരു പെൺകുട്ടി ഇപ്രകാരമെഴുതുമോ? ഇതു മററു വല്ല കുട്ടികളും കാണിച്ചവച്ച കുസൃതിത്തരമാണു്. ഞാൻ പറ ഞ്ഞതു് ആലോചിച്ചുനോക്കൂ." എന്നു സുബ്ബരായൻ രംഗത്തി ൻെറ ശക്തി കുറച്ചു.

ശ്രീനിവാസൻ:—"ഏതായാലും കൊള്ളാം. പേക്കൂത്തോ! അങ്ങ നെയാണോ! എന്നെക്കണ്ടാൽ ഒരു മതിപ്പു തോന്നുന്നില്ലാ യിരിക്കും."

സുബ്ബ:—"അവളല്ലാ ഇതെഴുതിയതു് എന്നുള്ള എൻെറ അഭിപ്രാ യത്തിനു കാരണം പറയാം. അവളുടെ മുഖം കണ്ടാൽത ന്നെ അറിഞ്ഞുകൂടയോ? അതു മററു കുട്ടികൾ ആരോ എഴു തിയതാണു്. അതു പിന്നീട്ട തെളിയും. നീതന്നെ അവ ളോടു് ചോദിക്കു്."

ശ്രീനി:—"ഞാനവളോടു് ഇനിയും സംസാരിക്കണമോ?" അവ ൻെറ കണ്ണുകൾ നിറഞ്ഞു.

പിറേറദിവസവും പെണ്ണുങ്ങൾ മുൻപതിവുപോലെ ശ്രീ നിവാസൻെറ ചുററുംകൂടി വിനോദങ്ങൾ ആരംഭിച്ചു. അവൻ ഉറങ്ങിക്കിടക്കുമ്പോൾ കരിയും എണ്ണയും കൂട്ടിച്ചാലിച്ചു് അവ ൻെറ മുഖത്തു് അവർ ചുട്ടികുത്തും. പലവിധ തമാശകളും അവർ തുടർന്നു. എങ്കിലും എഴുത്തിൻെറ സംഗതിയെ സംബ ന്ധിച്ച ഒരു സൂചനപോലും ആരിൽനിന്നുമുണ്ടായില്ല. ഒരു വി ധത്തിൽ അതു സമാധാനകരമായിരുന്നു എങ്കിലും അതിൻെറ

കർത്താവിനെക്കണ്ടുപിടിക്കാൻ സാധിക്കാത്തതിൽ അവനു് കുണ്ഠിതമുണ്ടായി.

അടുത്ത ദിവസം അവൻ ഭക്ഷണം കഴിച്ചുകൊണ്ടിരുന്നപ്പോൾ അവർ അവന്റെ ചുററും വന്നു നിറഞ്ഞു; ദേവകന്യകൾ. പക്ഷെ നിശ്ശബ്ദം. ആരും അവനോടു മിണ്ടാട്ടമില്ല. ഇതെന്തെന്നറിയാതെ ഭയന്നു എങ്കിലും കളിയായി അവൻ "എന്താ, ഇന്നെന്റെ കൂട്ടുകാരെല്ലാം പേശാമടന്തകളായിപ്പോയോ?" എന്നു് ചോദ്യംചെയ്തു,

"നീ ഞങ്ങളുടെ കൂട്ടുകാരനാണോ? നാളെ നേരംവെളുത്താൽ നീ എവിടെ; ഞങ്ങളെവിടെ?" എന്നൊരുവൾ.

"വീട്ടിൽപോകാൻ തുടങ്ങുന്ന നിന്നോടു് ഞങ്ങൾക്കു് എന്തു പറയുവാനാണുള്ളതു്?" എന്നു മറെറാരുവൾ.

"ഹാ, കഴിഞ്ഞ മൂന്നുനാലു ദിനങ്ങൾ എത്ര ആനന്ദപ്രദങ്ങളായിരുന്നു. നാളെ എങ്ങനെ ഞാൻ സമയം കഴിക്കും?" മൂന്നാമതൊരുവൾ വിങ്ങിവിങ്ങിപ്പറഞ്ഞു.

സ്നേഹമധുരമൊഴികൾ ഈവിധം കേട്ടു ശ്രീനിവാസൻ കണ്ണീർ ചൊരിഞ്ഞു. തന്നെപ്പിരിയുന്നതിൽ ഈ അബലാമണികൾക്കുള്ള വ്യസനഭാരം അതീവമാണെന്നവൻ മനസിലാക്കി. അവൻ പൊട്ടിക്കരഞ്ഞു. അവന്റെ കണ്ണീർ കണ്ടതോടെ അവരും കരഞ്ഞുതുടങ്ങി. ഇതു കണ്ടുനിന്ന ചില വല്ല്യമ്മമാർ ആക്ഷേപിച്ചു "ഇതു നല്ലകാര്യ്യം. കല്ല്യാണം കഴിഞ്ഞാൽ കൂട്ടക്കരച്ചിലാണോ? തലയ്ക്കു വട്ടുപിടിച്ച കുട്ടികൾ! വല്ലവരും കണ്ടാൽ എന്തുപറയും!" അവർ ഓരോരുത്തരായി പുറത്തുപോയി. വിളമ്പിവച്ച ചോറു് അതുപടിയെ ഇട്ടിട്ടു ശ്രീനിവാസനും എഴുന്നേററു. അവൻ മുഖം കഴുകിത്തുടച്ചു് വെളിയിലിറങ്ങി നിന്നു.

കല്ല്യാണവിമർശനത്തെപ്പററി വിസ്തരിക്കുന്നതിനാവശ്യമൊന്നും നാം കാണുന്നില്ല. ആ നാട്ടിൽ ഇത്ര കേമമായി വിവാഹം നടന്നിട്ടില്ല എന്നു് എല്ലാവരും പുകഴ്ത്തി. ആ പ്രദേശം മുഴവൻ മുത്തുസ്വാമി അയ്യരുടെ പ്രതാപം പാടി. നാലഞ്ചു

ഡെപ്യൂട്ടി കളക്ടർമാർ പത്തുപതിനഞ്ചു് തഹശീൽദാരന്മാർ, ഇരുപതുമുപ്പതു് ശിരസ്തദാരന്മാർ, പത്താൻപതു സബ് മജിസ്ട്രേട്ടന്മാർ, ഇങ്ങനെയുള്ളവരൊക്കെ കല്യാണത്തിനു സംബന്ധിച്ചിരുന്നു! നാം മുമ്പുപറഞ്ഞ പെരിയ വൈത്തി, രാഘവയ്യർ മുതലായ വിദ്വാന്മാരെക്കൂടാതെ ആ ഗ്രാമത്തിൽ ഇദംപ്രഥമമായി തഞ്ചാവൂർ സംസ്ഥാനവൈണികൻ മഹാവിദ്വാൻ കൃഷ്ണയ്യരവർകളും പ്രസിദ്ധിപെററ രാമദാസവികടകവിയും പ്രത്യേകമായി വന്നു ചേർന്നിട്ടുണ്ടായിരുന്നു. വൈത്തിയും രാഘവയ്യരും പാടവേ രാജലക്ഷ്മി നൃത്തംചെയ്തു. കൃഷ്ണയ്യർ വീണവായിച്ചു. രാമദാസൻ ഫലിതം പറഞ്ഞു. തംബുരുനാരദാദികൾ മേളമിട്ടു് രംഭതിലോത്തമയാദിയായ ദേവസുന്ദരികൾ നൃത്തംവയ്ക്കുന്ന ദേവേന്ദ്രസദസ്സുപോലെ പെരിയവീട്ടിലെ കല്യാണമണ്ഡപം വിജയിച്ചു. അവരവർക്കുള്ള ബുദ്ധിമുട്ടുകളേയും കഷ്ടപ്പാടുകളേയും തീരെ മറന്നു് കാണികൾ 'ആഹാ, ഭേഷ്, ഭേഷ്,' എന്നു് തലകുലുക്കി ആ രംഗം ആസ്വദിച്ചു. വാദ്ധ്യാന്മാരാദിയായ വൈദികർക്കും മനം തെളിഞ്ഞു. ഒരു കല്യാണം കഴിഞ്ഞാൽ അവർ പരസ്പരം ചോദിക്കും:—

"എങ്ങനെ ഇരിക്കുന്നു? ദക്ഷിണ എന്തുകിട്ടി?" എന്നു്. പക്ഷെ മിക്കവാറും അവരുടെ മുഖത്തതൃപ്തിയായിരിക്കും. എന്നാൽ നമ്മുടെ കല്യാണമങ്ങനെയല്ല. ആ ചോദ്യത്തിനു മറുപടി പല്ലിളിച്ചു തലകുലുക്കി ഒരു വാദ്ധ്യാർ മററവനോടു പറയും. "നല്ല ദക്ഷിണ. കേമമായി. മഹാരാജപദവിയിൽ മുത്തുസ്വാമി നെടുനാൾവാഴട്ടെ" എന്നു്. അത്ര 'പൊടിശിങ്കാര'മായിരുന്നു കല്യാണം.

പാട്ടുകാർ ആവേശലഹരിയിൽ പാടുന്നു, വികടകവി അതിഫലിതമായി ജനങ്ങളെ ചിരിച്ചു മണ്ണുകപ്പിക്കുന്നു; തിരുവാരൂർ ദാസി മനോരഞ്ജിതമായി നൃത്തമാടുന്നു; പക്ഷെ ബ്രാഹ്മണോത്തമന്മാരെന്തുചെയ്യുന്നു എന്നറിയണ്ടേ? ഒട്ടകത്തിന്റെ കഥ നിങ്ങൾ കേട്ടിട്ടില്ലേ. ആറുമാസത്തേയ്ക്കാവശ്യമുള്ള വെള്ളം അതു വയററിൽ സംഭരിക്കുമത്രെ. അതുപോലെ ഒരാണ്ടത്തേക്കുള്ളതു് സംഭരിക്കണമെന്ന ആശയിൽ അവർ കുനിഞ്ഞി

രുന്നു് ശാപ്പാടാണു്! ഭീമൻ, ബകൻ മുതലായവരെ ഇവരും അനുകരിച്ചുതുടങ്ങി. ഇലയിൽ വിളമ്പുന്ന, പഴം, വട, ബോളി മുതലായവ വിളമ്പി കൈവലിക്കുന്നതിനുമുമ്പു് അവരുടെ ഉദരഗുഹകളിൽ പോയൊളിക്കും. രാമരാവണയുദ്ധത്തിൽ രാക്ഷസവൃന്ദത്തെ ഹനുമാൻ കശക്കിക്കൂട്ടിയതുപോലെ ഇലയിലെ വിഭവവൃന്ദങ്ങളെ അവർ കശക്കി ഒന്നാക്കി സമുദ്രതുല്യമായ വയറിന്റെ അഗാധതയിൽ എറിഞ്ഞുതാഴ്ത്തും. ഏറെക്കുറെ സമാധാനമായപ്പോൾ അവർ വിശ്രമത്തിന്നിറങ്ങി. വയറിന്റെ വൻഭാരം വഹിക്കാൻ ശക്തിയില്ലാതെ അങ്ങുമിങ്ങും തണൽ നോക്കി മണലിൽ കിടന്നു. മുത്തുസ്വാമി അയ്യർ ഇതു കണ്ടു് സംതൃപ്തനായി. ഭോജനം നല്കി ബ്രാഹ്മണരെ തൃപ്തിപ്പെടുത്തിയില്ലേ?

ഇങ്ങനെ സർവ്വജനങ്ങളേയും തൃപ്തിപ്പെടുത്തിയ ഒരാഘോഷം ആരുംതന്നെ കണ്ടിട്ടില്ല. രാജസൂയം കഴിച്ചു് രാജാധിരാജപദവി സിദ്ധിച്ച ഒരുവനെയെന്നപോലെ അന്നാട്ടിലേയും ചുററുപാടുമുള്ള ഗ്രാമങ്ങളിലേയും ജനങ്ങൾ അദ്ദേഹത്തെ ആദരിച്ചു.

# 11

## പെണ്ണിൻെറ ചൊല്ലടി

മുത്തുസ്വാമി അയ്യരുടെ വീട്ടിലെ കല്ല്യാണനിശ്ചയത്തിന് അദ്ദേഹത്തിൻെറ സഹോദരൻ സുബ്രഹ്മണ്യയ്യർ പോയില്ലാ എന്നുള്ള കാര്യം നാം നേരത്തേതന്നെ അറിഞ്ഞിട്ടുള്ളതാണല്ലോ. അന്ന് സുബ്രഹ്മണിയെ കൂട്ടിക്കൊണ്ടുവരുവാൻ ചുപ്പുളി ചെന്ന വിവരവും നാം അറിഞ്ഞിട്ടുണ്ട്. വിവരമറിഞ്ഞ ചുപ്പുളി തിരികെച്ചെന്ന് മുത്തുസ്വാമി അയ്യരെ അക്കാര്യമെല്ലാം ധരിപ്പിച്ചു. അനുജൻ വരാതെതന്നെ കല്ല്യാണനിശ്ചയം നടന്നു. അതു കഴിഞ്ഞ ഉടൻ സുഖക്കേടന്വേഷിച്ച് അനുജൻെറ വീട്ടിലേക്ക് മുത്തുസ്വാമി അയ്യർ നടകൊണ്ടു. അദ്ദേഹത്തിൻെറ വരവുകണ്ട ഉടൻതന്നെ തലവലി അസഹ്യമായി വർദ്ധിച്ച് കിടക്കയിൽ കിടന്നുരുണ്ടു് ദീനരോദനങ്ങളും മുഴക്കി സുബ്രഹ്മണി ജ്യേഷ്ഠനെ സ്വീകരിക്കുവാൻ തയ്യാറെടുത്തിരിക്കുകയാണ്. അയാളുടെ പ്രിയപത്നിയോ? ഭർത്താവിൻെറ തലയും തലോടി, ദേഹം നന്നായ് പുതപ്പിച്ച് അടുത്തിരുന്ന് അവൾ സഹതപിക്കുമ്പോഴാണ് മുത്തുസ്വാമി അയ്യർ വീട്ടിലേക്ക് കയറിയതു്. അവൾ "അയ്യയ്യോ, ദൈവമേ, എന്തു ചെയ്യാനാ" എന്നെല്ലാം പറഞ്ഞു കരഞ്ഞുകൊണ്ടിരുന്നു. ജ്യേഷ്ഠനെക്കണ്ട് ലജ്ജനടിച്ച് അവൾ അടുത്ത മുറിയിലേയ്ക്കു പോയി രംഗനിരീക്ഷണം നടത്തിക്കൊണ്ടിരുന്നു. അനിയൻെറ ഈ കിടപ്പുകണ്ടു് ചേട്ടൻെറ കണ്ണുകൾ നിറഞ്ഞു. അദ്ദേഹം വിളിച്ചു "സുബ്രഹ്മണ്യം, എന്താ ചെയ്യേണ്ടതു്, പറയൂ. തലവേദന ഇത്ര കൂടുതലായിരുന്നു എങ്കിൽ എനിക്കാളയക്കാഞ്ഞതെന്താ?" അദ്ദേഹം സഹോദരൻെറ കൈ പിടിച്ചുപൊക്കിപ്പരിശോധിച്ചു. നാഡിയിടിപ്പിനു് ഒരു വ്യത്യാസവുമില്ല! സംശയം തോന്നിയിട്ടു്

അദ്ദേഹം ചെന്നിയിൽ കൈവെച്ചുനോക്കി. അവിടെയും സാധാരണ ഗതിയിലല്ലാതെ ഒരു ചലനവുമില്ല. ഇത്ര ഭയങ്കരമായ തലവേദനയ്ക്കു കൈനാഡിയിൽ ഒരു ലക്ഷണവുമില്ലാതെ വരികയില്ല. ചെന്നിയിടിപ്പും വ്യത്യസ്ഥതയിലല്ല. അദ്ദേഹത്തിനു് ചെറിയ ഒരു സംശയം. അനിയന്റെ സുഖക്കേടുകണ്ടു് വിഷാദിച്ചിരിക്കുന്ന മുത്തുസ്വാമി അയ്യരെ നോക്കി മറഞ്ഞുനിന്നിരുന്ന മീനാക്ഷി കുടുകുടെ അമർത്തിച്ചിരിക്കുകയാണു്. ഇതിനെല്ലാം കാരണക്കാരി താനാണെന്നും അതീവിധം വിജയത്തിൽ കലാശിച്ചല്ലോ എന്നും അവൾ സന്തോഷിക്കുകയാണു്. ജ്യേഷ്ഠനു യാതൊരു സംശയവുമില്ല എന്നവൾ പൂർണ്ണമായി വിശ്വസിച്ചു. ഈ ഘട്ടത്തിൽ മുത്തുസ്വാമി അയ്യർ അപ്രതീക്ഷിതമായി ഒന്നു തിരിഞ്ഞുനോക്കി. പരിഹാസച്ചിരിയും ചിരിച്ചു നിൽക്കുന്ന സഹോദരപത്നിയെ മിന്നൽപോലെ അദ്ദേഹം കണ്ടു. അവളുടെ ഹൃദയത്തിലെ വിവിധ വികാരങ്ങളെ അവളുടെ മുഖത്തിൽനിന്നും അദ്ദേഹം വായിച്ചു. അതോടുകൂടി മുമ്പു ജനിച്ച സംശയവും ആ ജ്യേഷ്ഠസഹോദരനു തീർന്നു. അദ്ദേഹത്തിനു് സഹിക്കവയ്യാത്ത കോപവും സങ്കടവുമുണ്ടായി. ആ രാക്ഷസിയുടെ നിശിതപ്രവൃത്തിയേയും അവളുടെ കൈയ്യിൽ അകപ്പെട്ടു് ആജ്ഞാനുവർത്തിയായി പമ്പരംകറങ്ങുന്ന തന്റെ സഹോദരന്റെ ദുർവ്വിധിയേയും അദ്ദേഹമാലോചിച്ചു. അരനിമിഷംപോലും അവിടെ നിൽക്കുന്നതിനു മനസ്സുവരാതെ "എന്നാൽ ഞാൻ പോയി വൈദ്യനെപ്പറഞ്ഞയക്കാ"മെന്നും പറഞ്ഞു് അദ്ദേഹം യാത്രയായി. അടുത്ത ദിവസം അനുജനെക്കണ്ടപ്പോൾ അദ്ദേഹം രോഗവിവരവും ദേഹസ്ഥിതിയും മററും അന്വേഷിച്ചു. മുഖത്തു നോക്കി കള്ളം പറയുവാനുള്ള വിഷമംമൂലം സുബ്രഹ്മണിയയ്യർ മൗനം അവലംബിച്ചു നിൽക്കുന്നതുകണ്ടു് മുത്തുസ്വാമി അയ്യർ "പോ ഭ്രാന്താ, പോ. നീ ഇത്ര കൊള്ളരുതാത്തവനായല്ലോ! പെണ്ണുങ്ങൾ തമ്മിലുണ്ടായ അഭിപ്രായഭിന്നതയ്ക്കു പ്രതികാരം നീ എന്നോടു കാണിക്കുകയായിരുന്നു; അല്ലേ?" എന്നു് സ്പഷ്ടമായി ചോദ്യംചെയ്തു. ആ തലവേദനാഭിനയവും മററും ജ്യേഷ്ഠനെ കബളിപ്പിക്കുവാൻ പര്യാപ്തമായില്ല എന്നു് സുബ്രഹ്മണിയയ്യർക്കു് വ്യക്തമായി. പക്ഷെ അനുജനോടു് പരിഭവം വി

ചാരിച്ചിരിക്കാതെ അടുത്തു നടക്കേണ്ടുന്ന കല്യാണക്കാര്യങ്ങളെപ്പററി അദ്ദേഹം സംസാരിച്ചു. ജ്യേഷ്ഠൻ "ആയിരം ആയിരത്തഞ്ഞൂറു രൂപായ്ക്കു് ജവുളി വാങ്ങേണ്ടിവരും. ഇപ്പോൾമുതലേ സാമാനങ്ങൾ തയാറാക്കിയാലേ കാര്യങ്ങൾ കുഴപ്പംകൂടാതെ നടക്കുകയുള്ളു. നീ എല്ലാക്കാര്യങ്ങളും നോക്കിച്ചെയ്യിക്കണം." അനുജൻ അക്കാര്യമെല്ലാം ചുമതലപ്പെട്ടേററു. അച്ഛനുതുല്യം സ്നേഹിച്ചാദരിച്ചുവന്ന ജ്യേഷ്ഠനോടയാളെങ്ങനെ മറുത്തുപറയും. അവരുടെ സഹോദരസ്നേഹവും, വണക്കവും മര്യാദയും കല്യാണത്തിനു വരുന്നവരെല്ലാം പുകഴ്ത്തണമെന്നു തോന്നുമാറു് അവർ കാര്യങ്ങൾ പറഞ്ഞുവച്ചു.

കല്യാണക്കാര്യങ്ങൾ ഭംഗിയാക്കുന്നതിനു് അവർ എത്രമാത്രം കൂടി ആലോചിച്ചോ അതേസമയംതന്നെ അതു് എത്രമാത്രം അമംഗളമാക്കിത്തീർക്കാമെന്നു് പൊന്നമ്മയും ഇരുന്നു വിയർത്താലോചിക്കുകയായിരുന്നു. കല്യാണം മുടക്കുന്നതിനുപോലും അവൾ ചില പ്രയത്നങ്ങളെല്ലാം നടത്തിനോക്കി. നല്ലകാലമല്ലാഞ്ഞതിനാൽ ഒന്നും ഫലിച്ചില്ല. കല്യാണത്തിന്റെ പ്രസിദ്ധി എങ്കിലും കുറയ്ക്കാമെന്നു വിചാരിച്ചു് അവർ കല്യാണസദ്യ, ചടങ്ങു്, കല്യാണപ്പെണ്ണു് ഇവയെയെല്ലാം ആക്ഷേപിച്ചു വിമർശിച്ചിട്ടും തൃപ്തിവരാതെ കമലമ്മയുടെ കുററവും കുറവുകളും പത്തിരട്ടിയാക്കിയും, വേണ്ടതെല്ലാമുണ്ടാക്കിക്കൂട്ടിച്ചേർത്തും വന്നിരുന്ന ബന്ധുക്കളോടെല്ലാം പ്രസംഗിച്ചു. ഈ വിവരങ്ങളെല്ലാം രഹസ്യമായി അറിഞ്ഞുകൊണ്ടിരുന്ന കമലമ്മ ഇതിനെല്ലാം പകരം ചോദിക്കുവാനൊരുങ്ങാതെ ഇക്കാര്യങ്ങൾ പറഞ്ഞുവരുന്നവരോടു് ചിരിച്ചു് വെടിപറഞ്ഞു വിടുകയായിരുന്നു പതിവു്. അവളുടെ സ്വഭാവം അത്ര മെച്ചമേറിയതായിരുന്നു. ആററിൻകരയിൽവച്ചു് പൊന്നമ്മചെയ്ത പ്രസംഗം കമലമ്മ അറിഞ്ഞിട്ടില്ല. അവളെ സംശയദൃഷ്ട്യാവീക്ഷിക്കുകപോലുംചേട്ടത്തി ചെയ്തിട്ടില്ല. കമലമ്മയുടെ ഗുണഗണങ്ങൾ നാട്ടാർ പുകഴ്ത്തുംതോറും പൊന്നമ്മയുടെ ഹൃദയം പുകഞ്ഞു പുകഞ്ഞുവന്നു. സുബ്രഹ്മണി അയ്യർ ദ്രുതഗതിയിൽ കാര്യങ്ങൾ ഓരോന്നായിത്തീർക്കുന്നതു കാണുമ്പോൾ അവർ കോപംകൊണ്ടു വിറ

യ്യും. ആ വശത്തേയ്ക്കുപിന്നവൾ നോക്കാതായി. കല്ല്യാണം കഴിയുന്നതുവരെ സുബ്രഹ്മണ്യയ്യർക്ക് വീട്ടിലേക്കു പോകേണ്ട ആവശ്യമോ പൊന്നമ്മയുടെ ദയവോ ഇല്ല. അയാളെ വീട്ടിലേക്കു വരുത്തുവാൻ അവൾ പല പണികളും ചെയ്തുനോക്കി. പലരോടും ഓരോവിധകള്ളത്തരങ്ങൾ പറഞ്ഞയച്ചു. എന്നിട്ടും അയാൾ വന്നില്ല. അവളെ ഉള്ള ഭയംമൂലം ചെന്നകപ്പെട്ടുപോയാൽ തലയൂരിക്കൊണ്ടുപോരുന്നതിന് ഈ ജന്മം സാധിക്കുകയില്ലെന്ന് അയാൾക്ക് നല്ലതിന്മണ്ണമറിയാം. അവൾ അടുത്തെങ്ങാനും വരുന്നോ എന്ന് അയാൾ ചുററും പററും നോക്കികൊണ്ടേ ഇരിക്കും. അവളെക്കണ്ടാൽ ഏതോ അത്യാവശ്യത്തിനെന്നപോലെ സുബ്രഹ്മണ്യയ്യർ അവിടെനിന്നും അതിവേഗം നടന്നു മാറും. ഭാര്യ പുറത്തുവന്നാൽ ഭർത്താവകത്തുകയറും; ഭാര്യ അകത്തെത്തിയാൽ ഭർത്താവു പുറത്തുചാടും. പൊന്നമ്മ വരുന്നു എന്നു പറഞ്ഞാൽ അയാൾ ആരുടെ എങ്കിലും അടുക്കൽ പോയിരിക്കും. അവളെന്തുചെയ്യുമോ എന്നുള്ള ഭയം. പാവം! 'എടാ രാമസ്വാമി, ചുപ്പുണ്ണാ,' എന്നെല്ലാം ആരെയോ തിരക്കുന്നമാതിരി ഉറച്ചുവിളിച്ചുകൊണ്ട് മററാളുകളുടെ കൂട്ടത്തിൽപോയി അയാൾ ഭാര്യയെക്കണ്ടാൽ ഒളിച്ചിരിക്കും. ഈ വേല ചില കുസൃതിക്കുട്ടികൾ കണ്ടുപിടിച്ചു. സുബ്രഹ്മണ്യയ്യരുടെ പാരവശ്യം കണ്ടു രസിക്കാൻവേണ്ടി അവർ ചിലപ്പോൾ പറയും "ഇതാ പൊന്നമ്മ" എന്ന്. അക്ഷണത്തിൽ അയാൾ പുലിയെക്കണ്ട ആട്ടിൻകുട്ടിപോലെ ജീവനുംകൊണ്ടോടും. ഭയാക്രാന്തനായ പ്രിയതമനെ അവൾ പലവിധത്തിൽ വേട്ടയാടിനോക്കിയിട്ടും കിട്ടുന്നില്ല. തന്മൂലം അവൾ ഭർത്താവിനെ വല്ലപ്പോഴും കണ്ടു എങ്കിൽ കിറികോട്ടിപ്പല്ലിളിച്ച് വിരലുകൾ ഞെരിച്ചൊടിച്ച് ഉള്ളിലുള്ള കോപത്തെ അയാളെ അറിയിക്കും. ആ പാവംപിടിച്ച മനുഷ്യന് ഇത്ര ധൈര്യം വന്നതിൽ അവൾ അത്ഭുതപ്പെടാറുണ്ട്. ഭർത്താവിൻെറ ഈ അലക്ഷ്യഭാവത്തിന് ഏതുവിധമുള്ള ശിക്ഷയാണ് കൊടുക്കേണ്ടതെന്നുള്ള ചിന്തയാൽ അവൾ രാത്രി മുഴുവൻ ഉറങ്ങാതെ കിടന്നിട്ടുണ്ട്. അയാളെ അടുത്തിരുത്തി കോപാഗ്നി ചിന്നുന്ന കണ്ണുകളാൽ

നോക്കി വിറപ്പിച്ചു് അനുസരണം പഠിപ്പിക്കണമെന്നുംകൂടി അവളൊരുനാൾ ആലോചിച്ചുറച്ചു. പക്ഷെ അങ്ങനെ ചെയ്താൽ തനിക്കും ചില ദൂഷ്യങ്ങൾ വന്നുചേർന്നേക്കുമെന്നവൾക്കു ഭയം. അതിനാൽ ഏതെങ്കിലും വിധത്തിൽ നയത്തിൽക്കൂടെ കാര്യം സാധിക്കുകയാണുത്തമമെന്നവൾക്കു തോന്നി. അതിനു് പററിയ വശ്യമരുന്നെന്തെങ്കിലും പാലിൽ കലക്കിക്കൊടുത്തേ മതിയാകൂ എന്നവളുറച്ചു.

## 12

## മരുന്നും മായവും കൊള്ളയും തീയും

കല്ല്യാണം കഴിഞ്ഞു ചെറുകുളത്തുള്ളവരെല്ലാം താളമേളങ്ങളോടുകൂടി യാത്ര അയപ്പിനു് രണ്ടുമൈൽ ദൂരെവരെ മണവാളൻ കൂട്ടരെ അനുഗമനം ചെയ്തു. അവരെ മധുരസ്കൂ വേണ്ടുംവണ്ണം യാത്രഅയച്ചിട്ടു് ഗ്രാമക്കാർ ഓരോരുത്തരും അവരുടെ വീടുകളിലേക്കു മടങ്ങി. ആ മഹാമഹം അങ്ങനെ അവസാനിച്ചു. അതിൻെറ അടുത്തദിവസം രാത്രിയിൽ സുബ്രഹ്മണ്യയ്യർ കല്ല്യാണബദ്ധപ്പാടുകൾ മൂലമുള്ള ക്ഷീണം നിമിത്തം നേരത്തേതന്നെ വീട്ടിലെത്തി ഉറക്കം തുടങ്ങി. അയാളുടെ ഉത്തമപത്നിയായ പൊന്നമ്മ മുറിയിൽ വന്നപ്പോൾ ഉറങ്ങിക്കിടക്കുന്ന ഭർത്താവിനെക്കണ്ടു പൊറുപൊറുത്തു "മലയിൽ കിളുർത്തതാണെങ്കിലും ഉരലിൽവന്നേ അവസാനിക്കു." ഇത്രനാൾ കല്ല്യാണം കൊണ്ടോടി നടന്നിട്ടും ഇന്നിങ്ങുവന്നു് എൻെറ കൈയ്യിൽ അകപ്പെട്ടു. ഇതുതന്നെ പററിയ സമയം. കാററുള്ളപ്പോൾ തൂററണമെന്നല്ലേ പഴമൊഴി. നല്ലതുപോലെ ഒരുങ്ങി അടുത്തുചെന്നു്, എൻെറ വശീകരണശക്തി മുഴുവൻ എടുത്തു വിളമ്പി അദ്ദേഹത്തെ മയക്കി മരുന്നു കുടിപ്പിക്കണം. ഈ സന്ദർഭം പാഴാക്കിയാൽ അടുത്തു് സൗകര്യം കിട്ടിയില്ലെന്നു് വരാം." ഇപ്രകാരം വിചാരിച്ചു് അവൾ ഒരുക്കംതുടങ്ങി. പളപളവെട്ടുന്ന വജ്രമാല എടുത്തു് കഴുത്തിലണിഞ്ഞു. അതിൻെറ കീഴെയായി പച്ചയും ചുവപ്പും കല്ലുകൾവച്ച മററു മാലകളും കണക്കനുസരിച്ചു വൾചാർത്തി. അവൾക്കു യോജിക്കുന്ന ഒരു വെൺപട്ടുപുടവയുമുടുത്തു്, മുറുക്കി അധരം ചുവപ്പിച്ചു് കിലുങ്ങുന്ന പാദസരങ്ങളും കൈനിറയെ വളകളുമിട്ടു്, വാസനദ്രവ്യങ്ങളും പൂശി കൈയ്യിൽ വെററിലത്തട്ടും പിടിച്ചു് ചെറുമന്ദഹാസ

ത്തോടെ സർവ്വലോകത്തേയുമടിപ്പെടുത്താൻ പ്രാപ്തിയുള്ളവളെന്ന ഗർവ്വോടെ, രഹസ്യസങ്കേതം നോക്കി ഗമിക്കുന്ന കാമിനിയെപ്പോലെ, പൊന്നമ്മ ഭർത്തൃസമീപത്തിലേക്കു യാത്രയായി. അവൾ അവിടെ എത്തി തട്ടം താഴെവച്ചിട്ടു ഭർത്താവിനെ മൃദുവായിത്തട്ടി ഉണർത്തി. സുബ്രഹ്മണ്യയ്യർ കണ്ണുതുറന്നു നോക്കിയതു് അഴകിൽ മുഴുകിയ ഒരു കമനീയവിഗ്രഹത്തിൻെറ വദനത്തിലേക്കായിരുന്നു. "ഇതെൻെറ ഭാഗ്യമേ ഭാഗ്യം." എന്നു പറഞ്ഞു് അയാൾ ആനന്ദപരവശനായി.

അവർ ഭർത്താവിൻെറ ദേഹത്തോടു ചാഞ്ഞു് അടുത്തിരുന്നു. വിവാഹാനന്തരം അന്നുവരെ നടന്നിട്ടില്ലാത്ത ശൃംഗാരാഭിനയങ്ങളോടെ അവൾ അയാളെ രമിപ്പിച്ചു് കൊഞ്ചലാർന്ന മൊഴികളിലൂടെ സംഭാഷണം തുടങ്ങി. "അല്ലാ, ഞാനൊരു കാര്യം മറന്നുപോയി. പാലുകാച്ചിവച്ചിരിക്കുന്നു. ദെ, ഇതാ കൊണ്ടുവന്നുകഴിഞ്ഞു." എന്നു പറഞ്ഞെഴുനേൽക്കാൻ ഭാവിച്ച ആ രംഭയെ തടുത്തുപിടിച്ചുകൊണ്ടു് കണവൻ പറഞ്ഞു "അതവിടെ ഇരിക്കട്ടെ. അതിനുവേണ്ടി നീ നടക്കണ്ട. ഒരു ദിവസം പാലില്ലെന്നുവച്ചു് എന്തു ദോഷമാണു്?"

"അങ്ങനെ പറയരുതു്. അതു് എടുത്തുകൊണ്ടുവരുന്നതു് എനിക്കൊരു വേലയല്ല. കല്യാണബഹളത്തിൽ അങ്ങയ്ക്കു് ബദ്ധപ്പെട്ട പണിയല്ലായിരുന്നോ? ഞരമ്പുകൾ ഉഴുന്നിച്ചിരിക്കും! അതിൽ ബദ്ധശ്രദ്ധനായി ഓടിനടക്കുന്നതു ഞാൻ കണ്ടിട്ടുണ്ടു്. ഈ ദേഹം ചടച്ചുപോകുമല്ലോ എന്നുള്ള ആധി ഞാനെത്രനിന്നു എന്നറിയാമോ? അങ്ങയെപ്പററിയുള്ള വിചാരം മുഴുത്തു് നേരത്തിനും കാലത്തിനും ഊണുമുറക്കവുമില്ലാതെ ഒററയ്ക്കിവിടെക്കിടന്നു് ഞാനെന്തുമാത്രം യാതന അനുഭവിച്ചു! 'എനിക്കുമാത്രമേ ഈ ഭൂലോകത്തു് ഒരു ജ്യേഷ്ഠനുള്ളൂ' എന്ന ഭാവത്തോടെ ഇരുപ്പുമവിടെ, കിടപ്പുമവിടെ, ഊണുമവിടെ, ഉറക്കവുമവിടെ, പിന്നെ ഞാനെന്തുചെയ്യും? നിങ്ങളുടെ പൊന്നേട്ടനല്ലേ! എനിക്കു് വല്ലതും പറയാമോ? അദ്ദേഹം കാലിന്മേൽ കാലുംകയററി ഇരുന്നുകൊണ്ടു് "എടാ, സുബ്രഹ്മണീ, ആ വെററിലത്തട്ടം ഇങ്ങെടുത്തുകൊണ്ടുവാ" എന്നാജ്ഞാപിക്കുന്നു. ഈ പരിചാരകവേല

യ്ക്കും ദാസ്യത്തിനുമാണിവിടെനിന്നും പോകുന്നതു്. ഞാനെന്തിനു പറയുന്നു—ചേട്ടൻ പണക്കാരനല്ലേ? പിന്നെങ്ങനെ പോകാതിരിക്കും?" അവൾ പ്രേമവിവശയായി ഭർത്താവിനെ നോക്കി മുഖത്തോടുമുഖം ചേർത്തു് മധുരമായി മന്ത്രിച്ചു "അദ്ദേഹത്തിന്റെ സ്വത്തു മുഴുവൻ അങ്ങേയ്ക്കാണെന്നു കേട്ടു. മകൾക്കു കൂടിക്കൊടുക്കാതെ മുഴുവൻ അങ്ങേയ്ക്കാണു പോലും!"

ആ രാക്ഷസിയുടെ മൊഴികൾ നമ്മൾക്കു് കർണ്ണകഠോരമായിത്തോന്നുന്നുണ്ടായിരിക്കും. പക്ഷെ സുബ്രഹ്മണ്യയ്യർക്കു് അതു് ദേവഗാനംപോലെയോ അമൃതപാനംപോലെയോ ഒക്കെയാണു് തോന്നിയതു്. അവളുടെ തീമഴ ഒന്നു ശമിച്ചപ്പോൾ അയാൾ ചിരിച്ചുകൊണ്ടു് പരിഹസിച്ചു "എടീ, പോടീ, നീ എന്തറിഞ്ഞു? എന്റെ ചേട്ടനേപ്പോലെ ഈ ലോകത്തു് മറെറാരാളുണ്ടോ?"

"അയ്യോ, അക്കാര്യം പോകട്ടെ. കിടക്കാറായല്ലോ. പാലു കൊണ്ടുവരട്ടെ." എന്നവൾ പറഞ്ഞുകൊണ്ടെഴുന്നേററു. അവൾ മനസ്സിൽ പറഞ്ഞു "ചേട്ടന്റെ മയക്കുകൊണ്ടായിരിക്കും ഇങ്ങനെ ആട്ടിപ്പറയുന്നതു്. ഏതായാലും കൊള്ളാം ഇന്നത്തെകൊണ്ടു തീർന്നു. ഇനിമേലിൽ ഇങ്ങനെ പറയുകയില്ല." അവൾ പോയി മരുന്നു കലക്കിവെച്ചിരിക്കുന്ന പാലെടുത്തുകൊണ്ടുവന്നു് ഭർത്താവിന്റെ അടുക്കൽവച്ചു. പാലിന്റെ നിറം മാറിയിരിക്കുന്നതയാൾ കണ്ടു സംശയിച്ചേക്കുമെന്നു് ഭയന്നു് അവൾ ഒരു കൈകൊണ്ടു് അതടച്ചുപിടിച്ചു് ഭർത്താവിന്റെ മാറിലേക്കു് ചാഞ്ഞു് അദ്ദേഹത്തിന്റെ വായിലേക്കൊഴിച്ചുകൊടുക്കാൻ മുതിർന്നു. തന്നോടുള്ള സ്നേഹാതിരേകത്താൽ അവൾ എന്തുമാത്രം സാഹസപ്പെടുന്നു എന്നുള്ള സംതൃപ്തിയോടെ അദ്ദേഹം പറഞ്ഞു "എന്നെക്കാൾ ഭാഗ്യവാനായി വേറെ ആരുണ്ടു്?" സുബ്രഹ്മണ്യയ്യർ വാപൊളിച്ചു. അവൾ പാൽ ഒഴിച്ചുകൊടുത്തു. സ്വാദുപോലും നോക്കാതെ അവളുടെ മാദകസൗന്ദര്യത്തിൽ ലയിച്ചു് അയാൾ അതു മുഴുവനും കുടിച്ചു. സ്വല്പനേരം കഴിഞ്ഞപ്പോൾ അയാൾക്കൊരു വിഷമം "പാലെന്തോപോലിരിക്കുന്നല്ലോ!" അയാൾക്കൊരു മനംമറിച്ചിലും ഉരുണ്ടുകയററവും. ഉടൻ

ഒന്നു ഛർദ്ദിച്ചു. പൊന്നമ്മ ഓടിപ്പോയി പാലുവച്ചിരുന്ന പാത്രം കഴുകിക്കമഴ്ത്തിവച്ചിട്ടു വന്നു. ആ ബ്രാഹ്മണൻ, പാവം! രണ്ടുനാഴികയോളം വാതോരാതെ ഛർദ്ദിച്ചു കഷ്ടപ്പെട്ടു. അവൾ ഛർദ്ദിയിൽ എണ്ണകണ്ണിട്ട് സൂക്ഷിച്ച് ഇടയ്ക്കിടയ്ക്കു നോക്കും; മരുന്നു പുറത്തുപോകുന്നുണ്ടോ എന്ന്. ഇത്രയൊക്കെയായിട്ടും അതു പോയിട്ടില്ല. അവളുടെ മനം തണുത്തു. അവൾ വേദാന്തം തുടങ്ങി "പിത്തം അധികരിച്ചിരിക്കുന്നു. പാലുപോലും അതിനു പിടിക്കുന്നില്ല. പിശാചുപോലെകിടന്നൊാച്ചയെടുത്താൽ പിത്തം വർദ്ധിക്കാതെ കഴിയുമോ? എനിക്കു നേരത്തേതന്നെ അറിയാം. ആ നാശംപിടിച്ച കല്ല്യാണം എന്തെല്ലാമോ വരുത്തിവയ്ക്കുമെന്ന്. ആഹാ, അവിടെ എന്തു പണിയായയിരുന്നു. എന്റെ സ്വാമീ! ഞാനിപ്പോളെന്തുചെയ്യും!" എന്നുംപറഞ്ഞവൾ കരയുവാൻ തുടങ്ങി. ആ ലളിതയ്ക്കു ചില പ്രത്യേക സിദ്ധികളുണ്ട്. കണ്ണൊന്നു നല്ലതുപോലെ തിരുമ്മിയാൽ മതി. അണപൊട്ടിയതുപോലെ വെള്ളംചാടും. പെണ്ണുങ്ങൾക്കെല്ലാം ഈ അഭ്യാസമുണ്ടെന്നുവരുകിലും ആരുംതന്നെ പൊന്നമ്മയെ തോല്പിക്കുകയില്ലെന്നു് നിശ്ചയം. ഇങ്ങനെ അവൾ കരയുന്നതു കണ്ടിട്ട് തന്റെ വിഷമതകൂടെ മറന്ന് ആ സാധുബ്രാഹ്മണൻ പത്നിയെ തലോടിയാശ്വസിപ്പിച്ചു. അവർ പരസ്പരം ആശ്വസിപ്പിച്ചുകൊണ്ട് ഉറക്കത്തിലാണ്ടു. പിത്തമധികരിച്ചിരിക്കുന്നതിനാൽ പാൽ പത്ഥ്യമല്ലാതെ വന്നതുമൂലം നേരം വെളുത്താലുടനെ വൈദ്യരെ കാണണമെന്നും അവർ ഉറക്കത്തിനുമുൻപ് തീരുമാനവും ചെയ്തു.

ഒരു രണ്ടുനാഴിക കഴിഞ്ഞിരിക്കും. പെട്ടെന്നൊരു ശബ്ദം അവരെ ഉണർത്തി "രണപാതകാ, രണപാതകാ, കടൻകാരകാ, രണപാതകാ" എന്നുള്ള ഒരലർച്ച. ആ സമയം മുത്തുസ്വാമി അയ്യരും കമലാമ്മാളും വീടിന്റെ പടിക്കൽ ഇരുന്ന് കല്ല്യാണക്കാര്യങ്ങളും മററും പറഞ്ഞുകഴിഞ്ഞു പുറകുവശത്തായിക്കേട്ട ഒരു സംഗീതദ്ധ്വനിയിൽ ലയിച്ചിരിക്കുകയായിരുന്നു. അയ്യർക്കു തായ്മാനവഗീതങ്ങൾ ജീവനാണ്. അടുത്ത വീട്ടിൽനിന്നും അതു കേട്ടപ്പോൾ അദ്ദേഹത്തിനാപ്പാട്ടിനോടൊരു പ്രതിപ

ത്തി. ഭർത്താവിന്റെ ഹിതമറിഞ്ഞു കമലമ്മ അകത്തുപോയി വീണ എടുത്തുകൊണ്ടുവന്നു് ശ്രുതികൂട്ടി പാട്ടുപാടുവാൻ തുടങ്ങി. വീണയ്ക്കൊത്ത സ്വരത്തിൽ അവളുടെ കണ്ഠത്തിൽനിന്നും ഭക്തിരസപ്രധാനമായ കീർത്തനമൊഴുകി. മുത്തുസ്വാമി അയ്യർ ആനന്ദലഹരിയിൽ മുഴുകി. ഇപ്രകാരം ഒരു പതിവ്രത തന്റെ ഭർത്താവിനു് ഗാനാമൃതം പകർന്നുകൊടുക്കുന്നു. മറ്റൊരുവൾ വിഷം പകർന്നുകൊടുക്കുന്നു!

അങ്ങനെ ഇരിക്കെ ആ ഇരുളേറിയ രാത്രിയിൽ "രണപാതകാ, കടൽകാരകാ, രണപാതക" എന്നുള്ള ശബ്ദം സർവ്വത്ര മുഴങ്ങി. മുത്തുസ്വാമി അയ്യരും കമലമ്മയും ചാടി എഴുന്നേററു പരസ്പരം തുറിച്ചുനോക്കി. കമലാമ്മാൾ പേടിച്ചു നടുങ്ങിപ്പോയി. ഭാര്യയെ സമാധാനിപ്പിച്ചു ധൈര്യപ്പെടുത്തിയശേഷം ആ അകാരണശബ്ദത്തിന്റെ ഹേതുവെന്തെന്നറിയുന്നതിനായി മുത്തുസ്വാമി അയ്യർ പുറത്തേക്കിറങ്ങി. അടുത്തായി ഒരു വീട്ടിൽ പലർകൂടിയിരുന്നു് വർത്തമാനം പറയുകയും ഇടയ്ക്കിടയ്ക്കു ചിരിക്കുകയും മററും ചെയ്യുന്നതിന്റെ ശബ്ദം അദ്ദേഹം കേട്ടു. അതു എരുമത്തൊണ്ടു കുപ്പാശാസ്ത്രികളുടെ വീടാണു്. അദ്ദേഹം ഒരു പഴയ കഥ വർണ്ണിക്കുന്നു "....വർജ്യകാലത്തൊരിക്കൽ വീട്ടിൽ പത്തുതൊഴുത്തിനടുത്തു പായുംവിരിച്ചു കിടക്കുകയായിരുന്നു. അവളുടെ അരയിൽ ഒരു കറുത്ത തുണിയാണു് കെട്ടിയിരുന്നതു്. ആ വീട്ടിൽ ഒരു പാലയുണ്ടു്. പിശാചധിവസിക്കുന്ന മരമാണതെന്നു് നാട്ടിലെല്ലാം പ്രസിദ്ധിയാണു്. അവൾ അങ്ങിനെ കിടന്നുറങ്ങുന്ന സമയം കന്നുകാലിയെ മോഷ്ടിക്കുവാൻ രണ്ടു കള്ളന്മാർ മതിലുകേറിച്ചാടി അകത്തുവന്നു. അവർ പത്തുക്കളെ അഴിച്ചു പുറത്തു കൊണ്ടുപോകുമ്പോൾ ആ അമ്മ ഞെട്ടി ഉണർന്നു. കള്ളന്മാർ പോകുന്നതുകണ്ടു് അവൾ മാറത്തടിച്ചു് "രണപാതക, രണപാതക" എന്നു് അലറുവാൻ തുടങ്ങി. കള്ളന്മാർ അങ്ങോട്ടു നോക്കിയപ്പോൾ കറുത്ത വസ്ത്രവുംധരിച്ചു ഒരു പെണ്ണു്. അവർ ഭയന്നു. "അയ്യോ, പാലയിലെ പ്രേതം, പ്രേതം!" എന്നു പറഞ്ഞുകൊണ്ടു് പിടിച്ച പത്തുക്കളേയുമുപേക്ഷിച്ചു് അവർ ജീവനുംകൊണ്ടു പാഞ്ഞു."

ഇക്കഥകേട്ടുകൊണ്ടാണ് മുത്തുസ്വാമി അയ്യർ ആ വീട്ടിലേക്കു കയറിച്ചെന്നതു്. എല്ലാവരുംകൂടി ചിരിച്ചു വെടിയും പറഞ്ഞല്പമിരുന്നു. ഈ വിനോദകഥ കമലമ്മയെപ്പറഞ്ഞുകേൾപ്പിക്കണമെന്നുദ്ദേശിച്ചു് മുത്തുസ്വാമി അയ്യർ വേഗംതന്നെ വീട്ടിലേക്കു തിരിച്ചു. ആ ഇരുട്ടിൽ "കള്ളൻ, കള്ളൻ" എന്നു വിളിച്ചു പറഞ്ഞുകൊണ്ടു് അനുജൻ സുബ്രഹ്മണിയയ്യർ എതിരെ ഓടിവരുന്നു. അയാളെപ്പിടിച്ചുനിർത്തി മുത്തുസ്വാമി അയ്യർ കാര്യം വിശദമായി ചോദിച്ചു. പൊന്നമ്മയുടെ സകല ആഭരണങ്ങളും 500ശ്രുപായും അഞ്ചുജോടി പത്തുക്കളും പുതുതായി അയാൾ വാങ്ങിയ ഉറുമാൽപ്പട്ടിക്കാളകളേയും അപഹരിച്ചിരിക്കുന്നു. അയാൾ പറഞ്ഞു തീരുന്നതിനുമുമ്പുതന്നെ "തീ, തീ" എന്നൊരാരവം മുഴങ്ങി. ആളുകൾ ഇരുട്ടിൽ ഓടുന്നുണ്ടു്. ബഹളം കേൾക്കുന്ന സ്ഥലത്തേക്കവർ നോക്കി. സുബ്രഹ്മണ്യയ്യരുടെ കച്ചിപ്പുര കത്തിക്കേറുന്നു. ആ പുരയ്ക്കു് നാലാനയുടെ പൊക്കംവരും. തിരുവണ്ണാമലക്കാർത്തികവിളക്കുപോലെ അതിദൂരം പ്രകാശം പരത്തി ആ കച്ചിപ്പുര തീമലസമാനിന്നു കത്തുന്നതവർ കണ്ടു. ആ ഇരുട്ടിൽ ദീപശിഖ അതിഭയങ്കരാകാരമായിക്കാണപ്പെട്ടു. അതിനിടയിൽ എങ്ങുനിന്നോ ഒരു കാററും. ആ നാടെല്ലാം പകൽപ്പോലെ തെളിഞ്ഞു. അഗ്നിഭഗവാനു് ഹവിർഭാഗമായി ആ ഗ്രാമംമുഴവൻ ദാനംചെയ്തു എന്നു് ആരും വിചാരിച്ചുപോകും. തീപ്പൊരി മേലോട്ടുയർന്നു് കാററിൽ ആകാശം മുഴവൻ വ്യാപിച്ചു. അടുത്തവീടേതു്? അടുത്തവീടേതു് എന്നും തിരക്കി, പട്ടാളക്കാർപോലെ വലിയ തീക്കൊള്ളികളും കനൽകട്ടകളും നിരനിരയായി കാലഭൂതന്മാരെപ്പോലെ സഞ്ചരിച്ചു് നക്ഷത്രസമമുതിർന്നുവീണു. ആണുപെണ്ണുടച്ചു് അവിടെ മുഴവൻ മുറവിളിയായി. ഉറക്കത്തിൽ ഞെട്ടിഉണർന്ന കുട്ടികൾ എന്തുചെയ്യേണ്ടു എന്നറിയാതെ പകച്ചുനിന്നു. യുവതികൾ സംഭ്രാന്തരായി തീപ്പൊരികൾപോലെ നാടുമുഴവൻ ആ കൂരിരുളിൽ ഓടി അലഞ്ഞു. തീ പടർന്നുപിടിച്ചു് ബാക്കി വീടുകൾ സംഹരിക്കാതിരുപ്പാൻ തന്റേടമുള്ള ആണുങ്ങൾ അടുത്ത വീടുകൾ അഭിഷേകംചെയ്തുതുടങ്ങി. ചിലർ വെള്ളം കോരുവാൻ പാത്രങ്ങൾ തിരക്കുന്നു; ചിലർ വീടുകൾ

പൊളിച്ചെറിയുന്നു; ചിലർ തീകെട്ടത്തുവാൻ ശ്രമിക്കുന്നു; ചിലർ തങ്ങളുടെ കുഞ്ഞുകുട്ടികളെത്തിരയുന്നു; അങ്ങനെ ആ ഗ്രാമം മുഴവൻ ബഹളത്തിൽ മുഴുകി. കുറെനേരം കത്തിഎരിഞ്ഞപ്പോഴേക്ക കാററു നിലച്ചു. തീയും ഒതുങ്ങി. ആളുകഠം കൂട്ടംകൂടിനിന്നു് അഭിപ്രായങ്ങഠം തുടങ്ങി. ഒരു രാത്രികൊണ്ടു് രൂപാ 5000 മാണു് സുബ്രഹ്മണിയയ്യർക്കു് പോയതു്. പക്ഷെ അയാഠം ധനവാനാണു്. പിന്നെപ്പോയാലെന്താ?

ഒരുവൻ: "കള്ളന്മാർ മോഷണവും കഴിഞ്ഞു തീവച്ചതാണെന്നു്."

"മോഷ്ടിച്ചതിനുപുറകെ തീയും വയ്ക്കണോ?" അടുത്തുനിന്നയാഠംക്കു് സംശയം.

"ആളുകഠം തീ കെട്ടത്തുവാൻ ശ്രമിക്കും. ആരും കള്ളന്മാരെ പിൻതുടരുകയില്ല." എന്നൊന്നാമൻ വിശദീകരിച്ചു

"ഏതായാലും നാടു നശിച്ചു."

"ഈ കള്ളൻ സാധാരണക്കാരനൊന്നുമല്ല.

"പേയാണ്ടിത്തേവരല്ലാതെ മററാരും ഇതു ചെയ്കയില്ല." എന്നൊരു വൃദ്ധൻ.

"ഏതായാലും ഇതിനൊരു പരിഹാരം ചെയ്യേ മതിയാകൂ." ഇങ്ങനെ പല അഭിപ്രായങ്ങളും ഊഹങ്ങളും നടന്നുകൊണ്ടിരിക്കുമ്പോഠം ദൂരെനിന്നും കാലൊച്ചകഠം കേട്ടു് അവർ ഭയന്നു് നോക്കിനിന്നു. ആ ജനക്കൂട്ടത്തിലേക്കു് ആരോ രണ്ടുപേർ അതിവേഗത്തിൽ ഓടിവരുന്നതവർ കണ്ടു

# 13
## തസ്കര രാജൻ

ഓടിവന്നവർ ശ്വാസത്തള്ളലുമൂലം ഏതാനും നിമിഷത്തേയ്ക്കു് ഒന്നും പറവാനാകാതെ നിന്നുപോയി. അതിനുശേഷം അവർ വിവരം പറഞ്ഞു; സുബ്രഹ്മണിയയ്യരുടെ വീട്ടിൽകടന്നു കൊള്ളചെയ്തതും കച്ചിപ്പുരയ്ക്കു തീവെച്ചതും പേയാണ്ടിത്തേവനാണെന്നു്. അവൻ പോകുന്ന വഴി ചെറുകുളത്തുനിന്നും ആറുമൈലകലെവച്ചു് 'കല്ലാപ്പട്ടി കണക്കൻ' ചുപ്പുപിള്ള അയാളുടെ മോഷണംപോയ ഉരുക്കളെത്തേടിനടക്കുമ്പോൾ തേവനെത്തൊണ്ടിയോടുകൂടിക്കണ്ടുവെന്നും ചുപ്പാപിള്ളയേയുംകൂട്ടി മുത്തുസ്വാമി അയ്യർ പോലീസ് സ്റ്റേഷനിൽ ഉടൻതന്നെ ചെല്ലണമെന്നും മററും അതിവിസ്മിഷ്ടത്തോടെ അവർ പറഞ്ഞു. ചിലരുടനെ "ഞാൻ നേരത്തേതന്നെ പറഞ്ഞില്ലേ, ഇപ്പണി തേവനല്ലാതെ ആരും ചെയ്കയില്ലെന്നു്" എന്നു് സാമർത്ഥ്യം പറഞ്ഞു. ചിലർ ആഹ്ലാദിച്ചു:–"ഏതായാലും അവൻ അകപ്പെട്ടു."

പേയാണ്ടിത്തേവൻ സുപ്രസിദ്ധനായ കൊള്ളക്കാരനാണു്. ആ പ്രദേശത്തെ കള്ളന്മാരുടെ മഹാരാജാവാണവൻ. തേവൻെറ കാഹളശബ്ദം കേട്ടാൽ ആയിരക്കണക്കിനു് അനുചരന്മാർ അടുത്ത ക്ഷണം പ്രത്യക്ഷപ്പെടും. അവൻെറ കൂർമ്മബുദ്ധിയും, സ്ഥിരോത്സാഹവും, ഉറച്ച ധൈര്യവും വാഗ്വിലാസവും ആശ്രിതവാത്സല്യവും, കാരുണ്യവും തസ്കരവൃത്തിയിൽ അവനേക്കാൾ തഴമ്പും പരിചയവും സിദ്ധിച്ച വൃദ്ധതസ്കരന്മാരുടെ പോലും ബഹുമതി ആർജ്ജിച്ചിട്ടുണ്ടു്. അവർ തേവൻെറ പ്രീതിക്കുവേണ്ടി ആജ്ഞാകാരന്മാരായി കാത്തുകിടക്കും. അവർക്കവനോടു് അളവററ ആദരവും അനുസരണയും ഉണ്ടു്. തേനിടുന്നതു ചട്ടം; പറയുന്നതു വേദം.

"രാജഗംഭീര വീരമാർത്താണ്ഡ ചങ്കിലി വീരപ്പ പേയാണ്ടിത്തേവർ" ഇതാണവൻെറ പ്രതാപപ്പേർ. നിങ്ങൾക്കു ധൈര്യമുണ്ടെങ്കിൽ എൻെറകൂടെ വന്ന് അവനെ ഒരു നോക്കു നോക്കിക്കൊള്ളുക. രാത്രിയുടെ കൂരിരുളാണവൻെറ നിറം. എണ്ണ ഒലിച്ചിറങ്ങുന്ന ശിലാവിഗ്രഹംപോലെയാണാരൂപം. അവൻെറ തുടകൾ ഇരുമ്പിൽ കടഞ്ഞെടുത്തവയാണ്. തുമ്പിക്കൈപോലെയുറച്ച് മാംസഖണ്ഡങ്ങൾ കെട്ടിയേറിയ അവൻെറ കൈകൾകൊണ്ട് കരിങ്കല്ല് തല്ലിഉടയ്ക്കും. പർവ്വതംപോലെ പരുപരുത്ത് വളർന്ന മാറിലെ രോമരാജി ആ ഭാഗത്തൊരു മഹാരണ്യത്തെ സൃഷ്ടിച്ചു. ആ ചെറിയ മുഖത്ത് രണ്ട് കണ്ണുകളുണ്ട്. തമസ്സാർന്ന രാത്രിയിൽ നാം കാണുന്നതുപോലെ അതിദൂരത്തായി മിന്നിമിന്നി ഓളംവെട്ടുന്ന രണ്ടുജ്ജ്വലതാരങ്ങളാണവ. സൂക്ഷിച്ചുകൊള്ളണം. ഒരു നിമിഷം ആ ദൃഷ്ടി നിങ്ങളുടെ മേൽ പതിച്ചാൽ നിങ്ങൾ അട്ട ചുരുളുന്നതുപോലെ ചുരുണ്ടുപോകും. ആ കണ്ണുകളുടെ ഒരു ചലനംകൊണ്ട് അസംഖ്യമായ അവൻെറ അനുചരർ ഒന്നിച്ചടിപണിയും. പേയാണ്ടിത്തേവരുടെ മുഖം തീരെച്ചെറിയ ഒരു വട്ടമാണ്. വീരോചിതമായ ഒരു മേൽമീശ ആ മുഖത്തിനലംകാരമാണ്. നിങ്ങൾ യമരാജാവിൻെറ ചിത്രം കണ്ടിട്ടുണ്ടോ? ചെമ്മരിആടിൻെറ കൊമ്പുകൾപോലെ പിരിഞ്ഞു പിരിഞ്ഞ് അററംകൂർത്ത് ഇരുഭാഗങ്ങളിലേക്കും തള്ളിനിൽക്കുന്ന കൂററൻമീശ. അതാണ് നമ്മുടെ തസ്കരരാജാവിൻെറ മീശ. വിസ്തൃത ലലാടത്തിൻെറ മിനുമിനുപ്പ് ഒലിച്ച് കീഴോട്ടിറങ്ങാതിരിക്കുവാനായി സൃഷ്ടിച്ചവയാണ് പുരികക്കൊടികൾ. വീരലക്ഷ്മിയുടെ കുടിയിരുപ്പിനായിപ്പണിതുവച്ച രണ്ടു കുലവില്ലുകളാണവ. പക്ഷെ പ്രസന്നവദനനായിരിക്കുന്ന സമയം തേവന് ഒരു പ്രത്യേക വശീകരണശക്തിയുണ്ടെന്ന് ചിലർ പറയുന്നു. ആ അവയവങ്ങൾക്ക് ഒരു ഭംഗിയും ആകർഷണസ്വഭാവവുമുണ്ടുപോൽ. അവൻെറ മന്ദഹാസം പഞ്ചമിച്ചന്ദ്രനേപ്പോലെ സുന്ദരതരമാണ്. ജാതകവശാൽ തേവരുടെ ഏഴാംഭാവം വളരെ മെച്ചമാണ്. വിധിപ്രകാരം വിവാഹംകഴിച്ച ഭാര്യമാർ പതിമ്മൂന്നുപേരുണ്ട്. അയാളുടെ അടങ്ങാത്ത ആഗ്രഹംമൂലം താല്ക്കാലികമായി ഭാര്യാപദത്തിലേറിയ നിതംബി

നിമാരുടെ സംഖ്യ എത്രയെന്ന് ആരും ഇന്നുവരെ ധൈര്യ പ്പെട്ട് കണക്കെടുത്തിട്ടില്ല.

കുറെ ദിവസങ്ങൾക്കു മുമ്പ് ചെറുകുളത്തിൽ അതിപ്രമാദ മായി ഒരു 'ജെല്ലിക്കെട്ട്'' നടന്നു. ചുരുങ്ങിയപക്ഷം അതിന് ആയിരം മാടുകൾ ഉണ്ടായിരുന്നിരിക്കണം. അന്നത്തെ നട ത്തിപ്പുകാരൻ സുബ്രഹ്മണിയയ്യരായിരുന്നു. വീട്ടിൽ കെട്ടിയ വളുടെ അടിമയാണെങ്കിലും പുറത്തിറങ്ങിയാൽ അയാൾ പുള്ളി സമർത്ഥനാണ്. ജെല്ലിക്കെട്ടിൻെറ, കർപ്പണസ്വാമിപൂജയ്ക്ക്, പൂവിന്, ഉറുമാലിന് മുതലായവയ്ക്കെല്ലാം അന്നത്തെ ചുമതല ക്കാരൻ ആ ബ്രാഹ്മണനാണ്. 400 രൂപാകൊടുത്ത് ഒരു ജോടി ഉറുമാൽപ്പട്ടിക്കാളകളെ അയാൾ അടുത്ത കാലത്തുത ന്നെ വാങ്ങിയിരുന്നു. അത്രനല്ല മൂരികൾ വളരെ അപൂർവ്വമാ ണെന്നാണെല്ലാവരുടേയുമഭിപ്രായം. ജെല്ലിക്കെട്ടിൽ അവയെ ക്കൂടി പ്രദർശിപ്പിക്കുവാൻ അയാൾകൊണ്ടുവന്നിട്ടുണ്ട്. അ വിടെ ചുററുപാടുമുള്ള പ്രദേശങ്ങളിൽ ഒന്നാംസ്ഥാനം കൈയ്ക്ക ലാക്കിയിട്ടുള്ളതു കോമളനായ്ക്കന്നൂർ ജമിൻദാരുടെ 'കണ്ണാടി മൈല' എന്ന മൂരിക്കുട്ടനാണ്. ആ കാളയേയും സുബ്രഹ്മണി അയ്യരുടെ കാളകളേയും ജെല്ലിക്കെട്ടിൽ വിടുന്നുണ്ടെന്നും ആ മത്സരം അതിഗംഭീരമായിരിക്കുമെന്നും നേരത്തെതന്നെ പ്രസിദ്ധ മായതിനാൽ ഇരുപാർശ്വത്തിൽനിന്നും ആളുകൾ തടിച്ചുകൂടി. ചെണ്ടയും കൊമ്പും കുഴലും എല്ലാം തകർത്ത് ചെവിപൊട്ടി ക്കവേ കരുപ്പണസ്വാമിക്കുള്ള നിവേദ്യം നടന്ന് നടതുറന്നു. പ്രധാനപ്പെട്ട മുപ്പതു കാളകൾ പുറത്തിറങ്ങി. ഉത്സവവും ആരം ഭിച്ചു. പതിവനുസരിച്ചു ജീവൻ കളഞ്ഞും വിരുതന്മാർ ഓരോ ന്നോരോന്നായിക്കാളകളെക്കെട്ടി. അതു കഴിഞ്ഞ ഉടൻ ഒരു ഗം ഭീരനായ ഋഷഭം പുറത്തേക്കിറങ്ങി. തേച്ചുമിനുക്കിയ കൊമ്പുക ളും മാംസക്കട്ടികൊണ്ടു തുളുമ്പുന്ന നീണ്ട ഉടലും പൂമാലകൾകൊ ണ്ടലംകരിക്കപ്പെട്ട ശരീരവും കഴുത്തിലെ ചുമന്ന ഉറുമാലുമായി ആ കാള കിളമാന്തി ഭൂമികുലുക്കി ഗർവ്വോടെ നടന്നുവന്നു. ജന സഞ്ചയം ആർത്തുവിളിച്ചു. ർർ....ർ എന്ന ശബ്ദം കേട്ടതോടെ മൂരി പാഞ്ഞുതുടങ്ങി. അതിൻെറ പുറകെ കാളക്കാരും. ഇരുപുറ

വുമുള്ള ആളുകളെ കൊമ്പുകൾകൊണ്ടു് വീശിമാററി, വഴിയിൽ കണ്ടവരെ കുത്തിവീഴ്ത്തി അതു വിരളിപിടിച്ചു പാഞ്ഞു. പക്ഷെ ഇതിലൊന്നും ഭയപ്പെടാതെ നേരത്തെ നിശ്ചയിച്ച തെരഞ്ഞെടുത്തതനുസരിച്ചു സുബ്രഹ്മണ്യയ്യരുടെ ചില ആൾക്കാർ കാളയെപ്പിടിക്കുവാൻ പിൻതുടർന്നു. രോഷാകുലനായ ആ മൂരി പിൻതുടരുന്നവരെ അപായപ്പെടുത്തുവാൻ ആവതും ശ്രമിച്ചു. പക്ഷെ അവർ അപകടങ്ങൾ കൂട്ടാക്കാതെ അതിനെ കയററിട്ടു് പട്ടിയെപ്പോലെ നടത്തിക്കൊണ്ടുവന്നു. ജനങ്ങൾ ഹർഷാരവം മുഴക്കി. ജമിൻദാരുടെ കക്ഷികളും അയ്യരുടെ ആൾക്കാരും തമ്മിൽ ഒരു സംഘട്ടനമുണ്ടാകുമെന്നു് കണ്ടുനിന്നവർ ഭയന്നു. ഇതിനുമുൻപു് ഒരിക്കലും പിടികൊടുത്തിട്ടില്ലാത്ത കാളയെ സുബ്രഹ്മണ്യയ്യരുടെ ആൾക്കാർ പിടിച്ചുകെട്ടിയതുകണ്ടു് ജമിൻദാർക്കു് അസഹ്യമായ കോപം മുഴുത്തു. ഇതുകണ്ടു് സുബ്രഹ്മണ്യ അയ്യർ പറഞ്ഞു "എന്തിനു കോപിക്കുന്നു? എൻെറ കാളകൾ ഇപ്പോൾ വരും. അവയെ നിങ്ങളുടെ ആളുകൾ പിടിക്കട്ടെ." അടുത്ത നിമിഷം സുബ്രഹ്മണ്യയ്യരുടെ കാളകളുടെ വരവായി. മുൻപു വന്നതിലും ചുണയും തൻേറടവുമുള്ള രണ്ടു കാളകൾ. അവ കൂസലില്ലാതെ ജനക്കൂട്ടത്തിൻെറ മദ്ധ്യത്തിൽ നിർഭയം സഞ്ചരിച്ചു. ആരെങ്കിലും പിടിക്കാൻ ചെന്നാൽ അടുത്ത നിമിഷം അവനു വായുസഞ്ചാരമാണു്. 'ടിർർർ' എന്നും പറഞ്ഞു് ആരെങ്കിലും അടുത്താൽ അംഗഭംഗത്തോടെ അവൻ നിശ്ചയമായും നിലംപതിക്കും. ജമിൻദാരുടെ ആളുകൾ മുതലാളിയുടെ അഭിമാനം രക്ഷിക്കുവാൻ ചത്തുപണിതു. പക്ഷെ പണിയൊന്നും ആ മൂറികളോടേശിയില്ലാ. വിജയഗർവ്വോടെ അവ ചുററിനടന്നു. കൊച്ചുകുഞ്ഞുങ്ങൾക്കുപോലും നയിക്കാവുന്ന രണ്ടുരുക്കൾ; പക്ഷെ ജെല്ലിക്കെട്ടിലിറങ്ങിയാൽ പോർകുതിരകൾ! അതിനെപ്പിടിക്കുവാനാരുമില്ല. പരാജയം വരിച്ചുകൊണ്ടു് ജമിൻദാരുടെ ആളുകൾ ഓരോരുത്തരായി മറഞ്ഞു. കാളകൾ സാവധാനം വീടുനോക്കി നടന്നു. ജെല്ലിക്കെട്ടു് ചടങ്ങുകൾ തീർന്നു.

സുബ്രഹ്മണ്യയ്യരുടെ സന്തോഷത്തിനളവില്ല. വീട്ടിൽ

ചെന്നു് പൊന്നമ്മയോടിതു പറഞ്ഞുകേൾപ്പിക്കാൻ അയാളക്ഷമനായി. അയാൾ പരുത്തിക്കുരുവും തവിടും വാങ്ങി തന്നെത്താൻ ചുമന്നു് വീട്ടിലേക്കു തിരിച്ചു. ജമിൻദാർ കോപാകൊണ്ടു് വിറയാർന്നാണു് തിരിച്ചുപോയതു്. അദ്ദേഹത്തിനു പരാജയം വരുത്തിയ ആ കാളയെ അയാൾ വെറുത്തു. വീട്ടിലെത്തിയ ഉടൻ പറയർക്കു് ആളയച്ചു; ആ കാളയെ ജീവനോടെ നിർത്തിത്തോലുരിക്കുവാൻ. അതിനുശേഷം രഹസ്യമായി പേയാണ്ടിത്തേവർക്കാളയച്ചു വരുത്തി. അവനു കുടംകുടമായി കള്ളുകൊടുത്തു സല്ക്കരിച്ചു പ്രീതിപ്പെടുത്തി. അവൻ കുടിച്ചു കുടിച്ചു് വെളിവുകേടിലായി. കാര്യസാദ്ധ്യത്തിനുള്ള ആ സന്ദർഭം ജെമിൻദാരുപയോഗിച്ചു. പേയാണ്ടിത്തേവൻ സുബ്രഹ്മണ്യയ്യരുടെ വീട്ടു് കൊള്ള അടിക്കണം; അക്കാര്യം സത്യംചെയ്യേൽക്കണം. മദ്യത്തിൻെറ ലഹരിയിൽ അതു സാധിക്കാമെന്നു് തേവൻ സത്യപ്രതിജ്ഞചെയ്തു. ബോധംവന്നപ്പോൾ ആ പ്രതിജ്ഞയോർത്തു് അവൻ വ്യസനിച്ചു. മുത്തുസ്വാമി അയ്യരോടു് അവനു് ഭയവും വിശ്വാസവും വളരെയുണ്ടു്. പക്ഷെ സത്യഭംഗം ചെയ്യാമോ? അതിനാൽ അവൻ കൊള്ളക്കൊരുങ്ങി സുബ്രഹ്മണ്യയ്യരുടെ വീട്ടിലെത്തി. അവിടെ ഭാര്യാഭർത്താക്കന്മാർ ഉറങ്ങാൻ താമസിച്ചതുകൊണ്ടു് അവൻ മാറിക്കാത്തു നിന്നു. പൊന്നമ്മ ഭർത്താവിനെ മരുന്നിട്ട പാലു കുടിപ്പിച്ചതിനു്, ഉടൻതന്നെ അവൾക്കു ഫലം കിട്ടിത്തുടങ്ങി. ആദ്യമായുള്ള ലാഭം 3000 രൂപാ!

മോഷണം ചെയ്തതു പേയാണ്ടിയാണെന്നറിഞ്ഞ മുത്തുസ്വാമി അയ്യർക്കു് താപവും കോപവും ഒരേസമയത്തുതന്നെയുണ്ടായി. "അവൻ കോമളനായ്യുജമിൻദാരുടെ വാക്കുകേട്ടു് എന്നെ ദ്രോഹിച്ചല്ലോ! ഇരിക്കട്ടെ." എന്നു തന്നെത്താൻ പറഞ്ഞു. അദ്ദേഹമുടൻതന്നെ സബ്മജിസ്റ്റേട്ടു് വൈദ്യനാഥയ്യർക്കു് ആളയച്ചു. തേവനെപ്പിടിക്കുവാൻ പലനാളായിപ്പോലീസുകാർ പല പരിശ്രമങ്ങളും ചെയ്തിട്ടും ഫലിക്കാതിരിക്കുകയാണു്. വൈദ്യനാഥയ്യർ ബഹുസമർത്ഥനായ ഉദ്യോഗസ്ഥനെന്നു് പരക്കെസമ്മതമാണു്. പേയാണ്ടിത്തേവരുടെ ഉപദ്ര

വങ്ങഠം അടിക്കടി വർദ്ധിച്ചുവന്നതിനാൽ അവനെപ്പിടിക്കു വാൻവേണ്ടിയാണു് വൈദ്യനാഥയ്യരെ അട്ടിക്കിലേക്കു് സ്ഥലം മാററിയതു്. പക്ഷെ വർഷം രണ്ടു കഴിഞ്ഞിട്ടും തേവൻ സ്വത ന്ത്രനായി നടക്കുകയാണു്. അവൻ ഒരുവിധത്തിലും കുടു ക്കിൽപെടുന്നില്ലാ. അദ്ദേഹം പേയാണ്ടിത്തേവനെപ്പിടിക്കുവാൻ ഇറങ്ങി. സഹായത്തിനു മൂപ്പതുപോലീസുകാരെയും അദ്ദേഹം കൂട്ടത്തിൽ കരുതിയിട്ടുണ്ടു്. അവർ വരുന്നതിനു മുൻപായി മുത്തുസ്വാമി അയ്യർ വേലക്കാരൻ വീരനെ വിളിച്ചു് വണ്ടിക്കാ രനെ കൂട്ടിക്കൊണ്ടുവരുവാൻ നിയോഗിച്ചയച്ചു. അയാളുടെ വീട്ടിലെത്തി വീരൻ വിളിതുടങ്ങി "മൂക്കണ്ണാ, മൂക്കണ്ണാ" എ ന്നു്, അകത്തനക്കമൊന്നുമില്ല. വീണ്ടും വീരൻ രീതി മാററി വിളിച്ചു "എടാ മൂക്കാ മൂക്കാ" എന്നു്. ഫലം മുൻപുള്ളതു പോലെതന്നെ. അയാഠം വാതിൽ തള്ളിത്തുറന്നകത്തുകയറി മൂക്കൻ ഗാഢനിദ്രയാണു്. മൂക്കനെ വീരൻ അങ്ങോട്ടുമിങ്ങോ ട്ടും ഉരുട്ടിനോക്കി. എന്നിട്ടും രക്ഷയില്ലാ. ഒരുപക്ഷെ മരിച്ചു കിടക്കുകയായിരിക്കുമോ എന്നുപോലും വീരനു തോന്നിത്തുട ങ്ങി. അയാഠം പരീക്ഷിച്ചു. ശ്വാസമുണ്ടു്! മൂക്കന്റെ കുംഭക ർണ്ണസേവ വീരന്റെ ബ്രഹ്മപ്രയത്നത്തെയും അതിജീവിച്ചുനി ന്നു. ഒടുവിൽ മൂക്കനെപ്പിടിച്ചു പൊക്കിനിരയിൽകൊള്ളി ച്ചു താങ്ങിനിർത്തി ദിക്കെങ്ങും ഞടുങ്ങുമാറു വീരൻ ആറുവായി ട്ടു "എടാ മൂക്കാ, ഉറങ്ങാൻ കണ്ടനേരം." അയാഠക്കു് ഉറക്കം തെളിഞ്ഞുതുടങ്ങി. വീരൻ അലറി. "നാടെല്ലാം കൊള്ളയടി ക്കുന്നു. നിനക്കു് ഉറക്കം തെളിയാറായില്ല." അവൻ മൂക്കനെ പിടിച്ചു വലിച്ചു പുറത്തുകൊണ്ടുവന്നു് രണ്ടുപേരുമായി വണ്ടി കെട്ടുവാൻ നടന്നു. ഇതിനിടയിൽ വൈദ്യനാഥയ്യർ വന്നിട്ടു് ഒരു നാഴികയോളമായിരിക്കും. വണ്ടി നോക്കി അക്ഷമരായി അവർ നിൽക്കുമ്പോഴാണു് മൂക്കനും വീരനും വന്നു ചേർന്നതു്. ഉടൻതന്നെ വേറിട്ടഞ്ചാറു വണ്ടികളും, പത്തുപത്തു തന്റേടമു ള്ള ചെറുപ്പക്കാരും തീവെട്ടികളും പന്തവുമൊക്കെയായി അവർ 'കല്ലാപ്പട്ടി' വഴിയെ യാത്രപുറപ്പെട്ടു. അവർ അവിടെ എത്തി യപ്പോഠം കൂടുതൽ സംഭ്രമജനകമായ വാർത്തയാണു് കേട്ടതു്. തേവൻ അഞ്ചാറുപേരെക്കുത്തി മലത്തിയിട്ടു് അവിടെനിന്നും

പൊയ്ക്കഴിഞ്ഞിരിക്കുന്നു. മജിസ്ട്രേട്ടും സൈന്യവും അടുത്ത നടപടി ആലോചിച്ചുകൊണ്ടവിടെ നിന്നു.

അപ്പോൾ ചൊക്കൻ എന്ന ഒരു കുടിയാനവൻ അടുത്തുവന്നു് അവരോടു പറഞ്ഞു. "നിങ്ങൾ ഇത്രവളരെ ആലോചിച്ചു് സമയം കളയേണ്ടാ. ഞാൻ പേയാണ്ടിത്തേവരെപ്പിടിച്ചു തരാം." ചൊക്കനും തസ്കരവൃത്തിയാണു് തൊഴിൽ എന്നെല്ലാവർക്കുമറിയാം. എങ്കിലും അവനെ വിശ്വസിച്ചു `മജിസ്ട്രേട്ടു പറഞ്ഞു "നീ പിടിച്ചുതന്നാൽ വല്ല്യ ബഹുമതികൾ തരാം" എന്നു്. ചെറുകുളത്തിൽ അന്നു രാത്രി ആർക്കും ഉറക്കംവന്നില്ല. അന്നത്തെ സംസാരവിഷയം പേയാണ്ടിത്തേവൻെറ പ്രതാപത്തെപ്പററിയും തീപിടുത്തം സംബന്ധിച്ചും മാത്രമായിരുന്നു. പാവം! സുബ്രഹ്മണ്യയ്യർ. ജ്യേഷ്ഠൻെറ വീട്ടിൽ ഒററക്കിരുന്നു് വ്യസനിക്കുകയാണു്. ദ്രുപായും ഉരുപ്പടിയും മററും പോയതിൽ അയാൾക്കു വ്യസനമില്ല. കച്ചിപ്പുര പുകഞ്ഞുപോയതിലും അയാൾ ഖേദിക്കുന്നില്ല. പക്ഷെ അതിമോഹത്തോടെ കൊണ്ടുവന്നു് പൊന്നുപോലെ സൂക്ഷിച്ചുവളർത്തിയ ഉരുമാൽ കട്ടിക്കാളകൾ പോയതയാൾക്കു സഹിക്കുവാൻ ശക്തിപോരാ. അയാളുടെ ചങ്കു് ഇടിഞ്ഞു. ദേഹത്തെ നീരെല്ലാം കണ്ണിൽകൂടെ പോകുന്നുണ്ടു്. വാടിവിളർത്ത മുഖവുമായിക്കാളകളുടെ ദ്രുപസൗന്ദര്യ്യവും ഗുണവിശേഷവും ഓർത്തോർത്തു കണ്ണീർപൊഴിച്ചുകൊണ്ടിരുന്ന അയാളെ കാണുന്നവർപോലും കരഞ്ഞുപോകും.

# 14

## തീയും ഉറമ്പരിക്കും

മലയിട്ടക്കിലുള്ള ഒരു വഴിത്താരയുടെ അട്ടത്തുനിന്നിരുന്ന ഒരു വലിയ വടവൃക്ഷത്തിൻെറ തണലിൽ പേയാണ്ടിത്തേവനും, ചുററിനുമായി, അനുയായികളിൽ പത്തു പേരുമൊന്നിച്ചിരിക്കുകയാണ്. നേരം നട്ടുച്ചയായിക്കാണും. ദൂരെനിന്നും ഒരു കിഴവിയും ഒരു മദ്ധ്യവയസ്കനും ആ തസ്കരസംഘത്തെ ലാക്കാക്കി അതിവേഗം ഓടിഅടുക്കുന്നു. കിഴവിയുടെ ഓട്ടംകണ്ടു് തേവൻ ചെറുതായിച്ചിരിച്ചുകൊണ്ടിരുന്നു. വന്നപാടെ അവരം ആ കാട്ടുരാജാവിൻെറ കാല്ക്കൽ വീണു് അയാളുടെ പാദങ്ങൾ രണ്ടും പിടിച്ചുകൊണ്ടു് "തമ്പുരാനെ, എൻെറ പൊന്നുതമ്പുരാനെ! രക്ഷിക്കണമേ! അങ്ങാണു് ഞങ്ങളുടെ ദൈവം" എന്നു വാവിട്ടലച്ചു. "നീ ആരു്? എന്താണു് കാര്യം? പറയു!" എന്നു തേവൻ ചോദിച്ചു.

അവരം തുടങ്ങി "സ്വാമി, ഞങ്ങൾ പാവങ്ങൾ; ആയിരംകൊല്ലം തപസ്സുചെയ്തു, ക്ഷേത്രങ്ങൾതോറും തൊഴുതുനടന്നു; തീർത്ഥങ്ങളിലെല്ലാം സ്നാനംചെയ്തു, മരത്തിനും മാടിനും പ്രദക്ഷിണംചെയ്തു; പട്ടിണികിടന്നു് ചെയ്യേണ്ട പൂജ എല്ലാം ചെയ്തു; അതിനുംപുറമെ കരുപ്പുളസ്വാമിക്കു് ആട്ടവെട്ടി, മാട്ടവെട്ടി, കോഴിവെട്ടി; ധർമ്മംകൊടുത്തു, ദാനംകൊടുത്തു, ബ്രാഹ്മണർക്കു് അരികൊടുത്തു...."

ഇങ്ങനെ അവളുടെ നീണ്ട കഥാപ്രസംഗം തുടരുമെന്നു വിചാരിച്ചു് അക്ഷമനായ പേയാണ്ടിത്തേവൻ ഇടയ്ക്കുകടന്നു പറഞ്ഞു "അതേ! അതേ! അതിനുശേഷം ഊണുകഴിച്ചു, പിന്നീട്ട് ഉറങ്ങി, അത്തുംകഴിഞ്ഞു് കൈകഴുകി........ഹ! ഹാ! എ! എന്നു്

പരിഹാസമായിച്ചിരിച്ചു. അതുകണ്ടു് അനുയായികളും കൂട്ടം ചിരിച്ചു. പേയാണ്ടി:–"ആരെന്നു ചോദിച്ചാൽ ഇന്നാരെന്നു പറയുവാനായി ഒരു മാസമെട്ടക്കുമല്ലോ!" എന്നു് അവരെനോക്കിപ്പറഞ്ഞു. കൂടെവന്ന ആൾ സമാധാനപ്പെടുത്തി–"സ്വാമി, അതവരുടെ സ്വഭാവമാണു്. അങ്ങനെ സംസാരിച്ചുകൊണ്ടേ കിടക്കും. ഞാനവളുടെ ഏക പുത്രനാണു്. എൻറച്ഛൻെറ മൂത്ത കെട്ടിയ വലിയമ്മയാണു്." അവൾ തടഞ്ഞുപറഞ്ഞു "അല്ലാ–അല്ലാ ഞാൻ രണ്ടാമത്തവളാണു്. വേറെ ഒരു ചക്കാളത്തിയുണ്ടു് അവളാണു് മൂത്തവൾ. അവർ രണ്ടുപേരുംകൂടി ചേരുകയില്ലാ. സദാസമയവും ശണ്ഠയും ശല്ല്യവും വഴക്കുപറച്ചിലുമാണു്. അതിനുശേഷം അവർ........" അവൾ ആ വാചകം മുഴുവനാക്കുവാൻ അവൻ സമ്മതിച്ചില്ല. അടിച്ചു താഴെയിട്ടു് അവൻ കേറിപ്പറഞ്ഞു "ഇവൾ വന്ന അന്നുമുതൽ ഇങ്ങനെതന്നെ. എൻെറ പൊന്നുടയതേ! എൻെറ പേർ ചൊക്കൻ." അവൾ ചാടി എഴുനേററു പറഞ്ഞു "ഒരേ ഒരു മകനാണു്. പത്തുമാസം ചുമന്നു. അവനും ഇടിച്ചുതള്ളി മറിച്ചിടുന്നു." അവൾ കരയുവാൻ തുടങ്ങി.

ഇവർ ഒന്നുമറിയാൻപാടില്ലാത്ത വെറും പാവങ്ങളാണെന്നു വിചാരിച്ചു് അവരെ പേയാണ്ടിത്തേവൻ സമാധാനിപ്പിച്ചു് സാവധാനം കാര്യങ്ങൾ ചോദിച്ചുതുടങ്ങി. താൻ ജാതിയിൽ ശീമക്കള്ളനാണെന്നും, അവനെ ജയിലിലടച്ചു എന്നും, അവിടെനിന്നും ചാടി രക്ഷപ്പെട്ടതറിഞ്ഞു് പോലീസുകാർ തപ്പിനടക്കുന്നു എന്നും, പോയൊളിക്കാൻ ഒരിടവുമില്ലാത്തതിനാൽ തേവർസന്നിധിയിലെത്തിയതാണെന്നും തന്നെ ഏതുപ്രകാരമെങ്കിലും രക്ഷിക്കണമെന്നും മററും അവൻ തേവനെ ധരിപ്പിച്ചു. അവൻ ആ രാജപാദങ്ങൾ കെട്ടിപ്പിടിച്ചു കരഞ്ഞു. മനസ്സലിഞ്ഞ തേവൻ അവനെ സമാശ്വസിപ്പിച്ചു. "നീ ഒന്നുകൊണ്ടും ഭയപ്പെടേണ്ടാ. നിന്നെ ഞാൻ രക്ഷിച്ചുകൊള്ളാം. ഞാൻ പോകുന്നിടത്തെല്ലാം നിന്നെയും കൂട്ടിക്കൊണ്ടു പൊയ്ക്കൊള്ളാം. നാളെ രാത്രി മല്ലാപുരത്തിൽ കൊള്ള നിശ്ചയിച്ചിരിക്കുകയാണു്. അക്കാര്യം ഇപ്പോൾ ഞങ്ങൾ പറഞ്ഞുറച്ചേയുള്ളു. കൊള്ളയിൽ പണം ധാരാളം കിട്ടും. അതുകഴിഞ്ഞു കോണിമല

ഗുഹയിൽപോയി വേണ്ടുവോളം കള്ളം കുടിയ്ക്കാം. നിൻെറ പേരെന്തു്?"

"ചൊക്കൻ" അവൻ മറുപടിനല്കി.

വൈദ്യനാഥയ്യരോടും മുത്തുസ്വാമി അയ്യരോടും പേയാണ്ടിത്തേവരെപ്പിടിച്ചുകൊടുക്കാമെന്നേററു പറഞ്ഞ ചൊക്കൻ തന്നെയാണിവൻ. അവൻ വഴിയെവന്ന ഒരു കിഴവിയെപ്പറഞ്ഞു വശീകരിച്ചു് അമ്മയായി അഭിനയിക്കാൻ പഠിപ്പിച്ചു്, ഇല്ലാത്ത വേഷങ്ങളും കെട്ടിച്ചു് പേയാണ്ടിയുടെ മുമ്പിൽ എത്തിയതാണു്. പേയാണ്ടിത്തേവൻ ഒന്നും സംശയിക്കാതെ ചൊക്കനെ സമാധാനിപ്പിച്ചു് അവൻെറ കണ്ണീരും തുടച്ചു് അഭയംകൊടുത്തു. അന്നു വൈകിട്ടുതന്നെ മോശക്കാരനായ ചൊക്കൻ ആ കിഴവിമുഖാന്തിരം ചെറുകുളത്തിനു സന്ദേശമയച്ചു; മല്ലാപുരംകൊള്ള സംബന്ധിച്ചും കോണിമലഗുഹാസങ്കേതത്തെപ്പററിയും!

മല്ലാപുരംകൊള്ള അതിഗംഭീരമായി നടന്നു. അന്നുരാത്രി രണ്ടുമണിസമയത്തു് പേയാണ്ടിത്തേവനും ചൊക്കനും വേറിട്ടഞ്ചുപേരുംകൂടി കോണിമലഗുഹയിൽ എത്തി. ആ മല ഒരു ഭയങ്കര വനമദ്ധ്യത്തിലാണു്. അതിൻെറ ചുററുപാടും മനുഷ്യവാസമേയില്ല. 'തള്ളയെപ്പോലെ പിള്ളയു'മെന്നവണ്ണം അതിൽ 'കള്ളി' യിനങ്ങൾ പലതും ഞെരുങ്ങിവളർന്നു കൂട്ടംകൂട്ടമായി നില്പുണ്ടു്. അതുകൾക്കിടയിൽ വളഞ്ഞുപുളഞ്ഞു് ഉഗ്രസർപ്പങ്ങൾ യഥേഷ്ടം വിഹരിക്കാറുണ്ടു്. ദുഷ്ടമൃഗസങ്കേതമായ ആ മഹാരണ്യത്തിൽ വേട്ടയ്ക്കുപോലുമൊരുത്തർ അടുക്കാറില്ല. ചത്തുവെളുത്ത വെൺമയിലും പിണനിറത്തിലുമുള്ള പാറകളോടുകൂടിയ അഞ്ചാറു് കുന്നുകൾ ആ വനമദ്ധ്യത്തിലുണ്ടു്. ഇവയുടെ നടുവിലുള്ളതാണു് കോണിമല. വഞ്ചകരുടെ നെഞ്ചകം പോലെ രഹസ്യഗുഹകൾ നിറഞ്ഞതാണതു്. അക്കൂട്ടത്തിലുള്ള ഒരു വലിയ ഗുഹയാണു് പേയാണ്ടിത്തേവരുടെ നിശാമന്ദിരം. ഗുഹാദ്വാരത്തിലായി കഞ്ചാവുചെടി നട്ടുവളർത്തിക്കാടുപിടിപ്പിച്ചിരുന്നതിനാൽ ആ വാതിൽ അപരിചിതർക്കു് കണ്ടുപിടിക്കുവാൻ സാദ്ധ്യമാകുകയില്ല. ഗുഹയിൽ ഒരുവശത്തായി

ഒരു കല്ലടുപ്പും അതിൻറടുത്തു മൂലയിലായി പിള്ളയാരുടെ പ്രതിമയും എതിർമൂലയിൽ കൈയ്യിലരിവാളോടുകൂടിയ കറുപ്പണ്ണസ്വാമിവിഗ്രഹമുണ്ട്. നടുവിലായിക്കാണുന്ന ഒരു കുഴിയിൽ മദ്യംനിറച്ച കുടങ്ങളും വരിവരിയായി സംഭരിച്ചിട്ടുണ്ട്. അവർ വന്നസമയം നിലാവും തെളിഞ്ഞു. എലികളേയും നരികളേയും ഓടിച്ചുവന്ന പാമ്പുകളെച്ചാടിക്കടന്നും അലക്ഷ്യമായി അവയെ കമ്പുകൾകൊണ്ട് തോണ്ടി ദൂരെ എറിഞ്ഞും പേയാണ്ടിത്തേവരും കൂട്ടുകാരും ആ ഗുഹയിലെത്തിച്ചേർന്നു. ആ വനാന്തരത്തിൽ സ്വൈരവിഹാരം ചെയ്തുവന്നിരുന്ന വന്യമൃഗങ്ങളും ഉഗ്രവിഷം ചീററുന്ന മലമ്പാമ്പുകളും പേയാണ്ടിത്തേവരേയും അനുയായികളേയും കണ്ടാൽ ഭയന്നോടും. അവർ ഗുഹയിൽ പ്രവേശിച്ച് ഗുഹാഭിത്തിയിൽ കൊത്തിവച്ചിട്ടുള്ള കല്ലു വിളക്കിൽ എണ്ണയൊഴിച്ചു കത്തിച്ചു. കൊള്ള മുതലെല്ലാം ഭദ്രമായിവച്ചിട്ട് പിള്ളയാർക്കും കറുപ്പണ്ണനും കർപ്പൂരംകത്തിച്ച് നിവേദ്യം നടത്തി. കൊള്ള വിജയത്തിൽ കലാശിപ്പിച്ചതിനു് വഴിപാട് കഴിക്കുക എന്നതു നിർബ്ബന്ധവ്രതമായി പേയാണ്ടിത്തേവൻ ആചരിച്ചുപോന്നു. അതിനുശേഷം മദ്യകുംഭങ്ങൾ പുറത്തെടുത്തു യഥേഷ്ടം പാനംചെയ്തു. അതിൻെറ ഉന്മേഷം തലയ്ക്കു കയറിയതോടെ വനചരസംഗീതവും ആരംഭിച്ചു.

എതുകുലകാംബോജി—ആദി

പേയാണ്ടിത്തേവൻ: (കാലിന്മേൽ കാലും കയററി ഇരുന്നു്)

വീരൻ ഇരുളൻ കാട്ടേരി
വെറിയൻ ഞൊണ്ടി ചാമുണ്ടി
തൊന്തിക്കണപതി പെത്തണ്ണൻ
തൊട്ടിയച്ചിന്നാൻ പാവാടൈ
നമ്മക്കെവ നാമിരുക്ക
ഊരിരുക്ക മാടിരുക്ക
ഉണ്ണച്ചച്ചാച്ചോറിരുക്ക

എല്ലാരും:— തില്ലാ ലേലേ ലേലോ തന്നാനേ
കൈയ്യിൽ കന്നക്കോലിരുക്ക

കാത്തൂരായൻ തുണയിരുക്ക
കുടിക്കക്കുടം കള്ളിരുക്ക; കുടിക്കക്കുടം
കള്ളിരുക്ക

എല്ലാരും തോളിൽ തട്ടി } നമക്കുമുണ്ടോ കുറൈ; നമക്കുമുണ്ടോ കുറൈ!

ഇരവു താൻ നമക്കു പകൽ
നച്ചത്തിരം നമ്മെതീവട്ടി
പേയ്പിചാചും വായ്മൂടും
പേയാണ്ടിത്തേവൻ പേർചൊന്നാലേ.

മീശമുറുക്കിക്കൊണ്ടെല്ലാരും } തില്ലാ ലേലേലേ ലോ തന്നാനേ

പെൺടുവിട്ടു പിള്ളെവിട്ടു
നാട്ടുവിട്ടു പാടുപെട്ടു
വായ്ക്കാൽവെട്ടി വരപ്പുവെട്ടി
പലപേരാച്ചേർത്ത ചൊത്തു

എല്ലാരും:— നമക്കാകത്താൻ നമക്കാകത്താൻ
പെണ്ടുപിള്ളെക്കുത്താലിപ്പിച്ചൈ
നാം കൊടുത്താൽ താനേയുണ്ടു!
ഇന്ത പൂമിക്കു നാമേ രാജാ
കന്നക്കോലേ നമ്മച്ചെങ്കോൽ.

എല്ലോരും:— നമക്കുമുണ്ടോ നികർ! നമക്കുമുണ്ടോ നികർ!

ഈവിധം അവർ പാടിയാടി മേളിക്കുമ്പോൾ ആകാശത്തുനിന്നും പിശാചുക്കൾപോലെ 'ഹോ' എന്നലറിക്കൊണ്ടു് നൂറോളം പേർ ആ ഗുഹയിലേക്കു കുതിച്ചിറങ്ങി. അപ്രതീക്ഷിതമായ ഈ സംഭവം പേയാണ്ടിത്തേവനെപ്പോലും ഒരു നിമിഷത്തേക്കു് മരവിപ്പിച്ചുപോയി. മദ്യലഹരി അയാളെ അതിശക്തിയായി ബാധിച്ചിരുന്നില്ല. അയാൾ ആ മങ്ങിയ വെളിച്ചത്തിൽ വിരുന്നുകാരെ സൂക്ഷിച്ചുനോക്കി. മുത്തുസ്വാമി അയ്യരെക്കണ്ടു് ആശ്ചര്യത്തോടെ എഴുന്നേറ്റുചെന്നു് "അയ്യരു വന്നാട്ടെ. ഇപ്പോൾ സർക്കാരിലാണോ ജോലി" എന്നുംചോദിച്ചു് അദ്ദേഹത്തിന്റെ മാറിൽ അവൻ മൃദുവായൊന്നു കുത്തി.

പാവം! മുത്തുസ്വാമി അയ്യർ വെട്ടിയിട്ട മരംകണക്കെ നിലം പതിച്ചു. അടുത്തതായി വൈദ്യനാഥയ്യരോട്ട തിരിഞ്ഞു് ഒരു കൈകൊണ്ടു് അദ്ദേഹത്തിൻെറ മുടിക്കെട്ടിൽ പിടിച്ചു പൊക്കി അവൻ അദ്ദേഹത്തെ കൊച്ചുകുട്ടിയെ എന്നവണ്ണം ആട്ടി. അതിനിടയിൽ മററു പത്തുപേരുടെ തലമുടി ചേർത്തുപിടിച്ചു് അവരേയും അവൻ ആടിച്ചുതുടങ്ങി. പക്ഷെ ഈ സാഹസം അധികനേരം അനുഭവിക്കേണ്ട ദുർവ്വിധി വൈദ്യനാഥയ്യർക്കുണ്ടായില്ലാ. അദ്ദേഹത്തിൻെറ മുടിക്കെട്ടു് ഒന്നാകെപ്പറിഞ്ഞു് തേവൻെറ കൈയ്യിലും. സ്വാതന്ത്ര്യം ലഭിച്ച വൈദ്യനാഥയ്യർ താഴയുമായി കൂട്ടപിരിഞ്ഞു. ഇതിനിടയിൽ കള്ളുകുടിച്ചു് ബോധം കെട്ടുകഴിഞ്ഞിരുന്ന മററു തസ്കരവീരന്മാരെ എല്ലാം പോലീസുകാർ വിലങ്ങുവെച്ചുകഴിഞ്ഞിരുന്നു. അവിടെ ഒരു ചെറുയുദ്ധം ആരംഭിച്ചു. ഒരു ഭാഗത്തു പേയാണ്ടിത്തേവർ ഒററയ്ക്കു്, മറുഭാഗം പോലീസുകാരും നാട്ടുകാരുമായി നൂറിൽപരം വരുന്ന സംഘം. പോരതിഘോരമായ്തന്നെ നടന്നു. പേയാണ്ടിത്തേവരുടെ കൈവീശലിൻെറ കാററുതട്ടിയാൽ അവരൊക്കെ വീഴും. കൈകാൽകഠ ചതഞ്ഞവരും ഒടിഞ്ഞവരും, തലപൊട്ടിയവരും, എല്ലൊടിഞ്ഞവരും ആയിട്ടുള്ളവർ ആ ഗുഹയിൽ നിറഞ്ഞു എങ്കിലും ഒററയ്ക്കൊരാഠ എത്രനേരം പടവെട്ടും? ഒടുവിൽ പത്തിരുപതുപേർ ഒന്നിച്ചു ആ നരസിംഹത്തിനോട്ട നേർത്തു. ഒരുവിധേന അവർ അവനെ മറിച്ചിട്ടു് കൈയ്യാമം വച്ചു. ചാരിതാർത്ഥ്യത്തോടെ അവർ മാറിനിന്നാശ്വസിച്ചു.

തേവർ കൂട്ടിലിട്ട സിംഹംകണക്കെ മുരണ്ടു. "എടാ, പേയാണ്ടിത്തേവർക്കോടാ വിലങ്ങു്!" അവൻ ശ്വാസംപിടിച്ചു ഒരു നിമിഷം കിടന്നു. കൈകഠ ജ്റംഭിച്ചു. ഒന്നു ഞെരിഞ്ഞു! 'ഠോ' എന്നൊരൊച്ച! ഇരുമ്പുവിലങ്ങുകഠ പൊട്ടിത്തെറിച്ചു് ഗുഹാഭിത്തികളിൽപോയടിച്ചു. അവൻ ചാടി എഴുന്നേററു് കൈയ്യിൽ കിട്ടിയവരെയെല്ലാം ചമ്മന്തിപോലെ അരച്ചു. ആളുകഠ അവൻെറ ബാഹുവലയത്തിൽ പെടാതെ ഓടിഒഴിഞ്ഞു. അഭിമാനക്ഷയം ഭയന്നു് വീണ്ടും സംഘംചേർന്നു് മുപ്പതു നാല്പതു പേർ അവനോടേററു. ഒടുവിൽ അവൻ തളർന്നുവീണു.

അവർ അവന്റെ പർവ്വതസന്നിഭമായ ഉടലിൽ കയറിഇരുന്നു. വീണ്ടും കൈകൾ നിറയെയും കാലുകൾ നിറയെയും വിലങ്ങുകൾ വച്ചു് അവനെ അവർ അടിപ്പെടുത്തി. വൈദ്യനാഥയ്യർ വിജയകാഹളമൂതി. ഝടുതിയിൽ ആജ്ഞകൾ പുറപ്പെട്ടു. പത്തരുപതു പേർ ആ കാട്ടുരാജാവിനെപ്പൊക്കി എടുത്തു് ബാക്കിയുള്ളവരുടെ അകമ്പടിയോടെ ആ സംഘം ഘോഷയാത്രയായി ഗുഹയിൽനിന്നും പുറപ്പെട്ടു. ഇവരുടെ സർക്കാർ എന്തു ചെയ്യുമെന്നു് കാണട്ടെ എന്നു വിചാരിച്ചു് പേയാണ്ടിത്തേവൻ അടങ്ങിക്കിടന്നു. കാടിന്റെ അടുത്തായി അവർ തയാറാക്കി ഇട്ടിരുന്ന വണ്ടിയിൽ തേവനെ ഇരുത്തി ഭദ്രമായി അടച്ചു കുററിയിട്ടു് ആ ഘോഷയാത്ര വിജയോന്മത്തതയോടെ നാട്ടിലേക്കു തിരിഞ്ഞു.

# 15

## പേയാണ്ടിത്തേവൻെറ എഴുന്നള്ളത്ത്

ആർപ്പും മേളവുമായി ആ ഘോഷയാത്ര നഗരവീഥിയിലെത്തി. പേയാണ്ടിത്തേവനെ അതിഭദ്രമായി സൂക്ഷിക്കുന്നതിന് ഏതു ഗ്രാമമാണുത്തമമെന്നുള്ള ആലോചനയായി വൈദ്യനാഥയ്യർക്ക്. 'ചെറുകുളത്തായാലോ' എന്ന് മുത്തുസ്വാമി അയ്യരോട്ട് അദ്ദേഹം അഭിപ്രായം ചോദിച്ചു. മുത്തുസ്വാമി അയ്യർ:—"അതൊരിക്കലും പാടില്ല. അവൻെറ സങ്കേതത്തിൻെറ ഇത്ര അടുത്തു പാടില്ല. അതുമല്ല അവൻെറ അനുയായികൾ ഇവിടൊക്കെ ധാരാളമായുണ്ടായിരിക്കും." ഒടുവിൽ അദ്ദേഹം തീരുമാനിച്ചു. മധുരയിലായിക്കളയാം എന്ന്. അവരുടെ വഴി ചെറുകുളത്തിൽക്കൂടിയാണ് പോകുന്നത്. പേയാണ്ടിത്തേവനേക്കൊണ്ടുവരുന്നതുകാണാൻ ചെറുകുളത്തിന് ഒരു മൈൽ ദൂരംമുതലേ ആൾ നിരന്ന് കാത്തു നിൽക്കുകയാണ്. ആ എതിരേല്പിന് ആൺപെൺ അടച്ച് വഴിനീളെ ആർപ്പു വിളിച്ചു.

ചപ്പുവിന് ബഹുരസം. അവളുടെ 'യ'കാരം തടവുകൂടാതെയൊഴുകിത്തുടങ്ങി. പേയാണ്ടിയെ കാണാനുള്ള സംഭ്രമത്തിനവളോടി നടന്ന് സഖികളെ വിളിക്കുകയാണ്. "എടീ വേമ്പൂ! വായീ, വായീ, പേയാണ്ടി വയായായി. നീ വാ."

"ദേ, വന്നു കഴിഞ്ഞു. ഈ പുടവ ഒന്നു മാറേണ്ടതാമസം."

"അവിടെ കല്യാണമൊന്നുമില്ലാ. ഉടുത്തതുമയി" എന്നു ചപ്പുവിന് അക്ഷമ. അവർ ഒന്നിച്ചുപുറപ്പെട്ടു. വഴിയിൽ നാകുവിനെ അവർ വിളിച്ചു. നാകു ഭർത്താവിന് ചോറു കൊടുത്തുകൊണ്ടിരിക്കുകയാണ്. പക്ഷെ അവൾക്കതിനു നി

ന്നു താമസിക്കാൻ സമയമുണ്ടോ? സഖികൾ പോകുകയില്ലേ. അവൾ കൈകഴുകി. "ഇതാ, സാമ്പാറ് കൽച്ചട്ടിയിലിരുപ്പുണ്ട്, തോരൻ അടുപ്പത്തിരിക്കുന്നു. ചാപ്പാടുകഴിഞ്ഞു് എല്ലാം അടച്ചുവച്ചേക്കണം. ഞാൻ തേവനെ ഒന്നു കാണട്ടെ."

"എടീ, വിളമ്പിത്തന്നിട്ടുപോകൂ."

"അതും പറഞ്ഞുനിന്നാൽ നേരം പോകും."

"ഞാനുണ്ടുകഴിയാറായി. വേഗമുണ്ടേക്കാം."

"ചുപ്പുവും വേമ്പുവും അങ്ങു പോകും. പിന്നെ ഞാനൊററയ്ക്കാകും."

"അവരോടുപറയു സ്വല്പം നില്ക്കാൻ. ഞാൻ........ഇത്ര സാമ്പാറിങ്ങുതന്നേ."

"ഞാൻ കൈകഴുകിപ്പോയി. ഇപ്പരവേശമൊന്നും വേണ്ട. സാവധാനം വിളമ്പിയുണ്ടേച്ചാൽ മതി" അവൾ പുറത്തിറങ്ങി നടന്നു. "എല്ലാം അടച്ചുവയ്ക്കാൻ മറക്കരുതേ!" എന്നവൾ വിളിച്ചുപറഞ്ഞുകൊണ്ടോടി കൂട്ടുകാരുടെയടുത്തെത്തി. ആ ഭർത്താവിനുണ്ടായ കോപത്തിനതിരില്ല. "അവൾ തിരിച്ചുവരട്ടെ; ഞാൻ കാണിച്ചുകൊടുത്തേക്കാം." എന്നു തന്നെത്താൻ പുലമ്പിക്കൊണ്ടു് ഭാര്യയുടെ നിർദ്ദേശാനുസരണം സാവധാനത്തിൽ ഊണു തുടർന്നു.

പേയാണ്ടിത്തേവൻ ചെറുകുളത്തായി. അതു രാജകീയമായ ഒരെഴുന്നള്ളത്തുതന്നെയായിരുന്നു. ഉഗ്രപ്രതാപനായ തേവൻ വണ്ടിയിൽ ഇരിക്കുന്നു. ഊരിപ്പിടിച്ചവാളോടുകൂടിയ പോലീസുസൈന്യം മുമ്പിലും പുറകിലും അകമ്പടിയുണ്ട്. കാഴ്ചയ്ക്കെത്തിയ കരപ്രമാണികളും മററാളുകളുമതിനുപുറകിൽ. അവസാനം സ്ത്രീകളും. ആ ജൈത്രയാത്ര സാവധാനം മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു. മധുരമീനാക്ഷിക്ഷേത്രത്തിൽ 'മുളൈക്കൊട്ടി'യുത്സവം പത്താംനാൾ ദർശനം കഴിപ്പാൻ തിങ്ങിക്കൂടുന്ന ആളുകളേക്കാൾ കൂടുതലായിരുന്നു തേവദർശനത്തിനെത്തി തിക്കിത്തിരക്കിയ ഭക്തന്മാർ.

ആ ദിവ്യദർശനത്തിൽ അനുഗ്രഹം കിട്ടിയതു കുപ്പിപ്പാട്ടിക്കു മാത്രമായിരുന്നു. അവൾ പേയാണ്ടിത്തേവരെക്കാണെണമെ

ന്നുള്ള ചിന്താവേഗത്തോടെ പോലീസിനേയും മററും ഗൗനിക്കാതെ നേരേ നടുവിലൂടെ ഒരു സ്ത്രീയാണെന്നുള്ള വിചാരംപോലുമില്ലാതെ ആളുകളെത്തള്ളിമാററി പേയാണ്ടിത്തേവരുടെ അടുത്തുചെന്നു് വഴിയിൽ മുട്ടുകുത്തി വീണു. ഈ പേക്കൂത്തുകൾ കണ്ടുകൊണ്ടിരുന്ന തിരുവടികൾ വായിൽ നിറച്ചുവച്ചിരുന്ന ദിവ്യാമൃതത്തെ അവളുടെ തലയിലഭിഷേകംചെയ്തു. അതു് ആ കഷണ്ടിത്തലയിൽവീണു തെറിച്ചു് കുപ്പിപ്പാട്ടിയുടെ നരച്ചതലയ്ക്കു് യുവത്വം നല്കി. ദേവന്മാരുടെ വിനോദങ്ങൾ പരിചയമില്ലാത്ത കിഴവി കോപാക്രാന്തയായി പതിവുള്ള പല്ലവിപാടിത്തുടങ്ങി "നീ നശിച്ചുപോടാ. കരിയായിപ്പോ..........." എന്നെല്ലാം. ഇത്രയുമായപ്പോഴേക്കു് പോലീസുകാർ ഇടപെട്ടു് അവളെ വലിച്ചുമാററി. ഘോഷയാത്ര മധുരയ്ക്കുള്ള വഴിയേ തിരിഞ്ഞു. യഥാകാലം അവർ മധുരയിൽ എത്തിച്ചേർന്നു. പേയാണ്ടിത്തേവനെ സുരക്ഷിതമായ കാവലോട്ടെ ഇരുമ്പഴികൾക്കുള്ളിൽ അടച്ചു.

പലനാളായിട്ടും പിടികൊടുക്കാതെ ചോരവൃത്തി ഭയങ്കരമായിപ്പുലർത്തിക്കൊണ്ടിരുന്ന പേയാണ്ടിത്തേവനെ ബന്ധനസ്ഥനാക്കുവാൻ തന്റെ സഹായംകൊണ്ടു സാധിച്ചു എന്നുള്ള ബോധത്താൽ മുത്തുസ്വാമി അയ്യർ ചാരിതാർത്ഥ്യംപൂണ്ടു. അദ്ദേഹം ഉത്സാഹഭരിതനായി വണ്ടിയിൽ വീട്ടിൽവന്നിറങ്ങി. കാലിൽ ഭംഗിയേറിയ ചെരിപ്പും; പട്ടുമുണ്ടിൽ മീതെ കസവുത്തുപ്പട്ടാവു് അരയിൽ കെട്ടി, ഏലസ്സുകളോടുകൂടിയ ഒരു പൊന്നരഞ്ഞാണും ധരിച്ചു് കൈകളിൽ രത്നഖചിതമായ മോതിരങ്ങളുമണിഞ്ഞു് വീട്ടിലേക്കു് പ്രവേശിച്ച ആ ഗൃഹനാഥൻ അവിടെ കൂടിയിരുന്ന എല്ലാവരുടേയും ആദരവു് സമാർജ്ജിച്ചു. കള്ളനെപ്പിടിക്കുന്നതിനു് വേണ്ടിവന്ന ചെലവുകൾ അനുജനുവേണ്ടി അദ്ദേഹമാണു് മുഴുവൻ ചെലവുചെയ്തതു്. അദ്ദേഹത്തിനു അനുജനുവേണ്ടി എന്തും ചെയ്യുന്നതിനു് ഒരു മടിയുമില്ലായിരുന്നു. അദ്ദേഹം അവിടെക്കയറി ഇരുന്നു് ഉണ്ടായ സംഭവങ്ങൾ എല്ലാം വിശദമായിപ്പറഞ്ഞു കേൾപ്പിച്ചു. അദ്ദേഹത്തിന്റെ സൗമ്യതയും സത്യസന്ധതയും സംഭാഷണത്തിൽ വ്യക്തമായി പ്രതി

ഫലിച്ചിരുന്നു. വാതിൽ മറഞ്ഞുനിന്നു് ഇതെല്ലാം കേട്ടുംകൊണ്ടുനിന്ന പൊന്നമ്മയ്ക്കുണ്ടായ വിഷമതയും അസൂയയും എത്രയെന്നു് പറവാൻ പ്രയാസമാണു്. തന്റെ വീട്ടിൽനടന്ന അത്യാഹിതത്തിനും പൊതുജനപ്രീതിയും വിശ്വാസവും നേടുന്നതു് മുത്തുസ്വാമി അയ്യരാണെന്നുള്ള വിചാരം അവളെ അസഹ്യമായിപ്പീഡിപ്പിച്ചു.

അന്നു രാവിലെയും ആററിൻകര സമ്മേളനം പതിവുപോലെ നടന്നു. പൊന്നമ്മയുടെ മനസ്സിന്റെ വിഷമം ഏതുവിധം തീർക്കാമെന്നുള്ളതാണു് ചർച്ചാവിഷയം. അവിടെ പതിവായി സമ്മേളനം നടക്കാറുണ്ടോ എന്നു ചിലർ സംശയിച്ചേക്കാം. കനലും കച്ചിയും ചേർന്നാൽ തീകത്തുന്നതിനാരുടെയെങ്കിലും സഹായം വേണോ? അതുപോലെതന്നെ ചപ്പുവും രണ്ടു കൂട്ടുകാരും ചേർന്നാൽ മഹിളാസമാജമായി. ആററുംകരപോലെ അത്ര സൗകര്യപ്രദമായ മററൊരു സ്ഥലവും അവർക്കിതുവരെ കണ്ടുകിട്ടിയിട്ടില്ലാ.

പേയാണ്ടിത്തേവനെ ബന്ധനസ്ഥനാക്കിയതിന്റെ ചരിത്രങ്ങൾ സവിസ്തരം മുത്തുസ്വാമി അയ്യർ പറഞ്ഞുതീരുന്നതിനു മുമ്പുതന്നെ പൊന്നമ്മ അവിടെനിന്നും ഇറങ്ങി. അവൾ നേരേ പോയതു് ആററുതീരത്തേക്കായിരുന്നു. അവിടെ ചപ്പമ്മാൾ വസ്ത്രം അലക്കിക്കൊണ്ടിരിക്കുകയാണു്. അവിടെ സഭ തുടങ്ങി.

ചപ്പു:—"ആയെന്തു പയഞ്ഞാലും മുത്തുസ്വാമിക്കു തുല്ല്യനായി വേയെ ആയുണ്ടു്. എവിടെങ്കിലും പോകട്ടെ. ഡെൽഹിക്കു പോയാലും പോണ കായ്യം സാധിച്ചുകൊണ്ടുവയും. അക്കായ്യം സാധിക്കാതെ ജീവനുള്ളപ്പോൾ തിയിച്ചു വയില്ല. സുബ്രഹ്മണ്യവും ആൾ മിടുക്കൻതന്നെ എങ്കിലുമത്തയ സാമത്ഥ്യം ഇല്ലാ."

വേമ്പു:—"സുബ്രഹ്മണ്യം ആരുടെപേർക്കും പോകാറില്ല. അയാൾക്കു് പൊന്നമ്മയുണ്ടെങ്കിൽ പിന്നാരും വേണ്ടാ."

ഉഗ്രമായി നോക്കിക്കൊണ്ടു് പൊന്നമ്മ:—"തലയിരിക്കെ വാലാടുമോ? ഒരു നാടിനു് രണ്ടു പിരിലൂസന്മാർ ആവശ്യമുണ്ടോ?

സുബ്രഹ്മണിയന് ഒന്നുമറിഞ്ഞുകൂടാ. എല്ലാം അണ്ണൻ സാധിച്ചുതരുമെന്നു വിശ്വസിക്കുകയാണൊപ്പാവം. അയാരം ആണും പെണ്ണും കെട്ടവനാണ്. വാസ്തവത്തിൽ നമ്മളെല്ലാമാണങ്ങരം." അവരം ഇത്രയും പറഞ്ഞിട്ട് വീട്ടിലേക്കു നടന്നു. ഓരോരുത്തരും മുത്തുസ്വാമി അയ്യരെ പുകഴ്ത്തുന്നു! അവരം എങ്ങനെ സഹിക്കും! എവിടെച്ചെന്നാലും അതേ കേരംക്കാനുള്ളു. അവളെങ്ങനെയവിടെ നിൽക്കും!

അവരം വീട്ടിലെത്തിയപ്പോരം സുബ്രഹ്മണ്യയ്യർ വീട്ടിലുണ്ട്. ജ്യേഷ്ഠൻ വന്ന വിവരം പൊന്നമ്മ പറഞ്ഞാണയാളറിഞ്ഞത്. ഉടൻതന്നെ അദ്ദേഹത്തെക്കാണ്മവാൻ അയാരം തിടുക്കം പൂണ്ടിറങ്ങുവാൻ ഭാവിച്ചതുകണ്ട് പൊന്നമ്മ തടഞ്ഞുപറഞ്ഞു "വേണ്ട, ഇപ്പോളെങ്ങോട്ടുമിറങ്ങണ്ടാ. വിശേഷങ്ങളെല്ലാം ഞാൻ പറയാം. വെയിലാറിയിട്ട് പോയാൽ മതി. നമ്മരംക്കിപ്പോരം കിടന്നൊന്നുറങ്ങാം. പുറത്തേക്കു നോക്കാൻ വയ്യ. അത്ര വെയിലാണ്." ഇങ്ങനെ ആ യാത്ര മുടക്കിയിട്ട് അവരം ശൃംഗാരാഭിനയങ്ങളോടെ ഭർത്താവിനെ വശീകരിച്ച് അവിടെത്തന്നെയിരുത്തി.

പേയാണ്ടിത്തേവൻെറ സംഗതികരം വിശദമായി അറിവാനും മുത്തുസ്വാമി അയ്യരുടെ ക്ഷേമം അന്വേഷിക്കാനുമായി ആ ഗ്രാമക്കാർ ഓരോരുത്തരായി വന്നുകൊണ്ടിരുന്നു. അന്നു വൈകിട്ട് പൊന്നമ്മയുടെ അനുമതി വാങ്ങി സുബ്രഹ്മണ്യവുമവിടെച്ചെന്നു. നാട്ടുകാരൊക്കെ വന്നുപോയിട്ടും അയാരം ഇതുവരെച്ചെല്ലാഞ്ഞതിൽ മുത്തുസ്വാമി അയ്യർക്ക് പരിഭവമുണ്ട്. അതിനാൽ അനുജനെ അത്ര വകവെയ്ക്കാതെ മുത്തുസ്വാമിഅയ്യർ ഒഴിഞ്ഞുമാറി. സുബ്രഹ്മണ്യം വന്നിട്ടും ജ്യേഷ്ഠൻ കണ്ടഭാവം വയ്ക്കാതിരുന്നതു് അഹങ്കാരംകൊണ്ടായിരിക്കുമെന്നു ശങ്കിച്ചു അനുജനും അധികസമയമവിടെ നില്ക്കാതെ യാത്രപോലും പറയാതെ തിരികെ വീട്ടിലേക്കു പോയി. മുത്തുസ്വാമി അയ്യർ മനസ്സിൽ വിചാരിച്ചു "ഞാൻ ആർക്കുവേണ്ടി ജീവൻപോലും പണയംവച്ച് തേവൻെറ പുറകെ പോയി! ദ്രോഹി, അവൻ നേരത്തേ വന്നൊന്നന്വേഷിക്കുകയെങ്കിലും ചെയ്തില്ലല്ലോ! ഇതി

ൻെറ പണമെല്ലാം ആരു ചെലവുചെയ്തു! ആർക്കുവേണ്ടി? വിവരങ്ങൾ അറിയാനെങ്കിലും എന്നോടു ചോദിക്കാനവനു തോന്നിയില്ലല്ലോ. നന്ദികെട്ടവൻ. പെട്ടെന്നിപ്രകാരമവനെങ്ങനെ മാറി!" ഈവിധ ചിന്തകളാൽ അദ്ദേഹം കോപംപൂണ്ടു. സുബ്രഹ്മണ്യയ്യർ വീട്ടിൽ ചെന്നു് ഉണ്ടായ സംഗതികൾ പൊന്നമ്മയോടക്ഷരംപ്രതി വിവരിച്ചു. അവൾക്കതു വളരെപ്പിടിച്ചു. "നന്നായിപ്പോയി, നിങ്ങൾക്കിതു വരണം. ചേട്ടനെ തലയിൽ വച്ചുകൊണ്ടു നടന്നതിൻെറ ഫലം കിട്ടിത്തുടങ്ങിയല്ലോ." എന്നു് ആഹ്ലാദിച്ചു പരിഹസിച്ചു. ഈ നിസ്സാരസംഗതി ജ്യേഷ്ഠാനുജന്മാർ തങ്ങളിലുള്ള സ്നേഹവിശ്വാസാദികളെ തെല്ലൊന്നടച്ചു.

ദിവസങ്ങൾ മൂന്നാലു കഴിഞ്ഞു. ഒരു പ്രഭാതത്തിൽ സുബ്രഹ്മണ്യയ്യരുടെ വീട്ടിൽ ഒരു ചെറുപ്പക്കാരൻ വന്നു. അവൻെറ പരിഷ്കാര മീശയും തലമുടിയും, ചാന്തുപൊട്ടും, മൂളിപ്പാട്ടും ഷോക്കുനടയും അവൻ ഒരു പോക്രിയാണെന്നു് വിളിച്ചുപറഞ്ഞു. അവൻെറ പ്രതാപം മുഴുവൻ മുണ്ടുടുപ്പിലും വങ്കത്തരത്തിലുമാണവൻ ചെലുത്തിയിരിക്കുന്നതു്. ആർക്കെങ്കിലും സംശയം തോന്നുന്നു എങ്കിൽ അഞ്ചുനിമിഷം ആ യുവാവുമായി സംസാരിച്ചാൽ മതി. അവൻെറ വായിൽ അധികമായി വരുന്നതു 'തുലുക്കു'ഭാഷയാണു്. ലക്ഷ്മിയെ ഇവനു കൊടുപ്പിക്കുന്നതിനാണു് പൊന്നമ്മ പാടുപെട്ടതു്. അവൻ അവളുടെ സ്വന്തം സഹോദരനാണു്. പ്രായം 19 അല്ലെങ്കിൽ 20 ആയിക്കാണും. അവൻ നാലഞ്ചു വർഷമായിട്ടു് മട്രിക്കുലേഷൻ ക്ലാസിൽ മടികൂടാതെ പഠിച്ചുവരുന്നു. അവൻെറ ഉദ്ദേശം പത്തുപന്ത്രണ്ടു വർഷങ്ങൾകൂടി ആ ക്ലാസുകൊണ്ടുതന്നെ കഴിച്ചുകൂട്ടണമെന്നാണു്. പണം മാത്രം ആരെങ്കിലും അവനു കൊടുത്തുകൊണ്ടിരിക്കണം. ഇല്ലെങ്കിൽ അവനു വലിയ സങ്കടമാണു്. തല്ക്കാലം അളിയൻെറ സഹായംകൊണ്ടു് ആ യുവാവു് സംതൃപ്തനായി കഴിച്ചുവരുന്നു. "ഞങ്ങളുടെ വൈത്തി ഒരു പരമസുന്ദരനാണു്. അവനോടു സംസാരിച്ചു ജയിക്കുവാനാരുമില്ലാ. അവൻ 'തുലുക്കു' ഭാഷയിലും സാമർത്ഥ്യമുള്ളവനാണു്" എന്നു് പൊന്നമ്മ പലപ്പോഴുമവൻെറ ഗുണഗണങ്ങളെ വാഴ്ത്താറുണ്ടു്. അവനെ, വളരെ

മുമ്പുതന്നെ വനിതാസമാജവുമായി അവൾ പരിചയപ്പെട്ടുത്തിയിട്ടുണ്ടു്. സൗന്ദര്യത്തേയും സമ്പത്തിനേയുംകുറിച്ചു് ആരെങ്കിലും പൊന്നമ്മയോടു സംസാരിച്ചാൽ അവൾ ഈ യുവസുന്ദരൻെറ അവതാരമാഹാത്മ്യങ്ങളെ വിസ്തരിക്കാതിരിക്കുകയില്ല. ആ ചെറുപ്പക്കാരൻെറ പേർ വൈദ്യനാഥൻ എന്നാണു്.

അന്നു വൈകിട്ടു ലക്ഷ്മി ഏതോ കാരണവശാൽ ചിററമ്മയുടെ വീട്ടിൽ പോയി. അവൾ വരുന്നതു പൊന്നമ്മയും വൈദ്യനാഥനും നോക്കിനിന്നിരുന്നു. ആ ചെറുബാലിക അടുത്തു വന്നപ്പോൾ പൊന്നമ്മ സഹോദരനോടു പറഞ്ഞു "ഇവൾതന്നെ നിൻെറ കൊച്ചുഭാര്യ. എന്തുചെയ്യാം, മധുരക്കാരൻ അടിച്ചുകൊണ്ടുപോയി."

"അവൾ ഇപ്പൊഴും എൻേറതുതന്നെ. മധുരക്കാരൻ അവിടെക്കിടക്കട്ടെ" എന്നു വൈദ്യനാഥനും. ആ പെൺകുട്ടി എന്തു ചെയ്യും? അവൾ തലകുനിച്ചു് നിശ്ചലയായി നിന്നുപോയി.

പൊന്നമ്മ വീണ്ടും തുടങ്ങി "എന്തെടീ ഇങ്ങനെ? അവൻ നിന്നെ എത്ര കാര്യമായിട്ടാണു് വിചാരിച്ചിരിക്കുന്നതു്! എപ്പോഴാ വന്നതെന്നെങ്കിലും അവനോടു നിനക്കു ചോദിച്ചുകൂടെ? വെറും കുശലം! വാ പൊളിച്ചാൽ മുത്തുകൾ ഉതിർന്നു വീഴുമായിരിക്കും! വീഴട്ടെ, ഞാൻ പെറുക്കിത്തരാം." ലക്ഷ്മി തലവെട്ടിത്തിരിക്കമാത്രം ചെയ്തു.

പൊന്നമ്മ:—"എന്തൊരത്ഭുതമെടീ, ഇതു്? നീ ശീമച്ചരക്കാണോ? നിനക്കൊന്നു വാപൊളിച്ചാലെന്തു്?"

വൈദ്യനാഥൻ കേറിയേററു:—"ഇവളെൻെറ പൊണ്ടാട്ടിയല്ലേ! മററാളുകളുള്ളപ്പോൾ നാണംമൂലം സംസാരിക്കുകയില്ല. ചേച്ചി അപ്പുറത്തേക്കു പോകൂ." അവൻ ലക്ഷ്മിയെ സമീപിച്ചു് അവളോടായി:—"ശരിയല്ലേ, ഞാൻ പറഞ്ഞതു്? എൻെറ തങ്കമല്ലേ! ലേഡി, യങ്ങ്ലേഡി! മൈ ഡിയർ, നീ എൻെറ മൈഡിയറല്ലേ?" അവൻ കാമാവേശനായി അവളെപ്പിടിക്കുവാൻ ഭാവിച്ചു. അവൾ ഭയന്നുവിറച്ചു് വാവിട്ടു കരഞ്ഞുകൊണ്ടു് വീട്ടിലേക്കോടി.

മുത്തുസ്വാമി അയ്യർ ഉറക്കംകഴിഞ്ഞെഴുന്നേററപ്പോൾ ആ ദ്യമായിക്കണ്ടതു് കരഞ്ഞുംകൊണ്ടോടിവരുന്ന തന്റെ മകളെ യാണു്. അദ്ദേഹം പരിഭ്രമത്തോടെ അവളോടു കാരണം ചോ ദിച്ചു. പക്ഷെ ഒന്നുമില്ലച്ഛാ എന്നു പറഞ്ഞൊഴിവാനവൾ ശ്രമി ച്ചു എങ്കിലും അദ്ദേഹമതിനനുവദിച്ചില്ല. നിർബ്ബന്ധപൂർവ്വമായ ചോദ്യങ്ങൾമൂലം നടന്ന സംഭവങ്ങൾ പുറത്തുവന്നു. അപ്പോഴേ ക്കു കമലമ്മയും അവിടെത്തി. മുത്തുസ്വാമി അയ്യർ ഭാര്യയെപ്പ ഴിപറഞ്ഞു "നീ ഇത്ര ബുദ്ധി ഇല്ലാത്തവളാണല്ലോ! ആ പോക്രി വന്നിട്ടുള്ളതറിഞ്ഞിട്ടും ഇവളെ അങ്ങോട്ടയച്ചല്ലോ" എന്നു്. കമലമ്മ കാര്യം ഗൗരവമുള്ളതായി ഭാവിക്കാതെ "ഓ, ഈ നി സ്സാര കാര്യത്തിനു് നമ്മളെന്തിനു് വലിപ്പം കൊടുക്കുന്നു? ഇ നി അവളെ ഒററയ്ക്കു ഞാനയക്കുകയേ ഇല്ല." അങ്ങനെ ആ സം ഭവമൊതുങ്ങി.

സന്ധ്യയോടെ സുബ്രഹ്മണ്യയ്യരും വൈദ്യനാഥനുംകൂടി ആററുതീരത്തേക്കു പോയി. വഴിയിൽവച്ചു് മുത്തുസ്വാമി അയ്യർ എതിരെ വരുന്നതു സുബ്രഹ്മണ്യയ്യർ കണ്ടു. പക്ഷെ സഹോദരന്മാർ തമ്മിൽ കണ്ടഭാവം പോലുമില്ലാതെ സഗൗരവം രണ്ടുപേരും നടന്നകന്നു. വൈദ്യനാഥൻ ഇതുകണ്ടു പറഞ്ഞു "വ ലിയ ഗൗരവത്തിലാണല്ലോ പോക്കു്."

സുബ്രഹ്മണ്യയ്യർ മറുപടി നല്കി "അവരൊക്കെ വല്യയാ ളുകളല്ലേ! നമ്മളെപ്പോലുള്ള പാവങ്ങളെക്കണ്ടാൽ തിരിഞ്ഞു നോക്കുമോ!" വൈദ്യനാഥൻ "അത്ര വലിയവനായോ! അയാ ളുടെ കൈയ്യും നമ്മളുടെ കൈയ്യുംകൂടി ഒരു മൂച്ചു നോക്കുന്നുണ്ടു്. നോക്കിക്കൊള്ളണം." അവൻ മീശ പിരിച്ചു.

തിരിച്ചു നാട്ടിൽ പോകുന്നതിനു മുൻപായി എന്തെങ്കിലും 'പണി ഒപ്പിക്ക്'ണമെന്നുറച്ചു് അതിനുള്ള ലാക്കും പാർത്തു് അവൻ അവിടെക്കഴിഞ്ഞു.

# 16

## ‘ചൂ ചൂളക്കി ചുണ്ടങ്ങാപ്പക്കീ’

ആയിടയ്ക്കു് ചെറുകുളത്തിൽ ഒരു വിശേഷസംഭവമുണ്ടായി. കമലമ്മ ഒരാൺകുട്ടിയെ പ്രസവിച്ചു. പുത്രസന്താനമില്ലാതെ മനോവേദനയോടെ കഴിയുന്ന ആ ദമ്പതിമാരെ ദൈവം അനുഗ്രഹിച്ചു. അവരം പെൺകുട്ടികളെ അല്ലാതെ പ്രസവിച്ചിട്ടില്ല. ലക്ഷ്മിയുടെ കല്യാണക്കാലത്തു കമലമ്മയ്ക്കു് ഗർഭമുണ്ടു്. പക്ഷെ ഒരു പെണ്ണിനെപ്പെറുമെന്നേ അന്നെല്ലാവരും വിചാരിച്ചിരുന്നൊള്ളു. ഒരാൺകുഞ്ഞാണു ജനിച്ചതെന്നറിഞ്ഞപ്പോരം മുത്തുസ്വാമി അയ്യർ ആനന്ദത്തിൽ മദിച്ചു. പിറെറ ദിവസംതന്നെ ആ ശുഭവാർത്ത വേണ്ടപ്പെട്ട ബന്ധുജനങ്ങളെ എല്ലാം അറിയിച്ചു. രാമസ്വാമി ശാസ്ത്രി, കൃഷ്ണയ്യർ, ശ്രീനിവാസൻ ഇവർക്കും പ്രത്യേകം പ്രത്യേകമായി എഴുത്തയക്കുകയും അവർ കഴിവതും വേഗം ചെറുകുളത്തു വരുവാൻ ക്ഷണിക്കുകയും ചെയ്തു. അതിൻപ്രകാരം എഴുത്തുകിട്ടിയ ഉടൻ മധുരക്കാർ ചെറുകുളത്തു വന്നു. ഒരു ദിവസം ആഘോഷമായിത്തന്നെ പെരിയ വീട്ടിൽ കഴിച്ചുകൂട്ടി. അടുത്ത നാരം കൃഷ്ണയ്യരും, ശാസ്ത്രികളും മററു ബന്ധുക്കളും മടങ്ങിപ്പോയി. കുറച്ചു ദിവസം ശ്രീനിവാസൻ ചെറുകുളത്തു നില്ക്കട്ടെ എന്നു് എല്ലാവരും അഭിപ്രായപ്പെട്ടതനുസരിച്ചു് അവൻ അവരുടെകൂടെപ്പോയില്ല.

ശ്രീനിവാസൻ ചെറുകുളത്തു വരുന്നു എന്നു കേട്ടതുമുതലേ വൈദ്യനാഥനു് ഒരു മനോവേദന! “അവൻ വരട്ടെ, ഞാൻ കാണിച്ചുകൊടുക്കാം.” എന്നവൻ മുന്നുരു പ്രാവശ്യം തന്നെത്താൻ പറയും. അവന്റെ ഉള്ളിൽ ഉരുണ്ടുകയറിയ ദ്വേഷ്യമെല്ലാം തീർക്കുന്നതിനു് പററിയ സന്ദർഭം കാത്തുകാത്തു് അവനിരുന്നു. ചെറുകുളത്തിൽകൂടി ഒഴുകുന്ന നദിക്കു് കുങ്കുമനദി

എന്നും സ്വർണ്ണപൂരണി എന്നും പേരുണ്ട്. അതിൻെറ അതിവിസ്തൃതമായ മണൽപരപ്പ് ആ ദിക്കിലെ കുട്ടികളുടെ കേളീരംഗമാണ്. വെയിലാറിയാൽ ആ മണൽതിട്ട ബാലന്മാരെക്കൊണ്ട് നിറയും. ഇരുപതും ഇരുപത്തിരണ്ടും പേർവീതം രണ്ടു ഭാഗമായി നിന്ന് 'ചൂ ചുളുക്കി ചുണ്ടങ്ങാപ്പുക്കി' എന്ന കളിയാണ് സാധാരണയായി അവിടെ കളിക്കാറുള്ളതു്. ഇംഗ്ലീഷ് വിദ്യാഭ്യാസം വന്നതോടെ നമ്മുടെ പ്രദേശിക കളികളെപ്പോലും നാം വിസ്മരിച്ച് ഇംഗ്ലീഷുകാരുടെ കളികൾക്ക് പ്രാധാന്യം നൽകിയിരിക്കുകയാണ്. വിനോദപരവും ആരോഗ്യപ്രദവുമായ എത്ര എത്ര നാടൻകളികൾ ആംഗ്ലേയപരിഷ്കാരത്തിൽ ഭ്രമിച്ചു നാം ത്യാജ്യകോടിയിൽ തള്ളിയിരിക്കുന്നു! 'ചൂ ചുളുക്കി' ഒരു നല്ല കളിയാണ്. കുട്ടികൾ രണ്ടു ഭാഗമായി തിരിഞ്ഞുനിൽക്കും. ഒരാൾ 'ചൂ ചുളുക്കി ചുണ്ടങ്ങാപ്പുക്കി' എന്നു പറഞ്ഞുംകൊണ്ട് എതിർകളത്തിലേക്ക് ഓടിക്കയറും. അവർ അവനെപ്പിടിച്ചുനിർത്തണം, ശ്വാസം നിർത്തുന്നതുവരെ. ശ്വാസം നിർത്തിപ്പോയാൽ അവൻ ചീഞ്ഞു. രക്ഷപ്പെട്ട് ശ്വാസംനിർത്താതെ ഓടിപ്പോന്നാൽ അവനെപ്പിടിച്ചു നിർത്തുവാൻ തൊട്ടവരെല്ലാം ചീഞ്ഞു. ഇങ്ങനെ ഒരു ഭാഗത്തുള്ളവരെല്ലാം ചീഞ്ഞാൽ ആ ഭാഗം തോററു. ഇതാണ് കളി. വെയിലാറിയാൽ വിശ്വനാഥൻ പതിവായി മണൽപ്പുറത്തു പോകും. അവൻെറ 'വീമ്പും പൊണ്ണക്കാഝ്യവും' മൂലം അവൻ കളിപ്പിള്ളേരുടെ നായകനായിരിക്കുകയാണ്. ശ്രീനിവാസൻ ആദ്യമൊക്കെ മണൽപുറത്തു ചെന്നാൽ കളികണ്ടു മാറിനിൽക്കുകയേ ഉള്ളു. അവൻെറ കൂട്ടുകാർ പലരും കളിയിൽ പങ്കെടുക്കുന്നവരായുണ്ട്. അവർ ശ്രീനിവാസനെ നിർബ്ബന്ധിക്കും കളിക്കുവാൻ. അതുമൂലം അവനും കളിയിൽ ചേർന്നുതുടങ്ങി. ശ്രീനിവാസൻ നിൽക്കുന്നതിൻെറ എതിർവശമായിരിക്കും വൈദ്യനാഥൻ. പാവം! ശ്രീനിവാസൻ! അവനൊരു ദുഷ്ടബുദ്ധിയുമില്ല. പക്ഷെ ഫണംവിടർത്തിക്കൊത്തുവാൻ വൈദ്യനാഥൻ സമയം കാത്തിരിക്കുകയായിരുന്നു.

അന്ന് നല്ലൊരു സായാഹ്നവേളയായിരുന്നു. സൂര്യൻ വൃക്ഷങ്ങളുടെ മറവിൽ താണു. മണൽപുറം പാലുപോലെ വെളു

ത്തു തിളങ്ങി. ആകാശത്തു് അങ്ങിങ്ങായി ഓരോ വെള്ളമേഘങ്ങൾ പഞ്ഞിക്കെട്ടുകൾപോലെ പാറിക്കിടക്കുന്നുണ്ടു്. നദീജലത്തിൽ തട്ടിവരുന്ന കുളിർവാതം ഉന്മേഷപ്രദമായി വിദ്യാർത്ഥികളെ പ്രീതിപ്പെടുത്തി. കുട്ടികൾ കളിക്കു കൂടിത്തുടങ്ങി. ആളു തികഞ്ഞതോടെ അവർ രണ്ടുഭാഗമായി നിന്നു് കളി ആരംഭിച്ചു. ശ്രീനിവാസൻെറ എതിർഭാഗത്തു വൈദ്യനാഥനുണ്ടു്. ഓരോ ഭാഗത്തുനിന്നും ഓരോരുത്തരായി ഇടവിട്ടു് കേറിത്തുടങ്ങി. ഒടുവിൽ ശ്രീനിവാസൻെറ തവണ വന്നു. "ചൂ ചുളുക്കി...." എന്നുംപറഞ്ഞു് അവൻ മുന്നോട്ടു കേറി. ആട്ടിൻകുട്ടിയെക്കണ്ട വ്യാഘ്രംപോലെ വൈദ്യനാഥൻ ശ്രീനിവാസൻെറ പുറത്തേയ്ക്കു കുതിച്ചു. അവർ രണ്ടുംകൂടി പൂഴിയിൽ കിടന്നുരുണ്ടു. ശ്രീനിവാസൻ ശ്വാസം നിറുത്തിയിട്ടും വൈദ്യനാഥൻ പിടി ഇളയ്ക്കുന്നില്ല. അവനെ ഇട്ടുരുട്ടി പൈശാചികമായി ദ്രോഹിക്കുകയാണു്. ഇടിയും കടിയും പിച്ചും, മാന്തുമെല്ലാം അനിയന്ത്രിതമായി വൈദ്യനാഥൻ പ്രയോഗിക്കുകയാണു്. ശ്രീനിവാസൻ ശ്വാസംമുട്ടുന്നു. എന്നിട്ടും വൈദ്യനാഥൻ വിടുന്നില്ല. ആ ബലപ്രയോഗം "ധർമ്മയുദ്ധ"പരമല്ലാ എന്നു് കുട്ടികൾക്കു് മനസ്സിലായി. അവർ ചെന്നു് വൈദ്യനാഥനെപ്പിടിച്ചുവലിച്ചു് മാറേറണ്ടതായി വന്നു. പാവം! ശ്രീനിവാസൻ. അവൻെറ ദേഹം മുഴുവൻ മുറിവും ചതവുമാണു്. അന്നു നടന്ന സംഭവങ്ങളോരോന്നും ശ്രീനിവാസൻ ആരെയുമറിയിച്ചില്ല. മുത്തുസ്വാമി അയ്യർ സന്ധ്യാവന്ദനത്തിനായി ആററുകടവിലെത്തി. നടന്ന സർവ്വ സംഗതികളും അവിടെ നിന്നിരുന്ന കുട്ടികൾ ഓടിവന്നു് അദ്ദേഹത്തെ അറിയിച്ചു. എതിരാളിയെ നിശ്ശേഷം തോല്പിച്ച ഗർവ്വോടുകൂടി വൈദ്യനാഥനും അവൻെറ വീട്ടിലേക്കു പോയി. വഴിയിൽവച്ചു് അവൻ ലക്ഷ്മിയെക്കണ്ടു. അവൾ കോവിലിൽ നെയ്‌വിളക്കും കൊളുത്തിയിട്ടു വരുകയാണു്. കടന്നുപോയ പോക്കിനു് അവൻ അവൾക്കിട്ടൊരു തട്ടുംകൊടുത്തു. ആ ചെറു ബാലിക വീട്ടിലേക്കു് കരഞ്ഞുംകൊണ്ടോടി അമ്മയോടിക്കാര്യം പറഞ്ഞു. അതു പറഞ്ഞുംകൊണ്ടിരിക്കുമ്പോൾ മുത്തുസ്വാമി അയ്യരും വന്നു. ഉടൻതന്നെ അദ്ദേഹം ശ്രീനിവാസനെ വിളിച്ചു വെളിച്ചത്തു കൊണ്ടുവന്നു ദേഹം പരിശോധിച്ചു. സർവാംഗം

പോറലും മുറിവും. വൈദ്യനാഥൻ മകളോട്ട കാണിച്ച അക്രമവുംകൂടികേട്ടപ്പോൾ അദ്ദേഹം കോപംകൊണ്ടു് വിറച്ചു. ഉടൻതന്നെ അനുജനെ വിളിച്ചുകൊണ്ടുവരുവാൻ അദ്ദേഹം ആളയച്ചു. സുബ്രഹ്മണ്യയ്യരും വൈദ്യനാഥനുംകൂടി സംസാരിച്ചുകൊണ്ടിരുന്നപ്പോളാണു് പെരിയവീട്ടിലെ വേലക്കാരൻ വന്നതു്. വിവരമറിഞ്ഞ ഉടൻ സുബ്രഹ്മണിയം ജ്യേഷ്ഠനെ കാണുവാൻ പോയി.

അനുജനെക്കണ്ട ഉടൻ മുത്തുസ്വാമി അയ്യർ അതികോപത്തോടെ:—"ശുദ്ധ അക്രമികളേയാണോ വീട്ടിൽ വച്ചുപുലർത്തുന്നതു്? ഇതു് നിനക്കു ചേർന്നതല്ല." എന്നു പറഞ്ഞു. സുബ്രഹ്മണ്യയ്യരുടെ പുറകെ വൈദ്യനാഥനും എത്തിയിരുന്നു. അയാൾ പുറത്തു നിൽക്കുമ്പോളാണു് മുത്തുസ്വാമി അയ്യരുടെ ദേഷ്യപ്പാടു്. അതു കേട്ട ഉടൻ ചാടി അകത്തുവന്നു് ചോദിച്ചു:–"എന്തക്രമമാണു്? ഞാനിവിടെ വന്നു് വല്ല അക്രമവും ചെയ്തോ? മര്യാദയ്ക്കു സംസാരിക്കണം. അല്ലെങ്കിൽ വായിൽകിടക്കുന്ന പല്ലു കാണുകയില്ലാ!"

മുത്തു:–"എന്തെടാ, നീ എന്തെടാ പറയുന്നതു!"

വൈദ്യ:–"കേട്ടില്ലേ? തോന്ന്യാസം പറഞ്ഞാൽ വായിലെ പല്ലു തെറിച്ചുപോകുമെന്നു്." മുത്തുസ്വാമി അയ്യർക്കു് കോപം ജ്വലിച്ചു. അദ്ദേഹം സുബ്രഹ്മണ്യയ്യരോടു്

"എന്താ നീ ഒന്നും പറയുന്നില്ലേ?"

"അവൻ തെറ്റൊന്നും ചെയ്തിട്ടില്ല. പിന്നിങ്ങനെ ദേഷ്യപ്പെട്ടാൽ ആരെങ്കിലും കേൾക്കുമോ?" എന്നു് അയാൾ വൈദ്യനാഥന്റെ കക്ഷിപിടിച്ചു.

മുത്തുസ്വാമി:—"ഹോ, ഒരു കുററവും ചെയ്യാത്തവൻ. കൊള്ളാം. നിന്റെ ബുദ്ധി! അതിനെ ചെരുപ്പുകൊണ്ടടിക്കണം!" എന്നു പരിഹസിച്ചു. വൈദ്യനാഥൻ വിട്ടില്ല. എല്ലാ മാനമര്യാദകളും വിട്ടു് അവൻ പഠിച്ചിട്ടുള്ള അസഭ്യവാക്കുകളെല്ലാം അവിടെ വിളമ്പി. അതുകേട്ടു് വഴിയേ പോയവർ കാരണമറിവാൻ കയറിവന്നു. ഈ തെമ്മാടിപ്പയ്യന്റെ കൈയ്യും കാലും കെട്ടിയിട്ടു് അടിച്ചുപൊട്ടിക്കണമെന്നവർക്കൊരാശ.

അവരതിനുള്ള ഉദ്യമം തുടങ്ങി. തന്റെ മുമ്പിൽവച്ചു് ഈ സാഹസം നടക്കുമല്ലോ എന്നുള്ള കരുണാബുദ്ധിയാൽ അദ്ദേഹമതു തടഞ്ഞു. "വിട്ടേയ്ക്കിൻ, അവനെ ഉപദ്രവിക്കണ്ടാ." എന്നു പറഞ്ഞു വൈദ്യനാഥനെ അദ്ദേഹം അവരുടെ കൈയ്യിൽനിന്നും വിടുർത്തി അയച്ചു.

വൈദ്യനാഥനു് മാനസാന്തരം വന്നോ? നിശ്ചയമായുമില്ല. അവന്റെ നീചബുദ്ധി പത്തിരട്ടി വർദ്ധിക്കയാണുണ്ടായതു്. ഈ രസം കാണുവാനായി വന്നുകൂടിയ പെണ്ണുങ്ങളുടെ കൂട്ടത്തിൽ പൊന്നമ്മയുമുണ്ടായിരുന്നു. അവൾ മുത്തുസ്വാമിഅയ്യരെ അപലപിച്ചു് വേണ്ടുവോളം പ്രസംഗങ്ങൾ ചെയ്തു. മുത്തുസ്വാമി അയ്യരോ! ജീവിതത്തിൽ ആദ്യമായിട്ടാണു് അസഭ്യങ്ങൾ കേൾക്കുന്നതു്. അതും സ്വന്തമാത്മാവുപോലെ കരുതിവന്ന അനുജൻ കാരണമായും! അദ്ദേഹം ഇത്ര മനോവേദന ഒരിക്കലുമനുഭവിച്ചിട്ടില്ലാ. "ഈ ലോകത്തു് ഇട്ട കൈയ്ക്കു് കൊത്താത്ത പാമ്പുണ്ടോ? ഇതെല്ലാം ഞാനാദ്യമേ അറിയേണ്ടതായിരുന്നു" എന്നെല്ലാം തന്നെത്താൻ പറഞ്ഞു സമാധാനിച്ചു. ഏതായാലും ജ്യേഷ്ഠാനുജന്മാർ തമ്മിലുള്ള സ്നേഹശൃംഖല പൊട്ടിമുറിഞ്ഞു. അവർ പരസ്പരം നോക്കുകപോലും ചെയ്യാതായി.

# 17

## "ദൈവമന്യത്ര ചിന്തയേൽ"

പേയാണ്ടിത്തേവരുടെ വിചാരണയ്ക്കു് ഹാജരാകുവാൻ മുത്തുസ്വാമി അയ്യർക്കും സുബ്രഹ്മണ്യയ്യർക്കും കോടതിയിൽ നിന്നും സമൻസ്സ്വന്നു. അന്നു രാത്രി സുബ്രഹ്മണ്യയ്യരും വൈദ്യനാഥനും കിടക്കുവാൻ ആരംഭിച്ചസമയം ഒരാൾ വീട്ടിലേക്കു കയറിവന്നു. കറുത്തിരുണ്ട ഒരു ഭീമാകാരൻ. നീണ്ടുകറുത്തു് കാതുവരെയെത്തുന്ന മേൽമീശയും കറുപ്പണസ്വാമിയുടെ കണ്ണുകൾപോലെ നീണ്ടു വിടർന്ന ഭയങ്കരകണ്ണുകളും ഇരുമ്പുലക്കപോലുള്ള ഒരു ഗ്രൻവടിയുമായിവന്നു കയറിയ ആൾ സാക്ഷാൽ യമധർമ്മനല്ലെന്നു് ആരും പറയുകയില്ല. "നാരായണാ" എന്നു് ഒരു ദീർഘശ്വാസത്തോടെ അയാൾ വീട്ടിനുള്ളിൽ വന്നതുകണ്ടു് സുബ്രഹ്മണ്യയ്യർ മിഴിച്ചുനോക്കി. അയാൾ ഭയന്നു വിറച്ചു് "അയ്യയ്യോ പേയാണ്ടി" എന്നു നിലവിളിക്കാൻ തുടങ്ങി. "സ്വാമി. ചുമ്മാ ഇരിക്കു. ഞാൻ ചപ്പാത്തേവനാണു്." എന്നു് ആഗതൻ പറഞ്ഞു മനസ്സിലാക്കി. ചപ്പാത്തേവൻ പേയാണ്ടിത്തേവന്റെ ചിററപ്പനും ചൂരത്തേവന്റെ മകനുമാണു്. ആകൃതിയിൽ ചപ്പനും പേയാണ്ടിയും ഒരുപോലിരിക്കും. സുബ്രഹ്മണ്യയ്യർ സല്ക്കരിച്ചു "വാ വാ തേവാ" എന്നു്. തേവൻ വടി താഴെയിട്ടിട്ടു് സുബ്രഹ്മണ്യയ്യരുടെ അടുക്കലേക്കു നീങ്ങി.

പ്രത്യേകിച്ചു് അനുവാദമൊന്നും കൂടാതെതന്നെ ആ ബ്രാഹ്മണന്റെ അടുത്തുതന്നെ ചപ്പാത്തേവൻ ഇരുപ്പുറപ്പിച്ചു. അവൻ പറഞ്ഞുതുടങ്ങി. "സ്വാമി, നിങ്ങളെല്ലാമിപ്പോൾ സർക്കാരാളുകളായിരിക്കുകയാണോ? ഈ കള്ളക്കൂട്ടങ്ങളും നിങ്ങളുമായി ഇനിമേലിൽ അടുപ്പമില്ലെന്നാണോ സ്വാമിയുടെ വി

ചാരം? കാര്യങ്ങളെല്ലാം അറിഞ്ഞിട്ടുണ്ടോ? സ്വാമി കഴിയുന്ന തെല്ലാം ചെയ്യും. നമ്മൾക്കു രണ്ടുകൂട്ടർക്കുംകൂടി ഒരു കൈ നോക്കിക്കളയാം" സുബ്രഹ്മണ്യയ്യർ ഭയന്നു. അയാൾ "എന്താ തേവാ തുടങ്ങിയതൊരുവിധം, കലാശിച്ചതൊരുവിധം. ഞാൻ സത്യം പറയാം, തേവാ! നിൻറടുക്കൽ പറയുന്നതിനെന്താ! ഞങ്ങളുടെ അച്ഛനും നിങ്ങളുടെ അച്ഛനുമായി ഇരുന്ന ഇരുപ്പറിയാമല്ലോ! ആ നില നമ്മളും കാക്കണം. അല്ലെങ്കിൽ നമ്മളുടെ കീഴ്തലമുറക്കാരെന്തുചെയ്യും? ഞാൻ എന്തൊക്കെയോ വിചാരിച്ചിരുന്നു. പക്ഷെ നമ്മൾ വിചാരിക്കുന്നതുപോലൊക്കെ നടക്കുമോ?"

തേവൻ:—"ഇപ്പോഴാണോ വിചാരമെല്ലാം? ഇതെല്ലാം നിങ്ങൾ ചെയ്തുവച്ചതല്ലേ? സ്വാമിയുടെ സർക്കാരധികാരത്തിലല്ലേ പേയാണ്ടിത്തേവനെപ്പിടിച്ച് തടങ്കലിലാക്കിയിരിക്കുന്നത്. ആ സിംഹക്കുട്ടി നിങ്ങളുടെ കൈയ്യിൽ എന്നാളുമിരിക്കുമെന്ന് സ്വപ്നത്തിൽപോലും കരുതണ്ട. ഇന്നവനെപ്പിടിച്ചടച്ചുവച്ചാൽ അവൻ നാളെത്തപ്പിപ്പുറത്തിറങ്ങും! ഇന്ദ്രനും ചന്ദ്രനും കുബേരനുംകൂടി അവനെക്കാണുമ്പോൾ വിറയ്ക്കും. നാളെ അവൻ വരും. വന്നാൽ ആദ്യമായി നിങ്ങൾ രണ്ടുപേരേയും തിരക്കും.

സുബ്രഹ്മ:—"ചുപ്പാത്തേവാ, കോപിക്കാതെ. നമ്മൾ രണ്ടുപേരും തമ്മിൽ പിണങ്ങിപ്പറയാമോ? നീതന്നെ പറയു ഞങ്ങളാണോ ഈ കുഴപ്പത്തിനിറങ്ങിയത്? ഞങ്ങളാണോ യുദ്ധംചെയ്യാൻ കാരണമുണ്ടാക്കിയത്?"

ചുപ്പാ:—"ശരിതന്നെ സ്വാമി. ഞങ്ങളുടെ ജാതിക്ക് തൊഴിൽ മോഷണമാണ്. നിങ്ങളുടെ ജാതിക്ക് വേദമോത്തെങ്ങനെയോ അങ്ങനെതന്നെയാണ് ഞങ്ങൾക്കും ജാതിത്തൊഴിൽ. അതിനായിട്ടു ഞങ്ങളെ സർക്കാരിന് കാണിച്ചുകൊടുത്തതു ശരിയായോ?"

സുബ്രഹ്മ:—"അതു ശരിയല്ല. ഇതിനുമുൻപ് അങ്ങനെയൊന്നുമുണ്ടായിട്ടില്ലല്ലോ. ആ കോമളനായ്യന്മാർകാരൻെറ വാക്കുകേട്ട് അവൻ ചാടി. അയാൾക്കുവേണ്ടി ഞങ്ങളെക്കൊ

ള്ളയടിച്ചു. നീതന്നെ പറ, ഞങ്ങളാണോ വേണ്ടതു്; അയാളാണോ വേണ്ടതു്?"

ചപ്പാ:—"അതേ സ്വാമീ, മാട്ട പോയാലെന്താ, പണം പോയാലെന്താ? കൊണ്ടുവാടാ പേയാണ്ടീ എന്നു പറഞ്ഞാൽ അവൻ എല്ലാം കൊണ്ടുവരുമല്ലോ! അവന്നു ബോധമില്ലാത്ത അവസരത്തിൽ ജമീൻദാർ അവനെക്കൊണ്ടു് സത്യംചെയ്യിച്ചു. അയാൾ അവനെ മൂക്കററം കള്ളുകുടിപ്പിച്ചു. അന്നു രാത്രി ആ 'കല്ലാപ്പട്ടിക്കണക്കൻ' കഴുത കണ്ടില്ലായിരുന്നു എങ്കിൽ പേയാണ്ടിയെ ആരെങ്കിലും പിടിക്കുമോ? ആരറിഞ്ഞാലെന്താ അവനെല്ലാം കളി. ഒരു വീണ്ടുവിചാരവും കൂടാതെ അവനെ സർക്കാരിന്നു കാണിച്ചുകൊടുക്കേണ്ടിയിരുന്നില്ല."

സുബ്രഹ്മ:—"പേയാണ്ടിയെ പിടിപ്പിച്ചതുകൊണ്ടു് ഞങ്ങൾക്കു് വല്ല ലാഭവുമുണ്ടോ? അതെല്ലാമാവൈദ്യനാഥയ്യരുടെ സാമർത്ഥ്യമാണു്."

ഈ സംഭാഷണമെല്ലാം ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടിരുന്ന വൈദ്യനാഥൻ:—"നമ്മുടെ സാമി അതിനൊന്നും പോയിട്ടില്ല. പേയാണ്ടിയെ പിടിപ്പിക്കാൻ പോയതും, തടങ്കലിൽ വയ്പിച്ചതും വക്കീലിനെ നിയമിച്ചതും എല്ലാത്തിനും പണം ചെലവുചെയ്തതും ഇദ്ദേഹത്തിൻെറ അണ്ണൻ മുത്തുസ്വാമി അയ്യരാണു്. അയാൾ മര്യാദയ്ക്കൊരു വാക്കുപോലും ചോദിച്ചില്ല."

ചപ്പാ:—"ശരി. അയാൾക്കു പിടിച്ചില്ലായിരിക്കും. അതിനു ചോദിച്ചോളാം. ഇങ്ങോട്ടു ചെയ്തതിനു് അങ്ങോട്ടും പുറകേ ഉണ്ടാകും. ഞങ്ങൾ പാവങ്ങളാണു്; ഒന്നും സാധിക്കുകയില്ല എന്നൊക്കെയായിരിക്കുമയാളുടെ വിചാരം. എൻെറ അച്ഛൻ കറുപ്പനാണെ, ഞാൻ അയാളെത്തുലയ്ക്കും! ഇനിയും വലിയ സാമിയുമായുള്ള സ്നേഹം ഞങ്ങൾക്കില്ല. അയാളുടെ കാര്യം കഴിഞ്ഞു. ഒരു കാര്യംകൂടി. നമ്മൾ രണ്ടുപേരും സ്നേഹമായിരുന്നു. ഇനിയും ഒന്നു നോക്കിക്കളയാം."

സുബ്ര:—"ഇതെന്താ തേവാ. ഇത്രയുമൊക്കെപ്പറഞ്ഞിട്ടും നിനക്ക് എന്നെ വിശ്വാസമില്ലേ? എൻെറ അച്ഛനും നിൻെറ അച്ഛനും തമ്മിൽ ഉണ്ടായിരുന്ന സ്നേഹമറിയാമോ? നമ്മൾക്കിപ്പോൾ എന്തു സ്നേഹമാണുള്ളത്! നിനക്കു പറയാനുള്ളതു പറയൂ. എനിക്കതിൽ വിരോധമൊന്നുമില്ലാ."

ചപ്പാ:—"സാമി കേട്ടോളൂ. വിചാരണ അടുത്ത തിങ്കളാഴ്ച തുടങ്ങും. സാമിയുടെ സാക്ഷിമൊഴിയാണ് കേസിൻെറ പ്രധാന തെളിവെന്ന് വക്കീൽ പറയുന്നു. സാമി മൊഴി പറയാതിരുന്നാൽ കേസുംപോയി. ഒന്നും കളവു പോയിട്ടില്ലാ എന്ന് സാമി പറയണം. പറഞ്ഞാൽ മാട്ടം പണവും പോയ സാധനങ്ങളുമെല്ലാം ഞാനിവിടെ എത്തിക്കാം."

സുബ്ര:—"അതിനെന്താ! അങ്ങനെ ചെയ്യാമല്ലൊ. നീ പറഞ്ഞാൽ ഞാൻ എങ്ങനെ കേൾക്കാതിരിക്കും! സംശയിക്കരുത്. ധൈര്യമായിപ്പോകൂ. അങ്ങനെതന്നെ ചെയ്യാമെന്നു ഇതാ ഞാൻ ഏററിരിക്കുന്നു."

അങ്ങനെ ചെയ്യാമെന്ന് സുബ്രഹ്മണ്യയ്യർക്ക് അശേഷം പോലും വിചാരമുണ്ടായിരുന്നില്ല. ആ പാതിരാസമയത്തു ചപ്പാത്തേവനുമായി ഒരു വഴക്കുണ്ടാകുന്നതിലുള്ള ഭയംമൂലം അവൻ പറയുന്നതക്ഷരംപ്രതി സമ്മതിച്ച്, കഴിയുന്നതും വേഗം അവനെ യാത്രയാക്കുന്നതാണ് ക്ഷേമകരം എന്നു കരുതി മാത്രം ആ സാധു ബ്രാഹ്മണൻ അതു സമ്മതിച്ചതാണ്.

ചപ്പാത്തേവൻ:—"സാമി, അങ്ങനെ ചെയ്താൽ അടിയൻ സാമിയുടെ അടിമയാണ്. കൊള്ളക്കാരൻ കള്ളം പറയുകയില്ല. സാമിയുടെ സാമാനങ്ങളെല്ലാം എള്ളോളം കുറയാതെ ഇവിടെയെത്തിക്കാം.

സുബ്രഹ്മ:—"ശരിതന്നെ തേവാ. പക്ഷെ എൻെറ കാളകളെ ക്കൊണ്ടുപോകുന്നതു് കല്ലാപ്പട്ടിക്കുപ്പാപിള്ള കണ്ടിട്ടുണ്ടല്ലോ. അയാൾ സാക്ഷി പറയുന്നുവെങ്കിൽ എന്തുചെയ്യും?"

ചപ്പാ:—"അതിനെപ്പററി വിചാരിക്കണ്ട. ഏതോ രണ്ടു കാളകൾ പോയി എന്നുമാത്രം പറഞ്ഞാൽ മതി. കാണാതെ

പോയ കാളയെ ആരു കണ്ടു തിരിച്ചറിഞ്ഞിരിക്കുന്നു? വക്കീലുമങ്ങനെയാണു് പറഞ്ഞതു്."

സുബ്ര:—"അതു പോകട്ടെ: ആ ഭയങ്കര വൈക്കോൽ തുറു കത്തിച്ചതിനോ?"

ചുപ്പാ:—"പേയാണ്ടിത്തേവൻ കച്ചിപ്പുരയ്ക്കു തീവയ്ക്കുവാൻ നടക്കുമെന്നാരു പറയും! അതു കത്തിച്ചതു് ജമീൻദാരുടെ ആളുകളാണു്. പേയാണ്ടിയാണതു ചെയ്തതെന്നു് സാമി വിശ്വസിക്കരുതു്."

സുബ്ര:—"നീ പറയുന്നതു കാര്യംതന്നെ. അങ്ങനെ ചെയ്യേക്കാം. പൊയ്ക്കോളു. നീ ഒട്ടും സംശയിക്കണ്ട. സ്വാമി ഉണ്ടെന്നു് ധൈര്യപ്പെട്ടു........ആട്ടെ നീ വല്ലതും കഴിച്ചോ? ഇവിടെ വന്നതല്ലേ. ഒരുപിടിച്ചോറുണ്ണണം. എടിയേ!....അവിടെ ആരുണ്ടു്!"

ചുപ്പാ:—"വേണ്ടാ സാമി. ഞാൻ ഊണുകഴിഞ്ഞാണു് പുറപ്പെട്ടതു്. അല്ലെങ്കിൽതന്നെ ഈ അസമയത്തു്........വേണ്ടാ."

സുബ്ര:—"അതു പോരാ. ഒരു പിടി ഉണ്ടാൽ മതി. കൈ എച്ചിലാക്കിയാൽ മതി. കൂട്ടാനുമെല്ലാമുണ്ടു്. ആരെടീ അവിടെ! ഇതുവരെ ഇല ഇട്ടില്ലേ!"

ചുപ്പാത്തേവനെ ഉപചരിക്കുന്നതിനു് വൈദ്യനാഥനും ചേർന്നു. ഇത്ര വളരെ നിർബ്ബന്ധിച്ചു് ആ കരിംഭൂതത്തിനെ ഊട്ടിയതിനു പ്രത്യേകം കാരണമുണ്ടു്. 'ഉണ്ട വീട്ടിൽ കൊള്ളയില്ല' എന്നുള്ളതു് കൊള്ളക്കാരുടെ ഒരു പ്രമാണമാണു്. അതിനാൽ വല്ലവിധേനയും ചുപ്പാത്തേവനെ ഊട്ടിവിട്ടാൽ അവിടെനിന്നും മേലാൽ മോഷണമുണ്ടാകുകയില്ലല്ലോ എന്നുള്ള ആശയാണു് സുബ്രഹ്മണ്യയ്യർക്കുണ്ടായിരുന്നതു്. 'സാമി'യുടെ തുടർച്ചയായുള്ള നിർബ്ബന്ധപ്രകാരം തേവൻ ഒരു കൈ ഊണു കഴിച്ചു. ആചാരോപചാരങ്ങൾ വഴിയാംവണ്ണം സുബ്രഹ്മണ്യയ്യർ നിർവ്വഹിച്ചു. ഊണിന്റെ അവസാനത്തിൽ ഒരു നുള്ളു മണ്ണെടുത്തു് ചോറിൽ ഇട്ടിട്ടു് തേവൻ സത്യംചെയ്തു; ആ വീട്ടിൽ മോഷണത്തിനു കയറുകയില്ലെന്നു്. അതു് കൊള്ളക്കാ

രുടെ തൊഴിലാചാരമാണ്. അതിനുശേഷം തേവനെ യാത്രയാക്കിയിട്ട് അവരെല്ലാവരും ഉറക്കത്തിനൊരുങ്ങി.

മുത്തുസ്വാമി അയ്യർ വീട്ടിൽ ചെന്നതു് വളരെ ചിന്താമഗ്നനായിട്ടാണ്. പേയാണ്ടിത്തേവനു വിപരീതമായി ചെയ്യേണ്ടിവന്നിട്ടുള്ള പ്രവർത്തികൾക്ക് അവൻ അതിനിശിതമായ പ്രതികാരം ചെയ്യുമെന്ന് അദ്ദേഹത്തിനു് ഭയമുണ്ട്. ആ വിചാരം അദ്ദേഹത്തെ അതിയായി ക്ലേശിപ്പിച്ചു. സുബ്രഹ്മണ്യത്തിൻെറ വഴിപിഴച്ച നടപടികളും അദ്ദേഹത്തെ വിഷമിപ്പിച്ചു. ഈവിധ വിഷമതകളോടുകൂടിയാണ് അദ്ദേഹം വീട്ടിലേക്ക് മടങ്ങിവന്നതു്. വികസിച്ച മുഖത്തോടെ സ്വാഗതം ചെയ്യുവാൻ നിൽക്കുന്ന ഭാര്യയെ ഗൗനിക്കാതെ അദ്ദേഹം വീട്ടിൽ കയറി.

അച്ഛനെക്കണ്ട ചെറുപൈതലിൻെറ ശബ്ദകോലാഹലങ്ങൾ അദ്ദേഹത്തെ വികാരശതങ്ങളിൽനിന്നുണർത്തി. ആ ശിശു അദ്ദേഹത്തെ അവ്യക്തഭാഷയിൽ ക്ഷണിക്കുകയാണ്. കുട്ടിയുടെ പ്രേമലീലകൾ കണ്ടു് അച്ഛൻ മതിമറന്നു. അദ്ദേഹത്തിൻെറ സർവ്വവിഷമതകളും പോയ്മറഞ്ഞു. ഓടിച്ചെന്നു് അദ്ദേഹം കൊച്ചുമകൻെറ നേരെ കൈകൾ നീട്ടി. അവൻ അത്യാഹ്ലാദത്തോടെ ആ കൈകളിൽ ചാടിവീണു. അവനെ അച്ഛൻ പാട്ടുകൾ പാടിക്കളിപ്പിച്ചു. ആ ശിശു അച്ഛൻെറ കാതുകൾ വലിച്ചും, കണ്ണിൽ തല്ലിയും, മൂക്കിൽ വിരലിട്ടും ഓരോ ലീലകൾ ചെയ്തു് മാതാപിതാക്കന്മാരുടെ മനം കുളിർപ്പിച്ചു.

അവനു 'നടരാജനെ'ന്നാണ് പേർ. അവനെ അവർ രാജാ എന്നാണ് വിളിക്കുന്നതു്. അവർ അവനെ ജീവനേക്കാൾ സ്നേഹമായി വളർത്തി. സാക്ഷാൽ വേണുഗോപാലനെ ആയർകുലത്തിൽ പരിപാലിച്ചതിനു തുല്യമായി അവർ രാജനെ ശുശ്രൂഷിച്ചു. ആ ശിശു, അഴകിലും, ശീലഗുണത്തിലും ബുദ്ധിയിലും ദിവസംപ്രതി ചന്ദ്രനെപ്പോലെ വളർന്നുവന്നു. അവൻ എപ്പോഴും പ്രസന്നവദനനാണ്. ആരുടെ അടുത്തും ആ കുഞ്ഞു് പോയിക്കളിക്കും. അതിനാൽ നടരാജൻ ആ നാട്ടുകാരുടെ

ചെല്ലപ്പിള്ളയായിത്തീർന്നു. അവൻ തെരുവിൽനിന്നു കളിക്കു മ്പോൾ അത്യാവശ്യ സംഗതികൾക്കായിപ്പോകുന്നവർകൂടെ ഒരു നിമിഷം അവനെ നോക്കിനിൽക്കും. അത്ര മനോഹരനാണ വൻ. അയൽവക്കത്തുള്ള പെൺകുട്ടികൾ നടരാജനെ എടുത്തു കൊണ്ടുപോകും. അവരുടെ വീടുകളിൽ കൊണ്ടുചെന്നു് പാലും പലഹാരവും കൊടുത്തു് കളിപ്പിച്ചുകൊണ്ടിരിക്കും. കുട്ടിയ്ക്കു് കണ്ണുദോഷം പിടിപെട്ടേയ്ക്കുമോ എന്നു് കമലമ്മയ്ക്കു ഭയമാണു്. പക്ഷെ ആരെങ്കിലും വാത്സല്യത്തോടെ കുഞ്ഞിനെ എടുത്താൽ അരുതെന്നു് പറയുന്നതെങ്ങനെ? ഈ പുത്രഭാഗ്യം ദൈവം നെടുനാൾ തരണമേ എന്നുള്ള പ്രാർത്ഥനയാണാദമ്പതിമാ ർക്കു് ദിവസവും. ഈ വിധം ദിവസങ്ങൾ പോയതറിയാതെ രണ്ടു ദീർഘവർഷങ്ങൾ കഴിഞ്ഞു.

അന്നു തിരുവാതിരയാണു്. ആദ്രാദർശനത്തിനു് മുത്തു സ്വാമി അയ്യർ പ്രഭാതത്തിൽ കുളികഴിഞ്ഞു പട്ടുവസ്ത്രവുമടുത്തു് ക്ഷേത്രത്തിൽ തൊഴാൻ പോയി. കുട്ടികളെ രണ്ടുപേരേയും കുളിപ്പിച്ചു് വേണ്ടവിധം ഒരുക്കി തൊഴാൻ അയയ്ക്കണം. അവ ർക്കു പററിയ ആടയാഭരണാദികൾ കമലമ്മ തിരയുകയാണു്. ഇടയ്ക്കിടയ്ക്കു് അടുക്കളക്കാര്യങ്ങളും നോക്കിയില്ലെങ്കിൽ ഭർത്താ വു ക്ഷേത്രത്തിൽനിന്നു വരുമ്പോൾ വിഷമിക്കും. അതിനാൽ അന്നവൾക്കു ജോലി കൂടുതലായിട്ടുണ്ടു്. ക്ഷേത്രത്തിൽനിന്നു് പൂവും പ്രസാദവുമായി മുത്തുസ്വാമി അയ്യർ വന്നു. "കുഞ്ഞെ വിടെ?" അദ്ദേഹം അന്വേഷിച്ചു. "ഓ, അവൻ പടിക്കൽ പിള്ളേരുമായിക്കളിക്കുന്നുണ്ടാവും" അവൾ സമാധാനം കൊടു ത്തു. അദ്ദേഹം പടിക്കലേക്കു നടന്നു് 'രാജാ, രാജാ' എന്നു വിളിച്ചു. കുട്ടി അവിടെ എങ്ങുമില്ല. അദ്ദേഹം അതിവേഗം കമലമ്മയെ വിളിച്ചു് രണ്ടുപേരും കൂടി ആ വീടു മുഴുവൻ തെരഞ്ഞു. അവിടൊരിടത്തുമില്ല. അയൽവീടുകളിലേക്കു് ലക്ഷ്മിയെ ഓടിച്ചു. ആരും അന്നു കൊണ്ടുപോയിട്ടില്ലെന്നു് അവൾ അന്വേഷിച്ചു് വന്നുപറഞ്ഞു. മാതാപിതാക്കന്മാർക്കാ ധിയായി. അല്പം മുമ്പായി അവനെ കുളിപ്പിച്ചു വിട്ടതാണു്. ദൂരെ എങ്ങും പോയിരിക്കാൻ നേരമായിട്ടില്ല. അവർ വീണ്ടും വീടു മുഴുവൻ പരിശോധിച്ചു. കുഞ്ഞിനെക്കാണാനില്ല!

# 18
## നരബലി

ക്ഷേത്രത്തിൽ എഴുന്നള്ളത്തിനുള്ള നേരമായി. "ആരെങ്കിലും എഴുന്നള്ളത്തിനു് അവനെയും എടുത്തുകൊണ്ടു പോയിരിക്കും. അല്ലാതെ പിന്നെവിടെപ്പോകാൻ!" എന്നു് മുത്തുസ്വാമി അയ്യർ സമാധാനിച്ചു. അദ്ദേഹം കമലമ്മയോടു തിരിഞ്ഞു് "ഞാൻ പോയി അന്വേഷിക്കാം. അമ്പലത്തിലേക്കുള്ള വെററില, അടയ്ക്കാ, നാളികേരം, ശർക്കര മുതലായതു് എടുക്കു" എന്നു പറഞ്ഞിട്ടു് അദ്ദേഹം പോകാനൊരുങ്ങി. നിവേദ്യസാധനങ്ങളുമായി അദ്ദേഹം കോവിലിലെത്തിയപ്പോഴേക്കു് അവിടെ എഴുന്നള്ളത്താരംഭിച്ചുകഴിഞ്ഞു. വീടുകളെല്ലാം തോരണങ്ങൾകൊണ്ടലങ്കരിച്ചു് ചിത്രക്കോലങ്ങളും പടിവാതിലുകൾതോറും എഴുതിയിട്ടുണ്ടു്. സർവ്വാഭരണ വിഭൂഷണകളായി സ്ത്രീകൾ 'ഞാനാണു് രതി ഞാനാണു രതി' എന്ന ഭാവത്തോടെ മദോല്ലാസകളായി അങ്ങുമിങ്ങും നടക്കുന്നുണ്ടു്. പുരുഷന്മാർ കുളിച്ചു് പട്ടുസോമനുമുടുത്തു് ഗന്ധചന്ദനാദികളണിഞ്ഞു് മന്മഥസമന്മാരായി അമ്പലത്തിൽ കൂടിയിട്ടുണ്ടു്.

ഭഗവാൻ എഴുന്നള്ളി വരുകയാണു്! തിരുമുമ്പിൽനിന്നു് മുത്തുക്കറുപ്പൻ നാദസ്വരം തകർക്കുന്നു. അവൻ അപസ്വരത്തിൽ അന്തരീക്ഷം ഗാനമുഖരിതമാക്കുകയാണു്. തകിൽ ചിന്നണ്ണൻ ചെവിക്കല്ലു തകരുമാറു് അടിച്ചുവീക്കുന്നു. താളക്കാരൻ ചെമ്പകൻ ഇവർ രണ്ടുപേരുടേയും മുഖത്തുനോക്കി താളമടിച്ചു. അവൻ ഒരടിയടിച്ചിട്ടു് പത്തുനിമിഷം കയ്യിൽ കണക്കുകൂട്ടി നിൽക്കും. വീണ്ടുമൊരടി. പുറകിലായി ദാസീനൃത്തവുമുണ്ടു്. അവളെ നോക്കിനില്ക്കാൻതന്നെ ഒരു കൗതുകം. അവളുടെ നടപ്പിലും നോട്ടത്തിലും കലാഭംഗിയുണ്ടു്. ഉദിച്ചുവരുന്ന ചന്ദ്ര

നെപ്പോലെ സുന്ദരിയാണവൾ! നൃത്തക്കാരുടെ പുറകിലായി ഭഗവാന്റെ രഥമാണ്. ജമന്തിമാലകളാൽ കമനീയമായി അലങ്കരിച്ച വിമാനത്തിന്റെ ഇരുപാർശ്വങ്ങളിലും രണ്ടുപേർ നിന്നു ചാമരം വീശുന്നുണ്ടു്. സ്വർണ്ണവർണനായ ദേവൻ കൈകളിൽ മാനും മഴുവും പിടിച്ചു് ജടയിൽ ഗംഗയുമണിഞ്ഞു് ചന്ദ്രക്കലയും ചൂടി പാർവ്വതീസമേതനായി പ്രത്യക്ഷപ്പെട്ടിരിക്കുന്നു. വിഷം കുടിച്ചതിനാൽ കറുത്തുപോയ കഴുത്തിൽ ഉഗ്ര നാഗങ്ങൾ പുളയുന്നു. നെററിത്തടത്തിൽ തൃക്കണ്ണോടും, നൃത്തമാടിയ പാദങ്ങളോടും അദ്ദേഹം പ്രശോഭിച്ചു. ഭക്തജനങ്ങളോടുള്ള കരുണ മുഖത്തു വ്യക്തമായിരുന്നു. ഈ ദിവ്യദർശനം പ്രതീക്ഷിച്ചു വന്നുകൂടിയ ഭക്തജനങ്ങൾ ആനന്ദവാരിധിയിലാറാടി തന്നെത്താൻ മറന്നു "ശംഭോ ശങ്കര ദയാനിധേ; ശംഭോ ശങ്കര ഗൗരീപതേ!" എന്നു പാടി നൃത്തം വച്ചുതുടങ്ങി.

പണ്ടു് വനവാസകാലത്തു് ദുർവ്വാസാവും അനുയായികളായ ബഹുശതം മഹർഷിമാരും ഭഗവാൻ ശ്രീകൃഷ്ണൻ ഒരു തരി ച്ചീരയില തിന്നതുമൂലം വിശപ്പടങ്ങി പൂർണ്ണതൃപ്തരായി ഭവിച്ചതുപോലെ അന്നവിടെ കൂടിയിരുന്ന ഭക്തന്മാർ കൈലാസവാസദർശനലബ്ധികൊണ്ടു മാത്രം ജീവിതവിഷമതകൾ എല്ലാം മറന്നു് പൂർണ്ണതൃപ്തരായി ആനന്ദനൃത്തമാടുന്ന കാഴ്ച ആരെയും രോമാഞ്ചം കൊള്ളിക്കുന്നതായിരുന്നു. ജനസമൂഹത്തിനിടയിൽ മുത്തുസ്വാമി അയ്യരും കമലമ്മയും ആ ദിവ്യാനന്ദം അനുഭവിച്ചു. പക്ഷെ അടുത്ത ക്ഷണം അവർ വീണ്ടും ഭൂലോകത്തെത്തി. നടരാജദർശനത്തിനു് അവരുടെകൂടെ നടരാജനില്ലല്ലോ എന്നുള്ള ഖേദം ആ ദമ്പതികളെ മഥിച്ചു. അവർ ആൾക്കൂട്ടത്തിലെല്ലാം നോക്കി; അവരുടെ രാജനെ. പരിചയക്കാരോടെല്ലാം ചോദിച്ചു; കണ്ടവരാരുമില്ല. കമലമ്മയുടെ കണ്ണുകൾ നിറഞ്ഞു. ലക്ഷ്മിക്കും വല്ല വിപത്തുമുണ്ടായെങ്കിലോ എന്നു സംശയിച്ചു് ശ്രീനിവാസൻ അവളെ പ്രത്യേകമായി ശ്രദ്ധിക്കുന്നുണ്ടു്. ആൾക്കൂട്ടത്തിനിടയ്ക്കു് അവൾ ഓടിവന്നു് അമ്മയോടു ചോദിച്ചു "കുഞ്ഞിനെക്കണ്ടോ?" എന്നു്. കമലമ്മയുടെ ഹൃദയം പൊട്ടി. അവൾ കരഞ്ഞുതുടങ്ങി. ഇതു കണ്ടുനിന്ന മുത്തുസ്വാമി അയ്യരുടേയും കണ്ണുകൾ നിറഞ്ഞു. അദ്ദേഹം തലതിരിച്ചു് ആരും

കാണാതെ കണ്ണീർ തുടച്ചു. ലക്ഷ്മിയും കരച്ചിലായി. ആ ചെറു കുടുംബം കണ്ണീരും കയ്യുമായി വീട്ടിലേക്കു പോന്നു.

മുത്തുസ്വാമി അയ്യർ ഓരോ വീട്ടിലും ആളയച്ചന്വേഷിപ്പിച്ചു. ചെറുകുളം തീർന്നപ്പോൾ അയൽഗ്രാമങ്ങളിൽ ആളയച്ചു. രാജനെത്തിരക്കി ആളുകൾ നടന്നു. മുത്തുസ്വാമി അയ്യരുടെ ഉടപ്പിറന്നവൾ സീതാലക്ഷ്മിയമ്മയുടേതാണ് കടശി വീട്. അവിടെനിന്നാരെങ്കിലും കുഞ്ഞിനെ എടുത്തുകൊണ്ടുപോയിരിക്കാമെന്നുദ്ദേശിച്ച് അങ്ങോട്ടുമാളയച്ചു. നടരാടനെ ആരോ എടുത്തുകൊണ്ടു പോകുന്നതു കണ്ടുവെന്നാവീട്ടിലെ കുട്ടി പറഞ്ഞു് വിവരം പുറത്തായി. അതിനെപ്പററിയായി അടുത്ത വിചാരണ. രാവിലെ ഏഴുമണിക്ക് നടരാജനെക്കണ്ടവർ പലരുമുണ്ട്. അക്കാര്യങ്ങൾ മുത്തുസ്വാമി അയ്യരും മററുംകൂടിപ്പറഞ്ഞു കൊണ്ടിരിക്കുമ്പോൾ "അയ്യോ, എന്റെ മകൾ മീനാക്ഷിയേയും കാണാനില്ലാ" എന്നു മാറത്തടിച്ചു കരഞ്ഞുകൊണ്ട് സുബ്ബരായ അയ്യർ അവിടേക്കു വന്നു. രാവിലെ അവൾ സീതാലക്ഷ്മി അമ്മയുടെ വീട്ടുതിണ്ണയിൽ മററു കുട്ടികളുമായി കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. രണ്ടു കുട്ടികളേയും കാണാതായതുകൊണ്ട് നടരാജനെ മീനാക്ഷി എടുത്തുകൊണ്ടുപോയിരിക്കും എന്നാളുകൾ ഊഹിച്ചു. എല്ലാവരുംകൂടി നാടുമുഴുവൻ, തെരുവു തെരുവായി തിരക്കിനോക്കി. കുട്ടികൾ എങ്ങുമില്ല. ഇങ്ങനെ മൂന്നു ദിവസം കഴിഞ്ഞു. നാലാംദിവസം അടുത്ത ഗ്രാമങ്ങളിൽ തിരക്കുന്നതിനു് മുത്തുസ്വാമി അയ്യർ ആളുകളെ നിയോഗിച്ചു.

അന്വേഷിച്ചുപോയതിലൊരു കൂട്ടർ ചെറുകുളത്തിനു രണ്ടു നാഴിക ദൂരെ ഒരു വിജനമാർഗ്ഗത്തിൽക്കൂടിപ്പോകുമ്പോൾ ഒരു കുട്ടിയുടെ കരച്ചിൽ കേട്ടു. അടുത്തുചെന്നു നോക്കിയപ്പോൾ വാടിത്തളർന്നു കിടക്കുന്ന ഒരു പെൺകുട്ടി! അവൾ "അയ്യയ്യോ എൻറമ്മച്ചിയേ" എന്നു് ക്ഷീണസ്വരത്തിൽ നിലവിളിക്കുന്നുണ്ട്. അതു മീനാക്ഷിയിണെന്നറിഞ്ഞ നാട്ടുകാർ അവളെ എടുത്തുകൊണ്ടു് ചെറുകുളത്തേക്കു പോയി. വഴിയിൽവച്ചുതന്നെ മീനാക്ഷി തളർന്നുറങ്ങി. അവളെ സീതാലക്ഷ്മിയുടെ വീട്ടിൽ കിടത്തിയിട്ടു് വിവരം മുത്തുസ്വാമി അയ്യ

രേയും മീനാക്ഷിയുടെ വീട്ടുകാരേയും അറിയിക്കുവാൻ ആ ആൾക്കാർ ആളയച്ചു. അവൾ ഉണരുന്ന സമയവും കാത്തു് ഒരു വലിയ ജനക്കൂട്ടം അക്ഷമരായി കാത്തുനിന്നു. പകൽ രണ്ടു മണിയോടടുത്തു സമയത്തു് മീനാക്ഷി ഉണർന്നു. മുത്തുസ്വാമി അയ്യർ സസ്നേഹം ചോദിച്ചു "കുഞ്ഞേ നീ നടരാജനെക്കണ്ടുവോ?"

അവൾ വിമ്മിവിമ്മിപ്പറഞ്ഞു. "നടരാജനെ എടുത്തുംകൊണ്ടു് ഞാനിവിടെ വന്നു. ഞങ്ങൾ കളിച്ചുകൊണ്ടിരുന്ന സമയത്തു് ഒരു സ്ത്രീ പടിക്കൽ വന്നുനിന്നു് കളിപ്പാട്ടങ്ങളും കാണിച്ചു് എന്നെ വിളിച്ചു. എന്റെ എളിയിൽ രാജനുമുണ്ടു്. ഞാൻ പടിക്കലേക്കു ചെന്നു. അവൾ കുഞ്ഞിനെ എന്റെ കയ്യിൽ നിന്നും വാങ്ങി. എനിക്കു പിന്നെ ബോധം ശരിക്കില്ല. ഞാൻ അവളെപ്പിൻതുടർന്നു. അവൾ നടന്നു നടന്നു് ഒരു വനത്തിനു സമീപമെത്തി. അപ്പോൾ ഭയങ്കരരൂപികളായ കുറേസ്ത്രീകൾ അവിടെ വന്നു. കുറച്ചു കഴിഞ്ഞപ്പോൾ യമകിങ്കരനേപ്പോലെ ഒരു ദുർമനുഷ്യൻ അവിടെ കുതിരപ്പുറത്തു വന്നിറങ്ങി. അയാൾ കുഞ്ഞിനെ വാങ്ങി കുതിരമേൽ ഇരുത്തി താനും കേറി വനത്തിലേക്കോടിച്ചുപോയി. സ്ത്രീകളും ഓരോ വഴിയ്ക്കോടിമറഞ്ഞു. ഞാനൊററയ്ക്കായി. പേടിച്ചു വിറച്ചു് ഞാൻ ഓട്ടംതുടങ്ങി. ഒട്ടുദൂരം ഓടിയപ്പോൾ ഞാൻ തളർന്നുവീണു. അവിടെക്കിടന്നുറങ്ങിപ്പോയി. ഉണർന്നപ്പോൾ മനുഷ്യനും മനവുമില്ലാത്ത ഒരു വിജനസ്ഥലത്താണു ഞാൻ. ഞാൻ ലക്ഷ്യമില്ലാതെ നടന്നു. കൈകാൽ തളരുന്നതുവരെ നടക്കും. അങ്ങനെ നടക്കുമ്പോൾ ഇവരെന്നെ കണ്ടുമുട്ടി." അവൾ ക്ഷീണപരവശയായി പുറകോട്ടു വീണു.

കുഞ്ഞിനെ എങ്ങോട്ടായിരിക്കും കൊണ്ടുപോയതെന്നു ഒരറിവുമില്ല. പോയി, കാൽപാടുകൾ പരിശോധിക്കാമെന്നൊരാൾ അഭിപ്രായപ്പെട്ടതനുസരിച്ചു് എല്ലാവരുംകൂടെ നടന്നുതുടങ്ങി. അവർ സഹായത്തിനു സബ്ബ് മജിസ്ട്രേട്ടിനേയും വരുത്തിയിരുന്നു. അവർ പ്രയത്നപ്പെട്ടു സംഭവസ്ഥലത്തെത്തിപ്പരിശോധിച്ചു. അവിടെ രണ്ടുമൂന്നു കുതിരക്കുളമ്പടയാളവും മൂന്നാലാളുകളുടെ കാൽപാടുകളും മണലിൽ തെളിഞ്ഞുകിടപ്പുണ്ടു്.

വൈദ്യനാഥയ്യർ കാലടിപ്പാടുകളെ അളന്നെടുത്തു. അനന്തരം അവർ ആ പാടുകൾ പിൻതുടർന്നു. വനാന്തരത്തിൽകൂടി അവർ കുറേദൂരം സഞ്ചരിച്ച് ഒടുവിൽ അവർ വനമദ്ധ്യത്തിൽ കാളി അമ്മന്റെ ക്ഷേത്രസന്നിധിയിലെത്തി.

ആ ഭദ്രകാളിയമ്മൻകോവിൽ രണ്ടു മലകളുടെ മദ്ധ്യത്തിലാണ് സ്ഥിതിചെയ്തിരുന്നത്. ക്ഷേത്രനടയിൽ പത്തുപതിനഞ്ചു മരങ്ങൾ തിങ്ങിവളരുന്നുണ്ട്. കുതിരക്കുളമ്പുകളടയാളംപിടിച്ച് അവർ മരക്കൂട്ടത്തിലെത്തി. അവിടെ കണ്ട കാഴ്ച അവരെ ഒന്നടങ്കം ഞെട്ടിവിറപ്പിച്ചു. ഒരു കല്ലടുപ്പും അതിന്നരുകിലായി ഒരു കുട്ടിയുടെ എല്ലും തൊലിയും! തറയിൽ ധാരാളമായി രക്തം ചിന്നിയിട്ടുണ്ട്. മുത്തുസ്വാമി അയ്യർ അതു കണ്ടയുടൻ വാവിട്ടലച്ചു "അയ്യയ്യോ നടരാജാ പാപികൾ കൊന്നു." അവിടെക്കണ്ട എല്ലുകൾ നജരാജന്റേതായിരിക്കുമെന്നദ്ദേഹം വിചാരിച്ചു. അടുത്തുള്ള ഭദ്രകാളിയ്ക്കു് കുട്ടിയെ നരബലി കൊടുത്തിരിക്കുമെന്നവരെല്ലാമൂഹിച്ചു. മുത്തുസ്വാമി അയ്യർ മൂർഛിച്ചു വീണു. കൊള്ളക്കാർക്ക് നരബലിയില്ല. അവർ കുട്ടികളെപ്പിടിച്ചുകൊടുക്കമാത്രം ചെയ്യാറിരിക്കും. പക്ഷെ മീനാക്ഷിയുടെ കഴുത്തിൽ കിടന്നവ ഒന്നുംതന്നെ അവളെക്കൊണ്ടുപോയവർ തൊട്ടിട്ടില്ല. അതുകൊണ്ട് കൊള്ളക്കാർക്കിതിൽ കൈയ്യുണ്ടെന്നു പറവാൻ പ്രയാസം. ഒരുപക്ഷെ പേയാണ്ടിത്തേവൻ ജയിൽ ചാടി ഇറങ്ങി മുത്തുസ്വാമി അയ്യരോടു പ്രതികാരം ചെയ്തതായിരിക്കുമോ? ഏതായാലും കൂടുതൽ നിന്നിട്ടു ഫലമില്ല എന്നവർക്കു തോന്നി. മുത്തുസ്വാമി അയ്യരെ താങ്ങിയെടുത്തു വണ്ടിയിൽ കിടത്തി ആ ശോകജാഥാ ചെറുകുളത്തിനു മടങ്ങി. ആഹാരംപോലും കഴിക്കാതെ കമലം അവരെ നോക്കി കാത്തിരിക്കുകയാണ്. ബോധശൂന്യനായിക്കിടക്കുന്ന മുത്തുസ്വാമി അയ്യരെ വീട്ടിലാക്കിയിട്ട് കമലമ്മയോട് ഒന്നും പറയാതെ ആ സംഘം ശോകമൂകമായിപ്പിരിഞ്ഞു.

കർണ്ണകഠോരമായ ഈ വാർത്ത ആരു പറയും. വൈദ്യനാഥയ്യർ മാത്രം കുറച്ചുസമയം അവിടെയിരുന്ന് ശീതവചസ്സുകളാൽ മുത്തുസ്വാമി അയ്യരെ സമാശ്വസിപ്പിച്ചു. കമലമ്മ

ബോധംകെട്ടു് താഴെ വീണു. ലക്ഷ്മി തറയിൽ വീണുരുണ്ടലച്ചു. ശ്രീനിവാസൻ കഴിയുംവണ്ണം എല്ലാവരേയും കരഞ്ഞുകൊണ്ടു് സമാധാനിപ്പിക്കുവാൻ ശ്രമംചെയ്തു. വൈദ്യനാഥയ്യർ പറഞ്ഞു "ആ എല്ലും തലയുമൊക്കെ നടരാജന്റേതായിരിക്കുമെന്നങ്ങനെ അറിയാം? വേറിട്ടു് വല്ല കുട്ടികളേയും അവർ കാളിഅമ്മനു ബലികൊടുത്തതായിക്കൂടെ? നടരാജനെ അവർ തട്ടിക്കൊണ്ടു പോയതാണു്. അന്വേഷണം ഉണ്ടാകാതെയിരിപ്പാൻവേണ്ടി അതായതു് അവനെ കൊലപ്പെടുത്തി എന്നു് നമ്മെ വിശ്വസി പ്പിക്കാൻവേണ്ടി കാളിഅമ്മന്റെ നടയിൽ എല്ലും തൊലിയു മൊക്കെ മനഃപ്പൂർവ്വം അവരിട്ടതാണു്. നടരാജൻ ജീവിച്ചിരി ക്കുന്നു എന്നാണു് എന്റെ ബലമായ വിശ്വാസം. ഏതായാലും നമ്മൾക്കു് ഒന്നു് പ്രശ്നംവയ്പിച്ചുകളയാം" എന്നദ്ദേഹം അഭിപ്രാ യപ്പെട്ടതിൻപ്രകാരം ഉടൻതന്നെ ആളുപോയി പ്രാശ്നികനെ കൊണ്ടുവന്നു. അവൻ കവടി വാരിവച്ചു പറഞ്ഞു നരബലി നടത്തിയതു് ആ നാട്ടിൽതന്നെ ഉള്ള ഒരു മന്ത്രവാദിയാണെ ന്നു്. ആ ദിക്കിൽ ഒരു മാന്ത്രികൻ ഉണ്ടെന്നുള്ളതും ശരിയാണു്. ജനങ്ങൾ ക്രുദ്ധരായി. ഇതിനു സമാധാനം ഉടനടി ഉണ്ടാക്കണ മെന്നുദ്ദേശിച്ചു് നാലഞ്ചുപേർ മാന്ത്രികന്റെ വീട്ടിലേക്കോടി. ഈശ്വരാധീനത്താൽ അയാൾ അന്നു രാവിലെ സ്ഥലം വിട്ടി രുന്നു. വാസ്തവത്തിൽ ജ്യോതിഷക്കാരനു് മന്ത്രവാദിയുമായി വിരോധമാണു്. ഏതുവിധേനയും ആ മാന്ത്രികനെ ഒരു പാഠം പഠിപ്പിക്കണമെന്നുറച്ചിരിക്കുമ്പോഴാണു് മുത്തുസ്വാമി അയ്യ രുടെ ആളുവന്നതു്. കിട്ടിയ സന്ദർഭം ഉപയോഗിക്കുവാൻ അയാളുറച്ചു. വെടി മിക്കവാറും കുറിക്കു കൊണ്ടു. പക്ഷെ ദൈവഹിതം മറിച്ചായിപ്പോയി.

# 19

## പുത്രശോകം

ആ മന്ത്രവാദി നാടുവിട്ടു പോയി എന്നുകൂടി അറിഞ്ഞപ്പോൾ ആളുകൾക്കയാളുടെ പേരിൽ സംശയം വർദ്ധിച്ചു. പലരും പല വഴിയിലും അയാളെ അന്വേഷിച്ചുതുടങ്ങി. സർക്കാരിൽനിന്നും പലവിധ യത്നങ്ങളും ചെയ്തു. ഒരു ഫലവുമുണ്ടായില്ല. മുത്തുസ്വാമി അയ്യരുടെ സ്ഥിതിയാണേറെ കഷ്ടതരം. ജാത്യാന്ധനായ ഒരുവന് കാഴ്ചകിട്ടി, ലോകസൗന്ദര്യം കണ്ടാനന്ദിച്ചുവരവെ പെട്ടെന്ന് വല്ല അത്യാഹിതവും മൂലം ആ കാഴ്ച നഷ്ടപ്പെടുന്നു എങ്കിൽ എത്രമാത്രം സങ്കടമുണ്ടായിരിക്കുമോ അത്ര സങ്കടമാണ് മുത്തുസ്വാമി അയ്യർ അനുഭവിച്ചു വന്നത്. കുട്ടിയേ ഉണ്ടാകാതിരുന്നാൽ ആ വ്യസനം മാത്രമേയുള്ളു. ഇല്ലാതിരുന്ന്, ഒരു കുഞ്ഞുണ്ടായി വാത്സല്യത്തോടെ അതിനെ വളർത്തിവരവെ പെട്ടെന്ന് ആ കുഞ്ഞു പൊയ്പോകുന്നു എങ്കിൽ അതാണ് യഥാർത്ഥമായ ദുഃഖം. കൈകളില്ലാത്തവൻെറ ദുഃഖവും ഉള്ള കൈ നഷ്ടപ്പെട്ടവൻെറ ദുഃഖവും തുല്യമാണോ? പുത്രഭാഗ്യം നിയതി തിരിച്ചെടുത്തതു മൂലമാണ് പട്ടണത്തു പിള്ളയാർ ലോകത്തെ വെറുത്തതും ജ്ഞാനിയായതും. മുത്തുസ്വാമി അയ്യരും ലോകത്തോടു വലിയ മമത ആദ്യകാലം മുതലേ ഉള്ളവനല്ല. ഇതുകൂടിയായപ്പോൾ അദ്ദേഹം വൈരാഗിയായി. ഒരു കാര്യത്തിലും നോട്ടമില്ലാതെ മ്ലാനവദനനായി ചിന്തിച്ചുകൊണ്ടിരിക്കുക മാത്രമാണദ്ദേഹത്തിനുള്ള പണി. ഭക്ഷണകാര്യങ്ങളിലും മററും അദ്ദേഹത്തിനു് നിർബ്ബന്ധമില്ല. അഞ്ചാറു ദിവസം ജലപാനംപോലും ചെയ്യാതെ പുത്രവിരഹത്താൽ ആ പിതാവു് വാതലടച്ചു മുറിയിൽ കിടന്നു കഴിച്ചുകൂട്ടി. അന്യകുട്ടികൾ കളിക്കുമ്പോഴും മററും അദ്ദേഹത്തിൻെറ കണ്ണുകളിൽകൂടി

ജലം പ്രവഹിക്കും. നാട്ടുകാർ എല്ലാവരും വന്നു് സമാധാനപ്പെടുത്തുവാൻ ശ്രമിക്കും. എൻെറ ഇജ്ജന്മത്തെ ജീവിതാശയററു എന്നാണദ്ദേഹത്തിൻെറ പല്ലവി.

തൻെറ ആധി ഒതുക്കി കമലമ്മ ചില സമയങ്ങളിൽ ഭർത്തൃഹൃദയത്തെ സമാധാനിപ്പിക്കുവാനായി അദ്ദേഹത്തോടു വേദാന്തപരമായി സംസാരിക്കും. ചിലപ്പോൾ അദ്ദേഹത്തെ അവൾ പാടി രസിപ്പിക്കാൻ ശ്രമിക്കും. ഭർത്താവിനെ പ്രീതിപ്പെടുത്തുവാൻ അവൾ സർവബുദ്ധിയുമുപയോഗിച്ചു. എങ്കിലും ഒററയ്ക്കിരിക്കുന്ന ചില സന്ദർഭങ്ങളിൽ നടരാടചിന്തയാൽ അവൾ കണ്ണീർ തൂകും. മുത്തുസ്വാമി അയ്യർ അതു കാണുന്നു എങ്കിൽ അടുത്തു വന്നിരുന്നു് കണ്ണീർ തുടച്ചു് സമാധാനിപ്പിക്കും. എവിടെ നോക്കിയാലും മകൻെറ സ്മരണ കത്തിക്കാളും. വല്ല കളിപ്പാട്ടങ്ങളോ മറേറാ കണ്ടുപോയാൽ അവരുടെ മകൻ മുമ്പിൽ വരും. പുത്രസ്മരണയുണ്ടാവാതിരിക്കുന്നതിനുവേണ്ടി നടരാജൻെറ കുട്ടി ഉടുപ്പുകൾ, കാലുറകൾ, തൊപ്പികൾ കളിസാധനങ്ങൾ മുതലായവ മററു കുട്ടികൾക്കായി അവർ ദാനംചെയ്തു. മുത്തുസ്വാമി അയ്യർ, മനസ്സുറപ്പിക്കുന്നതിനുവേണ്ടി പൂജാദികളിൽ ശക്തിയായ നിഷ്കർഷ ചെലുത്തിത്തുടങ്ങി. വീട്ടിൽ പൂജയും നിവേദ്യവും ദീപാരാധനയുമൊക്കെയായിപ്പകലിൻെറ സിംഹഭാഗവും അദ്ദേഹം ചിലവഴിച്ചു. ചില സന്ദർഭങ്ങളിൽ പൂജാമദ്ധ്യത്തിൽപോലും അദ്ദേഹത്തിന് പുത്രസ്മരണ വൈദ്യുതപ്രതാപംപോലെ ഉണ്ടാകും. അപ്പോൾ "നടരാജാ, നടരാജാ," എന്നു വിളിച്ചുംകൊണ്ടാ ഭക്തൻ ചാടി എഴുനേററു കരയുവാൻ തുടങ്ങും.

രാത്രിയിൽ ആ ദമ്പതികൾക്കു് ഉറക്കവും വളരെ വിരളമാണു്. ആരെങ്കിലും ഒന്നുറങ്ങിയാൽ നടരാജനെ സ്വപ്നംകണ്ടുണരും. മുത്തുസ്വാമി അയ്യർ രാത്രി മുഴുവൻ ചില ദിവസങ്ങളിൽ കണ്ണുംമിഴിച്ചു കിടന്നു നേരംവെളുപ്പിക്കും. ഭർത്താവുറങ്ങുന്നു എന്നു കണ്ടാൽ കമലമ്മ എഴുനേററിരുന്നു് നടരാജാകാരത്തെ ധ്യാനിച്ചു് ചുടുകണ്ണീർ തുടുതുടെ വീഴ്ത്തും. ആരെങ്കിലും ആശ്വസിപ്പി

ക്കാൻ ശ്രമിച്ചാൽ മുത്തുസ്വാമി അയ്യർ പറയും "ഓ, ഇരിക്കുന്ന കാലം സുഖമായിരിക്കണം. എന്റെ ജീവിതം ഒട്ടുമുക്കാലുമായി. ഇനി ഒന്നോ രണ്ടോ വർഷങ്ങൾകൂടിത്തള്ളണം. ചിലപ്പോൾ നാളയോ മററന്നാളോ ആയിരിക്കും. ആരുകണ്ടു! അതിനിയും എങ്ങനെ വേണേൽ പോകട്ടെ." എന്നുള്ള വേദാന്തം പതുതായി അദ്ദേഹം കണ്ടുപിടിച്ച ജീവിതവൈരാഗ്യമന്ത്രമാണ്. ചന്ദ്രികാ ശോഭിതമായ ഒരു രാവിൽ അവർ രണ്ടുപേരുംകൂടി പുറത്തു തിണ്ണയിൽ സംസാരിച്ചുകൊണ്ടിരിക്കയാണ്. അവരൊരു സം ഭാഷണമാരംഭിച്ചു.

കമല:—"ആ ചന്ദ്രനെ നോക്കു. എന്തു കൊഴുപ്പ്! ആ നീലാകാശത്തിന്റെ അധിപതിയാണെന്നുള്ള അഹംഭാവത്തോടെ എന്തുല്ലാസവാനായിക്കാണപ്പെടുന്നു."

മുത്തുസ്വാമി അയ്യർ:—"ശശാങ്കനെന്തു ചിന്തയാണുള്ളതു്. അവരെല്ലാം ദേവലോകവാസികളാണ്. ഭൂമിയിലെ വെറും പുഴുക്കളായ നമ്മെപ്പോലാണോ അദ്ദേഹം? മനുഷ്യർ ഒരുവനെ ഒരുവൻ അടിച്ചുകൊന്നു തിന്നുന്നു. ദേവന്മാർ അതുപോലെയാണോ?"

കമല:—"അതല്ലാ. അതിന്റെ കാര്യം അറിഞ്ഞുകൂടാ എങ്കിൽ ഞാൻ പറഞ്ഞുതരാം. കേട്ടോളൂ. പറയട്ടേ?"

മുത്തു:—"ഛേ, അങ്ങനെ ചെയ്യരുതു്. എനിക്കു ഭയമാകുന്നു!"

കമല:—"ഇതാ, പറയാൻ തുടങ്ങുകയായി. ഇപ്പത്തുടങ്ങും. ഭദ്രം. കേട്ടോളൂ. രോഹിണി ചന്ദ്രന്റെ പത്നി. അവൾ പിരിയാതെ സദാ അടുത്തുണ്ടായിരിക്കും. പിന്നദ്ദേഹത്തിനുല്ലാസം കുറയുന്നതെങ്ങനെ? അവർ ആരെപ്പോലിരിക്കുന്നു? അറിയാമോന്നു നോക്കട്ടെ, പറയൂ."

മുത്തു:—"അമ്മാടി അമ്മാ! നിന്നെയും എന്നെയുംപോലെ! മദ്ധ്യാഹ്നത്തിൽ നീ കരഞ്ഞുകൊണ്ടിരുന്നവളാണെന്നേ തോന്നുകയില്ല. എന്തെങ്കിലുമൊന്നു പാട്ടു, കേൾക്കട്ടെ."

കമല:—"പാടട്ടെ, ഈ പൂനിലാവും, മന്ദമാരുതനും എല്ലാംതന്നെ

മറന്നുപോകത്തക്ക വിധത്തിൽ ഞാൻ പാടാം. കേട്ടോളൂ.
'പനിയാൽ നനൈന്തു
വെയിലാലുലൈന്തു' ഛീ ഈ പാട്ടാണോ എനിക്കു വരുന്നതു്! അതും ഈ സമയത്തു്!!

കമലമ്മ പാടുവാനാരംഭിച്ചു. 'പനിയാൽ നനൈന്തു' എന്നു് മുമ്പു തുടങ്ങിയ ഹരിശ്ചന്ദ്ര പുരാണത്തിലെ പാട്ടാണവൾക്കു് മനസ്സിലുദിച്ചതു്. പാമ്പുകടിച്ചു മരിച്ച ലോഹിതാക്ഷനെ കൈയ്യിലെടുത്തു് ചന്ദ്രമതി ദുഃഖിക്കുന്ന പാട്ടാണതു്. അവളുടെ നാവിൽ അറിയാതെ ആ പാട്ടുവന്നു. അതു വേണ്ടെന്നു്വച്ചു് 'പോ പോ വേ ചെലിയാ' എന്ന പാട്ടു് പാടുവാൻ തുടങ്ങി. മുത്തുസ്വാമി അയ്യർക്കു് അതു കേൾക്കേണ്ട. 'പനിയാൽ നനൈന്ത' പാട്ടാണദ്ദേഹത്തിനു കേൾക്കേണ്ടതു്. കമലമ്മ ആ പാട്ടു പാടിത്തുടങ്ങി. സന്ദർഭാനുസരണമായ ആ ശോകഗീതം ചരാചരങ്ങളെപ്പോലും നിശ്ചലമാക്കി. പുത്രശോകത്താൽ ഹൃദയം പൊട്ടിയ മാതാവു് ദുർമരണമടഞ്ഞ പുത്രന്റെ മൃതശരീരം താലോലിച്ചുകൊണ്ടു് പാടുന്നതാണാപ്പാട്ടു്. 'കമലമ്മ അതിൽ ലയിച്ചു. സ്വാനുഭവമൂറിയിറങ്ങി. അവൾക്കു് ചന്ദ്രമതിയുമായി ആശയ ഏകീകരണം സിദ്ധിച്ചു. ലോഹിതാക്ഷൻ നടരാജനായി അവൾക്കനുഭവം വന്നു. പാട്ടിൽ ലയിച്ച അവൾ "അയ്യോ, എന്റെ കുഞ്ഞു്! കുഞ്ഞേ, നടരാജാ നീ ഇപ്പോൾ എവിടെ! ഇനിമേൽ രാജാ രാജാ എന്നു ഞാനാരേ വിളിയ്ക്കും! നിന്നെ ആ ദുഷ്ടന്മാർ എന്തുചെയ്തു? ഹാ നടരാജാ, നിന്നെച്ചുമന്ന വയറിതാ എരിയുന്നു! നിനക്കു പാലുകുടിക്കണ്ടേ കുഞ്ഞേ നടരാജാ, നടരാജാ, ഹാ അവൻ കേൾക്കുന്നില്ല. ഞാൻ കളിക്കാൻ പുറത്തുവിട്ടതല്ലേ. കുഞ്ഞേ, തങ്കം, നിന്റെ അഴകുകണ്ടെനിക്കു മതിവന്നിട്ടില്ല. ചന്ദ്രമതിക്കു് അവളുടെ കുഞ്ഞിന്റെ മൃതദേഹമെങ്കിലും കിട്ടി. ഹാ എനിക്കതുപോലുമില്ല! ഒരു നോക്കു കാണുവാൻപോലും ഭാഗ്യമായില്ലല്ലോ. രാജാ—രാജാ. കൈയ്യും മുറിഞ്ഞു് കാലും മുറിഞ്ഞു്, ഹാ ദൈവമേ, നീ ഇപ്പോൾ എവിടെക്കിടക്കുന്നു! നിന്റെ ഒരു കഷണം എല്ലെങ്കിലും ഈ വയറോടു ചേർത്തുവച്ചു് കരയുവാൻ ഭാഗ്യമുണ്ടായി

ല്ലല്ലോ!" ഭാര്യയുടെ വികാരാവേശത്തെത്തടയുവാൻ ശക്തിയില്ലാതെ മുത്തുസ്വാമി അയ്യർ വിങ്ങിവിങ്ങിക്കരയുകയാണ്. അവരം ഭർത്താവിനെനോക്കിക്കരഞ്ഞു പറഞ്ഞു "അയ്യോ ഞാനാണ് കുററക്കാരി! അവനെ തെരുവിൽ വിട്ടിട്ട് അലങ്കാരസാധനങ്ങരം തപ്പാനും അടുപ്പുനോക്കാനും പോയ ദ്രോഹിയാണു ഞാൻ. എൻെറ പെററ വയറെരിയുന്നു."

അവർ കരഞ്ഞുകൊണ്ടു് ആ രാത്രി വെളുപ്പിച്ചു. സന്തോഷകരമായി ഒരു രാത്രിയെങ്കിലും കഴിക്കാമെന്നുറച്ച അവർ സന്താപകരമായി മഴരാത്രിയും തള്ളിവിട്ടു.

# 20

## അതിരഹസ്യമായ ചില സംഗതികൾ

ദീർഘവർഷങ്ങൾ മൂന്ന് മുന്നോട്ട നീങ്ങി. സൂര്യചന്ദ്രാദികൾ, നേരം നീക്കംവരാതെ പതിവിൻപടി ഉദയാസ്തമനങ്ങൾ കൃത്യമായി നടത്തിവന്നു. പുത്രശോകത്താൽ കമലമ്മയും മുത്തുസ്വാമി അയ്യരും പാതിപ്പെട്ടന്നല്ലോ എന്നുള്ള ഒരു വിചാരവും അവർക്കുള്ളതായിത്തോന്നുന്നില്ല. നമ്മളെ ജയിച്ച കമലമ്മ മനംകലങ്ങി ഉടൽ വാടി അഴൽതിന്നു വാഴുന്നല്ലോ എന്നതിലൊരു വ്യസനവും മാനിനും മയിലിനും കുയിലിനുമില്ല. മുത്തുസ്വാമി അയ്യർ പുത്രദുഃഖത്താൽ മനോവ്യഥയനുഭവിക്കുന്നതിൽ തെല്ലും വ്യാകുലത ഇല്ലാതെ മദാന്ധനായ മാരുതൻ തരുലതാദികളെപ്പുണർന്നു സല്ലാപം ചെയ്തും നറുമലരുകളെയനുഭവിച്ചും മൃദുതളിരുകളെച്ചുംബിച്ചും കൊഞ്ചിക്കുണുങ്ങി മന്ദഗമനം ചെയ്യുന്നുണ്ട്. അവൻ രഹസ്യകാമുകനെപ്പോലെ ചില സന്ദർഭങ്ങളിൽ തരുലതാദികളുടെ കർണ്ണങ്ങളിൽ മന്ദം മന്ദം രഹസ്യം മന്ത്രിച്ചും ചില സന്ദർഭങ്ങളിൽ 'ഹോ' എന്നലറി ഓടിഅലച്ചും ചലിച്ചുകൊണ്ടിരുന്നു.

മുത്തുസ്വാമി അയ്യരുടെ ഇഷ്ടബന്ധുക്കൾ അദ്ദേഹത്തിന്റെ വ്യസനം തങ്ങളുടെ വ്യസനമായി സങ്കല്പിച്ച് മററു ജോലികൾ ഒന്നുമില്ലാത്ത വേളകളിൽ നടരാജന്റെ അത്യാഹിതം പറഞ്ഞു സമയം കളയും. ആർക്കെന്തു സംഭവിച്ചാലും കറങ്ങിക്കൊണ്ടിരിക്കുന്ന ഭൂലോകം കറങ്ങുകതന്നെ ചെയ്യും. അമ്പിട്ടൻ മാരിയപ്പൻ ക്ഷൗരം ചെയ്തുവന്നു; വെളുത്തേടൻ നാകൻ വിഴുപ്പുംകെട്ടി നടന്നു; കുശവൻ കുട്ടൈയ്യൻ ചട്ടികലം ഉണ്ടാക്കിവന്നു; വേമ്പപ്പത്തൻ പൊന്നും വെള്ളിയും തട്ടിഎടുത്തു; ഇടയൻ മൂക്കൻ

മാട്ടുമേച്ചു നടന്നു; കണക്കു മുത്തുപിള്ള കള്ളക്കണക്കെഴുതി; രാമണ്ണാവാദ്ധ്യാർ വയററിൽ തിക്കിത്തിക്കിച്ചോറു കേററി; വക്കീൽ ശേഷയ്യർ കോടതിയിൽവച്ചുതന്നെ കക്ഷിയെ ഞെക്കിപ്പിഴിഞ്ഞു; ജനിച്ചവർ മരിച്ചു; മരിച്ചവർ ജനിച്ചു; ദിവസങ്ങൾ വാരമായി; വാരം മാസമായി; മാസം വർഷമായി. മുത്തുസ്വാമി അയ്യരുടെ ശോകം ഈ ലോകകൃത്യങ്ങളിൽ അണുമാത്രംപോലും സ്പർശിക്കാതെ അവ നടന്നുവന്നു.

അങ്ങനെ ഇരിയ്ക്കെ ഒരു ദിവസം ജനപ്പെരുപ്പമേറിയ ചെൻമാപുരിയിൽ (ചെന്നൈപ്പട്ടണം) തമ്പുച്ചെട്ടിത്തെരുവിൽ 321-ാംനമ്പർ വീടിൻെറ തിണ്ണയിലായി രണ്ടുപേർ സംസാരിച്ചുകൊണ്ടിരുന്നു. അതിൽ ഒന്നാമൻ മററവനെ നോക്കി "തപാൽക്കാരൻ വരേണ്ട സമയമായി. ഇന്നു് എഴുത്തു വരുമോ?"

രണ്ടാമൻ:—"ഇതെന്തു ശല്യം, ഇതുവരെ വന്നില്ലല്ലോ. ഇന്നലെ ഈ നേരത്തിനു മുമ്പു വന്നു. ഞാനും അരമണിക്കൂറായി നോക്കി ഇരിക്കുകയാണു്.

ഒന്നാമൻ തെരുവിലേക്കിറങ്ങുന്ന അരമതിലിന്നടുത്തു വന്നു നിന്നു് തപാൽക്കാരൻ വരാറുള്ള വഴിയും നോക്കിനിന്നു. അവിടെയെങ്ങും അയാളെക്കാണാനില്ല. വീണ്ടും അയാൾ അകത്തു വന്നു് ഘടികാരത്തിൽ നോക്കി: "ഈ മണി ശരിയാണോ? ഇതിൽ 9 ആയല്ലോ. നീ ഇന്നലെ താക്കോൽ കൊട്ടുത്തോ? അയാളെക്കാണാനില്ലല്ലോ." വീണ്ടും അക്ഷമനായി അയാൾ പുറത്തുപോയിട്ടു് വേഗംതന്നെ വന്നു. "ഇന്നു് എഴുത്തില്ലെന്നാണു് തോന്നുന്നതു്....ഛെ. അങ്ങനെ വരികയില്ല." അടുത്തിരുന്ന സ്നേഹിതൻ:— "എന്തോ എനിക്കൊന്നുമറിഞ്ഞുകൂടാ. വന്നേ, ഏതായാലും ഉണ്ണാൻ പോകാം. ഊണുകഴിഞ്ഞു വന്നിട്ടു് അയാളെ നോക്കി ഇരിക്കാം. അല്ലെങ്കിൽ നേരേ തപാലാപ്പീസിലേക്കു പോകാം. എഴുത്തു വന്നിട്ടുണ്ടെങ്കിൽ കൊണ്ടുവരും. ഇത്ര വൈകിയതുകൊണ്ടു് ഇന്നില്ലെന്നാണെനിക്കു തോന്നുന്നതു്."

ഒന്നാമൻ:—"സ്ത്രീകളെ ഒരിക്കലും വിശ്വസിക്കാൻ കൊള്ളുകയില്ല. വല്ല സുഖക്കേടുമായിരിക്കുമോ എന്തോ? വല്ല വഴിക്കും പോയോ, അവിടെയുണ്ടോ? അതുതന്നെ ആരറിഞ്ഞു!" എന്നു്

പറഞ്ഞു് ഒരു വശം തിരിഞ്ഞു് അയാളുടെ കൺകോണുകളിൽ തുടിച്ച ബാഷ്പബിന്ദു തുടച്ചു. എന്നിട്ടു് സ്നേഹിതന്റെ നേരേ തിരിഞ്ഞു് "വരൂ, പോയി ഊണു കഴിക്കാം." അവർ പുറത്തിറങ്ങിനടന്നു.

അയാൾക്കന്നു വായിക്കു രുചി ഇല്ല. എഴുത്തു വരാതിപ്പാനുള്ള കാരണങ്ങളെപ്പററിയാണു് ആലോചന. അടുത്തിരിക്കുന്നവർ പറയുന്നതൊന്നും അയാൾ കേൾക്കുന്നില്ല. ഒരു ക്ഷണം അയാൾ വെറുതായൊന്നു ചിരിക്കും; അടുത്ത ക്ഷണം കണ്ണുകൾ നിറയും; ചിലപ്പോൾ രണ്ടുംകൂടി ഒന്നിച്ചായിരിക്കും. അല്പശിമാസത്തിലെ അംബരംപോലെ അയാളുടെ മുഖത്തു് അനുനിമിഷം നിറങ്ങൾ മാറിമാറിക്കണ്ടായി. ഈ വിധത്തിൽ ഊണും കഴിഞ്ഞു് ആ സ്നേഹിതന്മാർ മടങ്ങുമ്പോൾ തപാൽക്കാരൻ എതിരെ വന്നു് ഒരെഴുത്തു കൊടുത്തു. അയാൾ തപാൽക്കാരനോടു ചോദിച്ചു "ഇത്ര വൈകിയതു്?"

"മെയിലിപ്പോഴാണു് വന്ന"തെന്നു് മറുപടിയും കിട്ടി.

അയാൾ വെമ്പലോടെ എഴുത്തു പൊട്ടിച്ചു വായിച്ചു.

"എന്റെ ഹൃദയത്തിനു് താങ്ങാൻ വയ്യാത്തവണ്ണം സ്നേഹമുള്ള എന്റെ പ്രാണനാഥൻ..............................ക്കു് അനേക നമസ്കാരം.

എന്റെ എഴുത്തുകിട്ടിയ ഉടൻതന്നെ എനിക്കു മറുപടി അയക്കാൻ സൌകര്യപ്പെട്ടില്ലല്ലോ. താങ്കൾക്കവിടെ പല ജോലികളുമുണ്ടായിരിക്കും. ഞാനെങ്ങനെയറിയാനാണു്! മേലും ഉത്തരവു് വാങ്ങേണ്ടവരിൽനിന്നും വാങ്ങിയിട്ടു മാത്രമേ എനിക്കു മറുപടി അയയ്ക്കുയുള്ളു എന്നു സംശയിക്കുന്നു. ഇരിക്കട്ടെ. ഞാൻ നേരിട്ടു വന്നു താങ്കൾക്കു് വേണ്ട വഴി പറഞ്ഞുതരാം. രായിക്കുരാ വന്നു് ശബ്ദമുണ്ടാക്കാതെ എന്റെ ഹൃദയമപഹരിച്ചു കൊണ്ടുപോകുന്നു. പക്ഷെ ഞാനെഴുതുന്ന എഴുത്തിനു് മറുപടി പോലുമില്ല. ധൈര്യമുണ്ടെങ്കിൽ നേരെ വരണം. ഇല്ലെങ്കിൽ ചുമ്മാതിരിക്കണം.

എന്റെ സാമ്യേ! എന്റെ മനസ്സിലുള്ള സ്നേഹം എഴുത്തിൽ

വരുത്തുവാൻ സാധിക്കുന്നില്ലല്ലോ. താങ്കളെ വിട്ടുപിരിഞ്ഞതു മുതൽ എന്റെ ഹൃദയം തീ കണ്ട മെഴുകുപോലെ ഉരുകുന്നു. കണ്ണീരും കൈയ്യുമായിക്കഴിയുന്ന എനിയ്ക്കെന്തു വിശേഷമാണ്. കഴിഞ്ഞ ജന്മത്തിൽ സ്നേഹമേറിയ വല്ല ദമ്പതികളേയും നാം വേർപെടുത്തിയിരിക്കാം. അതിന്റെ ശിക്ഷയായിരിക്കും നമ്മൾക്കു നേരിട്ട ഈ വിരഹം. എന്റെ ഹൃദയഭാരത്തെ മാററാൻ താങ്കളുടെ എഴുത്തുകൾ എങ്കിലും വരും എന്ന പ്രതീക്ഷയും തെററിയിരിക്കുന്നു. പോകട്ടെ. ഇപ്പോഴെങ്കിലും എഴുത്തയക്കാൻ തോന്നിയല്ലോ. ആരോഗ്യം തൃപ്തികരമാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. എനിക്ക് തൊടാൻ പാടില്ലാതിരിക്കുകയാണ്. ആ ഗഡുവിലാണ് എഴുത്തു കിട്ടിയതു്. നിനയ്ക്കാത്ത കാര്യമെല്ലാം ഞാനെങ്ങനെ പറയും. താങ്കളുടെ കൈപ്പടയിൽ എഴുതിയ ആ കത്തു ഞാൻ കെട്ടിപ്പിടിച്ചുമ്മവെച്ചു. അതു ഞാനായിരംവട്ടം വായിച്ചു. അങ്ങു് നേരിട്ടുവന്നു് സംസാരിക്കുന്നതായി എനിക്കനുഭവപ്പെട്ടു. സന്തോഷാശ്രുക്കൾമൂലം എന്റെ കണ്ണുകൾപോലും മൂടിപ്പോയി. എഴുത്തു കണ്ടപ്പോൾ ഇത്ര സന്തോഷമെങ്കിൽ നേരിട്ടു കാണുമ്പോഴോ?

അടുത്ത വെള്ളിയാഴ്ച താങ്കളെക്കാണുവാൻ അച്ഛനുമമ്മയുമൊന്നിച്ചു് ഞാൻ നിശ്ചയമായും അവിടെ വരും. നടരാജനെ രാപ്പകലില്ലാതെ ഞങ്ങൾ തിരക്കിക്കൊണ്ടിരിക്കുകയാണ്. അതാണ് ഞങ്ങളുടെ പ്രധാനമായ ജോലി. കരഞ്ഞുകരഞ്ഞു് അമ്മ ചരടുപോലായി. അവരുടെ മനസ്സിലെ വിഷാദം മാററുന്നതിനാണ് പട്ടണത്തിൽ വരുന്നതു്. ഇവിടെയാണെങ്കിൽ അവനെപ്പററിയുള്ള സംസാരമാണ് മുഴുവൻ സമയവും. എന്നെയും വിട്ടുപിരിഞ്ഞാൽ അവർ പിന്നെങ്ങനെ ജീവിക്കും. അടുത്ത ആഴ്ച നിശ്ചയമായും വരും. ശകുന്തളയെ ദുഷ്യന്തൻ കണ്ടിട്ട് "പെണ്ണേ നീ ആർ?" എന്നു ചോദിച്ച മാതിരി എന്നോടു ചോദിക്കുമോ? ചോദിച്ചാൽ ഞാൻ പറയുന്ന മറുപടി എന്താണെന്ന് കേട്ടുകൊള്ളണം. താങ്കൾ എന്തെല്ലാം ഊഹിച്ചിരിക്കും. ഞാൻ പെടുന്ന പാടു വല്ലതുമറിയുന്നുണ്ടോ? പക്ഷേ ഞാനനുഭവിക്കുന്നിടത്തോളം അങ്ങും അനുഭവിക്കുന്നുണ്ടായിരിക്കും. എന്റെ

ധാരേ! എന്നോടുള്ള സ്നേഹം തുളുമ്പാതെ നിറച്ചു സൂക്ഷിച്ചാൽ അങ്ങോട്ടു വരുന്നതിനെനിക്കുള്ള സന്തോഷം എത്രയെന്നു് പറഞ്ഞറിയിക്കുവാൻ പ്രയാസം. നമ്മളുടെ കൂടിക്കാഴ്ച വളരെ അടുത്തല്ലോ എന്ന വിചാരം എന്നെ കോൾമയിർ കൊള്ളിക്കുന്നു. നന്തൻ ചിദംബരത്തിനു പോകുവാൻ എത്രത്തോളം ആഗ്രഹിച്ചു; കണ്ടപ്പോൾ എത്ര സന്തോഷിച്ചു;—അതുപോലെ എനിക്കങ്ങോട്ടു വരുവാനും അവിടെവന്നു് നേരിട്ടു് ഒരു വാക്കു കേൾക്കുവാനും ഒരു ചുംബനം വാങ്ങുവാനും അതിരററ ആഗ്രഹവും സന്തോഷവുമാണുള്ളതു്. നമ്മുടെ പ്രണയത്തിനു് ഒരു കാലവും ലയം വരാതിരിക്കട്ടെ. എനിക്കു ക്ഷേമംതന്നെ. നിങ്ങളുടെ സ്നേഹം എനിക്കു ചിട്ടയാണു്. അടുത്തുതന്നെ വരുന്നതുകൊണ്ടു് എഴുത്തു് ദീർഘിപ്പിക്കുന്നതില്ല. നേരിട്ടു കണ്ടു വേണ്ടുവോളം പറഞ്ഞുകൊള്ളാം. അതുവരെ ഓരോ നിമിഷവും ഓരോ യുഗമാണെനിക്കു്. ചിറകുവച്ചു് പറക്കാമായിരുന്നു എങ്കിൽ ഇക്ഷണം ഞാനവിടെ എത്തുമായിരുന്നു.

എന്നു്,

പ്രിയ നായകൻെറ പാദത്തിൽ

താങ്കളുടെ പ്രിയ തോഴി

ലക്ഷ്മി നമസ്കാരപൂർവ്വം.

ഈ എഴുത്തു് ആരു് ആർക്കെഴുതിയതാണെന്നു് വായനക്കാരെപ്പറഞ്ഞു മനസ്സിലാക്കേണ്ടതുണ്ടെന്നു കരുതുന്നില്ല. ശ്രീനിവാസൻ ഈ എഴുത്തു് വിറപൂണ്ട കൈകളോടെ പൊട്ടിച്ചു വായിച്ചു. വീണ്ടും വായിച്ചു. സ്നേഹിതനേയും അവൻ കാണിച്ചു. ആ എഴുത്തെടുത്തു കണ്ണുകളിൽ അമർത്തിയിട്ടു് ചുംബിച്ചു. സന്തോഷംകൊണ്ടവൻ മതിമറന്നു. സുബ്ബരായനും അത്യധികം സന്തോഷിച്ചു. അയാൾ ലക്ഷ്മിയെപ്പുകഴ്ത്തി "നിൻെറ പ്രിയതമ സരസ്വതിതന്നെ എന്നു്. നാം ലക്ഷ്മീശ്രീനിവാസന്മാരെപ്പററി ഇതിനുമുൻപു് പറഞ്ഞില്ല. നളനും ദമയന്തിയുംപോലെ അവർ യോജിച്ചിരുന്നു. രണ്ടു ശരീരങ്ങളോടുകൂടിയ ഒരാത്മാവായിരുന്നു അവർ. ഭർത്താവിനെ അവൾ ദൈവമായിക്കരുതിപ്പൂജിച്ചു.

ശ്രീനിവാസൻ ചെറുകുളത്തു വന്നയിടക്ക് ഒരു ദിവസം അമ്പലത്തിൽ പോയിത്തൊഴുതിട്ടുവന്ന് മുത്തുസ്വാമിഅയ്യരുടെ മുറിയുടെ വാതുക്കൽ ഇരിക്കുകയായിരുന്നു. ലക്ഷ്മിയുമായി സംസാരിക്കണമെന്ന് അവനാശ തുടങ്ങിയിട്ട് നാളു കുറെയായി. പക്ഷെ അതിനു സൗകര്യമില്ല, സൗകര്യം കിട്ടിയാലും അവനു ധൈര്യം വരുന്നില്ല. അന്ന് ലക്ഷ്മിയെ മാത്രം ധ്യാനിച്ചു കൊണ്ടവനിരുന്നു. ഒരു ധർമ്മക്കാരൻ പിച്ച യാചിച്ചുകൊണ്ടാ സമയത്തവിടെ എത്തി. പുറത്തെങ്ങുമാരുമില്ല. അവൻ വിളിച്ചു പറഞ്ഞു "ദാ ഒരു പിച്ചക്കാരൻ" എന്ന്. യാചകനു കൊടുക്കുവാൻ ഒരു പാത്രത്തിൽ കഞ്ഞിയുമായി ലക്ഷ്മി രംഗപ്രവേശനം ചെയ്തു. അവൾക്ക് വലിയ ഒരു മോഹം; തന്റെ ഭർത്താവിനോടു സംസാരിക്കണമെന്ന്. 'അദ്ദേഹം എന്നോട് ഒന്നും കേറിപ്പറയുകയില്ല. ഞാൻതന്നെ മിണ്ടണം. അതിനിതാണ് സന്ദർഭം' എന്നവൾ മനസ്സിലുറച്ചു. അവൾ ധർമ്മംകൊടുത്തിട്ട് ഭർത്താവിനോടു തിരിഞ്ഞ് ലളിതമധുരമായി പതുക്കെ പറഞ്ഞു "ഉണ്ണാറായെങ്കിൽ വരു" എന്ന്. ശ്രീനിവാസൻ നഖശിഖാന്തം വിയർത്തു. ഇങ്ങനെ ഒരാനന്ദം അവനനുഭവിച്ചിട്ടില്ല. ഒരു വാക്കു പറയുവാൻ നൊയമ്പുനോററിരുന്ന അവന് ശബ്ദമുയരുന്നില്ല. എന്തെങ്കിലും പറയണമെന്നവനു കൊതിയുമുണ്ട്. അവളുടെ വാക്കുകൾ വീണാനാദംപോലെ അവന്റെ ചെവികളിൽ തുടർച്ചയായി ഗാനമുതിർത്തു. അവളുടെ വാക്കുകളെ അവൻ വീണ്ടും വീണ്ടും മന്ത്രിച്ചു. മന്ത്രിക്കുംതോറും സംതൃപ്തി വർദ്ധിച്ചു. അമ്പലത്തിൽ പോയി പ്രാർത്ഥിച്ചതിന്റെ ഫലം ഉടനടി സിദ്ധിച്ചു എന്നവൻ വിശ്വസിച്ചു. ഇതായിരുന്നു അവരുടെ പ്രഥമരംഗം. പിന്നീട് ഒളിവിലും മറവിലും ഒക്കെ നിന്ന് അവർ പലപ്പോഴും സംസാരിച്ചുവന്നു. പക്ഷെ ആ പ്രണയരഹസ്യങ്ങളറിവാൻ നിങ്ങൾ ജിജ്ഞാസുക്കളാകരുത്. അവർ ചെറുപ്പം. നമ്മൾ അതൊന്നും കേട്ടില്ലെന്ന് നടിച്ചു പിന്മാറുകയാണുത്തമം.

ശ്രീനിവാസൻ ബി. എ. പരീക്ഷയ്ക്കു് ഒന്നാമനായി ജയിച്ചു. അതുകഴിഞ്ഞു നിയമപരീക്ഷയ്ക്കു പഠിക്കുമ്പോഴാണ്

അവന 'ശാന്തിമുഹൂർത്തം' നടന്നതു്. ലക്ഷ്മിയേയും ശ്രീനിവാസനേയും കണ്ടുകണ്ടാണു് മുത്തുസ്വാമി അയ്യർ ദിവസങ്ങൾ തള്ളുന്നതു്. അവരുടെ സന്തോഷമാണദ്ദേഹത്തിനു് ആശ്വാസമേകുന്നതും. ലക്ഷ്മിയെ ഭർത്തൃഗൃഹത്തിലേക്കയച്ച ദിവസം അദ്ദേഹം പൊഴിച്ച കണ്ണുനീരിനു് കണക്കില്ലാ. "എന്റെ വീട്ട് വെറും ശൂന്യം. അടുപ്പിൽ എരിക്കു് കിളുക്കട്ടെ! എനിക്കെന്തു്?" എന്നദ്ദേഹം ജീവിതശൂന്യതയെ പ്രകടിപ്പിച്ചു. കുറച്ചുദിവസം താമസിപ്പിച്ചിട്ടു് തിരികെ അയയ്ക്കാമെന്നു് ശ്രീനിവാസന്റെ അച്ഛൻ പറഞ്ഞിട്ടുണ്ടല്ലോ എന്നോർത്തു മുത്തുസ്വാമി അയ്യർ ആശ്വസിച്ചു. ശ്രീനിവാസൻ പട്ടണത്തിൽ പോയതിനുശേഷം മകളെ വീട്ടിലേക്കു കൊണ്ടുവരുന്നതിനു് അച്ഛനുമമ്മയും ശ്രീനിവാസനുംകൂടെ ഒരു തന്ത്രംചെയ്തു. അവർ പട്ടണത്തിൽ പോകുന്നു എന്നും കൂട്ടത്തിൽ ലക്ഷ്മിയെക്കൂടെ കൊണ്ടുചെല്ലുവാൻ ശ്രീനിവാസൻ താല്പര്യപ്പെടുന്നു എന്നുംപറഞ്ഞു് അവർ അവളെ വീട്ടിലേക്കു് കൊണ്ടുപോന്നു. തൽഫലമായിട്ടാണു് നാം മുൻപ് കത്തിൽ വായിച്ച പട്ടണയാത്ര.

# 21
## പ്രണയരംഗം

ശ്രീനിവാസനും ലക്ഷ്മിയും അടിക്കടി കടൽപുറത്തുപോകാറുണ്ട്. അന്നത്തെ അസ്തമനം അതിമനോഹരമായിരുന്നു. ദർശനമാത്രത്താൽ കണ്ണുപൊടിയുന്ന ഉജ്വലതയായിരുന്നു അന്നു സൂര്യദേവനുണ്ടായിരുന്നതു്. ഭൂമിയും ആകാശവും അനിഷേധ്യമായി അടക്കി ഭരിച്ചു് ആ രാജാധിരാജൻ അജരഘു ദിലീപാദി ചക്രവർത്തികളെപ്പോലെ അന്ത്യകാലത്തു് ആത്മശാന്തിക്കുവേണ്ടി തപംചെയ്യാനിറങ്ങിയതുപോൽ സൂര്യഭഗവാനും തൻെറ ഉജ്വലപ്രൗഢിവെടിഞ്ഞു ശാന്തരൂപനായി പ്രജകളോടു യാത്രപറഞ്ഞു പിരിയുവാൻ തുടങ്ങുന്നു. ഇളകിമറിയുന്ന തിരമാലകളുടെ മേൽ ദിഗ്വിജയികളായ സേനാനായകർ പടക്കുതിരപ്പുറത്തു് ആനന്ദകാഹളമൂതി അടുക്കുന്നതുപോലെ മുക്കുവന്മാർ ജീവൻ പണയംവച്ചും കടലിനെ ജയിച്ചു് നേടിയ സ്വത്തിനെ കടൽക്കരയിൽ കാത്തുനിൽക്കുന്ന തങ്ങളുടെ കുടുംബിനിമാർക്കായി കൂടകളിൽനിന്നും സമ്മാനിച്ചു പ്രീതിപ്പെടുത്തുന്നു. ഉല്ലാസചിത്തകളായ ആംഗ്ലേയവനിതകൾ അവരുടെ പുരുഷന്മാരുടെ കൈയ്യും പിടിച്ചു് കിളിപോലെ ചിലച്ചുകൊണ്ടു് സായന്തനസവാരി ചെയ്യുന്നു. പരീക്ഷയടുത്ത ചില വിദ്യാർത്ഥികൾ തങ്ങളുടെ പുസ്തകക്കെട്ടുകളുമായിക്കടൽക്കരയിൽ വന്നു് സന്തോഷമായി പഠനം തുടരുന്നു. നാണംകുണുങ്ങുന്ന നവോഢയെ കടൽകാണിക്കുവാൻകൊണ്ടുവന്നിട്ടുള്ള യുവകാമുകൻ കുതിരയെ ആററിലിറക്കുന്ന കുതിരക്കാരനേപ്പോലെ തൊട്ടു തടവി ചൊറിഞ്ഞിണക്കി ധൈര്യപ്പെടുത്തുന്നു.

ആകാശപ്പന്തലിനു താഴെ സമുദ്രരാജനു പൂജയും ചെയ്തു് ആ വിശാലമായ മണൽപരപ്പിൽ മന്ദമാരുതനുമേററു് ശ്രീനി

വാസനും ലക്ഷ്മിയും നെഞ്ചുനിറഞ്ഞ തൃപ്തിയോടെ ഇരുന്നു് വിനോദസംഭാഷണം ചെയ്തു.

ലക്ഷ്മി:—"അതു കൊള്ളാം. ഇരമ്പൽ നിർത്തു എന്നു് സമുദ്രത്തിനോടു പറഞ്ഞാൽ അതു ഫലിക്കാൻ പോകുന്നോ!"

ചന്ദ്രൻ ചെന്താമരപ്പൂപോലെ ഉദിച്ചുയർന്നു. സമുദ്രം ആർപ്പുവിളിച്ചാഹ്ലാദിച്ചു. വെൺപാളിപോലെ ആ വിസ്തൃതമായ മണൽപരപ്പു് തിളങ്ങി.

ശ്രീനിവാസൻ:—"ഹാ എന്തു മനോഹരമായ ഉദയം. സമുദ്രം പ്രീതിപൂണ്ടു് പുഞ്ചിരിക്കൊള്ളുന്നു. ഹാ എന്തഴകു്!"

ലക്ഷ്മി:—"കടലിന്നിത്ര സന്തോഷത്തിനു കാരണമെന്തു്?"

ശ്രീനി:—"ചന്ദ്രോദയം കണ്ടിട്ടു്."

ലക്ഷ്മി:—"അങ്ങനെയല്ല. പ്രേമബദ്ധരായ സ്ത്രീപുരുഷന്മാർക്കു് ചന്ദ്രോദയം അമൃതപാനംപോലെയാണു്."

ശ്രീനി:—"ഇവിടെ നായകീനായകന്മാരാരാണു്?"

ലക്ഷ്മി:—"പറയട്ടെ; പറയാം കേട്ടോളൂ. ഈ സമുദ്രമാണു് നായിക; മന്ദമായി വീശുന്ന ഈയിളംകാററില്ലേ?"

ശ്രീനി:—"ഉണ്ടു്. അതിനെന്തുവേണം? അതങ്ങനെതന്നെ ഇരിക്കും. നീ എന്തെല്ലാമാണു് പറയുന്നതു്?

ലക്ഷ്മി:—"എന്നെപ്പരിഹസിക്കുകയാണു്; അല്ലേ?

ഇങ്ങനെയാണെങ്കിൽ ഞാനൊന്നും പറയുകയില്ല. പൊയ്ക്കോളൂ. ഞാനിവിടെയിരിക്കുകയാ."

ശ്രീനി:—"ഛേ, കോപിക്കാതെ. ഉം. പറയൂ ഞാൻ കേൾക്കാം."

ലക്ഷ്മി:—"(ശ്രീനിവാസനെച്ചുംബിച്ചിട്ടു്) ഇതാണെൻെറ ഇളം തെന്നൽ! പ്രേയാംബുസമുദ്രമാണു് ലക്ഷ്മി. അലകൾ........ നമ്മുടെ........കുഞ്ഞുങ്ങൾ." (അവൾ നാണംകൊണ്ടു മുഖം പൊത്തി.)

ശ്രീനി:—"അങ്ങനെയാണെങ്കിൽ കാററിനു് എത്ര എത്ര ഭാഗ്യ

മാരുണ്ടു്! നോക്കു, ആ മരങ്ങളെല്ലാം കാററിലാടുന്നു. അവയും കാററിൻെറ പെണ്ണുങ്ങളാണോ?"

ലക്ഷ്മി:—"പുരുഷന്മാരെല്ലാം വിശ്വസിക്കാൻകൊള്ളാത്തവരാണു്. നോക്കു. ആ മരങ്ങളെ മാരുതൻ ചുംബിക്കുന്നു!

"നല്ലപണി. എല്ലാവരും നോക്കിനില്ക്കുമ്പോഴാണോ ചുംബിക്കുന്നതു്, എന്നു് ചോദിക്കുന്നതുപോലെ തലയാട്ടുന്നുണ്ടവ."

ശ്രീനി:—"എപ്പോഴും എതിരുപറയുന്നതാണു് സ്ത്രീകൾക്കിഷ്ടം. മായക്കാരികൾ! "ചേലൈകെട്ടിയമാതരൈ നമ്പിനാൽ....
........" ഒരു വൻതിരമണലിൽ തല്ലിത്തകർന്നു് ശ്രീനിവാസൻെറ ദേഹം മുഴുവൻ നനഞ്ഞു. ലക്ഷ്മി അവളുടെ സാരിത്തുമ്പുകൊണ്ടു് പ്രിയതമൻെറ മുഖം തുടച്ചിട്ടു് "നന്നായിപ്പോയി. ഇനി സ്ത്രീകളെപ്പററി കുററം പറയരുതു്."

ശ്രീനി:—"പോക്രിക്കടൽ! അധികപ്രസംഗി! പുരുഷനടങ്ങാത്ത സ്ത്രീകണക്കു് എപ്പോഴും കരയിൽ കയറുവാൻ മോഹം!"

ലക്ഷ്മി:—"എങ്കിലും അതിനു നല്ല ചുണയാണു്. അങ്ങയെപ്പോലെ പാവംപിടിച്ചിരുന്നുകൂടയോ?"

ശ്രീനി:—"അഗസ്ത്യൻ ഇക്കാണായ സമുദ്രം മുഴുവൻ ഒരിക്കൽ കുടിച്ചുവററിച്ചു. ഒരിക്കൽ ശ്രീരാമചന്ദ്രൻ കടലിൻെറ മദംതീർത്തു. അതുകൊണ്ടായിരിക്കും സമുദ്രത്തിനിത്ര ചുണ!"

ലക്ഷ്മി:—"എന്തിനു പറയുന്നു? ദേവന്മാരും അസുരന്മാരുംകൂടി ഉള്ളതെല്ലാം കടഞ്ഞെടുത്തില്ലേ? ചന്ദ്രൻ ലക്ഷ്മി മുതലായ അമൂല്യനിധികളെ ദാനംചെയ്തു പാപ്പരായതാണു് സമുദ്രം. പക്ഷെ ദരിദ്രന്മാർക്കു് ദാനംചെയ്തതുകൊണ്ടായിരിക്കും ഇത്ര ഗർവ്വം. മഹാമഹിമശ്രീ, ശ്രീനിവാസയ്യർ അവർകൾ കടൽകരയിലെത്തിയിട്ടുണ്ടെന്നുള്ള അറിവു് ആഴിക്കു കിട്ടിയില്ലായിരിക്കും! അല്ലെങ്കിൽ കുറച്ചൊരു ബഹുമതിയെങ്കിലും കാണിക്കാതിരിക്കുമോ?"

ശ്രീനി:—"അതു ശരിതന്നെ. അതിനടങ്ങാത്ത ഗൎവ്വാണ്. അതിൻെറ പുത്രി ശ്രീ ലക്ഷ്മീദേവി കടൽപുറത്തുവന്നു നിൽക്കുന്നതു കണ്ടിട്ടാവാമിത്ര കോലാഹലം. ഈ സമുദ്രക്ഷോഭത്തിനിനിയും കാരണമുണ്ട്. എത്രപേർ ഇതിൽ വന്നു സ്നാനംചെയ്യുന്നു. സമുദ്രസ്നാനം പാപശമനമാണു പോൽ. പതിവ്രതാമണികളുടെ പാദരേണുക്കറം കലങ്ങുന്നതുമൂലമാണ് സമുദ്രത്തിനീശക്തി ലഭിച്ചിട്ടുള്ളതു്. ഇന്നു നീ വന്നതുമൂലം സമുദ്രത്തിനു് ശക്തി വർദ്ധിക്കുന്നു. അതും ഈ തിരയിളക്കത്തിനു കാരണമാണ്.

ലക്ഷ്മി:—"പക്ഷെ ഒരു തിരപോലും എൻെറ അടുത്തുവന്നില്ലല്ലോ! ഒരുതുള്ളി വെള്ളംപോലും എൻെറ ദേഹത്തു തെറിച്ചിട്ടില്ല. പ്രഹ്ലാദനെ ജലധിയിൽ കെട്ടിത്താഴ്ത്തിയപ്പോറം അവനെ കടൽ താങ്ങി രക്ഷിച്ചില്ലേ? പുണ്യശാലിയായ ആ കുമാരനെ രക്ഷിച്ചാൽ പാപമെല്ലാം നശിക്കുമെന്ന് സമുദ്രത്തിനറിയാമായിരുന്നു. അതുപോലെ താങ്കളുമിന്നു് വിജയിയായിരിക്കുന്നു. ഏകപത്നീവ്രതക്കാരൻ! രണ്ടാമതു ജനിച്ച ഭോജമഹാരാജാവു്! അതു മൂലമാണ് താങ്കളെ ഒന്നുതൊടുന്നതിനു് സമുദ്രമിത്ര വെമ്പൽ കൊള്ളുന്നതു്! ഒന്നു തൊട്ടു! ഇതാ തേൻകുടിച്ച നരിപോലെ തിരകറം ശാന്തമാകുന്നു!"

ഇങ്ങനെയുള്ള ചാടുലോക്തികളിൽ രസിച്ചിരിക്കെ പടയൊരുക്കി യുദ്ധത്തിനുവരുന്ന അരചനെപ്പോലെ ഒരു ഭയങ്കരതിരമാല അവരുടെ നേരേ ചീറി അടുത്തു. അവർ ജീവനുംകൊണ്ടോടി. വീണ്ടും കടലരുകിലെത്തിത്തിരകളുടെ പുറകെ ഓടിച്ചാടി വിനോദം വളർത്തി. കുറെക്കഴിഞ്ഞു് അവർ മണപ്പുറത്തു് വാശിവച്ചു് ഓട്ടം. ശ്രീനിവാസൻ ജില്ലിക്കെട്ടിലെക്കാളയാകും. ലക്ഷ്മി ചങ്കുറപ്പുള്ള കാളക്കാരനും. കാളയെ അവറം വിറളിപിടിച്ചോടിക്കും. അതോടുന്ന വഴിപിടിച്ച മർത്താൻ അവറം പാടുപെടും. ക്ഷീണിച്ചപ്പോറം അവറം ശ്രീനിവാസനെപ്പിടിച്ചരുകിലിരുത്തി.

ലക്ഷ്മി:—"കേൾക്കു സമുദ്രത്തിൻെറ ഇരമ്പൽ. ഈ ശബ്ദം നമ്മൾക്കൊന്നു ശ്രദ്ധിച്ചു കേൾക്കാം." ശ്രീനിവാസൻ അതു സമ്മതിച്ചു. അങ്ങനെ അല്പനേരം അവർ പൂർണ്ണ മൗനം കൈക്കൊണ്ടു് അടങ്ങി ഇരുന്നു.

സാഗരധ്വനി വിടപുരുഷന്മാരുണ്ടാക്കുന്ന കോലാഹലശബ്ദമല്ല. സ്ത്രീകളുടെ അഹങ്കാരാരവുമല്ല. അതു മനംമനക്കുന്ന വീണാനാദമോ പാവകളുടെ കളകളാരവമോ അല്ല. ആ ധ്വനിയിൽ വിനോദരസം അല്പവും കലർന്നിട്ടില്ല. നീണ്ടുനീണ്ടുപോകുന്ന ഒരു ശോകച്ഛായയാണതിനുള്ളതെങ്കിലും വിരഹവേദനയനുഭവിക്കുന്ന സതീരത്നത്തിൻേറയോ പുത്രനഷ്ടത്താലാധിപൂണ്ട പിതാവിൻേറയോ ശോകമല്ല അതിലുൾക്കൊള്ളുന്നതു്. പുലയവയററിൽ ജനിച്ചു് "തസ്മാൽ ജാഗ്രതജാഗ്രത" എന്നുപാടിക്കൊണ്ടു നടന്ന പുണ്യപുരുഷൻെറ ആത്മാനുഭൂതിയുടെ ധ്വനിവിശേഷത്തിനും "സുഖമററയീപ്പാഴുലകത്തിൽ ബന്ധുക്കളെയുംകൊന്നു് സുഖമനുഭവിക്കുവാനാശയില്ല" എന്നു പറഞ്ഞു് പടവില്ലു വലിച്ചെറിഞ്ഞ അർജ്ജുനശോകത്തിനും കടലൊലിയുമായി അടുത്ത സംബന്ധമുണ്ടു്. ആ സാഗരഗാനം നമ്മളുടെ ഹൃദയവേദിയിൽ കയറി ആത്മീയശാന്തത നൽകുന്നു.

ശ്രീനിവാസനും ലക്ഷ്മിയും ആ ഗാനം ചെവിനിറയെ കേട്ടുകൊണ്ടവിടെ ഇരുന്നു. അവരുടെ ആത്മജ്ഞാനത്താലും ഗുണവൈശിഷ്ട്യത്താലും ആധ്വനിയിലുള്ള പ്രപഞ്ചരഹസ്യങ്ങളെ മനസ്സിലാക്കുവാനവർക്കു സാധിച്ചു. "ആഹാ ജഗൽപിതാവിൻെറ മഹിമ!" എന്നറിയാതെ അവരുരച്ചു.

ലക്ഷ്മി:—"ഹാ! എന്തു ഗാംഭീര്യം! എന്തു വിസ്താരം! അതിലെത്രകോടി ജീവജാലങ്ങൾ നിവസിക്കുന്നു! അതുതന്നെ ഒരു പൂർണ്ണമായ ഭൂലോകമാണു്. രാത്രിയിലും വിശ്രമമില്ലല്ലോ!"

ശ്രീനിവാസൻ:—"ഭഗവാനു നിദ്രയുണ്ടോ! ഇതും അതുപോലെ തന്നെ സൃഷ്ടിക്കുന്നു, രക്ഷിക്കുന്നു, സംഹരിക്കുന്നു. നാം ഒടുവിൽ ഭഗവൽപാദത്തിങ്കലെത്തിച്ചേരുന്നതുപോലെ ഈ

അലകളും മഹാസമുദ്രത്തിൽ ലയിക്കുന്നു." ഈവിധം അദ്വൈതങ്ങൾ അവൻ പറഞ്ഞു.

ലക്ഷ്മി:—"ഈ വിധംതന്നെയാണ് മനുഷ്യനും. അവൻ ഓടുന്നു, ചാടുന്നു, പടവെട്ടുന്നു, ഒടുവിൽ ഒരു പിടിച്ചാരമായി മാറുന്നു. ഒരു ചെറുകാററ് അതും വാരിക്കൊണ്ടോടുന്നു. അതുകൊണ്ട് സർവ്വവും അവസാനിക്കുന്നു."

ശ്രീനിവാസൻ:—"ആഹാ, നീ വലിയ വേദാന്തിയായിപ്പോയല്ലോ! എന്നും പറഞ്ഞ് അവളുടെ കൈകൾ രണ്ടുംപിടിച്ച് മൃദുവായി മുഖത്തു ചുംബിച്ച്. പരിരംഭണംചെയ്തു. അങ്ങനെ ആനന്ദവിവശരായി അവർ വീട്ടിലേക്കു മടങ്ങി.

അവർ വീട്ടിലെത്തിയ പുറകെ തപാൽക്കാരനും അവിടെ എത്തി. മുത്തുസ്വാമി അയ്യർക്ക് ഒരു 'കമ്പി'കൊണ്ടുവന്നിട്ടുണ്ട്. അദ്ദേഹമാണെങ്കിൽ പുറത്തെവിടെയോ പോയിരിക്കുന്നു. അതിലെവാർത്ത അറിയുന്നതിന് കമലമ്മയ്ക്കു തിടുക്കമായി. അവൾ 'പുതുമാപ്പിള' യോടു പറഞ്ഞു "അദ്ദേഹമിവിടില്ലല്ലോ. കമ്പിയല്ലേവന്നിരിക്കുന്നത്. അതും ചെറുകുളത്തുനിന്നും. അതിനാൽ നീ അതു പൊളിച്ച് വായിക്കൂ. വിശേഷമറിയാമല്ലോ." പക്ഷെ ശ്രീനിവാസനു സംശയം, വേറൊരാൾക്കുവന്ന കമ്പി പൊട്ടിക്കുന്നതു ശരിയാണോ എന്ന്. അവൻ അതിനെപ്പററി ആലോചിക്കുകയാണ്. ഒടുവിൽ സ്ത്രീജനങ്ങളുടെ നിർബ്ബന്ധംമൂലം അതവൻ പൊട്ടിച്ചുവായിച്ചു.

# 22

## ദുർമ്മരണവും സഹോദരശോകവും

കമ്പി വായിക്കുന്നതുവരെ അവർക്കു പ്രാണനില്ലായിരുന്നു. അതു വായിച്ചുകൊണ്ടിരിക്കുമ്പോൾ മുത്തുസ്വാമി അയ്യരും വന്നു. അതിൽ "സുബ്രഹ്മണ്യം—അപായം—ഉടൻ എത്തുക." എന്നാണെഴുതിയിരുന്നതു്. മുത്തുസ്വാമി അയ്യർക്കു് സർവ്വാംഗവും തളർന്നു "ഹാ ദൈവമേ, അവൻ മാത്രമേയുള്ളു എനിക്കു്; അവനേയും കൊണ്ടുപോകുകയാണോ" എന്നു് വിങ്ങിക്കരഞ്ഞു. അവർ ജ്യേഷ്ഠാനുജന്മാർ രണ്ടുപേർ മാത്രമേയുള്ളു. അത്യന്ത സ്നേഹത്തോടെയാണാസഹോദരന്മാർ കഴിച്ചുവന്നതു്. ഒടുവിൽ കലഹകാരിണിയായി പൊന്നമ്മ പ്രത്യക്ഷപ്പെട്ടു് അവരുടെ സ്നേഹബന്ധം താറുമാറാക്കി എങ്കിലും ചെറുകുളത്തുനിന്നും വണ്ടികയറിയപ്പോഴേ ശുദ്ധഹൃദയനായ മുത്തുസ്വാമി അയ്യർ അക്കഥയെല്ലാം മറന്നിരിക്കുന്നു. അദ്ദേഹം വീണ്ടും പദംപെറുക്കും കരച്ചിലും തുടങ്ങി. "പാവം, അവനെന്തു ചെയ്യും? പാമ്പിൻെറ വായിലെ തവളപോലെയല്ലേ അവൻ ആ രാക്ഷസിയുടെ കൈയ്യിൽക്കിടന്നു പിടക്കുന്നതു്! അവൾ കോപിച്ചാൽ അവൻ വിറയ്ക്കും." അന്നു പകലെ നടക്കുവാനിറങ്ങിയപ്പോൾ സുബ്രഹ്മണ്യത്തിനെന്നും പറഞ്ഞു് ഒരു ബനാറീസു് പട്ടും മററു ചില സാധനങ്ങളും വാങ്ങിയിരുന്നതു് അദ്ദേഹത്തിൻെറ കൈയ്യിൽ ഇരിക്കുന്നതേയുള്ളു. ഈ വാർത്ത അറിഞ്ഞ ഉടൻ ആ കെട്ടു് അദ്ദേഹം വലിച്ചെറിഞ്ഞു. "ഹാ ദൈവമേ, എന്നെ ഇത്ര വളരെ പരീക്ഷിക്കുന്നതെന്തിനു്? എന്നാസഹോദരൻ വാവിട്ടുകരഞ്ഞു. കമലാമ്മാൾ ഭർത്താവിൻെറ അടുത്തുചെന്നിരുന്നു് കഴിയും വണ്ണം സാന്ത്വനവാക്കുകൾ പറഞ്ഞു ഭർത്താവിൻെറ ദുഃഖത്തിനു

ല്ലമാശ്വാസം വരുത്തി. അവൾ പറഞ്ഞു "സുഖക്കേടു കൂടുതലാണെന്നു മാത്രമേ എഴുതിയിട്ടുള്ളു. അതിനിങ്ങനെ ദു:ഖിച്ചാലോ. ദൈവം നമ്മളെ അത്ര അധികം ദു:ഖിപ്പിക്കുകയില്ല. അദ്ദേഹത്തിൻെറ കരുണയിൽ വിശ്വസിക്കു. കരയാതെയിരിക്കു. കരയുന്നതു ദുർബ്ബലഹൃദയന്മാരല്ലേ? കുറെ ഒക്കെ സമാധാനം വേണ്ടേ. അങ്ങു് കരഞ്ഞാൽ ഞാനും ലക്ഷ്മിയും എന്തുചെയ്യും?" ഈവിധം ദു:ഖം മാററുന്നതിനു് അവൾ അതിയായി പ്രയത്നിച്ചു.

ചെറുകുളത്തു് നമ്മൾക്കൊന്നു പോയിനോക്കാം. നേരം പാതിരാകഴിഞ്ഞിരിക്കും. നാടാകെ നിശ്ശബ്ദതയിലാണ്ടു. അന്നു് കറുത്ത വാവുമാണു്. സുഖനിദ്രയിൽ ആ ഗ്രാമം ലയിച്ചു. കണ്ണിൽ കുത്തിയാൽ അറിയാത്ത ഇരുട്ടു്! ഭീമാകാരന്മാരായ പിശാചുക്കൾപോലെ കൂററൻമരങ്ങൾ നിശ്ചലമായി രാത്രിയുടെ ഭയങ്കരത വർദ്ധിപ്പിച്ചു. സുബ്രഹ്മണ്യയ്യരുടെ വീട്ടിൽ മാത്രം ഒരു ചെറുവിളക്കു് നിന്നെരിയുന്നുണ്ടു്. അതിനരുകിലായി അയാൾ കിടപ്പുണ്ടു്. അയാളുടെ കൈകാലുകൾ കോച്ചി വലിക്കുന്നു. ശരീരം ഞെളിപിരികൊള്ളുന്നു. തല ഇരുവശങ്ങളിലേക്കുമുരുളുന്നു. കണ്ണുകൾ ഭയംതോന്നിപ്പിക്കുമാറു് വീർത്തിട്ടുണ്ടു്. അതിൽ മിഴികൾ മേലോട്ടു കയറുന്നു. വായ് കോടിവലിയുന്നു, പാവം! അയാൾ പെടുന്ന പാടു്! നരകവേദനയനുഭവിക്കുകയാണെന്നാരും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല.

അയാളുടെ അരികിലായി പതിവ്രതാശിരോമണിയായ പൊന്നമ്മ ഭർത്താവിൻെറ കൈപിടിച്ചു് സാവധാനമമർത്തിക്കൊണ്ടിരിക്കുന്നു. അവൾക്കടക്കാൻ പാടില്ലാത്ത വേദനയോടെ രോദനംചെയ്തു "എടി പാവി, കുടി കെടുത്തിയല്ലോ, രാക്ഷസി! നശിപ്പിച്ചുവല്ലോ, ചണ്ഡാലി! കൊന്നല്ലോ. ദ്രോഹി! ഇതിനാണോ ഞാൻ കല്യാണം കഴിച്ചതു്! എന്തു മരുന്നു് ഉരുട്ടി ഉരുട്ടി വിഴുങ്ങി. സുന്ദരത്തിനു് കല്യാണം കഴിക്കണ്ടേ! കുട്ടികൾക്കു് ബാക്കി കാര്യങ്ങൾ ആരുനോക്കും. അയ്യോ, പ്രാണനിപ്പോൾ പോകുമെന്നു തോന്നുന്നേ, ദൈവമേ! ഹാ! മിണ്ടാനും മേലാതായല്ലോ." എന്നുംപറഞ്ഞവളലച്ചുതുടങ്ങി. സുബ്രഹ്മണ്യയ്യർ ഒന്നു ഞെട്ടി. അയാൾ അടുത്തിരിക്കുന്ന ഭാര്യയുടെ കൈകൾ

രണ്ടും ബലമായിപ്പിടിച്ചുകൊണ്ടു് എഴുന്നേററു. പിന്നെ വിറക്കുന്നതുപോലെ വിറച്ചുംകൊണ്ടു് ആ കിടക്കയിൽ ഒരു ഞൊടിക്കുള്ളിലാരോഗി ഇരുന്നു. കണ്ണുകൾ ഭയങ്കരമായി മിഴിച്ചിരുന്നു. അയാളുടെ തലമുടി അഴിഞ്ഞു മുഖത്തു ചിന്നിച്ചിതറിക്കിടക്കുന്നു. പല്ലുകൾ കടിച്ചു ഞെരുക്കി മുഖം വലിഞ്ഞു വികൃതമായിട്ടാണയാളുടെ കോലം. ആ ഭയങ്കരരൂപം നോക്കി പൊന്നമ്മ വിറച്ചു. അവളുടെ ചെവികളിൽ അടുത്ത നിമിഷം മുഴങ്ങി "ദ്രോഹീ! കൊലയാളീ, ചണ്ഡാലീ" എന്നു്. അയാൾ ഒരു കൈപൊക്കി അവളുടെ മുഖത്തടിച്ചു. അവൾ ഭയംകൊണ്ടു് കൂച്ചിവിറച്ചു. ഭർത്തൃമുഖം നോക്കുവാൻപോലും അവൾ ധൈര്യപ്പെട്ടില്ല. എന്തോ പറയുവാനായി അയാൾ വാപൊളിച്ചു. പക്ഷെ ശബ്ദം പുറത്തുവരുന്നതിനു മുമ്പു് അയാൾ പുറകോട്ടു മറിഞ്ഞു. ചിത്തവിഭ്രമംമൂലം എന്തു ചെയ്യേണ്ടു എന്നറിയാതെ അവർ ഉറക്കെക്കരഞ്ഞു. അവൾ പാലിൽ കൊടുത്ത മരുന്നാണീ വിപത്തെല്ലാമുണ്ടാക്കിയതെന്നവൾക്കു നല്ലതുപോലറിയാം. അയാൾ എഴുന്നേററിരുന്നവൾക്കിട്ടുകൊടുത്ത അടി മരണംവരെ മായാത്ത പാടാണവൾക്കു സമ്മാനിച്ചിരിക്കുന്നതു്. തൻെറ ഭർത്താവിനു സ്വന്തം കൈകൊണ്ടുതന്നെ കൊടുത്ത വശ്യമരുന്നു് തനിക്കുതന്നെ വിനകൾ ചെയ്യുമെന്നവൾ സംശയിച്ചിരുന്നില്ല.

കഷ്ടം! ഭർത്താവിനെ വശീകരിക്കുവാൻ മരുന്നുകൊടുത്തു് എത്ര പെണ്ണുങ്ങൾ അവരുടെ ഭർത്താക്കന്മാരെത്തന്നെ കൊലക്കു കൊടുത്തിട്ടില്ല! വശ്യമരുന്നു പ്രയോഗംമൂലം എത്ര എത്ര പുരുഷന്മാർ, മുഴുഭ്രാന്തന്മാരായിത്തീർന്നിട്ടില്ല! ഒരു പെണ്ണു് അവളുടെ കൈകൊണ്ടുതന്നെ തൻെറ ഭർത്താവിനു് വിഷം കൊടുക്കുന്ന കാര്യം ചിന്തിക്കാൻപോലും വിഷമം. അനന്തരഫലങ്ങളെച്ചിന്തിക്കാതെ ഈ വിധ പൈശാചികപ്രവൃത്തികൾ ചെയ്യുന്ന ദുഷ്ടപ്പെണ്ണുങ്ങൾ വിഷമരുന്നുമായി ഭർത്തൃസന്നിധിയിലെത്തുമ്പോൾ ദയവുചെയ്തു പതിവ്രതാമണിയായ ശ്രീമതി പൊന്നമ്മയെ ഒന്നു സ്മരിക്കണം. എന്നിട്ടുമാമരുന്നു കൈയ്യിൽനിന്നു വഴുതി താഴെപ്പോകുന്നില്ലാ എങ്കിൽ അവൾ ഒരു സ്ത്രീരത്നം തന്നെ!

പുറകോട്ടു മറിഞ്ഞ സുബ്രഹ്മണ്യയ്യർ മൂർച്ഛിച്ചു കിടക്കുന്നു. പൊന്നമ്മ തനിയെ ഇരുന്നു കരയുന്നുണ്ട്. എന്തു ചെയ്യണമെന്നവർക്കു് ബോധമില്ല. അവർക്കും ചിത്തഭ്രമമാണു്. സുബ്രഹ്മണ്യയ്യരുടെ പ്രഹരം അവളുടെ സ്ഥിരബുദ്ധിയെ ഛിദ്രിപ്പിച്ചുകളഞ്ഞു. ഒരു നാലു നാഴിക സുബ്രഹ്മണ്യയ്യർ ആ കിടപ്പിൽ കിടന്നു. അതുകഴിഞ്ഞു ബോധം വീണു. അയാൾ അതിരൗദ്രനായിപ്പല്ലുകടിച്ചു് അടുത്തിരിക്കുന്ന ഭാര്യയെനോക്കി കണ്ണുരുമിഴിച്ചു് ക്ഷീണനായി അലറി "നീ ഒരു സ്ത്രീ ആയിരിക്കുമെന്നു് ഞാൻ വിശ്വസിച്ചുപോയി. നീ എന്റെ കാലനായി; അതെ എന്റെ കാലനായി. ഹാ! ഹാ! നീ എന്നെ സുഖിപ്പിച്ചില്ലേ! അതിനു് മുതലും പലിശയുമാണെന്റെ ജീവൻ; അല്ലേ? നീ അതുകൊണ്ടു തൃപ്തിപ്പെട്ടുമോ? ദ്രോഹി! (പല്ലുകടിച്ചു്) നീ വിജയഭാവത്തിൽ പൊയ്ക്കോ. ഈ ജന്മത്തോടെ നമ്മൾ പിരിഞ്ഞിരിക്കുന്നു! ഞങ്ങൾ രണ്ടു സഹോദരന്മാരേയുള്ളു. നീ അതിനു നടുവിൽ ചാടി ഞങ്ങളെ അകററി. ദുഷ്ടേ! അയ്യയ്യോ! എനിയ്ക്കെന്റെ അണ്ണനെക്കാണണമല്ലോ. എനിക്കു ചേട്ടനെക്കാണണം. കാണണം!! കമ്പി അടിച്ചു് അദ്ദേഹത്തെ വരുത്തണം." ഇതിനിടയിൽ മുത്തുസ്വാമി അയ്യർക്കുള്ള കമ്പി പോയിക്കഴിഞ്ഞിരിക്കുന്നു.

"ചേട്ടൻ എപ്പോൾ വരും? സുബ്രഹ്മണ്യയ്യർ മണിക്കുറിനു് മണിക്കുറിനു് ചോദിക്കും. അടുത്ത ദിവസത്തേക്കു് രോഗം വർദ്ധിച്ചു. വയററുവേദനയും കൈകാൽകൾ കോച്ചും അസഹ്യമായിത്തീർന്നു. അയാൾ കിടന്നുരുളുകയാണു്. ചെറുകുളംവാസികൾ എല്ലാം ആ വീട്ടിലുണ്ടു്. ചിലർ കൈകാൽ തിരുമ്മുന്നു. ചിലർ മരുന്നു കൂട്ടുന്നു; ചിലർ വീശുന്നു; രോഗിയുടെ 'പരാക്രമം' കണ്ടു ചിലർ കരയുന്നുണ്ടു്; വന്നുകൂടിയ പെണ്ണുങ്ങളിൽ ചിലർ പൊന്നമ്മയെ സമാധാനിപ്പിക്കുന്നുമുണ്ടു്; ഇങ്ങനെ അവിടെ വലിയ ബഹളംതന്നെ.

സുബ്രഹ്മണ്യയ്യർക്കു് രോഗം നിമിഷംപ്രതി കൂടിക്കൊണ്ടിരുന്നു. "ചേട്ടൻ വന്നോ?" എന്നയാൾ ഓരോ സെക്കൻഡിലും ചോദിക്കും.

മുത്തുസ്വാമി അയ്യർ തീവണ്ടിയിൽ വന്നിറങ്ങിയാൽ അക്ഷണം കൊണ്ടുപോരുന്നതിന്ന് തീവണ്ടിയാപ്പീസിൽ കുതിരവണ്ടി തയാറായിക്കിടപ്പുണ്ട്. 'ജീവിക്കുന്ന കാര്യം പ്രയാസം' എന്ന് നാട്ടുകാർ തമ്മിൽ തമ്മിൽ മന്ത്രിച്ചു. എല്ലാവരും അത്യാർത്തിയോടെ മുത്തുസ്വാമി അയ്യർ വരുന്നോ എന്ന് കൂടെക്കൂടെ വഴിയിലേക്കു നോക്കിത്തുടങ്ങി. രോഗിക്ക് ശബ്ദം താണുതുടങ്ങി. 'ചേട്ടൻ വന്നോ' എന്നു ചോദിക്കുമ്പോൾ മാത്രം തല സാവധാനം അയാൾ അനക്കും. കേട്ടുനിൽക്കുന്നവരെന്തു പറയും? 'വരാൻ സമയമായി' എന്നവർ സമാധാനിപ്പിക്കും. ഒരു നിമിഷം കഴിഞ്ഞു തല ഒന്നു പൊക്കി വീണ്ടും ചോദ്യം "എന്റെ ചേട്ടൻ വന്നോ?" അവർ പറയും "ഇപ്പോൾ വരും. കുറച്ചുടങ്ങിക്കിടക്കൂ. റാന്തലുംകൊടുത്തു് ആളയച്ചിട്ടുണ്ട്." പൊങ്ങിയ തല ഒരു വശത്തേക്കു വീഴും. വീണ്ടും പൊക്കും; വീണ്ടും അതു താഴും.

ഇങ്ങനെ ഇരിക്കുമ്പോൾ മുത്തുസ്വാമി അയ്യർ വന്നു എന്നുള്ള വാർത്ത ആ ജനക്കൂട്ടത്തിൽ പരന്നു. നാലുമൈലകലെയുള്ള വണ്ടി ആപ്പീസിൽ അദ്ദേഹത്തെക്കാത്തു ആളുകൾ നില്പുണ്ട്. അവർ മുമ്പേറായി വിശേഷം അറിയിക്കാൻ പാഞ്ഞെത്തി: വണ്ടിയിൽ കയറിയ മുത്തുസ്വാമി അയ്യർക്ക് പരിഭ്രമമാണ്. "വേഗം, വേഗം, ഓട്ടത്തിൽതന്നെ വിട്" എന്നിങ്ങനെ അദ്ദേഹം വണ്ടിക്കാരനു നിർദ്ദേശം കൊടുത്തുകൊണ്ടിരുന്നു. വീടിനു് ഒട്ടടുത്തപ്പോൾ അദ്ദേഹം താഴെയിറങ്ങി വീട്ടിലേക്ക് ഓട്ടമായി. ആളുകൾ തിക്കിത്തിരക്കി അദ്ദേഹത്തെ നോട്ടമാണ് "ഇതാ വരുന്നു....ആ വളവു തിരിഞ്ഞു....ചന്തയിൽ എത്തി....ദാ....കാണാറായി....ഓടുകയാണ്. ഒരു നിമിഷത്തിനകം വരും" എന്നെല്ലാം അവർ പറയുന്നുണ്ട്. മുത്തുസ്വാമി അയ്യർ വന്നുകഴിഞ്ഞു. ഓടി വിയർത്തു് ശ്വാസക്കിതപ്പോടെ! പടിക്കലെത്തിയപ്പൊഴെ അദ്ദേഹം വിളിച്ചു "സുബ്രഹ്മണിയം, സുബ്രഹ്മണീ". അദ്ദേഹം ഇരുപുറം നോക്കാതെ രോഗിയുടെ അടുക്കലേക്കു പാഞ്ഞു. "കുഞ്ഞേ, സുബ്രഹ്മണിയാ, സുബ്രഹ്മണിയാ" വിവശനായ സഹോദരൻ അനുജനെ കൈയ്യിലെടുത്തു മാറോടു ചേർത്തു് കെട്ടിപ്പിടിച്ചു. അനിയന്ത്രിതമായി ഒഴുകിയ ബാഷ്പധാര രോഗിയെ അഭിഷേ

കംചെയ്തു. സംസാരിക്കുവാൻ ശക്തിയില്ലാതെ കിടന്ന രോഗിക്കു ജീവചൈതന്യം വന്നു. അയാൾ അണ്ണനെപ്പിടിച്ചുംകൊണ്ടു് മൃദുസ്വരത്തിൽ പറഞ്ഞു "എൻെറ അണ്ണൻ വന്നു! ചേട്ടാ ഞാൻ മരിച്ചുപോകും. ഞാൻ ചേട്ടനോടു വളരെ അപരാധങ്ങൾ പ്രവർത്തിച്ചുപോയി; അവയെല്ലാം മറന്നുകളയണം. ചേട്ടാ എന്നോടു ക്ഷമിക്കണം! കുഞ്ഞുങ്ങളെക്കൂടെ നോക്കണം. എൻെറ സർവ്വ ചുമതലയും വിട്ടു. അയ്യോ ചേട്ടാ ചേട്ടൻെറ മുഖം കാണട്ടെ. (മുഖം പിടിച്ചു നേരെയാക്കി പരസ്പരം നോക്കിക്കൊണ്ടു്) അയ്യോ, പാപം! ആ ദ്രോഹിയുടെ തലയിണമന്ത്രം കേട്ടു ഞാനങ്ങയെ വെറുത്തു. ചേട്ടനെ ഞാൻ ദ്രോഹിച്ചു. അതെല്ലാം എൻെറ പൊന്നു ചേട്ടൻ മറക്കണം. നാം മുമ്പു ഇരുന്ന നിലയേ ഓർമ്മിക്കാവൂ. അണ്ണാ! ഞാൻ വിട്ടുപിരിയുവാൻ പോകുകയാണു്. അയ്യയ്യോ! ഹാ വേദന." മുത്തുസ്വാമി അയ്യർ മനംപൊട്ടിക്കരഞ്ഞു. കണ്ടുനിന്നവർക്കു്പോലും സഹിക്കരുതാതെയായി. അവരുടേയും കണ്ണുകൾ നിറഞ്ഞു.

കുറച്ചു സമയം കഴിഞ്ഞു സുബ്രഹ്മണിയയ്യർ വീണ്ടും സഹോദരനെ നോക്കിപ്പറഞ്ഞു "അയ്യോ അണ്ണാ! എൻെറ അച്ഛനും, അമ്മയും, ജ്യേഷ്ഠനും എല്ലാം അങ്ങുതന്നെ. ഞാൻ ചേട്ടനെ വിട്ടുപിരിയാൻ പോകയാണു്. അയ്യോ....സഹിക്കാൻ വയ്യേ ....ഞാൻ പോകുന്നതോർത്തു് 'കുഞ്ഞേ! കുഞ്ഞേ' എന്നും പറഞ്ഞു നിലവിളിക്കുന്നല്ലോ! കരയാതിരിക്കു, ചേട്ടാ." മുത്തുസ്വാമി അയ്യരുടെ സഹനശക്തി അററു. ശോകാവേശത്താൽ അദ്ദേഹമുലഞ്ഞു. ഇതുവരെ അടക്കിനിർത്തിയിരുന്ന ഹൃദയഭാരം പൊട്ടി "അയ്യയ്യോ, കുഞ്ഞേ, ഞാനിങ്ങനെയാണല്ലോ നിന്നെ വന്നു കാണാനിടയായതു്! ഞാനിതിനാണോ വന്നതു്. ഹാ ദൈവമേ, നിനക്കിതു ധർമ്മമാണോ?" അദ്ദേഹം വാവിട്ടു കരഞ്ഞു. കമലമ്മയും ലക്ഷ്മിയും ശ്രീനിവാസനും ഒരു മൂലയിൽ നിന്നു് വിങ്ങിപ്പൊട്ടുകയാണു്. പൊന്നമ്മ മാത്രം കരയുന്നില്ല. അവൾക്കു് ചിത്തഭ്രമമാണെന്നു തോന്നുന്നു. അവൾ എന്തൊ

ക്കെയോ തന്നെത്താൻ പൊറുപൊറുക്കുന്നുണ്ടു്. ആരെങ്കിലും അയ്യോ കഷ്ടം, ഇവൾക്കിങ്ങനെ വന്നല്ലോ എന്നു പറഞ്ഞാൽ ഒന്നും മനസ്സിലാക്കാത്ത ഭാവത്തിൽ അവൾ നിൽക്കും. ഒട്ടു കഴിഞ്ഞാൽ "ഏ. ഏ. എന്താണു പറഞ്ഞതു്! എന്തു പൂജ ചെയ്യുന്നോ അതിന്റെ ഫലം കിട്ടും" എന്നവൾ പറയും.

സുബ്രഹ്മണ്യയ്യർ ചേട്ടന്റെ കൈകൾക്കുള്ളിൽക്കിടന്നു് കണ്ണുനീർ വാർത്തു് മൃതി അടഞ്ഞു. മുത്തുസ്വാമി അയ്യർ ബോധംകെട്ടു മറിഞ്ഞു. നാട്ടു മുഴുവൻ കരഞ്ഞു. സഹോദരന്റെ അനന്തരകർമ്മങ്ങളെല്ലാം മുത്തുസ്വാമി അയ്യർ വിധിപോലെ നടത്തി.

# 23
## ദ്രവ്യനഷ്ടവും വേർപാടും

ഇങ്ങനെ സുബ്രഹ്മണ്യയ്യരുടെ ചരിത്രം അവസാനിച്ചു. അവർ ജ്യേഷ്ഠാനുജന്മാർ തമ്മിൽ അകമഴിഞ്ഞ സ്നേഹമാണുണ്ടായിരുന്നതു്. അതു് അഭംഗുരം നെടുനാഠം നിലനിൽക്കുവാൻ വിധി അനുവദിച്ചില്ല. നേരത്തെതന്നെ ജീവിതത്തോടു വിരക്തി തോന്നിത്തുടങ്ങിയിരുന്ന മുത്തുസ്വാമി അയ്യർ പറയും മനുഷ്യന്നു് തിന്മയേക്കാഠം മെച്ചം നന്മയാണെന്നു്. ഈവിധമായ ആപത്തുകഠം ഒന്നിച്ചുവരുന്നതു് ഈശ്വരൻതന്നെപ്പരീക്ഷിക്കുവാനായി ചെയ്യുന്നതാണെന്നു് അദ്ദേഹം ചിലപ്പോഠം ചിന്തിക്കാറുണ്ടു്. ആ പരീക്ഷകളിൽ വിജയിക്കുന്നതിനു് അദ്ദേഹം ഹൃദയത്തെ പരിശീലിപ്പിക്കുന്നുമുണ്ടു്. "ഈ തള്ളയും പിള്ളയും, അനുജനും, ചേട്ടനും ഒക്കെ ആരുടെ? എൻെറ എന്നു് വെറും തോന്നൽമാത്രം. കടൽതിരയിലെ വെറും പത. ഒരു കാററിൽ അവ ഒന്നിച്ചുകൂടി സ്വല്പസമയംനിന്നു എന്നുവരാം. അടുത്ത നിമിഷം അവ ഛിന്നഭിന്നമായി അനന്തമായ ആഴിപ്പരപ്പിൽ അകന്നു മറയും. ഇതുപോലെതന്നെ ലോകത്തിൽ ബന്ധുക്കളും മിത്രങ്ങളുമെല്ലാം." ഈവിധ വേദാന്തചിന്തകളിൽ ചിലപ്പോഠം മനമുറയ്ക്കും. പക്ഷെ നിയതി അദ്ദേഹത്തെ ഒരു കേരളീകന്ദുകമാക്കി. ഒഴിച്ചുകൂടുവാൻ വയ്യാത്ത സംസാരബന്ധങ്ങളും ജീവിതധർമ്മങ്ങളും അദ്ദേഹത്തിൻെറ വേദാന്തവിചാരങ്ങഠംക്കു് പ്രതിബന്ധം സൃഷ്ടിച്ചു. അനുജൻെറ അന്തിമപ്രാർത്ഥന അദ്ദേഹമനുഷ്ഠിക്കാതിരിക്കുന്നതെങ്ങനെ? സുന്ദരത്തിനെ പഴയതിലും കൂടുതൽ വാത്സല്യമായി അദ്ദേഹം വളർത്തി. അവൻെറ വിദ്യാഭ്യാസത്തിലും മററും കൂടുതലായ ശ്രദ്ധ അദ്ദേഹം ചെലുത്തി. പൊന്നമ്മയുടെ സുഖസ്ഥിതിവർത്തമാനങ്ങഠം അന്വേഷിച്ചു് ആ വീട്ടിൽ വേണ്ട സർവ്വ കാര്യങ്ങളും നോക്കി അനുജൻെറ അപേക്ഷ അക്ഷരംപ്രതി അദ്ദേഹം നിർവ്വഹിച്ചുപോന്നു.

പൊന്നമ്മയുടെ അമ്മ ഇപ്പോഴും ജീവിച്ചിരിക്കുന്നു. ആ അമ്മ, മകളേക്കാൾ ഗുണവതിയാണു്. ശങ്കരി എന്നാണു് പേരു്. അവൾ തൊട്ട കാര്യമൊന്നും നേരെയായിട്ടില്ലാ എന്നു പ്രസിദ്ധിയുണ്ടു്. സുബ്രഹ്മണ്യയ്യർ മരിച്ച വാർത്തയറിഞ്ഞയുടൻതന്നെ മകളുടെ സഹായത്തിനായി അവൾ പാഞ്ഞെത്തി. വന്നു് നാലഞ്ചു ദിവസങ്ങൾക്കകം സുബ്രഹ്മണ്യയ്യരുടെ അപാരമായ സ്വത്തിന്റെയെല്ലാം 'ദിവാൻ റീജൻറാ'യി അവൾ ഭരണം തുടങ്ങി. അന്നുമുതൽ അവളുടെ വീട്ടുകാർക്കെല്ലാം സുഭിക്ഷതയും വന്നു. ഒന്നിനുപുറകെ ഒന്നായി അവളുടെ ബന്ധുക്കൾ കുടുംബസഹിതം ചെറുകുളത്തിനു വരവായി. ഒരു മാസം രണ്ടു മാസം മൂന്നുമാസം എന്ന അനിശ്ചിതഅവധിവച്ചു് അവർ പൊന്നമ്മയുടെ വീട്ടിൽ താമസവും തുടങ്ങി. അനുജന്റെ സ്വത്തെല്ലാം ഇപ്രകാരം അവൾ നശിപ്പിക്കുന്നതു മുത്തുസ്വാമി അയ്യർക്കു് സഹിക്കാതെയായി. പിള്ളയില്ലാത്ത സ്വത്തല്ലാ അതെന്നു് അദ്ദേഹം അവളെ ഗുണദോഷിച്ചു. പക്ഷെ അവൾ അദ്ദേഹത്തിനോടു യുദ്ധത്തിനു് അരയും തലയും മുറുക്കുകയാണു ചെയ്തതു്. ആ രാക്ഷസിയുമായി പടവെട്ടാനുള്ള മടികൊണ്ടു് ആ വീട്ടിലെക്കാര്യങ്ങളിൽ അദ്ദേഹത്തിനുള്ള ശ്രദ്ധ കുറഞ്ഞു. ആ വീട്ടിലെക്കാര്യങ്ങൾ സംബന്ധിച്ചു് മുത്തുസ്വാമി അയ്യർ കൊടുക്കുന്ന ഓരോ 'ഉത്തരവും' അവൾ 'അപ്പീൽ' കേട്ടു് മാററി വിധിച്ചുവന്നു. സുന്ദരത്തിനെ അദ്ദേഹം അതിയായി സ്നേഹിച്ചുപോന്നു എന്നു നമ്മൾക്കു നേരത്തേതന്നെ അറിവുള്ളതാണല്ലൊ. ഇടക്കാലത്തു് അതിനല്പം വാട്ടംതട്ടി എങ്കിലും സുബ്രഹ്മണ്യയ്യരുടെ മരണാനന്തരം അതു പതിന്മടങ്ങായി വർദ്ധിച്ചു. അതു് ശങ്കരിക്കു് സഹിക്കുന്നില്ല. വല്ല്യച്ഛന്റെ അടുക്കൽ പോയിക്കൂടാ എന്നവൾ സുന്ദരത്തിനെ നിർബ്ബന്ധമായി വിലക്കി. അമ്മൂമ്മയുടെ അടി പേടിച്ചു് അവൻ അങ്ങോട്ടുനോക്കുകപോലുമില്ലാതായി. അനുജന്റെ സ്വത്തിനു് വന്നുകൊണ്ടിരിക്കുന്ന നാശവും അവിടെ നടക്കുന്ന അനീതിയും കണ്ടു് അതു തടയുവാൻ കഷ്ടപ്പെടുന്നതിനേക്കാൾ ആത്മഹത്യയോ അല്ലാത്തപക്ഷം സന്യാസമോ ആണു് നല്ലതു എന്നു് മുത്തുസ്വാമി അയ്യർക്കു് തോന്നാറുണ്ടു്,

അദ്ദേഹത്തിനുണ്ടായ ഈ വിമുഖത വൈരാഗ്യമായി കമലമ്മയോടും പ്രദർശിപ്പിച്ചു തുടങ്ങി. ഭർത്തൃശുശ്രൂഷയിലുള്ള നിഷ്ഠമൂലം പുത്രദുഃഖംപോലും ആ സാധ്വി മറന്നിരുന്നു. ഈയ്യിടെയായി അവൾ ഏതുവിധമൊക്കെ ഉപചരിച്ചാലും അദ്ദേഹത്തിന് ഉദാസീനതാഭാവമാണ്. ഭർത്താവിന്റെ പ്രേമം മാത്രമാണ് തനിക്കാധാരം എന്നു കരുതുന്ന ഒരു സ്ത്രീയാണ് കമലം. ആ പ്രേമവും നഷ്ടപ്പെടുന്നു എന്നവൾക്ക് തോന്നി. അദ്ദേഹത്തിനു സന്യസിക്കുവാനുള്ള ആഗ്രഹം വർദ്ധിച്ചു വരുന്നതവൾ കണ്ടു. കമലമ്മയെ തനിയെ വിട്ടിട്ടുപോകുവാൻ അദ്ദേഹത്തിനു സമ്മതമില്ല. പിന്നെന്തുചെയ്യും? തന്റെ ആ നല്ല കാര്യത്തിനു വിലങ്ങുതടിയായി നിൽക്കുന്നതു ഭാര്യയാണല്ലോ എന്നുള്ള വിചാരവുമദ്ദേഹത്തിനുണ്ട്. അതിനാൽ കമലമ്മയോടു മുത്തുസ്വാമി അയ്യരുടെ പെരുമാററം വലിയ അലക്ഷ്യഭാവത്തിലായി. ഭർത്താവിന്റെ ഈ ക്രൂരതകണ്ടു് ആ സതിയുടെ ഹൃദയം നീറിനീറിപ്പുകഞ്ഞു. അവൾക്ക് ഗൃഹകൃത്യങ്ങളിലുള്ള കൂറു കുറഞ്ഞു് ഏകാകിനിയായി തന്റെ മുറിയിലിരുന്ന് അവർ സദാ തീതിന്നുവാണു. "ഓ അവളുടെ സ്നേഹം; മണ്ണാങ്കട്ട. എന്റെ ശബ്ദം കേട്ടാൽ ഓടി ഓടി വന്നുകൊണ്ടിരുന്ന ആ കഴുത പോയൊളിച്ചല്ലോ. ഇതാണ് ലോകം. എന്തായാലും നന്നായി. എനിക്കു സമാധാനമായി സന്യാസം സ്വീകരിക്കാമല്ലോ" ഇപ്രകാരം മുത്തുസ്വാമി അയ്യർ അടിക്കടി പറഞ്ഞുകൊണ്ടിരുന്നു.

ഇങ്ങനെ ഇരിക്കെ അദ്ദേഹത്തിന് ബോംബേയിൽനിന്നും ഒരെഴുത്തുവന്നു. മുത്തുസ്വാമി അയ്യർ ചെന്നൈപുരത്തിൽ താമസിച്ചിരുന്നകാലത്തു ഒരു വലിയ വ്യാപാരത്തിൽ പങ്കുചേർന്നു. ആദ്യകാലത്തു് അതിനു ലഭിച്ചുവന്ന അത്യധികമായ ലാഭത്താൽ തന്റെ മുഴവൻ സ്വത്തുക്കളും കച്ചവടത്തിലിറക്കി. ആ വ്യാപാരത്തിന്റെ ഹെഡ്ഡാഫീസ് ബോംബേയാണ്. അതു സംബന്ധിച്ച അശുഭവാർത്തയും കൊണ്ടാണ് എഴുത്തുവന്നതു്. കച്ചവടം തീരെ നഷ്ടത്തിൽ കലാശിച്ചിരിക്കുന്നുവെന്നും മിക്കവാറും കമ്പനിതന്നെ പൊളിഞ്ഞുപോവാനിടയു

ണ്ടെന്നും അതിനാൽ എഴുത്തുകിട്ടിയാലുടൻ ചെന്നു ചേരണ മെന്നുമാണതിലെവാർത്ത. അദ്ദേഹം തന്നെത്താൻ സമാധാനിച്ചു "വരുന്നതെല്ലാം വരട്ടെ. ചെയ്യുതെല്ലാം അനുഭവിച്ചേതീരൂ. ഛെ പണമെല്ലാം പോയല്ലോ! കൊള്ളാം നല്ലതുതന്നെ. പോയതെല്ലാം പോകട്ടെ." എന്നു്. ഭാര്യയെ വിളിച്ചു് അദ്ദേഹം പറഞ്ഞു "എടിയേ, നീ വല്ല അവലിടിച്ചും പിഴച്ചുകൊള്ളണം. ഞാൻ പോകുന്നു." ആ എഴുത്തു് അവൾക്കെറിഞ്ഞുകൊടുത്തിട്ടു് പോക്കിനുള്ള ഒരുക്കങ്ങളിൽ അദ്ദേഹം വ്യാപൃതനായി.

അവൾ എഴുത്തു വായിച്ചിട്ടു് ഭർത്താവിൻെറ കൈയ്യിൽ പിടിച്ചു കരഞ്ഞുനിന്നു. അവളെ ഉതറി എറിഞ്ഞിട്ടു് അദ്ദേഹം കോപാധീനനായിപ്പുലമ്പിച്ചു "പണം പോയല്ലോ എന്നു വിചാരിച്ചു കരയുന്നു! മേലിൽ ഞാനാരു്, നീ ആരു്? ഞാൻ വെറും ഏഴ. നീ എവിടെ വേണമെങ്കിലും പോകുന്നതിനു വിരോധമില്ല. പണമുണ്ടെങ്കിൽ ഭാര്യയുമുണ്ടു്; കുട്ടികളുമുണ്ടു്; മറെറല്ലാമുണ്ടു്. നെയ്ക്കുടത്തിലെ എറുമ്പുകൾ!" അവൾ വീണ്ടും വന്നു് ഭർത്തൃകരങ്ങളെപ്പിടിച്ചുകൊണ്ടു് അടർന്നു വീഴുന്ന കണ്ണുനീരിൽക്കൂടെച്ചോദിച്ചു. "അയ്യോ കഷ്ടം. ഞാനെന്തപ്രിയമാണു് അറിഞ്ഞും അറിയാതെയും ചെയ്യിട്ടുള്ളതു്? അങ്ങു് എന്നെ വിട്ടുപിരിഞ്ഞാൽ എനിക്കു പിന്നെ ഗതി എന്തു്? എൻെറ അച്ഛനും, അമ്മയും, ഭർത്താവും ജ്യേഷ്ഠാനുജന്മാരും എല്ലാം അങ്ങു് ഒരാൾ മാത്രമാണു്. ഭർത്താവാണെൻെറ ദൈവം. പറയൂ! ഞാനെന്തപരാധമാണു് പ്രവർത്തിച്ചതു്? എന്തുചെയ്യാലും എന്നെ ശിക്ഷിക്കരുതോ? അതിനവിടത്തേയ്ക്കു സർവ്വാധികാരമുണ്ടല്ലോ. എൻെറ കഴുത്തു വെട്ടിമുറിക്കൂ. എൻെറ ഭർത്താവിൻെറ കൈകൊണ്ടു മരിച്ചു് മോക്ഷമടയുമെന്നുള്ള വിശ്വാസത്താൽ അതീവസന്തുഷ്ടയായി ഞാൻ ജീവൻ വെടിഞ്ഞുകൊള്ളാം. എന്നോടു് ഇങ്ങനെ ഒരിക്കലും പെരുമാറിയിട്ടില്ല. നടരാജൻ പോയിട്ടുപോലും ഞാൻ സങ്കടപ്പെടുന്നില്ലാ. അങ്ങയുടെ മുഖകമലം എൻെറ മറെറല്ലാസ്മരണകളേയും വിസ്മരിപ്പിക്കുന്നു. എന്നെ കുടഞ്ഞു് ദൂരെ എറിഞ്ഞാൽ ഞാനെന്തുചെയ്യും? സ്വാത്തു

പോയാലെന്തു്. നമ്മൾ കുഞ്ഞുങ്ങളാണോ? പോകട്ടെ. മഴ വന്നും പോകട്ടെ. ഞാൻ കൂടമടിച്ചും അവലിടിച്ചും സമ്പാദിച്ചുകൊള്ളാം. നമ്മൾക്കു സ്വത്തെന്തിനു്? എന്റെ ഭർത്താവിന്റെ സുഖസൗകര്യാദികൾക്കു് തെല്ലും കുറവുകൂടാതെ ഞാൻ നോക്കിക്കൊള്ളാം. അതാണെനിക്കു ഭാഗ്യം! എനിക്കു പണമെന്തിനു്? എന്റെ ഏകസ്വത്തു് എന്റെ ഭർത്താവിന്റെ സ്നേഹംമാത്രമാണു്. അതിൽ വലുതായി എനിക്കു് ഭൂമിയിൽ ഒന്നുമില്ല. അയ്യോ! എന്നെ ഉതറി എറിയുന്നതു ധർമ്മമാണോ? ഞാൻ ഏഴ; അനാഥ; ദരിദ്ര; അങ്ങാണെനിക്കു് ആശ്രയം. എന്നെ രക്ഷിച്ചാലും, രക്ഷിച്ചാലും!" അവൾ അദ്ദേഹത്തിന്റെ പാദങ്ങളിൽവീണു് അവയെക്കെട്ടിപ്പിടിച്ചു് കണ്ണീരുകൊണ്ടു് കഴുകി.

"ഇതെന്തുനാശം! കാലിൽനിന്നുവിടു്" എന്നു പറഞ്ഞദ്ദേഹമവളെക്കോരിപ്പൊക്കി എടുത്തു് ചോദിച്ചു "ഞാനെന്തുചെയ്യണമെന്നാണു് പറയുന്നതു്?" അവൾ ബാഷ്പധാരതൂക്കി ആത്മനാഥന്റെ മാറിൽ തലചായിച്ചു. ആ ദൃഢവ്രതന്റെ മനമലിഞ്ഞു. കണ്ണുനിറഞ്ഞു. ആ സതീരത്നത്തെ അദ്ദേഹം അടുക്കിപ്പിടിച്ചു് അവളുടെ കേശഭാരംതലോടി.

കമലത്തിന്റെ വാടിക്കരിഞ്ഞ മുഖകമലം വികസിച്ചു. അവൾ പറഞ്ഞു "സ്വത്തുപോയാൽ? ശനിയൻ തുലച്ചു! ഇവിടെനിന്നും തനിയെ എങ്ങോട്ടും പോകേണ്ടാ. ഞാനുമന്വേഷിക്കാം. അല്ലെങ്കിൽ രണ്ടുപേർക്കുംകൂടെ ഒന്നിച്ചിറങ്ങി ജീവിതമാർഗ്ഗം തിരയാം."

മുത്തുസ്വാമി അയ്യർ:—"സ്വത്തുപോയി എന്നു തോന്നുന്നില്ല. ഇറക്കിയ പണത്തിൽ കുറെ എങ്കിലും വാങ്ങിക്കൊണ്ടു ഞാൻ വരാം. നമ്മൾക്കു് പണം വേണ്ട എങ്കിലും ലക്ഷക്കണക്കിനു് അന്യൻ പററിക്കുന്നതു് എങ്ങനെ സഹിക്കും? ഞാൻ പോയി വശംപോലെ വേണ്ടതു ചെയ്തിട്ടു വരാം. അതുവരെ നീ ഇവിടെ പല്ലുംകടിച്ചു് ധൈര്യമായിരിക്കു്. കഴിയുന്നതും വേഗത്തിൽ മടങ്ങി എത്താൻ ഞാൻ ശ്രമിക്കാം." ഭർത്താവിനെ വിട്ടുപിരിയാൻ അ

വരക്കശേഷം തൃപ്തിയില്ലായിരുന്നു എങ്കിലും കൂടെപ്പോകുന്നതിനുള്ള അസൗകര്യം ചിന്തിച്ചു് അവരം അദ്ദേഹത്തിന്റെ ഹിതം അനുസരിച്ചു. മുത്തുസ്വാമി അയ്യർ ബോംബേയ്ക്കുപുറപ്പെട്ടു. കൂടെക്കൂടെ എഴുത്തയച്ചുകൊള്ളാമെന്നും അദ്ദേഹം സത്യം ചെയ്തതിനുശേഷമേ അവരം യാത്രാനുമതിനല്കിയൊള്ളു. ബോംബേയിൽനിന്നും എഴുത്തുവന്ന വിവരവും, മുത്തുസ്വാമി അയ്യർ അങ്ങോട്ടുപുറപ്പെട്ട വിവരവും പരസ്യമാക്കരുതെന്നു് അദ്ദേഹം പത്നിയോടു് നിർബ്ബന്ധമായിപ്പറഞ്ഞിട്ടാണു് പോയതു്.

# 24
## ത്രിവിധം ദുഷ്ടലക്ഷണം

മുത്തുസ്വാമി അയ്യർ പോയിട്ട് ദിവസങ്ങൾ പലതുകഴിഞ്ഞു. ഒരു ദിവസം മഹിളാസമാജത്തിന്റെ ഒരസാധാരണയോഗം പൊന്നമ്മയുടെ വീട്ടിൽ കൂടി. പൊന്നമ്മയും, ചുപ്പമ്മയും, ശങ്കരിയും ചേർന്നിരുന്ന് അതിരഹസ്യമായി എന്തോ ആലോചിക്കുകയാണ്.

ചുപ്പു:—"ആര്യ പയഞ്ഞു? അവയാണോ അങ്ങനെ പയഞ്ഞതു്?"

ശങ്ക:—"പറയുന്നതു ദൃഢമായിപ്പറയ്. നിന്റെ സംസാരം എനിക്ക് പുത്തരിയായിത്തോന്നുന്നു. ഒരക്ഷരം മനസ്സിലാകുന്നില്ല. എന്തു പറഞ്ഞാലും 'യാ യാ യാ'ന്നു മാത്രം."

ചുപ്പു:—"എന്തിനു കോപിക്കുന്നു; ദിഢമായിട്ടല്ലേ ഞാമ്പയയുന്നതു്. അവയായായായങ്ങനെ പറഞ്ഞതു്?"

അവൾ കൂടുതൽദൃഢമായിപ്പറഞ്ഞു തുടങ്ങി. അവളുമായി അടുത്തു പഴകിയതിനു ശേഷമേ ചുപ്പുവിന്റെ സംസാരമാസ്വദിക്കാൻ ശങ്കരിക്കു സാദ്ധ്യമായുള്ളൂ. 'രയയോരഭേദ' എന്ന സൂത്രമനുസരിച്ച് ചുപ്പമ്മാൾ പറഞ്ഞ കാര്യമിതാണ്; പൊന്നമ്മ മരുന്നുകൊടുത്തു് ഭർത്താവിനെക്കൊന്നതാണെന്ന് കമലാമ്മാൾ അവളോടു നേരിട്ടു പറഞ്ഞു എന്ന്. സംഗതി സംഭവിച്ചതങ്ങനെതന്നെ എന്ന് നാട്ടുകാർ എല്ലാവരും പറയുന്നുണ്ട്. പക്ഷെ സത്യത്തിൽ അതു സംബന്ധിച്ച് ഒരക്ഷരംപോലും കമലമ്മ ആരോടും മിണ്ടിയിട്ടില്ല. ശങ്കരി ഇഷ്ടപ്പടി പണം വാരിച്ചെലവാക്കുന്നതു ചുപ്പമ്മാളിനു സഹിക്കുന്നില്ല. അവൾക്കും വീതം കിട്ടണം. ആ ഉദ്ദേശത്തോടെ ചുപ്പ ഇറക്കിയ വേലയാണിതു്. അരച്ചു ചേർത്തതുപോലെ അവൾ കഥയുണ്ടാക്കി ശങ്കരിയോടു്

കുത്തുകുത്തു. ശങ്കരി കോപിച്ചു:—"ആ മൂതേവി അങ്ങനെ പറഞ്ഞോ! അവൾ അതും അതിനപ്പുറവും പറയുന്നവളാണ്. അവളുടെ നാക്കു പിടിച്ചുവലിച്ചെടുക്കുകയാണു വേണ്ടതു്." ഇങ്ങനെ ഭത്സിച്ചു് ചുപ്പുവിന്ന് ഒരു മുഴുത്ത തടിയൻ കാ ഉടൻതന്നെ ദാനംചെയ്തു് അടുത്ത ദിവസം വരുന്നതിന്ന് ക്ഷണിക്കുകയും ചെയ്തു.

ഈ യോഗത്തിനുശേഷം മൂന്നാംപക്കം കമലമ്മയ്ക്കു മുത്തുസ്വാമി അയ്യരുടെ എഴുത്തുകിട്ടി. വരുന്ന വഴി ആർദ്രാദർശനത്തിന്ന് ചിദംബരത്തിറങ്ങുമെന്നും അതു നടത്തിയിട്ടുടൻ അദ്ദേഹം നേരിട്ടു് വീട്ടിലേക്കു വരുന്നു എന്നും അദ്ദേഹമെഴുതിയിരുന്നു. അവൾ ആ സന്തോഷവാർത്ത കണ്ടവരോടെല്ലാം പറഞ്ഞു. അവൾക്കു് സന്തോഷം അടങ്ങുന്നില്ല! ഈ എഴുത്തു വന്ന ദിവസം രാത്രിയിൽ പൊന്നമ്മയുടെ വീട്ടിൽ ഒരതിരഹസ്യസമ്മേളനം കൂടെ നടന്നു. അതിന്ന് പൊന്നമ്മയും അവളുടെ അമ്മയും ചുപ്പുവും ഈശ്വരദീക്ഷിതരുമുണ്ടായിരുന്നു. അവരുടെ സംസാരം വളരെ താഴ്ന്ന ശബ്ദത്തിലായതുകൊണ്ടു് ഒന്നും സ്പഷ്ടമായി കേട്ടുകൂട. ഇടയ്ക്കിടയ്ക്കു് കമലമ്മയുടെ പേരുമാത്രം കേൾക്കാം. ചുപ്പുവും ദീക്ഷിതരും ശങ്കരിഅമ്മയുടെ ചെലവിൽ ഉടൻതന്നെ ചിദംബരത്തിനു പോകണമെന്നുള്ള നിശ്ചയത്തോടെയാണു് യോഗം പിരിഞ്ഞതു്. "വന്ന ബ്രാഹ്മണനെ അതുപടിയേ തിരികെ അയക്കുന്നതെനിക്കും വളരെ ഇഷ്ടപ്പെട്ടു." എന്നു് ദീക്ഷിതരും "മേലിൽ അവളെങ്ങനെ ജീവിക്കുമെന്നു നോക്കാം" എന്നു് ചുപ്പുവും സഭ പിരിഞ്ഞപ്പോൾ പറഞ്ഞതു വ്യക്തമായി കേൾക്കാമായിരുന്നു.

മുത്തുസ്വാമി അയ്യർ പോയ കാര്യം തികച്ചും പരാജയത്തിലാണു കലാശിച്ചതു്. അദ്ദേഹം ചേർന്നിരുന്ന വ്യാപാരസംഘത്തിലെ പ്രധാനികൾ പണവും തട്ടിക്കൊണ്ടു കടന്നുകളഞ്ഞു. അവർ എവിടെയാണെന്നുപോലുമറിവാൻ നിവൃത്തിയില്ല. അങ്ങനെ അദ്ദേഹത്തിന്റെ അവസാനയാശയും തകർന്നു. സർവ്വസ്വത്തും അതോടെ തീർന്നു. നെടുനാൾ പാടുപെട്ടു് സമ്പാദിച്ച മുതലെല്ലാം അനുഭവിക്കുവാൻ യോഗം അന്യനായി

പ്പോയി! ഈ നൈരാശ്യത്തെ വൈരാഗ്യംകൊണ്ടു് ഖണ്ഡിച്ചു് സന്യാസം സ്വീകരിച്ചു് അനീതി നിറഞ്ഞ ഈശ്ശലോകബന്ധങ്ങളിൽനിന്നും വേർപെടണമെന്നു് അദ്ദേഹമുറച്ചു. സന്യാസവൃത്തിക്കു വേണ്ടിയാണു് ദൈവം തനിക്കിത്രവളരെ കഷ്ടപ്പാടുകൾ വിധിക്കുന്നതെന്നുമദ്ദേഹം വിശ്വസിച്ചു. അതിനാൽ വീട്ടിൽ ചെന്നു് കമലമ്മയുടെ ജീവിതത്തിനു് ഏതെങ്കിലും വിധം സൗകര്യം ചെയ്തിട്ടു് വല്ല ആശ്രമത്തിലുമെത്തി സന്യാസം സ്വീകരിക്കണമെന്നുറച്ചുവരുംവഴിയാണു് ചിദംബരത്തെത്തിയതു്. അവിടെയിറങ്ങി ആർദ്രാദർശനം നടത്തി തന്റെ ദുഃഖഭാരത്തെ ഭഗവൽപാദങ്ങളിൽ നിക്ഷേപിച്ചു് ആനന്ദചിത്തനായി വീട്ടിലേക്കു പോകുകയാണുത്തമമെന്നദ്ദേഹത്തിനു് തോന്നിയതിൻപടിയാണു് തില്ലൈ ക്ഷേത്രത്തിൽ ഇറങ്ങിയതും. താണ്ഡവംചെയ്യുന്ന നടരാജമൂർത്തിയെക്കണ്ടു് ഭക്തിപരവശരായ ജനങ്ങൾ ആനന്ദനൃത്തം ചെയ്യുന്നു. മുത്തുസ്വാമി അയ്യർ ആ ദേവസന്നിധിയിൽ നിന്നു പ്രാർത്ഥിച്ചു; തന്റെ കൊച്ചുമകൻ ആരുടെ ചേവടികളിൽ ചേർന്നുവോ ആ ദിവ്യപാദങ്ങളിൽ അയാളേയും സംസാരദുരിതങ്ങളിലിട്ടു ഞെരുക്കാതെ കൊണ്ടുപോകണമേ എന്നു്.

"അല്ലാ, ഇതാരു്! മുത്തുസ്വാമിയോ? എപ്പോൾ വന്നു? ഇപ്പോഴെത്തിയേയുള്ളു; അല്ലേ! വരു! വരു!" ഇങ്ങനെയുള്ള സ്വരംകേട്ടു് അദ്ദേഹം തിരിഞ്ഞുനോക്കി. ചെറുകുളം ഈശ്വരദീക്ഷിതർ!

ദീക്ഷിതർ:–"മുത്തുസ്വാമി, സുഖംതന്നെയല്ലേ? ദേഹത്തിനു നല്ല സുഖമില്ലെന്നു തോന്നുന്നല്ലോ. ബോംബേയ്ക്കായിരുന്നോ പോയിരുന്നതു്?" ഇങ്ങനെ വളരെ സ്നേഹഭാവത്തിൽ കുശലാന്വേഷണങ്ങളെല്ലാം ചെയ്തതിനുശേഷം:–"അന്യായമായിപ്പോയി. സന്ദർഭം നോക്കാതുള്ള പോക്കു്. അതു വിചാരിച്ചു് ഒട്ടും വ്യസനിക്കേണ്ട. അല്ല, കാര്യങ്ങളൊക്കെ അറിഞ്ഞുകാണുമല്ലോ!"

മുത്തു:–"എന്താണു വിശേഷം? ഞാനൊന്നുമറിഞ്ഞില്ല."

ദീക്ഷി:–"ഹേയ്! അങ്ങനെ ഒന്നുമില്ല. സാരമില്ല; അതറിഞ്ഞു കാണുമെന്നല്ലേ ഞാൻ വിചാരിച്ചതു്. അല്ലായിരുന്നു

എങ്കിൽ ഞാനക്ഷരം മിണ്ടുകയില്ലായിരുന്നു.” ഇങ്ങനെ പറഞ്ഞു് ആഗ്രഹം വർദ്ധിപ്പിച്ചിട്ടു് “വരൂ, ദർശനം നടത്താം. വൃത്തികെട്ട വർത്തമാനങ്ങളല്ലാ ഇപ്പോൾ പറയേണ്ടതു്........ആട്ടെ ബോംബേയിൽ എല്ലാവരും മഹാപ്രഭുക്കളാണല്ലേ?”

മുത്തു:—“അതു പറയാം. നിങ്ങൾ പറയാൻ തുടങ്ങിയ കാര്യം മുഴുവനാക്കു. കേൾക്കട്ടെ.”

ദീക്ഷി:—“അതൊന്നുമില്ലെന്നു പറഞ്ഞില്ലേ. കാശിയിൽനിന്നും ബോംബായിലേക്കു് പത്തുനാല്പതു മൈലുണ്ടോ? അടുത്തടുത്താണെന്നു കേട്ടിട്ടുണ്ടു്.

മുത്തു:—“ഞാൻ ചോദിച്ചതെന്തു്, നിങ്ങൾ പറയുന്നതെന്തു്! ചിദംബരത്തിനു വഴി ചോദിച്ചാൽ ചുവപ്പു കാളയ്ക്കു മുപ്പതു പണം എന്നു പറയുന്നതുപോലെയാണിതു്! അതു് എന്താണെന്നു് ദയവുചെയ്തു പറയൂ.”

ദീക്ഷി:—“നല്ല കാര്യങ്ങൾ വല്ലതുമായിരുന്നു എങ്കിൽ നിന്നെക്കണ്ട ഉടൻ പറയുകയില്ലായിരുന്നോ? കഴുതകൾ—പെണ്ണുങ്ങളുടെ സ്വഭാവം ഇങ്ങനെതന്നെ! ഗീതയിൽ പറയുന്നില്ലേ...........”

മുത്തു:—“അതങ്ങനെ കിടക്കും. പെണ്ണുങ്ങളോ! ആരു്? എന്താണു വിശേഷം. പറയൂ! പറയൂ.”

ദീക്ഷി:—“നാളെ നാട്ടിലേക്കു പോകുന്നില്ലേ. അപ്പോൾ നേരിട്ടറിയാമല്ലോ. പിന്നെന്തിനീപ്പരവേശം. ഒന്നുമില്ല. നീ വ്യസനിക്കണ്ട. എല്ലാത്തിനും ഭഗവാനില്ലേ. അദ്ദേഹത്തിൻെറ സൂത്രത്താൽ നാമെല്ലാം കിടന്നാടുന്നു. അദ്ദേഹമാട്ടുന്നു; നാം ആടുന്നു.”

മുത്തു:—“അതൊക്കെ ഇരിക്കട്ടെ. കാര്യം പറയൂ. അതു എന്തു ദുഷിച്ച സംഗതിയായിരുന്നാലും എന്നോടു പറയൂ. സത്യംപോലെ പറയൂ. നിങ്ങൾക്കതിലെന്താണു് കുററമുള്ളതു്!”

ദീക്ഷി:—“സ്ത്രീകളോ മായാരൂപികൾ. അവരെ ഒരു നാളും വിശ്വസിക്കരുതു്. കലിപുരുഷൻ ലോകത്തിൽ വന്നു നൃത്തം

ചെയ്യുന്നു; പെരിയമ്മൻ വന്നു വിളയാടുന്നതുപോലെ. അതിനു് വർജ്യാവർജ്യങ്ങളില്ല. അച്ഛനുമില്ല അമ്മയുമില്ല. കാലമൊക്കെപ്പോയി. ഇക്കാലത്തു് ചിദംബരമാണു് ഭേദം. അതും ഇന്നത്തെ ദിവസം."

മുത്തു:–"ഇതു നിങ്ങൾക്കു ചേർന്നതല്ല. സംഗതി പറയാതെ ഒഴിഞ്ഞുമാറുകയാണോ! വേഗം പറയൂ."

ദീക്ഷി:–"ഞാൻ പറയണമെന്നോ? ശല്യമുണ്ടാക്കുകയാണല്ലോ. അതിലൊന്നും വലിയ അത്ഭുതമില്ല. ലോകത്തിങ്ങനെ ഒന്നും നടക്കാതിരുന്നിട്ടുമില്ല. നടന്നാലും പൂച്ചപോലിരുന്ന കമലമ്മ ഇങ്ങനെ ചെയ്തല്ലോ എന്നുള്ളതാണാശ്ചര്യം! കാലവിശേഷംതന്നെ. പൂർവ്വജന്മത്തിലെ കാമവാസന. കളയൂ അക്കാര്യം. പോട്ടെ!"

മുത്തു:–"ആരു്? എന്റെ ഭാര്യയോ? എന്താണു സംഗതി (ഒച്ച പതറി) ഉണ്ടായപടി പറയൂ."

ദീക്ഷി:—"എന്തു പറവാനാണു്? എന്തൊക്കെയോ ആരോ ഒക്കെ കണ്ടുവെന്നു്. നാട്ടിലൊക്കെ പാട്ടായിത്തീർന്നിട്ടുണ്ടു്. ആ വിവരമൊക്കെ നീ അറിഞ്ഞുകാണുമെന്നു വിചാരിച്ചാണു് ഞാൻ തുടങ്ങിയതു്. അതോർത്തു ഖേദിക്കരുതു്. ഭഗവാൻകൂടെ പറയുന്നില്ലേ 'ഇന്ദ്രിയ സ്യേന്ദ്രസ്യ സർവ്വകർമ്മാണി'"

മുത്തു:—"സത്യംതന്നെയോ? ആരു്, എന്റെ ഭാര്യയോ? എപ്പോൾ, പരമാർത്ഥമാണോ?"

ദീക്ഷി:—"അതു കള്ളക്കഥയായിരിക്കണേ എന്നാണു് എന്റെയും പ്രാർത്ഥന. നാട്ടുവർത്തമാനം ഞാൻ പറഞ്ഞു എന്നു മാത്രം. എന്തോ, കളവും കൈയ്യുമായിപ്പിടിച്ചു എന്നാണു് കേട്ടതു്. നാമെന്തു ചെയ്യും?"

മുത്തു:—"ഏതു പുരുഷൻ........ശരി!"

ദീക്ഷി:—"അതൊക്കെ എന്തിനു വിചാരിക്കുന്നു? അവളുടെ കാര്യമേ വിട്ടുകളയൂ. അതു പറയുന്ന നാക്കുകൂടെത്താണുപോകും. ഭാര്യയെ കബളിപ്പിക്കാം; കുട്ടിയെക്കബളിപ്പിക്കാം; എല്ലാവരേയും കബളിപ്പിക്കാം. പക്ഷെ ഭഗവാനെയോ?

എങ്ങും നിറഞ്ഞ ചരാചരമൂർത്തിയെ ക്കബളിപ്പിക്കുവാനാർക്കുസാധിക്കും?" ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ചപ്പമ്മ അവിടെ വന്നുചേർന്നു.

ദീക്ഷിതരും മുത്തുസ്വാമി അയ്യരും തമ്മിൽ വർത്തമാനം പറഞ്ഞുകൊണ്ടിരുന്നതു് അവൾ മറഞ്ഞുനിന്നു നോക്കുന്നുണ്ടായിരുന്നു. അരങ്ങത്തു പ്രവേശിക്കേണ്ട സമയം കാത്തുകാത്തു നിന്നതുമൂലമാണു് അവൾ ആ മുഹൂർത്തത്തിലവിടെ എത്തിയതു്. വന്നയുടൻ ആശ്ചര്യഭാവത്തോടെ പറഞ്ഞു "അല്ലാ, മുത്തുസ്വാമിയോ! പാവം. മകനും പോയി, അനുജനും പോയി. ഇത്രയും പോയയോ? നിന്റെ തലേലെയുത്തു്? ഇപ്പയകായമുള്ള അനുഭവങ്ങൾക്കു് വയംവാങ്ങിയാണോ നീ ജനിച്ചതു്?" സംശയനിവൃത്തിവരുത്തുവാനായി മുത്തുസ്വാമി അയ്യർ:— "അവളങ്ങനെ ചെയ്യുവല്ലോ! പാപി. ദ്രോഹി. ഏതു പോക്രിയുമായിട്ടാണവൾക്കു സംസർഗ്ഗം?"

ദീക്ഷി:—"ആ വയററിൽ നോവുതീരട്ടെ. അവിടെ ഒരു ഗജപോക്രി നാരായണസ്വാമിയുള്ളതറിഞ്ഞുകൂടെ. ഒന്നിനും കൊള്ളരുതാത്തവൻ; അവനുമായി. ശിവശിവ. ആവർ തമ്മിൽ എത്രനാളായി സ്നേഹിക്കുന്നോ, എന്തോ! ഒരുദിവസം ശരിക്കു് കണ്ടുപിടിച്ചു. നാടെല്ലാം പരന്നു. കഷ്ടം."

ചപ്പു:—"അവരൊളിച്ചോടിപ്പോയി എന്നും കേട്ടു. എങ്ങോട്ടുപോകാനാ. ഞാൻ പോയുന്നതിനുമുമ്പുതന്നെ ആ ആലോചനയുണ്ടായിയുന്നു. എനിക്കു നേയത്തേ അയിയാമവയുടെ പ്രണയം. അതു കുയച്ചുമുമ്പേ തുടങ്ങിയതാണു്........ഞാൻ വന്നിട്ടിന്നു പത്തുദിവസമായി. സ്വാമിയുടെക്കൂടെത്തിയികെപ്പോണം. മുത്തുസ്വാമിയും വയുന്നോ?"

മുത്തു:—"ഇല്ല. ഞാൻ വരുന്നില്ല. നിങ്ങൾപോയി വരണം."

അദ്ദേഹത്തെ അവിടെ നിർത്തിയിട്ടു് ദീക്ഷിതരും ചപ്പുവുംകൂടി അവരുടെ വഴിക്കുപോയി.

മുത്തുസ്വാമി അയ്യരുടെ ചിന്താഗതി എങ്ങനെ വർണ്ണിക്കും.

"ഭഗവാനെ, എന്നെ എന്തിനിങ്ങനെ ദ്രോഹിക്കുന്നു. ഭഗവാനെന്നൊരാളുണ്ടോ! എന്റെ കുഞ്ഞിനെക്കൊണ്ടുപോയി, അനുജനെത്തട്ടി എടുത്തു, സ്വത്തെല്ലാംപോയി, അഭിമാനം നശിച്ചു. അവസാനം ഭാൎയ്യയും. ഭാൎയ്യ! ഹാ, രാക്ഷസീ. നീ എന്റെ കാലനാണ്! കുറച്ചുനാൾ മിണ്ടാതെ പറയാതെ ഇരുന്നപ്പൊഴേ എനിക്കും സംശയമുണ്ട്. നീ എന്റെ കാലുപിടിച്ചു കരഞ്ഞു. നീലി. നിന്റെ കണ്ണിന്റെ പണി. ദ്രോഹീ, നീ എന്നെച്ചതിച്ചു. എന്നെ മയക്കിയ മോഹിനി. നിന്റെ കണ്ണുപൊട്ടാത്തതെന്തുകൊണ്ട്—എനിക്ക് നിന്റെകൂടെ ജീവിക്കേണ്ടിവന്നല്ലോ! ഹാ നിന്നെ ഞാൻ സംശയലേശമില്ലാതെ വിശ്വസിച്ചതിന്റെ കൂലി, എന്നോടിങ്ങനെയാണോ ചെയ്യേണ്ടതു്....ഒരു പക്ഷെ ചുപ്പു പറഞ്ഞതു കള്ളമാണെങ്കിലോ?........ദീക്ഷിതർ കള്ളം പറയുന്നവനല്ലല്ലോ! അവർ രണ്ടുപേരുംകൂടി ഒത്തുപറഞ്ഞു എന്നുംവരാം. അവർക്കെന്നോടു വിരോധത്തിനുകാരണമില്ല. അവർ പറഞ്ഞതു സത്യം. എന്റെ കഷ്ടകാലത്തിനു് ഇതും വരണം. "ഇങ്ങനെ വിചാരിച്ചുംകൊണ്ടു നടക്കുമ്പോൾ ചെറുകുളത്തുകാരൻ ഒരു നാരായണയ്യരെ അദ്ദേഹം കണ്ടു. നാരായണയ്യർ കുശലാന്വേഷണംചെയ്തു. അവർതമ്മിൽ ഉണ്ടായ സംഭാഷണംമൂലം മുത്തുസ്വാമി അയ്യരുടെ സംശയം ഉറച്ചു. അദ്ദേഹം വിചാരിച്ചു "ഹാ കഷ്ടം! ഈ ലോകത്തുസത്യവാന്മാർക്കു് സ്ഥാനമില്ല. കൊല, വ്യഭിചാരം, കൊള്ള ഇവയ്ക്കേ ഇന്നു പ്രാധാന്യമുള്ളു. ഒരു വിക്രമവും ഇല്ലാത്ത എനിക്കു് ആപത്തിന്മേൽ ആപത്താണ് ഫലം. ദൈവമേ........ദൈവമോ? എവിടിരിക്കുന്നു? ഉണ്ടെങ്കിലെന്തു് ഇല്ലെങ്കിലെന്തു്. ഇരുട്ടിയാലുടൻ മരിക്കണം. ഒരു കുട്ടിയുണ്ട്. അവളെ ഒരു കഴുതയ്ക്കാണുകൊടുത്തതു്. തള്ളയെപ്പോലെ പിള്ളയും വരും. ശ്രീനിവാസാ എന്നെപ്പോലെ അബദ്ധംപററരുതു്. (മേലോട്ടുനോക്കി) ഹാ! ആകാശമേ. കണ്ണുതുറന്ന ആകാശമേ, നിന്റെ ഇടിമുഴക്കം എവിടെപ്പോയൊളിച്ചു? ഒരിടിമാത്രംകൊണ്ടു് ബ്രഹ്മാണ്ഡസംഹാരംനടത്താൻ പ്രാപ്തിയുള്ള നീ ഈ അനീതികൾ കാണുന്നില്ലയോ? ഈ നീചജാതിയെ ഒററയിടിക്കു നശിപ്പിച്ചുകൂടയോ!" ഇങ്ങനെ പറഞ്ഞുംകൊണ്ടു് കണ്ടവഴിയെ നടന്നു.

അദ്ദേഹത്തിന്നുണില്ല. "ഈ ജഡത്തിനുവേണ്ടി എന്തിനു ഞാനുണ്ണുന്നു? അവളെത്തൊട്ട ഈ ശരീരം! ആ പാപം എങ്ങനെ തീരും? ഇങ്ങനെ ചിന്തിച്ചുകൊണ്ടു് ഒരു വൃക്ഷഛായയിൽ കിടന്നു പകൽമുഴവൻ കഴിച്ചുകൂട്ടി.

അദ്ദേഹം കമലമ്മയുടെ ഓരോ അവയവവും ഓരോ ചേഷ്ടയും മനസ്സിൽ കണ്ടു. ഹാ. പനിനീർപുഷ്പംപോലുള്ള മുഖം. (കോപാവേശത്താൽ) എനിക്കു ചുംബനം നല്കിയ ആ അധരപല്ലവങ്ങൾ നാരായണസ്വാമിയുടെ മുഖത്തു മുട്ടിച്ചു! ദ്രോഹി. ചണ്ഡാലി. നീ എന്നെ കെട്ടിപ്പിടിച്ചു. ഇപ്പോഴാരാ....നിൻെറ കരച്ചിൽ....ചൊൽപിടിയിൽ ഒരു പുരുഷനെ നിർത്തുവാൻ വേണ്ടിയുള്ള കള്ളക്കണ്ണീർ!" സൂര്യാസ്തമനത്തോടെ എഴുന്നേററു വീണ്ടും നടന്നു. "ഹാ എന്തൊരു ലോകം....മോഹനഗീതങ്ങൾ പൊഴിച്ചുകൊണ്ടു പറക്കുന്ന പറവകളെ; കുളിരേകിച്ചുററിവീശുന്ന മന്ദമരുത്തേ, പുതുഗന്ധം പരത്തുന്ന മലർനിരകളേ; ദലമർമ്മരങ്ങൾ പൊഴിക്കും മരങ്ങളെ, ലോകത്തു് നന്മ നിങ്ങളിൽ മാത്രമേ കാണുവാൻ സാധിക്കുകയുള്ളു. (ഒരു വാടിയ പൂ എടുത്തിട്ടു്) ഈ പൂ എത്ര മനോഹരമായി നിന്നിരുന്നു. ഇന്നിതു മരിച്ചു. ഇതുപോലെ ഇന്നൊരു മരണം നിങ്ങൾ കാണും. ഞാൻ മരിക്കും. നിങ്ങൾക്കു നമസ്കാരം." അയാൾ നടന്നു. സ്ത്രീകളെക്കണ്ടാൽ കണ്ണുപൊത്തും; വാദ്യഘോഷങ്ങൾ കേട്ടാൽ ചെവി അടക്കും; ഭ്രാന്തനെപ്പോലെ സംസാരിക്കും; ഈ വിധമുള്ള ചേഷ്ടകളോടെ മുത്തുസ്വാമി അയ്യർ നടന്നു. ഒടുവിൽ ഇടിഞ്ഞുപൊളിഞ്ഞു കിടന്ന ഒരു മണ്ഡപത്തിൽ എത്തി.

ക്ഷേത്രസമീപമുള്ള ആ മണ്ഡപത്തിൽ പാമ്പുകൾ കുടിഇരിക്കുന്നു എന്നു് കേൾവിയുണ്ടു്. അതുമൂലം അതിനടുത്തുപോലും ആരും പോകാറില്ല. ആ ഇരുളിൽ മുത്തുസ്വാമി അയ്യർ മണ്ഡപത്തിൽ കിടന്നുകൊണ്ടു് വിചാരിച്ചു "പാമ്പുകടിച്ചു കൊല്ലുന്നില്ലെങ്കിൽ കയറുണ്ടല്ലോ" എന്നു്. ഒരു മഞ്ഞിയ വെളിച്ചം ദിക്കെങ്ങുമുണ്ടു്. അതു മാഞ്ഞു കൂരിരുൾ നിറയുമ്പോൾ മരിക്കുവാൻ അദ്ദേഹം തയാറെടുത്തിരിക്കുകയാണു്. കൂടെക്കൂടെ പുറത്തിറങ്ങി നോക്കും, നേരമായോ എന്നു്. ഒടുവിൽ അയാൾ

തപ്പിത്തടഞ്ഞു മുകളിൽ കയറുകെട്ടുവാൻ സ്ഥാനങ്ങൾ കണ്ടു പിടിച്ചു. കയറുമെട്ടത്തു് ഒരു തുമ്പു് കെട്ടിയിട്ടു് കുരുക്കുണ്ടാക്കി കഴുത്തിലിട്ടു് പരിശോധിച്ചു. അതിനിടക്കു തന്നെത്താൻ പറയുകയാണു് "നശിച്ച ഭൂലോകമേ, എനിക്കു വിടതരൂ. കുഞ്ഞേ കല്യാണി! നിന്റെ അമ്മ മുത്തുസ്വാമി അയ്യരെ തൃപ്തനാക്കിയതുപോലെ നീയും ശ്രീനിവാസനെ തൃപ്തിപ്പെടുത്തു്. മുത്തുസ്വാമി എന്ന പേർ ഇന്നുകൊണ്ടവസാനിച്ചു." എന്നുംപറഞ്ഞു് ഊഞ്ഞാലാട്ടുവാനാരംഭിച്ചു. അപ്പോൾ "മുത്തുസ്വാമി, മുത്തുസ്വാമി, മുത്തുസ്വാമി" എന്നു് മൂന്നുവട്ടം വിളിച്ച ശബ്ദം അയാളുടെ കർണ്ണങ്ങളിൽ മുഴങ്ങി. "ആ ശബ്ദം എവിടെനിന്നു വന്നു? എന്നെ അറിയാവുന്നവർ ഈ നാട്ടിൽ ആരുണ്ടു്?" എന്നുള്ള സംശയത്തോടെ ചുററും പററും മിഴിച്ചുനോക്കി. ഒന്നുമില്ല! ആരെയും കാണാനില്ലാ! മനസ്സിന്റെ വിചാരമായിരിക്കുമെന്നു സമാധാനിച്ചു് വീണ്ടും കുരുക്കു് കഴുത്തിനു മുറുക്കുവാൻ ആരംഭിച്ചു. വീണ്ടും ആ ശബ്ദംതന്നെ! "മുത്തുസ്വാമി, മുത്തുസ്വാമി, മുഴുഭ്രാന്താ!" എന്നു് മൂന്നു വിളി! ഇക്കുറി സംശയിപ്പാനൊന്നുമില്ല. മനസ്സിന്റെ ഭ്രമമല്ല. വ്യക്തമായി അയാൾ കേട്ടതാണാ ശബ്ദം!

# 25

## വിശ്വരൂപദർശനം

മുത്തുസ്വാമി അയ്യർ ഭയചകിതനായി നാലുപാടും കണ്ണു മിഴിച്ചു നോക്കി. ആരെയും അവിടെ എങ്ങും കാണാനില്ല! ആ ശബ്ദം പിന്നെ എവിടെനിന്നുത്ഭവിച്ചു? സംഭ്രാന്തനായി കഴുത്തിലിറുകിവന്ന കുരുക്കഴിച്ചു് അയാൾ പുറത്തുചാടി. ഭയാധിക്യത്താൽ കൈകാലുകൾ ഘനീഭവിച്ചു. ദേഹം നഖശിഖാന്തം വിയർത്തൊലിച്ചു് വിറച്ചു. അവിടെനിന്നും ഓടിപ്പോവാനയാൾ കൊതിച്ചു. അതാ! വീണ്ടും ആ ശബ്ദം! “മുത്തുസ്വാമി, ഭ്രാന്തക്കുഞ്ഞേ, ഭയപ്പെടാതെ.” മണ്ഡപത്തിൽനിന്നാണാ ശബ്ദമുയർന്നതു്. അദ്ദേഹമാഭാഗത്തേക്കു മുഖംതിരിച്ചു. ഹാ! എന്തൊരു മാററം. വിസ്മയപരവശനായി കണ്ണടയ്ക്കാതെ അദ്ദേഹമാദിവ്യദർശനം മുകർന്നു. മണ്ഡപത്തിൽ ഒരു ദിവ്യജ്യോതിസ്സു പരന്നിരിക്കുന്നു. അതിൻമദ്ധ്യത്തിലായി ഉയർന്നുവന്ന ഒരു പീഠത്തിൽ ദിവ്യമംഗളസ്വരൂപനായ ഒരു മായാപുരുഷൻ ഒരു വശം ചരിഞ്ഞുകിടന്നു കരുണരസത്തോടെ അയാളെ വീക്ഷിക്കുന്നു. കൈത്തലത്തിൻ മീതെ പൊങ്ങിക്കാണുന്ന ഉത്തമാംഗം ദിവ്യരത്നപ്രശോഭിതമായ കിരീടത്താൽ അലംകൃതമാണു്. നാന്മറകളാലും കണ്ടുകിട്ടാത്ത ആദിമദ്ധ്യാന്തവിഹീനനായ ആ ആദിഗുരു ക്ഷീരാബ്ധിയിൽ ലക്ഷ്മീസമേതനായി അനന്തതല്പത്തിൽ ശയനംചെയ്യുന്ന രൂപത്തിൽ ഇതാ പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

ആ ദിവ്യദർശനമാത്രയിൽ മുത്തുസ്വാമി അയ്യരുടെ ഭയമെല്ലാം സൂര്യോദയത്തിലെ ഇരുളെന്നവണ്ണം മറഞ്ഞു. തന്നെ ആത്മഹത്യയിൽനിന്നും രക്ഷിക്കുവാൻവേണ്ടി മാത്രമാണു് ഭഗവാൻ പ്രത്യക്ഷപ്പെട്ടതെന്ന ബോദ്ധ്യത്താൽ മുത്തുസ്വാമിഅയ്യർ

പുളകംപൂണ്ടു. അദ്ദേഹം കൈക്കൂപ്പി ഭക്തിപരവശനായി മുറവിളികൂട്ടി "ഭഗവാനെ, ഞാൻ ചെയ്ത അപരാധം പൊറുക്കണമേ! അടിയനറിവില്ലാത്തവനാണ്. പിഴ പലതുമതുമൂലം ചെയ്തിരിക്കാം. എൻെറ ചിത്തത്തിനു ഭ്രാന്താണ്. സ്വാമി, ക്ഷമിച്ചു രക്ഷിക്കണമേ!" എന്ന് വീണ്ടും വീണ്ടും കേണപേക്ഷിച്ചു.

ഭക്തവത്സലനായ ദേവൻ ആ സാധുബ്രാഹ്മണനെ അരുകിൽ വിളിച്ച് സമാശ്വസിപ്പിച്ച് തലോടിയിട്ടു പറഞ്ഞു "ഒന്നുമറിയാത്ത ഭ്രാന്തൻ! നീ വ്യസനിക്കേണ്ട. എല്ലാം ക്ഷമിക്കു്. അതിൽ കൂടുതലായി ലോകത്തു് ഒന്നും ചെയ്യേണ്ടതായിട്ടില്ല. ഇന്നു സന്ധ്യാവന്ദനം കഴിച്ചോ? ഇല്ല. ക്ഷേത്രത്തിൽപോയി സന്ധ്യാവന്ദനവും ജപവും കഴിച്ചിട്ടുവാ. ധൈര്യമായിരിക്കു. ഒന്നുകൊണ്ടും ഭയപ്പെടേണ്ട."

മുത്തുസ്വാമി അയ്യർ ഭഗവൽ പാദത്തിങ്കൽ വീണ്ടും വീണ്ടും നമസ്കരിച്ചു. സന്ധ്യാവന്ദനം കഴിഞ്ഞുവരുമ്പോഴേക്ക് ഭഗവാൻ മറഞ്ഞുകളഞ്ഞെങ്കിലോ എന്നയാൾക്കു ഭയം. അതിനാൽ ഭഗവാനിൽനിന്നും കണ്ണും പറിക്കാതെ നിർന്നിമേഷനായി അദ്ദേഹം നോക്കിനിന്നതുകണ്ടു ഭഗവാനരുളി "ഒന്നും ആലോചിക്കേണ്ട. പോയി വേഗംവരൂ. വേറിട്ടെങ്ങും തങ്ങരുതു്!" മുത്തുസ്വാമി ആ ആജ്ഞയനുസരിച്ചു സന്ധ്യാവന്ദനം ചെയ്യുവാൻ നടന്നു. പോകുന്നവഴി തിരിഞ്ഞുനോക്കി നോക്കി കുളത്തിലിറങ്ങി. അദ്ദേഹത്തിൻെറ ഹൃദയത്തിൽകൂടി ചിന്താശതങ്ങൾ കടന്നുപോയി. "എനിക്കു് ഇനിയും അനർത്ഥങ്ങൾ എന്തിരിക്കുന്നു? അറിയാമല്ലോ! ആ സച്ചിദാനന്ദമൂർത്തി! അദ്ദേഹമാരു്? ഞാനാരു്? ഞാനെന്തു ദ്രോഹി! ദൈവമില്ലാ എന്നുകൂടിപ്പറഞ്ഞു! അമ്പലത്തിൽപോലും പോയില്ല. വല്ല ഇടിത്തീയുംവീണു ഇവിടം നശിക്കണമെന്നുപോലും ആഗ്രഹിച്ചു. മായയുടെ വിലാസം ഞാനറിഞ്ഞില്ല. എനിക്കൊന്നുമറിഞ്ഞുകൂട. അവിടത്തെ ലീലകൾ വിചിത്രങ്ങളായിരിക്കുന്നു. ഭഗവാനെ! രക്ഷിച്ചാലും, രക്ഷിച്ചാലും!" അദ്ദേഹം വിധിപോലെ കൃത്യാനുഷ്ഠാനങ്ങളെല്ലാം

ചെയ്തു ക്ഷേത്രദർശനവും നടത്തി പ്രാർത്ഥിച്ചു. "ഭഗവാൻെറ രൂപം! ഹാ, എന്തു മനോഹരം! ഭഗവൽ മഹിമകളെ ഞാനെങ്ങനെ വാഴ്ത്തും! എൻെറ മോഹനങ്ങൾ, ഈ നക്ഷത്രങ്ങൾ, മരങ്ങൾ, മനുഷ്യർ എല്ലാം സ്വാമിയുടെ മായ." ഈവിധം പ്രാർത്ഥിച്ചു് നേരംപോയതറിയാതെ ആ ദിവ്യസന്നിധിയിൽ അയാൾ നിന്നു. ക്ഷേത്രത്തിൽ അർദ്ധയാമത്തിൻെറ മണി മുഴങ്ങി. മൂലപ്രണവമന്ത്രവും ജപിച്ചു് ആ ബ്രാഹ്മണൻ അവിടെ നില്ക്കവെ ശ്രീകോവിലിനു മുകളിലായി ഒരു തേജസ്സു കണ്ടു. അതു് വളർന്നു് വളർന്നു് ആകാശം മുട്ടി.

ബ്രഹ്മാണ്ഡകടാഹത്തിലാകെ ശാന്തിക്കതിർ വീശി. ഗംഗാ, സരസ്വതി മുതലായ വാഹിനികൾ പ്രണവമന്ത്രം ജപിച്ചു. ഗംഭീരാരവത്തോടെ അലറിക്കൊണ്ടിരുന്ന സാഗരം ശബ്ദമടക്കി ചെറുകല്ലോലങ്ങളാൽ ഭഗവന്മഹിമയെ പ്രകീർത്തിച്ചു. പർവ്വതങ്ങൾ ഗാംഭീര്യംപൂണ്ടു് പകച്ചുനിന്നു. നവവസ്ത്രങ്ങൾ അണിഞ്ഞ മരക്കൊമ്പുകൾ ഭഗവൽസന്നിധിയിൽ വസന്തനൃത്തം ചെയ്യുന്നതുപോലെ ഇളംതെന്നലിൽ ചാഞ്ചാടിപ്പുഷ്പവൃഷ്ടിചെയ്തു. പക്ഷികൾ മംഗളഗാനം പാടി ഉയരത്തിൽ പറന്നു് ഭഗവാനെ ദർശനം ചെയ്തു വന്ദിച്ചു. മന്ദമാരുതൻ സമസ്തലോകങ്ങൾക്കും തുഷ്ടിവരുമാറു് കുളിരുവീശിയാനന്ദിപ്പിച്ചു. പരസ്പര വൈരാഗ്യങ്ങൾ മറന്നു് മൃഗങ്ങൾ സന്തോഷത്താൽ വാലുയർത്തിത്തുള്ളിച്ചാടി. ഭക്തജനങ്ങൾ ആനന്ദാബ്ധിയിൽ മുഴുകി മന്ത്രോച്ചാരണം ചെയ്തു.

ഭൂലോകത്തിൽ ഈവിധ ഭഗവൽഭജനം നടക്കുമ്പോൾ ആകാശമണ്ഡലത്തിൽ ആദിത്യൻ, വസുക്കൾ, ദിക്പാലകർ, ആദിയായ ദേവന്മാരും അഗസ്ത്യൻ, ഭൃഗു, ഭാരദ്വാജൻ, മുതലായ ദിവ്യർഷികളും, യക്ഷഗന്ധർവ്വ, കിന്നരകിംപുരുഷഗണങ്ങളും മിന്നൽപ്രഭ വീശി കൂട്ടംകൂട്ടമായി നില്ക്കെ, തുംബുരുനാരദാദികൾ ദേവഗീതങ്ങൾ പൊഴിച്ചു് ഭഗവാനെ സ്തുതിക്കെ, സകല ലോകങ്ങൾക്കും കാരണനായി, നിത്യനായ് നിർമ്മലനായ്, വലിയവരിലും വലിയവനായ്, എളിയവരിലും എളിയവനായ് അനേകകോടിയാദിത്യന്മാർ ഒന്നിച്ചുദിച്ചുയർന്നതുപോലുള്ള പ്രഭാപൂരത്തോടുകൂടിയവനായി, നവരത്നവർണ്ണങ്ങൾ ഓളംവെട്ടുന്ന

ഇന്ദ്രധനുസ്സിൻെറയഴകാർന്നവനായ് ഭഗവാനെ ഏകജ്യോതി യായി മുത്തുസ്വാമി അയ്യർ കണ്ടു. അദ്ദേഹം പ്രാപഞ്ചികചിന്ത കളിൽനിന്നും വിമുക്തമായ ഹൃദയത്തോടെ നിർന്നിമേഷനായി ആ കനകോജ്ജ്വലജ്യോതിർരൂപം നോക്കി ആത്മാനുഭൂതിയിൽ ലയിച്ചു. എത്ര നേരമങ്ങനെ നിന്നു എന്നദ്ദേഹത്തിനറിവില്ല. "കണ്ടേൻ, കണ്ടേൻ, കാണത്തതേക്കണ്ടേൻ" എന്നുള്ള ആനന്ദ ഗാനത്തോടെയാണദ്ദേഹം വീണ്ടും ഭൂമിയിലേക്കു വന്നതു്.

'മണ്ണാകിപ്പൂതമെല്ലാം വൈത്തിരുന്ത നിന്നിറവൈ

കണ്ണാരകണ്ടു കളിത്തേൻ പരാപരമേ.' ഈവിധം പാടി ആ പുണ്യാത്മാവു് ആനന്ദനൃത്തമാടിക്കൊണ്ടു് മണ്ഡപത്തിലെ ത്തി ഭഗവാൻെറ പാദപത്മങ്ങളിൽവീണു് അവയെക്കെട്ടിപ്പി ടിച്ചുകൊണ്ടു് പറഞ്ഞു "ഭഗവാനേ ആരറിയുന്നു! ദേവന്മാർക്കും മഹർഷിശ്വരന്മാർക്കും കണ്ടുകിട്ടാത്ത ദിവ്യദർശനം എനിക്കു ല ഭിച്ചു! ഈ കണ്ണുകഠംകൊണ്ടു് ഞാൻ കണ്ടു! ഹാ. ഏഴകളിലുമേ ഴയായ ഞാൻ കണ്ടു! ദുർമ്മരണത്തിൽനിന്നും എന്നെ രക്ഷിച്ച പരമാത്മാവായ അങ്ങു് എന്നെ അജ്ഞാനത്തിൽനിന്നും രക്ഷി ച്ചാലും! ഈ തൃപ്പാദങ്ങഠം ശരണം, ശരണം." ആ മഹാത്മാവു് ഭഗവൽപാദങ്ങളിൽ തുടർച്ചയായി നമസ്കരിച്ചു.

അദ്ദേഹം ആ ഭക്തനെപ്പിടിച്ചെഴുനേല്പിച്ച് അരുകിലിരു ത്തി 'ഇതെന്തു മയക്കം. നീയല്ലേ കുറേമുമ്പു് "ഏതുസ്വാമി, ഏതുഭൂത"മെന്നെല്ലാം പറഞ്ഞതു്?

മുത്തു:—"എൻെറ മഹാപരാധങ്ങളെ ക്ഷമിക്കണം. അറിവി ല്ലാതെ ഞാൻ വളരെത്തെററുകഠം പ്രവൃത്തിച്ചുപോയി. പക്ഷെ എനിക്കു് ഈശ്വരകൃപയുണ്ടു്. ഈ ദർശനം സി ദ്ധിച്ച എനിക്കു് ബന്ധുമിത്രാദികളോ കളത്രപുത്രാദിക ളോ എന്തിനു്? എൻെറ ജന്മപാശത്തെ അറുക്കാൻ എനി ക്കു് ഭഗവാനനുഗ്രഹം തന്നിരിക്കുന്നു. ഭഗവാനെ എന്നെ രക്ഷിക്കണമേ!"

അദ്ദേഹം പറഞ്ഞു "ഭയപ്പെടാതേ. വിധിപോലെ പൂജാ ദികഠം ചെയ്താൽ ദൈവം നിന്നെ അനുഗ്രഹിക്കും. നീ ഉറച്ച

ഭക്തിയോടേ മേലും ഇരിക്കുമെങ്കിൽ ബാഹ്യനയനങ്ങൾകൊണ്ടു് നീ ഇന്നു കണ്ട ദിവ്യരൂപം നിന്റെ മനക്കണ്ണുകൾക്കു് നിത്യദർശനം നൽകും. നിന്നെ കൂട്ടിക്കൊണ്ടുപോകുവാനാണു് പരമാത്മാവു് എന്നെ നിയോഗിച്ചിരിക്കുന്നതെന്നു തോന്നുന്നു. ഇനിയും ഇവിടെക്കാര്യമില്ല. വാ പോകാം." എന്നു പറഞ്ഞു ഴനേരവു് മണ്ഡപത്തിൽനിന്നും അദ്ദേഹമിറങ്ങി നടന്നു. മുത്തുസ്വാമി അദ്ദേഹത്തെ അനുഗമിച്ചുകൊണ്ടു് "നാം എവിടെത്തന്നെപോകും. കമലമ്മ! ഹാ ഞാൻ വീണ്ടും അധഃപതിക്കുന്നു! ഞാൻ ജനിച്ചതും വളർന്നതും ചെറുകുളത്തു്.......എന്നെപ്പോലെ ഭാഗ്യവാനാരുണ്ടു്. എടീ മൂതേവി, ഞാൻ സന്യാസം സ്വീകരിക്കുവാൻ പോകയാണെന്നറിയാമോ, നിനക്കു്! അതിനിടയ്ക്കാണോ എന്നെ നശിപ്പിക്കുന്നതു്. ഈ പൈശാചികചിന്തകൾ എനിക്കിപ്പഴാണോ വരേണ്ടതു്. നായ്! എനിക്കിന്നു കിട്ടിയ ദർശനം! അതാണു് സുഖം! ആ സുഖം ഞാൻ നിത്യമായനുഭവിക്കുവാനാരംഭിച്ചു." ആ വിചാരങ്ങൾ മൂലം അദ്ദേഹം സ്തുതിഗീതങ്ങൾ പാടി. ആ രാത്രിയുടെ ഇരുട്ടിനെ ഒട്ടുംതന്നെ ഭയപ്പെടാതെ നടന്നു നടന്നു് ആരണ്യപാതകളിൽ മറഞ്ഞു.

# 26
## ഇലവു കാത്ത കിളി

ആർദ്രാദർശനം കഴിഞ്ഞാലുടൻ എത്തിക്കൊള്ളാമെന്നാണ് മുത്തുസ്വാമി അയ്യരുടെ എഴുത്ത്. അതനുസരിച്ച് കമലമ്മ കാത്തുകാത്തിരിക്കുകയാണ്; ഭർത്താവിൻെറ തിരുമുഖം കാണുവാൻ. ആർദ്രാദർശനം എന്നു കഴിയുമോ? എന്തോ? ഓരോദിവസവും അവൾ ഓരോ യുഗമായിത്തള്ളിവിടുകയാണ്. പണം അപഹരിക്കപ്പെട്ടു എന്നറിഞ്ഞതിലവൾക്ക് ഒട്ടും ഖേദമില്ല. അദ്ദേഹം ക്ഷേമമായി മടങ്ങി എത്തിയാൽ മാത്രം മതി. ദാരിദ്ര്യത്തിൻെറ കൊടുമകൾ അറിയാതെ അദ്ദേഹത്തെ സംരക്ഷിക്കേണ്ടതവളുടെ ചുമതലയായിട്ടാണവളുടെ വിശ്വാസം. "അദ്ദേഹം ഇത്ര നാൾ അനുഭവിച്ച സുഖാദികൾക്കൊരു കുറവും മേലാൽ വരുത്തിക്കൂടാ" എന്നാണാ ഉത്തമപത്നിയുടെ ദൃഢനിശ്ചയം. അതിനുള്ള പദ്ധതികൾ സദാ ആലോചിച്ചുകൊണ്ട് ഭർത്താവിനേയും നോക്കി അവൾ കാത്തിരുന്നു.

വീട് എന്തുവിലയ്ക്കുപോകും, കാപ്പും വളയുംകൂടിക്കൊടുത്താൽ എന്തുവില കിട്ടും, കല്ലിൻെറ വില കുറച്ചാൽ ചുട്ടിക്കും ചെയിനിനിന്നുംകൂടി അവരെന്തുതരും എന്നൊക്കെ അവൾ കണക്കുകൂട്ടി. ആററിൻകരയിൽ ഒരു ചെറിയ വീടുണ്ട്. അതിനു സൗകര്യക്കുറവൊട്ടുമില്ല. സ്വല്പം മുററവുമുള്ളതുകൊണ്ട് വല്ല ചീരയോ കത്തിരിയോ ഒക്കെ നടാം. പച്ചക്കറിക്കു പണം പെരുക്കാതെ കഴിഞ്ഞു. വീടിൻെറ തറയും ചുമരുമൊക്കെ പൊതുവേ മോശമാണ്. അതത്രസാരമുള്ള കാര്യമല്ല. ചാണകംകൊണ്ട് അസ്സലായി മെഴുകിയാൽ ഒരു കുറവുമില്ല. ഭിത്തി പൊളിഞ്ഞതും ചാണകം തേച്ചുനിർത്താം. അടുത്തു പുഴയുള്ള

ത്തുകൊണ്ടു് വെള്ളത്തിനും പഞ്ഞമില്ല! ഈവിധ ചിന്തകൾ അവളുടെ ഉള്ളത്തിൽക്കൂടി കടന്നു പൊയ്ക്കൊണ്ടിരുന്നു.

ഭർത്താവുവന്നാൽ അവൾക്കാശ്വാസമായി. അവൾ അദ്ദേഹത്തോടു പറയും 'വെള്ളകെട്ടിയ വീടു പോകുന്നു എങ്കിൽ പോകട്ടെ. വിധിയനുകൂലിക്കുന്നു എങ്കിൽ നമ്മൾക്കു മാളികയിൽ ഇനിയും താമസിക്കുവാൻ സാധിക്കാതിരിക്കുമോ. വെറും ഒടിച്ചു കുത്തിപ്പുരയും വൻമാളികയാണു്, ഹൃദയൈക്യമുണ്ടെങ്കിൽ. വീടു മാററത്തിനുള്ള പ്രാരംഭജോലികൾ കൂടി അവൾ ചെയ്തുതുടങ്ങി. സാമാനങ്ങൾ പ്രത്യേകം പ്രത്യേകം കെട്ടിവച്ചു. പാത്രങ്ങൾ തേച്ചുതുടച്ചു. 'ഭർത്താവിനെ സൗഖ്യമായി എൻെറയടുക്കൽ എത്തിച്ചുതരണേ' എന്നവൾ ദൈവസന്നിധിയിൽനിന്നും പ്രാർത്ഥിച്ചു. 'എൻെറ ഭർത്താവു് നാളെവരും.' എന്നുള്ള ആശകൊണ്ടു് അവളുടെ ഹൃദയം നിറഞ്ഞു നിൽക്കുകയാണു്. അതിലേ പോകുന്ന എല്ലാവരോടും പറയും ഈ വിശേഷക്കാര്യം. അവൾ കിടക്കയും പായും എല്ലാം തട്ടിക്കുടഞ്ഞു വിരിച്ചിട്ടു. അദ്ദേഹത്തിനു് യാത്രക്ഷീണം തീർക്കേണ്ടേ. അങ്ങനെ അവൾ അന്നു പകൽ കഴിച്ചു. തിരുവാതിരയുടെ പുറകെ പുണർതവും പൂയവും കഴിഞ്ഞു. അദ്ദേഹം വന്നിട്ടില്ല. 'നിശ്ചയമായും നാളെവരാതിരിക്കുമോ അദ്ദേഹം' എന്നു ധൈര്യപ്പെട്ടു നേരത്തെതന്നെ അടുക്കളപ്പണികൾ തീർത്തു് വഴിയിലോട്ടു നോക്കിക്കുത്തിയിരിക്കുകയാണവൾ.

വല്ല വണ്ടിയുടേയും ശബ്ദം പുറത്തു കേട്ടാൽ മതി "ഇതാ, വന്നുകഴിഞ്ഞല്ലോ" എന്നു പറഞ്ഞു് അവൾ അതു നോക്കുവാൻ ഒട്ടം. വന്നില്ലാ എന്നറിയുമ്പോൾ നിരാശയാൽ വാതിൽ തട്ടിയടച്ചു് ഹൃദയഭാരത്തോടെ അവൾ ഉള്ളിലേക്കു് നടക്കും. ചിലപ്പോൾ ചിന്താമഗ്നയായി വാതിൽപടിയിൽ ഇരുന്നവൾ നേരം കളയും. അദ്ദേഹം വന്നു് വാതലിൽ മുട്ടുന്നതായും അദ്ദേഹത്തിൻെറ ശബ്ദം കേൾക്കുന്നതായും ചില സന്ദർഭങ്ങളിൽ അവൾക്കു തോന്നും. ഹൃദയത്തുടിപ്പോടെ ഓടിച്ചെന്നു കതകുതുറക്കും. വീണ്ടും നൈരാശ്യം. അവൾ കണക്കുകൂട്ടിവച്ചിരിക്കുകയാണു്. അദ്ദേഹം 10 മണിക്കു് വന്നു ചേരണം. മണി 11 ആയി. വഴി

യിൽ വല്ല താമസവും നേരിട്ടിരിക്കാം. ഇപ്പോൾ വന്നേയ്ക്കും. മണി 12. വണ്ടിയുടെ നേരിയ ശബ്ദം പോലുമില്ല. അവൾ ചെവി വട്ടംപിടിച്ചു. മണി 1...........2............3. അദ്ദേഹം വന്നിട്ടില്ല. അവളുടെ ചങ്കിൽ തീ കത്തുന്നു. വല്ല ആപത്തും വഴിയിൽ സംഭവിച്ചിരിക്കുമോ? ഞാനിവിടെ ഇരുന്ന് എങ്ങനെ അറിയും. യാത്രമാററിവച്ചിരുന്നു എങ്കിൽ എഴുത്തയക്കുമായിരുന്നു. എൻെറ കഷ്ടകാലത്തിനു് എന്തുതന്നെയാണ് സംഭവിക്കാൻ പാടില്ലാത്തതു്. അവൾ വിങ്ങിക്കരഞ്ഞുതുടങ്ങി "ഹാ, ദൈവമേ, ഇതു് ധർമ്മമോ? ഭഗവാനേ ഇത്ര പരീക്ഷണത്തിനു് ഞാനെന്തപരാധം ചെയ്തു? ഹാ" വാർത്തിട്ടപോലെ് അതുപോലെ കിടക്കുന്നു. ഒരു തുള്ളിവെള്ളംപോലും കുടിക്കാതെ അവൾ തറയിൽ കിടക്കുകയാണ്. അവൾക്കു് ഉറക്കവും വരുന്നില്ല. കരഞ്ഞുകരഞ്ഞു കണ്ണുവീർത്തു് മുഖം വാടി, ദേഹമുലഞ്ഞു അതിദയനീയരൂപത്തിലായി അവൾ. "കരഞ്ഞു കരഞ്ഞു് എൻെറ ജീവനൊടുങ്ങട്ടെ" എന്നായി അവൾക്കുള്ള ആശ്വാസം.

ഈവിധം ദിവസങ്ങൾ ഒന്നൊന്നായിക്കടന്നു് ആഴ്ച ഒന്നു കഴിഞ്ഞു. അദ്ദേഹം ഇനിയും വന്നിട്ടില്ല. അദ്ദേഹം വരുകയില്ലായിരിക്കുമോ? ഞങ്ങളുടെ ബന്ധം തകർന്നുപോയതാണോ? ഇത്രമാത്രമേ എനിക്കു വിധിച്ചിട്ടുള്ളു എന്നു വരുമോ? ഇങ്ങനെ അവസാനിക്കുമെന്നു് ഞാൻ സ്വപ്നത്തിൽപോലും അറിഞ്ഞിരുന്നില്ല. അവളുടെ ചെവിയിൽ ഒരു മാറെറാലി 'നീ എവിടെയെങ്കിലും പൊയ്ക്കൊള്ളു. നമ്മുടെ ബന്ധം തീർന്നു' എന്നു്. അയ്യയ്യോ, അങ്ങയെ വിട്ടു് ഞാനെവിടെപ്പോകും? ജീവനും പോകുന്നില്ലല്ലോ! ഹാ ദൈവമേ, ഹാ, അങ്ങു് എവിടെയുണ്ടെന്നറിഞ്ഞാൽ ഏതുയമലോകമായാലും സാവിത്രിയെപ്പോലെ ഞാനവിടെ എത്തും. എന്നെ ഇങ്ങനെ അനാഥയാക്കിവിട്ടും വച്ചു് പോയല്ലോ........ഇതങ്ങേയ്ക്കു ധർമ്മമോ? ചിദംബരത്തുതന്നെവന്നോ അതോ എന്നെപ്പററിക്കാൻ എഴുതിയയച്ചതാണോ? ഈ ആപത്തുകൾ മൂലം വല്ല കട്ടംകൈയ്യും കാണിക്കുമോ! ഹാ! നടരാജമൂർത്തേ! പ്രാണനാഥ, അങ്ങയുടെ യാത്രദിവസം മുതൽ ഞാനനുഭവിക്കുന്ന നാകയാതന ആരോടുപറയും," ഈവിധം

പുലമ്പി ചീരത്തണ്ടുപോൽ വാടി കണ്ണീരിലുരുകി മൂർഛയിലവരം മയങ്ങി. സ്വപ്നത്തിൽ സന്യാസിവേഷം ധരിച്ചു് മുത്തുസ്വാമി അയ്യർ അവളെ സമീപിച്ചു് പറഞ്ഞു. "എടീ പാപി. ഞാൻ സന്യാസം സ്വീകരിച്ചു. നമ്മരം തമ്മിലുള്ള ബന്ധം തീർന്നിരിക്കുന്നു." അദ്ദേഹം മറഞ്ഞു. അവരം ചാടി എഴുന്നേററു വിളക്കുകത്തിച്ചു് "അയ്യയ്യോ, സന്യാസിയായോ! എങ്കിൽ ഞാനും! അങ്ങയുടെ പാദശുശ്രൂഷചെയ്തു് എനിക്കും മോക്ഷമടയരുതോ. എനിക്കാരുമേതുമില്ലാതെ വിട്ടുംവച്ചു് സന്യസിക്കാൻ തുടങ്ങിയതു് ധർമ്മമാണോ?" എന്നിങ്ങനെ പുലമ്പി. അർദ്ധരാത്രിയിലെ ഈവിധ ശബ്ദങ്ങരംകേട്ടു് അയലത്തുള്ളവർ വിളിച്ചു ചോദിച്ചു "കമലമ്മെ, എന്താ നീ വല്ല പേടിസ്വപ്നവും കണ്ടോ? എന്താ ഇങ്ങനെ പുലമ്പുന്നതു്? ഭയപ്പെടാതെ." എന്നു സമാധാനിപ്പിച്ചു. അവരം കണ്ട സ്വപ്നം അവരോടു അവരം വിസ്തരിച്ചു പറഞ്ഞു കരഞ്ഞു. "കഷ്ടം, നിനക്കെന്താ, പിച്ചുപിടിച്ചോ! ഇതു് അത്ഭുതമായിരിക്കുന്നു. നീ കിടന്നുറങ്ങു."

അദ്ദേഹം മരിച്ചുപോയി എന്നു് അടുത്തനാരം സ്വപ്നം.

അദ്ദേഹം മരിച്ചു ഭൂതമായി അവളുടെ അടുത്തുവന്നു എന്നു് പിന്നീടു്. പക്ഷെ അതിലവരംക്കു ഭയമില്ല. ഏതു രൂപത്തിലും അദ്ദേഹത്തെക്കണ്ടാൽമതി. അവരം വിങ്ങിപ്പൊട്ടിക്കരയും. ഇനി അദ്ദേഹമിവിടെ വരുകയില്ല എന്നവരംക്കൊരു തോന്നൽ.

ഇങ്ങനെ കരഞ്ഞു കരഞ്ഞവരം ദിനരാത്രങ്ങരം പോക്കി. കണ്ണുകരം താഴ്ന്നു്, കവിളൊട്ടി, മുഖം കരിഞ്ഞു, മുടിയും ജടയുമായി ഊണുമുറക്കവുമുപേക്ഷിച്ചു് ഒരു മുഴുഭ്രാന്തിയെപ്പോലെ കമലമ്മയുടെ വെറും ആരംരൂപത്തിൽ ഭർത്താവിനെപ്പററി മാത്രം ചിന്തിച്ചു് ജീവിച്ചുപോന്നു.

# 27

## തൻവീന തന്നെച്ചട്ട

മുൻ അദ്ധ്യായത്തിൽ വിവരിച്ച സംഗതികൾ നടന്നതിൻെറ അടുത്ത ദിവസം രാവിലെ ഉദ്ദേശം രണ്ടു നാഴിക പുലർച്ചയോടുകൂടി ചെറുകുളം ഗ്രാമത്തിലെ പ്രധാന വീഥിവഴി, കൈകളിൽ വാഴത്തടയും വടിയും ഒരു പത്തുക്കയറും, തോളിൽ ഒരു പഴന്തുണിയും ഏന്തി മൊട്ടത്തലയും നഗ്നമാക്കി കീറിപ്പറിഞ്ഞ ഒരു ചേലയുമുടുത്തു് ഒരു പെണ്ണുംപിള്ള സബ്മജിസ്ട്രേട്ടു വൈദ്യനാഥയ്യരുടെ വീട്ടിലേക്കു് ഓടുന്നു. വീടടുത്തപ്പോൾ ആ വിധവ ഉറക്കെ വിളിതുടങ്ങി "വൈദ്യനാഥാ, എടാ വൈദ്യനാഥാ" എന്നു്. ഈ കൂവലുകൾ അദ്ദേഹത്തിൻെറ ചെവിയിൽ പെട്ടു. ഒരു സബ്മജിസ്ട്രേട്ടിനെ ഇത്ര നിസ്സാരതയിൽ സംബോധന ചെയ്യുന്നതിനാരൊള്ളു എന്ന ഗർവ്വോടുകൂടി അദ്ദേഹം വാതിൽ തുറന്നു് പുറത്തേക്കു നോക്കി. പൊന്നമ്മ! അതേ സുബ്രഹ്മണ്യൻെറ വിധവ: അവൾ ഓടി അടുത്തുചെന്നു് വീണ്ടും പ്രഭാഷണം തുടങ്ങി. "ഇനിമേൽ ജ്യേഷ്ഠനീനാട്ടിൽ കയറുകയില്ല. നിശ്ചയം. ഞാനാരെന്നു മനസ്സിലായോ, വൈദ്യനാഥാ? സുബ്രഹ്മണ്യയ്യർ എന്നൊരാളില്ലായിരുന്നോ? അദ്ദേഹത്തിൻെറ പൊണ്ടാട്ടി....അദ്ദേഹം പൊയ്പ്പോയി....നീ ആയിരം രൂപാ തരണം ....ദീക്ഷിതർക്കു് കൊടുക്കാനുണ്ടു്....എനിക്കു് മരുന്നു കൂട്ടാനറിയാം....ചുപ്പമ്മാളും ചിദംബരത്തിനു പോയിരുന്നു....അദ്ദേഹം ഇങ്ങോട്ടിനിയും കാലുകുത്തുകയില്ലാ." ഇത്രയും പറഞ്ഞിട്ടവൾ കൈകൊട്ടിച്ചിരിച്ചു. വീണ്ടും "സുബ്രഹ്മണ്യയ്യർ നല്ലവനാണു്. പാവം. ചത്തുപോയി. ഞാനല്ലാ കൊന്നതു്. എൻെറ കണ്ണിലേക്കു് നോക്കു്. നീ അയാളെ അടി. ഈ വടികൊണ്ടടി.... ഇതാ കെട്ടു്....കയറിതാ....കെട്ടിയിട്ടടിക്കു്....ചുറു്, ചുറു്!

ഈ തുണി കഴുത്തിൽ വരിഞ്ഞുചുററു്....ഹേ, നോക്കുന്നോ! ഹാ. ഹാ! എന്തൊരു നോട്ടം!....ഹാ ഹാ എൻെറ കാമദേവാ!....എന്നെ മുടിച്ച രാജാവേ, ഞാൻ മുടിഞ്ഞു....മുടിഞ്ഞു. കെട്ടു്! അവനെക്കെട്ടു്........എൻെറ അമ്മേ!....അവഠം രാക്ഷസി....ദ്രോഹി! ഇതാ അവഠം വരുന്നു.... പോകാം അകത്തു്." എന്നുംപറഞ്ഞകത്തേക്കു നടന്നു. "ഞാൻ ഒരു രഹസ്യം പറയാം; ആരോടും മിണ്ടിപ്പോകരുതു്." അവഠംക്കു് ബുദ്ധിഭ്രമമാണെന്നു് വൈദ്യനാഥയ്യർക്കു് മനസ്സിലായി.

"ഇവഠംക്കു കുറച്ചുനാളായി ഏതോ സുഖക്കേടാണെന്നു് കേട്ടല്ലോ. ഇപ്പോഠം, കഷ്ടം, മുഴുഭ്രാന്തായിക്കലാശിച്ചോ!" അദ്ദേഹം വിചാരിച്ചു.

സുബ്രഹ്മണ്യയ്യരുടെ മരണവൃത്താന്തം സവിസ്തരം അവഠം പറഞ്ഞു. അദ്ദേഹം നട്ടപ്പാതിരയിൽ പൊന്നമ്മയുടെ കൈക്കുപിടിച്ചു പല്ലുകടിച്ചു് "ചണ്ഡാലി, രാക്ഷസി" എന്നെല്ലാം കണ്ണിൽക്കൂടെ തീപ്പൊരി പാറിവിളിച്ചു് അവളെ അടിച്ചതും അന്നുമുതൽ തലയ്ക്കു സുഖമില്ലാതായതും, ഭർത്താവിനു വിഷംകൊടുത്തു കൊന്നതുമൂലം സംഭവിച്ചിട്ടുള്ള ബ്രഹ്മഹത്യയും, അന്നു രാത്രിയിൽ അവഠം കണ്ട ആ ഘോരമിഴിയുടെ ഭീതിയുമൊത്തുചേർന്നു് അവളുടെ ബുദ്ധിസ്ഥിരതയെ നശിപ്പിച്ചു എന്നു് അദ്ദേഹം അവളുടെ സംഭാഷണങ്ങളിൽനിന്നും ഊഹിച്ചെടുത്തു. അതിനുശേഷം ശങ്കരി അമ്മയും ചുപ്പുവുംകൂടി കമലമ്മയെ ദ്രോഹിക്കുവാൻ നടത്തിക്കൊണ്ടിരുന്ന ഗൂഢാലോചനകളും മുത്തുസ്വാമി അയ്യർ നാട്ടിലേക്കു് ഒരിക്കലും വരാതിരിപ്പാനായി ചെയ്ത പണികളും അവഠംക്കു് ബാക്കി ഉണ്ടായിരുന്ന ചിത്തസ്വാതന്ത്ര്യത്തേയും ഹനിച്ചു. 'തൻവിന തന്നെച്ചുട്ടു' എന്ന മൊഴി അവഠംക്കു നന്നായി ഫലിച്ചു.

മകളുടെ ഭ്രാന്തുകാര്യം കഴിയുംവണ്ണം ശങ്കരിഅമ്മ രഹസ്യമായി സൂക്ഷിച്ചിട്ടും നാടാകെപ്പരന്നുപോയി. തക്ക കാവലോടെ അവഠം വീട്ടിൽതന്നെ സൂക്ഷിക്കപ്പെട്ടു. പുതുവിധവ ഒരു വർഷക്കാലത്തേക്കു പുറത്തിറങ്ങി സഞ്ചരിക്കരുതെന്നു് ജാതിനിബന്ധനയുണ്ടെന്നു വരുകിലും പൊന്നമ്മ അതനുസരി

ക്കാതെ തോന്നിയപോലെ ഇറങ്ങിനടക്കുകയും വീട്ടിൽ വരുന്ന പുരുഷന്മാരോടെല്ലാം സംസാരിച്ചടുത്തു പെരുമാറുകയും ചെയ്തു വന്നു. അതിനാൽ ആചാരം സംരക്ഷിക്കുന്നതിനുവേണ്ടി ശങ്കരി അമ്മ അവളെ ഒരു മുറിയിലാക്കി വാതിലടച്ചുപൂട്ടി. ആരെങ്കിലും പൊന്നമ്മയെ അന്വേഷിച്ചാൽ അവരു പറയും "അവൾ അകത്തു കിടന്നുറങ്ങുന്നു" എന്നു്; അല്ലെങ്കിൽ "അവൾക്കു പുറത്തിറങ്ങാറായിട്ടില്ല. അകത്തു കിടന്നു കരഞ്ഞു കണ്ണുപൊട്ടിക്കുന്നു" എന്നു്. ഇത്രയൊക്കെ ജാഗ്രതയായി അവളെ സൂക്ഷിച്ചിരുന്നു എങ്കിലും അന്നു് ഏതോ ഓർമ്മപ്പിശകിനാൽ മുറിപൂട്ടാൻ ശങ്കരിഅമ്മ മറന്നുപോയി. ഇതുതന്നെ തരം എന്നു കരുതി പൊന്നമ്മ വെളിക്കുചാടി തെരുവീഥിയിൽക്കൂടി ഓടുന്ന ഓട്ടമാണു് നാം കണ്ടതു്. രാവിലെയുള്ള നേരമാകയാൽ പുരുഷന്മാർ പുഴക്കരയിൽ സ്നാനാദി കർമ്മങ്ങളിലും സ്ത്രീകൾ വീട്ടുജോലികളിലും മുഴുകി ഇരുന്നതിനാൽ പൊന്നമ്മയെത്തടുക്കുന്നതിനുപോലും അവിടെയെങ്ങും ആളില്ലാതെയായിപ്പോയി. അവൾ ബുദ്ധിയുടെ പാച്ചിലനുസരിച്ചു നേരേ വൈദ്യനാഥയ്യരുടെ വീട്ടിലേക്കാണോടിയതെന്നു നാം കണ്ടു.

വൈദ്യനാഥയ്യർക്കു് ഏറിയ നാളായിട്ടു് നടരാജന്റെ കാര്യം സംബന്ധിച്ചു് പൊന്നമ്മയെ ബലമായ സംശയമുണ്ടു്. അതിനും പുറമേ അദ്ദേഹത്തിന്റെ കാതുകളിലും ആ കിംവദന്തി—മരുന്നു കൊടുത്തു് ഭർത്താവിനെക്കൊന്നു എന്ന—ആ ജനസംസാരം—എത്തിയിട്ടുണ്ടു്. തന്റെ ആത്മസ്നേഹിതനായ മുത്തുസ്വാമി അയ്യരുടെ കുടുംബചരിത്രമറിയുവാൻ ഇതുതന്നെ പറ്റിയ അവസരമെന്നദ്ദേഹമുറച്ചു. വീട്ടിനകത്തേയ്ക്കു് ഒരു കാരണവശാലും ഒരുത്തരേയും കടത്തിവിടരുതെന്നു് പോലീസുകാർക്കു് ആജ്ഞ നല്കിയിട്ടു് ആ മജിസ്ട്രേട്ടു് പൊന്നമ്മയെ വീട്ടിനകത്തേയ്ക്കു് കൂട്ടിക്കൊണ്ടുപോയി. അവിടെച്ചെന്നു് അവളെ ഒരിടത്തിരുത്തി സാവധാനം ഓരോന്നും ചോദിച്ചുതുടങ്ങി. അതിനിടയിൽ അവൾ "പാലിൽ കലക്കിയാലറിയില്ല; കുടംകുടമായി വായിലൊഴിച്ചാൽ ചെന്നെത്തുന്നതു ചുടലയിലാണു്....പിശാചു മിഴിക്കുന്നതുപോലെ മിഴിക്കുന്നതു കണ്ടില്ലേ!....കണ്ണിനിട്ടു

കുത്തു്. ആ കണ്ണു് പൊടിയട്ടെ....അടി....വാഴത്തണ്ടെടുത്തടി! ഞങ്ങളുടെ ചേട്ടൻ ഈ നാട്ടിലേക്കില്ല. നിശ്ചയം." ഇങ്ങനെ ശരമാരിപോലെ പറഞ്ഞുതുടങ്ങി. വൈദ്യനാഥയ്യർ ഇടക്കു കേറിച്ചോദിച്ചു "മുത്തുസ്വാമി അയ്യർ വരികയില്ലെന്നു് നീ എങ്ങനെ അറിഞ്ഞു? അതിനുള്ള കാര്യമെന്തു്?"

"എനിക്കറിയാമോന്നോ! ഹ, ഹ: ഹ: ഞാനതിലില്ല. സത്യമായിട്ടും ഞാനില്ല. ദീക്ഷിതർക്കു് 500 രൂപാ, ചുപ്പുവിനും 500 രൂപാ. ഇത്രയും കൊടുക്കാൻ കിടക്കുന്നു. എനിക്കറിഞ്ഞുകൂടാ. സാധിക്കുകയില്ലെന്നു് ഞാൻ പറഞ്ഞൊഴിഞ്ഞതാണു്. അയ്യയ്യോ ആ കണ്ണു കണ്ടോ! കുത്തു്. കുത്തിയ്യോ! ഏതെന്നറിഞ്ഞുകൂടേ! അയ്യോ എന്റെ പൂവമ്പാ! എന്നെ മുടിച്ച രാജാവേ! നീ ചത്തുപോയല്ലോടാ....ഞാൻ കൊന്നില്ല. ഇല്ലാ—ഞാൻ കൊന്നില്ല." ഇങ്ങനെ നീണ്ടുപോയ ഭ്രാന്തജല്പനങ്ങളിൽനിന്നും അതിരഹസ്യങ്ങളായ അനേക സത്യങ്ങളേയും കിംവദന്തികളേയും അനുമാനങ്ങളേയും വേണ്ടിടത്തു ചേർത്തു് ചെറുകുളത്തേയും മുത്തുസ്വാമി അയ്യരേയും സംബന്ധിച്ചു് സംശയങ്ങളുകന്നു് പരമാർത്ഥമായ കഥാരൂപത്തിൽ വലിച്ചെടുക്കുവാൻ വൈദ്യനാഥയ്യർക്കു സാധിച്ചു. ശങ്കരി, ചുപ്പു, ദീക്ഷിതത്രയങ്ങളുടെ ഗൂഢാലോചനമൂലം കമലമ്മയുടെ ചാരിത്രശുദ്ധിയിൽ മുത്തുസ്വാമി അയ്യർക്കു് സംശയം ജനിപ്പിച്ചതുകൊണ്ടാണദ്ദേഹം തിരിച്ചു വരാനിടയാകാഞ്ഞതെന്നും മജിസ്ട്രേട്ടിനു് സ്പഷ്ടമായി.

പൊന്നമ്മയെ വീട്ടിൽ കാണാഞ്ഞതുമൂലം ചുപ്പുവും ശങ്കരിഅമ്മയുംകൂടി തെരുവിലിറങ്ങി വീടാംതോറും വിളിച്ചു ചോദിച്ചു വരവെ അവൾ വൈദ്യനാഥയ്യരുടെ വീട്ടുവരെയായിട്ടുണ്ടെന്നു് ആരോ പറഞ്ഞറിഞ്ഞു. പരിഭ്രമത്തോടെ അവർ അങ്ങോട്ടോടി. മകളെപ്പിടിച്ചുകൊണ്ടുപോകുവാൻ എത്തിയ അമ്മയ്ക്കും കൂട്ടുകാരിക്കും ആദ്യമായിക്കിട്ടിയ സമ്മാനം കൈയ്യാമമായിരുന്നു. മജിസ്ട്രേട്ടിന്റെ ഉത്തരവനുസരിച്ചു് അവരെ അറസ്റ്റുചെ

യ്ക്ക തടഞ്ഞുവച്ചിട്ടു് അന്നാട്ടിലെ കരപ്രമാണികളെ എല്ലാം അദ്ദേഹം അവിടെ ക്ഷണിച്ചുവരുത്തി. പൊന്നമ്മയുടെ ഭ്രാന്താലാപങ്ങളിൽനിന്നും കൂട്ടിച്ചേർത്തെടുത്ത വാസ്തവകഥകളെ അദ്ദേഹം പൌരമുഖ്യന്മാരെ അറിയിച്ചു. ദീക്ഷിതരേയും മജിസ്ത്രേട്ടു് അവിടെ വരുത്തി. നീചപ്രവർത്തികൾമൂലം നാട്ടുതന്നെ നശിപ്പിച്ച ആ മൂന്നു പേരേയും നാട്ടുകാർ വേണ്ടവിധം അധിക്ഷേപിച്ചപമാനിച്ചു. ആ ത്രിമൂർത്തികളെ ജയിലലടക്കുന്നതിനു് ഉടൻതന്നെ വൈദ്യനാഥയ്യർ ഉത്തരവിട്ടു് പോലീസു ബന്തവസ്സിൽ അവരെ യാത്രയാക്കി. അപ്രതീക്ഷിതമായ സംഭവഗതി അവരെ ഞെട്ടിച്ചു. അവരിൽ ഓരോരുത്തരും പറഞ്ഞു "നീ നിമിത്തം ഇത്രയുമായി; നിൻെറ പെണ്ണിനുവേണ്ടി എന്നെ മുടിച്ചു; നീ അല്ലേടീ ഇതിലെ ആലോചനക്കാരി, നീ മൂലമല്ലേ സർവ്വും മുടിഞ്ഞതു്" ഇങ്ങനെ തമ്മിൽ തമ്മിൽ പഴിച്ചു. ജയിലിൽ വഴക്കു മൂത്തു് തങ്ങളിൽ അടിയും പിടിയുംവരെയായി. വേണ്ട കൈക്കൂലി കൊടുത്തു പുറത്തിറങ്ങിക്കൊള്ളാമെന്നുള്ള ചിന്തയോടെ ദീക്ഷിതർ ഒരു മൂലയിൽ സമാധാനമായിയിരുപ്പു പിടിച്ചു.

വൈദ്യനാഥയ്യരുടെ വീട്ടിൽ നടന്ന സംഭവങ്ങളെല്ലാം കമലമ്മയറിഞ്ഞു. ആ സാദ്ധ്വി മന്ത്രിച്ചു:—"എന്തു മഹാപാപമൊക്കെയാണവർ ചെയ്തതു്! അതൊക്കെയനുഭവിച്ചേ തീരൂ. അദ്ദേഹത്തിനെ എന്തിനു പഴിക്കുന്നു! അദ്ദേഹമവർ പറഞ്ഞതു വിശ്വസിച്ചു. എൻെറ മുജ്ജന്മപാപം! ഈ അപകീർത്തി ഭയന്നു് അദ്ദേഹം നാടുവിട്ടു കാണുമോ? ഒരു പക്ഷെ പ്രാണൻപോലും വെടിഞ്ഞിരിക്കുമോ! അയ്യോ! ഇങ്ങനെയും വന്നല്ലോ! ഹാ! ഭക്തവത്സലാ, എൻെറ ഭർത്താവിനെ ഞാനെന്നു കാണും!! എൻെറ പരിപാവനത ഞാനെങ്ങനെ വിശ്വസിപ്പിക്കും!" അവൾ ദുഃഖത്തിലാണ്ടു കരഞ്ഞു. അയൽവാസികൾ അവളെ ആശ്വസിപ്പിക്കുവാൻ വേണ്ടപോലെ ശ്രമിച്ചു. ആ വലിയ കുടുംബത്തിനു നേരിട്ട ദുർവിധിയോർത്തു് വൈദ്യനാഥയ്യർ സങ്കടപ്പെട്ടു.

മുത്തുസ്വാമി അയ്യരുടെ മുത്തച്ഛൻ മഞ്ചക്കുപ്പം ഡെപ്യൂട്ടി കലക്ടർ നാരായണസ്വാമി അയ്യർക്കു് ഈ വിവരങ്ങൾ കാണിച്ചു് എഴുതയച്ചു. അദ്ദേഹം വരുന്നതുവരെ ആ വീട്ടിലെ കാര്യങ്ങൾ മജിസ്ട്രേട്ടിന്റെ മേൽനോട്ടത്തിൽ നടന്നു.

ചെന്നൈപട്ടണത്തിൽ ഒരു വീട്ടിൽ ശ്രീനിവാസനും ലക്ഷ്മിയും താമസിച്ചുവന്നു. ഒരു ദിവസം രാത്രി അത്താഴവുമെല്ലാം കഴിഞ്ഞു അവരുറക്കറയിൽ പ്രവേശിച്ചു. കമനീയമായി അലങ്കരിച്ചു് വിരിച്ചിട്ടിരുന്ന പൂമെത്തയിൽ പഞ്ചശരനും രതിയും പോൽ അവർ കേറിക്കിടന്നു ഓരോരോ വാർത്തകൾ പറഞ്ഞു് ഉറങ്ങാതെ കിടന്നു. ഇങ്ങനെ കുറെ വിശ്രമിച്ചതിനുശേഷം പതിവിൻപടി ശ്രീനിവാസൻ രാമായണം കൈയ്യിലെടുത്തു. അതു തുറന്നയാൾ ഇടയെടുത്തു വായിച്ചു. ഇന്ദ്രജിത്തിന്റെ മരണവാർത്തയറിഞ്ഞു് ദശകണ്ഠൻ വിലപിക്കുന്ന ഘട്ടമാണു് വന്നതു്. രണ്ടുപേരുംകൂടി വായന തുടങ്ങി. മകന്റെ വീര്യശൌര്യാദികളും ഗുണഗണങ്ങളും ഓർത്തോർത്തു് രാവണചക്രവർത്തി തന്റെ ഗാംഭീര്യവും പൌരുഷവും വെടിഞ്ഞു് ഇരുപതു കണ്ണുകളിൽകൂടെയും അശ്രുക്കൾ വാർത്തു് വിലപിക്കുന്ന ഭാഗം. അവർ മനമുരുകിപ്പാടി. കൈലാസശൃംഗം പന്താടിയ രാവണേശ്വരൻ പുത്രശോകത്താൽ പത്തു വാകൊണ്ടും പ്രലപിച്ചു് തറയിൽ വീണുരുണ്ടു് വാവിട്ടലറിക്കരയുന്ന ഭാഗം ലക്ഷ്മിയെ വേദനിപ്പിച്ചു. ഖരദൂഷണാദി സംഹാരവേളയിൽ ഭഗവാൻ ശ്രീരാമചന്ദ്രൻ അവസാനമില്ലാത്ത രാക്ഷസപ്പടയെ അരിഞ്ഞുവീഴ്ത്തുന്നതു കണ്ടു് സീതാദേവിപോലും വാവിട്ടു കരഞ്ഞുപോയി. അക്കഥകൾ ഓർത്തപ്പോൾ നടരാജവേർപാടുമൂലം തന്റെ അച്ഛന്റെ രോദനം അവളുടെ സ്മൃതമണ്ഡലത്തിൽ തെളിഞ്ഞു. പുത്രശോകത്താൽ രാവണൻ പറഞ്ഞ വാക്കുതൾതന്നെയാണു് അവളുടെ അച്ഛനും പറഞ്ഞതു്. അതുകൾ അവളുടെ ചെവിയിൽ മുഴങ്ങി. അവളുടെ കണ്ണുകളും നിറഞ്ഞു് കവിൾതടങ്ങൾ നനഞ്ഞുതുടങ്ങി. അതു കണ്ടു ശ്രീനിവാസനും കരച്ചിലായി. രണ്ടു

പേരും വിങ്ങിവിങ്ങി മുഖത്തോടു മുഖം നോക്കി ഹൃദയഭേദകമായി ദുഃഖിച്ചു.

രാത്രി രണ്ടു മണി. ആരോ ബലമായി വാതൽ തള്ളി. ശ്രീനിവാസൻ ചാടി എഴുന്നേററു പുറത്തുവന്നു. തപാൽ ശിപായി! ഒരടിയന്തിരക്കമ്പി അവനു കൊടുത്തു. അവൻെറ കൈകൾ വിറയ്ക്കുന്നുണ്ടു്. ചങ്കു് മാറിടം ഭേദിക്കുമാറു് ഭയങ്കരമായി ഇടിച്ചു. അകത്തുവന്നു് വിളക്കു കൊളുത്തി അവൻ കമ്പി വായിച്ചു.

"മുത്തുസ്വാമി അയ്യരെ..........കാണണമെങ്കിൽ—ലക്ഷ്മീസഹിതം........ഉടൻ........പുറപ്പെടുക."

ഇതായിരുന്നു കമ്പി.

# 28

## അനർത്ഥ പരമ്പര

നാലുദിവസങ്ങൾകൂടെക്കഴിഞ്ഞു. ചിദംബരത്തിനു പോകുന്ന തീവണ്ടിയിൽ ഒരു പ്രത്യേക മുറിയിൽ കമലമ്മ, ലക്ഷ്മി, ശ്രീനിവാസൻ, സുന്ദരം ഇവർ നാലുപേരും ഇരിപ്പുണ്ടു്. സുന്ദരത്തിനു് ഇപ്പോൾ വയസ്സു 12 ആയി. അവൻ അതിബുദ്ധിശാലിയാണു്. വീട്ടിൽ നടന്ന സംഗതികൾ എല്ലാമവൻ അറിഞ്ഞിരിക്കുന്നു. "എനിക്കു് അച്ഛനെ (മുത്തുസ്വാമി അയ്യരെ) ക്കാണണം" എന്നു് ശാഠ്യംപിടിച്ചു കരഞ്ഞതുകൊണ്ടു് ശ്രീനിവാസൻ അവനേയും കൂട്ടത്തിൽ കൊണ്ടുപോന്നതാണു്. ശ്രീനിവാസനേയും ലക്ഷ്മിയേയും സുന്ദരത്തിനേയും ഒന്നിച്ചു കാണുന്നു എങ്കിൽ ഒരുപക്ഷെ മുത്തുസ്വാമി അയ്യർ ലോകവിരക്തിയെ വെടിഞ്ഞു് വീണ്ടും ഗൃഹസ്ഥാശ്രമം സ്വീകരിച്ചെങ്കിലോ എന്നു് കമലമ്മയ്ക്കു് ആശ. പോകുംവഴിയുള്ള ഓരോ ആപ്പീസിലും ശ്രീനിവാസൻ ഇറങ്ങിയന്വേഷിക്കും, മുത്തുസ്വാമി അയ്യർ അവിടെ എങ്ങാനുമുണ്ടോ എന്നു്.

ചീർകാഴി സ്റ്റേഷനിലിറങ്ങി ശ്രീനിവാസൻ മുത്തുസ്വാമി അയ്യരെത്തിരക്കുകയാണു്. മഴ ശക്തിയായിപ്പെയ്യുന്നുണ്ടു്. ഒരു കുടയുമെടുത്തു് അവിടെയെല്ലാം ശ്രീനിവാസൻ നടക്കുമ്പോൾ, വിലയേറിയ കിന്നരിത്തൊപ്പിയും, പളപള എന്നു മിന്നുന്ന കട്ടത്ത പട്ടുകോട്ടും, മൂന്നിഞ്ചുവീതിയിൽ കസവുള്ള അങ്കവസ്ത്രവും, സ്വർണ്ണവാച്ചും, കാലിൽ മേൽതരം ചെരിപ്പും അണിഞ്ഞ ഒരു പരിഷ്ക്കാരി "ഗുഡ് മോർണിങ്" എന്നു് പറഞ്ഞു് വന്ദിച്ചു് വജ്രമോതിരങ്ങൾ അണിഞ്ഞിരുന്ന കൈനീട്ടി ശ്രീനിവാസൻെറ കൈപിടിച്ചു് കുലുക്കി. "ഒരു പാട്ട നാളായല്ലോ

കണ്ടിട്ടു്. സൗഖ്യംതന്നെയോ?" അയാൾ ക്ഷേമം അന്വേഷിച്ചു. ശ്രീനിവാസനു് അയാളെസംബന്ധിച്ചു് ഒരെത്തുംപിടിയും കിട്ടുന്നില്ല. "മനസ്സിലായില്ലല്ലോ" എന്നു പറഞ്ഞാൽ അതു് അലോഹ്യമായിരിക്കുമല്ലോ എന്നു കരുതി അവൻ പരിചയം ഭാവിച്ചു തിരിച്ചു് യോഗക്ഷേമങ്ങൾ തിരക്കി. ആ പുതിയ മനുഷ്യൻ ശ്രീനിവാസന്റെ കൈയ്യുംപിടിച്ചു് സ്നേഹോക്തികൾ പറഞ്ഞു് പ്ലാററുഫാറം വിട്ടു് സാവധാനം നടന്നു. "എനിക്കു് വണ്ടിയിൽ പോകണം. നേരമായി എന്നു തോന്നുന്നു" എന്നു ശ്രീനിവാസൻ പറഞ്ഞു. അയാൾ "ഓ, ഒന്നുമില്ല. ഇനിയും അരമണിക്കൂർ കിടക്കുന്നു. വടക്കുന്നുവരുന്ന വണ്ടി കടന്നുപോയിട്ടേ ഇതു പോകൂ." എന്നു പറഞ്ഞു മനസ്സിലാക്കി. അയാൾ ഉറക്കെ "എടാ പ്യൂൺ, സാമാനങ്ങൾ നോക്കിക്കൊള്ളൂ" എന്നാജ്ഞയുംകൊടുത്തു് ശ്രീനിവാസനോടു തിരിഞ്ഞു് "നാമീമഴയത്തു നടക്കുന്നതെന്തിനു്? സ്റ്റേഷൻമാസ്റ്ററുടെ വീട്ടിലൊന്നു പോകാം. അവിടെ കാപ്പി തയാറാക്കി വച്ചിട്ടുണ്ടു്. നമ്മൾക്കു് ശീഘ്രം തിരിച്ചുവരാം. നിങ്ങൾ ഭയപ്പെടേണ്ടാ. മണിക്കൂർ അരകഴിയണം. ആ വണ്ടി അനങ്ങണേൽ. എത്ര നാളായികണ്ടിട്ടു്! മദ്രാസിൽനിന്നും പോരുന്നതിനു മുമ്പു കണ്ടതാ." ഈവിധ പ്രേരണകളാൽ സ്റ്റേഷൻമാസ്റ്ററുടെ വീടിന്റെ പുറകുവശത്തേക്കു അയാൾ ശ്രീനിവാസനെ സസ്നേഹം കൂട്ടിക്കൊണ്ടുപോയി. ഞൊടിയിടയിൽ അയാൾ ഒരുരിയ കത്തിനീട്ടി പൈശാചികച്ചിരിയോടെ ഉഗ്രമായിപ്പറഞ്ഞു "ശബ്ദിക്കരുതു്" എന്നു മാത്രം. ഉത്തരക്ഷണത്തിൽ അശ്വാരൂഢന്മാരായ നാലുപേർ പ്രത്യക്ഷപ്പെട്ടു. അവർ ശ്രീനിവാസനെ കൈകാൽ ബന്ധിച്ചു് കുതിരപ്പുറത്തിട്ടു് അവരും കയറി അതിവേഗത്തിൽ ഓടിച്ചുപോയി. ശ്രീനിവാസനു വന്ന കോപത്തിനും താപത്തിനും അതിരില്ല. "നോക്കിനോക്കി ഇരിക്കുന്ന ഭാൎയ്യയും, അമ്മയും സുന്ദരവും എന്തുചെയ്യും? വണ്ടി ഇപ്പോൾ പുറപ്പെടും. ആരുമേതുമില്ലാതെ അവർ....ഹാ അവരെവിടെ ഇറങ്ങും? ആർ വഴികാണിക്കും?" അവൻ വായിൽവന്നതെല്ലാം പറഞ്ഞു് ആ പരിഷ്കാരിയെ ശകാരിച്ചു.

ശ്രീനിവാസനെക്കാണാനില്ല. ലക്ഷ്മി തിട്ടക്കംപൂണ്ടു നോക്കുന്നു. വണ്ടി അനങ്ങിത്തുടങ്ങി. അയാളില്ലാതെ അവർ എങ്ങനെ പോകും. സംഭ്രമത്തോടെ അവർ വണ്ടിയിൽനിന്നും ചാടി ഇറങ്ങുവാൻ ഭാവിക്കുന്നതുകണ്ടു് ഒരു റയിൽവേ ഉദ്യോഗസ്ഥൻ ഓടി അടുത്തുചെന്നു് "ഇറങ്ങരുതു്. വണ്ടി ഓടിക്കൊണ്ടിരിക്കുമ്പോഠ ഇറങ്ങരുതു്" എന്നു തടഞ്ഞു. അയാളും അകത്തുകടന്നു് ഇരുന്നു. തങ്ങഠക്കു പററിയ അപകടം അവർ അദ്ദേഹത്തോടു പറഞ്ഞു. "ഉം. പേടിക്കേണ്ട. അടുത്ത സ്റ്റേഷനിൽ ഇറങ്ങാം. അവിടെനിന്നു് കമ്പി കൊടുത്താൽ അടുത്ത വണ്ടിയ്ക്കു് അയാഠ വരും. രാത്രി എട്ടുമണിക്കുള്ള വണ്ടിക്കു് അയാളെത്തും. ധൈര്യമായിട്ടിരിപ്പിൻ. കുറച്ചു ദൂരമേ അടുത്ത സ്റ്റേഷനിലേക്കുള്ളു. ഒന്നും ഭയപ്പെടേണ്ട." ഈവിധം അയാഠ അവരെ സമാധാനപ്പെടുത്തി. വണ്ടി ശീഘ്രഗതിയിൽ ഓടുകയാണു്. പെട്ടെന്നു് ആകാശഭേദിയായ ഒരു ശബ്ദം. എന്തൊക്കെയോ അനന്തരശബ്ദങ്ങളും! അങ്ങിങ്ങായി വിളിയും കൂവലും, കരച്ചിലുമൊക്കെ ബഹളം. റയിൽവേപാലം തകർന്നു!

ഗതിവേഗത്താൽ വണ്ടികഠ നിന്നില്ല. ഒന്നിനുമേൽ ഒന്നായി അവ മുന്നേറി നശിക്കുകയാണു്. ആദ്യമായി താഴെ വീണ വണ്ടിമുറിയുടെ മേൽ, അടുത്ത മുറി; ഈവിധം ആ കുഴി നിറഞ്ഞു. ഇഞ്ചിൻവണ്ടി മണലിൽ പുതഞ്ഞു. താഴെയുള്ള 'കമ്പാർട്ടുമെൻറുകഠ' ജലം കേറി നിറഞ്ഞുതുടങ്ങി. ആററിലെ ഒഴുക്കും കിട്ടിയവരെ തൂക്കി എടുത്തു പാഞ്ഞു. കുഞ്ഞുകുട്ടികളും, പെട്ടിയും കുട്ടയുമെല്ലാം ജലപ്രവാഹത്തിൽപെട്ടു് പുതിയ വഴിയെ പ്രയാണമാരംഭിച്ചു. കരയരുകിൽക്കൂടെ ഒഴുകിയ ചിലർ കരയ്ക്കുകയറുവാൻ ബദ്ധപ്പെട്ടു പരിശ്രമിക്കുന്നു. നീന്തറിയാവുന്ന ചില ഭാഗ്യവാന്മാർ ആയുസ്സും കൈയ്യിലെടുത്തു് പണിപ്പെടുന്നു. നദീമദ്ധ്യത്തിൽപെട്ട ഏതാനും പേർ അന്ത്യശ്വാസങ്ങഠവിട്ടു താഴുന്നു. ആകാശം ഇരുണ്ടു. കണ്ണഞ്ചിക്കുമാറു് കൊള്ളിയാൻ ഇടയ്ക്കിടയ്ക്കു് രംഗദർശനം നടത്തി തൃപ്തനാകുന്നു. മണൽ വാരി എറിയുന്നതുപോലെ അതിശക്തിയായ മഴയും ആരംഭിച്ചു. ബ്രഹ്മാണ്ഡകടാഹങ്ങഠ തകർക്കുമാറുള്ള ഭേരിയാണു്

ആകാശത്തുനിന്നും കേൾക്കുന്നതു്. മന്നംവിണ്ണുമായി ഭയാനകമായ സംഘട്ടനത്തിലെത്തിയിരിക്കുന്നു. യുദ്ധകാഹളം മുഴക്കി ചണ്ഡമാരുതൻ ചുററിഅടിച്ചു് ജീവനുംകൊണ്ടു കരയ്ക്കുകയറിയ യാത്രക്കാരെ വീണ്ടും പുഴയിലേക്കിഴക്കുന്നു. ഈ സംഹാരതാണ്ഡവം ദർശിച്ചു് മരങ്ങൾ ബാഷ്പധാരചൊരിയുന്നു. സൂര്യചന്ദ്രന്മാരും താരാഗണങ്ങളും ഈ കൂട്ടക്കൊലകാണുവാൻ മനക്കരുത്തില്ലാത്തതിനാൽ എവിടെയോ പൊയ്യൊളിച്ചു. തോടു്, കുളം, പാടം മുതലായവയിലെ ജലംപോലും അപഹരിച്ചുകൊണ്ടു് കുതിച്ചുപായുന്ന നദി, മലമ്പാമ്പു്, കുറുനരി, ആടു്, കോഴി, പിഴുതെടുത്തമരങ്ങൾ, മുളക്കൂട്ടം, ശവം ഇവയെല്ലാമടിച്ചുകൂട്ടി കീഴോട്ടുകൊണ്ടുപോകുന്നതിനിടയ്ക്കു് അങ്ങിങ്ങായി ദീനരോദനങ്ങളും, അലർച്ചകളും കൂവലുകളും കേൾപ്പാനുണ്ടു്. താൻ തട്ടിഎടുത്ത കൊള്ളകളെ അപഹരിക്കാൻ പുറകെ ആരെങ്കിലുമെത്തുമെന്നുള്ള ഭയത്താൽ അലറി ഓടിക്കൊണ്ടിരിക്കുന്ന വാഹിനി എതിരടിച്ചുനിൽക്കുന്ന പാലങ്ങളേയും കലുങ്കുകളേയും തട്ടിത്തകർത്തു് അതിക്രുദ്ധയായി കഴിവുപോലെ തിന്നൊടുക്കി ബാക്കിയുള്ളവയെ വിശ്രമസ്ഥലത്തെത്തിക്കുവാൻ കുതിച്ചുപായുന്നു.

ഒരു കുട്ടി മുങ്ങിപ്പൊങ്ങുന്നതുകണ്ടു് തള്ളയും കൂടെച്ചാടി. തള്ളയേയും പിള്ളയേയും രക്ഷിപ്പാൻ പുരുഷൻ ജീവനുപേക്ഷിച്ചു പുഴയിലിറങ്ങി. വേർപാടറിയാതെ പരസ്പരവിശ്വാസത്തോടെ അവർ അടിയിലടിഞ്ഞു. അമ്മായിഅച്ഛനെക്കാണുവാൻപോയ പുതുമണവാളന്മാരെത്രപേർ! ശൃംഗാരസൂക്തികൾ പാടിക്കൊണ്ടിരുന്ന നവദമ്പതികൾ എത്രയെത്ര! വിരഹാർത്തയായിക്കഴിയുന്ന നായികയെ സമാശ്വസിപ്പിക്കാൻ മധുരസ്വപ്നങ്ങളും കണ്ടുകണ്ടു് പാഞ്ഞെത്തുന്ന യുവരസികന്മാരത്രെ! ജ്ജണഭാരത്താൽ കുടുംബംപുലർത്തുവാൻ പ്രാപ്തിയില്ലാതെ ഓടി അകലുന്ന ഭീരുക്കളെത്ര! ഈവിധം എത്രഎത്രപേർ ജീവനുവേണ്ടി നഖം കോച്ചുന്ന കുളിർജലത്തിൽ മുഴകിപ്പോരാടുന്നു. അതിനിടയിൽ വട്ടമടിക്കുന്ന കാററു് പരവശരായിപ്പതച്ചുകിടക്കുന്ന ചിലരെ കരയ്ക്കുടുപ്പിച്ചു. ആക്കൂട്ടത്തിൽ സുന്ദരവും ലക്ഷ്മിയുമുൾ

പ്പെട്ടവാൻ ഭാഗ്യമുണ്ടായി. അവരുടെ കാൽ ആററുതിട്ടയിൽ മുട്ടി. അവർ കിട്ടകിടാവിറച്ചു് കരയിലോട്ടു വലിഞ്ഞുകേറി. അവർ ആദ്യമായിക്കണ്ടതു് കമലമ്മയെയായിരുന്നു. കോരിച്ചൊരിയുന്ന മഴയിൽ കുത്തിഒലിക്കുന്ന നീർച്ചാലിൽ അർദ്ധപ്രാണയായി അവഠം കിടന്നിരുന്നു. ഇതുകണ്ടു് അവരും മൂർഛിച്ചു.

അങ്ങനെ കിടക്കുമ്പോഠം കുടയും പിടിച്ചു് കൈയ്യിൽ ഒരു റാന്തലുമായി ഒരു വൃദ്ധൻ സമാധാനദൂതനായി അവിടെ എത്തി. മൂർഛിച്ചുകിടക്കുന്നവരെ തട്ടിഉണർത്തി ഉടനടി വേണ്ട പ്രതിവിധികഠം ചെയ്തു് അവരെ അടുത്തുള്ള ഒരു വീട്ടിലേക്കു് അദ്ദേഹം അയച്ചുകൊണ്ടിരുന്നു. അദ്ദേഹം നോക്കിനോക്കി കമലമ്മ കിടക്കുന്നിടത്തെത്തി. ദീപം തെളിച്ചു് അവരെ മൂന്നു പേരേയും വീണ്ടുംവീണ്ടും നോക്കി ആശ്ചര്യത്തോടെ "അയ്യോ, ഇതെന്താപത്തു്? ഇവർ എവിടെനിന്നും വരുന്നു! ജീവനുണ്ടോ എന്തോ!" എന്നു പറഞ്ഞു് അദ്ദേഹം സസൂക്ഷ്മം പരിശോധിച്ചു. ശ്വാസം നിലച്ചിട്ടില്ലാ എന്നറിഞ്ഞു് അവരെ സാവധാനം എടുത്തു് അടുത്തുള്ള മണ്ഡപത്തിൽകൊണ്ടുപോയിക്കിടത്തി ബോധക്കേടുമാററുവാനുള്ള പ്രയത്നങ്ങളിലേർപ്പെട്ടു.

# 29

## അമ്മൈയപ്പപിള്ളയുടെ പൂർവ്വകഥ

ബോധം തെളിഞ്ഞ ആ മൂവരും ചുററുപാടും പകച്ചുനോക്കി. എന്തൊരത്ഭുതം! അവരെ അത്യാപത്തിൽനിന്നും രക്ഷിച്ച് കരയേററിയ ആ വൃദ്ധൻ അമ്മൈയപ്പപിള്ളയാണ്. അയാഠം ഈ രംഗത്ത് എങ്ങനെ എത്തിച്ചേർന്നു എന്ന് നമുക്കൊന്നു തിരിഞ്ഞുനോക്കാം. ആ മഹാവിദ്വാന് പ്രായപരിധി എത്തിയ മുറയ്ക്ക് സ്കൂളിൽനിന്നും പെൻഷനോടുകൂടിപ്പിരിച്ചുവിട്ടു. അങ്ങനെ ഒരു പണിയും കൂടാതെ ഇരിക്കുമ്പോഴാണയാഠംക്ക് ഭക്തി ഇരച്ചുകയറിയതു്. ദേശസഞ്ചാരം ചെയ്തു പുണ്യക്ഷേത്രങ്ങഠം എല്ലാം ദർശിക്കണമെന്ന് ആ ഭക്തൻ മനസ്സിലുറച്ച് അതിനുള്ള ഒരുക്കങ്ങളോടെ വീട്ടിൽനിന്നും പുറപ്പെട്ടു. അയാഠം സ്വതസിദ്ധമായുള്ള ഗാനവാസനയാൽ ചെല്ലുന്ന സ്ഥലങ്ങളിലെല്ലാം ജനപ്രീതി നേടി. ഇങ്ങനെ വടക്കൻ നാടുകളിൽ ധാരാളമായിച്ചുററി അതിനനുസരിച്ച ഭക്തിയും സമ്പാദിച്ചു തിരികെ മടങ്ങി വരുംവഴി ചിദംബരത്തിനടുത്തുള്ള ഒരു ഗ്രാമത്തിൽ മൂന്നു നാലു ദിവസമായി കഴിച്ചുകൂട്ടുകയായിരുന്നു. തീവണ്ടി അപകടമുണ്ടായ പാലം അമ്മൈയപ്പപിള്ള താമസിച്ചിരുന്ന മണ്ഡപത്തിന് വളരെ അടുത്തായിരുന്നു. അതിനാൽ കർണ്ണകഠോരമറയ ആ അത്യാഹിതം ആദ്യമായി അറിഞ്ഞതയാളായിരുന്നു. ആർദ്രചിത്തനായ പിള്ള ദുഃഖിക്കുന്ന ജനങ്ങഠംക്കാശ്വാസമരുളാൻ കൊടുങ്കാററും പേമാരിയും വകവയ്ക്കാതെ രണ്ടുമൂന്നനുയായികളെ കൂട്ടുപിടിച്ച് കുടയും വിളക്കുമെടുത്ത് സംഭവസ്ഥലത്തേക്കു യാത്രയായി. അവിടെ എത്തി ആർത്തത്രാണപാരായണനായി നോക്കിനടക്കുമ്പോഴാണ് ലക്ഷ്മിയേയും കമലമ്മയേയും കാണുവാനിടയായതു്. അവർ അവിടെ

വരുവാൻ യാതൊരു കാരണവും അയാളാലോചിച്ചിട്ട കാണാതെ അത്ഭുതാധീനനായി അവരെ വേഗംതന്നെ മണ്ഡപത്തിലേക്കെട്ടപ്പിച്ച് അതിപ്രയത്നം ചെയ്ത ബോധം തെളിക്കുകയാണുണ്ടായത്.

മുത്തുസ്വാമി അയ്യരും അൎമ്മെയപ്പപിള്ളയും പരസ്പര ആദരവും ബഹുമാനവും ഉള്ളവരാണെന്ന മാത്രമേ നാം നേരത്തെ പറഞ്ഞിട്ടുള്ളുവല്ലോ. മേൽ നടക്കേണ്ട സംഗതികൾക്ക് അവർ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അറിയേണ്ടതത്യാവശ്യമാകയാൽ അതിനെപ്പററി ചുരുക്കി വിവരിക്കാം.

മുത്തുസ്വാമി അയ്യരുടെ പിതാവ് രങ്കസ്വാമി അയ്യർ വലിയ ആഡംബരപ്രിയനായിരുന്നു. അദ്ദേഹത്തിന് അനുഭവയോഗം അസാദ്ധ്യമായിത്തെളിഞ്ഞിരുന്നു. ചന്ദനപുഷ്പാദികൾ, സംഗീതം ഇവ ഇല്ലാതെ അദ്ദേഹത്തിന് ദിവസം പോകുകയില്ല. നൃത്തം ഗാനം ഇവയിൽ മുഴുകിയാണ് ആയുസ്സു മുഴവനും അദ്ദേഹം പോക്കിയതു്. ദാസിയുടെ മടിയിൽ തലയുംവച്ച് അവളുടെ ഗാനാമൃതത്തിൽ ലയിച്ചാണ് ആ നിത്യകല്ല്യാണപുരുഷൻ ചരമമടഞ്ഞതു്.

ഒരു രാത്രി അദ്ദേഹം തനതുദാസി ദേവയാനിയുടെ വീട്ടിൽ അവളുടെ ഗാനലഹരിയിൽ മതിമറന്നിരിക്കുകയായിരുന്നു. അവൾ വിശേഷപ്പെട്ട കീർത്തനങ്ങൾ ജന്മസിദ്ധമായ വാസനാഗുണത്തോടെ പാടി അദ്ദേഹത്തെ തൃപ്തിപ്പെടുത്തി. അതിനുശേഷം പുതുവർണ്ണങ്ങളിലുള്ള 'ചില്ലറ' പാടിക്കൊണ്ടിരിക്കുമ്പോൾ അൎമ്മെയപ്പപിള്ള അതുവഴി വന്നു. അയാൾ ആരുചാപ്പടിയിൽനിന്നും ഏതോ കാരണവശാൽ ചെറുകുളത്തിന് വന്നിരിക്കയാണ്. അയാൾക്ക് അന്നേ അസാരം തമിഴറിയാം. രങ്കസ്വാമി അയ്യരും തമിഴ് പഠിക്കുന്ന കാലമാണ്. അദ്ദേഹവും ദേവയാനിയുംകൂടി ഏകസ്വരത്തിൽ ഒരു ഗീതം പാടിക്കൊണ്ടിരിക്കുമ്പോൾ നമ്മളുടെ തമിഴ്‌വിദ്വാൻ ആ പടി കടന്നുപോകുകയായിരുന്നു. ഒരു ക്ഷണം അയാളവിടെ നിന്നു. അന്ന് അയാൾക്ക് അത്താഴം എങ്ങുനിന്നും കിട്ടിയിട്ടില്ല. സ്ഥലയുപവാസമായി രാത്രി കഴിക്കാമെന്നുറച്ചു നടക്കുമ്പോഴാണ്

ആ ഗാനം ചെവിയിൽ പെട്ടതു്. അതിൽ ആകൃഷ്ടനായി അയാൾ ദേവയാനിയുടെ തിണ്ണയിൽ കേറിഇരുന്നു. സംഗീതത്തിൽ വിദ്വാനു് ബഹുജ്ഞാനമാണു്. ആ പാട്ടു് അയാൾ സശ്രദ്ധം കേൾക്കുകയാണു്. അകത്തു് അവർ പല്ലവി പല വിധത്തിൽ രസിച്ചാവർത്തിക്കുന്നു. അയാൾ വിചാരിച്ചു "ഇതെന്തു കൂത്തു്. അവർക്കു് പാട്ടിന്റെ ബാക്കി അറിഞ്ഞുകൂടെ? പാടിയതുതന്നെ പിള്ളേരേപ്പോലെ വീണ്ടും വീണ്ടും ഇങ്ങനെ പറയുന്നുവല്ലോ! പാട്ടു് ഇത്രവളരെ നീട്ടിവലിക്കണോ! ഉള്ളവണ്ണം പാടിയാൽ ഞാൻ കേൾക്കാമായിരുന്നു!" ഏതായാലും ദേവയാനിയുടെ പുറംതിണ്ണ അയാൾക്കു മനസ്സിൽ പിടിച്ചു. അതു് മരംകോച്ചുന്ന മഞ്ഞുകാലമായിരുന്നു. ഒരു കുളിർകാററും 'ചറുപിറ' അടിച്ചുകൊണ്ടിരുന്നു. അമ്മൈയപ്പപിള്ളയുടെ പേരിൽ ഒരു കരുണയും കാണിക്കാതെ ആ കുളിർവാതം അയാളെ നിർദ്ദയം തലോടി. പാവം വിശന്നു തണുത്തു വിറയ്ക്കുകയാണു്. താടി കൂട്ടിഅടിക്കുന്നു. തണുപ്പിനെ തടുത്തു നിർത്തുവാൻ അയാൾക്കു് വസ്ത്രവും ദുർല്ലഭമാണു്. അയാൾ എഴുനേററു വാതിൽപഴുതിൽക്കൂടെ ഒളിഞ്ഞുനോക്കി. ഗാനാനന്ദത്തിൽ ചാഞ്ചാടുന്ന യുവമിഥുനങ്ങൾ! അയാൾ അടുത്തുള്ള ഒരു മൂലയിൽ താഴെക്കിടന്ന ഒരു കീറക്കൊട്ട എടുത്തു കാററു മാച്ചു് പതുങ്ങി ഇരുന്നു.

രങ്കസ്വാമി അയ്യർ പെട്ടെന്നു് വാതിൽ തുറന്നു് പുറത്തേയ്ക്കു നോക്കി. മൂലയിൽ പതുങ്ങി ഒളിച്ചിരിക്കുന്ന അമ്മൈയപ്പപിള്ള അദ്ദേഹത്തിന്റെ ദൃഷ്ടിയിൽപ്പെട്ടു. അക്കാലത്തു ചെറുകുളത്തു് കള്ളന്മാരോടിനടക്കുന്ന കാലം! പോരെങ്കിൽ പുറത്തുനിന്നും ചില പുതുക്കള്ളന്മാർ ആ ഗ്രാമത്തിലെത്തിയിട്ടുണ്ടെന്നു് അന്നൊരു ജനസംസാരവും പരന്നിരുന്നു. അതിനാൽ രങ്കസ്വാമി അയ്യർ "കള്ളൻ, കള്ളൻ" എന്നു് തനിക്കു മുഴുവൻ ശബ്ദവുമെടുത്തു് അലറാൻ തുടങ്ങി. വേലക്കാരും, അയല്ക്കാരും ഓടിയെത്തി കൊട്ടയിൽ പതുങ്ങിഇരിക്കുന്ന കള്ളനെ അവർ പിടിച്ചുവലിച്ചു പുറത്തുകൊണ്ടുവന്നു. അയാളുടെ മട്ടും പട്ടതിയും ഉടയും കെട്ടുമെല്ലാം കണ്ടാൽ കള്ളനല്ലെന്നു് ആരും പറ

യുകയില്ല. അവർ ആട്ടചാപ്പട്ടി "തിരുമേനി"യെ പിടിച്ചു കെട്ടി അധിക്ഷേപിച്ച് 'ദണ്ഡശിക്ഷ'യ്ക്കുള്ള ഒരുക്കമായി. കൂടിയിരുന്നവർ ഓരോരുത്തരും വന്ന് അയാളുടെ പാദാദികേശം സൂക്ഷിച്ചുനോക്കി തോന്നിയ തോന്നിയ അഭിപ്രായങ്ങളും തട്ടിവിട്ടു.

"ഇവനെ കണ്ടാൽതന്നെ അറിയാം പെരുങ്കള്ളനാണെന്ന്" ഒരുവൻ പറഞ്ഞു. അടുത്തുനിന്ന കൂട്ടുകാരൻ "രണ്ടുമൂന്നു ദിവസമായി ഇവിടെ ഒക്കെച്ചുററിപ്പററി നടക്കുന്നു. പൊറുങ്കള്ളനാണെന്ന് എനിക്കു കണ്ടേടംമുതൽ തോന്നിയതാണ്." അങ്ങനെ ശക്തിപ്പെടുത്തി

"ഇവൻ പറയനോ പുലയനോ മററോ ആണെന്നാ തോന്നുന്നെ. എന്നാലും ഇത്തിണ്ണയിലൊളിക്കാമെന്നു തോന്നിയല്ലോ." വേറൊരുവന് അത്ഭുതം. "ഏതായാലും ദേവയാനിക്കു ഭാഗ്യമുണ്ട്. നേരത്തെ കണ്ടുപിടിച്ചില്ലായിരുന്നു എങ്കിൽ രാവിലെ ഇവിടെ നല്ല കേമത്തിലായേനെ." മറെറാരുവൻ അവളെ പ്രീതിപ്പെടുത്തി. പാവം! അമ്മൈയപ്പപിള്ള കരയുന്നു; പിഴിയുന്നു. ആരു കാണും? തൻെറ പരമാർത്ഥം അയാൾ വീണ്ടും വീണ്ടും പറഞ്ഞുകേൾപ്പിച്ചു. അവർ പരിഹസിച്ചു. ഒടുവിൽ അവരെല്ലാവരുംകൂടി തീരുമാനിച്ചു; അയാളെ ശിക്ഷിക്കുവാൻ. ഇത്രയുമായപ്പോൾ രങ്കസ്വാമി അയ്യർ കള്ളനെ സമീപിച്ചു് വിവരങ്ങൾ ആരാഞ്ഞു. അമ്മൈയപ്പപിള്ള അദ്ദേഹത്തിൻെറ കാലിൽപ്പിടിച്ച് കരഞ്ഞുപറഞ്ഞു:—"ഞാൻ ആട്ടചാപ്പട്ടി തമിഴ്‌വിദ്വാൻ അമ്മൈയപ്പപിള്ളയാണ്. ഇതിലെ പോയവഴി സംഗീതംകേട്ട് നിന്നുപോയതാണ്. എനിക്കും അതിൽ ഒരുവിധം വാസനയുള്ളതുകൊണ്ട് ഈ അബദ്ധമൊക്കെ സംഭവിച്ചതാണ്." എന്നും മററും. രങ്കസ്വാമി അയ്യർക്ക് ആ പാവത്തിൻെറ കണ്ണീരും യാചനയുമൊക്കെക്കണ്ട് ഹൃദയമലിഞ്ഞു. അദ്ദേഹം ആ ആൾക്കൂട്ടത്തിനോട്ട് തിരിഞ്ഞു പറഞ്ഞു:— ഈ രാത്രിയിൽ ഒന്നും ചെയ്യരുതു", നേരം വെളുത്തിട്ട് ഇയാൾ പറയുന്നതിൽ സത്യം വല്ലതുമുണ്ടോ എന്ന് നമ്മൾക്ക് അന്വേഷിക്കാം. എന്നിട്ട് വേണ്ടതുപോലെ ചെയ്യാം. ഇന്നു രാത്രി

ഇവിടെത്തന്നെ ഇയ്യാളെ ഒരു മുറിയിൽ അടച്ചുപൂട്ടി സൂക്ഷി ക്കം. അക്കാൎയ്യം ഞാനേററു. അതുകൊണ്ടു് നിങ്ങൾ എനിക്കു വേണ്ടി നാളെ രാവിലെവരെ ക്ഷമിക്കണം." അവർ അതു സമ്മ തിച്ചു. അതനുസരിച്ചു് ദേവയാനിയുടെ ഭവനത്തിൽ ഒരു മുറി യിൽ അയാളെ ഭദ്രമായി അടച്ചു സൂക്ഷിച്ചു.

രാവിലെ രങ്കസ്വാമി അയ്യർ മുറിയിൽനിന്നും കള്ളനെ പുറത്തു കൊണ്ടുവന്നു് വിസ്തരിച്ചു. അയാൾ പറഞ്ഞ കാൎയ്യ മെല്ലാം സത്യമാണെന്നും അയാൾ നിരപരാധിയാണെന്നും അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. രാത്രിയിൽ അയാൾ സഹിക്കേ ണ്ടിവന്ന മാനഹാനിയും മനോവേദനയും ഓർത്തു് രങ്കസ്വാമി അയ്യർ വ്യസനിച്ചു. അതിനാൽ അമ്മൈയപ്പപിള്ളയെ അന്നു മുതൽ അദ്ദേഹം സ്വന്തം സംരക്ഷണയിൽ എടുത്തു. അടുത്തു പഴ കിയതോടെ തമിഴ്‌വിദ്വാന്റെ സ്വഭാവവിശേഷങ്ങളും പെരു മാററരീതികളും രങ്കസ്വാമി അയ്യർക്കു് ഏററവും ഹിതകരമായി ത്തോന്നുകയും ചെയ്തു. അദ്ദേഹത്തിനു് ദേവയാനിയിൽ ജാനകി എന്നു് ഒരു മകളുണ്ടു്. പാരമ്പൎയ്യമായ വേശ്യാവൃത്തിക്കവളെ വിടാതെ അഭിമാനകരമായ ജീവിതരീതിയിൽ അവളെ വളർത്തിക്കൊണ്ടു വരേണമെന്നാണദ്ദേഹത്തിനാഗ്രഹം. വല്ല പാവങ്ങൾക്കും അവളെ ന്യായമായി വിവാഹം കഴിപ്പിച്ചു് അവരെ സംരക്ഷിക്കണമെന്നു് അദ്ദേഹം മനസ്സിൽ ഉറച്ചിരിക്കു കയാണു്. അമ്മൈയപ്പപിള്ളയുടെ സ്വഭാവം അദ്ദേഹത്തിനു വളരെപ്പിടിച്ചതുമൂലം മകളെ തമിഴ്‌വിദ്വാനായ അയാൾക്കു് അച്ഛൻ കന്യകാദാനം ചെയ്തു് അവരെ സംരക്ഷിച്ചുപോന്നു. അച്ഛന്റെ മരണശേഷം മുത്തുസ്വാമി അയ്യരും ആ രീതി മാററി യില്ല. അവർക്കു് കഴിച്ചിലിനു് അദ്ദേഹം വേണ്ട വക ഉണ്ടാക്കി ക്കൊടുത്തതിനു പുറമെ മധുര കോളേജിൽ 'തമിഴ്‌വിദ്വാൻ' എന്ന ഉദ്യോഗവും വാങ്ങിക്കൊടുത്തു. ഈവിധമൊക്കെയും അമ്മൈയപ്പപിള്ളയും ജാനകിയും ജീവിച്ചുവന്നതു മുത്തുസ്വാമി അയ്യരുടെ ധാർമ്മികബുദ്ധിയെ മാത്രം അടിസ്ഥാനമാക്കിയാ ണു്. കമലമ്മയും ജാനകിയെ തന്റെ ഭർത്താവിന്റെ സഹോദ രിയായിത്തന്നെ കരുതിപ്പോന്നു. ജാനകിയും അവളുടെ

ഭർത്താവും വളരെ സ്നേഹമായും യോജിപ്പോടുകൂടിയുമാണു കഴി ച്ചുവന്നതു്. ഇപ്പോഴും അമ്മെയപ്പപിള്ള ജാനകിയുമൊന്നി ച്ചാണു് ക്ഷേത്രദർശനങ്ങളും ദേശാടനവും നടത്തി തിരികെ വ ന്നിട്ടുള്ളതും.

കണ്ണു തുറന്ന കമലമ്മ ആദ്യമായിക്കണ്ടതു്, തന്നെ നമസ്ക രിക്കുന്ന അമ്മെയപ്പപിള്ളയെയായിരുന്നു. ലക്ഷ്മിയും സുന്ദ രവും അയാളെ അവിടെക്കണ്ടതിൽ വളരെ സന്തോഷിച്ചു. ജാന കിയുടെ ക്ഷേമാദികളെ അവർ പ്രത്യേകമായി അന്വേഷിക്കു കയും ചെയ്തു. അതിനുശേഷം അവരെ മൂവരേയും ആ ആശ്രിതൻ അയാളുടെ താല്ക്കാലിക വസതിയിലേക്കു് ക്ഷണിച്ചുകൊ ണ്ടുപോയി. ജാനകി അവരെ യഥാവിധി സല്ക്കരിച്ചു് കുശലപ്രശ്നങ്ങൾ ചെയ്തു. മുത്തുസ്വാമി അയ്യരുടെ കുടുംബനില അധ:പതിച്ച വിവരമറിഞ്ഞു് അവളും ഭർത്താവും അതിയായി സങ്കടപ്പെട്ടു. അടുത്ത ദിവസംതന്നെ അവരെല്ലാവരുംകൂടി ചിദം ബരത്തിനു് പുറപ്പെടാമെന്നും അമ്മെയപ്പപിള്ള തീവണ്ടി ആപ്പീസിൽ ശ്രീനിവാസനെ നോക്കിക്കണ്ടുപിടിക്കണമെന്നും ചിദംബരത്തെത്തി എല്ലാവർക്കുംകൂടി മുത്തുസ്വാമി അയ്യരെ അ ന്വേഷിക്കാമെന്നും അവർ നിശ്ചയിച്ചു. അതനുസരിച്ചു് അടുത്ത ദിവസം അവർ യാത്രപുറപ്പെട്ടു. പാലങ്ങൾക്കു് വന്ന അപകടം മൂലം തീവണ്ടി രണ്ടുമൂന്നു ദിവസം ഓടാതെയായതിനാൽ ശ്രീ നിവാസനെ കണ്ടുപിടിക്കുന്ന കാൎയ്യം സാദ്ധ്യമല്ലാതെയായി തീർന്നു. ചിദംബരത്തെത്തിയ കമലമ്മയും കൂട്ടരും വീടുതോറും കേറി ഇറങ്ങി മുത്തുസ്വാമി അയ്യരെ അന്വേഷിച്ചു. പക്ഷെ കടും നൈരാശ്യമാണവരെയഭിമുഖീകരിച്ചതു്. ഒടുവിൽ ഒരു ദീക്ഷിതരെ അവർ കണ്ടുപിടിച്ചു. മുത്തുസ്വാമി എന്നൊരാൾ തന്റെ വീട്ടിൽ രണ്ടുമൂന്നു ദിവസം താമസിച്ചു എന്നും അവിടെ നിന്നും കാശിയിലേക്കു പോകുന്നു എന്നുംപറഞ്ഞു യാത്രയായി എന്നും അയാൾ പറഞ്ഞു. ആളിന്റെ വണ്ണവും നിറം ശബ്ദം മുതലായവയെല്ലാം അയാൾ വർണ്ണിക്കുകയും സ്വദേശം ഏതാ

ണ്ടു് 'കുളം' എന്നവസാനിക്കുന്ന ഗ്രാമമാണെന്നു് അയാൾ കമലമ്മയെ ധരിപ്പിക്കുകയും ചെയ്തു. മുത്തുസ്വാമി അയ്യർ കാശിക്കു് പോയിരിക്കുമെന്നു് അവർ വിശ്വസിച്ചു. അടുത്തതായി അവരുടെ ശ്രദ്ധ ശ്രീനിവാസനെപ്പററിയായിരുന്നു. ചിദംബരം മുഴുവൻ കീഴ്മേൽ മറിച്ചിട്ടും ഒരു തുമ്പും കിട്ടാതെ അവർ കുഴഞ്ഞു. അവസാനമായി ആർത്തത്രാണപരായണനായ നടരാജമൂർത്തിയുടെ സന്നിധിയിൽ അവർ ചെന്നു് കണ്ണീരുകൊണ്ടഭിഷേകം ചെയ്തു് പ്രാർത്ഥിച്ചു. അവർക്കു് അടുത്ത പരിപാടി എന്തു്? എങ്ങോട്ടു പോകും? മുത്തുസ്വാമി അയ്യരെ തേടിപ്പിടിക്കണമെന്നവർ തീരുമാനിച്ചു് കാശിനോക്കി പുറപ്പെട്ടു.

# 30
## ചിദംബര രഹസ്യം

മുത്തുസ്വാമി അയ്യരും അദ്ദേഹത്തിനു ഗുരുവായിലഭിച്ച സച്ചിദാനന്ദനും നട്ടരാവിൽ വിജനമാർഗ്ഗങ്ങളിലൂടെ പ്രയാണം ചെയ്യുന്നതു് നാം കണ്ടുവല്ലോ. അവരുടെ അനന്തരഗതി അറിവാനുള്ള ഉത്കണ്ഠമൂലം നമ്മൾക്കവരെ പിൻതുടരാം. മുത്തുസ്വാമി അയ്യർ നിഴൽപോലെ ഗുരുവിനെ അനുഗമിച്ചു. അവർ ചിദംബരത്തിന്റെ അതിരുകഴിഞ്ഞതോടെ ഗുരുനാഥൻ പെട്ടെന്നു് തിരിഞ്ഞുനിന്നു് പറഞ്ഞു "ആ ഗോപുരം നോക്കു. അതു ഭൂമിയിൽനിന്നും തുടങ്ങി ആകാശം ഭേദിച്ചു് ദേവലോകംവരെയുയർന്നുനിൽക്കുന്നില്ലേ? അതുപോലെ മനവും മേലോട്ടുനോക്കി മയങ്ങാതെ ദൃഢനിലയിൽ വരുത്തുവാൻ ഭഗവാൻ നിന്നെ അനുഗ്രഹിക്കും. അതിനായി നീ പ്രാർത്ഥനചെയ്തു് ആ ഗോപുരം ഭഗവാന്റെ മൂർത്തീകരണമാണെന്നു് മനസ്സിൽ സങ്കല്പിക്കു്."

മുത്തുസ്വാമി അയ്യർ:—"സ്വാമീ, അങ്ങയുടെ മഹിമയ്ക്കു് അതിരില്ല. മനോവാക്കായങ്ങൾക്കു് എത്തും പിടിയും കിട്ടാത്ത ആനന്ദപ്പൊരുളാണ് ഭവാൻ. അങ്ങയുടെ ചൈതന്യത്താൽ നിറഞ്ഞിരിക്കുന്ന ഈ ലോകത്തിൽ അങ്ങയുടെ ഇച്ഛപ്പടി നടക്കുന്ന അസംഖ്യങ്ങളായ മിന്നാമിനുങ്ങുകകളിൽ ഞാനൊരേഴ! പുഴക്കളിലും പുഴ. ഈ ലോകചക്രത്തിരിച്ചിലിനു് ഞാനപ്രാപ്തൻ. ബ്രഹ്മാണ്ഡപ്പെരുങ്കടലിലെ ഒരു തുള്ളി എന്നിലും പെട്ടു. അതു് അഴകിലും ഗുണത്തിലും വളർന്നു. വെയിലിൽ കാഞ്ഞു്, മഴയിൽ നനഞ്ഞു്, കാററിലുലഞ്ഞു് കഴിവുനശിച്ച ഞാൻ ഒരു മണൽതരിക്കുപോലുമൊപ്പമല്ല. പാഞ്ഞൊഴുകുന്ന പുഴ

കളും തടം തല്ലിത്തകർന്ന സാഗരങ്ങളും, ആകാശഭേദികളായ ഗിരിസാനുക്കളും, ചിററിയടിക്കുന്ന വൻകാററും, പടഹം മുഴക്കുന്ന മേഘജാലവും, സൂൎയ്യചന്ദ്രാദിതേജോഗ്രഹങ്ങളുമൂൾക്കൊള്ളുന്ന ഈ വൻകുടുംബം നിലയ്ക്കുനിർത്തിക്കാത്തുരക്ഷിച്ചു്, ഇഴയുന്ന പുഴമുതൽ കത്തിഎരിയുന്ന സൂൎയ്യബിംബംവരെ ഭേദബുദ്ധികൂടാതെ കയററി ഇറങ്ങി, ബ്രഹ്മാണ്ഡകടാഹത്തിൽ ഒരു ബിന്ദുവിൻെറ സ്ഥാനംപോലുമില്ലാത്ത ഈ എഴയെ അനാഥതയിൽ കൈവെടിയാതെ ബഹുവിധമായ ലീലാവിലാസങ്ങൾ പ്രകടിപ്പിക്കുന്ന സന്യാസസംസാരിയായ തിരുമേനിയുടെ ദിവ്യഗോപുരം ആനന്ദസ്വരൂപമായിക്കണ്ടു് നമസ്കരിച്ചാരാധിക്കുന്നതു് എനിക്കൊട്ടുംതന്നെ ശ്രമകരമല്ല." അദ്ദേഹം ഭക്തിവിവശനായി ഗുരുദേവനെ പ്രദിക്ഷണംവച്ചു് അദ്ദേഹത്തിൻെറ തൃപ്പാദങ്ങളിൽ വീണുരുണ്ടു. ആ ഗുരുവാകട്ടെ ശിഷ്യോത്തമനെപ്പിടിച്ചെഴുനേല്പിച്ചു് മന്ദംമന്ദം തലോടി ഈവിധം ഉപദേശം നല്കി. "തില്ലൈസ്ഥല (ചിദംബരം)മാണു് യഥാർത്ഥമായ സ്ഥലം. 'തില്ലൈ, തില്ലൈ, എന്നു പറഞ്ഞാൽ പിറവി ഇല്ലാ ഇല്ലാ' എന്നു് വേദങ്ങൾ ഘോഷിക്കുന്നു. ആ പുണ്യപുരിയുടെ നാമമാത്രത്താൽ സൎവ്വപാപങ്ങളും നശിക്കുന്നു. ഭഗവാൻ പ്രത്യക്ഷമാകുന്നതും അപ്രത്യക്ഷമാകുന്നതുമവിടെത്തന്നെ. അദ്ദേഹം ആനന്ദതാണ്ഡവമാടുന്നതും ചിദംബരത്തുമാത്രം. ആ പുണ്യസ്ഥലം അജ്ഞാനികളെ ജ്ഞാനികളാക്കുന്നു; ഹൃദയങ്ങളെ ആശയററ മൈതാനങ്ങളാക്കുന്നു. ചിദംബരമാഹാത്മ്യങ്ങൾ ഉപനിഷത്തുകൾപോലും പ്രകീർത്തിക്കുന്നുണ്ടു്. അതിനാൽ ഉപനിഷദ്വാക്യങ്ങളെ ഹൃദയത്തിലുറപ്പിച്ചു് ആ മഹാക്ഷേത്രത്തേയും അതിനുള്ളിൽ സൃഷ്ടിക്കു മുമ്പുംപിമ്പുമുള്ള ഭഗവന്മഹിമകളേയും, ആകാശരൂപത്തേയും, ആനന്ദതാണ്ഡവത്തേയും, ഒന്നിച്ചു സ്മരിപ്പിക്കുന്ന കനകസഭാപതിയേയും അതിനുശേഷമുള്ള തിരുമൂലമന്ത്രത്തേയും സ്മരിച്ചു് ഭക്തിപാരവശ്യത്താൽ തിരുനാമങ്ങൾ ജപിച്ചാൽ അവൻ നടരാജൻെറ ചേവടികളിൽ ലയിക്കും." മുത്തുസ്വാമി അയ്യ

രുടെ ഹൃദയവേദിയിൽ ഈ ദിവ്യോപദേശം നിശ്ചലജലത്തിൽ സൂൎയ്യബിംബംപോലെ തെളിഞ്ഞുനിന്നു.

അവർ തിരുവട്ടിയൂരിൽ ചെന്നുചേൎന്നു. അവിടെ പട്ടണത്താരുടെ സമാധിസ്ഥലത്തു് അൎച്ചനാദികൾ നടത്തി അതിനടുത്തുള്ള ഒരു വീട്ടിൽ താമസിച്ചു. ഒരു ദിവസം സന്ധ്യാവേളയിൽ ഉപദേശാനുസരണമുള്ള കൎമ്മാനുഷ്ഠാനങ്ങളും മററും ചെയ്തു മുത്തുസ്വാമി അയ്യർ ഗുരുസമീപത്തിലെത്തി: സച്ചിദാനന്ദസ്വാമികൾ മൂലലിംഗത്തിൽ മനമൎപ്പിച്ചു് യോഗനിദ്രയിൽ ലയിച്ചിരിക്കുകയായിരുന്നു. അതിനു ഭംഗംവരുത്താതിരിക്കുവാൻ മുത്തുസ്വാമി അയ്യർ മററു സഹശിഷ്യരുമായി മണ്ഡപത്തിൽനിന്നും പുറത്തിറങ്ങി അടുത്തുള്ള കിണററുകരയിൽ ചെന്നിരുന്നു വിശ്രമിച്ചു. മുത്തുസ്വാമി അയ്യർ പറഞ്ഞു. "ഈശ്വരസാക്ഷാത്കാരം ലഭിക്കുന്നതിനു് വഴികൾ പലതുണ്ടു്. അവയിൽ ഉത്തമമായ മാൎഗ്ഗം അവനവനു ഹിതമായ മാൎഗ്ഗം മാത്രമാണെന്നു് ഗുരുദേവൻ ഉപദേശിച്ചതന്നിട്ടുണ്ടു്. അദ്ദേഹം അനന്തമൂൎത്തിയാണെന്നു് ഭാവനചെയ്തു് ഈശ്വരനാകുന്ന സന്ദൎഭങ്ങൾ എന്നെപ്പോലെ നിങ്ങൾ കണ്ടിട്ടില്ല. ഈശ്വരൻ നാശമില്ലാത്ത ആനന്ദമൂൎത്തിയാണു്. ഗണപതി ആനന്ദാബ്ധിയിൽ നീന്തിക്കളിക്കുന്നു. സുബ്രഹ്മണ്യൻ മയിൽവാഹനത്തിൽ ആനന്ദഗീതങ്ങൾ പാടി സഞ്ചരിക്കുന്നു. മഹാവിഷ്ണു ക്ഷീരാബ്ധിയിൽ പള്ളികൊള്ളുന്നു. ഉറക്കംവരുമ്പോൾ ഗരുഡവാഹനനായി അനന്തമായ ആകാശത്തു സഞ്ചാരം ചെയ്യുന്നു. നടരാജനോ? സത്തുക്കളുടെ ഹൃദയമണ്ഡപങ്ങളിൽ സദാ ആനന്ദതാണ്ഡവം ചെയ്യുന്നു!" ഈവിധമുള്ള മഹാവേദാന്തങ്ങളെപ്പററി പ്രതിപാദിക്കുന്നതിനും ശ്രദ്ധിക്കുന്നതിനും മുത്തുസ്വാമി അയ്യൎക്കു് അധികമധികമാഗ്രഹം ജനിച്ചു.

ആകാശം, കാററു്, മേഘം മുതലായവയെപ്പററി എല്ലാം അദ്ദേഹം വേണ്ടുവോളം പ്രസംഗിച്ചിട്ടും മനസ്സിൻെറ വിശപ്പു തീരുന്നില്ല. വീണ്ടും വീണ്ടും ആദിനാഥൻെറ ദിവ്യവിലാസങ്ങൾ അദ്ദേഹത്തിൻെറ ഉള്ളത്തിൽ ഓളം തല്ലി. ഓാനന്ദം അദ്ദേഹമനുഭവിച്ചുതുടങ്ങി. ഹൃദയം ഏതോ ശക്തിവിശേഷത്താൽ

നിറഞ്ഞു. കണ്ണുകൾ താനേ അടഞ്ഞു്. ശബ്ദങ്ങൾ ഒന്നും പുറത്തേക്കു വരുന്നില്ല. അദ്ദേഹമനുഭവിക്കുന്ന ആനന്ദം എന്തെന്നു വിവരിക്കുവാൻ സാദ്ധ്യമല്ല. ബാഹ്യലോകത്തെപ്പററിയുള്ള ഒരു ചിന്തയും ആ ചിത്തത്തിലെത്തിനോക്കുന്നില്ല. താല്ക്കാലികമായി, ജീവിതരംഗങ്ങളിൽ അനുഭവിച്ചിട്ടുള്ള സന്തോഷങ്ങൾ വെറും മിന്നാമിനുങ്ങ്. ഇപ്പോൾ അനുഭവിക്കുന്നതോ സൂര്യ്യബിംബം. ഒരു പരമശാന്തത! അദ്ദേഹം സമാധിസ്ഥിതനായി.

ഇത്രനേരം ഭഗവല്ലീലകൾ സംസാരിച്ചുകൊണ്ടിരുന്ന കൂട്ടുകാരൻ ഇത്രപെട്ടെന്നു് ആത്മാനുഭൂതിയിലാണ്ടതു് അടുത്തിരുന്നവരെ അത്ഭുതാധീനരാക്കി. ആസമയത്തു ഗുരുപാദർ പുറത്തുവന്നു. അദ്ദേഹത്തേദർശിച്ചമാത്രയിൽ മുത്തുസ്വാമി അയ്യർക്കു് ആനന്ദം പെരുകിവന്നു. സ്വാമികൾ ശിഷ്യൻെറ അടുത്തിരുന്നു് “അതുകൊള്ളാം. നിനക്കു് പരിപക്വകാലമായിരിക്കുന്നു” എന്നു പറഞ്ഞു. അദ്ദേഹം ശിഷ്യനു വേദാന്തസൂക്തികളും ബ്രഹ്മരഹസ്യങ്ങളും ഓതിക്കൊടുത്തു. ബാഹ്യബോധം മറന്നു് മുത്തുസ്വാമി അയ്യർ പൊട്ടിച്ചിരിച്ചു. എന്തിനെന്നു് അദ്ദേഹത്തിനുതന്നെ അറിഞ്ഞുകൂടാ. പരമശാന്തതകളിയാടുന്ന, സംസാരക്കൊടുവലികൾ എത്തിനോക്കിയിട്ടില്ലാത്ത ഒരാനന്ദസാമ്രാജ്യത്തിൽ അദ്ദേഹം വിഹരിച്ചു.

# 31

## കള്ളപ്പണ്ടാരം

ആനന്ദാനുഭൂതിയിൽ നിലീനനായി മുത്തുസ്വാമി അയ്യർ കഴിക്കവേ കമലമ്മ, ലക്ഷ്മി, അമ്മൈയപ്പപിള്ള മുതലായവർ അദ്ദേഹത്തെ ഇരവുപകലില്ലാതെ തേടിനടന്നു. ചിദംബരത്തുനിന്നും അവർ പുറപ്പെട്ടു് ശ്രീനിവാസൻ അപ്രത്യക്ഷമായ ആ പട്ടണത്തിൽ വന്നുചേർന്നു. കമലമ്മ "ദൈവമെ! നിൻെറ തിരുവുള്ളം ഇങ്ങനെയാണോ? എന്നെ കഷ്ടപ്പെടുത്തുന്നതു പോരാഞ്ഞിട്ടു് എൻെറ മകളേയും പിടികൂടിയിരിക്കുന്നുവല്ലോ!" എന്നു വിലപിച്ചു. "കഷ്ടം അച്ഛനേയും ഭർത്താവിനേയും പിടിച്ചു പറിച്ചു. ഞാനെന്തിനു ജീവിക്കുന്നു!" ലക്ഷ്മിയും വിങ്ങിക്കരഞ്ഞു. അമ്മൈയപ്പപിള്ള ആ ഗ്രാമത്തിലെ വീടുകൾ എല്ലാം കേറിയിറങ്ങുകയാണു്. ഇങ്ങനെയിരിക്കെ അടുത്ത വീട്ടിലെ പാട്ടിഅമ്മ കമലമ്മയെക്കാണാൻ വന്നു. ദുഃഖാർണ്ണവത്തിൽ കിടന്നുഴലുന്ന കമലമ്മയുടെ സ്ഥിതി ഓർത്തു് അവർക്കു് ദുസ്സഹമായ വ്യസനം തോന്നി. ആ പാട്ടി പറഞ്ഞു "ഇതിനടുത്തു തിരുവററിയൂർ എന്ന മഹാക്ഷേത്രമുണ്ടു്. അവിടെയാണു് ദിവ്യനായ പട്ടണത്താർ സമാധിയടഞ്ഞതു്. അവിടെ ഒരു മഹാപുരുഷൻ വന്നിട്ടുണ്ടു്. അദ്ദേഹത്തിനു് നൂറു വയസ്സിൽ ഒട്ടും കുറയുകയില്ലെന്നാണാളുകൾ പറയുന്നതു്. അദ്ദേഹം അന്നാഹാരം കഴിക്കുകയില്ല; വാഹനങ്ങളിൽ കയറുകയില്ല. അങ്ങനെ ഒക്കെയാണു ശീലം. ആരെ എങ്കിലും കണ്ടാൽ ഉടൻ അവരുടെ ചരിത്രങ്ങളെല്ലാം പറയും. ദിവ്യദൃഷ്ടിയുണ്ടെന്നാണു് കേൾക്കുന്നതു്. അദ്ദേഹത്തിനെക്കണ്ടാൽ പ്രായാധിക്യം തോന്നുകയേ ഇല്ല. എന്തൊരു യോഗ്യത! ആരോടും കരുണയാണു്. അദ്ദേഹത്തെക്കണ്ടാൽ മതി; എത്തു കൊലപാതകിക്കും ഒരു പരമാനന്ദമുണ്ടാകും! അത്രയ്ക്കു

ദിവ്യനാണദ്ദേഹം. പേരു്........എന്തോ ഒരാനന്ദൻ....ഓ ഓ, ഓർത്തു് അതെ. സച്ചിദാനന്ദസ്വാമികൾ എന്നു്. എന്റെ മോളേ, നീ അദ്ദേഹത്തിനോടീക്കാര്യങ്ങൾ പറഞ്ഞാൽ അദ്ദേഹം സമാധാനമുണ്ടാക്കും. നിശ്ചയം. പക്ഷെ അദ്ദേഹം ഇപ്പോളവിടെ ഉണ്ടോ എന്തോ? ഏതായാലും നീ ഒരാളയച്ചന്വേഷിപ്പിച്ചതിനുശേഷം പോയാൽ മതി." കമലമ്മ അതിനു ഹൃദയപൂർവ്വമായ നന്ദി പ്രകാശിപ്പിച്ചു "അമ്മാ, ഇച്ചെയ്ത ഉപകാരം ഞാനൊരിക്കലും മറക്കുകയില്ല. ജഗദീശ്വരൻ അമ്മയെ എൻറടുക്കലേക്കയച്ചതാണു്. അമ്മൈയപ്പപിള്ള വന്നാലുടൻ ഞാനയച്ചുകൊള്ളാം." എന്നുംപറഞ്ഞു് അവൾ അയാളെ വിളിച്ചു.

പിള്ള അവർകൾ തിരുവട്ടിയൂരിലെത്തി. പട്ടണത്താർക്ഷേത്രത്തിലെക്കുള്ള വഴി അയാൾക്കത്ര നിശ്ചയമില്ലാത്തതിനാൽ ചോദിച്ചും പറഞ്ഞും നടക്കുമ്പോൾ ഒരു പണ്ടാരം എതിരേവന്നു. സംശയപരിഹാരമുണ്ടാക്കാമെന്നു കരുതി പിള്ള പണ്ടാരത്തിനോടു കോവിലിലേക്കുള്ള വഴി വിശദമായിച്ചോദിച്ചു. മടിയിൽ ഘനത്തുകണ്ട സഞ്ചിനിറയെപ്പണമായിരിക്കുമെന്നു് സങ്കല്പിച്ചു് ആ പണ്ടാരം വശത്തിനടുത്തുകൂടി സേവിച്ചു. അവൻ അതിവിനീതനായി അറിയിച്ചു "സ്വാമി, അടിയൻ വഴി കാണിച്ചു തരാം. വന്നാട്ടെ. ഇന്നു് ഈശ്വരവിചാരത്തോടുകൂടിയാണീനായ് ഉണർന്നതു്. അല്ലെങ്കിൽ സ്വാമിയെപ്പോലുള്ള വലിയവരുടെ സേവചെയ്യുവാൻ എനിക്കു ഭാഗ്യമുണ്ടാകുകയില്ലായിരുന്നു. തിരുമേനിക്കു് എന്തോ ഒരു വശ്യശക്തിയുണ്ടു്! കാന്തം സൂചിയെ എന്നവണ്ണം ഞാനാകർഷിക്കപ്പെടുന്നു." ഈ വിധമുള്ള സ്തോത്രഗീതങ്ങൾ അവൻ തട്ടിവിട്ടു. പിള്ള അവർകളുടെ മടിയിൽ വാസ്തവത്തിൽ വെള്ളിക്കാന്തവുമുണ്ടായിരുന്നു. അതില്ലാതെ അയാൾ പുറത്തിറങ്ങാറില്ല. തന്നിൽ ഏതോ അത്ഭുതകരമായ വശീകരണശക്തിയുണ്ടെന്നു് വിശ്വസിച്ചു് അയാൾ ഞെളിഞ്ഞു. പണി പററി എന്നു കണ്ടു് പണ്ടാരം തുടർന്നു. "സ്വാമി, അങ്ങയുടെ വിവരങ്ങൾ അറിയുവാൻ ഈ നായ് ആഗ്രഹിക്കുന്നു." എന്നു് കൈകൊട്ടി വാപൊത്തി വിനയമായി അറിയിച്ചു. അമ്മൈയപ്പപിള്ളയുടെ മുഖം വികസിച്ചു.

ഒരു ചെറുപുഞ്ചിരി ഊറിഇറങ്ങി ആ അമാവാസിച്ചന്ദ്രനെ പ്രകാശിപ്പിച്ചു. അയാരം നീണ്ടുനിവർന്നു് കാഹളമൂതി "ആട്ട ചാപട്ടിയിൽ അവതാരംചെയ്ത പുണ്യപുരുഷൻ സർവ്വജനാരാദ്ധ്യൻ തമിഴ് വിദ്വാൻ അമ്മൈയപ്പപിള്ള കവിരായർ" എന്നു്. അതു കേട്ടു് ആ ആഷാഢഭൂതിപ്പണ്ടാരം വന്ന ചിരിയെ അതിശക്തിയായി അടക്കി ശതഗ്ഗുണീഭവിച്ച വിനയനാട്യത്തോടെ 'സ്വാമി' എന്നുഴറിക്കൊണ്ടു് പിള്ളയുടെ കാല്ക്കൽ തടിവെട്ടി ഇടുന്നതുപോലെ വീണു നമസ്കരിച്ചു പറഞ്ഞു "സ്വാമി, ഈ നായിക്കും തമിഴ് സ്വല്പം എഴുതാനും വായിക്കാനുമറിയാമെങ്കിലും അങ്ങയെപ്പോലുള്ള മഹാപണ്ഡിതന്മാരുടെ മുമ്പിൽ തലയും വാലുമറിയാൻ പാടില്ലാത്ത വെറും കഴുതമാത്രം. തിരുവടികളുടെ ദർശനമാത്രംകൊണ്ടു് ഈ കണ്ണുകൾക്കു് ജന്മസാഫല്യം വന്നുകഴിഞ്ഞു." എന്നു പുകഴ്ത്തി പിള്ളയുടെ മടിയിൽ ഒളിഞ്ഞിരുന്ന ലക്ഷ്മീദേവിയിലുള്ള അന്തരംഗഭക്തിയാൽ അയാരം വീണ്ടും വീണ്ടും ദണ്ഡനമസ്കാരം ചെയ്തു് പിള്ളയെ പ്രീതിപ്പെടുത്തി. മന്ദസ്മേരവദനനായി അയാരം പണ്ടാരത്തെ പിടിച്ചെഴുന്നേല്പിച്ചു് അഭയഹസ്തം നല്കി കുശലാന്വേഷണംചെയ്തു. അവനു് കവിതാപരിചയമെത്രയുണ്ടെന്നറിവാനായി അയാരം ചോദിച്ചു "നിനക്കു് പാട്ടു വല്ലതുമറിയാമോ?" എന്നു്. അവൻ തൊഴുകൈയ്യോടെ "മുരുകൈയ്യാ. വേലായുധം സ്വാമി, അദ്ദേഹമാണെനിക്കു ദൈവം! അദ്ദേഹമൊരാണ്ടി; ഞാനുമൊരാണ്ടി. അദ്ദേഹം മലമേലാണ്ടി; ഞാൻ കീഴേ ആണ്ടി. ഞങ്ങരം രണ്ടുപേരും ഊരില്ലാത്തവർ. അദ്ദേഹത്തെക്കുറിച്ചല്ലാതെ എനിക്കു വേറൊന്നുമറിഞ്ഞുകൂടാ." എന്നു പറഞ്ഞു. "അതു കേരംക്കട്ടെ" എന്നു് കവിരായർ ഉത്തരവിട്ടതനുസരിച്ചു് ആ പണ്ടാരം പാടിത്തുടങ്ങി.

"ആറുമുഖമാറുമുഖ മാറുമുഖ മാറുമുഖ
മാറുമുഖ മാറുമുഖ മാറുമുഖ മാറുമുഖം
ഏറുമയിലേറുമയിലേറുമയിലേറുമയിൽ
ഏറുമയിലേറുമയിലേറുമയിലേറുമയിൽ."

എന്നു പാടി. അതു കഴിഞ്ഞതോടെ കവിരായർക്കു വലിയ

പരിഭ്രമമാണുണ്ടായതു്! 'അതിൻെറ അർത്ഥം പറയുവാൻ ആവശ്യപ്പെട്ടാൽ താനെന്തുപറയും' എന്ന വിചാരം! അവൻെറ ശ്രദ്ധ തിരിച്ചുവിട്ടാൽ അർത്ഥം ചോദിക്കുവാനുള്ള സന്ദർഭം അവനുണ്ടാകയില്ലെന്നും ആ ബുദ്ധിമാൻ കണ്ടുപിടിച്ചു. അയാൾ പറഞ്ഞു "ഹാ! ഖേമമായി. എനിക്കു വളരെപ്പിടിച്ചു." എന്നയാൾ പുകഴ്ത്തി. പണ്ടാരം—"ഈ നായ് താളത്തിന്നു പാടും. താളത്തിൽ. ആദിതാളത്തിൽ നൊണ്ടിച്ചിന്തു്, ചപ്പാണിച്ചിന്തു്, ചിവകാമിവർണ്ണം, കാമാക്ഷിവർണ്ണം, ഒട്ടക്കിടാരം, വട്ടക്കിടാരം, സംഘക്കിടാരം, ചക്കരക്കിടാരം, തിരുക്കുറിഞ്ചി, മുല്ലക്കുറിഞ്ചി, മുതലായ ചില്ലറകളൊക്കെപ്പാടും." അതു കേട്ടിട്ടു് കവിരായൻ പറഞ്ഞു:—"ഞാൻ സ്വപ്നത്തിൽപോലും കേട്ടിട്ടില്ലാത്ത സംഗതികളായിരിക്കുന്നല്ലോ ഇതു്! കിണറുവെട്ടു തുടങ്ങുന്നതിനു മുമ്പു് ഭൂതം പുറപ്പെട്ടല്ലോ!" അയാൾക്കല്പം ഭയമായി. അയാൾ വിചാരിച്ചു "ഞാൻ ബഹുബുദ്ധിമാനായതുകൊണ്ടു് തന്ത്രത്തിൽ ഇവനെപ്പററിക്കാൻ എനിക്കു സാധിക്കും. അതിനു വഴിയുമുണ്ടു്" എന്നുറച്ചു് തൻെറ കവിതാസമ്പത്തഴിച്ചുവിട്ടുകളയാമെന്നു് തീരുമാനിച്ചു. 'താളമോ അർത്ഥമോ ഒക്കെ എങ്ങനെ എങ്കിലുമിരിക്കട്ടെ. അതാരും ചോദ്യം ചെയ്യുന്നില്ല' എന്നു കരുതി അസാദ്ധ്യ യമകത്തിൽ പാട്ടുതുടങ്ങി.

...."മലരിടൈ വൈകും മതിയിലർ കാൾ
ട ട ട ട ട ട ട ട
മലരിടൈ വൈകും മീതിയിലർ കാൾ
ട ട ട ട ട ട ട ട"

എന്നു് 'ട'കാരവർഗ്ഗത്തിലും

"ചേർ ചിചു ചാ ചീചു ചചൈര ചൂ ചോചാചൂ" എന്നു് 'ച'കാര വർഗ്ഗത്തിലും പാട്ടുകൾ പിള്ള അവർകൾ പാടി വീശിത്തുടങ്ങി. അയാൾ സംഗീതത്തിൽ ലയിച്ചിരിക്കുന്നതിനാൽ ഇതാണു് പററിയ സമയമെന്നു് മനസ്സിലുറച്ചു പണ്ടാരം വഴി തെററിച്ചു് വിജനവീഥികളിൽക്കൂടി 'ഭാഗവതരെ' നയിച്ചു. പാട്ടിൻെറ ഉത്സാഹത്താൽ ഏതു വഴിയെന്നോ എങ്ങോട്ടു പോകുന്നു എന്നോ ഒരു വിചാരവുമുണ്ടായിരുന്നില്ല. ഇതിനിട

യിലെല്ലാം പിള്ള അവർകൾ പാട്ടു കൊണ്ടുപിടിക്കുകയാണു്. ശീഘ്രകവിതകളും അലങ്കാരകവിതകളും ശൃംഗാരകവിതകളും ഒക്കെ വഴിനീളെപ്പാടിരസിക്കുകയാണു്. ഇടയ്ക്കിടയ്ക്കു് അതിലെ സ്ഥായിരസങ്ങൾ പണ്ടാരത്തിനു് മനസ്സിലാകുവാൻ വിസ്തരിക്കുന്നുമുണ്ടു്. അങ്ങനെ പരിചയമില്ലാത്ത മാർഗ്ഗങ്ങളിലൂടെ അവർ മുമ്പോട്ടുപോയി.

പട്ടണത്താരുടെ സമാധിക്ഷേത്രത്തിൽ സ്വാമികൾ മുത്തുസ്വാമി അയ്യരോടു പറഞ്ഞു "ഇനിയും നമ്മൾക്കിവിടെ കാര്യമില്ല." സ്വാമികളുടെ ആജ്ഞകൾ തലകുനിച്ചു് ശിഷ്യൻ അനുവർത്തിച്ചിരുന്നതിനാൽ കൂടുതലായി ചോദ്യോത്തരങ്ങൾ ഒന്നും കൂടാതെ അവർ അവിടെനിന്നും യാത്രതിരിച്ചു. അമ്മൈയപ്പപിള്ള പണ്ടാരത്തിനു് കവിതാലക്ഷണങ്ങളും, ചിത്രകവിതകളും അലങ്കാര വൈശിഷ്ട്യങ്ങളും ഉപദേശിച്ചു കൊടുക്കുന്നു. അതെല്ലാം അവൻ മൂളിക്കേട്ടു.

അങ്ങനെ അവർ കുററിക്കാടുകൾ നിറഞ്ഞ ഒരു വിജനപ്രദേശത്തെത്തി. പണ്ടാരം പെട്ടന്നു് നിന്നു് പിള്ളയുടെ മടിക്കുത്തിൽ കൈയ്യിടുന്നതിനു ശ്രമിച്ചു. തൻെറ സംഗീതചാതുരിയും പ്രസംഗപാടവവും മററും കൊണ്ടു് മതിപ്പു വർദ്ധിച്ചതിനാൽ ആ പണ്ടാരം തന്നെ ആശ്ലേഷിക്കുവാൻ മുതിരുകയാണെന്നാണു് ആ വിദ്വാൻ വിചാരിച്ചുപോയതു്. അതിനാൽ പലവിധേനയുള്ള വിരുത്തങ്ങളും മററും ഭാഗവതർ പൊഴിച്ചുതുടങ്ങി.

പണ്ടാരം ചുററും പററും നോക്കി പണസഞ്ചിയിൽ പിടിഇട്ടു. അപ്പോഴാണു് ഭാഗവതർക്കു്സത്യാവസ്ഥയും സംഗതിയുടെ സ്ഥിതിഗതികളും ബുദ്ധിയിൽപെട്ടതു്. "എടാ, ഇതെന്തെടാ!.... വിടു് നീ എന്താണു് കാണിക്കുന്നതു്?" എന്നും മററും അയാൾ അലറി. അയാൾ പറഞ്ഞു "ഒന്നുമില്ല സ്വാമി; സംഗീതവും മററും ഖേമമായിരിക്കുന്നു. നിർത്താതെ പാട്ടു തുടരു സ്വാമി! എന്തു ഗംഭീരമായ അർത്ഥങ്ങളുള്ള ഗീതങ്ങൾ! ഇങ്ങനെ ആരു തന്നെ പാടും. സ്വാമിയുടെ തിരുനാവിൽ സരസ്വതി നൃത്തം ചെയ്യുകയാണു് എന്നു പുകഴ്ത്തി. അതിനിടയിൽ പണസ്സഞ്ചി അവൻെറ മടിയിലുമായി. പിള്ള അലറി "എടാ വഞ്ചകാ! ചണ്ഡാല! നീ എൻെറ പണം കൊള്ളയടിക്കാൻ വന്നവനാണില്ലേ" എന്നെല്ലാം. അവൻ ശാന്തനായിപ്പറഞ്ഞു "സ്വാമി,

ഇനി മേലിൽ ഞാൻ കൊള്ളചെയ്യുകയില്ല. ഇക്കുറി മാപ്പുതരു. ശരി. എന്നാൽ പോയി വരാം." എന്നു യാത്രപറഞ്ഞു് ഓടി മറഞ്ഞു. അമ്മൈയ്യപ്പപിള്ള സാവധാനം എങ്ങോട്ടെന്നില്ലാതെ നടന്നു. അടുത്ത ക്ഷണത്തിൽ ആ പണ്ടാരം മിന്നൽപോലെ പ്രത്യക്ഷപ്പെട്ടു. പിള്ള അവർകളുടെ കണ്ണിൽനിന്നും തീപ്പൊരി പായുന്ന മട്ടിൽ അവൻ അയാളെ അടിച്ചു് താഴെത്തള്ളിയിട്ടിട്ടു് വീണ്ടും വന്നതുപോലെ മറഞ്ഞു.

അമ്മൈയപ്പപിള്ള വളരെ ബദ്ധപ്പെട്ടെഴുന്നേററു. "അയ്യോ, ദൈവമേ, ആരെ ഇന്നു ശകുനംകണ്ടാണു ഞാനെഴുന്നേററതു്? പാട്ടിൽ രസിച്ച ഭാവത്തിൽ അവൻ എൻെറ കരണം തല്ലിപ്പൊട്ടിച്ചല്ലോ! ഇങ്ങനെയുള്ളവരും ലോകത്തിലുണ്ടല്ലോ! കഷ്ടം. ബധിരൻെറ ചെവിയിൽ ശംഖുവിളിക്കുന്നതുപോലെ എൻെറ വിശേഷപ്പെട്ട പാട്ടെല്ലാം അവൻ കേൾക്കുവാൻ ഞാൻ പാടിയല്ലോ!" ഇങ്ങനെ അയാൾ ദുഃഖിച്ചു. പാവം! പണം പോയതിൽ അയാൾക്കത്ര ഖേദമില്ല. അനുഭവിക്കാനറിയാത്തവനു വേണ്ടി താൻ പാടിയല്ലോ എന്നതാണയാൾക്കു സങ്കടം! "അവൻ ഇനിയും എൻറടുത്തെങ്ങാനും വരട്ടെ. ഞാൻ പറയാം." എന്നു സ്വയം സമാധാനിച്ചു.

അയാൾ മേത്തു പുരണ്ടിരുന്ന പൊടി എല്ലാം തട്ടിക്കളഞ്ഞു് കാലിലെ മുറിവുകൾ തുടച്ചു് കണ്ണീരൊഴുക്കി. ഒടുവിൽ "ഞാൻ വീണതും, അടികൊണ്ടതും ഒന്നും ആർക്കും അറിയാൻ സാധിച്ചിട്ടില്ലാത്തതുതന്നെ ഭാഗ്യം." എന്നുള്ള സന്തോഷത്തോടെ തിരുവട്ടിയൂർ തിരക്കി വീണ്ടും അയാൾ നടന്നുതുടങ്ങി. ഒടുവിൽ വളരെ കഷ്ടതകളനുഭവിച്ചു് അയാൾ കണ്ടുപിടിച്ചു; പട്ടണത്തു പിള്ളയാരുടെ സമാധിക്ഷേത്രം. അവിടെ ഒരുവരുമില്ല! ചുററുപാടും തിരക്കിയതിലും വിശേഷമില്ല. അവിടെക്കണ്ട മൂലലിംഗദർശനം നടത്തിയിട്ടു് പാട്ടുംപാടി തിരികെപ്പോകാം എന്നുറച്ചു. അങ്ങനെ തീവെയിലിൽ ഇരുന്നും നടന്നും തളന്നും വിയർത്തും വെറുംകൈയ്യോടെ വീട്ടിൽ മടങ്ങി എത്തി. അയാൾ എന്തെങ്കിലും സന്തോഷകരമായ വാർത്തയുംകൊണ്ടു മടങ്ങി വരും എന്നു പ്രതീക്ഷിച്ചിരുന്ന കമലമ്മയും മററും വീണ്ടും കനത്ത നിരാശയിൽ പതിച്ചു. അവിടെ കൂടുതൽ താമസിച്ചതുകൊണ്ടു് ഫലമില്ല എന്നുകണ്ടു് അടുത്ത ദിവസം രാവിലെതന്നെ അവർ വടക്കോട്ടു യാത്ര തുടർന്നു.

# 32

## മനോവേദനയ്ക്കു മരുന്നില്ലാ

അങ്കവസ്ത്രത്താൽ സർവ്വാംഗവും മറച്ച് സുകുമാരനായ ഒരു യുവാവ്, പുതുച്ചേരി കാരാഗൃഹത്തിന്റെ ഇരുമ്പഴികൾക്കുള്ളിൽ തടവുകാർക്കായി പ്രത്യേകം കൊട്ടത്തിട്ടുള്ള ഒരു നാറക്കിടക്കയിൽ ചിന്താമഗ്നനായി ഇരിക്കുന്നുണ്ട്. സമയം പാതിരാത്രിയായി. ചുററുപാടും പാലൊളിച്ചന്ദ്രിക പരന്നിട്ടുണ്ട്. ആ ദേശം മുഴവൻ നിശ്ശബ്ദതയിൽ മുഴുകിയിരിക്കുന്നു. സർവ്വ ജോലികളുമൊതുക്കി ആളുകളെല്ലാം നിദ്രാവേലയിൽ പെട്ടുകിടക്കുകയാണ്. പാട്ടുമാട്ടവുമെല്ലാം കഴിഞ്ഞു പറവകൾ കൂടുപററി കുഞ്ഞുങ്ങൾക്ക് ചൂടുകൊടുക്കുകയാണ്. മരങ്ങൾപോലും ചലനം നിർത്തി മൗനം ഭജിക്കുന്നു. ഇങ്ങനെ ഭൂലോകം മുഴവൻ നിദ്രാദേവിയുടെ മായാപാശത്തിൽ കുടുങ്ങിക്കിടക്കുന്നു. ആകാശത്ത് അങ്ങിങ്ങായി ഓരോ നക്ഷത്രങ്ങൾ നിശ്ശബ്ദമായി കീഴോട്ട് കടക്കണ്ണെറിയുന്നു. വെൺമേഘങ്ങൾ, ഗതിവേഗം ശബ്ദമുണ്ടാക്കുമെന്ന് ഭയന്ന് സാവധാനം അനങ്ങിനീങ്ങുന്നു. എങ്ങും ഭയാനകമായ നിശ്ശബ്ദം!

ആ യുവാവ് കൺകോണുകളിൽനിന്നും ബാഷ്പബിന്ദുക്കളെ തുടച്ച് വിരലുകൾകൊണ്ട് തെറിപ്പിക്കുന്നു. അടക്കിയിട്ടടങ്ങാത്ത തേങ്ങലുകൾ അയാളുടെ ദേഹമെടുത്തു കുടയുന്നു. ദീർഘനിശ്വാസങ്ങൾക്കിടയിൽ അയാൾ വിലപിക്കുകയാണ് "ആ യമദൂതന്മാർ കാരണംപോലും പറയാതെ എന്നെ ഇവിടെക്കൊണ്ടിട്ടു....ഹാ....ഞാനിങ്ങനെ ഒരിടത്ത്. അവളൊരിടത്ത്.... ഈവിധത്തിൽ കഴിപ്പാനിടവരുത്തിയല്ലോ! ഹാ, ജഗദീശ്വരാ, എന്നെ ഓർത്തോർത്ത് ഉരുകിയുരുകി അവൾ ജീവൻതന്നെ

വെടിയുമോ? അയ്യോ! വെറും എല്ലും തൊലിയും മാത്രമായി ഞാനെങ്ങനെയവളെക്കാണും? നാലു ദിവസം തികച്ചു ഞാൻ മാറിയാൽ അവളുടെ ദേഹം പാതിപ്പെട്ടു പോകുന്നതു് ഞാൻ കണ്ടിട്ടുണ്ടു്. അയ്യോ ദൈവമെ! അവളിപ്പോൾ എന്തു ചെയ്യുന്നോ? അവൾ എങ്ങനെ ജീവൻ കളയാതിരിക്കും? എനിക്കാണെങ്കിൽ അവളുമായിട്ടുള്ള വിരഹം മാത്രം....അവൾക്കോ? അച്ഛൻ, കൊച്ചഛൻ, അനുജൻ അതിനു മുകളിടാൻ ഇപ്പോൾ ഞാനും! ഹാ ദൈവമേ! ഇതു താങ്ങാനുള്ള കെല്പു് അവൾക്കുണ്ടാക്കിക്കൊടുക്കണേ!" കണ്ണീർ കവിൾത്തടങ്ങളിലൂടെ പ്രവഹിച്ചു. "ഹാ ഞാൻ ഇന്നപ്രകാരം പോയി എന്നോ, എവിടെയുണ്ടെന്നോ അവൾക്കറിഞ്ഞുകൂടാ. അവൾ എവിടെയായിരിക്കും! ചിദംബരത്തിനു നേരിട്ടു പോയിരിക്കുമോ എന്തോ? അച്ഛനെ എങ്കിലും തേടിപ്പിടിച്ചിരിക്കുമോ? ഹാ ദൈവമേ! സഹിക്ക വയ്യേ." അവൻ കിടക്കയിൽ വീണു വിങ്ങിവിങ്ങിക്കരഞ്ഞു.

"ഇത്തരുണത്തിൽ അവളും എന്നെ ഓർത്തു് വിങ്ങിവിങ്ങിക്കരയുകയായിരിക്കാം. നാമെങ്ങനെയറിയും? ഈ ചന്ദ്രൻ സന്ദേശവാഹകനാകുമോ? അരയന്നവും മേഘവുമെല്ലാം ദൗത്യം വഹിച്ചിട്ടുണ്ടെന്നു കേട്ടിട്ടുണ്ടു്. അക്കഥകൾ വെറും തിരുവാതിരപ്പാട്ടുകൾ മാത്രമായിരിക്കാം...........അയ്യോ ദൈവമേ!....അന്നു കടൽക്കരയിൽ ഞങ്ങളെ അമൃതൂട്ടിയ ചന്ദ്രൻ ഇന്നു വിഷമൂട്ടുന്നുവല്ലോ! ഞങ്ങൾ ഇരുവരും ശശിയും രോഹിണിയുംപോലെ ഒരു നാളും പിരിയുകയില്ല എന്നു പറഞ്ഞിരുന്നു. ഹാ! രണ്ടുപേരും ഒന്നിച്ചേ മരിക്കൂ എന്നു് ശപഥവും ചെയ്തിട്ടുണ്ടു്. മരിച്ചാലും അതിനുശേഷം അരുന്ധതി, ധ്രുവൻ, രോഹിണി ഇവരെപ്പോലെ നമ്മളും ജോടിയായി അടുത്തടുത്തു് ആകാശത്തു് നക്ഷത്രമായി മിന്നി നില്ക്കണമെന്നു് പറഞ്ഞതു നീയല്ലേടീ,ഭ്രാന്തി! അതിനിടയിൽ വിധി നമ്മളെ മുറിച്ചെറിഞ്ഞിരിക്കുന്നു. മുറിക്കട്ടെ." അവൻ ഒരു ദീർഘനിശ്വാസം വിട്ടു.

അയാൾ എഴുന്നേറ്റു് സാവധാനം നടന്നു. "കഷ്ടം! നാം അനുഭവിച്ചതും, സുഖിച്ചതും എല്ലാം വെറും മിഥ്യയായിപ്പരിണമിച്ചല്ലോ!" കാവൽക്കാരന്റെ ശബ്ദം കേട്ടു് "പോക്രി. നല്ല നീതി

യുള്ള സർക്കാരു്! ഇതും ഒരു ഗവർമ്മേൻറാണുപോലും! കള്ള സർക്കാർ! എല്ലാം നേരും നെറിയുംകെട്ടവർ! അധഃപതിച്ച രാജ്യം! രാജ്യമേ മുടിയാറായ ലക്ഷണമാണു്. അനീതിയാണു് നീതി! വിസ്താരവും തീരുമാനവുമൊന്നുമില്ലേ? ഞാനയച്ച അപേക്ഷയ്ക്കു കേൾപ്പോരുമില്ലാതായോ? ഇപ്പോഴൊന്നും മിണ്ടുന്നില്ല. പുറത്തിറങ്ങാൻ എനിക്കു ഭാഗ്യമുണ്ടെങ്കിൽ അന്നു ചോദിച്ചുകൊള്ളാം. സുബ്ബരായനയച്ച എഴുത്തു് നാളെ കിട്ടിയേക്കും. അവൻ അതു കിട്ടിയാൽ രണ്ടുമൂന്നു ദിവസിക്കുള്ളിൽ വരും........ അയ്യോ....എൻെറ അമ്മായി അമ്മ സാക്ഷാൽ മഹാലക്ഷ്മിയാണു്. അവൾക്കു വന്ന കഷ്ടതകൾ....അദ്ദേഹമോ? അമ്മായി അച്ഛൻ, ഇത്ര ഗുണസമ്പന്നനായ ഒരു മനുഷ്യനുണ്ടോ! ഹാ! ഇങ്ങനെ വരുമോ, ഈ ലോകം! ഇത്ര നശിച്ചതാണല്ലോ ഈ ലോകം!"

നേരം പുലർന്നു. ഏകദേശം പത്തു മണിയോടുകൂടി രണ്ടു കാവൽ ഭടന്മാർ ജയിൽമുറി തുറന്നു് ഊരിപ്പിടിച്ച വാളുമായി ശ്രീനിവാസനെ വിചാരണയ്ക്കു് കച്ചേരിയിലേക്കു കൊണ്ടുപോയി. കുററം ഭയങ്കരമാകയാൽ വിചാരണയും ഗൗരവമേറിയതാണു്. അതിനാൽ അഞ്ചു ന്യായാധിപന്മാരുടെ ബഞ്ചിലാണു് വിസ്താരം. കേസുവിസ്താരം കേൾക്കുവാൻ എത്തിയ പൗരന്മാരാൽ കച്ചേരി നിറയപ്പെട്ടിരുന്നു. പ്രതി, കൂട്ടിൽ നില്ക്കുന്നുണ്ടു്. ഇരുപുറവും ഊരിയ വാളുമായി രണ്ടു പോലീസുകാരും നിലകൊണ്ടിരുന്നു. സർക്കാർ വക്കീലായ ധാം ഗംഭീരമായി എഴുന്നേററു് കണ്ണാടി, മൂക്കിലുറപ്പിച്ചു് കുററപത്രം വായിച്ചു. പുതുച്ചേരി രാജ്യത്തെ മുൻമന്ത്രി ദിവാൻ ശങ്കരയ്യർ എന്നൊരാളായിരുന്നു എന്നും അയാൾ സർക്കാർ പണം അപഹരിച്ചു് പട്ടണത്തിൽ താമസിച്ചിരുന്ന തൻെറ മകനു് അയച്ചുകൊടുത്തു എന്നുമാണു് കേസ്. അക്കാര്യം വെളിപ്പെടുന്നതിനുമുമ്പു് കുടുംബസഹിതം അവർ നാടുവിടുവാൻ യാത്രയായി. ശ്രീനിവാസൻ രൂപത്തിലും നിറത്തിലും ശങ്കരയ്യൻെറ പുത്രനേപ്പോലെ ഇരുന്നതിനാൽ അവനെ തെററിദ്ധരിച്ചു് വിചാരണയ്ക്കു വേണ്ടി തടങ്കലിൽ പാർപ്പിക്കുകയാണുണ്ടായതു്. കേസുമായി യാതൊരുവിധബന്ധവും ഇല്ലായിരുന്നതിനാൽ മനസ്സിനു് ഒരുവിധ കുലുക്കവും കൂടാതെ സിംഹക്കു

ട്ടിയേപ്പോലെ ശ്രീനിവാസൻ ചോദ്യങ്ങൾക്കെല്ലാം മറുപടി കൊടുത്തു.

വിസ്താരമാരംഭിച്ചു.

വക്കീൽ:—"നിങ്ങളുടെ പേരു്?"

ശ്രീനിവാസൻ:—"ശ്രീനിവാസൻ."

വക്കീൽ:—"ശരിയായ പേർ?"

ശ്രീനി:—"ശ്രീനിവാസൻ."

വക്കീൽ:—"സത്യം പറയൂ."

ശ്രീനി:—"ശ്രീനിവാസൻ."

വക്കീൽ:—"വെങ്കിട്ടരാമൻ എന്ന ഒരു പേരുകൂടി നിങ്ങൾക്കുണ്ടോ?"

ശ്രീനി:—"ഇതുവരെ അങ്ങനെ ഒരു പേരെനിക്കാരുമിട്ടിട്ടില്ല."

വക്കീൽ:—"അച്ഛൻെറ പേരു്?"

ശ്രീനി:—"നാരായണയ്യർ."

വക്കീൽ:—"അദ്ദേഹത്തിനു ജോലി?"

ശ്രീനി:—"തഹസീൽദാർ"

വക്കീൽ:—"നീ ദിവാൻശങ്കരയ്യരുടെ പുത്രനല്ലേ?"

ശ്രീനി:—"അതിനുള്ള മഹാഭാഗ്യമെനിക്കില്ലാതായിപ്പോയി"

വക്കീൽ:—"നിങ്ങൾ അദ്ദേഹത്തിൻെറ മകനെപ്പോലിരിക്കുന്നു!"

ശ്രീനി:—"അതു് എൻെറ കുററമാണോ!"

വക്കീൽ:—"നിങ്ങൾക്കു് നല്ല യൗവ്വനമാണു്. നല്ല ലക്ഷണമൊത്തവനുമാണു്."

ശ്രീനി:—"അതും എൻെറ കുററമോ?"

വക്കീൽ:—"പറയുന്നതു കേൾക്കൂ. നിൻെറ യൗവ്വനവും ലക്ഷണവും പാഴാക്കിക്കളയരുതു്."

ശ്രീനി:—"പാഴായിക്കളയുകയില്ല. എനിക്കു യോജിച്ചപടിയുള്ള വിവാഹം കഴിഞ്ഞിരിക്കുന്നു."

വക്കീൽ:—"പറയുന്നതു കേൾക്കു്! നീ ശങ്കരയ്യരുടെ മകനെപ്പോലെതന്നെ ഇരിക്കുന്നു. കുററം സമ്മതിച്ചേക്കു!"

ശ്രീനി:—"ശങ്കരയ്യരുടെ മകനേപ്പോലിരിക്കുന്ന കുററം എൻെറ അറിവിൽ ചെയ്തിട്ടുള്ളതല്ല."

വക്കീൽ:—"നീ സത്യം സമ്മതിക്കുകയാണുത്തമം."

ശ്രീനി:—"നിങ്ങളുടെ കോപം ഭയന്നു് അസത്യം പറയുവാൻ ഞാനുദ്ദേശിക്കുന്നില്ല."

വക്കീൽ അവർകൾക്കു തൃപ്തിയാകത്തക്കവണ്ണം മൊഴികൾ ശ്രീനിവാസനിൽനിന്നും കിട്ടാഴികയാൽ മററു സാക്ഷികൾ മൂലം ശ്രീനിവാസൻ ശങ്കരയ്യരുടെ മകനാണെന്നു് തെളിയിക്കുവാൻ ആ നിയമപട്ട ശ്രമംചെയ്തു. ശ്രീനിവാസനെപ്പിടിച്ചുകൊണ്ടുവന്നവർ വാദിഭാഗത്തിനും മററുചിലർ എതിർഭാഗത്തിനും രണ്ടുമൂന്നു പേർ സംശയപ്രദമായ രീതിയിലും മൊഴി കൊടുത്തു. ശരീരപരിശോധനചെയ്യുകയും അതിൻപ്രകാരമുള്ള തെളിവു് ഹാജരാക്കുകയുമുണ്ടായി. സ്വന്തനിലയ്ക്കു തൻെറ ഡയറിയും ഏതാനും എഴുത്തുകളും ശ്രീനിവാസൻ ഹാജരാക്കി. അവയെല്ലാം ന്യായാധിപന്മാർ പരിശോധിച്ചിട്ടു് ശ്രീനിവാസൻ കുററവാളിയല്ലാ എന്നു വിധി പറഞ്ഞു. തൻെറ അച്ഛൻെറ മകനാണു് താനെന്നു് ഒരു കോടതിയിൽ രേഖപ്പെടുത്തിച്ചിട്ടുള്ളവൻ ശ്രീനിവാസൻ മാത്രമാണു്! അനീതിപരമായി തടങ്കലിൽവച്ചു് മാനക്ഷയം വരുത്തത്തക്കവിധം കേസിൽ ഉൾപ്പെടുത്തിയതിനു് പരിഹാരമായി പതിനായിരം രൂപാ ശ്രീനിവാസനു നഷ്ടം കൊടുക്കുന്നതിനും ന്യായാധിപന്മാർ വിധിച്ചു.

# 33

## കമലമ്മ കണ്ട അതിശയസ്വപ്നം

അമ്മൈയ്യപ്പപിള്ള മുതലായവർ തിരുവട്ടിയൂരിൽനിന്നും കാശിക്കു പോകുവാൻ തിരിച്ച വിവരം നാം ഓർക്കുന്നുണ്ടല്ലോ. തൻെറ കഴിഞ്ഞുപോയ നിലയും നിരപരാധിയായ തൻെറ പേരിൽ ഭർത്താവിനു സംശയം ജനിച്ചതും മററുമോർത്തു കമലമ്മ ദുഃഖിച്ചുകൊണ്ടിരുന്നു. "ഈശ്വരനെ ഒഴിച്ചു് മനുഷ്യജാതിയിൽ ഒരുവരേയും വിശ്വസിക്കരുതു്. അവൻ എത്ര വലിയ വനുമാകട്ടെ; സൽഗ്ഗുണസമ്പന്നനാകട്ടെ. നിശ്ചയമായും അവൻ വിശ്വാസത്തിനു പാത്രമല്ല. ദൈവാനുഗ്രഹം മാത്രമാണു് നമ്മ ൾക്കാവശ്യം. അതുണ്ടെങ്കിൽ ഒരു കുറവും വരുകയില്ല. നാം ചെയ്ത പാപം അനുഭവിച്ചേ തീരു. വിധി മറിച്ചെഴുതുവാൻ ഒരു വഴിയുമില്ല. പുരുഷനെപ്പററി മാത്രം ധ്യാനിച്ചിട്ടു് മററു സ്ത്രീകളനുഭവിച്ചതിൽ കൂടുതൽ സുഖം ഞാനനുഭവിച്ചു. അതു പോരെ? മെലാൽ ഭർത്താവിനോടുള്ള പ്രേമം ദൈവത്തിനോടു വേണ്ടതാണെന്നു് എന്നെപ്പഠിപ്പിക്കുവാൻ വേണ്ടിയാണീശ്വരൻ എനിക്കീയനുഭവങ്ങൾ തന്നിരിക്കുന്നതു്. മനുഷ്യൻ അനുഭവിക്കുന്ന സുഖമെല്ലാം അവനു ശത്രുവായും ദു:ഖമെല്ലാം നന്മയായും പരിണമിക്കുന്നു. അവനു മേന്മ വന്നാൽ അവൻെറ കണ്ണും ചെവിയുമെല്ലാമടഞ്ഞുപോകുന്നു. "സർവ്വം അഹമ്മയം ജഗത്" എന്ന ജീവിതമന്ത്രം അവൻ ജപിച്ചുതുടങ്ങും. അഹങ്കാരം വർദ്ധിച്ചു് ഞാനെന്ന ഭാവം അധികരിച്ചു് 'ഞാൻ വലിയവൻ' എന്ന തള്ളിച്ച മുന്നേറുന്നു. ഭഗവാൻെറ മുന്നിൽ വലിയവനാരു്? ചെറിയവനാരു്! ഭഗവൽസ്മരണപോലും വിസ്മരിക്കപ്പെടും. "മരണകാലത്തു മാത്രം എന്നെ സ്മരിക്കുന്നവനുപോലും ഞാൻ മോക്ഷം കൊടുക്കും" എന്നു് ഭഗവാൻ അരുളിയിട്ടുണ്ടു്.

അതിനുപോലും—അന്ത്യനിമിഷങ്ങളിൽ ഭഗവന്നാമമുച്ചരിക്കു ന്നതിനു്—അവൻെറ അഹങ്കാരം വിലങ്ങുതടിയായി നിൽക്കു ന്നു....ഹാ ദൈവമേ! അങ്ങയുടെ ഇഷ്ടം നടക്കട്ടെ. നന്മയായാലും തിന്മയായാലും ഭഗവൽ കാരുണ്യത്താൽ ലഭിച്ചതാണെന്നുള്ള ചിന്ത മനസ്സിലുദിക്കുവാനനുഗ്രഹിക്കണമേ! ആ ചിന്തമൂലം നിത്യാനന്ദം ഞാനനുഭവിച്ചുകൊള്ളാം. ഇപ്രകാരം ഭർത്താവി നോടു തനിക്കുണ്ടായിരുന്ന സ്നേഹവും, ഭക്തിയും സാവധാന മായി കമലമ്മ ഭഗവാങ്കലേക്കു വഴിതിരിച്ചു. സദാ രാമമന്ത്ര ജപത്തിൽ അവരം മുഴുകുവാൻ തുടങ്ങി.

ഭഗവാൻ ശ്രീരാമചന്ദ്രൻപോലും സീതയെ വിട്ടുപിരി ഞ്ഞില്ലേ? അദ്ദേഹം അഭിനയിച്ച മായയിലകപ്പെട്ടു് പുഴുവിലും തുഛമായ ഞാൻ വിരഹിണിയായതത്ഭുതമാണോ? ആശാപാശ ത്തിൽ നാം കുടുങ്ങുന്നു. ഭർത്താവാരു്, ഭാര്യയേതു്, കുട്ടിയേതു്? എല്ലാം മായാകല്പിതങ്ങൾ. നിത്യനായ ഒരുവൻ മാത്രമുണ്ടു്. അതിലും വലിയവനായി ആരുണ്ടു്? ഭഗവദ്വിലാസത്താൽ പൂർണ്ണത സിദ്ധിച്ചിട്ടുള്ള ലോകത്തിൽ കുറവുകൾ കാണുന്നതു പാപശക്തികൊണ്ടു മാത്രമാണു്. ഈ ജഡം മിഥ്യ. ആത്മാവു് സത്യം. ഞാൻ ഒന്നു നിനയ്ക്കും നീ ഒന്നു നടത്തും. അവിടുത്തെ ഇഛകൾ മാത്രമാണു് നടക്കുന്നതു്.

ദിവസങ്ങൾ ഈവിധ ചിന്തകളോടെ കടന്നുപോയി. ഒരു ദിവസം രാത്രി ഉറങ്ങുമ്പോൾ കമലമ്മ അതിവിചിത്രമായ ഒരു സ്വപ്നംകണ്ടു. സിംഹവ്യാഘ്രാദി ഘോരമൃഗങ്ങൾ വിഹരിക്കുന്ന വൻമലകളോടും കരിതുരഗഹരിണാദികൾ ക്രീഡിക്കുന്ന വാഹി നീകുലങ്ങളോടുംകൂടിയ ഒരു മഹാരണ്യം അവളുടെ കൺമുമ്പിൽ പ്രത്യക്ഷപ്പെട്ടു. അവിടെ ആയിരമായിരം സൂര്യബിംബങ്ങളെ വെല്ലുന്ന തേജസ്സോടെ ഒരു ദിവ്യപുരുഷൻ! ചന്ദ്രികാസുന്ദരമായ പുഞ്ചിരിയും, മിന്നിവിളങ്ങുന്ന ഗണ്ഡസ്ഥലവും, കരിംകുവള ദളനയനങ്ങളും വില്ലൊത്ത പുരികക്കൊടിയും ശംഖൊതിർ കണ്ഠ പ്രദേശവും, വിരിമാറും ദീർഘബാഹുക്കളും ഒത്തിണങ്ങിയ ആ തേജഃപുഞ്ജം തോളിൽ തൂക്കിഇട്ടിരിക്കുന്ന ഉഗ്രധനുസ്സിൻെറ ചെറുമണി ഒലിയും മുഴക്കി രതിതുല്യയായ ഒരു ദിവ്യനാരിയോ

ടൊത്തു് അവൾക്കെതിരെ നടന്നുവരുന്നു. "ഹാ! ശ്രീരാമചന്ദ്രനും സീതാദേവിയും! എനിക്കു് ദർശനം തരുവാൻ വരികയാണു്" എന്നവൾ തന്നെത്താൻ പറഞ്ഞു. അവർ നടന്നടുത്തതോടെ അവൾ സാഷ്ടാംഗം വീണു് നമസ്കരിച്ചു; സ്തോത്രങ്ങൾ കൊണ്ടു പൂജിച്ചു. വീണ്ടും ദണ്ഡനമസ്കാരം ചെയ്തു് ആ പരിപാവനപാദങ്ങളിൽ കെട്ടിപ്പിടിച്ചു. മന്ദഹാസത്തോടെ ഭഗവാനരുൾചെയ്തു "വത്സേ, നീ ഭയപ്പെടരുതു്. ലോകം ഇപ്രകാരമുള്ളതാണു്. ഞാൻ ഇവളെത്തേടി എത്രമാത്രം ദുഃഖിച്ചു? എത്ര എത്ര കൊടുംയാതനകൾ അനുഭവിച്ചു? നിനക്കു് അതു പാഠമായിരിക്കട്ടെ." അവൾ സന്തോഷാശ്രുക്കൾ പൊഴിച്ചു. "ഭഗവാനേ, അങ്ങയുടെ ലീലാവിശേഷങ്ങൾ വിസ്മയാവഹംതന്നെ." അവൾ സ്തുതിച്ചു. ഉത്തരക്ഷണത്തിൽ ആ രംഗം മറഞ്ഞു!

അതൊരു സ്വപ്നമായി അവൾ കരുതിയില്ല. ആ ദിവ്യരൂപസ്മരണ അമൃതപാനംപോലെ അവളെ മോദിപ്പിച്ചു. ആ ദർശനം ഇനിയുമുണ്ടാകണേ എന്നവൾ പ്രാർത്ഥിച്ചു. രാമമന്ത്രോച്ചാരണം ഇടവിടാതെയവൾ തുടർന്നു്. "പേടിക്കേണ്ടാ എന്നദ്ദേഹമെന്നോടരുൾ ചെയ്തു. വേർപിരിഞ്ഞ മഹാരണ്യങ്ങളിൽ ദുഃഖിച്ചു നടന്ന ആ തിരുവടിയും ഒടുവിൽ സീതാദേവിയെ കണ്ടു. അതുപോലെ ഞാനും എന്റെ കണവനെ കണ്ടെത്തുമെന്നല്ലേ അദ്ദേഹം പറഞ്ഞതിനർത്ഥം? ഹാ! ഹാ! ആ ദേവീദേവന്മാരുടെ സൗന്ദര്യം! ഈ ഏഴയെ കടാക്ഷിക്കാൻ ഇനിയും വരും." ഈവിധം ഭക്തിപരവശയായി പലതും പുലമ്പി കമലമ്മ കഴിച്ചുകൂട്ടി. ലക്ഷ്മി അധികസമയവും കണ്ണുനീരിൽ കഴിഞ്ഞു. കഴിഞ്ഞ കാലത്തെ സുഖജീവിതവും ഇപ്പോഴത്തേ നരകാനുഭവങ്ങളും അവൾ ഒററക്കിരുന്നലോചിക്കും. അകാരണമായി അവൾ ചില സമയം ചിരിക്കും—ചിലപ്പോൾ പൊട്ടിക്കരയും. വികസിച്ചു തുളുമ്പിനിന്ന ആ വദനബിംബം വാടിവരണ്ടു. ദേഹം മെലിഞ്ഞു. കണ്ണുകൾ ഉള്ളിലേക്കു വലിഞ്ഞു. കരിവണ്ടൊളിപൂണ്ട ചികുരഭാരം ജടപിടിച്ചുമങ്ങി. ഉടയിലും കെട്ടിലുമൊരു ശ്രദ്ധയുമില്ലാതെ, ഊണുമുറക്കവും നാമമാത്രമായി ദിനരാത്രങ്ങൾ തള്ളി വിരഹാഗ്നിയുടെ തീച്ചൂളയിൽ അവൾ ഉരുകുകയാണു്.

# 34

## ബ്രഹ്മാനന്ദം

ശിഷ്യഗണങ്ങളോടൊത്തു് സച്ചിദാനന്ദസ്വാമി തിരുവടികരം പുണ്യപുരിയായ കാശിയിലെത്തി. അവിടെ ഹനുമൽഘട്ടത്തിനടുത്തുള്ള ഒരു മഠത്തിൽ താവളമുറപ്പിച്ചു. സ്വാമികരം കാശിയിൽ സുപ്രസിദ്ധനാണു്. അദ്ദേഹത്തിൻെറ ദാസ്യം കൊതിച്ചു് അവിടെക്കാത്തുകിടക്കുന്നവരസംഖ്യമാണു്. തിരുവടികരം എത്തിയിരിക്കുന്നു എന്നറിഞ്ഞു് ആ നഗരം മുഴുവൻ ആ മഠപരിസരങ്ങളിൽ ഒതുങ്ങിക്കഴിയുകയാണു്. അദ്ദേഹത്തിൻെറ അമാനുഷപ്രതാപവും ദിവ്യസിദ്ധികളും, മററും കേട്ടു ദൂരദിക്കുകളിൽനിന്നുപോലും ആളുകരം ദർശനാകാംക്ഷയോടെ വന്നുചേർന്നുകൊണ്ടിരുന്നു. അദ്ദേഹത്തിനു കുട്ടികളെ ജീവനാണു്. അവർ പള്ളിക്കൂടത്തിലേക്കു പോകുമ്പോഴും തിരികെ മടങ്ങുമ്പോഴും മഠത്തിൽ ചെന്നു് സ്വാമിയെക്കണ്ടു് അദ്ദേഹമവർക്കായി ശേഖരിച്ചുവച്ചിട്ടുള്ള അപ്പം, അട, അവൽ മുതലായവ വാങ്ങി റോഡുനീളെ തിന്നുകൊണ്ടുപോകും. സ്കൂളൊഴിവുദിവസങ്ങളിൽ മഠം അവരുടെ കളിസ്ഥലമാണു്. അവിടെ കൂവ്വം കുറുക്കുവിളിയും കളിയും മേളവും അന്നു് ബഹുമോടിയാണു്. ആ ബഹളങ്ങളിലും ദിനാനുഷ്ഠാനങ്ങരംക്കു് അണുപോലും കുററം പററാതെ നിർവ്വഹിച്ചുപോരുന്ന സ്വാമികളുടെ ഏകാഗ്രത നാട്ടുകാർക്കും ശിഷ്യന്മാർക്കും അത്ഭുതം ജനിപ്പിച്ചു. ആ കുസൃതിക്കൂട്ടുകളുടെ മദ്ധ്യത്തിൽ നിർവ്വികാരനായിക്കഴിച്ചുകൂട്ടുവാൻ തക്കസിദ്ധിയുള്ളവൻ അമാനുഷനല്ലെന്നാരു പറയും! ധ്യാനത്തിൽ മുഴുകി സർവ്വചരാചരങ്ങളെയും മറന്നു് പരബ്രഹ്മത്തിൽ ചിത്തം ഉറപ്പിച്ചു് സമാധിസ്ഥിതനായ ആ മഹാത്മാവു് കുട്ടികളുടെ കളിച്ചങ്ങാതിയാണു്. അവർ വന്നു് അദ്ദേഹത്തിൻെറ മുതുകിലും

തോളിലും ഉരുണ്ടുകയറും. മറിച്ചിട്ടാനകളിക്കും. അവരെന്തു ചെയ്താലും അദ്ദേഹത്തിനാനന്ദമാണു്. പിഞ്ചുപൈതങ്ങളിൽ അദ്ദേഹം പരമാത്മചൈതന്യം ദർശിച്ചു. അതിനാൽ അവരുമായി അടുത്തു പെരുമാറുന്നതു് അദ്ദേഹത്തിനു് പ്രീതികരമായി ത്തീർന്നു. അക്കൂട്ടത്തിൽ രങ്കനാഥൻ എന്നു പേരുള്ള ഒരു കോമളബാലനുണ്ടു്. ലക്ഷണയുക്തനായ ആ കുമാരൻ സ്വാമിയുടെ വാത്സല്യഭാജനമായിരുന്നു. 'ബാലഗോപാലനാണിവൻ' എന്നദ്ദേഹം അവനെ ചൂണ്ടിക്കാണിച്ചു ശിഷ്യരോടുപറയും.

ഒരു ദിവസം സ്വാമിയെക്കാണുവാനായി മൂന്നുപേർ മഠത്തിൽവന്നു. മുത്തുസ്വാമി അയ്യർ ആശ്ചര്യഭരിതനായി അവരെ നോക്കിനിൽക്കുമ്പോൾ അവർ സ്വാമിയോടു് പ്രാർത്ഥിച്ചു. "സ്വാമി, ഞങ്ങൾ ചെയ്ത അപരാധങ്ങൾ പൊറുക്കണമേ" എന്നു്. അതിൽ പ്രധാനിയായ ആൾ "സ്വാമികളെ, ഞാൻ പ്രവർത്തിച്ചുപോയ കുറ്റത്തിനു് പരിഹാരമായി ഇതു സ്വീകരിച്ചാലും" എന്നു പറഞ്ഞു് അടുത്തുനിന്ന കൂട്ടുകാരുടെ പക്കൽ നിന്നും ബാങ്കുനോട്ടുകൾ അടുക്കിക്കെട്ടിവച്ചിട്ടുള്ള ഒരു വലിയ പൊതി സ്വാമികളുടെ അടിമലരിൽ കാഴ്ചവച്ചു. അതു നമ്മൾക്കു സുപരിചിതനായ പേയാണ്ടിത്തേവനാണു്. അവൻ വടക്കൻ നാടുകളിൽ പലപല ഭയങ്കരകൊള്ളകളും നടത്തി അതിപ്രതാപവാനായിരിക്കുമ്പോൾ അവനു് ഒരാഗ്രഹം ജനിച്ചു. തൻെറ എതിരാളി മുത്തുസ്വാമി അയ്യരുടെ ക്ഷേമവാർത്തകളറിയുവാൻ. അതുമൂലം അവൻ ചെറുകുളത്തുചെന്നു് സംഗതികൾ നേരിട്ടറിഞ്ഞു. ഐശ്വര്യസമ്പന്നമായിരുന്ന ആ ചെറുഗ്രാമം ഇന്നു നിർജ്ജീവമായിപ്പരിണമിച്ചിരിക്കുന്നു. നാട്ടിനുനേരിട്ട വിപത്തുകളാൽ മനുഷ്യർപോലും ചൈതന്യരഹിതരായി ചത്തവീട്ടിലെ 'ശേഷക്കാരു' പോലെ കാണപ്പെട്ടു. പ്രാതപത്തിൽ കഴിഞ്ഞുകൂടിയ ഗൃഹങ്ങൾ നശിച്ചൊടുങ്ങി. മുത്തുസ്വാമി അയ്യരുടെ വീടു് ശൂന്യതയിലാണ്ടു് നായും നരിയും വാടകയ്ക്കെടുത്തിരിക്കുന്നു. ആരുമേതുമില്ലാതെ സുബ്രഹ്മണ്യയ്യരുടെ വിധവ നരകിക്കുന്നു. ഇതൊക്കെയാണു് പേയാണ്ടിത്തേവൻ കണ്ട കാഴ്ച. രാജസപ്രഭാവത്തിൽ കഴിഞ്ഞുകൂടിയ മുത്തുസ്വാമി അയ്യ

രുടെ അധഃപതനത്തിനും തന്മൂലം ആ ദേശത്തിന്റെ നാശത്തിനും കാരണക്കാരൻ താനാണല്ലോ എന്ന ചിന്ത അയാളെ ഖേദിപ്പിച്ചു. ആ പശ്ചാത്താപം ആ കാട്ടുരാജാവിനെ ദഹിപ്പിച്ചു തുടങ്ങി. ഒരു പ്രതിവിധിയും കാണാനില്ലാതെ അയാൾകുഴഞ്ഞു. തേടിത്തേടി മുത്തുസ്വാമി അയ്യരുടെ പ്രയാണഗതി മനസ്സിലാക്കി പ്രതിവിധി ചെയ്യുവാൻ പുറപ്പെട്ടിരിക്കുകയാണയാൾ.

ആ സഞ്ചാരവേളയിൽ പരിചയമില്ലാത്ത ഒരു നാട്ടിൽ ഒരു വീട്ടുതിണ്ണയിൽ രാത്രികഴിച്ചുകൂട്ടുവാനയാൾ കേറിക്കിടന്നു. അകത്തു കുറെ സമയം കഴിഞ്ഞപ്പോൾ അടിപിടിബഹളങ്ങൾ കേട്ട് വാതിൽ ചവുട്ടിപ്പൊളിച്ചയാളുള്ളിൽ ചെന്നു. രണ്ടുപേർ തമ്മിൽ ഭയങ്കരമായ പോരാട്ടമാണ്. രക്തദാഹം പെരുത്ത ആ സമരവീരന്മാരെത്തടുത്തു് അയാൾ മദ്ധ്യസ്ഥതവഹിച്ചു കാര്യമാരാഞ്ഞു. മുത്തുസ്വാമി അയ്യരുടെ പണം പിടുങ്ങി തിരോധാനം ചെയ്ത കള്ളന്മാരാണവർ. കമ്പനി ഉദ്യോഗസ്ഥന്മാരായി ബോംബേയിൽനിന്നു് ഒളിച്ചോടിയ ഇവരെ നമ്മൾക്കറിയാമല്ലോ. ആ മുതൽവിഭജിക്കുന്നതിൽ നേരിട്ട അഭിപ്രായവ്യത്യാസമാണിപ്പോരിന്റെ കാരണം. പേയാണ്ടിത്തേവൻ ഒരു പോലീസുകാരനായി ഭാവിച്ച് അവരെ അറസ്റ്റ്ചെയ്തു. തൊണ്ടി മുതൽപിടിച്ചെടുത്തു് അവരെ മജിസ്ട്രേട്ടുമുമ്പാകെ ഹാജരാക്കുന്നതിനുള്ള രേഖകൾ എഴുതിത്തുടങ്ങി. അവർ അതു മുഴുവൻ സത്യമെന്നു് വിശ്വസിച്ചു് പേടിച്ചുവിറച്ചു. ആ അപാരമായ തുക മുഴുവൻ എടുത്തുകൊണ്ടു് അവരെ കേസിൽ അകപ്പെടുത്താതെ രക്ഷിക്കണമെന്നവർ തൊഴുകൈയ്യോടെ അപേക്ഷിച്ചു. ഒടുവിൽ അതു സമ്മതിച്ചു് വേണ്ടുന്ന ഗുണദോഷങ്ങളും കൊടുത്തു് അവരെ തേവൻ പിരിച്ചുവിട്ടു. ഏതുവിധേനയും ആ മുതൽ മുത്തുസ്വാമി അയ്യരെ ഏല്പിക്കണമെന്നുള്ള തീവ്രവൈരാഗ്യവും തേവനുണ്ടായി. അതനുസരിച്ചാണു് പണക്കിഴി സ്വാമിയുടെ മുമ്പിൽവച്ചു് തൃപ്തിപ്പെട്ടുനിന്നതു്.

ഇച്ചരിത്രങ്ങൾ പേയാണ്ടിത്തേവൻ അവിടെ വിസ്തരിച്ചു. ദൈവനീതി എല്ലാവരേയും ആശ്ചര്യപ്പെടുത്തി. മുത്തുസ്വാമി അയ്യർ പറഞ്ഞു "എനിക്കു് പണത്തിനിനിയുമാവശ്യമില്ല.

അതുകൊണ്ടു് നീ ഈ ദ്രവ്യം മുഴുവനുമെടുത്തു് ദാനാദിസൽക്കർമ്മങ്ങൾക്കായി യഥേഷ്ടമുപയോഗിച്ചുകൊള്ളു" എന്നു്. സച്ചിദാനന്ദസ്വാമികൾ പറഞ്ഞു. "അതു ശരിയല്ല. മററുള്ളവർക്കു വേണ്ടി സൂക്ഷിക്കുവാനായിട്ടാണു് ആ ദ്രവ്യം നിന്റെ കൈവശം തന്നെ എത്തിച്ചേരുവാൻ ദൈവമിടയാക്കിയതു്. അതുകൊണ്ടു് അതെടുത്തു ഭദ്രമായി സൂക്ഷിച്ചുവയ്ക്കു." സ്വാമിയുടെ ആജ്ഞ അനുസരിക്കപ്പെട്ടു.

മുത്തുസ്വാമി അയ്യരുടെ മുഖ്യസ്നേഹിതനായിത്തീർന്ന രംഗനാഥനും അവന്റെ അച്ഛൻ രാമശേഷയ്യരും അന്നു വൈകുന്നേരം മഠത്തിൽ വന്നു. വന്നപാടെ രംഗനാഥൻ മുത്തുസ്വാമി അയ്യരുടെ മടിയിൽ ഇരുപ്പുപിടിച്ചു. അവരെല്ലാവരുമായി ഓരോ വർത്തമാനം പറഞ്ഞിരുന്നു. ഇതു വീക്ഷിച്ചുകൊണ്ടുനിന്ന തേവൻ രാമശേഷയ്യരുടെ അടുത്തുവന്നു് പറഞ്ഞു "സ്വാമി, ഞാൻ വീണ്ടും വന്നിരിക്കുന്നു. കുട്ടിയുടെ ഉടയവൻ എതിരേ ഇരിക്കുന്നുണ്ടു്. നിങ്ങൾക്കു് ഇത്രകാലത്തെ അനുഭവയോഗമേ ഉണ്ടായിരുന്നൊള്ളു." രാമശേഷയ്യർ ഒന്നു ഞെട്ടി. തേവനെ അയാൾ സൂക്ഷിച്ചുനോക്കി. ആൾ മനസ്സിലായതോടെ അയാളോടു കുശലാന്വേഷണങ്ങളും മററും ചെയ്തു. അദ്ദേഹം ക്ലേശത്തോടെ ഒടുവിൽ ചോദിച്ചു "ആരാണു് കുട്ടിയുടെ ഉടയവൻ?" പേയാണ്ടി പറഞ്ഞു. "അവൻ ആരുടെ മടിയിലിരിക്കുന്നുവോ ആ ആൾതന്നെ!" രാമശേഷയ്യരുടെ കണ്ണുകളിൽ ജലം പെരുകി. അദ്ദേഹം മുത്തുസ്വാമി അയ്യരോടു പറഞ്ഞു "സ്വാമി, ഇവൻ അങ്ങയുടെ പുത്രനാണു്. ഒരു കുഞ്ഞിനെ വളർത്താനുള്ള ആഗ്രഹം എന്നെ വിട്ടില്ല. കുഞ്ഞിനെ സ്വീകരിച്ചാലും" അദ്ദേഹം വിങ്ങിവിങ്ങിക്കരഞ്ഞു പുറത്തുപോകാനാരംഭിച്ചു. ഭഗവാന്റെ ലീലാവിശേഷങ്ങളേയും മനുഷ്യന്റെ അജ്ഞാനത്തെയുംകണ്ടു് ഉൾഭ്രാമമാർന്ന മുത്തുസ്വാമി അയ്യർ അയാളെ പിടിച്ചിരുത്തി സമാധാനിപ്പിച്ചു് പറഞ്ഞു "മേലും നിങ്ങളുടെ കുഞ്ഞുതന്നെ; എന്റെയായാലെന്തു്, നിങ്ങളുടെയായാലെന്തു്?" അദ്ദേഹം കുട്ടിയെ വിളിച്ചു "നടരാജാ! നിന്നെ മകനായി സിദ്ധിക്കുവാനുള്ള ഭാഗ്യമേ എനിക്കുണ്ടായൊള്ളു. വളർത്തിക്കൊണ്ടുവരുവാനുള്ള ഭാഗ്യം ഇദ്ദേഹത്തിനായിപ്പോയി. ഇദ്ദേഹം നിന്റെ

വല്ല്യച്ഛനാണ്" എന്നു പറഞ്ഞിട്ട് ആത്മഗതം ചെയ്തു "ഭഗവാനെ, ഒടുവിൽ ഇപ്പണി എന്തിനാണോ എന്തോ?" ആ മുഹൂർത്തത്തിൽ സച്ചിദാനന്ദസ്വാമികൾ പുറത്തേക്കെഴുന്നള്ളി നടരാജനേയും മുത്തുസ്വാമി അയ്യരേയും മാറിമാറി നോക്കിപ്പറഞ്ഞു "ഭഗവാൻെറ ലീലകൾക്ക് 'തഥാസ്തു' പറയുകമാത്രമാണ് നമ്മൾ ചെയ്യേണ്ടതു്. നമ്മളുടേതെന്നഭിമാനിക്കുവാനൊന്നുമില്ല."

പേയാണ്ടിത്തേവൻ പൂർവ്വകഥകളെ അവർക്കുവേണ്ടി വിസ്തരിച്ചു. അവൻ, ഒരടിമപ്പെണ്ണിനെ അയച്ച് കുഞ്ഞിനെത്തട്ടിച്ചതും, അവനെ കുതിരപ്പുറത്തുകയററി ഓടിച്ചുപോയതും കുഞ്ഞില്ലാതെ ദു:ഖിച്ചുവാണിരുന്ന രാമശേഷയ്യർക്ക് ആയിരം പൊൻനാണയത്തിനു കുഞ്ഞിനെ വിററതും പറഞ്ഞു കേൾപ്പിച്ചു. അതിനുശേഷം പേയാണ്ടി ആ ബ്രാഹ്മണനോടുതിരിഞ്ഞു. "സ്വാമികൾ, അങ്ങയുടെ ആയിരംപൊന്നും ഇതാ മടക്കിത്തരുന്നു. ഒന്നുമാലോചിക്കേണ്ടാ." അദ്ദേഹം സഗദ്ഗദം പറഞ്ഞു "തേവാ, ഞാൻ മരിക്കുന്നതുവരെ ഈ കുഞ്ഞിനെപ്പിരിയാതിരിക്കുവാനുള്ള വരംവാങ്ങിത്തന്നാൽ ആയിരം നാണയങ്ങൾക്കു പകരം ആയിരം ലക്ഷം നാണയങ്ങൾ ഞാൻ തരാം." മുത്തുസ്വാമി അയ്യർ ആശ്വസിപ്പിച്ചു "ഒരുവിധത്തിലും വിഷമിക്കേണ്ടാ. കുഞ്ഞു് നിങ്ങൾക്കുള്ളതാണ്. നിങ്ങൾക്ക്—"

# 35
## സമാഗമം

അമ്മൈയപ്പപിള്ള, കമലമ്മ, ലക്ഷ്മി, സുന്ദരം, ജാനകി അവർ അഞ്ചുപേരും കാശിയിലെത്തി ഒരു വീട്ട വാടകയ്ക്കെടുത്തു താമസിച്ചു. അങ്ങനെ ദിവസം മൂന്നു നാലു കഴിഞ്ഞു. മനോവേദനയോടെ കഴിഞ്ഞുകൂടി വരവെ ആ വീട്ടിൽ ഒരു വീണ സൂക്ഷിച്ചുവച്ചിരിക്കുന്നതു കമലമ്മ കാണുവാനിടയായി. ഭഗവൽകീർത്തനങ്ങൾ പാടുവാനവൾക്കൊരു കൊതി! മകളെ സമാധാനവാക്കുകൾ പറഞ്ഞു് പ്രീതിപ്പെടുത്തി ആ വീണയെടുത്തു് അവൾ കുറെപ്പാടി. അതിനുശേഷം വീണ മകളുടെ കൈയ്യിൽ കൊടുത്തു. ലക്ഷ്മി ശ്രുതിയിട്ടു് പാടി—ശോകപൂർണ്ണമായ ഒരു ഗീതം. വിരഹവേദനയിലുരുകി ഒഴുകുന്ന ഒരു ഗീതം. രാമകഥയിലെ, ശ്രീരാമൻെറ വിരഹവിലാപമാണു് കമലമ്മയ്ക്കു് അനുഭവപ്പെട്ടതു്. ഭഗവാൻെറ ദു:ഖം ചിന്തിച്ചുവൾ കരഞ്ഞു. ആ പാട്ടുകേട്ടു് വഴിപോക്കർപോലും വെട്ടിക്കുത്തിയതുപോലെ നിന്നുപോയി. അത്ര മധുരമധുരമായിരുന്നു ആ നാദവിശേഷം. അതിലെ ശോകരസം കേൾവിക്കാരുടെ ഹൃദയം അലിയിച്ചു. പാടിക്കൊണ്ടിരുന്ന ലക്ഷ്മിക്കു് ഒച്ച പൊങ്ങാതെയായി. അഗാധദുഃഖത്താൽ അവളുടെ കൈകളിൽനിന്നും വീണ വഴുതിപ്പോയി. അവൾ ചേലകൊണ്ടു് മുഖം മൂടി വിങ്ങിപ്പൊട്ടിപ്പോയിക്കിടന്നു.

അങ്ങനെ ഇരിക്കെ അവരുടെ വീടിനടുത്തു് ത്രികാലജ്ഞാനിയായ സച്ചിദാനന്ദസ്വാമി എന്നൊരു മഹാപുരുഷൻ സന്നിധാനം ചെയ്യുന്നു എന്നുള്ള വിവരം അറിഞ്ഞു. അദ്ദേഹത്തെക്കണ്ടു വന്ദിച്ചുവരാമെന്നുള്ള ഉദ്ദേശത്താൽ അമ്മൈയപ്പപിള്ള, ജാനകി, കമലമ്മ ഇവർ മൂവരുംകൂടി ഒരു ദിവസം അങ്ങോട്ടു

പുറപ്പെട്ടു. അവർ പോയി കുറച്ചു സമയം കഴിഞ്ഞപ്പോൾ രണ്ടു വഴിയാത്രക്കാർ, അവരുടെ തിണ്ണയിൽ കയറി ഇരുന്നു സംഭാഷണം ചെയ്തു.

ഒന്നാമൻ:—"കാശിയിൽ വരുന്നതിനിത്രമാത്രം വിഷമമുണ്ടെന്നു് ഞാനറിഞ്ഞിരുന്നില്ല. ചിദംബരത്തുവച്ചു് നമ്മൾക്കു കിട്ടിയ എഴുത്തുകൾ വെറും കളിപ്പീരായിത്തീർന്നുവല്ലോ. ആ ദുശ്ശകുനങ്ങളെല്ലാം കല്യാണത്തിൻ്റെയായപ്പൊഴേ ഞാൻ വിചാരിച്ചതാണതെല്ലാം കുഴപ്പമാണെന്നു്. വല്ല വിധവും നാട്ടിലേക്കു തിരിച്ചുപോയാൽ മതി!"

രണ്ടാമൻ:—"എനിക്കു് നാട്ടിലെന്തിരിക്കുന്നു? അതുകൊണ്ടു് നീ തനിച്ചു് പൊയ്ക്കോളൂ. പാവം! എൻ്റെ പേർക്കു് നീകൂടെ എത്രമാത്രം കഷ്ടപ്പെട്ടു! ഞാൻ അദ്ദേഹത്തിനുവേണ്ടി ഗംഗയിൽ ശ്രാർദ്ധം ചെയ്തുകൊള്ളാം. നീ വേഗം പോകു."

ഒന്നാമൻ:—"നിങ്ങളെ വിട്ടു ഞാൻ നാട്ടിലേക്കു പോകുകയെന്നോ! രണ്ടുപേർക്കും ഒന്നിച്ചിവിടെത്താമസിക്കാം. ഇവിടെക്കഴിച്ചാൽ 'ഗതി'യെങ്കിലുമുണ്ടാകും."

രണ്ടാമൻ:—"ഇതിനുംപുറമെ നിൻ്റെ മാതാപിതാക്കന്മാരുടേയും ഭാര്യയുടേയും പഴികൂടെ ഞാൻ കേൾക്കണോ?"

ഒന്നാമൻ:—"എനിക്കു് നിന്നേക്കാൾ വലുതല്ലാ അവർ. നമ്മൾക്കു് ഇവിടെത്താമസിക്കാം. വാ."

രണ്ടാമൻ:—"കാശിവിശ്വനാഥാ! നിനക്കിതാണോ സമ്മതം..... ശരി....അതിനിവിടെയിരുന്നാലോ." എന്നും ചോദിച്ചു രണ്ടുപേരുമായി റോഡിലിറങ്ങുവാനാരംഭിച്ചു.

പുറംതിണ്ണയിൽ തമിഴ് ഭാഷയിലുള്ള സംസാരം കേട്ടു് ലക്ഷ്മി സുന്ദരത്തിനോടു പറഞ്ഞു "കുഞ്ഞെ പുറത്താരാണെന്നു നോക്കു" എന്നു്. അവൻ ഓടിവന്നു കതകുതുറന്നു് പുറത്തേക്കു നോക്കി. ആ ഒരു നോട്ടത്തിൻ്റെ ആവശ്യമേയുണ്ടായൊള്ളു. അവൻ ആഹ്ലാദത്തോടെ ആർത്തുവിളിച്ചു "ചേച്ചീ, ചേച്ചീ, ഓടിവാ. ചേട്ടൻ വന്നു, ചേട്ടൻ. എൻ്റെ ചേട്ടൻ...." അതു കേട്ടു ശ്രീനിവാസനും സുബ്ബരായനും തിരിഞ്ഞുനിന്നു് സുന്ദരത്തിൻ്റെ അടുക്കൽ ഓടിഎത്തി കൈയ്യിൽ പിടിച്ചു് നിറഞ്ഞ

കണ്ണുകളോടെ ചിരിച്ചുകൊണ്ടു ചോദിച്ചു "ഇവിടെയാണോ താമസം? ചേച്ചി എവിടെ?" അവനു മറുപടി പറയുവാൻ ശബ്ദം പൊങ്ങുന്നില്ല. ശ്രീനിവാസൻെറ കൈ കടന്നുപിടിച്ചു് അവൻ അകത്തേക്കു വലിച്ചു. 'ചേട്ടൻ' എന്ന ശബ്ദം കേട്ടതോടെ ലക്ഷ്മി മിന്നൽപിണർപോലെ മുന്നോട്ടു പാഞ്ഞു. ദർശനമാത്ര യിൽ അവർ ഇരുവരും കോരിത്തരിച്ചു. അവൻെറ മാറിലമർന്ന വിദ്യുൽശലാകയെ അവൻ ഗാഢഗാഢം പുണർന്നു. ഏതാനും നിമിഷനേരത്തേക്കു് അവർ പ്രജ്ഞയററവരായി ആ നിലയിൽ നിന്നു. കണ്ണീരിലവർ കുളിച്ചു. സുബ്ബരായൻ സുന്ദരത്തെ തലോടി ആശ്വസിപ്പിച്ചു് ദീർഘനിശ്വാസം വിട്ടു. ശ്രീനിവാ സൻ പെട്ടെന്നുണർന്നു. അവൻെറ വിരിമാറിൽ ചാഞ്ഞുവീണു തളർന്നു നിൽക്കുകയാണു് ലക്ഷ്മി....ബോധമററു്. അവൾക്കു് ബോധം വീഴാൻ വളരെ സമയം വേണ്ടിവന്നു. അവൾ പ്രാണ നാഥനെ കണ്ണുകൾ നിറയെ നോക്കി. ഓരോ അംഗങ്ങളായി വീണ്ടും വീണ്ടും നോക്കി. തന്നെത്തേടിനടന്നു കുഴഞ്ഞ അവയവ ങ്ങളെ അവൾ കണ്ണുകൾകൊണ്ടും കരങ്ങൾകൊണ്ടും അധരങ്ങൾ കൊണ്ടും തലോടി ആശ്വസിപ്പിച്ചു. പുനർജ്ജന്മം കിട്ടിയ ആഹ്ലാദം അവളുടെ മുഖത്തു് സ്ഫുരിച്ചു. വിവാഹക്കാലത്തു പോലും അവൾ ഇങ്ങനെ ഒരാനന്ദമനുഭവിച്ചിട്ടില്ല. നവോഢ യുടെ പുതുമയും പുളപ്പുമവൾക്കനുഭവപ്പെട്ടു. അവൾ അദ്ദേഹ ത്തെ വീണ്ടും വീണ്ടും പരിരംഭണം ചെയ്തു. അന്തമില്ലാത്ത ചുടു ചുംബനങ്ങൾ, നിറഞ്ഞൊഴുകുന്ന കണ്ണീരിൽക്കൂടെയുള്ള പുതുപു ഞ്ചിരികൾ, മുതലായവ അനിയന്ത്രിതമായി ആവർത്തിക്ക പ്പെട്ടു. ഈവിധ വിവിധങ്ങളായ പ്രണയചേഷ്ടകളാൽ അവർ പരസ്പരമുള്ള ഹൃദയവിജ്റംഭതയെ മൂകഭാഷയിൽ പ്രകടിപ്പിച്ചു. "പിരിഞ്ഞവർ കൂടിനാൽ പേശവും വേണ്ടുമോ?" എന്ന പ്രകാരം രണ്ടെന്നുള്ള ഭേദബുദ്ധിയില്ലാതെ മുഖത്തോടു മുഖവും കണ്ണോടു കണ്ണും, കൈയ്യോടു കൈയ്യും, ഉടലോടുടലും, മനമോടു മനവും ഒന്നുപെട്ടു് രണ്ടുടലിന്നൊരുയിരായി പുളകമണിഞ്ഞു നിന്നിരു ന്ന ലക്ഷ്മീശ്രീനിവാസന്മാരുടെ ചിത്തനിലയെ നാമെങ്ങനെ വിവരിക്കും! അവർ ആ ആനന്ദമനുഭവിക്കട്ടെ.

സച്ചിദാനന്ദസ്വാമി കമലമ്മയെ ദൂരത്തിൽവച്ചുതന്നെ കണ്ടു. ഐശ്വര്യപൂർണ്ണമായ മുഖം, മഹിളയ്ക്കനുയോജിച്ച പ്രൗഢി, പരമശാന്തത ഇവയെല്ലാം തികഞ്ഞ ആ തരുണിയെ ക്കണ്ടപ്പോഴെ സ്വാമി സംശയിച്ചു; തൻെറ ശിഷ്യോത്തമൻെറ ധർമ്മപത്നിയായിരിക്കുമവളെന്നു്. അവൾ വന്നുകേറിയതോടെ അദ്ദേഹം കൈകൾ അവളുടെ ശിരസ്സിനു് മീതെ പൊക്കി അനു ഗ്രഹിച്ചു "ദീർഘ സുമംഗലീഭവ" എന്നു്. അദ്ദേഹം അവളെ നോക്കിപ്പറഞ്ഞു "നീയല്ലാതെ വേറെ മഹാലക്ഷ്മി ഇല്ല." വണ ക്കത്തോടെ നമ്രശിരസ്കയായി നിന്ന കമലമ്മ സ്വാമികളെ തലയുയർത്തി നോക്കി. അദ്ദേഹത്തിൻെറ അടുത്തുനിൽക്കുന്ന മുത്തുസ്വാമി അയ്യരെ അവൾ കണ്ടു! അടുത്ത നിമിഷം അവൾ അദ്ദേഹത്തിൻെറ പാദങ്ങളിൽ വീണു. അവളുടെ സർവ്വാംഗം വിറയാർന്നു. മൂർഛിച്ചു് ആ കിടപ്പിൽ അവൾ കിടന്നു. മുത്തുസ്വാമി അയ്യർ "ദൈവമെ, അങ്ങയുടെ മായ അതിവിചി ത്രംതന്നെ. എനിക്കു് ചിരിക്കുവാനും കരയുവാനും ശക്തിയില്ല. അതിനാൽ അവ രണ്ടുമുപേക്ഷിച്ചു് ഞാനങ്ങയുടെ പ്രഭാവത്തെ സ്തുതിക്കാം." എന്നുപറഞ്ഞു അദ്ദേഹം ബ്രഹ്മത്തിൽ ധ്യാനനിര തനായി. ഈ സമയം ശ്രീനിവാസനും, ലക്ഷ്മിയും, സുന്ദരവും, സുബ്ബരായനുംകൂടി മഠത്തിൽ വന്നുചേർന്നു. അവിടം പലരു ടേയുംകൂടിയുള്ള ഒരേ കല്യാണാലയമായി. ഏറിയ നാളുക ളായി പലരും അനുഭവിച്ചുവന്ന ദുരിതസഞ്ചയങ്ങളെ ഒരു ഞൊടിയിടകൊണ്ടു് അവിടെവച്ചു് നിർമ്മാർജ്ജനം ചെയ്യ പ്പെട്ടു. സച്ചിദാനന്ദമഠം സാക്ഷാൽ സച്ചിദാനന്ദമഠമായി പ്രശോഭിച്ചു. അലഞ്ഞു തിരിഞ്ഞും, കരഞ്ഞു പിഴിഞ്ഞും ഓരോ രുത്തരായി ഓടിവലഞ്ഞും സഹിച്ച കഷ്ടപ്പാടുകളും മനോവേദ നകളും സ്വപ്നത്തിലെന്നവണ്ണം അവർക്കു തോന്നി. അടങ്ങാത്ത ഉത്സാഹത്താൽ എല്ലാവരും ആനന്ദതാണ്ഡവമാടി.

# 36

## അന്ത്യം മംഗളമെങ്കിൽ ആകെ മംഗളം

ലക്ഷ്മിക്കു് ഹിമാലയനിരകൾ കാണണമെന്നു് വലിയ ആഗ്രഹം. ലോകത്തിലേററവുമുയർന്നു് അതിഗാംഭീര്യത്തോടെ ധവളശൃംഗങ്ങൾ ഉയർത്തി സൃഷ്ടിമഹത്വത്തിന്റെ മകുടോദാഹരണമായി, ദേവഗന്ധർവ്വാദി ദിവ്യശരീരികൾ അധിവാസസ്ഥാനമായി പരിലസിക്കുന്ന ആ പുണ്യസ്ഥാനം കണ്ടുവരുവാനവൾക്കാശതോന്നിയതിലത്ഭുതപ്പെടാനില്ല. പക്ഷെ കാലാവസ്ഥ അനുകൂലതരമല്ല. എങ്കിലും ആ മഹാപർവ്വതത്തിൽ ജനിച്ചു്, വളർന്നു് വളർന്നു്, ഇരുകരകളിലും ഓളംതല്ലി, അലറിയാർത്തു് സിംഹംപോലെയും, മദംപൊട്ടിയ കൊലകൊമ്പനെപ്പോലെയും ത്വരിതഗതിയോടെ ഓരോ നാടുകളിൽക്കൂടി ഒഴുകി കടലിൽ പതിക്കുന്ന വിണ്ണാററായ ഗംഗയെ വേണ്ടുവോളം കണ്ടു് അവൾ തൃപ്തിപ്പെട്ടു.

മുത്തുസ്വാമി അയ്യർ വരുന്ന എന്നുള്ള വാർത്ത ചെറുകുളം ഗ്രാമത്തിൽ പരന്നുകഴിഞ്ഞു. പൗരന്മാർ ഗ്രാമാതിർത്തിയിൽ അവരെ എതിരേൽക്കുവാൻ തയ്യാറായി. കൊട്ടുവാദ്യങ്ങൾ പൂർണ്ണകുംഭങ്ങൾ, പുഷ്പമാല്യങ്ങൾ മുതലായവയോടെ അവർ തയാറായി കാത്തുനിന്ന. മുത്തുസ്വാമി അയ്യരും സച്ചിദാനന്ദസ്വാമികളും ഓരോ പല്ലക്കിലും ബാക്കിയുള്ളവർ കുതിരവണ്ടികളിലും അമ്മൈയപ്പപിള്ള കുതിരപ്പുറത്തുമായാണു് ആ ഘോഷയാത്ര. ആ കുതിര വാദ്യഘോഷ ധ്വനികൾ കേട്ടു് വിരണ്ടോടി. ആ യാത്രയിൽ തന്റെ അഭിമാനം സംരക്ഷിക്കുവാൻവേണ്ടി പിള്ള അവർകൾ ധീരധീരം കുതിരയോടു പോർചെയ്തു. ഒടുവിൽ,ഇരുകൂട്ടർക്കുമുള്ള അടങ്ങാത്ത വാശിയാൽ അവരൊരൊത്തുതീർപ്പിലെത്തി. അതനുസരിച്ചു തൊഴിലാളി മുതലാളി ബന്ധം

വേർപെടുത്തി വ്യക്തിസ്വാതന്ത്ര്യം പ്രഖ്യാപിച്ചു് അവർ പിരിഞ്ഞു.

ആ ഗ്രാമത്തിൽ അന്നു് പൊതുആഘോഷമാണു്. എങ്ങും ഉത്സാഹവും സന്തോഷവും. പൌരാവലി, ഗ്രാമാതിർത്തിയിലെത്തിയ മുത്തുസ്വാമിഅയ്യർ മുതലായവർക്കു് ഹാർദ്ദവമായ സ്വീകരണം നല്കി. അതിൽ പ്രധാനി വൈദ്യനാഥയ്യരായിരുന്നു. അവരുടെ സ്നേഹബഹുമാനങ്ങൾക്കു സച്ചിദാനന്ദസ്വാമികൾ ചുരുങ്ങിയ വാക്കുകളിൽ കൃതജ്ഞതപറഞ്ഞു. കൊട്ടുമാർപ്പും മേളവുമായി അവർ ഗ്രാമത്തിൽ പ്രവേശിച്ചു. ആ ഘോഷയാത്ര ഒരു ഗ്രാമപ്രദക്ഷിണംവച്ചു് മുത്തുസ്വാമി അയ്യരേയും മററും അദ്ദേഹത്തിന്റെ ഗൃഹത്തിൽ പ്രവേശിപ്പിച്ചശേഷം ഓരോരുത്തർ അവരവരുടെ വീട്ടുകളിലേക്കു പോയി.

"ജനം ഞെരുങ്ങിയ കാശിനഗരം മറന്നു് കുഗ്രാമമായ ചെറുകുളത്തിൽ ഞാൻ കുറച്ചുകാലം തങ്ങേണ്ടിയിരിക്കുന്നു. ഇവിടെ അഗ്രഹാരം, ക്ഷേത്രം, കുളം, ചന്ത മുതലായ പൊതുസ്ഥാപനങ്ങളും വിവിധ തൊഴിൽക്കാരുടെ വീട്ടുകളും ഉണ്ടാക്കി ചെറുകുളം മാതൃകാപരമായ ഗ്രാമമാക്കിത്തീർക്കണം" എന്നു് മുത്തുസ്വാമി അയ്യർ തീരുമാനം ചെയ്തു.

സ്വാമികൾ രണ്ടുമൂന്നു ദിവസം മുത്തുസ്വാമി അയ്യരുടെ കൂടെ താമസിച്ചു് വേണ്ട ഉപദേശങ്ങളും മററും കൊടുത്തു് കാശിക്കു മടങ്ങി. പൊന്നമ്മയുടെ സ്ഥിതി അറിഞ്ഞു് മുത്തുസ്വാമി അയ്യർ അതിയായി വ്യസനിച്ചു. അവളുടെ ബുദ്ധി തെളിഞ്ഞുവരുന്നു എന്നു് ആളുകൾ പറഞ്ഞുതുടങ്ങി. "പാപ്പാപ്പട്ടിയകത്തുവെട്ടരുവാൾ" പാട്ടി നെടുനാൾ ദീനശയ്യയിൽ കിടന്നു നരകിച്ചു് മരിച്ചു. അതിൽ ദുഃഖിക്കാനാനാട്ടിലാരുമുണ്ടായില്ല. ഭർത്താവിനെ ഉപേക്ഷിച്ച ചുപ്പമ്മാൾ നിത്യപട്ടിണിയിൽ നാൾകഴിച്ചു. ഏതോ അപകടംമൂലം അവൾക്കു് ഒരു കണ്ണു നഷ്ടപ്പെട്ടു. ഈശ്വരദീക്ഷിതർ കുഷ്ഠരോഗം പിടിപെട്ടു് കഷ്ടപ്പെട്ടു. കൂടക്കൂടെ മുത്തുസ്വാമി അയ്യർ അയാൾക്കും വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കാറുണ്ടു്. ചുപ്പമ്മാളുടെ ദൈന്യാവസ്ഥ കണ്ടു് അവളുടെ ചെലവിനായി അദ്ദേഹം കുറച്ചു നിലം അവ

റംക്കായി വാങ്ങിക്കൊടുത്തു! ദുഷ്ടന്മാരെ ഇങ്ങനെ വളർത്തിയാലോ എന്നാരാനും ചോദിച്ചാൽ അദ്ദേഹം പറയും "നന്മയ്ക്കു പ്രകരം ചെയ്യാം; തിന്മയ്ക്കു് അതുമരുതു്. അവരൊക്കെ എനിക്കു് നന്മചെയ്തവരാണു്. അവർ അങ്ങനെ ചെയ്തില്ലായിരുന്നു എങ്കിൽ ഇന്നു ഞാനനുഭവിക്കുന്ന ബ്രഹ്മാനന്ദം എനിക്കു സ്വപ്നം കാണുവാൻപോലും സാധിക്കുമായിരുന്നില്ല."

ശ്രീനിവാസനും ലക്ഷ്മിയും ആനന്ദപൂർണ്ണമായിക്കഴിഞ്ഞുകൂടി. അവരുടെ പ്രേമം ദിവസംതോറും വർദ്ധിച്ചുവന്നു. ഒരു ദിവസം അസ്തമനവേളയിൽ ശ്രീനിവാസൻ സായാഹ്നസവാരി ചെയ്യുകയായിരുന്നു. സൂര്യൻ എരിഞ്ഞടങ്ങുന്നു. കാററു ശാന്തമായി വീശുന്നു. അദ്ദേഹമൊരശോകച്ചുവട്ടിൽ വന്നു. ചെഞ്ചോരപ്പൂക്കുലകറംകൊണ്ടാമരം മൂടിയിരിക്കുന്നു. അതിന്മേൽ ഒരു മുല്ല പടർന്നുകേറി തഴച്ചുവളർന്നിട്ടുണ്ടു്. അതു നിറയെ പൂക്കളുമാണു്. ആ സന്ധ്യാസമയത്തു് പച്ചിലച്ചില്ലിയിൽ ചെംപൂക്കളുടെയിടയിൽ മുല്ലമലരുകറം അത്യന്തം മനോഹരമായി കാണപ്പെട്ടു. അവർ ആഹ്ലാദത്താൽ മന്ദഹാസം ചെയ്യുകയാണു്. ആ ലത അശോകത്തെ ആലിംഗനം ചെയ്യുന്നതുപോലെ ചുററിപ്പിണഞ്ഞു മരത്തിലൊട്ടിനിൽക്കുന്നു. പച്ചിലച്ചില്ലികളുടെ മറവിൽ അവർ ആഹ്ലാദംപൂണ്ടു് ചുംബനംചെയ്യുന്നുണ്ടായിരിക്കണം. ആത്മനാഥനെപ്പററിയുള്ള പരിപൂർണ്ണ വിശ്വാസത്തിൽ ആ ലതയുന്മാദംകൊള്ളുന്നു. ശ്രീനിവാസൻ അതുംനോക്കി നിന്നുപോയി. പ്രിയതമനെക്കാണാതെയായതിനാൽ ലക്ഷ്മി അങ്ങുമിങ്ങും നടന്നു നടന്നു് ആരാമത്തിലെത്തി. അവറം മറഞ്ഞുനിന്നു് അദ്ദേഹത്തെ സൂക്ഷിച്ചു. അശോകമരത്തിൽ പിണഞ്ഞുകിടക്കുന്ന മുല്ല അവളും കണ്ടു. നിസ്സങ്കോചമായി അവറം പുറകിൽക്കൂടെ വന്നു് അദ്ദേഹത്തെ കെട്ടിപ്പിടിച്ചു് തുരുതുരെ ചുംബനംചെയ്തു് ആത്മനിർവൃതി നേടി. ഒരിളംകാററു് അവരുടെ മേൽ പുഷ്പവൃഷ്ടി ചെയ്തു.

നടരാജനും സുന്ദരവും ആത്മസ്നേഹിതന്മാരാണു്. അവർ ജോടിചേർന്നേ നടക്കു. ആററിൻകരയിലും, ക്ഷേത്രത്തിലുമെല്ലാം അവർ കളിക്കുവാൻ പോകും. ഇടക്കിടയ്ക്കു് അടിപിടി

ക്കൂടും. പക്ഷെ അടുത്ത ക്ഷണത്തിൽ കൂട്ടുകെട്ടാകും. അമ്മൈയപ്പ പിള്ള ചെറുകുളത്തിൽ സ്ഥിരതാമസമാക്കി മുത്തുസ്വാമി അയ്യരുടെ ശിഷ്യനായി. അന്നാട്ടുകാരുമായി അയാൾ വളരെ രമ്യതയിലായി. ആറുചാപ്പാട്ടിയുടെ മഹത്വങ്ങൾ പറഞ്ഞുതുടങ്ങിയാൽ ആറുദിവസംകൊണ്ടും തീരുകയില്ല.

പേയാണ്ടിത്തേവൻ ജീവിതമേ പരിഷ്കരിച്ചു. അയാൾ തസ്കരവൃത്തിയുപേക്ഷിച്ചു. അയാൾ നീതിമാർഗ്ഗങ്ങളോടെ തന്റെ 'രാജ്യ'പരിപാലനം നടത്തിവന്നു. മുത്തുസ്വാമി അയ്യരെ സ്മരിച്ചു് വന്ദനം ചെയ്തിട്ടെ അയാൾ പ്രഭാതത്തിൽ ശയ്യവിട്ടെഴുന്നേൽക്കുകയുള്ളു.

വൈദ്യനാഥയ്യർ ജോലിയിൽനിന്നും രാജികൊടുത്തു പിരിഞ്ഞു. അദ്ദേഹവും ചെറുകുളത്തുതന്നെ സ്ഥിരം പാർപ്പുറപ്പിച്ചു് മുത്തുസ്വാമി അയ്യരോടുപദേശവും വാങ്ങി യോഗമുറകളഭ്യസിച്ചുവരുന്നു. അദ്ദേഹം സിദ്ധികൾ കൈവരിക്കുമെന്നു നമ്മൾക്കാശിക്കാം.

സർവ്വ സൗഭാഗ്യങ്ങളും വീണ്ടുകിട്ടി എങ്കിലും കമലമ്മ രാമമന്ത്രോപാസകയായിത്തീർന്നു. ജഗമെല്ലാം രാമമയമായി അവൾക്കനുഭവപ്പെട്ടു. ശ്രീരാമചരിതങ്ങൾ വായിച്ചും, ശ്രീരാമസ്തുതികൾ പാടിയും, രാമമന്ത്രം ജപിച്ചും അവർ മുഴുവൻ സമയവും ശ്രീരാമദേവന്നായി അർപ്പിച്ചു. അവർണ്ണ്യമായ ആനന്ദം അവളുടെ ഹൃദയത്തിൽ തിങ്ങി. ആ സതീരത്നവും അവളുടെ ആത്മനാഥനും, ലോകവ്യവഹാരങ്ങൾ വെടിഞ്ഞു്, അരൂപനായി, അനാദിയായി, ഏകനായി, നിരാമയനിരാലംബനിർവിഷയനായി വിളങ്ങുന്ന സച്ചിദാനന്ദസ്വരൂപമായ ബ്രഹ്മത്തെ ദർശനംചെയ്തു് നിത്യാനന്ദസാമ്രാജ്യത്തിൽ സ്ഥിരമായി വസിച്ചു.

# തയാറായിവരുന്നു

1. **സുബ്ബണ്ണ**

ഒരു കന്നടനോവലിന്റെ പരിഭാഷ.

2. **മലയാള സാഹിത്യചരിത്രം**

സാഹിത്യകുശലൻ ഏ. ഡി. ഹരിശർമ്മ തയാറാക്കിയതു്.

രണ്ടും ദക്ഷിണഭാഷാ ഗ്രന്ഥമണ്ഡല
ിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരി
പ്പെടുന്നവയാണു്.

ശ്രീ നരസിംഹവിലാസം
ബുക്ക്ഡിപ്പോ
തുറവൂർ, കേരളം.

t the Parishanmudranalayam, Ekm.